سورة لقمن

31. സൂറതു ലുക്വ്മാൻ

മക്കഃയിൽ അവതരിച്ചത് – വചനങ്ങൾ 34 – വിഭാഗം (റുകൂഉ്) 7

(27 മുതൽ മൂന്ന് വചനങ്ങൾ മദീനയിൽ അവതരിച്ചതാണെന്നും പക്ഷമുണ്ട്.)

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമ കാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

الٓمٓ ﴿١﴾

﴾1﴿ 'അലിഫ്- ലാം- മീം' (*)

تِلْكَ ءَايَٰتُ ٱلْكِتَٰبِ ٱلْحَكِيمِ ﴿٢﴾

﴾2﴿ വിജ്ഞാനപ്രദമായ വേദഗ്രന്ഥത്തിലെ സൂക്തങ്ങളാണിവ.

هُدًى وَرَحْمَةً لِّلْمُحْسِنِينَ ﴿٣﴾

﴾3﴿ നന്മ പ്രവർത്തിക്കുന്നവർക്ക് മാർഗദർശനവും കാരുണ്യവുമായിട്ടത്രെ (അത് സ്ഥിതി ചെയ്യുന്നത്).

ٱلَّذِينَ يُقِيمُونَ ٱلصَّلَوٰةَ وَيُؤْتُونَ ٱلزَّكَوٰةَ وَهُم بِٱلْءَاخِرَةِ هُمْ يُوقِنُونَ ﴿٤﴾

﴾4﴿ അതായത്: നമസ്കാരം നിലനിറുത്തുകയും സകാത്ത് കൊടുക്കുകയും ചെയ്യുന്നവർക്ക്. അവരാകട്ടെ, പരലോകത്തിൽ വിശ്വാസമുറപ്പിക്കുകയും ചെയ്യുന്നു (അങ്ങിനെയുള്ളവർക്ക്).

﴾1﴿ الم 'അലിഫ്-ലാം-മീം' ﴾2﴿ تِلْكَ അവ, ഇവ, അത് آيَاتُ الْكِتَابِ വേദഗ്രന്ഥത്തിലെ സൂക്തങ്ങളാണ്, ലക്ഷ്യങ്ങളാണ് الْحَكِيم വിജ്ഞാനപ്രദമായ, യുക്തിപൂർണമായ ﴾3﴿ هُدًى മാർഗദർശനമായിട്ട് وَرَحْمَةً കാരുണ്യമായിട്ടും لِلْمُحْسِنِينَ നന്മ ചെയ്യുന്നവർക്ക്,

(*) ഇത്തരം അക്ഷരങ്ങളെക്കുറിച്ച് ഇതിന് മുമ്പ് പ്രതിപാദിച്ചിട്ടുണ്ട്.

സൽഗുണവാന്മാർക്ക് ﴾4﴿ الَّذِينَ അതായത് യാതൊരു കൂട്ടർ يُقِيمُونَ الصَّلَاةَ നമസ്കാരം നിലനിറുത്തുന്നു وَيُؤْتُونَ الزَّكَاةَ സകാത്ത് കൊടുക്കുകയും ചെയ്യുന്നു وَهُمْ അവരാകട്ടെ بِالْآخِرَةِ പരലോകത്തെക്കുറിച്ച് هُمْ يُوقِنُونَ അവർ വിശ്വാസമുറപ്പിക്കുന്നു, ഉറച്ചു വിശ്വസിക്കുന്നു

أُولَٰٓئِكَ عَلَىٰ هُدًى مِّن رَّبِّهِمْ ۖ وَأُولَٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿٥﴾

﴾5﴿ അക്കൂട്ടർ, തങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള നേർമാർഗത്തിലായിരിക്കും. അക്കൂട്ടർ, അവർ തന്നെയാണ് വിജയികളും.

﴾5﴿ أُولَٰئِكَ അക്കൂട്ടർ عَلَىٰ هُدًى നേർമാർഗത്തിലാണ്, മാർഗദർശനമനുസരിച്ചാണ് مِّن رَّبِّهِمْ തങ്ങളുടെ രക്ഷിതാവിൽ നിന്നുള്ള അക്കൂട്ടർ هُمُ അവർ തന്നെയാണ് الْمُفْلِحُونَ വിജയികൾ

വിശുദ്ധ ക്വുർആനിൽ നിരവധി വിജ്ഞാനങ്ങളും, യുക്തിതത്വങ്ങളും പ്രതിപാദിക്കപ്പെട്ടിട്ടുള്ളതുകൊണ്ടാണ് അതിന് الكتاب الحكيم (വിജ്ഞാനപ്രദമായ ഗ്രന്ഥം) എന്ന് വിശേഷിപ്പിക്കപ്പെടുന്നത്. ഈ അധ്യായത്തിന്റെ ആരംഭത്തിൽ ക്വുർആനിന് ഈ വിശേഷണം നൽകിയത് ഈ അധ്യായത്തിൽ ചില പ്രത്യേക വിജ്ഞാന തത്വങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് സൂചിപ്പിക്കുന്നു. മനുഷ്യർക്ക് ആകമാനം മാർഗദർശനം നൽകുവാൻ വേണ്ടിയാണ് ക്വുർആൻ അവതരിപ്പിക്കപ്പെട്ടിട്ടുള്ളതെങ്കിലും, അവരിൽ നന്മ പ്രവർത്തിക്കുവാൻ സന്നദ്ധതയുള്ള സൽഗുണവാൻമാർക്ക് മാത്രമേ അതിന്റെ മാർഗദർശനം പ്രായോഗികഫലം ചെയ്യുകയുള്ളൂവെന്നത് സ്വാഭാവികമാണ്. നേരെമറിച്ച് ഹൃദയം കടുത്തവരും, പ്രവർത്തനം ദുഷിച്ചവരുമായ ആളുകൾക്ക് ക്വുർആൻ മുഖേന യാതൊരു നേട്ടവും ലഭിക്കുവാനില്ല. ഈ വസ്തുതയാണ് രണ്ടാമത്തെ വചനം ചൂണ്ടിക്കാട്ടുന്നത്. പ്രസ്തുത സൽഗുണവാന്മാരുടെ പ്രധാന ലക്ഷണങ്ങൾ മൂന്നാം വചനത്തിൽ വിവരിക്കുന്നു. അഞ്ചാമത്തെ വചനം അവരുടെ നേട്ടങ്ങളുടെ രത്നച്ചുരുക്കം വിവരിക്കുകയാണ്. എന്നാൽ, ക്വുർആന്റെ മാർഗദർശനം ലഭിക്കുവാനുള്ള ഭാഗ്യം ലഭിക്കാത്തവർ ആരായിരിക്കും? ഇത് അടുത്ത വചനങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.:-

وَمِنَ ٱلنَّاسِ مَن يَشْتَرِى لَهْوَ ٱلْحَدِيثِ لِيُضِلَّ عَن سَبِيلِ ٱللَّهِ بِغَيْرِ عِلْمٍ وَيَتَّخِذَهَا هُزُوًا ۚ أُولَٰٓئِكَ لَهُمْ عَذَابٌ مُّهِينٌ ﴿٦﴾

﴾6﴿ മനുഷ്യരിലുണ്ട് ചില ആളുകൾ: യാതൊരറിവും കൂടാതെ, അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (ജനങ്ങളെ) വഴിപിഴപ്പിക്കുകയും, അതിനെ പരിഹാസ്യമാക്കിത്തീർക്കുകയും ചെയ്വാനായി അവർ വിനോദവാർത്ത(കളെ) വാങ്ങുന്നു. അക്കൂട്ടരാകട്ടെ, അവർക്ക് നിന്ദ്യകരമായ ശിക്ഷയുണ്ട്.

وَإِذَا تُتْلَىٰ عَلَيْهِ ءَايَـٰتُنَا وَلَّىٰ مُسْتَكْبِرًا كَأَن لَّمْ يَسْمَعْهَا كَأَنَّ فِىٓ أُذُنَيْهِ وَقْرًا ۖ فَبَشِّرْهُ بِعَذَابٍ أَلِيمٍ ﴿٧﴾

﴿7﴾ (അങ്ങിനെയുള്ള) അവന് നമ്മുടെ 'ആയത്തുകൾ' ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ, അവൻ ഗർവ്വ് നടിച്ചുകൊണ്ട് തിരിഞ്ഞുപോകുന്നതുമാണ്; അവനത് കേട്ടിട്ടില്ലാത്തത് പോലെ- (അഥവാ) അവന്റെ ഇരുകാതുകളിലും ഒരു (തരം) കട്ടിയുള്ളത്പോലെ! എന്നാൽ, (നബിയേ) വേദനയേറിയ ശിക്ഷയെപ്പറ്റി അവന് സന്തോഷവാർത്ത അറിയിക്കുക!

﴿6﴾ وَمِنَ النَّاسِ മനുഷ്യരിലുണ്ട് مَن يَشْتَرِي വാങ്ങുന്ന ചിലർ لَهْوَ الْحَدِيثِ വിനോദ വാർത്തയെ, അനാവശ്യ വർത്തമാനം لِيُضِلَّ അവൻ പിഴപ്പിക്കുവാൻ വേണ്ടി عَن سَبِيلِ اللَّهِ അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് بِغَيْرِ عِلْمٍ യാതൊരറിവുമില്ലാതെ وَيَتَّخِذَهَا അതിനെ ആക്കുവാനും هُزُوًا പരിഹാസം, പരിഹാസ്യം أُولَٰئِكَ അക്കൂട്ടർ لَهُمْ അവർക്കുണ്ട് عَذَابٌ ശിക്ഷ مُهِينٌ നിന്ദ്യകരമായ, അപമാനപ്പെടുത്തുന്ന ﴿7﴾ وَإِذَا تُتْلَىٰ ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ عَلَيْهِ അവന് آيَاتُنَا നമ്മുടെ ആയത്തുകൾ (ലക്ഷ്യങ്ങൾ, വേദവാക്യങ്ങൾ) وَلَّىٰ അവൻ തിരിഞ്ഞുപോകും مُسْتَكْبِرًا ഗർവ്വ് (അഹംഭാവം) നടിച്ചുകൊണ്ട് كَأَن لَّمْ يَسْمَعْهَا അവനത് കേൾക്കാത്തതുപോലെ كَأَنَّ فِي أُذُنَيْهِ അവന്റെ രണ്ട് കാതുകളിലുള്ള പ്രകാരം وَقْرًا ഒരു കട്ടി, ഭാരം فَبَشِّرْهُ എന്നാൽ അവന് സന്തോഷമറിയിക്കുക بِعَذَابٍ ശിക്ഷയെക്കുറിച്ച് أَلِيمٍ വേദനയേറിയ

لَهْو (ലഹ്വ്) എന്ന പദത്തിനാണ് ഇവിടെ 'വിനോദം' എന്ന് വിവർത്തനം നൽകിയിരിക്കുന്നത് . അത്യാവശ്യമായ കാര്യങ്ങളിൽ നിന്ന് ശ്രദ്ധയെ തിരിച്ചുവിടുന്നതോ, കേവലം രസത്തിനും ആനന്ദത്തിനും വേണ്ടി നടത്തപ്പെടുന്നതോ ആയ എല്ലാ കാര്യങ്ങൾക്കും ഉപയോഗിക്കുന്ന വാക്കാണ് 'ലഹ്വ്'. (*) രാക്കഥകൾ, നോവലുകൾ, പ്രേമസാഹിത്യങ്ങൾ, ചിരിക്കോപ്പുകൾ, വീണവാദ്യങ്ങൾ, സംഗീതാലാപങ്ങൾ, നൃത്തങ്ങൾ മുതലായവയും, നാടകങ്ങൾ, കഥകളികൾ, ഇന്നത്തെ ചലച്ചിത്രപ്രദർശനങ്ങൾ ആദിയായവയുമെല്ലാം 'വിനോദ വാർത്ത' (لَهْوَ الْحَدِيثِ) കളിൽ ഉൾപ്പെടുന്നു. ഇബ്നു മസ്ഊദ് (റ), ഇബ്നു അബ്ബാസ് (റ), ജാബിർ (റ), ഇക്രിമഃ (റ), സഈദുബ്നു ജുബൈർ (റ), മുജാഹിദ് (റ), മക്ഹൂൽ (റ), അംറുബ്നു ശുഅയ്ബ് (റ), ഹസൻ (റ) തുടങ്ങിയ 'സ്വഹാബി'കളിലും 'താബിഉ'കളിലും ഉൾപ്പെട്ട പല മഹാന്മാരുടെയും പ്രസ്താവനകൾ പരിശോധിച്ചാൽ ഈ വാസ്തവം

(*) اللهو: ما يشغل الإنسان عما يعنيه ويهمه. (مفردات الراغب) مالهوت به وشغلك من هوى وطرب ونحوهما الشيء الذى يتلذذ به الإنسان فيلهيه (المنجد)

അറിയാവുന്നതാണ്. വേണ്ട, നാം ഇപ്പോൾ വായിച്ച ഇതേ ക്വുർആൻ വചനങ്ങൾ ഒന്ന് മനസ്സിരുത്തി വായിക്കുന്ന ഏതൊരു നിഷ്പക്ഷഹൃദയനും അത് ബോധ്യപ്പെടുന്നതാണ്. പക്ഷേ, ഈ ഉദാഹരണങ്ങളിൽ ചിലത് ചിലതിനെക്കാൾ ഗൗരവം കൂടിയതോ കുറഞ്ഞതോ ആയിരിക്കുമെന്നു മാത്രം.

'വിനോദവാർത്തയെ വാങ്ങുന്നവർ' (مَن يَشْتَرِي لَهْوَ الْحَدِيثِ) എന്ന് പറഞ്ഞിട്ടുള്ളതുകൊണ്ട് അത് വിലക്ക് മേടിക്കുന്നവരോ, അതിനായി മുതൽമുടക്കുന്നവരോ മാത്രമാണ് ഉദ്ദേശ്യമെന്ന് കരുതേണ്ടതില്ല. ക്വത്താദഃ (റ) ചൂണ്ടിക്കാട്ടുന്നതുപോലെ, വിനോദത്തിൽ ഏർപ്പെടുന്നവർ എന്നേ അതിനർഥമുള്ളൂ. വില മുടക്കലുംകൂടി ഉണ്ടാകുന്നപക്ഷം അത് കൂടുതൽ ആക്ഷേപാർഹമായിരിക്കുകയും ചെയ്യും. ഏതായാലും, വിനോദങ്ങളിൽ ശ്രദ്ധ പതിപ്പിക്കുന്നവർ അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് ക്രമേണ അകന്നുപോകുകയും, അതിനെ പുച്ഛവും പരിഹാസവുമാക്കിത്തീർക്കുകയും ചെയ്യുമെന്നത് സ്വാഭാവികം മാത്രമാണ്. അങ്ങിനെ സ്വയം ദുർമാർഗത്തിൽ ആപതിക്കുകയും, അചിരേണ മറ്റുള്ളവരെക്കൂടി വഴിപിഴപ്പിക്കുകയും ചെയ്യും. ഇത് കേവലം സങ്കൽമല്ല, അനുഭവങ്ങൾ സാക്ഷീകരിക്കുന്ന യാഥാർഥ്യം മാത്രമാകുന്നു. ഇങ്ങിനെയുള്ളവരെപ്പറ്റി 7-ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ച സംഗതികൾ നോക്കുക! അതെ, അല്ലാഹുവിന്റെ വിധിവിലക്കുകളും, നിയമനിർദ്ദേശങ്ങളും നോക്കുവാനോ, അതനുസരിക്കുവാനോ അവർ തയ്യാറാകുന്നതല്ല. അത് കേൾക്കുന്നതുതന്നെ അവർക്ക് അറപ്പും വെറുപ്പുമായിരിക്കും. അതിന്റെ നേരെ പരിഹാസവും പ്രതിഷേധവും പ്രകടിപ്പിക്കുകയും ചെയ്യും. അതുകൊണ്ട് അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് അവർക്ക് സന്തോഷവാർത്തയായി ലഭിക്കുവാൻ വല്ലതുമുണ്ടെങ്കിൽ അത് ഒരേ ഒരു കാര്യം മാത്രമാണ്. അതത്രെ നിന്ദ്യകരവും, വേദനയേറിയതുമായ ശിക്ഷ! അല്ലാഹു നമ്മെ രക്ഷിക്കട്ടെ. ആമീൻ.

ഈ വചനങ്ങളുടെ അവതരണ ഹേതുവായി പല മുഫസ്സിറുകളും ഉദ്ധരിക്കാറുള്ള ഒരു സംഭവത്തിന്റെ ചുരുക്കം ഇതാണ്: നള്‌റുബ്നുൽ ഹർഥ് (النضربن الحرث) കച്ചവടാർഥം പേർഷ്യയിൽ പോകാറുണ്ടായിരുന്നു. അയാൾ അവിടെ നിന്ന് പല കഥാകൃതികളും വാങ്ങി കൊണ്ടുവരും. മുഹമ്മദ് നിങ്ങൾക്ക് ആദ്-സമൂദ് മുതലായവരുടെ കഥകൾ പറഞ്ഞു തരുന്നു വല്ലോ. എന്നാൽ, ഞാൻ നിങ്ങൾക്ക് കൊസ്റൂമാരുടെയും, റുസ്തം, ഇസ്ഫൻദിയാർ മുതലായ രാജാക്കളുടെയും കഥകൾ കേൾപ്പിക്കാം' എന്നും മറ്റും പ്രസ്താവിച്ചുകൊണ്ട് ക്വുറൈശികളുടെ സദസ്സിൽ അവ വായിപ്പിച്ച് കേൾപ്പിക്കും. വിശുദ്ധ ക്വുർആൻ കേൾക്കുന്നതിൽ നിന്ന് അവരുടെ ശ്രദ്ധ തിരിക്കുകയായിരുന്നു നള്‌റിന്റെ ഉദ്ദേശം. യഥാർത്ഥത്തിൽ അവതരണ ഹേതു എന്തുതന്നെ ആയികൊള്ളട്ടെ ആയത്തുകളുടെ വ്യക്തമായ അർത്ഥവ്യാപ്തിയിൽ ഉൾകൊള്ളുന്ന എല്ലാവിധ വിനോദങ്ങളും അതിൽ ഉൾപ്പെടുമെന്നതിൽ തർക്കമില്ല. കല, സൗന്ദര്യം, വിനോദം, സാഹിത്യം ആദിയായവയുടെ പേര് പറഞ്ഞുംകൊണ്ട് ഇന്ന് നമ്മുടെ ഇടയിൽ പ്രചാരത്തിലിരിക്കുന്ന മിക്ക വിഷയങ്ങളും- അവയുടെ കർത്താക്കളും, ആരാധകൻമാരും, അനുഭാവികളും അവക്ക് എന്ത് ന്യായീകരണങ്ങൾ അവതരിപ്പിച്ചാലും, ശരി- മനുഷ്യന്റെ ധാർമിക ബോധവും, സ്വഭാവ ഗുണങ്ങളും നശിപ്പിച്ചു അവനെ മൃഗപ്രായമാക്കുന്നവയത്രെ. പക്ഷേ, അല്ലാഹുവിനെ കുറിച്ചും, സനാതന തത്വങ്ങളെ കുറിച്ചും ബോധ

വും, ബഹുമാനവുമുള്ളവർക്കേ ഈ നാശത്തിന്റെ ആഴം കണ്ടെത്തുവാൻ കഴിയുകയുള്ളൂ.

ഇന്നത്തെ കലാവിനോദങ്ങളിൽ കൂടുതൽ ആകർഷകങ്ങളായി ഗണിക്കപ്പെടുന്നത് അവയിലെ നാട്യം, അഭിനയം, നൃത്തം, കൃത്രിമ വേഷം, നഗ്നവേഷം, സംഗീതം ആദിയായവയാണല്ലോ. ഇവയെ സംബന്ധിച്ച് വന്നിട്ടുള്ള ചില പ്രമാണങ്ങൾ ഇവിടെ ഓർക്കുന്നത് സന്ദർഭോചിതമായിരിക്കും;

(١) عن ابن عباس رضي الله عنه قال لعن رسول الله ﷺ المتشبهين من الرجال بالنساء والمتشبهات من النساء بالرجال - البخاري

(٢) عن أبى هريره رضي الله عنه قال لعن رسول الله ﷺ الرجل يلبس لبسة المرأة والمرأة تلبس لبسة الرجل - أبو دود

(٣) عن أبى هريرة رضي الله عنه قال : قال رسول الله ﷺ صنفان من أهل النار لم أرهما قوم معهم سياط كأذناب البقر يضربون بها الناس وَ نِساء كاسيات عاريات مائلات مميلات رؤوسهن كأسنمة البخت المائلة لا يدخلن الجنة ولا يجدن ريحها.....- مسلم

സാരം: 1) ഇബ്നു അബ്ബാസ് (റ) പറയുന്നു: 'സ്ത്രീകളോട് സാദൃശ്യം വഹിക്കുന്ന–സ്ത്രീവേഷം ധരിക്കുന്ന–പുരുഷന്മാരെയും, പുരുഷൻമാരോട് സാദൃശ്യം വഹിക്കുന്ന–പുരുഷവേഷം സ്വീകരിക്കുന്ന–സ്ത്രീകളെയും റസൂൽ ﷺ തിരുമേനി ശപിച്ചിരിക്കുന്നു.' –ബുഖാരി,

2) അബൂഹുറയ്റഃ (റ) പറയുന്നു: 'സ്ത്രീകൾ ധരിക്കുന്ന പ്രകാരം വസ്ത്രധാരണം ചെയ്യുന്ന പുരുഷനെയും, പുരുഷൻ ധരിക്കുന്ന പ്രകാരം വസ്ത്രധാരണം ചെയ്യുന്ന സ്ത്രീയെയും റസൂൽ ﷺ ശപിച്ചിരിക്കുന്നു.'– അബൂദാവൂദ്.

3) റസൂൽ ﷺ അരുളിച്ചെയ്തതായി അബൂഹുറയ്റഃ (റ) ഉദ്ധരിക്കുന്നു: 'നരകത്തിന്റെ ആൾക്കാരിൽപെട്ട രണ്ടുതരക്കാരെ ഞാൻ കാണുകയുണ്ടായിട്ടില്ല. (അവർ പിന്നീട് വരാനിരിക്കുന്നു.) പശുക്കളുടെ വാലുപോലെയുള്ള (തലപ്പത്ത് ഒരുതരം പൊടുപ്പുവെച്ച) ചമ്മട്ടികൾ കൈവശംവെച്ച് അവകൊണ്ട് ജനങ്ങളെ അടിക്കുന്ന ജനതയാണ് (അക്രമികളായ അധികാരസ്ഥൻമാരാണ്) ഒന്ന്. വസ്ത്രംധരിച്ച നഗ്നകളും (നാമമാത്ര വസ്ത്രധാരിണികളും) കുണുങ്ങി നടക്കുന്നവരും, വശീകരിക്കുന്നവരുമായ സ്ത്രീകളാണ് മറ്റൊന്ന്. ഇവരുടെ തലകൾ (വികൃത വേഷം നിമിത്തം) തടിച്ച ഒട്ടകത്തിന്റെ (കൊഴുത്തു) മറിഞ്ഞ പൂഞ്ഞകൾ പോലെയായിരിക്കും. ഇവർ സ്വർഗത്തിൽ പ്രവേശിക്കുകയില്ല; അതിന്റെ പരിമളം അവർക്ക് ലഭിക്കുകയുമില്ല.... മുസ്‌ലിം).

കൃത്രിമ മുടി കൂട്ടിച്ചേർക്കുകയോ, ചേർത്തുകൊടുക്കുവാനാവശ്യപ്പെടുകയോ ചെയ്യുന്ന

സ്ത്രീകളെയും, പച്ചകുത്തുക, ഭംഗിക്കുവേണ്ടി പല്ലുകൾ രാവി വിടവുണ്ടാക്കുക മുതലായ പ്രവൃത്തികൾ മുഖേന അല്ലാഹു നൽകിയ പ്രകൃതിരൂപത്തിന് വ്യത്യാസം വരുത്തുന്ന സ്ത്രീകളെയും നബി ﷺ ശപിച്ചിട്ടുള്ളതായി അബ്ദുല്ലാഹിബ്നു ഉമർ (റ), അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) എന്നീ സ്വഹാബികളുടെ പ്രസ്താവന ഇമാം ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചിട്ടുണ്ട്. വെള്ളം കൃഷിയെ ഉല്പാദിപ്പിക്കുന്ന പ്രകാരം സംഗീതം ഹൃദയത്തിൽ കപടവിശ്വാസത്തെ ഉൽപാദിപ്പിക്കുന്നതാണ്' എന്ന് നബി ﷺ പ്രസ്താവിച്ചതായി ജാബിർ (റ) പറഞ്ഞുവെന്ന് ഇമാം ബൈഹകി **شعب الإيمان** ൽ ഉദ്ധരിച്ചിരിക്കുന്നു. ഇമാം അഹ്മദ് (റ) ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ നബി ﷺ ഇപ്രകാരം പറഞ്ഞതായി കാണാം: 'എന്നെ ലോകർക്ക് കാരുണ്യമായും, ലോകർക്ക് മാർഗദർശനമായും അല്ലാഹു നിയോഗിച്ചിരിക്കുന്നു. കൊട്ടുമേളങ്ങളെയും, കുഴൽവാദ്യങ്ങളെയും, വിഗ്രഹങ്ങളെയും, കുരിശുകളെയും തുടച്ചുനീക്കുവാനും എന്നോട് കൽപിച്ചിരിക്കുന്നു..... ' ഈ ആയത്തിൽ പ്രസ്താവിച്ച 'വിനോദവാർത്ത' (لَهْوَ الْحَدِيثِ) യെക്കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ ഇബ്നു മസ്ഊദ് (റ) സത്യം ചെയ്തുകൊണ്ട് പറഞ്ഞ മറുപടി **الغناء**(അത് സംഗീതമാണ്.) എന്നായിരുന്നു. (رواه ابن جرير) അതിലെ പ്രധാന ഇനം അതാണെന്ന് സാരം.

സംഗീതത്തെക്കുറിച്ച് യസീദ്ബ്നുൽവലീദ് (يزيدبن الوليد الناقص) ന്റെ ഒരു പ്രസ്താവന എത്ര വാസ്തവം! അദ്ദേഹം തന്റെ ഗോത്രക്കാരോടായി പറയുകയാണ്: ഉമയ്യഃ ഗോത്രമേ, സംഗീതത്തെ സൂക്ഷിച്ചുകൊള്ളുക! അത് ലജ്ജയെ ക്ഷയിപ്പിക്കുന്നു, ദേഹേച്ഛയെ വർധിപ്പിക്കുന്നു, മനുഷ്യത്വം നശിപ്പിക്കുന്നു, മദ്യത്തെ പ്രതിനിധീകരിക്കുന്നു, മത്തൻമാരെപ്പോലെ പ്രവർത്തിപ്പിക്കുന്നു! കൂടാതെ കഴിയാത്തപക്ഷം, സ്ത്രീകളെയെങ്കിലും അതിൽ സംബന്ധിക്കാനനുവദിക്കരുത്. (رواه البيهقي وابن ابى الدنيا) സ്ത്രീപുരുഷ സമ്പർക്കത്തോടുകൂടിയതും, കാമവികാരങ്ങളെ ഇളക്കിത്തീർക്കുന്നതും, മനുഷ്യന്റെ മാനവും, ഉൽകൃഷ്ടവുമായ സ്വഭാവഗുണങ്ങളെ ഹനിച്ചുകളയുന്നതുമായ വിഷയങ്ങളെ ആക്ഷേപിക്കുന്ന മഹദ്വാക്യങ്ങളും, ഉദ്ധരണികളും പലതും കാണാം. ദൈർഘ്യം ഭയന്ന് മതിയാക്കുകയാണ്. വിവാഹം, പെരുന്നാൾ, മുതലായ സന്ദർഭങ്ങളിൽ പരിമിതമായ അളവിൽ വിനോദങ്ങൾ അനുവദിക്കപ്പെട്ടിട്ടുണ്ടെന്നത് വാസ്തവമത്രെ. ഇതൊഴിവാക്കിയാൽ, വിനോദങ്ങളെ പൊതുവിൽ നിരുൽസാഹപ്പെടുത്തുകയാണ് ഇസ്ലാം ചെയ്തിട്ടുള്ളത് എന്ന് കാണാം. അവയിൽ കൂടുതൽ ദോഷകരമായതിനെ തീരെ വിരോധിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു പറയുന്നത് നോക്കുക:

وَمَا الْحَيَاةُ الدُّنْيَا إلاّ لَعِبٌ وَلَهْوٌ وَلَلدّارُ الآخِرَةُ خَيْرٌ لِلّذِينَ يَتَّقُونَ أفَلاَ تَعْقِلُونَ– الأنعام

(ഐഹിക ജീവിതമെന്നത് വിളയാട്ടും വിനോദവുമല്ലാതെ മറ്റൊന്നുമല്ല. സൂക്ഷിക്കുന്ന ആളുകൾക്ക് പരലോകമത്രെ ഉത്തമമായത്. അപ്പോൾ നിങ്ങൾ ബുദ്ധി കൊടുക്കുന്നില്ലേ?!) വിനോദങ്ങളിലൊന്നും ലയിക്കാതെ സൽക്കർമങ്ങൾ സമ്പാദിച്ചുവെക്കുന്നവർക്ക് ആനന്ദത്തിന്റെ അനുഗൃഹീത സ്വർഗം അല്ലാഹു വാഗ്ദത്തം ചെയ്യുന്നു.

إِنَّ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ لَهُمْ جَنَّٰتُ ٱلنَّعِيمِ ﴿٨﴾

﴿8﴾ നിശ്ചയമായും, വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവരാകട്ടെ, അവർക്ക് സുഖാനുഭൂതിയുടെ സ്വർഗങ്ങളുണ്ട്:-

خَٰلِدِينَ فِيهَا ۖ وَعْدَ ٱللَّهِ حَقًّا ۚ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٩﴾

﴿9﴾ അവരതിൽ നിത്യവാസികളായിക്കൊണ്ട് (ജീവിക്കും). അല്ലാഹുവിന്റെ യഥാർഥമായ വാഗ്ദാനം! അവനത്രെ പ്രതാപശാലിയും, അഗാധജ്ഞാനിയുമായുള്ളവൻ.

خَلَقَ ٱلسَّمَٰوَٰتِ بِغَيْرِ عَمَدٍ تَرَوْنَهَا ۖ وَأَلْقَىٰ فِى ٱلْأَرْضِ رَوَٰسِىَ أَن تَمِيدَ بِكُمْ

﴿10﴾ നിങ്ങൾക്ക് കാണാവുന്ന തൂണുകളൊന്നും കൂടാതെ അവൻ ആകാശങ്ങളെ സൃഷ്ടിച്ചിരിക്കുന്നു. ഭൂമി നിങ്ങളെയും കൊണ്ട് ചരിഞ്ഞുപോകുമെന്നതിനാൽ, ഉറച്ച മലകളെ അതിൽ അവൻ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു.

وَبَثَّ فِيهَا مِن كُلِّ دَآبَّةٍ ۚ وَأَنزَلْنَا مِنَ ٱلسَّمَآءِ مَآءً فَأَنۢبَتْنَا فِيهَا مِن كُلِّ زَوْجٍ كَرِيمٍ ﴿١٠﴾

അതിൽ എല്ലാ (തരം) ജീവജന്തുക്കളെയും വിതരണം ചെയ്കയും ചെയ്തിരിക്കുന്നു. ആകാശത്തുനിന്ന് നാം [അല്ലാഹു] വെള്ളം ഇറക്കി; എന്നിട്ട് മാന്യമായ [വിശിഷ്ടമായ] എല്ലാ ഇണകളെയും നാം അതിൽ മുളപ്പിക്കുകയും ചെയ്തു.

هَٰذَا خَلْقُ ٱللَّهِ فَأَرُونِى مَاذَا خَلَقَ ٱلَّذِينَ مِن دُونِهِۦ ۚ بَلِ ٱلظَّٰلِمُونَ فِى ضَلَٰلٍ مُّبِينٍ ﴿١١﴾

﴿11﴾ ഇത് (ഒക്കെയും) അല്ലാഹുവിന്റെ സൃഷ്ടിയാകുന്നു. എന്നാൽ, അവന് പുറമെയുള്ളവർ സൃഷ്ടിച്ചിട്ടുള്ളതെന്താണെന്ന് നിങ്ങളെനിക്ക് കാണിച്ചുതരിക! പക്ഷേ, അക്രമകാരികൾ വ്യക്തമായ ദുർമാർഗത്തിലാകുന്നു.

﴾8﴿ إِنَّ الَّذِينَ നിശ്ചയമായും യാതൊരുകൂട്ടർ آمَنُوا വിശ്വസിച്ചു وَعَمِلُوا പ്രവർത്തിക്കുകയും ചെയ്തു الصَّالِحَاتِ സൽക്കർമ്മങ്ങൾ لَهُمْ അവർക്കുണ്ട് جَنَّاتُ النَّعِيمِ സുഖാനുഭൂതിയുടെ (അനുഗ്രഹവർഷത്തിന്റെ) സ്വർഗങ്ങൾ ﴾9﴿ خَالِدِينَ فِيهَا അതിൽ നിത്യവാസികളായ നിലയിൽ وَعْدَ اللَّهِ അല്ലാഹുവിന്റെ വാഗ്ദാനം حَقًّا യഥാർഥമായ, സത്യമായും وَهُوَ അവൻ الْعَزِيزُ പ്രതാപശാലിയത്രെ الْحَكِيمُ അഗാധജ്ഞനായ, തത്വജ്ഞാനിയായ ﴾10﴿ خَلَقَ السَّمَاوَاتِ ആകാശങ്ങളെ അവൻ സൃഷ്ടിച്ചിരിക്കുന്നു بِغَيْرِ عَمَدٍ തൂണുകളൊന്നും കൂടാതെ تَرَوْنَهَا നിങ്ങൾ കാണുന്ന وَأَلْقَىٰ അവൻ ഇടുക (സ്ഥാപിക്കുക) യും ചെയ്തു فِي الْأَرْضِ ഭൂമിയിൽ رَوَاسِيَ ഉറച്ച മലകളെ, ആണികളെ أَنْ تَمِيدَ അത് ചരിഞ്ഞുപോകുമെന്നതിനാൽ (മറിഞ്ഞുപോകാതിരിക്കുന്നതിന്) بِكُمْ നിങ്ങളെയും കൊണ്ട് وَبَثَّ فِيهَا അതിൽ പരത്തുക (വിതരണം ചെയ്യുക)യും ചെയ്തു مِنْ كُلِّ دَابَّةٍ എല്ലാ ജന്തുക്കളെയും, ജന്തുക്കളിൽനിന്ന് وَأَنْزَلْنَا നാം ഇറക്കുകയും ചെയ്തു مِنَ السَّمَاءِ ആകാശത്തുനിന്ന് مَاءً വെള്ളം, ജലം فَأَنْبَتْنَا എന്നിട്ട് നാം മുളപ്പിച്ചു, ഉൽപാദിപ്പിച്ചു فِيهَا അതിൽ مِنْ كُلِّ زَوْجٍ എല്ലാ ഇണകളെയും, ഇണകളിൽനിന്നും كَرِيمٍ മാന്യമായ, വിശേഷപ്പെട്ട ﴾11﴿ هَٰذَا ഇത് خَلْقُ اللَّهِ അല്ലാഹുവിന്റെ സൃഷ്ടിയാണ് فَأَرُونِي എന്നാൽ നിങ്ങളെനിക്ക് കാട്ടിത്തരുക مَاذَا خَلَقَ എന്ത് സൃഷ്ടിച്ചുവെന്ന് الَّذِينَ യാതൊരു കൂട്ടർ مِنْ دُونِهِ അവന് പുറമെയുള്ള بَلِ പക്ഷേ, എങ്കിലും الظَّالِمُونَ അക്രമകാരികൾ فِي ضَلَالٍ ദുർമാർഗത്തിലാണ്, വഴിപിഴവിലാണ് مُبِينٍ വ്യക്തമായ

'നിങ്ങൾക്ക് കാണാവുന്ന തൂണുകൾ കൂടാതെ (بِغَيْرِ عَمَدٍ تَرَوْنَهَا) എന്ന് പറയുമ്പോൾ കാണപ്പെടാത്ത ഏതോ തൂണുണ്ടാവാമെന്ന് വരുന്നു. അതെ, അല്ലാഹുവിന്റെ ശക്തി (القدرة) യാകുന്ന തൂണിന്മേലത്രെ അഖിലാണ്ഡം സ്ഥിതി ചെയ്യുന്നത്. ഓരോ ആകാശവും, ഓരോ ഗോളവും അല്ലാഹു അതതിന് നിശ്ചയിച്ചിട്ടുള്ള വെപ്പും നിലയും തെറ്റാതെ നില കൊള്ളുന്നു. ശാസ്ത്രജ്ഞന്മാർ ഈ തൂണിന് ആകർഷണശക്തി എന്ന് പറഞ്ഞു തൃപ്തിയടയുന്നു. അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം പ്രസ്തുത തൂൺ നഷ്ടപ്പെടുകയും, അവയുടെ നില അവതാളത്തിലാകുകയും ചെയ്യും. ഭൂമിക്ക് ചരിവും, മറിവും ബാധിക്കാതിരിക്കുവാനായിട്ടത്രെ അല്ലാഹു അതിൽ വമ്പിച്ച പർവ്വതങ്ങളെ സ്ഥാപിച്ചു തൂക്കം ശരിപ്പെടുത്തിവെച്ചിരിക്കുന്നത്. ഇത് ശാസ്ത്രജ്ഞന്മാരും സമ്മതിക്കുന്ന ഒരു തത്വമാണ്.

ജീവിതത്തിന് അത്യന്താപേക്ഷിതവും, മനുഷ്യൻ സദാ ആസ്വദിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളിൽ വളരെ പ്രധാനവുമാണല്ലോ മഴവർഷവും സസ്യോൽപാദനവും. ഈ അനുഗ്രഹങ്ങളെക്കുറിച്ച് പ്രസ്താവിക്കുമ്പോഴൊക്കെ -വാചകഘടന പ്രഥമപുരുഷ (غائب) രൂപത്തിലാകുമ്പോഴും- 'നാം ഇറക്കി', 'നാം മുളപ്പിച്ചു' (فَأَنْبَتْنَا) എന്നിങ്ങിനെ ഉത്തമ (متكلم) രൂപത്തിലാണ് ക്വുർആൻ അത് പ്രസ്താവിക്കാറുള്ളത്. പ്രസ്തുത അനുഗ്രഹത്തെക്കുറിച്ച് മനുഷ്യന് നന്ദിയും അല്ലാഹുവിനെക്കുറിച്ചുള്ള ഓർമയും ഉണ്ടായിരിക്കണമെന്നത്രെ ആ പ്രയോഗം സൂചിപ്പിക്കുന്നത്.

വിഭാഗം - 2

وَلَقَدْ ءَاتَيْنَا لُقْمَٰنَ ٱلْحِكْمَةَ أَنِ ٱشْكُرْ لِلَّهِ ۚ وَمَن يَشْكُرْ فَإِنَّمَا يَشْكُرُ لِنَفْسِهِۦ ۖ وَمَن كَفَرَ فَإِنَّ ٱللَّهَ غَنِىٌّ حَمِيدٌ ﴿١٢﴾

﴾12﴿ ലുക്വ്മാന്ന് നാം വിജ്ഞാനം നൽകുകയുണ്ടായിട്ടുണ്ട്- 'അല്ലാഹുവിന്ന് നീ നന്ദി ചെയ്യണം'. എന്ന്.

ആർ (അല്ലാഹുവിന്) നന്ദി കാണിക്കുന്നുവോ അവൻ തനിക്കുവേണ്ടിത്തന്നെയാണ് നന്ദി കാണിക്കുന്നത്. ആരെങ്കിലും നന്ദികേട് കാണിക്കുന്നതായാലോ, എന്നാൽ നിശ്ചയമായും അല്ലാഹു ധന്യനാണ്, സ്തുത്യർഹനാണ്.

﴾12﴿ وَلَقَدْ آتَيْنَا തീർച്ചയായും നാം കൊടുക്കുകയുണ്ടായി لُقْمَانَ ലുക്വ്മാന് الْحِكْمَةَ വിജ്ഞാനം,തത്ത്വജ്ഞാനം أَنِ اشْكُرْ നീ നന്ദി ചെയ്യണമെന്ന് لِلَّهِ അല്ലാഹുവിന് وَمَنْ يَشْكُرْ ആരെങ്കിലും നന്ദി ചെയ്യുന്നതായാൽ فَإِنَّمَا يَشْكُرُ എന്നാൽ അവൻ നിശ്ചയമായും നന്ദി ചെയ്യുന്നു لِنَفْسِهِ തനിക്കുവേണ്ടിതന്നെ وَمَنْ كَفَرَ ആരെങ്കിലും നന്ദികേട് ചെയ്താൽ, അവിശ്വസിച്ചാൽ فَإِنَّ اللَّهَ എന്നാൽ നിശ്ചയമായും അല്ലാഹു غَنِيٌّ ധന്യനാണ്, അനാശ്രയനാണ് حَمِيدٌ സ്തുത്യർഹനാണ്.

'ലുക്വ്മാനുൽ ഹകീം' (لقمان الحكيم) അഥവാ വിജ്ഞാനിയായ ലുക്വ്മാൻ എന്ന പേർ പരക്കെ ഇന്നും പ്രചാരത്തിലുണ്ട്. ക്വുർആൻ അവതരിച്ച കാലത്തും ആ നാമം പ്രചാരത്തിലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വിജ്ഞാനമൊഴി (*) കളായി പല നീതിവാക്യങ്ങളും ഗ്രന്ഥങ്ങളിൽ സ്ഥലംപിടിച്ചുകാണാം. ഇദ്ദേഹം ഏത് കാലക്കാരനും ദേശക്കാരനുമായിരുന്നുവെന്നുള്ളതിൽ പല അഭിപ്രായങ്ങൾ കാണാം. പക്ഷേ ഒന്നിനും മതിയായ തെളിവുകളില്ല. ഏതായാലും ബുദ്ധിയും, വിവേകവും, ജ്ഞാനവും തികഞ്ഞ ഒരു മഹാനായിരുന്നു അദ്ദേഹമെന്നതിൽ സംശയമില്ല.

അദ്ദേഹം ഒരു പ്രവാചകനായിരുന്നുവെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും അതിനും സ്വീകാര്യമായ തെളിവുകൾ ഒന്നും കാണുന്നില്ല. പ്രവാചകനായിരുന്നില്ല-മഹാവിജ്ഞാനിയായിരുന്ന ഒരു മഹാനായിരുന്നു-എന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം. ലുക്വ്മാന് നാം വിജ്ഞാനം നൽകിയിട്ടുണ്ടെന്ന് അല്ലാഹു നൽകിയ കീർത്തിപത്രവും തുടർന്നുള്ള ആയത്തുകളിൽ അദ്ദേഹത്തെക്കുറിച്ച് ചെയ്ത പ്രസ്താവനകളും അദ്ദേഹത്തിന്റെ മഹത്വത്തിന് ധാരാളം മതിയായ ലക്ഷ്യങ്ങളാണ്. സൂറത്തുൽ ബക്വറഃയിൽ അല്ലാഹു പറയുന്നു:

(*) 'മൗനം ഒരു വിജ്ഞാനമാണ്. അത് പ്രവർത്തനത്തിൽ വരുത്തുന്നവർ കുറവാണ്' (الصمت حكمة وقليل فاعله) എന്നും, 'മകനേ, നീ മധുരമായിരിക്കരുത്-നിന്നെ വിഴുങ്ങിയേക്കും, നീ കയ്പുമായിരിക്കരുത്-നിന്നെ തുപ്പിക്കളഞ്ഞേക്കും' (يا بنى لا تكن حلوا فتبتلع ولا تكن مرا فتلفظ) എന്നും മറ്റും അദ്ദേഹത്തിന്റെ മൊഴികളായി രേഖപ്പെടുത്തപ്പെടുന്നു.

يُؤْتِي ٱلْحِكْمَةَ مَن يَشَآءُ ۚ وَمَن يُؤْتَ ٱلْحِكْمَةَ فَقَدْ أُوتِيَ خَيْرًا كَثِيرًا ۗ وَمَا يَذَّكَّرُ إِلَّآ أُو۟لُوا۟ ٱلْأَلْبَٰبِ-البقرة: ٢٦٩

(അവൻ-അല്ലാഹു-ഉദ്ദേശിക്കുന്നവർക്ക് അവൻ വിജ്ഞാനം നൽകുന്നു. ആർക്ക് വിജ്ഞാനം നൽക പ്പെടുന്നുവോ അവന് അധികരിച്ച നന്മ നൽകപ്പെട്ടുപോയി!)

ലുക്മാൻ (റ) ന്ന് ലഭിച്ച വിജ്ഞാനവും തത്വചിന്തയും-ഇന്നറിയപ്പെടുന്ന പല തത്വ ശാസ്ത്ര നിപുണന്മാരെപ്പോലെ-അദ്ദേഹത്തെ എത്തിച്ചത് ദൈവനിഷേധത്തിലേക്കോ, ആദ്ധ്യാത്മിക ചിന്താനിരാകരണത്തിലേക്കോ ആയിരുന്നില്ല. നേരെമറിച്ച് അദ്ദേഹത്തിന്റെ വിജ്ഞാനം അദ്ദേഹത്തെ നയിച്ചത് അല്ലാഹുവിന്റെ മഹത്വങ്ങളും, അവന്റെ പ്രീതിമാർഗവും മനസ്സിലാക്കുന്നതിലേക്കും, അവനോട് കൂറും ഭക്തിയും കാണിക്കുന്നതിലേക്കുമായിരുന്നു. ആ വിജ്ഞാനത്തിന്റെ രത്നച്ചുരുക്കം- അഥവാ ആകെത്തുക-അല്ലാഹുവിന് നന്ദിചെയ്യണം (ان اشكر لله) എന്നുള്ളതായിരുന്നു. കൂടുതലുള്ളതെല്ലാം ഈ മൂലവിജ്ഞാനത്തിന്റെ വിശദാംശങ്ങ ളാകുന്നു. ലോകസ്രഷ്ടാവിന്റെ നിഷേധത്തിൽ അധിഷ്ഠിതമായ ആധുനിക സാങ്കേതിക തത്വശാസ്ത്രക്കാരുടെ നന്ദികെട്ട വിജ്ഞാനവും, ലുക്മാന്റെ നന്ദിയുടെ നന്ദിയാകുന്ന വിജ്ഞാ നവും തമ്മിലുള്ള അന്തരത്തെക്കുറിച്ച് ആയത്തിലെ തുടർന്നുള്ള രണ്ട് കനത്ത വാക്യങ്ങളിൽ അല്ലാഹു ചൂണ്ടിക്കാട്ടിയത് നോക്കുക! ലുക്മാൻ (റ) തന്റെ മകന് നൽകിയ ഏതാനും സാരോപദേശങ്ങൾ അടുത്ത ചില വചനങ്ങളിൽ അല്ലാഹു ഉദ്ധരിക്കുന്നു.

وَإِذْ قَالَ لُقْمَٰنُ لِٱبْنِهِۦ وَهُوَ يَعِظُهُۥ يَٰبُنَيَّ لَا تُشْرِكْ بِٱللَّهِ ۖ إِنَّ ٱلشِّرْكَ لَظُلْمٌ عَظِيمٌ ﴿١٣﴾

﴾13﴿ ലുക്മാൻ, തന്റെ മകനോട് അദ്ദേഹം അവന് സദുപദേശം നൽകി ക്കൊണ്ടിരിക്കവെ പറഞ്ഞ സന്ദർഭം (ഓർക്കുക): 'എന്റെ കുഞ്ഞുമകനേ, നീ അല്ലാഹുവിനോട് പങ്കുചേർക്കരുത്. നിശ്ച യമായും (അവനോട്) പങ്കുചേർക്കൽ വമ്പിച്ച അക്രമമത്രെ.'

﴾13﴿ وَإِذْقَالَ പറഞ്ഞ സന്ദർഭം, പറഞ്ഞപ്പോൾ لُقْمَانَ ലുക്മാൻ لِابْنِهِ തന്റെ മകനോട് وَهُوَ അദ്ദേഹം يَعِظُهُ അവന് സദുപദേശം നൽകിക്കൊണ്ടിരിക്കെ يَابُنَيَّ എന്റെ കുഞ്ഞു (ഓമന) മകനേ لَاتُشْرِكْ നീ പങ്കുചേർക്കരുത്, ശിർക്ക് ചെയ്യരുത് بِاللهِ അല്ലാഹുവിൽ إِنَّ الشِّرْكَ നിശ്ചയ മായും ശിർക്ക് لَظُلْمٌ അക്രമം തന്നെ عَظِيمٌ വമ്പിച്ച

ഉപദേശങ്ങളിൽ വെച്ച് ഏറ്റവും പ്രധാനപ്പെട്ടത് ശിർക്കിൽ അകപ്പെടാതിരിക്കുവാനും, തൗഹീദിൽ ചരിക്കുവാനുമുള്ള ഉപദേശമാകുന്നു. തൗഹീദിന്റെ അടിസ്ഥാനത്തിലല്ലാതെയുള്ള ഏത് നന്മയും അല്ലാഹുവിങ്കൽ സ്വീകാര്യമല്ല. അതുകൊണ്ടാണ് ലുക്മാൻ (റ) തന്റെ മകനോട് ഒന്നാമതായി ഈ ഉപദേശം നൽകുന്നത്. മാതാപിതാക്കൾ തങ്ങളുടെ സന്താന ങ്ങൾക്ക് സദുപദേശങ്ങൾ വഴി മതശിക്ഷണം നൽകിക്കൊണ്ടിരിക്കേണ്ടതിന്റെ ആവശ്യകത, അവരുടെ ആദ്ധ്യാത്മിക നില നന്നാക്കുന്നതിൽ മാതാപിതാക്കൾക്കുള്ള കടമ, ഉപദേശങ്ങളിൽ മുൻഗണന നൽകേണ്ടുന്ന കാര്യങ്ങൾ, ഉപദേശവേളയിൽ അനുവർത്തിക്കേണ്ടുന്ന നയവും സൗമ്യതയും എന്നിങ്ങനെ പലതും അദ്ദേഹത്തിന്റെ ഉപദേശങ്ങളിൽ നിന്ന് നമുക്ക് മനസ്സി ലാക്കാം. ഓരോ വിഷയവും അദ്ദേഹം മകന്റെ മുമ്പിൽ വെക്കുന്നത്, 'എന്റെ കുഞ്ഞുമകനേ' (يا بني) എന്ന സംബോധനയോടുകൂടിയാണ്. ഓരോന്നും അവതരിപ്പിക്കുന്നത്, ഹൃദ്യ മായ ഭാഷയിലും, ഓരോന്നിന്റെയും സമാപനമാകട്ടെ, യുക്തിപൂർവം കാര്യകാരണത്തോ ടുകൂടിയും! (13, 16, 17, 18, 19 വചനങ്ങൾ നോക്കുക.) ഹാ, എത്ര ആകർഷണീയം! എന്തൊരു മാതൃക!

മാതാപിതാക്കൾ മക്കളുടെ ജനയിതാക്കളും രക്ഷിതാക്കളുമാണ്. അവർക്ക് പ്രകൃത്യാ മക്കളോട് അളവറ്റ വാൽസല്യവും കൃപയും ഉണ്ടായിരിക്കും. ആകയാൽ, അവർ മറ്റാരെക്കാളും അവരുടെ ഗുണകാംക്ഷികളായിരിക്കുമെന്നതും സ്വാഭാവികമാണ്. പക്ഷേ, മാതാപിതാക്കളുടെ സ്ഥിതിഗതികൾക്കനുസരിച്ച് അതിന്റെ നിർവ്വഹണത്തിലും, പ്രയോഗത്തിലും വ്യത്യാസം ഉണ്ടായിരിക്കുമെന്ന് മാത്രം. എന്നാൽ, മാതാപിതാക്കളിൽ പ്രകൃത്യാ നൽകപ്പെട്ടിരിക്കുന്ന ആ പ്രേരണകൊണ്ട് ഇസ്‌ലാം മതിയാക്കുന്നില്ല. മക്കൾക്ക് വേണ്ടുന്ന ശിക്ഷണങ്ങളും, മാർഗദർശനങ്ങളും നൽകുന്നതും, അവരെ സൽപന്ഥാവിൽ വളർത്തുന്നതും മതദൃഷ്ട്യാ രക്ഷിതാക്കളുടെ ഒഴിച്ചുകൂടാത്ത കടമകൂടിയാകുന്നു. ഈ വസ്തുത പല ക്വുർആൻ വാക്യങ്ങളിൽ നിന്നും, നബിവാക്യങ്ങളിൽ നിന്നും പരക്കെ അറിയപ്പെട്ടിട്ടുള്ളതാണല്ലോ.

ഇതിന് ഒരു മറുവശമുണ്ട്. മക്കളുടെ പേരിൽ മാതാപിതാക്കൾക്കുള്ള വാത്സല്യത്തിന്റെയും, ഗുണകാംക്ഷയുടെയും ആഴമാകട്ടെ, തങ്ങൾക്കുവേണ്ടി അവർ അനുഭവിക്കേണ്ടി വന്നിട്ടുള്ള യാതനകളുടെ അളവുകളാകട്ടെ ശരിക്കു മനസ്സിലാക്കുവാൻ മക്കൾക്ക് സാധിക്കുന്നതല്ല. സാധിച്ചാൽ തന്നെയും അതിന് തികച്ചും അനുയോജ്യമായ പ്രതിഫലം നൽകി ആ കടപ്പാട് തീർക്കുവാൻ അവർക്ക് അസാധ്യമാവുന്നു. മാതാപിതാക്കളെ വല്ലവരുടെയും അടിമകളായി കണ്ടെത്തുകയും, അപ്പോൾ അവരെ വിലകൊടുത്തു വാങ്ങി സ്വതന്ത്രരാക്കി വിടുകയും ചെയ്യുന്നതായാലല്ലാതെ, മാതാപിതാക്കൾക്ക് പ്രതിഫലം കൊടുക്കുവാൻ മക്കൾക്ക് സാധ്യമല്ല' എന്ന നബിവചനം (لا يجزى ولد والدا الا ان يجده مملوكا فيشتريه فيعتقه - رواه مسلم) ഇവിടെ സ്മരണീയമാകുന്നു.

ചുരുക്കിപ്പറഞ്ഞാൽ മാതാപിതാക്കളുടെ പേരിലുള്ള കടപ്പാടിനെക്കാൾ എത്രയോ വമ്പിച്ചതാണ് മക്കൾക്ക് അവരുടെ നേരെയുള്ള കടപ്പാട്. അതുകൊണ്ടാണ് ഈ വശത്തെക്കുറിച്ച് ക്വുർആനും, നബിവചനങ്ങളും കൂടുതൽ ശക്തമായ ഭാഷയിൽ ആവർത്തിച്ചാവർത്തിച്ചു ഉൽബോധനം നൽകുന്നതും. പലപ്പോഴും ശിർക്കിനെക്കുറിച്ച് താക്കീത് ചെയ്തതിന്റെ തൊട്ടടുത്ത വാചകം ക്വുർആനിൽ മാതാപിതാക്കളെ സംബന്ധിച്ച ഉപദേശമായിരിക്കും. മാത്രമല്ല, ചിലപ്പോൾ അല്ലാഹുവിന്റെ ഒരു പ്രത്യേക ആജ്ഞാനിർദേശം (വസ്വിയ്യത്ത്) കൂടിയാണതെന്ന മുഖവുരയും അതൊന്നിച്ചു കാണാം. (അടുത്ത ആയത്തും, സൂ: ഇസ്റാഉ് 23; സൂ: അൻകബൂത്ത് 8:സൂ: അഹ്ക്വാഫ് 15 എന്നിവയും ഇതിന് ഉദാഹരണമാണ്.) ലുക്വ്മാൻ (റ) ചെയ്ത ഒന്നാമത്തെ ഉപദേശം ഉദ്ധരിച്ചശേഷം -അടുത്ത ഉപദേശം ഉദ്ധരിക്കുന്നതിന് മുമ്പായി-അല്ലാഹു മനുഷ്യരോടാകമാനം ചെയ്യുന്ന വസ്വിയ്യത്തിൽ മാതാപിതാക്കൾക്ക് കൽപിക്കുന്ന സ്ഥാനം എന്തുമാത്രമാണെന്ന് പരിശോധിച്ചു നോക്കുക!-

وَوَصَّيْنَا ٱلْإِنسَـٰنَ بِوَٰلِدَيْهِ حَمَلَتْهُ أُمُّهُۥ وَهْنًا عَلَىٰ وَهْنٍ وَفِصَـٰلُهُۥ فِى عَامَيْنِ أَنِ ٱشْكُرْ لِى وَلِوَٰلِدَيْكَ إِلَىَّ ٱلْمَصِيرُ ﴿١٤﴾

﴿14﴾ മനുഷ്യനോട് അവന്റെ മാതാപിതാക്കളെപ്പറ്റി നാം 'വസ്വിയ്യത്ത്' [ആജ്ഞാ നിർദ്ദേശം] നൽകിയിരിക്കുന്നു: അവന്റെ മാതാവ് ക്ഷീണത്തിനുമേൽ ക്ഷീണത്തോടെ അവനെ (ഗർഭം) ചുമന്നു; അവന്റെ (മുലകുടി അവസാനിപ്പിച്ചുള്ള) വേർപാടാകട്ടെ, രണ്ടു വർഷം കൊണ്ട് മാത്രമാണ്; 'എനിക്കും, നിന്റെ മാതാപിതാക്കൾക്കും നീ നന്ദി ചെയ്യണം. എന്റെ അടുക്കലേക്കാണ് നിങ്ങളുടെ തിരിച്ചുവരവ്.

﴾14﴿ وَوَصَّيۡنَا നാം വസിയ്യത്ത് (ആജ്ഞാ നിർദേശം) നൽകി الإِنسَانَ മനുഷ്യന് بِوَالِدَيۡهِ അവന്റെ മാതാപിതാക്കളെപ്പറ്റി حَمَلَتۡهُ അവനെ (ഗർഭം) ചുമന്നു أُمُّهُۥ അവന്റെ മാതാവ് وَهۡنًا ക്ഷീണത്തോടെ, ബലഹീനമായി عَلَىٰ وَهۡنٍ ക്ഷീണത്തിനുമേൽ وَفِصَٰلُهُۥ അവന്റെ വേർപാട് (മുലകുടി മാറ്റൽ) فِي عَامَيۡنِ രണ്ടു വർഷത്തിനകമായിരിക്കും, രണ്ട് കൊല്ലംകൊണ്ടായിരിക്കും, أَنِ اشۡكُرۡ നീ നന്ദി ചെയ്യണമെന്ന് لِي എനിക്ക് وَلِوَٰلِدَيۡكَ നിന്റെ മാതാപിതാക്കൾക്കും إِلَيَّ എന്റെ അടുക്കലേക്കാണ് الۡمَصِيرُ തിരിച്ചുവരവ്

وَإِن جَٰهَدَاكَ عَلَىٰٓ أَن تُشۡرِكَ بِي مَا لَيۡسَ لَكَ بِهِۦ عِلۡمٌ فَلَا تُطِعۡهُمَاۖ

﴾15﴿ 'നിനക്ക് (യഥാർഥത്തിൽ) യാതൊരു അറിവുമില്ലാത്ത ഏതെങ്കിലുമൊന്നിനെ എന്നോട് നീ പങ്ക് ചേർക്കുവാൻ അവർ നിന്നെ ബുദ്ധിമുട്ടിക്കുന്നപക്ഷം, അപ്പോൾ നീ അവരെ അനുസരിക്കരുത്.

وَصَاحِبۡهُمَا فِي ٱلدُّنۡيَا مَعۡرُوفٗاۖ وَٱتَّبِعۡ سَبِيلَ مَنۡ أَنَابَ إِلَيَّۚ ثُمَّ إِلَيَّ مَرۡجِعُكُمۡ فَأُنَبِّئُكُم بِمَا كُنتُمۡ تَعۡمَلُونَ ﴿١٥﴾

ഇഹത്തിൽ നീ അവരോട് സദാചാരമനുസരിച്ച് (നല്ല നിലക്ക്) സഹവസിക്കുകയും ചെയ്യണം; എന്റെ അടുക്കലേക്ക് (ഖേദിച്ചു) മടങ്ങിയവരുടെ മാർഗം പിൻപറ്റുകയും ചെയ്യുക. പിന്നീട്, നിങ്ങളുടെ (എല്ലാവരുടെയും) മടക്കം എന്റെ അടുക്കലേക്ക് തന്നെ. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി ഞാൻ നിങ്ങളെ ബോധ്യപ്പെടുത്തുന്നതാണ്.

﴾15﴿ وَإِن جَٰهَدَاكَ അവർ രണ്ടാളും നിന്നെ ബുദ്ധിമുട്ടിച്ചാൽ, നിർബന്ധിച്ചാൽ عَلَىٰٓ أَن تُشۡرِكَ നീ പങ്കുചേർക്കുവാൻ بِي എന്നോട്, എന്നിൽ مَا لَيۡسَ ഇല്ലാത്ത യാതൊന്നിനെ لَكَ നിനക്ക് بِهِۦ അതിനെപ്പറ്റി عِلۡمٌ ഒരറിവും فَلَا تُطِعۡهُمَا അപ്പോൾ നീ അവരെ അനുസരിക്കരുത് وَصَاحِبۡهُمَا നീ അവരോട് സഹവസിക്കയും ചെയ്യണം فِي الدُّنۡيَا ഇഹത്തിൽ مَعۡرُوفٗا സദാചാരപ്രകാരം (നല്ല നിലയിൽ) وَاتَّبِعۡ നീ പിൻപറ്റുകയും ചെയ്യുക سَبِيلَ مَنۡ യാതൊരുവരുടെ മാർഗം أَنَابَ إِلَيَّ എന്നിലേക്ക് മടങ്ങിയ, ഖേദിച്ചുവന്ന ثُمَّ إِلَيَّ പിന്നെ എന്റെ അടുക്കലേക്കാണ് مَرۡجِعُكُمۡ നിങ്ങളുടെ മടങ്ങിവരവ് فَأُنَبِّئُكُم അപ്പോൾ ഞാൻ നിങ്ങളെ ബോധ്യപ്പെടുത്തും, അറിയിച്ചുതരും بِمَا യാതൊന്നിനെപ്പറ്റി كُنتُمۡ تَعۡمَلُونَ നിങ്ങൾ പ്രവർത്തിച്ചുവന്നിരുന്ന

മാതാപിതാക്കളോടുള്ള കടമകൾക്ക് ഇസ്‌ലാം കൽപിക്കുന്ന ഗൗരവവും, മറ്റു പല കാര്യങ്ങളും ഈ വചനങ്ങളിൽനിന്ന് മനസ്സിലാക്കുവാൻ കഴിയും:

1) പിതാവിനെ അപേക്ഷിച്ച് മാതാവിനോടുള്ള കടമയാണ് കൂടുതൽ ശക്തമായത്. കാരണം വ്യക്തമാണ്. ഏതാണ്ട് പത്ത് മാസത്തോളം അവൾ ഗർഭം ചുമന്ന് ബുദ്ധിമുട്ടി. അനന്തരം പ്രസവവേദനയും സഹിക്കേണ്ടിവന്നു. പ്രസവശേഷം കുറേ മാസങ്ങളോളം ഊണിനും ഉറക്കിനും പോലും സമയം കിട്ടാത്തവിധം ശിശുവിന് മുലകൊടുത്തും ശുശ്രൂഷിച്ചും അവൾ കഴിച്ചുകൂട്ടേണ്ടിവന്നു. ഇതുകൊണ്ടും അവസാനിച്ചില്ല. മുലകുടി മാറ്റിയ ശേഷം പിന്നെയും കുറേകാലം അവൾ കുഞ്ഞിനുവേണ്ടി കഷ്ടപ്പെടേണ്ടതുണ്ട്. പിതാവാകട്ടെ, രക്ഷിതാവെന്ന നിലയിൽ മക്കളെ സംബന്ധിച്ച് അവനുള്ള ബാധ്യതകളും വിഷമതകളും വളരെ വമ്പിച്ചത് തന്നെ. എങ്കിലും മാതാവിന്റെ ത്യാഗങ്ങൾ അതിനെക്കാൾ എത്രയോ വമ്പിച്ചതത്രെ. അതുകൊണ്ടാണ് നബിﷺയോട്: 'ഞാൻ നന്നായി സഹവസിക്കുവാൻ ഏറ്റവും അവകാശപ്പെട്ടവർ ആരാണ്' എന്ന് ഒരാൾ ചോദിച്ചപ്പോൾ അവിടുന്ന്: أمك (നിന്റെ ഉമ്മയാണ്) എന്ന് ഉത്തരം പറഞ്ഞത്. 'പിന്നെ ആരാണ്?' എന്ന് ചോദ്യകർത്താവ് വീണ്ടും ചോദിച്ചു. അപ്പോഴും അതേ ഉത്തരം തന്നെ അവിടുന്ന് പറഞ്ഞു. മൂന്നാമത് ചോദിച്ചപ്പോഴും അതേ ഉത്തരം തന്നെ നൽകി. നാലാമത്തെ പ്രാവശ്യത്തിൽ തിരുമേനി പറഞ്ഞു: أبوك ثم ادناك ثم ادناك (നിന്റെ ബാപ്പയാണ്. പിന്നെ നിന്നോട് കൂടുതൽ അടുത്തുവരും, പിന്നെ കൂടുതൽ അടുത്തവരുമായിരിക്കും. (ബു.മു.)

2) ശിശുക്കളുടെ മുലകുടികാലം രണ്ട് കൊല്ലമാണ്. പക്ഷേ, സംഗതിവശാൽ അതിൽ ഏറ്റക്കുറവ് വരുത്തേണ്ടി വരുകയോ, മാതാവല്ലാത്തവരെക്കൊണ്ട് അത് നടത്തേണ്ടിവരികയോ ചെയ്യുന്നപക്ഷം മാതാപിതാക്കൾ അന്യോന്യം ആലോചിച്ചു വേണ്ടതുപോലെ ചെയ്യാമെന്നും മറ്റുമുള്ള വിശദവിവരം സൂറത്തുൽ ബക്വറഃ 233-ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്.

3) മാതാപിതാക്കളോട് മക്കൾ എപ്പോഴും നന്ദിയും കൂറും ഉള്ളവരായിരിക്കണം. 'എനിക്കും നിന്റെ മാതാപിതാക്കൾക്കും നന്ദി ചെയ്യുക' (أن أشكر لي ولوالديك) എന്ന്-അല്ലാഹുവിനോടൊപ്പം മാതാപിതാക്കളെയും ചേർത്തുകൊണ്ട് - പറഞ്ഞ വാക്യം പ്രത്യേകം ശ്രദ്ധാർഹമാകുന്നു. എന്നാൽ, അല്ലാഹുവിനോടുള്ള കൂറും ഭക്തിയും മറ്റാരോടുള്ളതിനെക്കാളും പ്രാധാന്യമർഹിക്കുന്നുവെന്നത് വിസ്മരിച്ചുകൂടാ.

4) മാതാപിതാക്കളെ അനുസരിക്കലും, അവർക്ക് നന്ദി ചെയ്യലും വമ്പിച്ച കടമയാണെന്നു വെച്ച് അവർ കൽപിക്കുന്നതെന്തും അനുസരിക്കാമെന്ന് വിചാരിക്കാവതല്ല. തൗഹീദിനെതിരായി ശിർക്ക്പരമായ വിശ്വാസമോ പ്രവൃത്തിയോ സ്വീകരിക്കുവാൻ അവർ നിർബന്ധിക്കുന്നപക്ഷം അതനുസരിക്കുവാൻ പാടില്ലാത്തതാകുന്നു. നബി ﷺ പറയുന്നു: لا طاعة لمخلوق في معصية الخالق – شرح السنة സ്രഷ്ടാവിന്റെ കൽപനക്ക് വിപരീതമായി ഒരു സൃഷ്ടിയെയും അനുസരിച്ചുകൂടാ എന്ന് സാരം.

5) മാതാപിതാക്കൾ ആദർശത്തിൽ യോജിക്കാത്തവരോ, അമുസ്‌ലിംകളോ ആയിരുന്നാലും-ശിർക്ക് ചെയ്‌വാൻ നിർബന്ധിക്കുന്നവരായിരുന്നാൽ പോലും - അവരുടെ മരണം വരെ അവരോട് നന്നായി പെരുമാറേണ്ടതാകുന്നു. എന്നിരിക്കെ, സ്വഭാവദോഷത്തിന്റെയൊ, അറിവില്ലായ്മയുടെയൊ, വാർധക്യസഹജമായുണ്ടാകുന്ന സ്വഭാവ വൈകല്യങ്ങളുടെയോ പേരിൽ മാതാപിതാക്കളെ വെറുക്കുന്നതും അവരോട് അപമര്യാദയായി വർത്തിക്കുന്നതും എത്രമാത്രം അക്രമമായിരിക്കും?! അവരോട് പരുഷമായി സംസാരിക്കരുതെന്നും, മാന്യമായ വാക്കുകൾ പറയണമെന്നും, താഴ്മയോടെ പെരുമാറണമെന്നും, അവർക്കുവേണ്ടി പ്രാർഥിക്കണമെന്നും സൂ: ഇസ്‌റാഉ്: 23, 24 വചനങ്ങളിൽ അല്ലാഹു വ്യക്തമായി പ്രസ്താ

വിച്ചിട്ടുള്ളതാണ്.

'നിനക്ക് യാതൊരു അറിവും ഇല്ലാത്തതിനെ എന്നോട് പങ്കുചേർക്കുവാൻ....' എന്ന് പറഞ്ഞതിന്റെ താൽപര്യവും, ഈ ആയത്തുമായി ബന്ധപ്പെട്ട മറ്റു ചില സംഗതികളും സൂ: അൻകബൂത്ത് 8-ാം വചനത്തിന്റെ വിവരണത്തിൽ കഴിഞ്ഞുപോയിട്ടുണ്ട്. അതിവിടെ ഓർമിക്കാം. മക്കൾക്കുവേണ്ടി മാതാക്കൾ അനുഭവിക്കേണ്ടിവരുന്ന കഷ്ടപ്പാടുകൾ ഏറിയകൂറും അവരുടെ ശൈശവത്തിലായിരിക്കുമല്ലോ. അതുകൊണ്ട് മക്കൾക്ക് മിക്കവാറും അതിനെക്കുറിച്ച് വേണ്ടത്ര മനസ്സിലാക്കുവാൻ അവസരം കിട്ടുകയില്ല. പിതാക്കൾ മക്കൾക്കുവേണ്ടി അനുഭവിക്കുന്ന വിഷമങ്ങൾ ഏറെക്കുറെ മനസ്സിലാക്കുവാൻ മക്കൾക്ക് അവസരം ലഭിക്കുകയും ചെയ്യുന്നു. ഇതുകൊണ്ടായിരിക്കാം, പിതാവിന്റെ ത്യാഗത്തെക്കുറിച്ച് വിശേഷിച്ചൊന്നും ഇവിടെ എടുത്തുപറഞ്ഞു കാണാത്തത്. والله اعلم അടുത്ത വചനങ്ങളിൽ ലുക്വ്മാൻ (റ) ന്റെ സദുപദേശം തുടരുന്നു:-

يَٰبُنَيَّ إِنَّهَآ إِن تَكُ مِثْقَالَ حَبَّةٍ مِّنْ خَرْدَلٍ فَتَكُن فِى صَخْرَةٍ أَوْ فِى ٱلسَّمَٰوَٰتِ أَوْ فِى ٱلْأَرْضِ يَأْتِ بِهَا ٱللَّهُ ۚ إِنَّ ٱللَّهَ لَطِيفٌ خَبِيرٌ ﴿١٦﴾

﴾16﴿ **(ലുക്വ്മാൻ പറഞ്ഞു:) 'എന്റെ കുഞ്ഞുമകനേ, നിശ്ചയമായും (ഒരു) കാര്യം-അതൊരു കടുക് മണിയുടെ തൂക്കമായിരുന്നാലും, എന്നിട്ടത് ഒരു പാറക്കല്ലി (ന്റെ ഉള്ളി)ലോ, ആകാശങ്ങളിലോ, ഭൂമിയിലോ (എവിടെയെങ്കിലും) ആയിരിക്കുകയും ചെയ്താലും, അല്ലാഹു അത് (രംഗത്ത്) കൊണ്ടുവരുന്നതാണ്. നിശ്ചയമായും അല്ലാഹു നിഗൂഢജ്ഞനും, സൂക്ഷ്മജ്ഞനുമാകുന്നു.**

يَٰبُنَيَّ أَقِمِ ٱلصَّلَوٰةَ وَأْمُرْ بِٱلْمَعْرُوفِ وَٱنْهَ عَنِ ٱلْمُنكَرِ وَٱصْبِرْ عَلَىٰ مَآ أَصَابَكَ ۖ إِنَّ ذَٰلِكَ مِنْ عَزْمِ ٱلْأُمُورِ ﴿١٧﴾

﴾17﴿ **'എന്റെ കുഞ്ഞുമകനേ, നീ നമസ്കാരം നിലനിറുത്തണം; സദാചാരംകൊണ്ട് കൽപിക്കുകയും, ദുരാചാരത്തെക്കുറിച്ച് വിരോധിക്കുകയും ചെയ്യണം; നിനക്ക് ബാധിക്കുന്നതിൽ [ആപത്തുകളിൽ] നീ ക്ഷമ കൈക്കൊള്ളുകയും വേണം. നിശ്ചയമായും അത് (എല്ലാംതന്നെ) ഖണ്ഡിതമായ [ഒഴിച്ചുകൂടാത്ത] കാര്യങ്ങളിൽപെട്ടതാകുന്നു.**

﴾16﴿ يَابُنَيَّ എന്റെ കുഞ്ഞുമകനേ إِنَّهَا നിശ്ചയമായും അത് (ഒരു കാര്യം) إِنْ تَكُ അതായിരുന്നാൽ مِثْقَالَ حَبَّةٍ ഒരു (ധാന്യ) മണിയുടെ തൂക്കം مِنْ خَرْدَلٍ കടുകിൽ നിന്നുള്ള فَتَكُنْ എന്നിട്ട് അതായിരിക്കുകയും (ചെയ്താൽ) فِي صَخْرَةٍ ഒരു പാറക്കല്ലിൽ أَوْ فِي السَّمَاوَاتِ അല്ലെങ്കിൽ ആകാശങ്ങളിൽ أَوْ فِي الْأَرْضِ അല്ലെങ്കിൽ ഭൂമിയിൽ يَأْتِ بِهَا അതിനെ കൊണ്ടുവരും اللَّهُ അല്ലാഹു إِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَطِيفٌ നിഗൂഢജ്ഞാനിയാണ്, സൗമ്യനാണ് خَبِيرٌ സൂക്ഷ്മമായറിയുന്നവനാണ്

وَلَا تُصَعِّرْ خَدَّكَ لِلنَّاسِ وَلَا تَمْشِ فِى ٱلْأَرْضِ مَرَحًا ۖ إِنَّ ٱللَّهَ لَا يُحِبُّ كُلَّ مُخْتَالٍ فَخُورٍ ﴿١٨﴾

﴿18﴾ 'നീ മനുഷ്യരോട് നിന്റെ കവിൾ കോട്ടരുത് [മുഖം തിരിക്കരുത്] അഹന്ത കാട്ടി ഭൂമിയിൽകൂടി നടക്കുകയും അരുത്. നിശ്ചയമായും ദുരഭിമാനിയായ എല്ലാ (ഓരോ) അഹങ്കാരിയെയും അല്ലാഹു ഇഷ്ടപ്പെടുന്നതല്ല.

وَٱقْصِدْ فِى مَشْيِكَ وَٱغْضُضْ مِن صَوْتِكَ ۚ إِنَّ أَنكَرَ ٱلْأَصْوَٰتِ لَصَوْتُ ٱلْحَمِيرِ ﴿١٩﴾

﴿19﴾ 'നിന്റെ നടത്തത്തിൽ കരുതിക്കൊള്ളുക [മിതത്വം പാലിക്കുക]യും, നിന്റെ ശബ്ദത്തിൽനിന്ന് (അൽപമൊന്ന്) താഴ്ത്തുകയും ചെയ്യുക. നിശ്ചയമായും ശബ്ദങ്ങളിൽ വെച്ച് ഏറ്റവും വെറുപ്പായത് കഴുതകളുടെ ശബ്ദമത്രെ.'

﴿17﴾ يَابُنَيَّ എന്റെ കുഞ്ഞുമകനേ أَقِمِ الصَّلَاةَ നീ നമസ്കാരം നിലനിറുത്തുക وَأْمُرْ നീ കൽപിക്കുകയും ചെയ്യുക بِالْمَعْرُوفِ സദാചാരംകൊണ്ട്, നല്ല കാര്യത്തെക്കുറിച്ച് وَانْهَ നീ വിരോധിക്കുകയും ചെയ്യുക عَنِ الْمُنكَرِ ദുരാചാരത്തെ (വെറുക്കപ്പെട്ടതിനെ)ക്കുറിച്ച് وَاصْبِرْ നീ ക്ഷമിക്കുകയും ചെയ്യുക عَلَىٰ مَا أَصَابَكَ നിനക്ക് ബാധിച്ചതിൽ, ആപത്ത് വന്നതിൽ إِنَّ ذَٰلِكَ നിശ്ചയമായും അത് مِنْ عَزْمِ الْأُمُورِ ഖണ്ഡിതമായ (ഒഴിച്ചുകൂടാത്ത, ദൃഢതരമായ) കാര്യങ്ങളിൽപെട്ടതാണ്. ﴿18﴾ وَلَا تُصَعِّرْ നീ കോട്ടുക (ചരിക്കുക, തിരിക്കുക, ചുളിക്കുക) യും അരുത് خَدَّكَ നിന്റെ കവിൾ (മുഖം) لِلنَّاسِ മനുഷ്യരോട് وَلَا تَمْشِ നീ നടക്കുകയും ചെയ്യരുത് فِي الْأَرْضِ ഭൂമിയിൽ مَرَحًا അഹങ്കരിച്ചുകൊണ്ട് إِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَا يُحِبُّ ഇഷ്ടപ്പെടുന്നതല്ല, സ്നേഹിക്കുകയില്ല كُلَّ مُخْتَالٍ എല്ലാ (ഓരോ) അഹങ്കാരിയെയും, പത്രാസ് നടിക്കുന്നവനെയും فَخُورٍ ദുരഭിമാനിയായ, യോഗ്യത നടിക്കുന്ന, അന്തസ്സ് കാണിക്കുന്ന ﴿19﴾ وَاقْصِدْ നീ കരുതുക (മിതത്വം പാലിക്കുക) യും ചെയ്യണം فِي مَشْيِكَ നിന്റെ നടത്തത്തിൽ وَاغْضُضْ നീ താഴ്ത്തുക (കുറക്കുകയും) ചെയ്യുക مِن صَوْتِكَ നിന്റെ ശബ്ദത്തിൽ നിന്ന് (അൽപം) إِنَّ أَنكَرَ നിശ്ചയമായും കൂടുതൽ വെറുപ്പായത് الْأَصْوَاتِ ശബ്ദങ്ങളിൽ لَصَوْتُ ശബ്ദം തന്നെ الْحَمِيرِ കഴുതകളുടെ

അഹംഭാവം മൂലം ജനങ്ങളുടെ നേരെ മുഖം ചുളിക്കുകയോ, അവഗണന നിമിത്തം അവരിൽനിന്ന് മുഖം തിരിക്കുകയോ ചെയ്യാതെ, പ്രസന്നമുഖത്തോടും, വിനയത്തോടും കൂടി പെരുമാറണമെന്നാണ് ولا تصعر خدك للناس (മനുഷ്യരോട് കവിൾ കോട്ടരുത്) എന്ന് പറഞ്ഞതിന്റെ സാരം. ഉറക്കെ ശബ്ദമുണ്ടാക്കിയും, അനാവശ്യമായി സംസാരിച്ചും മറ്റുള്ളവരെ ശല്യപ്പെടുത്തുന്ന വായാടികൾക്ക് വമ്പിച്ചൊരു താക്കീതാണ് അവരുടെ ശബ്ദത്തെ കഴുതയുടെ ശബ്ദത്തോട് ഉപമിച്ചതിൽ അടങ്ങിയിരിക്കുന്നത്. ശ്രോതാവിന്റെ ഹിതം നോക്കാതെ

ഉച്ചത്തിൽ ശബ്ദമിടുന്നത് ഒരു യോഗ്യതയാണെങ്കിൽ, ആ യോഗ്യത കഴുതക്കാണല്ലോ കൂടുതൽ അവകാശപ്പെടാവുന്നത്.

ലുക്മാൻ (റ) ന്റെ ഉപദേശങ്ങൾ ഇതോടെ അവസാനിച്ചു. ഓരോന്നിന്റെയും താൽപര്യം യാതൊരു വ്യാഖ്യാനമോ, വിവരണമോ കൂടാതെത്തന്നെ വ്യക്തമാണ്. ചുരുക്കത്തിൽ, മനുഷ്യൻ അല്ലാഹുവുമായി ഇടപെടേണ്ടതെങ്ങിനെയെന്നും, ജനങ്ങളുമായുള്ള പെരുമാറ്റം എങ്ങിനെയായിരിക്കണമെന്നും അദ്ദേഹം ഇതിൽ മകനെ ഓർമിപ്പിച്ചിരിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വിശ്വാസപരമായും, കർമപരമായും, സ്വഭാവസംബന്ധമായുമുള്ള പല തത്വോപദേശങ്ങളുടെയും സമാഹാരമത്രെ അവ. ഓരോ വ്യക്തിയും നിത്യം ഓർമിച്ചിരിക്കേണ്ടുന്ന ഉപദേശങ്ങളായത് കൊണ്ടുതന്നെയാണ് അല്ലാഹു ക്വുർആനിൽ അവയെ ഉദ്ധരിച്ചതും. അവയെ മാതൃകയാക്കി ജീവിക്കുന്ന സജ്ജനങ്ങളിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ. ആമീൻ.

വിഭാഗം - 3

أَلَمْ تَرَوْا۟ أَنَّ ٱللَّهَ سَخَّرَ لَكُم مَّا فِى ٱلسَّمَـٰوَٰتِ وَمَا فِى ٱلْأَرْضِ وَأَسْبَغَ عَلَيْكُمْ نِعَمَهُۥ ظَـٰهِرَةً وَبَاطِنَةً ۗ وَمِنَ ٱلنَّاسِ مَن يُجَـٰدِلُ فِى ٱللَّهِ بِغَيْرِ عِلْمٍ وَلَا هُدًى وَلَا كِتَـٰبٍ مُّنِيرٍ ﴿٢٠﴾

(20) ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും അല്ലാഹു നിങ്ങൾ ക്ക് അധീനപ്പെടുത്തിത്തന്നിരിക്കുന്നത് നിങ്ങൾ കാണുന്നില്ലേ?! അവന്റെ അനുഗ്രഹങ്ങൾ പ്രത്യക്ഷമായും, പരോക്ഷമായും നിങ്ങൾക്ക് അവൻ വിശാലപ്പെടുത്തിത്തരുകയും ചെയ്തിരിക്കുന്നു! അല്ലാഹുവിന്റെ കാര്യത്തിൽ-യാതൊരു അറിവാകട്ടെ, മാർഗദർശനമാകട്ടെ, വെളിച്ചം നൽകുന്ന ഗ്രന്ഥമാകട്ടെ (ഒന്നും തന്നെ) ഇല്ലാതെ-തർക്കം നടത്തുന്ന ചിലർ മനുഷ്യരിലുണ്ട്.

وَإِذَا قِيلَ لَهُمُ ٱتَّبِعُوا۟ مَآ أَنزَلَ ٱللَّهُ قَالُوا۟ بَلْ نَتَّبِعُ مَا وَجَدْنَا عَلَيْهِ ءَابَآءَنَآ ۚ أَوَلَوْ كَانَ ٱلشَّيْطَـٰنُ يَدْعُوهُمْ إِلَىٰ عَذَابِ ٱلسَّعِيرِ ﴿٢١﴾

(21) 'അല്ലാഹു ഇറക്കിയിട്ടുള്ളതിനെ നിങ്ങൾ പിൻപറ്റുവിൻ' എന്ന് അവരോട് പറയപ്പെട്ടാൽ അവർ പറയും; 'ഇല്ല-) എങ്കിലും ഞങ്ങളുടെ പിതാക്കളെ ഏതൊരു പ്രകാരത്തിൽ കണ്ടെത്തിയിരിക്കുന്നുവോ അതിനെ ഞങ്ങൾ പിൻപറ്റുന്നതാണ്.' പിശാച് അവരെ ജ്വലിക്കുന്ന നരകശിക്ഷയിലേക്ക് ക്ഷണിക്കുകയായിരുന്നുവെങ്കിലുമോ (-എന്നാലും അവരെത്തന്നെയാണോ പിൻപറ്റുക)?!

﴾20﴿ أَلَمْ تَرَوْا നങ്ങൾ കണ്ടില്ലേ, കാണുന്നില്ലേ أَنَّ اللهَ നിശ്ചയമായും അല്ലാഹു سَخَّرَ അധീനമാക്കി, വിധേയമാക്കി (എന്ന്) لَكُم നിങ്ങൾക്ക് مَا فِي السَّمَاوَاتِ ആകാശങ്ങളിലുള്ളത് وَمَا فِي الْأَرْضِ ഭൂമിയിലുള്ളതും وَأَسْبَغَ അവൻ വിശാലപ്പെടുത്തുകയും ചെയ്തു عَلَيْكُمْ നിങ്ങളിൽ, നിങ്ങൾക്ക് نِعَمَهُ അവന്റെ അനുഗ്രഹങ്ങളെ ظَاهِرَةً പ്രത്യക്ഷമായിട്ട്, വ്യക്തമായ നിലയിൽ وَبَاطِنَةً പരോക്ഷമായിട്ടും, മറഞ്ഞ നിലയിലും وَمِنَ النَّاسِ മനുഷ്യരിലുണ്ട് مَن يُجَادِلُ തർക്കം നടത്തുന്നവർ فِي اللهِ അല്ലാഹുവിന്റെ കാര്യത്തിൽ بِغَيْرِ عِلْمٍ യാതൊരറിവുമില്ലാതെ وَلَا هُدًى ഒരു മാർഗദർശനവുമില്ലാതെ وَلَا كِتَابٍ ഒരു ഗ്രന്ഥവുമില്ലാതെ مُنِيرٍ പ്രകാശം(വെളിച്ചം) നൽകുന്ന ﴾21﴿ وَإِذَا قِيلَ പറയപ്പെട്ടാൽ لَهُمُ അവരോട് اتَّبِعُوا നിങ്ങൾ പിൻപറ്റുവിൻ (എന്ന്) مَا أَنزَلَ ഇറക്കിയതിനെ, അവതരിപ്പിച്ചതിനെ اللهُ അല്ലാഹു قَالُوا അവർ പറയും بَلْ എങ്കിലും, എന്നാൽ نَتَّبِعُ ഞങ്ങൾ പിൻപറ്റും, പിൻപറ്റുന്നു مَا യാതൊന്നിനെ وَجَدْنَا ഞങ്ങൾ കണ്ടെത്തി عَلَيْهِ അതുപ്രകാരം, അതിൻമേൽ آبَاءَنَا ഞങ്ങളുടെ പിതാക്കളെ أَوَلَوْ كَانَ ആയിരുന്നാലുമോ الشَّيْطَانُ പിശാച് يَدْعُوهُمْ അവരെ ക്ഷണിക്കുക, വിളിക്കുക إِلَىٰ عَذَابِ ശിക്ഷയിലേക്ക് السَّعِيرِ ജ്വലിക്കുന്ന നരകത്തിന്റെ, അഗ്നിയുടെ

ആകാശത്ത് സ്ഥിതി ചെയ്യുന്ന സൂര്യ ചന്ദ്രനക്ഷത്രാദി ഗോളങ്ങളെയും, മേഘം, മഴ, മഞ്ഞ്, വായു മുതലായവയെയും, ഭൂമിയിലെ ജീവികൾ, സസ്യലതാദികൾ, പർവ്വതങ്ങൾ, നദികൾ ഖനനവസ്തുക്കൾ തുടങ്ങിയ നിരവധി വസ്തുക്കളെയും മനുഷ്യന് ഓരോ തരത്തിൽ അല്ലാഹു ഉപയോഗപ്പെടുത്തിക്കൊടുത്തിരിക്കുന്നു. വിശപ്പിന് ഭക്ഷണം, ദാഹത്തിന് വെള്ളം, താമസത്തിന് സ്ഥലസൗകര്യം, കാഴ്ച, കേൾവി, സംസാരം എന്നിങ്ങനെയുള്ള എണ്ണമറ്റ അനുഗ്രഹങ്ങൾ പ്രത്യക്ഷത്തിൽ അറിയപ്പെടാവുന്നതാണ്. വിശേഷബുദ്ധി, ജ്ഞാനം സമ്പാദിക്കുവാനുള്ള മാർഗങ്ങൾ, വേദഗ്രന്ഥങ്ങളും ദൈവദൂതൻമാരും മുഖേനയുള്ള മാർഗദർശനങ്ങൾ, പ്രാർഥനക്ക് ഉത്തരം നൽകൽ എന്നിങ്ങനെ പ്രത്യക്ഷത്തിൽ കാണപ്പെടാത്ത എത്രയോ അനുഗ്രഹങ്ങളും അവൻ മനുഷ്യനു ചെയ്തുകൊടുത്തിട്ടുണ്ട്. നിത്യം ചെയ്തുകൊണ്ടിരിക്കുന്നുമുണ്ട്. അങ്ങിനെ, ഓരോ വിനാഴികയിലും അല്ലാഹുവിന്റെ കണക്കറ്റ അനുഗ്രഹങ്ങൾ ആസ്വദിച്ചും, കണ്ടറിഞ്ഞുംകൊണ്ടിരിക്കുകയുമാണ് മനുഷ്യവർഗം. എന്നിട്ടും അവരിൽ ഒരു വിഭാഗം അല്ലാഹുവിലും, അവന്റെ തൗഹീദിലും വിശ്വസിക്കുന്നില്ല; അവനോട് കൂറും ഭക്തിയും കാണിക്കുന്നുമില്ല. നേരെമറിച്ച് തർക്കത്തിനും, നിഷേധത്തിനും ഒരുമ്പെടുകയാണ് അവർ ചെയ്യുന്നത്. അല്ലാഹുവിന്റെ അസ്തിത്വത്തെതന്നെ ചോദ്യം ചെയ്യുന്നവരും, അവന്റെ ഏകത്വത്തെയും ഉൽകൃഷ്ടഗുണങ്ങളെയും നിഷേധിക്കുന്നവരും, അവന്റെ നിയമനിർദേശങ്ങളെ വിമർശിക്കുന്നവരും-ഇങ്ങിനെ പല തരക്കാരും- ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

ആകാശഭൂമികളെ സൃഷ്ടിച്ചതും, മഴവർഷിപ്പിച്ചതും കായ്കനികളെ ഉൽപാദിപ്പിച്ചതും സമുദ്രവും നദികളും ഉപയോഗപ്പെടുത്തിയതും, സൂര്യചന്ദ്രൻമാരെയും രാപ്പകലുകളെയും ഉപയോഗപ്പെടുത്തിയതും ഓർമിപ്പിച്ചശേഷം സൂറത്തു ഇബ്റാഹിമീൽ അല്ലാഹു പറയുന്നു: وآتاكم من كل....لظلوم كفار – ابراهيم :٣٤ സാരം: നിങ്ങൾ അവനോട്-അല്ലാഹുവിനോട്-ആവശ്യപ്പെടുന്നതിൽ നിന്നെല്ലാം തന്നെ അവൻ നിങ്ങൾക്ക് നൽകുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹം നിങ്ങൾ എണ്ണിയാൽ തീരുന്നതല്ല. നിശ്ചയമായും മനുഷ്യൻ

അക്രമകാരിയും നന്ദികെട്ടവനും തന്നെ. (സൂ: ഇബ്റാഹീം 34) ഈ ആശയംതന്നെയാണ് അല്ലാഹു ഈ വചനങ്ങളിലും ചൂണ്ടിക്കാട്ടുന്നത്.

എന്നാൽ, അല്ലാഹുവിന്റെ കാര്യത്തിൽ- അവന്റെ തൗഹീദിന്റെയും മാർഗദർശനങ്ങളുടെയും നിയമനിർദേശങ്ങളുടെയും കാര്യങ്ങളിൽ- തർക്കം നടത്തുന്നവർക്ക് അല്ലാഹുവിന്റെ സന്ദേശങ്ങൾക്കും നിർദേശങ്ങൾക്കും എതിരിൽ തങ്ങളുടെ വാദങ്ങളെ സ്ഥാപിക്കുവാൻ എന്തെങ്കിലും തെളിവുകൾ ഹാജരാക്കുവാനുണ്ടോ? ഇല്ലതന്നെ. കാരണം ആ യാഥാർഥ്യങ്ങൾക്ക് മുമ്പിൽ വാസ്തവവിരുദ്ധമല്ലാത്ത ഏതെങ്കിലും അറിവിന്റെ ശകലമോ, ദൈവികമാർഗദർശനമോ വേദഗ്രന്ഥങ്ങളുടെ സാക്ഷ്യമോ ഒന്നും അവർക്ക് സമർപ്പിക്കുവാനില്ല. ഉണ്ടായിരിക്കുവാൻ അവകാശവുമില്ലല്ലോ. അവരുടെ ഏകാവലംബം തങ്ങളുടെ പൂർവ്വികൻമാരുടെ പാരമ്പര്യവും, അവരോടുള്ള അന്ധമായ അനുകരണവും മാത്രമായിരിക്കും. ആ പൂർവ്വികൻമാരുടെ നിലയോ? വാസ്തവത്തിൽ അവർ പിശാചിന്റെ കാലടികളെ പിൻപറ്റി വഴിപിഴച്ചു പോയിരിക്കയാണ്. പിശാച് അവരെ നയിച്ചിരുന്നത് നരകശിക്ഷയിലേക്ക് മാത്രമാണ്. ഇതേ അനുഭവം തന്നെ തങ്ങൾക്കും വേണമെന്നാണോ ഇക്കൂട്ടരും വിചാരിക്കുന്നത്? ഇതാണ് അല്ലാഹു അവരോട് ഗൗരവപൂർവ്വം ചോദിക്കുന്നത്. തുടർന്നുകൊണ്ട് ഇരുകൂട്ടരുടെയും- അല്ലാഹുവിനെക്കുറിച്ചു നന്ദിയും വിശ്വാസവും ഉള്ളവരുടെയും, ഇല്ലാത്തവരുടെയും അവസ്ഥ വിവരിക്കുന്നു:-

۞ وَمَن يُسْلِمْ وَجْهَهُۥٓ إِلَى ٱللَّهِ وَهُوَ مُحْسِنٌ فَقَدِ ٱسْتَمْسَكَ بِٱلْعُرْوَةِ ٱلْوُثْقَىٰ ۗ وَإِلَى ٱللَّهِ عَـٰقِبَةُ ٱلْأُمُورِ ﴿٢٢﴾

﴿22﴾ ആരെങ്കിലും- അവൻ സൽഗുണവാനായിക്കൊണ്ട്- തന്റെ മുഖത്തെ അല്ലാഹുവിങ്കലേക്ക് വിട്ടുകൊടുക്കുന്ന [കീഴ്പ്പെടുത്തുന്ന] തായാൽ, തീർച്ചയായും അവൻ ഏറ്റവും ബലവത്തായ കൈപ്പിടിയെ മുറുകെ പിടിച്ചിരിക്കുകയാണ്. അല്ലാഹുവിലേക്കത്രെ കാര്യങ്ങളുടെ (യെല്ലാം) പര്യവസാനം.

وَمَن كَفَرَ فَلَا يَحْزُنكَ كُفْرُهُۥٓ ۚ إِلَيْنَا مَرْجِعُهُمْ فَنُنَبِّئُهُم بِمَا عَمِلُوٓا۟ ۚ إِنَّ ٱللَّهَ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴿٢٣﴾

﴿23﴾ ആരെങ്കിലും അവിശ്വസിച്ചുവെങ്കിലോ, അവന്റെ അവിശ്വാസം (നബിയേ) നിന്നെ ദുഃഖിപ്പിക്കാതിരിക്കട്ടെ:- (കാരണം) നമ്മുടെ അടുക്കലേക്കാണ് അവരുടെ മടങ്ങിയെത്തൽ. അപ്പോൾ, അവർ പ്രവർത്തിച്ചതിനെക്കുറിച്ച് നാം അവരെ ബോധ്യപ്പെടുത്തിക്കൊടുക്കും. നിശ്ചയമായും അല്ലാഹു നെഞ്ചുകളിൽ [ഹൃദയങ്ങളിൽ] ഉള്ളതിനെക്കുറിച്ച് അറിയുന്നവനാകുന്നു.

نُمَتِّعُهُمْ قَلِيلًا ثُمَّ نَضْطَرُّهُمْ إِلَىٰ عَذَابٍ غَلِيظٍ ﴿٢٤﴾

《24》 നാം അവർക്ക് അൽപം സുഖം അനുഭവിപ്പിക്കുന്നു; പിന്നീട് കഠോരമായ ശിക്ഷയിലേക്ക് നാം അവരെ നിർബന്ധിച്ചു കൊണ്ടുവരുന്നതുമാകുന്നു.

《22》 وَمَن يُسْلِمْ ആരെങ്കിലും വിട്ടുകൊടുത്താൽ, കീഴ്പ്പെടുത്തിയാൽ وَجْهَهُ തന്റെ മുഖത്തെ إِلَى اللَّهِ അല്ലാഹുവിങ്കലേക്ക് وَهُوَ അവൻ ആയിക്കൊണ്ട് مُحْسِنٌ സൽഗുണവാൻ, നന്മ പ്രവർത്തിക്കുന്നവൻ فَقَدِ اسْتَمْسَكَ എന്നാൽ തീർച്ചയായും അവൻ മുറുകെ പിടിച്ചു بِالْعُرْوَةِ കൈപ്പിടിയെ, പിടിക്കയറ് الْوُثْقَىٰ ഏറ്റവും ബലവത്തായ وَإِلَى اللَّهِ അല്ലാഹുവിങ്കലേക്കാണ് عَاقِبَةُ الْأُمُورِ കാര്യങ്ങളുടെ പര്യവസാനം, കലാശം 《23》 وَمَن كَفَرَ ആരെങ്കിലും അവിശ്വസിച്ചെങ്കിൽ فَلَا يَحْزُنكَ എന്നാൽ നിന്നെ ദുഃഖിപ്പിക്കാതിരിക്കട്ടെ كُفْرُهُ അവന്റെ അവിശ്വാസം إِلَيْنَا നമ്മുടെ അടുക്കലേക്കാണ് مَرْجِعُهُمْ അവരുടെ മടക്കം فَنُنَبِّئُهُم അപ്പോൾ നാം അവരെ ബോധ്യപ്പെടുത്തും بِمَا عَمِلُوا അവർ പ്രവർത്തിച്ചതിനെപ്പറ്റി إِنَّ اللَّهَ നിശ്ചയമായും അല്ലാഹു عَلِيمٌ അറിയുന്നവനാണ് بِذَاتِ الصُّدُورِ നെഞ്ചുകളി (ഹൃദയങ്ങളി)ലുള്ളതിനെപ്പറ്റി 《24》 نُمَتِّعُهُمْ നാം അവർക്ക് സുഖമനുഭവിപ്പിക്കും, സുഖജീവിതം നൽകും قَلِيلًا കുറച്ച്, അൽപം ثُمَّ പിന്നീട് نَضْطَرُّهُمْ നാം അവരെ നിർബന്ധിച്ചുകൊണ്ടുവരും, നിർബന്ധിതരാക്കും إِلَىٰ عَذَابٍ ഒരു ശിക്ഷയിലേക്ക് غَلِيظٍ കഠോരമായ, കനത്ത

നിഷ്കളങ്കമായ നിലയിൽ അല്ലാഹുവിന് കീഴ്പ്പെടുകയും അവന്റെ വിധി വിലക്കുകൾ അനുസരിക്കുകയും ചെയ്യുന്നവന് ശിക്ഷയെ ഭയപ്പെടേണ്ടതില്ലെന്നും അവന് രക്ഷാമാർഗം ലഭിച്ചിരിക്കുന്നുവെന്നുമാണ് ആദ്യത്തെ വചനത്തിന്റെ താൽപര്യം. 'നൻമ ചെയ്യുക, പുണ്യം ചെയ്യുക' എന്നും മറ്റും അർഥമുള്ള 'ഇഹ്സാൻ' (احسان) എന്ന ധാതുവിന്റെ കർത്തൃരൂപമാണ് 'മുഹ്സിൻ' (محسن) എന്ന വാക്ക്. ഇമാം മുസ്ലിം (റ) ഉദ്ധരിക്കുന്ന പ്രസിദ്ധമായ ഒരു ഹദീഥിൽ നബി ﷺ ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്: الإحسان أن تعبد الله كأنك تراه فإن لم تكن تراه فإنه يراك – مسلم ('ഇഹ്സാൻ' എന്നാൽ, അല്ലാഹുവിനെ നീ കാണുന്നുണ്ടെന്നപോലെ അവനെ നീ ആരാധിക്കുകയാണ്. നീ അവനെ കാണുന്നില്ലെങ്കിലും നിശ്ചയമായും അവൻ നിന്നെ കാണുന്നുണ്ട്.) യഥാർഥ 'മുഹ്സിൻ' ആരാണെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. അവിശ്വാസികൾക്കുള്ള കനത്ത താക്കീതാണ് ഒടുവിലത്തെ രണ്ടു വചനങ്ങളുടെ ഉള്ളടക്കം. 'അവർക്ക് നാം അൽപം സുഖം അനുഭവിപ്പിക്കും' എന്നു പറഞ്ഞത് അവരുടെ ഇഹലോക ജീവിതത്തെ ഉദ്ദേശിച്ചാകുന്നു. സത്യവിശ്വാസത്തിന്റെയും, അവിശ്വാസത്തിന്റെയും സാക്ഷാൽ ഫലം അനുഭവിക്കുക പരലോകത്തുവെച്ചാണല്ലോ. കഠോരമായ ശിക്ഷയിലേക്ക് അവരെ നിർബന്ധിച്ചുകൊണ്ടുവരുമെന്ന് പറഞ്ഞത് അതിനെ ഉദ്ദേശിച്ചാകുന്നു.

وَلَئِن سَأَلْتَهُم مَّنْ خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ لَيَقُولُنَّ ٱللَّهُ ۚ قُلِ ٱلْحَمْدُ لِلَّهِ ۚ بَلْ أَكْثَرُهُمْ لَا يَعْلَمُونَ ﴿٢٥﴾

﴾25﴿ ആകാശങ്ങളെയും ഭൂമിയെയും, സൃഷ്ടിച്ചത് ആരാണെന്ന് നീ അവരോട് ചോദിച്ചുവെങ്കിൽ, നിശ്ചയമായും അവൻ പറയും: 'അല്ലാഹു' എന്ന് പറയുക: അല്ലാഹുവിനാണ് സ്തുതി!' എങ്കിലും അവരിൽ അധികമാളും അറിയുന്നില്ല.

﴾25﴿ وَلَئِنْ سَأَلْتَهُمْ നീ അവരോട് ചോദിച്ചുവെങ്കിൽ مَنْ خَلَقَ ആർ സൃഷ്ടിച്ചു എന്ന് السَّمَاوَاتِ ആകാശങ്ങൾ وَالْأَرْضَ ഭൂമിയും لَيَقُولُنَّ നിശ്ചയമായും അവർ പറയും اللهُ അല്ലാഹു എന്ന് قُلِ പറയുക الْحَمْدُ സ്തുതി, സ്തോത്രം لِلَّهِ അല്ലാഹുവിനാണ് بَلْ എങ്കിലും, പക്ഷേ أَكْثَرُهُمْ അവരിൽ അധികമാളുകളും لَا يَعْلَمُونَ അറിയുന്നില്ല.

لِلَّهِ مَا فِي ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۚ إِنَّ ٱللَّهَ هُوَ ٱلْغَنِيُّ ٱلْحَمِيدُ ﴿٢٦﴾

﴾26﴿ അല്ലാഹുവിന്റേതാണ് ആകാശങ്ങളിലും ഭൂമിയിലുമുള്ളത് (മുഴുവനും). നിശ്ചയമായും അല്ലാഹു തന്നെയാണ് ധന്യനും (അഥവാ അനാശ്രയനും) സ്തുത്യർഹനുമായുള്ളവൻ.

﴾26﴿ لِلَّهِ അല്ലാഹുവിനാണ്, അല്ലാഹുവിന്റേതാണ് مَا فِي السَّمَاوَاتِ ആകാശങ്ങളിലുള്ളത് وَالْأَرْضِ ഭൂമിയിലും إِنَّ اللهَ നിശ്ചയമായും അല്ലാഹു هُوَ അവൻ തന്നെ الْغَنِيُّ ധന്യൻ, അനാശ്രയൻ الْحَمِيدُ സ്തുത്യർഹൻ.

അല്ലാഹു അല്ലാതെയുള്ളവരെ ആരാധിക്കുന്നത് അബദ്ധവും, അന്യായവുമാണെന്നുള്ളതിന് ഏറ്റവും അടിസ്ഥാനപരമായ കാരണം ലോകസ്രഷ്ടാവ് അല്ലാഹുവാണെന്നുള്ളതാണല്ലോ. ഈ യാഥാർഥ്യം ബഹുദൈവ വിശ്വാസികളും സമ്മതിക്കുന്നു. അങ്ങനെ അവർക്കെതിരിൽ അവർതന്നെ ന്യായം സ്ഥാപിച്ചു കഴിഞ്ഞിരിക്കയാണ്. അതുകൊണ്ടാണ് അതിന്റെ പേരിൽ അല്ലാഹുവിനെ സ്തുതിക്കാൻ നബി ﷺ യോട് കൽപിക്കുന്നത്. എന്നാൽ, അവരിൽ അധികമാളുകളും– ചിന്തയുടെയും കാര്യബോധത്തിന്റെയും അഭാവം നിമിത്തം–ഈ പരമാർഥം, മനസ്സിലാക്കുന്നില്ല. ആകയാൽ, പൂർവ്വിക പാരമ്പര്യത്തെ അനുകരിച്ചു തൃപ്തി അടയുകയാണവർ ചെയ്യുന്നത്.

وَلَوْ أَنَّمَا فِي ٱلْأَرْضِ مِن شَجَرَةٍ أَقْلَـٰمٌ وَٱلْبَحْرُ يَمُدُّهُۥ مِنۢ بَعْدِهِۦ سَبْعَةُ أَبْحُرٍ مَّا نَفِدَتْ كَلِمَـٰتُ ٱللَّهِ ۗ إِنَّ ٱللَّهَ عَزِيزٌ حَكِيمٌ ﴿٢٧﴾

﴾27﴿ ഭൂമിയിൽ വൃക്ഷമായിട്ടുള്ളത് (മുഴുവനും) പേനകളായിരുന്നാലും (നിലവിലുള്ള) സമുദ്രം- അതിന് പുറമെ ഏഴു സമുദ്രങ്ങളും-അതിന് പോഷണം, നൽകി (മഷിയായി) ക്കൊണ്ടിരിക്കുകയും ചെയ്താലും, അല്ലാഹുവിന്റെ വചനങ്ങൾ (എഴുതി) തീരുന്നതല്ല. നിശ്ചയമായും, അല്ലാഹു പ്രതാപശാലിയും, അഗാധജ്ഞനുമാകുന്നു.

﴾27﴿ وَلَوْ أَنَّ ആയിരുന്നാലും مَا فِي الْأَرْضِ ഭൂമിയിലുള്ളത് مِن شَجَرَةٍ വൃക്ഷമായിട്ട്, മര ത്തിൽ നിന്ന് أَقْلَامٌ പേനകൾ وَالْبَحْرُ സമുദ്രവും (ഉണ്ടായിരുന്നാലും) يَمُدُّهُ അതിന് പോഷണം നൽകിക്കൊണ്ട് مِن بَعْدِهِ അതിന് ശേഷം (പുറമെ) سَبْعَةُ أَبْحُرٍ ഏഴ് സമുദ്രങ്ങൾ مَا نَفِدَتْ തീരുന്നതല്ല, കഴിയുന്നതല്ല كَلِمَاتُ اللَّهِ അല്ലാഹുവിന്റെ വചനങ്ങൾ, വാക്കുകൾ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു عَزِيزٌ പ്രതാപശാലിയാണ് حَكِيمٌ അഗാധജ്ഞനാണ്, ജ്ഞാനയുക്ത നാണ്.

ഭൂമിയിലെ വൃക്ഷങ്ങളെല്ലാം പേനകളായും, നിലവിലുള്ള സമുദ്രവും അതിന് പുറമെ ഒരേഴു സമുദ്രങ്ങളും മഷിയായും ഉപയോഗപ്പെടുത്തിയാലും അല്ലാഹുവിന്റെ ജ്ഞാനവാർത്ത കളെയും, അവന്റെ ഉൽകൃഷ്ടഗുണങ്ങളെയും എഴുതി അവസാനിപ്പിക്കുക സാധ്യമല്ല. അഥവാ അവയ്ക്കു കണക്കും ഒടുക്കവുമില്ലാത്തതാണ് എന്ന് സാരം. 'ഏഴു സമുദ്രങ്ങൾ' (سبعة ابحر) എന്നു പറഞ്ഞത് കുറേ അധികം എന്ന ഉദ്ദേശ്യത്തിൽ പറഞ്ഞതാകുന്നു. എട്ടോ അതിലധികമോ സമുദ്രമുണ്ടായാൽ അവസാനിപ്പിക്കാമെന്ന അർഥത്തിലല്ല. അധി കത്തെ ഉദ്ദേശിച്ചുകൊണ്ട് മലയാളക്കാർ പത്തും നൂറുമെല്ലാം എന്ന് പറയാറുള്ളതുപോലെ, അറബികൾ ഏഴും എഴുപതും എഴുന്നൂറും എന്ന് ഉപയോഗിക്കുക പതിവുണ്ട്. സൂറത്തുൽ കഹ്ഫ് 109-ാം ആയത്തിന്റെ വിവരണത്തിൽ നാം വായിച്ചതെല്ലാം ഇവിടെയും ഓർമിക്കാ വുന്നതാണ്.

مَّا خَلْقُكُمْ وَلَا بَعْثُكُمْ إِلَّا كَنَفْسٍ وَاحِدَةٍ ۗ إِنَّ اللَّهَ سَمِيعٌ بَصِيرٌ ﴿٢٨﴾

﴾28﴿ നിങ്ങളെ (മുഴുവനും) സൃഷ്ടിക്കുന്നതും, നിങ്ങളെ പുനർജ്ജീ വിപ്പിക്കുന്നതും ഒരേ ദേഹത്തിന്റേതു പോലെയല്ലാതെ (കൂടുതൽ പ്രയാസ മൊന്നും) അല്ല. നിശ്ചയമായും അല്ലാഹു (എല്ലാം) കേൾക്കുന്നവനാണ്, കാണുന്ന വനാണ്.

﴾28﴿ مَا خَلْقُكُمْ നിങ്ങളെ സൃഷ്ടിക്കുന്നതല്ല وَلَا بَعْثُكُمْ നിങ്ങളെ പുനർജജീവി പ്പിക്കലും അല്ല إِلَّا كَنَفْسٍ ഒരു ദേഹത്തിന്റേ (ആളുടെ)തു പോലെയല്ലാതെ وَاحِدَةٍ ഒരേ ഒരു إِنَّ اللَّهَ നിശ്ചയമായും അല്ലാഹു سَمِيعٌ കേൾക്കുന്നവനാണ് بَصِيرٌ കാണുന്നവനാണ്.

അഥവാ ഒരാളുടെ കാര്യവും കൂടുതൽ ആളുടെ കാര്യവും അല്ലാഹുവിനെ സംബന്ധി ച്ചിടത്തോളം ഒരുപോലെ നിസ്സാരമാണ്. കാരണം, ഏതൊരു കാര്യവും ഉണ്ടാവണമെന്നു അവൻ ഉദ്ദേശിച്ചാൽ അതിനെക്കുറിച്ച് 'ഉണ്ടാവുക' എന്ന് അവൻ പറയുകയേ വേണ്ടൂ, അത് ഉണ്ടാകുന്നതാണ്. (انما امره اذا اراد شيئا ان يقول له كن فيكون - يس) എന്നിരിക്കെ എണ്ണവണ്ണ ങ്ങളുടെ ഏറ്റക്കുറവ് അവന്റെ അടുക്കൽ ഒരു പ്രശ്നമേ അല്ല.

أَلَمْ تَرَ أَنَّ ٱللَّهَ يُولِجُ ٱلَّيْلَ فِى ٱلنَّهَارِ وَيُولِجُ ٱلنَّهَارَ فِى ٱلَّيْلِ وَسَخَّرَ ٱلشَّمْسَ وَٱلْقَمَرَ كُلٌّ يَجْرِىٓ إِلَىٰٓ أَجَلٍ مُّسَمًّى وَأَنَّ ٱللَّهَ بِمَا تَعْمَلُونَ خَبِيرٌ ﴿٢٩﴾

﴿29﴾ നീ കാണുന്നില്ലേ, അല്ലാഹു രാത്രിയെ പകലില്‍ കടത്തുകയും പകലിനെ രാത്രിയില്‍ കടത്തുകയും ചെയ്തു വരുന്നത്? ! സൂര്യനെയും ചന്ദ്രനെയും അവന്‍ അധീനപ്പെടുത്തുകയും ചെയ്തിരിക്കുന്നു. എല്ലാം (തന്നെ) ഒരു നിര്‍ണയിക്കപ്പെട്ട അവധി വരെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. നിങ്ങള്‍ പ്രവര്‍ത്തിച്ചിരുന്നതിനെക്കുറിച്ച് അല്ലാഹു സൂക്ഷ്മമമായി അറിയുന്നവനാണെന്നും (കണ്ടറിയുന്നില്ലേ)?!

﴿29﴾ أَلَمْ تَرَ നീ കാണുന്നില്ലേ, കണ്ടില്ലേ أَنَّ اللهَ നിശ്ചയമായും അല്ലാഹു يُولِجُ കടത്തുന്നു اللَّيْلَ രാത്രിയെ فِي النَّهَارِ പകലില്‍ وَيُولِجُ النَّهَارَ പകലിനെ കടത്തുന്നു എന്നും فِي اللَّيْلِ രാത്രിയില്‍ وَسَخَّرَ അവന്‍ അധീനമാക്കുക (കീഴ്പ്പെടുത്തുക)യും ചെയ്തിരിക്കുന്നു الشَّمْسَ وَالْقَمَرَ സൂര്യനെയും, ചന്ദ്രനെയും كُلٌّ എല്ലാം (ഓരോന്നും) يَجْرِي സഞ്ചരിക്കുന്നു إِلَىٰ أَجَلٍ ഒരു അവധിവരെ مُسَمًّى നിര്‍ണയിക്കപ്പെട്ട وَأَنَّ اللهَ അല്ലാഹു ആണെന്നും بِمَا تَعْمَلُونَ നിങ്ങള്‍ പ്രവര്‍ത്തിക്കുന്നതിനെപ്പറ്റി خَبِيرٌ സൂക്ഷ്മമമായറിയുന്നവന്‍

പകല്‍ സമയത്തില്‍ വരുന്ന കുറവിനെ രാത്രിയിലും, രാത്രി സമയത്തില്‍ വരുന്ന കുറവിനെ പകലിലും അവന്‍ വര്‍ധിപ്പിക്കുന്നു. രാത്രി വരുമ്പോള്‍ പകലിനെ അതിലും, പകല്‍ വരുമ്പോള്‍ രാത്രിയെ അതിലും ലയിപ്പിക്കുന്നു. ദിവസക്കണക്കിലും, മാസക്കണക്കിലും, വര്‍ഷക്കണക്കിലും സൂര്യചന്ദ്രന്‍മാര്‍ക്ക് നിര്‍ണയിക്കപ്പെട്ട ചലനമാര്‍ഗങ്ങള്‍ തെറ്റാതെ ക്വിയാമത്ത് നാള്‍ വരെ അവ ചലിച്ചുകൊണ്ടിരിക്കുന്നു. ഇതെല്ലാം അല്ലാഹുവിന്റെ ശക്തിമാഹാത്മ്യത്തെയും, സൃഷ്ടിവൈഭവത്തെയും, ജ്ഞാനവിശാലതയെയും വിളിച്ചോതുന്നു. ഇതിന് കാരണമെന്താണെന്നോ?-

ذَٰلِكَ بِأَنَّ ٱللَّهَ هُوَ ٱلْحَقُّ وَأَنَّ مَا يَدْعُونَ مِن دُونِهِ ٱلْبَٰطِلُ وَأَنَّ ٱللَّهَ هُوَ ٱلْعَلِىُّ ٱلْكَبِيرُ ﴿٣٠﴾

﴿30﴾ അല്ലാഹു തന്നെയാണ് സ്ഥിരമായി നിലകൊള്ളുന്നവന്‍ എന്നുള്ളത് കൊണ്ടാണത്; അവന് പുറമെ അവര്‍ വിളിച്ചു (പ്രാര്‍ഥിച്ചു) വരുന്നവ വ്യര്‍ഥമാണെന്നും, അല്ലാഹു തന്നെയാകുന്നു വലിയ (മഹാനായ) ഉന്നതനെന്നും (ഉള്ളതുകൊണ്ടാണ്).

വിഭാഗം - 4

أَلَمْ تَرَ أَنَّ ٱلْفُلْكَ تَجْرِى فِى ٱلْبَحْرِ بِنِعْمَتِ ٱللَّهِ لِيُرِيَكُم مِّنْ ءَايَٰتِهِۦٓ ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّكُلِّ صَبَّارٍ شَكُورٍ ﴿٣١﴾

﴿31﴾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ സമുദ്രത്തിൽ കൂടി കപ്പലുകൾ സഞ്ചരിക്കുന്നത് നീ കണ്ടില്ലേ, അവന്റെ ദൃഷ്ടാന്തങ്ങളിൽ നിന്ന് (ചിലത്) നിങ്ങൾക്ക് കാണിച്ചുതരുവാൻ വേണ്ടി?! നിശ്ചയമായും, കൃതജ്ഞരായ എല്ലാ ക്ഷമാശീലൻമാർ ക്കും അതിൽ പല ദൃഷ്ടാന്തങ്ങളുണ്ട്.

﴿30﴾ ذَٰلِكَ അത് بِأَنَّ اللهَ അല്ലാഹുവാണെന്നതുകൊണ്ടാണ് هُوَ അവൻ തന്നെ الْحَقُّ സ്ഥിരമായുള്ളവൻ وَأَنَّ مَا يَدْعُونَ അവർ വിളിച്ചു (പ്രാർഥിച്ചു) വരുന്നവയാണെന്നും, مِن دُونِهِ അവന്ന് പുറമെ الْبَاطِلُ വ്യർഥമായത്, അയഥാർഥമായത് وَأَنَّ اللهَ അല്ലാഹുവാണെന്നതും هُوَ അവൻ തന്നെ الْعَلِيُّ ഉന്നതൻ, ഉയർന്നവൻ الْكَبِيرُ വലിയ, മഹാൻ ﴿31﴾ أَلَمْ تَرَ നീ കണ്ടില്ലേ أَنَّ الْفُلْكَ കപ്പലുകൾ (ആണെന്ന്) تَجْرِي സഞ്ചരിക്കുന്നു فِي الْبَحْرِ സമുദ്രത്തിൽ بِنِعْمَةِ اللهِ അല്ലാഹുവിന്റെ അനുഗ്രഹത്താൽ لِيُرِيَكُم നിങ്ങൾക്കവൻ കാണിച്ചുതരുവാൻ വേണ്ടി مِنْ آيَاتِهِ അവന്റെ ദൃഷ്ടാന്തങ്ങളിൽ നിന്ന് إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَاتٍ പല ദൃഷ്ടാന്തങ്ങൾ لِكُلِّ صَبَّارٍ എല്ലാ ക്ഷമാശീലന്മാർക്കും شَكُورٍ നന്ദിയുള്ളവരായ

സത്യവിശ്വാസികൾ നിർവഹിക്കേണ്ടതുള്ള കാര്യങ്ങൾ ആകമാനം പരിശോധിച്ചാൽ അവ ഒന്നുകിൽ ക്ഷമ, അല്ലെങ്കിൽ നന്ദി എന്നീ രണ്ടിലൊരു ഇനത്തിൽപെട്ടതായി കാണാം. അതായത്; വിഷയങ്ങളിലും നാശനഷ്ടങ്ങളിലും ക്ഷമയും സഹനവും പ്രകടമാക്കുക; സുഖസന്തോഷങ്ങളിലും നേട്ടങ്ങളിലും നന്ദിയും കൂറും പ്രകടമാക്കുക. ഇതാണവന്റെ കർമങ്ങളുടെ പശ്ചാത്തലം. സത്യവിശ്വാസമെന്നത് രണ്ടു പകുതിയാണ്: ഒരു പകുതി ക്ഷമയും, ഒരു പകുതി നന്ദിയും.'(الإيمان نصفان نصف صبر ونصف شكر) എന്ന് ചില ഹദീഥുകളിലും മറ്റും കാണുന്നതിന്റെ താൽപര്യം അതാകുന്നു. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ മനസ്സിരുത്തി ചിന്തിക്കുവാനുള്ള ക്ഷമയും, അതിൽ നിന്ന് ലഭിക്കുന്ന ജ്ഞാനലബ്ധ്യങ്ങളിൽ നന്ദിയും സത്യവിശ്വാസികളുടെ ലക്ഷണമായിരിക്കും. അവർക്കേ ദൃഷ്ടാന്തങ്ങൾ ഉപയോഗപ്രദമാകുകയുള്ളൂ

وَإِذَا غَشِيَهُم مَّوْجٌ كَٱلظُّلَلِ دَعَوُا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ

﴿32﴾ കുന്നുകൾപോലെയുള്ള (വമ്പിച്ച) തിരമാല അവരെ മൂടിക്കളഞ്ഞാൽ, അനുസരണം [അഥവാ കീഴ്വണക്കം] അല്ലാഹുവിനു മാത്രമാക്കി നിഷ്കളങ്കരായിക്കൊണ്ട് അവർ അവനെ വിളി(ച്ചു പ്രാർഥി) ക്കുന്നതാണ്.

فَلَمَّا نَجَّىٰهُمْ إِلَى ٱلْبَرِّ فَمِنْهُم مُّقْتَصِدٌ ۚ وَمَا يَجْحَدُ بِـَٔايَـٰتِنَآ إِلَّا كُلُّ خَتَّارٍ كَفُورٍ ﴿٣٢﴾

എന്നാൽ അവരെ അവൻ കരയിലേക്ക് രക്ഷപ്പെടുത്തുമ്പോഴോ, അപ്പോൾ അവരിൽ (ചിലർ) മിതത്വം സ്വീകരിച്ചവരുണ്ടായിരിക്കും. (ചിലർ നിഷേധികളും) നന്ദികെട്ട എല്ലാ അതിവഞ്ചകൻമാരുമല്ലാതെ (മറ്റാരും) നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയില്ല.

﴾32﴿ وَإِذَا غَشِيَهُم അവരെ മൂടിയാൽ, ബാധിച്ചാൽ مَوْجٌ തിരമാല كَالظُّلَلِ കുന്നുകളെ (മലകളെ)പ്പോലുള്ള دَعَوُا اللهَ അവർ അല്ലാഹുവിനെ വിളിക്കും, പ്രാർത്ഥിക്കും مُخْلِصِينَ നിഷ്കളങ്കരാക്കിക്കൊണ്ട് لَهُ അവന് الدِّينَ അനുസരണം, കീഴ്വണക്കം (ഭക്തി) فَلَمَّا نَجَّاهُمْ എന്നാൽ അവൻ അവരെ രക്ഷപ്പെടുത്തുമ്പോഴോ إِلَى الْبَرِّ കരയിലേക്ക് فَمِنْهُمْ അപ്പോൾ അവരിലുണ്ടായിരിക്കും, അവരിൽ നിന്ന് (ചിലർ) مُقْتَصِدٌ മധ്യനിലക്കാർ, മിതത്വസ്ഥിതിയിലുള്ളവൻ وَمَا يَجْحَدُ നിഷേധിക്കയില്ല بِآيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളെ, ലക്ഷ്യങ്ങളെ, إِلَّا كُلُّ خَتَّارٍ എല്ലാ അതിവഞ്ചകൻമാരുമല്ലാതെ كَفُورٍ നന്ദികെട്ട, കൃതഘ്നരായ

സമുദ്രയാത്രകൾക്കിടയിൽ കടൽക്ഷോഭമുണ്ടാകുകയും, കുന്നുകൾ കണക്കെ വമ്പിച്ച തിരമാലകളിലകപ്പെടുകയും ചെയ്യുന്ന ആപൽഘട്ടങ്ങൾ വരുമ്പോൾ മുശ്രിക്കുകൾ തങ്ങളുടെ ആരാധ്യവസ്തുക്കളായ എല്ലാ ദൈവങ്ങളെയും മറന്നുകളയുന്നു. അല്ലാഹുവിൽമാത്രം ഭയഭക്തി അർപ്പിച്ചുകൊണ്ട് നിഷ്കളങ്ക ഹൃദയത്തോടെ അവനെ മാത്രം വിളിച്ചു അവർ രക്ഷക്ക്വേണ്ടി പ്രാർഥിക്കും. ആപത്തൊഴിഞ്ഞു കരയിൽ എത്തിക്കഴിഞ്ഞാൽ അവരിൽ ചുരുക്കം ചിലർ മാത്രം ഒരു വിധം മിതമായ നിലക്കാരുണ്ടായിരിക്കും. അഥവാ ശിർക്കിന്റെ പ്രവർത്തനങ്ങൾ പാടെ ഉപേക്ഷിക്കുന്നില്ലെങ്കിലും, അതോടുകൂടി അല്ലാഹുവിനെക്കുറിച്ചുള്ള ഭയവും നന്ദിയും കുറച്ചൊക്കെ അവരിൽ അവശേഷിച്ചുകൊണ്ടിരിക്കും. മറ്റുള്ളവരാകട്ടെ, തങ്ങൾ ആപൽഘട്ടത്തിൽ അഭയം പ്രാപിക്കയും, തങ്ങളെ രക്ഷപ്പെടുത്തുകയും ചെയ്ത അല്ലാഹുവിനെക്കുറിച്ചു ബോധമോ, ഓർമയോ, നന്ദിയോ ഒന്നുംതന്നെ അവർക്കുണ്ടായിരിക്കയില്ല. ഒട്ടും നന്ദിയില്ലാത്ത തനി നിഷേധികളായ വഞ്ചകരത്രെ ഇവർ.

തൗഹീദിന്റെ ദൃഷ്ടാന്തങ്ങളിൽ പലതും വിവരിച്ചശേഷം, പരമകാരുണികനായ അല്ലാഹു മനുഷ്യരെ ആകമാനം സംബോധന ചെയ്തുകൊണ്ട് അടുത്ത വചനത്തിൽ ഇങ്ങിനെ ഉപദേശിക്കുന്നു:

يَـٰٓأَيُّهَا ٱلنَّاسُ ٱتَّقُوا۟ رَبَّكُمْ وَٱخْشَوْا۟ يَوْمًا لَّا يَجْزِى وَالِدٌ عَن وَلَدِهِۦ وَلَا مَوْلُودٌ هُوَ جَازٍ عَن وَالِدِهِۦ شَيْـًٔا ۚ إِنَّ وَعْدَ ٱللَّهِ حَقٌّ ۖ فَلَا تَغُرَّنَّكُمُ ٱلْحَيَوٰةُ ٱلدُّنْيَا وَلَا يَغُرَّنَّكُم بِٱللَّهِ ٱلْغَرُورُ ﴿٣٣﴾

﴾33﴿ ഹേ, മനുഷ്യരേ, നിങ്ങള്‍ നിങ്ങളുടെ റബ്ബിനെ സൂക്ഷിക്കുവിന്‍, ഒരു ദിവസത്തെ ഭയപ്പെടുകയും ചെയ്യുവിന്‍; (അന്ന്) ഒരു ജനയിതാവും [മാതാവോ പിതാവോ] തന്‍റെ സന്താനത്തിന് (യാതൊന്നും) പ്രയോജനം ചെയ്യുന്നതല്ല, ഒരു സന്താനവും തന്നെ, തന്‍റെ ജനയിതാവിനും യാതൊരു പ്രയോജനവും ചെയ്യുന്നവനായിരിക്കയില്ല (അങ്ങിനെയുള്ള ഒരു ദിവസം). നിശ്ചയമായും അല്ലാഹുവിന്‍റെ വാഗ്ദത്തം യഥാര്‍ഥമാകുന്നു. ആകയാല്‍, ഐഹിക ജീവിതം തീര്‍ച്ചയായും നിങ്ങളെ വഞ്ചിതരാക്കാതിരിക്കട്ടെ; അല്ലാഹുവിനെ സംബന്ധിച്ച് (ആ) മഹാവഞ്ചകനും [പിശാചും] നിങ്ങളെ വഞ്ചിക്കാതിരുന്നുകൊള്ളട്ടെ!

﴾33﴿ يَا أَيُّهَا النَّاسُ ഹേ മനുഷ്യരേ, اتَّقُوا നിങ്ങള്‍ സൂക്ഷിക്കുവിന്‍, കാത്തുകൊള്ളുവിന്‍ رَبَّكُمْ നിങ്ങളുടെ റബ്ബിനെ وَاخْشَوْا നിങ്ങള്‍ ഭയപ്പെടുകയും ചെയ്യുവിന്‍ يَوْمًا ഒരു ദിവസത്തെ لَا يَجْزِي പ്രതിഫലം നല്‍കാത്ത, പര്യാപ്തമാക്കാത്ത (പ്രയോജനം ചെയ്യാത്ത) وَالِدٌ ഒരു ജനയിതാവും (മാതാവോ പിതാവോ) عَنْ وَلَدِهِ തന്‍റെ സന്താനത്തിന് (മക്കള്‍ക്ക്) وَلَا مَوْلُودٌ ഒരു സന്താനവും (മക്കളും) ആയിരിക്കാത്ത, هُوَ അവന്‍ جَازٍ പ്രതിഫലം നല്‍കുന്നവന്‍ (പ്രയോജനം ചെയ്യുന്നവന്‍) عَنْ وَالِدِهِ തന്‍റെ ജനയിതാവിന് شَيْئًا യാതൊന്നും ഒരു കാര്യവും إِنَّ وَعْدَ اللَّهِ നിശ്ചയമായും അല്ലാഹുവിന്‍റെ വാഗ്ദത്തം حَقٌّ യഥാര്‍ഥമാണ് فَلَا تَغُرَّنَّكُمُ ആകയാല്‍ നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ الْحَيَاةُ الدُّنْيَا ഐഹികജീവിതം وَلَا يَغُرَّنَّكُمْ നിങ്ങളെ വഞ്ചിക്കാതെയുമിരിക്കട്ടെ بِاللَّهِ അല്ലാഹുവിനെ സംബന്ധിച്ച് الْغَرُورُ മഹാവഞ്ചകന്‍

അല്ലാഹുവിന്‍റെ വിധിവിലക്കുകള്‍ അനുസരിച്ചുകൊണ്ട് അവനോട് ഭയഭക്തിയുള്ളവരായിരിക്കുക എന്നത്രെ അല്ലാഹുവിനെ സൂക്ഷിക്കുന്നത് കൊണ്ടുള്ള വിവക്ഷ. മാതാപിതാക്കള്‍ മക്കള്‍ക്കോ, മക്കള്‍ മാതാപിതാക്കള്‍ക്കോ യാതൊരു പ്രയോജനവും ചെയ്യാത്ത– അഥവാ എന്തെങ്കിലും ഗുണം ചെയ്യുവാനോ, ദോഷം തടുക്കുവാനോ സാധ്യമാകാത്ത–ദിവസം ക്വിയാമത്ത്നാളാണെന്ന് വ്യക്തമാകുന്നു. മനുഷ്യന്‍ തന്‍റെ സഹോദരനെയും തന്‍റെ മാതാവിനെയും, തന്‍റെ പിതാവിനെയും, തന്‍റെ ഇണ (ഭാര്യ)യെയും, തന്‍റെ മക്കളെയും– എല്ലാം തന്നെ –വിട്ട് ഓടിക്കളയുന്ന ദിവസമാണത്. കാരണം, അന്ന് ഓരോ മനുഷ്യനും അവന്ന് മതിയാവോളം (സ്വന്തം) കാര്യമുണ്ടായിരിക്കും.

(يوم يفر المرء من أخيه – إلى قوله: شأن يغنيه–عبس) ഓരോ മനുഷ്യനും അവനവൻ ചെയ്ത കർമ്മത്തിന് പണയമായിരിക്കും. (كل امرئ بما كسب رهين – الطور) അന്നത്തെ അധികാരം മുഴുവനും അല്ലാഹുവിന്ന് മാത്രം. (والأمر يومئذ لله – الإنفطار) പ്രതിഫലത്തിന്റെയും വിചാരണയുടെയും ദിവസമായ അന്നേക്കുവേണ്ടി സൽക്കർമ്മങ്ങൾ ചെയ്‌വാനും പാപങ്ങളിൽ നിന്ന് പശ്ചാത്തപിക്കുവാനും ശ്രദ്ധിക്കുക എന്നത്രെ ഈ ദിവസത്തെ ഭയപ്പെടുക എന്ന് പറഞ്ഞതിന്റെ താൽപര്യം.

അല്ലാഹുവിനെ സൂക്ഷിക്കുന്നതിനും, ക്വിയാമത്ത് നാളിനെക്കുറിച്ച് ഭയപ്പാടുണ്ടാകുന്നതിനും മനുഷ്യർക്ക് വിഘാതമായി നിൽക്കുന്നത് പ്രധാനമായും രണ്ട് കാരണങ്ങളാകുന്നു:

1. ഐഹിക ജീവിതസുഖങ്ങളിൽ ലയിച്ചുപോകുക: പാരത്രിക ജീവിതത്തിൽ വിശ്വസിക്കാത്തവരുടെ ജീവിതലക്ഷ്യം ഭൗതികസുഖം മാത്രമായിരിക്കുമെന്ന് പറയേണ്ടതില്ല. എന്നാൽ, കേവലം പരലോകത്തെക്കുറിച്ച് വിശ്വസിക്കുന്നവരിൽപോലും ഭൗതിക ജീവിതത്തിന് പ്രാധാന്യം നൽകി ഭാവി ജീവിതത്തിന് വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നവരാണ് മിക്ക മനുഷ്യരും. (بل تؤثرون الحيوة الدنيا –الأعلى)

2. പിശാചിന്റെ ദുരുപദേശങ്ങളും വാഗ്ദാനങ്ങളും: അല്ലാഹുവിൽ വിശ്വാസമില്ലാത്തവരെ സംബന്ധിച്ചിടത്തോളം അവർ, പിശാചിന്റെ പ്രേരണകളും വാഗ്ദാനങ്ങളും മാത്രം ആധാരമാക്കിയാണ് ജീവിതം നയിക്കുകയെന്ന് സ്പഷ്ടമാണ്. എന്നാൽ അല്ലാഹുവിലും പരലോകത്തിലും പൊതുവിൽ വിശ്വാസമുള്ളതോടൊപ്പം തന്നെ പിശാചിന്റെ വലയിൽ മനുഷ്യൻ കുടുങ്ങുന്നു. 'അല്ലാഹു പൊറുക്കുന്നവനാണ്, പരമകാരുണികനാണ്, സൽക്കർമ്മങ്ങൾ ചെയ്‌വാനും, പാപങ്ങളിൽ നിന്ന് പിൻമടങ്ങുവാനും എനിയും കാലമുണ്ട്. എന്നിങ്ങനെ പലതും പിശാച് തോന്നിപ്പിച്ചുകൊണ്ടിരിക്കും. അതെ, പല വാഗ്ദാനങ്ങളും അവൻ ചെയ്യും; പലതും അവൻ വ്യാമോഹിപ്പിക്കുകയും ചെയ്യും. പക്ഷേ, എല്ലാം വഞ്ചനമാത്രമായിരിക്കും താനും. (يعدهم ويمنيهم وما يعدهم الشيطان الأغرورا– النسآء ١٢٠) ഇത് കാരണമായിട്ടാണ് ഐഹിക ജീവിതവും വഞ്ചകനായ പിശാചും നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ എന്ന് അല്ലാഹു മനുഷ്യരെ താക്കീത് ചെയ്യുന്നത്. പ്രസ്തുത രണ്ട് വഞ്ചനകളിലും അകപ്പെടാതെ അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ. ആമീൻ.

إِنَّ ٱللَّهَ عِندَهُۥ عِلْمُ ٱلسَّاعَةِ وَيُنَزِّلُ ٱلْغَيْثَ وَيَعْلَمُ مَا فِى ٱلْأَرْحَامِ ۖ وَمَا تَدْرِى نَفْسٌ مَّاذَا تَكْسِبُ غَدًا ۖ وَمَا تَدْرِى نَفْسٌۢ بِأَىِّ أَرْضٍ تَمُوتُ ۚ إِنَّ ٱللَّهَ عَلِيمٌ خَبِيرٌۢ ﴿٣٤﴾

﴿34﴾ നിശ്ചയമായും അല്ലാഹുവിന്റെ പക്കലത്രെ അന്ത്യസമയത്തിന്റെ അറിവ്. അവൻ മഴ ഇറക്കുകയും ചെയ്യുന്നു; ഗർഭാശയങ്ങളിലുള്ളതിനെ അറിയുകയും ചെയ്യുന്നു.

നാളെ എന്താണ് താൻ പ്രവർത്തിക്കുകയെന്നുള്ളത് ഒരാളും അറിയുന്നതല്ല; ഏത് നാട്ടിൽവെച്ചാണ് താൻ മരണമടയുകയെന്നും ഒരാളും അറിയുന്നതല്ല. നിശ്ചയമായും അല്ലാഹു സർവ്വജ്ഞനാണ്, സൂക്ഷ്മജ്ഞനാണ്.

﴾34﴿ إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു عِندَهُۥ അവന്റെ പക്കലാണ് عِلْمُ ٱلسَّاعَةِ അന്ത്യ സമയത്തിന്റെ അറിവ് وَيُنَزِّلُ അവന്‍ ഇറക്കുകയും ചെയ്യുന്നു ٱلْغَيْثَ മഴയെ وَيَعْلَمُ അവന റിയുകയും ചെയ്യുന്നു مَا فِى ٱلْأَرْحَامِ ഗര്‍ഭാശയങ്ങളിലുള്ളത് وَمَا تَدْرِى അറിയുന്നതല്ല نَفْسٌ ഒരാളും, ഒരു ആത്മാവും مَّاذَا تَكْسِبُ അതെന്ത് പ്രവര്‍ത്തിക്കുമെന്നത് غَدًا നാളെ وَمَا تَدْرِى അറിയുന്നതുമല്ല نَفْسٌ ഒരാളും بِأَىِّ أَرْضٍ ഏത് ഭൂമിയിലാണ് (നാട്ടിലാണ്) تَمُوتُ അത് മരിക്കുന്നത് (എന്നും) إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു عَلِيمٌ സര്‍വ്വജ്ഞനാണ്, خَبِيرٌۢ സൂക്ഷ്മജ്ഞ നാണ്.

അല്ലാഹുവല്ലാതെ മറ്റാരും അറിയാത്ത അഞ്ച് അദൃശ്യകാര്യങ്ങളാണ് ഈ വചനത്തില്‍ പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്.

1) ലോകാവസാനഘട്ടം-അത് എപ്പോഴാണെന്നുള്ളത്.

2) മഴ വര്‍ഷിക്കല്‍ -അത് എപ്പോഴാണ്, എവിടെയൊക്കെയാണ്, എങ്ങിനെയൊക്കെയായിരിക്കും എന്നുള്ളത്.

3) ഗര്‍ഭത്തിലിരിക്കുന്ന ശിശു-അത് ആണോ പെണ്ണോ പൂര്‍ണശിശുവോ, അപൂര്‍ണ ശിശുവോ, വെളുത്തതോ, കറുത്തതോ, സല്‍സ്വഭാവിയോ, ദുഃസ്വഭാവിയോ, ദീര്‍ഘായുസ്സുള്ളതോ, ഇല്ലാത്തതോ എന്നിത്യാദിയുള്ളത്.

4) ഒരാള്‍ നാളെ എന്തൊക്കെ ചെയ്യുമെന്നത്- അഥവാ നാളത്തെ സംഭവങ്ങള്‍.

5) ഒരാള്‍ എവിടെവെച്ച് മരിക്കും- അഥവാ അത് എപ്പോഴാണ്, എങ്ങിനെയാണ് എന്നൊക്കെ. ഈ അഞ്ചിനുപുറമെ വേറെയും എത്രയോ അദൃശ്യകാര്യങ്ങള്‍-അല്ലാഹുവിനല്ലാതെ അറിയാവതല്ലാത്ത കാര്യങ്ങള്‍-നിലവിലുണ്ട്. കേവലം ചില ഉദാഹരണങ്ങള്‍ മാത്രമായ ഈ അഞ്ചെണ്ണം ഇവിടെ ഒന്നിച്ചു പ്രസ്താവിച്ചുകാണുവാന്‍ കാരണം ഈ വചനം അവതരിപ്പിച്ചത് താഴെപറയുന്ന സന്ദര്‍ഭത്തിലായത് കൊണ്ടായിരിക്കും. الله أعلم

വാരിഥുബ്നു അംറ് (وارث بن عمرو) എന്ന് പേരായ ഒരാള്‍ നബി ﷺ യോട് ചോദിക്കുകയുണ്ടായി: 'മുഹമ്മദേ, എപ്പോഴാണ് അന്ത്യസമയം ഉണ്ടാവുക? ഞങ്ങളുടെ നാട് (മഴ കിട്ടാതെ) വരള്‍ച്ച പ്രാപിച്ചിരിക്കുകയാണ്. എപ്പോഴാണ് (മഴ പെയ്തു) ക്ഷേമമുണ്ടായിത്തീരുക? ഞാന്‍ പോരുമ്പോള്‍ എന്റെ ഭാര്യക്ക് ഗര്‍ഭമുണ്ട്. അവള്‍ എന്ത് കുട്ടിയെയാണ് പ്രസവിക്കുക? ഞാന്‍ ഇന്ന് പ്രവര്‍ത്തിച്ചത് എനിക്കറിയാം. എന്നാല്‍ നാളെ ഞാന്‍ എന്തൊക്കെ പ്രവര്‍ത്തിക്കും? ഞാന്‍ ജനിച്ചത് ഏത് നാട്ടിലാണെന്ന് എനിക്കറിയാം. എന്നാല്‍ ഞാന്‍ ഏത് നാട്ടിലാണ് മരണമടയുക? ഇതിനെത്തുടര്‍ന്നാണ് ഈ ആയത്ത് അവതരിപ്പിച്ചതെന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. (*) 'അദൃശ്യജ്ഞാനത്തിന്റെ താക്കോലുകള്‍'- അഥവാ ഖജനാക്കള്‍- (مفاتيح الغيب) എന്ന് പ്രസ്താവിച്ചുകൊണ്ട് ഒരിക്കല്‍ നബി ﷺ ഈ വചനം ഓതുകയുണ്ടായെന്ന് ഇബ്നുഉമര്‍ നിവേദനം ചെയ്തിരിക്കുന്നു. (ബു; മു.)

നമ്മുടെ പഞ്ചേന്ദ്രിയങ്ങള്‍ക്കും, ബുദ്ധിക്കും തികച്ചും അതീതമായ കാര്യങ്ങള്‍ക്കാണ് അദൃശ്യജ്ഞാനം (الغيب) എന്ന് പറയപ്പെടുന്നത്. സാധാരണ പതിവനുസരിച്ചോ, ലക്ഷണങ്ങള്‍

(*) رواه المنذرى وذكر البغوى وغيره ونحوه

മുഖേനയോ ലഭിക്കുന്ന അനുമാനങ്ങൾ-അവ യഥാർഥമായി പുലർന്നാലും- അദൃശ്യജ്ഞാനമല്ല. അതുപോലെതന്നെ പഞ്ചേന്ദ്രിയങ്ങളുടെ ഗ്രഹണശക്തിയെ ഏതെങ്കിലും തരത്തിൽ സഹായിക്കുന്ന യന്ത്രങ്ങൾ മുതലായ ഉപകരണങ്ങൾ വഴി സിദ്ധിക്കുന്ന അറിവുകളും അതിൽ ഉൾപ്പെടുന്നതല്ല. ഉദാഹരണമായി കാറ്റ്, മേഘം, താപം, ഊർജം ആദിയായവ പരിശോധിച്ചു ഇന്നിന്ന സ്ഥലങ്ങളിൽ ഇന്ന സമയം മഴ പെയ്തേക്കുമെന്ന് കാലാവസ്ഥാ നിരീക്ഷകൻമാർ അഭിപ്രായപ്പെടുന്നു. വൈദ്യശാസ്ത്രം, ആരോഗ്യശാസ്ത്രം, ശരീരശാസ്ത്രം മുതലായവയിൽ വൈദഗ്ധ്യവും, പരിചയവും സിദ്ധിച്ചവർ ഗർഭത്തിലിരിക്കുന്ന കുട്ടിയെയും, രോഗിയുടെ മരണത്തെയും കുറിച്ച് ചില അഭിപ്രായങ്ങളും അനുമാനങ്ങളും പുറപ്പെടുവിക്കുന്നു. ഇതെല്ലാം പലപ്പോഴും തെറ്റായും, പലപ്പോഴും ശരിയായുമിരിക്കും. പക്ഷേ അൽപ സ്വൽപ വ്യത്യാസത്തോടുകൂടിയല്ലാതെ തികച്ചും സൂക്ഷ്മമായും കൃത്യമായും സംഭവിക്കുക കേവലം വിരളമാണ്.

ഇതുപോലെതന്നെ, ചില ജ്യോൽസ്യൻമാരും, ചില ശാസ്ത്രജ്ഞൻമാരും- ചിലതത്വങ്ങളെ അടിസ്ഥാനമാക്കി- ഈ ലോകഘടന താറുമാറായിപ്പോകുന്ന ഒരു മഹാപ്രളയത്തെക്കുറിച്ച് ചില സന്ദർഭങ്ങളിൽ പ്രവചിക്കുന്നത് കാണാം. കാലനിർണയം ചെയ്തുകൊണ്ടുള്ള അത്തരം പ്രവചനങ്ങൾക്കൊന്നും തനി അനുമാനമെന്നതിൽ കവിഞ്ഞു യാതൊരു സ്ഥാനവും ഇല്ലതന്നെ. ചിലതെല്ലാം തെറ്റാണെന്ന് ഇതിനകം ലോകം കണ്ടുകഴിഞ്ഞു. ബാക്കിയുള്ളവയും അങ്ങിനെ തെറ്റായി പുലരുകയും ചെയ്യും. നാളെ ഞാൻ ഇന്ന കാര്യം ചെയ്യുമെന്ന് പരിപാടിയിടലും, അഭിമാനിക്കലും സാധാരണ മനുഷ്യന്റെ പതിവാണ്. പലപ്പോഴും അതിനു നേരെ വിപരീതമായ കാര്യങ്ങൾ സംഭവിക്കുന്നു. മാത്രമല്ല, പരിപാടി പ്രകാരം സംഭവം നടന്നാൽ തന്നെയും സംഭവത്തിന്റെ നാനാവശങ്ങളെയും പരിശോധിക്കുമ്പോൾ അതിൽ പല ഏറ്റപ്പറ്റുകളും വന്നിട്ടുണ്ടായിരിക്കുകയും ചെയ്യും. അതിരിക്കട്ടെ, വരാനിരിക്കുന്ന ഏതെങ്കിലും ഒരു ദിവസത്തിന്റെ ആദ്യംതൊട്ട് അവസാനം വരെയുള്ള സമയങ്ങളിൽ-വേണ്ടാ, നാഴികയിലും വിനാഴികയിലും- എന്തൊക്കെയാണ്, എങ്ങിനെയൊക്കെയാണ് തന്നിൽ സംഭവിക്കുകയെന്ന് ആർക്കെങ്കിലും മുൻകൂട്ടി കണക്കാക്കുവാൻ സാധിക്കുമോ? ഒരിക്കലുമില്ല. ചുരുക്കത്തിൽ മേൽ പ്രസ്താവിച്ച അഞ്ചു കാര്യങ്ങളെക്കുറിച്ചു പരിപൂർണവും സൂക്ഷ്മവുമായ അറിവ് അല്ലാഹുവിനല്ലതെ മറ്റാർക്കും ഇല്ലതന്നെ. നിശ്ചയമായും അവൻ സർവ്വജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു. (إن الله عليم خبير)

പഞ്ചേന്ദ്രിയങ്ങൾ വഴി മനുഷ്യന് നേരിൽ കണ്ടെത്താവുന്ന ബാഹ്യമായ കാര്യങ്ങൾക്കപ്പുറം വല്ലതും അവന് അറിയുവാൻ കഴിയുന്നത് കാര്യകാരണ ബന്ധത്തിന്റെ അടിസ്ഥാനത്തിലാണല്ലോ. എന്നാൽ ഒരേ കാര്യത്തിന്തന്നെ നിരവധി കാരണങ്ങൾ സമ്മേളിക്കേണ്ടതുണ്ടായിരിക്കും. അവയെ പരിപൂർണമായും സൂക്ഷ്മമായും മനസ്സിലാക്കുവാൻ പ്രയാസവുമായിരിക്കും. ബാഹ്യമായ സാധാരണ കാരണങ്ങൾക്ക് നിദാനമായി മറ്റു ചില കാര്യകാരണങ്ങളുമുണ്ടാകാം. നിത്യസംഭവങ്ങളായ ചെറുതരം കാര്യങ്ങളിൽപ്പോലും അവയുടെ പൂർണപട്ടിക തയ്യാറാക്കുവാൻ മനുഷ്യന് കഴിവില്ല. അതുകൊണ്ടാണ് വമ്പിച്ച പരിശ്രമങ്ങളും, അനേകം നിരീക്ഷണ പരീക്ഷണങ്ങളും നടത്തിയതിന്റെ വെളിച്ചത്തിൽ മനുഷ്യൻ ചെയ്യുന്ന ആസൂത്രണങ്ങൾ പലപ്പോഴും ആശ്ചര്യമാംവണ്ണം പിഴച്ചു പരാജയപ്പെട്ടുപോകുന്നതും. ഇപ്പറഞ്ഞതെല്ലാം ഈ ഭൗതികലോകത്തെ നിത്യയാഥാർഥ്യങ്ങളാണ്. എന്നിരിക്കെ, ആത്മീയലോകത്തെയും, പരലോകത്തെയും കാര്യങ്ങളെക്കുറിച്ചു-അല്ലാഹു അറിയിച്ചു തന്ന

ാലല്ലാതെ- മനുഷ്യന് എന്താണ് അറിയുവാൻ കഴിയുക?! وما أوتيتم من العلم إلا قليلا (നിങ്ങൾക്ക് അറിവിൽ നിന്നും അൽപം അല്ലാതെ നൽകപ്പെട്ടിട്ടില്ല- (17:85)

'ഒരാളുടെ മരണം ഇന്ന നാട്ടിൽവെച്ചായിരിക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ചാൽ അവന് അങ്ങോട്ട് പോകേണ്ടുന്ന ഒരാവശ്യം അല്ലാഹു ഉണ്ടാക്കുന്നു' എന്ന് നബി ﷺ ഒരു ഹദീഥിൽ അരുളിച്ചെയ്തിരിക്കുന്നു. (തി; ത്വ) 'എന്റെ അറിവും, താങ്കളുടെ അറിവും, സൃഷ്ടികളുടെ എല്ലാംകൂടിയുള്ള അറിവും ചേർന്നാലും, അല്ലാഹുവിന്റെ അറിവിനെ അപേക്ഷിച്ചു ഈ കുരുവിയുടെ കൊക്ക് സമുദ്രത്തിൽ വരുത്തിയ കുറവ് പോലെയല്ലാതെ അതിൽ കവിഞ്ഞൊന്നും അതിൽ കുറവ് വരുത്തുകയില്ല. എന്ന് ഖിള്ർ (അ) മൂസാനബി(അ)യോട് പറഞ്ഞതായി ബുഖാരിയും, മുസ്ലിമും (റ) മറ്റും ഉദ്ധരിച്ച ദീർഘമായ ഒരു ഹദീഥിൽ കാണാം. അല്ലാഹു പറയുന്നു: (പറയുക: അല്ലാഹുവല്ലാതെ-ആകാശ ഭൂമികളിലുള്ളവർ- അദൃശ്യകാര്യത്തെ അറിയുകയില്ല. (قل لا يعلم من في السموات والأرض الغيب الا الله – النمل ٦٥)

الله اعلم وإليه المرجع والمآب وله الفضل والمنة

سورة السّجدة

32. സൂറത്തുസ്സജദഃ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 30 - വിഭാഗം (റുകൂഉ്) 3

വെള്ളിയാഴ്ച ദിവസം രാവിലത്തെ സുബ്ഹ് നമസ്കാരത്തിൽ ഈ സൂറത്തും, സൂറത്തുൽ ഇൻസാനും (هل اتى على الإنسان) റസൂൽ തിരുമേനി ﷺ ഓതാറുണ്ടായിരുന്നുവെന്ന് ബുഖാരി (റ)യും, മുസ്‌ലിമും (റ) രിവായത്ത് ചെയ്തിരിക്കുന്നു.

بِسۡمِ ٱللَّهِ ٱلرَّحۡمَـٰنِ ٱلرَّحِيمِ

പരമ കാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

الٓمٓ ﴿١﴾

﴾1﴿ 'അലിഫ്- ലാം- മീം' (*)

تَنزِيلُ ٱلۡكِتَـٰبِ لَا رَيۡبَ فِيهِ مِن رَّبِّ ٱلۡعَـٰلَمِينَ ﴿٢﴾

﴾2﴿ (ഈ)വേദഗ്രന്ഥം അവതരിപ്പിച്ചത്-അതിൽ സന്ദേഹമേ ഇല്ല-ലോകരുടെ രക്ഷിതാവിങ്കൽ നിന്നാകുന്നു.

أَمۡ يَقُولُونَ ٱفۡتَرَىٰهُۚ بَلۡ هُوَ ٱلۡحَقُّ مِن رَّبِّكَ لِتُنذِرَ قَوۡمًا مَّآ أَتَىٰهُم مِّن نَّذِيرٍ مِّن قَبۡلِكَ لَعَلَّهُمۡ يَهۡتَدُونَ ﴿٣﴾

﴾3﴿ അഥവാ അവർ [അവിശ്വാസികൾ] പറയുന്നുവോ : അത് ഇവൻ [നബി] കെട്ടിച്ചമച്ചിരിക്കുകയാണ് എന്ന്? ! (അല്ല-) എന്നാലത് (നബിയേ)നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള യഥാർത്ഥമാകുന്നു :നിനക്കുമുമ്പ് ഒരു താക്കീതുകാരനും വന്നിട്ടില്ലാത്ത ഒരു ജനതക്ക് നീ താക്കീത് നൽകുവാൻ വേണ്ടിയാണ് (അത്) ; അവർ സൻമാർഗം പ്രാപിച്ചേക്കാമല്ലോ!

﴾1﴿ الم 'അലിഫ്-ലാം-മീം' ﴾2﴿ تَنزِيلُ الْكِتَابِ വേദഗ്രന്ഥം അവതരിപ്പിക്കൽ

(*) ഇത്തരം അക്ഷരങ്ങളെക്കുറിച്ച് ഇതിനുമുമ്പ് പ്രതിപാദിച്ചിട്ടുണ്ട്.

(ഇക്കൽ) لَارَيْبَ സന്ദേഹമേ ഇല്ല فِيهِ അതിൽ مِن رَّبِّ الْعَالَمِينَ ലോകരക്ഷിതാവിങ്കൽ നിന്നാണ് ﴾3﴿ أَمْ يَقُولُونَ അതല്ല-(അഥവാ) അവർ പറയുന്നുവോ افْتَرَاهُ അവനത് കെട്ടിയുണ്ടാക്കി(എന്ന്) بَلْ എങ്കിലും, എന്നാൽ هُوَ അത് الْحَقُّ യഥാർത്ഥമാണ്, സത്യമാണ് مِن رَّبِّكَ നിന്റെ റബ്ബിങ്കൽ നിന്നുള്ള لِتُنذِرَ നീ താക്കീത് ചെയ്യുവാൻ വേണ്ടി قَوْمًا ഒരു ജനതക്ക് مَّا أَتَاهُم അവർക്ക് വന്നിട്ടില്ല مِّن نَّذِيرٍ ഒരു താക്കീതുകാരനും مِّن قَبْلِكَ നിനക്ക് മുമ്പായി لَعَلَّهُمْ അവരായേക്കും, ആകുവാൻ വേണ്ടി يَهْتَدُونَ നേർമാർഗം പ്രാപിക്കുക, പ്രാപിക്കുന്ന(വർ)

മുമ്പ് താക്കീതുകാരൻ-ദൈവദൂതൻ-വന്നിട്ടില്ലാത്ത ജനത എന്ന് പറഞ്ഞത് കൊണ്ടുദ്ദേശ്യം ക്വുറൈശി ജനതയാണെന്നു സൂ: ക്വസ്വസ് 46-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

ٱللَّهُ ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَا فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ ۖ مَا لَكُم مِّن دُونِهِۦ مِن وَلِىٍّ وَلَا شَفِيعٍ ۚ أَفَلَا تَتَذَكَّرُونَ ﴿٤﴾

﴾4﴿ ആകാശങ്ങളും, ഭൂമിയും, അവ രണ്ടിനുമിടയിലുള്ളതും ആറു ദിവസങ്ങളിൽ സൃഷ്ടിച്ചിട്ടുള്ളവനത്രെ അല്ലാഹു. പിന്നീടവൻ അർശിൽ [സിംഹാസനത്തിൽ] ആരോഹണം ചെയ്തു. അവന് പുറമെ നിങ്ങൾക്ക് ഒരു കൈകാര്യ കർത്താവാകട്ടെ, ശിപാർശക്കാരനാകട്ടെ ഇല്ല. എന്നിരിക്കെ, നിങ്ങൾ ഉറ്റാലോചിക്കുന്നില്ലേ?!

يُدَبِّرُ ٱلْأَمْرَ مِنَ ٱلسَّمَآءِ إِلَى ٱلْأَرْضِ ثُمَّ يَعْرُجُ إِلَيْهِ فِى يَوْمٍ كَانَ مِقْدَارُهُۥٓ أَلْفَ سَنَةٍ مِّمَّا تَعُدُّونَ ﴿٥﴾

﴾5﴿ അവൻ ആകാശത്ത് നിന്ന് ഭൂമിയിലേക്ക് കാര്യം (വ്യവസ്ഥപ്പെടുത്തി) നിയന്ത്രിച്ചു വരുന്നു ; പിന്നീട് ഒരു ദിവസത്തിൽ അത് അവങ്കലേക്ക് ഉയർന്നുപോകുന്നു ; അതിന്റെ അളവ് [വലുപ്പം] നിങ്ങൾ എണ്ണിവരുന്ന (ഇനത്തിൽ) ആയിരം കൊല്ലമാകുന്നു (-അത്ര വമ്പിച്ചതാണ്) !

﴾4﴿ اللَّهُ الَّذِي അല്ലാഹു യാതൊരുവനത്രെ خَلَقَ അവൻ സൃഷ്ടിച്ചു السَّمَاوَاتِ ആകാശങ്ങളെ وَالْأَرْضَ ഭൂമിയും وَمَا بَيْنَهُمَا അവരണ്ടിനിടയിലുള്ളതും فِي سِتَّةِ أَيَّامٍ ആറുദിവസങ്ങളിൽ ثُمَّ പിന്നീട് اسْتَوَىٰ അവൻ ആരോഹണം ചെയ്തു عَلَى الْعَرْشِ അർശിൻമേൽ, സിംഹാസനത്തിൽ مَا لَكُم നിങ്ങൾക്കില്ല مِّن دُونِهِ അവന് പുറമെ مِن وَلِيٍّ ഒരു കൈകാര്യക്കാരനും,

ബന്ധുവും, സഹായകനും وَلَا شَفِيعٍ ശുപാർശകനുമില്ല أَفَلَا تَتَذَكَّرُونَ എന്നിരിക്കെ നിങ്ങൾ ഉറ്റാലോചിക്കുന്നില്ലേ ﴾5﴿ يُدَبِّرُ അവൻ വ്യവസ്ഥപ്പെടുത്തുന്നു, നിയന്ത്രിക്കുന്നു الْأَمْرَ കാര്യം مِنَ السَّمَاءِ ആകാശത്തുനിന്ന് إِلَى الْأَرْضِ ഭൂമിയിലേക്ക് ثُمَّ يَعْرُجُ പിന്നീടത് കയറുന്നു إِلَيْهِ അവങ്കലേക്ക് فِي يَوْمٍ ഒരു ദിവസത്തിൽ كَانَ ആകുന്നു مِقْدَارُهُ അതിന്റെ അളവ്, തോത് أَلْفَ سَنَةٍ ആയിരം കൊല്ലം مِمَّا تَعُدُّونَ നിങ്ങൾ എണ്ണിവരുന്നതിൽപെട്ട.

ആറു ദിവസങ്ങളിലായിട്ടാണ് ആകാശഭൂമികളെ അല്ലാഹു സൃഷ്ടിച്ചതെന്ന് ഇവിടെ മാത്രമല്ല, യൂനുസ്, ഹൂദ്, അഅ്റാഫ്, ഹദീദ്, ക്വാഫ് എന്നീ സൂറത്തുകളിലും പ്രസ്താവിച്ചിട്ടുണ്ട്. ദിവസങ്ങൾ (أيام) എന്നതുകൊണ്ട് ഇവിടെ വിവക്ഷ നമുക്ക് സുപരിചിതമായ ഈ രാവും പകലും ചേർന്ന 24 മണിക്കൂർ സമയമായിരിക്കുവാൻ നിവൃത്തിയില്ല, കാരണം, സൂര്യന്റെ ഉദയാസ്തമയത്തെത്തുടർന്നാണല്ലോ നമ്മുടെ ദിവസങ്ങൾ ഉണ്ടാകുന്നത്. ആകാശ ഭൂമികളുടെ സൃഷ്ടിപ്പിനു മുമ്പ് സൂര്യനും അതിന്റെ ഉദയാസ്തമയവും ഉണ്ടായിരിക്കയില്ല. ആകയാൽ ഒരു പ്രത്യേക അർത്ഥത്തിലുള്ള ആറു ദിവസങ്ങളായിരിക്കും ഉദ്ദേശ്യം. എന്നല്ലാതെ, സൂക്ഷ്മമായി ഒരഭിപ്രായം പറയുവാൻ തെളിവുകളില്ല. (സൂ:അൻബിയാഅ് 30-ാം വചനത്തിന്റെ വിവരണത്തിൽ നാം പ്രസ്താവിച്ചിട്ടുള്ള പലതും ഇവിടെ സ്മരിക്കുന്നത് നന്നായിരിക്കും) അതുപോലെത്തന്നെ ثُمَّ اسْتَوَى عَلَى الْعَرْشِ (പിന്നീട് അവൻ അർശിൽ ആരോഹണം ചെയ്തു) എന്ന വാക്യത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ചും നമുക്ക് വ്യക്തമായും, തിട്ടമായും ഒന്നും പറയുവാൻ സാധ്യമല്ല. വാക്കർത്ഥം നമുക്കറിയാം. അല്ലാഹുവിന്റെ പ്രസ്താവനയിൽ നാം തികച്ചും വിശ്വസിക്കുകയും, അവന്റെ മഹത്വത്തിനും ഉൽകൃഷ്ടതക്കും യോജിക്കുന്ന ഏതോ രൂപത്തിലായിരിക്കും അതെന്ന് ഉറപ്പിച്ചു പറയുകയും ചെയ്യുന്നു. എന്നാൽ അതിന്റെ സ്വഭാവവും വിധവും എങ്ങിനെയാണെന്ന് നമുക്കറിഞ്ഞുകൂടാ. ഇത്തരം വചനങ്ങളിൽ പിൻഗാമികളായ പലരും അവക്ക് ചില വ്യാഖ്യാനങ്ങൾ നൽകി തൃപ്തിയടയുന്നു. അതുപോലെ തൃപ്തിയടയുവാൻ നാം തയ്യാറില്ല. സൂ: ത്വാഹയുടെ ആദ്യത്തിൽ നാം ഇത് സംബന്ധിച്ച് പറഞ്ഞിട്ടുള്ള ഭാഗം നോക്കുക.

ആകാശ ഭൂമികളുടെ സിംഹാസനാധിപതിയും സ്രഷ്ടാവും അല്ലാഹുവായിരിക്കെ, അവയിൽ നടമാടുന്ന സർവ്വ കാര്യങ്ങളുടെയും അധികാരവും, കൈകാര്യവും അവന്റെ പക്കലാണെന്ന് സ്പഷ്ടമാണ്. അവൻ അർശിൽ ആരോഹണം ചെയ്തിരിക്കുന്നുവെന്ന് പ്രസ്താവിക്കുന്ന സ്ഥലങ്ങളിൽ അതിനെത്തുടർന്ന് -5-ാം വചനത്തിൽ കാണുന്നത് പോലെ - അവൻ കാര്യങ്ങളെ നിയന്ത്രിക്കുന്നു (يدبر الأمر) എന്നോ, അല്ലെങ്കിൽ ഈ ഉദ്ദേശ്യം ഉൾക്കൊള്ളുന്ന മറ്റു ചില വാക്യങ്ങളോ അല്ലാഹു പ്രസ്താവിച്ചു കാണുന്നത് അതുകൊണ്ടാണ്. (സൂ: യൂനുസ്: 3, അഅ്റാഫ്: 54, റഅ്ദ്: 2, ഹദീദ്:4 മുതലായവ നോക്കുക)

ഭൂലോകത്ത് നടക്കുന്ന കാര്യങ്ങളെല്ലാം ഉപരിലോകവുമായി ബന്ധമുള്ളവയാണ്. നമുക്കതിന്റെ വിശദ വിവരം അറിയാവതല്ല. സൂര്യന്റെ ചലനം, പ്രകാശം, രശ്മി, ചന്ദ്രന്റെ ചലനം, വെളിച്ചം, നക്ഷത്രപ്രഭ, മഴ, വെയിൽ തുടങ്ങിയ വാനസംബന്ധമായ പല കാര്യങ്ങളും ഭൂമിയിൽ നടന്നുകൊണ്ടിരിക്കുന്ന പല കാര്യങ്ങളും പരസ്പരം ബന്ധമുള്ളവയാണെന്ന് ഏറെക്കുറെ എല്ലാവർക്കും അറിയാം എന്നാൽ, കേവലം ബാഹ്യമല്ലാത്തതും നമുക്കജ്ഞാത

വുമായ ചില അഭൗതിക കാര്യകാരണബന്ധങ്ങൾ വേറെയും നിലവിലുണ്ട്. ജനനം, മരണം, ഉൽപാദനം, നാശം, ക്ഷേമം, ക്ഷാമം പോലെയുള്ള പല കാര്യങ്ങളിലും അല്ലാഹുവിന്റെ മലക്കുകളുടെ ചില പ്രവർത്തനങ്ങളും ഭൂമിയിൽ നടന്നുകൊണ്ടിരിക്കുന്നതായി പല ക്വുർആൻ വചനങ്ങളിൽ നിന്നും നബി വചനങ്ങളിൽ നിന്നും മനസ്സിലാക്കാം. ഇതേ സൂറത്തിലെ 11-ാം വചനത്തിൽ മനുഷ്യന്റെ മരണത്തിൽ മലക്കിന്റെ പ്രവർത്തനിത്തിനും പങ്കുള്ളതായി പ്രസ്താവിക്കുന്നുണ്ട്. ചുരുക്കത്തിൽ ഭൂമിയിലെ കാര്യങ്ങളെല്ലാം അല്ലാഹുവിന്റെ ഉദ്ദേശ്യമനുസരിച്ചും, അവൻ നിശ്ചയിച്ചിരിക്കുന്ന കാര്യകാരണവ്യവസ്ഥയനുസരിച്ചും നടന്നുകൊണ്ടിരിക്കുകയാണ്. കേന്ദ്രസ്ഥാനം ഉപരിലോകത്താണ് സ്ഥിതി ചെയ്യുന്നത്. നിലവിലുള്ള ഈ വ്യവസ്ഥ അവസാനിച്ചു പുതിയ ഒരു വ്യവസ്ഥ സ്ഥാപിതമാകുന്ന ആ മഹാദിനം-ക്വിയാമത്ത്നാൾ-ആയിക്കഴിഞ്ഞാൽ പിന്നീട് എല്ലാ കാര്യങ്ങളും - പ്രത്യക്ഷമായും പരോക്ഷമായും - അവങ്കലേക്ക്തന്നെ മടങ്ങുന്നു. പുതിയ ഒരു വ്യവസ്ഥയും നടപടിക്രമവും അന്ന് നിലവിൽവരുകയും ചെയ്യുന്നു. അന്നത്തെ അധികാരം മുഴുവനും അവന്മാത്രമായിരിക്കും. നാമമാത്രമായിട്ട്പോലും അതിലാർക്കും യാതൊരു പങ്കും ഉണ്ടാകുന്നില്ല.

لمن الملك اليوم لله الواحد القهار (അന്നത്തെ രാജത്വം ആർക്കാണ് ? സർവ്വാധികാരിയായ ഏകനായ അല്ലാഹുവിന്നു തന്നെ !) - 40:16

നിങ്ങൾ എണ്ണിവരുന്ന ആയിരംകൊല്ലം വലുപ്പമുള്ള ദിവസം എന്നു പറഞ്ഞത് അന്ത്യനാളിനെക്കുറിച്ചാകുന്നു. സൂറത്തുൽ മആരിജ് (المعارج) ൽ ഇപ്രകാരം കാണാം : تعرج الملئكة والروح اليه في يوم كان مقداره خمسين الف سنة അമ്പതിനായിരം കൊല്ലം വലുപ്പമുള്ള ഒരു ദിവസത്തിൽ മലക്കുകളും റൂഹും (ആത്മാവും) അവങ്കലേക്ക് കയറുന്നു എന്നർത്ഥം. അന്ത്യനാളിന്റെ കൃത്യമായ അളവ് വിവരിക്കുകയല്ല - ആ ദിവസത്തിന്റെ ഭയങ്കരതയും ഗൗരവവും കാണിക്കുകയാണ്-ഈ രണ്ട് വചനങ്ങളുടെയും ഉദ്ദേശ്യം എന്നാണ് പല മഹാൻമാരും പ്രസ്താവിക്കുന്നത്. സത്യവിശ്വാസികളായ സജ്ജനങ്ങളെ സംബന്ധിച്ചിടത്തോളം വിചാരണ ദിവസം കേവലം ഒരു നമസ്കാരം നിർവ്വഹിക്കുന്ന അത്ര സമയം പോലെ അനുഭവപ്പെടുമെന്ന് നബിﷺ പ്രസ്താവിച്ചിട്ടുള്ളത് (അ; ബ.) ഇവിടെ സ്മരണീയമാകുന്നു. വേറെയും പല അഭിപ്രായങ്ങളും, വ്യാഖ്യാനങ്ങളും ഈ രണ്ട് ആയത്തുകളെ സംബന്ധിച്ച് മഹാൻമാർ പ്രസ്താവിച്ചുകാണാം. അതെല്ലാം ഉദ്ധരിച്ചു ദീർഘിപ്പിക്കുന്നില്ല. ക്വുർആനിൽ വന്നിട്ടുള്ള ഇത്തരം വാക്യങ്ങളുടെ നേർക്കുനേരെയുള്ള സാരങ്ങളും, സന്ദർഭങ്ങളും ശരിക്ക് മനസ്സിരുത്തിയാൽ-അധിക വ്യാഖ്യാനങ്ങളൊന്നും ആശ്രയിക്കാതെ തന്നെ-അവയിലെ പ്രധാന ആശയം സാമാന്യം എല്ലാവർക്കും മനസ്സിലാക്കാവുന്നതാണ്. സൂറത്തുൽ മആരിജിൽ വെച്ച് അല്പംകൂടി വിശദീകരണം കാണാം. إن شاءالله

ذَٰلِكَ عَٰلِمُ ٱلْغَيْبِ وَٱلشَّهَٰدَةِ ٱلْعَزِيزُ ٱلرَّحِيمُ ﴿٦﴾

﴾6﴿ (അങ്ങിനെയുള്ള) അവൻ അദൃശ്യത്തെയും, ദൃശ്യത്തെയും അറിയുന്നവനാണ് ; പ്രതാപശാലിയാണ് ; കരുണാനിധിയാണ്.

ٱلَّذِىٓ أَحْسَنَ كُلَّ شَىْءٍ خَلَقَهُۥ ۖ وَبَدَأَ خَلْقَ ٱلْإِنسَٰنِ مِن طِينٍ ﴿٧﴾

﴾7﴿ അതായത് : താൻ സൃഷ്ടിച്ച് എല്ലാ വസ്തുക്കളെയും നന്നാക്കി (സൃഷ്ടിച്ചു) ഉണ്ടാക്കിയവൻ, മനുഷ്യന്റെ സൃഷ്ടിപ്പ് കളിമണ്ണിൽനിന്ന് അവൻ ആരംഭിച്ചു.

ثُمَّ جَعَلَ نَسْلَهُۥ مِن سُلَٰلَةٍ مِّن مَّآءٍ مَّهِينٍ ﴿٨﴾

﴾8﴿ പിന്നെ, അവന്റെ സന്തതിയെ നിസ്സാരപ്പെട്ട ഒരു (തരം) വെള്ളമാകുന്ന സത്തിൽ നിന്നും അവൻ ഉണ്ടാക്കി ;

ثُمَّ سَوَّىٰهُ وَنَفَخَ فِيهِ مِن رُّوحِهِۦ ۖ وَجَعَلَ لَكُمُ ٱلسَّمْعَ وَٱلْأَبْصَٰرَ وَٱلْأَفْـِٔدَةَ ۚ قَلِيلًا مَّا تَشْكُرُونَ ﴿٩﴾

﴾9﴿ പിന്നീട് ; അവനെ (അന്യൂനമായി)ശരിപ്പെടുത്തുകയും, അവനിൽ തന്റെ വക റൂഹ് [ജീവാത്മാവ്] ഊതുകയും ചെയ്തു. (മനുഷ്യരേ,) നിങ്ങൾക്കവൻ കേൾവിയും, കണ്ണുകളും, ഹൃദയങ്ങളും ഉണ്ടാക്കിത്തരികയും ചെയ്തിരിക്കുന്നു ; അല്പംമാത്രമേ നിങ്ങൾ നന്ദികാണിക്കുന്നുള്ളൂ.

﴾6﴿ ذَٰلِكَ അവൻ (മേൽ പ്രസ്താവിക്കപ്പെട്ടവൻ) عَالِمُ الْغَيْبِ അദൃശ്യത്തെഅറിയുന്നവനാണ് وَالشَّهَادَةِ ദൃശ്യത്തെയും الْعَزِيزُ പ്രതാപശാലിയാണ് الرَّحِيمُ കരുണാനിധിയാണ് ﴾7﴿ الَّذِي അതായത് യാതൊരുവൻ أَحْسَنَ അവൻ നന്നാക്കി, നന്നായുണ്ടാക്കി كُلَّ شَيْءٍ എല്ലാ വസ്തുവെയും خَلَقَهُ അവൻ സൃഷ്ടിച്ചതായ وَبَدَأَ അവൻ ആരംഭിച്ചു خَلْقَ الْإِنسَانِ മനുഷ്യന്റെ സൃഷ്ടിപ്പ് مِن طِينٍ കളിമണ്ണിൽ നിന്ന് ﴾8﴿ ثُمَّ جَعَلَ പിന്നെ അവൻ ആക്കി, ഉണ്ടാക്കി نَسْلَهُ അവന്റെ സന്തതിയെ مِن سُلَالَةٍ ഒരു സത്തിൽ നിന്ന് مِن مَاءٍ വെള്ളത്തിൽ നിന്നുള്ള مَهِينٍ നിസ്സാരമായ, നിന്ദ്യമായ ﴾9﴿ ثُمَّ سَوَّاهُ പിന്നെ അവനെ ശരിപ്പെടുത്തി, ചൊവ്വാക്കി وَنَفَخَ ഊതുകയും ചെയ്തു فِيهِ അവനിൽ مِن رُوحِهِ അവന്റെ (വക) റൂഹിൽ നിന്ന്, ആത്മാവിനെ وَجَعَلَ لَكُمُ നിങ്ങൾക്കവൻ ഉണ്ടാക്കുകയും ചെയ്തു السَّمْعَ കേൾവി وَالْأَبْصَارَ കാഴ്ചകളും (കണ്ണുകളും) وَالْأَفْئِدَةَ ഹൃദയങ്ങളും قَلِيلًا مَا അല്പം മാത്രം تَشْكُرُونَ നിങ്ങൾ നന്ദികാണിക്കുന്നു.

7-ാം വചനത്തിലെ ആദ്യത്തെ വാക്യത്തിൽ خَلَقَهُ എന്നതിന്റെ സ്ഥാനത്ത് خَلْقَهُ എന്നും വായനയുണ്ട്. അപ്പോൾ ആ വാക്യത്തിന് ഇങ്ങിനെ അർത്ഥം നൽകാം : എല്ലാ വസ്തുവിനെയും – അതായത് അതിന്റെ സൃഷ്ടിപ്പിനെ-നന്നാക്കിയുണ്ടാക്കിയവൻ. രണ്ടായാലും സാരം ഒന്ന്തന്നെ.

ആകാശഭൂമികളും അതിലുള്ള എല്ലാ വസ്തുക്കളും അല്ലാഹു സൃഷ്ടിച്ചതാണെന്നും അവൻ അവയുടെ സിംഹാസനാധിപതിയും, കൈകാര്യകർത്താവും, നിയന്താവുമാണെന്നും കഴിഞ്ഞ വചനങ്ങളിൽ പ്രസ്താവിച്ചു. തുടർന്നുകൊണ്ട് അതേ അല്ലാഹു എല്ലാ കാര്യങ്ങളും – അദൃശ്യമെന്നോ ദൃശ്യമെന്നോ വ്യത്യാസമില്ലാതെ-അറിയുന്നവനാണെന്നും അവൻ പ്രതാപശാലിയും കരുണാനിധിയും ആണെന്നും, അഥവാ അവന്റെ പ്രതാപം കാരുണ്യത്തിനോ, കാരുണ്യം പ്രതാപത്തിനോ തടസ്സമാകുന്നില്ലെന്നും 6-ാം വചനത്തിലും ചൂണ്ടിക്കാട്ടി. പിന്നീട് അഖിലവസ്തുക്കളെയും അതാതിന്നനുയോജ്യമായ

എല്ലാ സ്വഭാവപ്രകൃതികളോടുകൂടി സൃഷ്ടിച്ചിട്ടുണ്ടെന്ന് മൊത്തത്തിൽ ഉണർത്തി. അനന്തരം മനുഷ്യസൃഷ്ടിപ്പിന്റെ ചരിത്രം ചുരുക്കത്തിൽ വിവരിക്കുകയാണ്.

മനുഷ്യസൃഷ്ടിയുടെ തുടക്കം കളിമണ്ണിൽ നിന്നാണ്. അഥവാ വെള്ളം കലർന്ന മണ്ണിൽ നിന്ന്. മനുഷ്യപിതാവായ ആദം (അ)ന്റെ ഉൽഭവത്തെയാണിത് സൂചിപ്പിക്കുന്നത്. അദ്ദേഹത്തിന്ശേഷം പിന്നീടുള്ള സന്തതികളാകട്ടെ, മണ്ണിൽനിന്നും വെള്ളത്തിൽ നിന്നും ഉൽഭവിച്ച ഭക്ഷ്യവസ്തുക്കളാൽ, ഉൽഭൂതമായ-കേവലം നിന്ദ്യവും നിസ്സാരവുമായ - ഇന്ദ്രിയമാകുന്ന ജലബീജത്തിൽ നിന്നാണ് ജൻമമെടുക്കുന്നത്. ബീജം വികസിച്ചുവളരുകയും, ആവശ്യമായ അവയവങ്ങൾ സഹിതം, മനുഷ്യന്റേതായ സ്വഭാവവും പ്രകൃതിയും ധരിച്ചുകൊണ്ട് വെളിക്കുവരുകയും ചെയ്യുന്നു. മനുഷ്യരാൽ അപഗ്രഥനം ചെയ്വാനും, യാഥാർത്ഥ്യം കണ്ടെത്തുവാനും സാധിക്കാത്ത അതിമഹത്തായ ഒരു ശക്തി വിശേഷം ആർജ്ജിച്ചുകൊണ്ടാണവൻ വെളിക്കുവരുന്നത്. അത് മൂലമാണവൻ ചലിക്കുന്നതും, കാര്യങ്ങൾ ഗ്രഹിച്ചുതുടങ്ങുന്നതും, വളരുന്നതുമെല്ലാം. അതത്രെ ജീവാത്മാവ്. എന്താണീ ആത്മാവ്?! അതാർക്കും അറിഞ്ഞുകൂടാ. ഇതേവരെ അറിയാൻ കഴിഞ്ഞിട്ടില്ല. എന്നാൽ നിഷേധിക്കുവാൻ സാധ്യമാണോ ? ഇല്ല. അതിന്റെ യാഥാർത്ഥ്യം അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ ! അത്കൊണ്ടുതന്നെയാണ് തന്റെ വക ആത്മാവിൽ നിന്നും അവൻ ഊതി (...ونفخ فيه) എന്ന് പറഞ്ഞതും ويسألونك عن الروح....إلا قليلا - بنى إسرائيل:٨٥ (അവൻ നിന്നോട് ആത്മാവിനെക്കുറിച്ച് ചോദിക്കുന്നു. പറയുക : ആത്മാവ് എന്റെ റബ്ബിന്റെ കാര്യത്തിൽപെട്ടതാണ്. നിങ്ങൾക്ക് അറിവിൽ നിന്നും അൽപമല്ലാതെ നൽകപ്പെട്ടിട്ടില്ല. സൂ: ബനൂ ഇസ്റാഈൽ)

ഇതരജീവികളെപ്പോലെ ചലിക്കുവാനും ജീവിക്കുവാനും ആവശ്യമായ കഴിവുകൾ മാത്രമല്ല അല്ലാഹു മനുഷ്യന് നൽകിയിരിക്കുന്നത്. കണ്ടും കേട്ടും കാര്യങ്ങൾ ഗ്രഹിക്കുവാനും ചിന്തിച്ചും ആലോചിച്ചും യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുവാനും വേണ്ടുന്ന കഴിവുകൾകൂടി നൽകിയിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ, മനുഷ്യന് അല്ലാഹു നൽകിയിരിക്കുന്ന അനുഗൃഹീതസ്ഥാനം വളരെ ഉന്നതമാണ്. പക്ഷേ, അവൻ അതിന് അല്ലാഹുവിനോട് നന്ദിയും കൂറും കാണിക്കുന്നുണ്ടോ? ഇല്ല. വളരെകുറച്ച്മാത്രം ! അതും എല്ലാവരുമില്ല. കുറഞ്ഞ ആളുകൾമാത്രം ! വാസ്തവത്തിൽ നന്ദികെട്ടവരുടെ നിലപാട് ഇവിടംകൊണ്ടും അവസാനിക്കുന്നില്ല. ഇതെല്ലാം ചെയ്ത അല്ലാഹുവിനെക്കുറിച്ച് അവരുടെ നിഗമനം എന്താണെന്ന് നോക്കുക !

وَقَالُوٓا۟ أَءِذَا ضَلَلْنَا فِى ٱلْأَرْضِ أَءِنَّا لَفِى خَلْقٍ جَدِيدٍۭ ۚ بَلْ هُم بِلِقَآءِ رَبِّهِمْ كَٰفِرُونَ ﴿١٠﴾

﴿10﴾ അവർ [അവിശ്വാസികൾ] പറയുന്നു : ഞങ്ങൾ ഭൂമിയിൽ മറഞ്ഞു (പാഴായി) പോയാൽ, നിശ്ചമായും ഞങ്ങൾ പുതിയ ഒരു സൃഷ്ടിയിൽ (വീണ്ടും എഴുന്നേൽപിക്കപ്പെടുന്നവർ) ആയിരിക്കുകയോ ?! (മാത്രമല്ല,) എന്നാലവർ, തങ്ങളുടെ രക്ഷിതാവുമായി കണ്ടുമുട്ടുന്നതിൽതന്നെ അവിശ്വസിക്കുന്നവരാണ്.

۞ قُلۡ يَتَوَفَّىٰكُم مَّلَكُ ٱلۡمَوۡتِ ٱلَّذِى وُكِّلَ بِكُمۡ ثُمَّ إِلَىٰ رَبِّكُمۡ تُرۡجَعُونَ ﴿١١﴾

﴾11﴿ (നബിയേ) പറയുക : നിങ്ങളുടെ കാര്യത്തിൽ ഏല്പിക്കപ്പെട്ടിട്ടുള്ള മരണത്തിന്റെ മലക്ക് നിങ്ങളെ പൂർണമായെടുക്കും [മരണപ്പെടുത്തും]. പിന്നീട് നിങ്ങളുടെ റബ്ബിങ്കലേക്ക് നിങ്ങൾ മടക്കപ്പെടും.

﴾10﴿ وَقَالُوٓا۟ അവർ പറയുന്നു, പറഞ്ഞു أَءِذَا ضَلَلۡنَا ഞങ്ങൾ (നാം) മറഞ്ഞുപോയിട്ടോ, പാഴായാലോ فِى ٱلۡأَرۡضِ ഭൂമിയിൽ أَءِنَّا നിശ്ചയമായും ഞങ്ങളോ لَفِى خَلۡقٍ ഒരു സൃഷ്ടിയിലായിരിക്കുക جَدِيدٍ പുതുതായ بَلۡ എന്നാൽ (അത്രയുമല്ല), എങ്കിലും هُم അവർ بِلِقَآءِ رَبِّهِمۡ തങ്ങളുടെ റബ്ബുമായി കാണുന്നതിൽ كَٰفِرُونَ അവിശ്വസികളാണ്, നിഷേധികളാണ് ﴾11﴿ قُلۡ പറയുക يَتَوَفَّىٰكُم നിങ്ങളെ പൂർണമായെടുക്കും, പൂർത്തിയായി بِكُمۡ നിങ്ങളിൽ, (നിങ്ങളുടെ കാര്യത്തിൽ) ثُمَّ പിന്നെ إِلَىٰ رَبِّكُمۡ നിങ്ങളുടെ റബ്ബിങ്കലേക്ക് تُرۡجَعُونَ നിങ്ങൾ മടക്കപ്പെടും.

പൂർത്തിയാക്കിക്കൊടുത്തു, നിറവേറ്റിക്കൊടുത്തു എന്നൊക്കെ അർത്ഥമുള്ളതും രണ്ട് കർമങ്ങൾ ഉണ്ടായിരിക്കുന്നതുമായ وفى (വഫ്ഫാ) എന്ന ക്രിയയുടെ അനുസരണക്രിയ (مطاوع) യത്രെ ആയത്തിൽ കാണുന്ന توفى (തവഫ്ഫാ) എന്ന പദം. ഇതിന് ഒരു കർമമാണുണ്ടായിരിക്കുക. പൂർണമായെടുത്തു, മുഴുവൻ വാങ്ങി(اخذ وافيا , استكمل) എന്നൊക്കെയായിരിക്കും ഇതിന് അർത്ഥം. സന്ദർഭമനുസരിച്ചും, കർമത്തിന്റെ വ്യത്യാസമനുസരിച്ചും ഈ രണ്ട് ക്രിയാരൂപങ്ങളുടെയും ഉദ്ദേശ്യത്തിൽ വ്യത്യാസം കാണും. ഈ ആയത്തിലുള്ളതുപോലെ മരണപ്പെടുത്തുക എന്ന ഉദ്ദേശ്യത്തിലും, സൂറത്തുൽ അൻആം 60 ലുള്ളപോലെ 'ഉറക്കുക' (നിദ്രയിലാക്കുക) എന്ന ഉദ്ദേശ്യത്തിലും توفى എന്ന രൂപം ക്വുർആനിൽ തന്നെ വന്നിട്ടുണ്ട്. ചുരുക്കത്തിൽ, توفى എന്ന പദത്തിന്- ചില തൽപരകക്ഷികൾ പറയാറുള്ളതുപോലെ-മരണപ്പെടുത്തുക എന്നല്ല നേർക്കുനേരെയുള്ള അർത്ഥം. സൂറത്തുന്നിസാഉ് 15-ൽ حتى يتوفاهن الموت (മരണം അവരെ പൂർണമായെടുക്കുന്നത് വരെ) എന്നും, സൂ: സുമർ 42-ൽ الله يتوفى الأنفس حين موتها والتى لم تمت في منامها (ആത്മാക്കളെ അവയുടെ മരണവേളയിലും, മരണപ്പെടാത്തവയെ അവയുടെ ഉറക്കിലും അല്ലാഹു പൂർണമായെടുക്കുന്നു) എന്നും പ്രസ്താവിച്ചിട്ടുള്ളത് ഇത്കൊണ്ടാണ്.

ഈ ലോകത്ത് നടക്കുന്ന പല സംഭവങ്ങളിലും മലക്കുകൾക്ക് ചില പങ്കുകളുണ്ടെന്ന് ഇതിന് മുമ്പ് നാം ചൂണ്ടിക്കാട്ടുകയുണ്ടായി. മനുഷ്യന്റെ മരണകാര്യത്തിൽ ഏൽപിക്കപ്പെട്ട ഒരു പ്രത്യേക മലക്കുണ്ടെന്ന് ഈ ആയത്തിൽ നിന്ന് വ്യക്തമാണല്ലോ. ഇദ്ദേഹത്തെ ഉദ്ദേശിച്ചാണ് സാധാരണ അസ്റാഈൽ(غزرائيل-ع) എന്ന് പറയപ്പെടുന്നത്. മരണവേളയിൽ ആത്മാക്കളെ എടുത്തുകൊണ്ട് പോകുന്നത് മലക്കുകളാണെന്ന് സൂറത്തുൽ അൻആം 93-ാം ആയത്തിൽ കാണാവുന്നതാണ്. കൂടാതെ പല ഹദീഥുകളിലും വന്നിട്ടുണ്ട്. മേൽപ്പറഞ്ഞ മലക്കിന് പുറമെ മനുഷ്യന്റെ മരണവേളയിൽ വേറെ മലക്കുകൾക്കും സാന്നിധ്യവും പ്രവർത്തനവും ഉണ്ടായിരിക്കുമെന്നും ക്വുർആനിൽ നിന്ന് സ്പഷ്ടമാണ്. (സൂ: നഹ്ൽ: 28; 32; നിസാഉ് 97; മുഹമ്മദ് 27 മുതലായവ നോക്കുക)

മനുഷ്യൻ മരണപ്പെട്ടു മണ്ണടിഞ്ഞുപോയശേഷം രണ്ടാമതൊരു ജീവിതം ഉണ്ടാകുക അസാധ്യമാണെന്ന് ധരിച്ചുവെച്ച മുശ്‌രിക്കുകളുടെ പരിഹാസവും ആശ്ചര്യവും നിറഞ്ഞ ചോദ്യവും, അതിന് ഖണ്ഡിതമായ മറുപടിയുമാണ് ഈ വചനങ്ങളിൽ കാണുന്നത്. എന്നാൽ, അതിനെപ്പറ്റി ഇപ്പോൾ അവർ എന്തുതന്നെ പറഞ്ഞാലും ശരി, എന്തുതന്നെ വിശ്വസിച്ചാലും ശരി, പരലോകത്ത്‌വെച്ചു അവരുടെ ഈ നിലയെല്ലാം മാറിപ്പോകുമെന്നും, അവർ തീരാദുഃഖത്തിൽ അകപ്പെടുമെന്നും അടുത്ത വചനത്തിൽ അല്ലാഹു താക്കീത് ചെയ്യുന്നു :

വിഭാഗം - 2

وَلَوْ تَرَىٰٓ إِذِ ٱلْمُجْرِمُونَ نَاكِسُوا۟ رُءُوسِهِمْ عِندَ رَبِّهِمْ رَبَّنَآ أَبْصَرْنَا وَسَمِعْنَا فَٱرْجِعْنَا نَعْمَلْ صَٰلِحًا إِنَّا مُوقِنُونَ ﴿١٢﴾

﴾12﴿ (ആ) കുറ്റവാളികൾ അവരുടെ രക്ഷിതാവിന്റെ അടുക്കൽ തങ്ങളുടെ തലകൾ (കുത്തനെ) താഴ്ത്തിക്കൊണ്ടിരിക്കുന്ന സന്ദർഭം നീ കാണുന്നപക്ഷം! (ഹാ, അത് വല്ലാത്തൊരു കാഴ്ചയായിരിക്കും!) (അവർ പറയും:) ഞങ്ങളുടെ റബ്ബേ ! ഞങ്ങൾ (നേരിൽ) കാണുകയും, കേൾക്കുകയും ചെയ്തു ; അതുകൊണ്ട് ഞങ്ങളെ മടക്കി (അയച്ചു) തരേണമേ -ഞങ്ങൾ സൽക്കർമം പ്രവർത്തിച്ചുകൊള്ളാം ! നിശ്ചയമായും ഞങ്ങൾ (ഇപ്പോൾ) ദൃഢമായി വിശ്വസിച്ചവരാണ്.

﴾12﴿ وَلَوْ تَرَى നീ കണ്ടിരുന്നെങ്കിൽ ! إِذِالْمُجْرِمُونَ കുറ്റവാളികൾ ആയിരിക്കുന്ന സന്ദർഭം نَاكِسُو رُءُوسِهِمْ തങ്ങളുടെ തലകളെ താഴ്ത്തിക്കൊണ്ടിരിക്കുന്നവർ عِندَرَبِّهِمْ തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ رَبَّنَا ഞങ്ങളുടെ രക്ഷിതാവേ أَبْصَرْنَا ഞങ്ങൾ കണ്ടു وَسَمِعْنَا ഞങ്ങൾ കേൾക്കയും ചെയ്തു فَارْجِعْنَا ആകയാൽ ഞങ്ങളെ മടക്കിത്തരേണമേ نَعْمَلْ ഞങ്ങൾ പ്രവർത്തിച്ചുകൊള്ളാം صَالِحًا സൽകർമം إِنَّا നിശ്ചയമായും ഞങ്ങൾ مُوقِنُونَ ഉറപ്പിച്ചവരാണ്, ദൃഢവിശ്വാസികളാണ്

പുനരുത്ഥാനത്തെ നിഷേധിക്കുകയും പരിഹസിക്കുകയും ചെയ്തിരുന്ന ആ മഹാപാപികൾ അല്ലാഹുവിന്റെ മുമ്പിൽ വരുമ്പോൾ, അവർണനീയമായ ഭയവിഹ്വലതയും, അപാരമായ വ്യസനവും, അത്യധികമായ നാണക്കേടും നിമിത്തം തലപൊക്കാൻ സാധിക്കാതെ കേണപേക്ഷിക്കുന്ന ആ സന്ദർഭത്തിന്റെ ഗൗരവം അല്ലാഹു ചൂണ്ടിക്കാട്ടുകയാണ്. തങ്ങളോട് ദൈവദൂതൻമാർ മുന്നറിയിപ്പ് നൽകിയിരുന്നതെല്ലാം പരിപൂർണ സത്യമാണെന്ന് തങ്ങൾക്കിപ്പോൾ അനുഭവംകൊണ്ട് ബോധ്യമായെന്നും, ഇഹത്തിലേക്ക് ഒന്ന് ൊകൂടി മടക്കി അയച്ചുതന്നാൽ തങ്ങൾ സൽക്കർമികളായിക്കൊള്ളാമെന്നും അവർ കേണപേക്ഷിച്ചുകൊണ്ടിരിക്കും. പക്ഷേ, ഫലമെന്ത്?! അല്ലാഹു പറയുന്നു :

وَلَوْ شِئْنَا لَآتَيْنَا كُلَّ نَفْسٍ هُدَىٰهَا وَلَٰكِنْ حَقَّ ٱلْقَوْلُ مِنِّى لَأَمْلَأَنَّ جَهَنَّمَ مِنَ ٱلْجِنَّةِ وَٱلنَّاسِ أَجْمَعِينَ ﴿١٣﴾

﴾13﴿ നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ, ഓരോ ദേഹത്തിനും [ആൾക്കും] അതിന്റെ നേർമാർഗം നാം നൽകുമായിരുന്നു. പക്ഷേ, എന്നിൽ നിന്ന് വാക്ക് സ്ഥിരപ്പെട്ടു കഴിഞ്ഞിരിക്കുന്നു: ജിന്നുകളിൽ നിന്നും, മനുഷ്യരിൽ നിന്നുമെല്ലാം നരകത്തെ നിശ്ചയമായും ഞാൻ നിറക്കുന്നതാണ് എന്ന്.

﴾13﴿ وَلَوْ شِئْنَا നാം ഉദ്ദേശിച്ചിരുന്നെങ്കിൽ لَآتَيْنَا നാം നൽകുമായിരുന്നു كُلَّ نَفْسٍ എല്ലാ ദേഹത്തിനും, ആൾക്കും, ആത്മാവിനും هُدَاهَا അതിന്റെ നേർമാർഗം وَلَٰكِنْ പക്ഷേ, എങ്കിലും حَقَّ സ്ഥിരപ്പെട്ടു, യാഥാർത്ഥ്യമായിരിക്കുന്നു الْقَوْلُ വാക്ക്, വചനം مِنِّي എന്റെപക്കൽ നിന്ന് لَأَمْلَأَنَّ നിശ്ചയമായും ഞാൻ നിറക്കും (എന്ന്) جَهَنَّمَ നരകത്തെ مِنَ الْجِنَّةِ ജിന്നുകളിൽനിന്നും, ജിന്നുകളാലും وَ النَّاسِ മനുഷ്യരിൽ നിന്നും أَجْمَعِينَ എല്ലാം തന്നെ.

അതായത്, ഒരാൾപോലും ദുർമാർഗത്തിൽ അകപ്പെടാതെ, എല്ലാവരും സൻമാർഗികൾ മാത്രം ആയേ തീരൂ എന്ന് അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ കാര്യം അങ്ങിനെത്തന്നെ സംഭവിക്കുമായിരുന്നു. പക്ഷേ, അവന്റെ നിശ്ചയം അതല്ല. ജിന്നുവർഗത്തിനും, മനുഷ്യവർഗത്തിനും ആവശ്യമായ മാർഗദർശനങ്ങൾ നൽകുകയും അവരവരുടെ ഹിതമനുസരിച്ച് നല്ലതും തീയതും തിരഞ്ഞെടുക്കുവാൻവേണ്ടുന്ന അഭിപ്രായസ്വാതന്ത്ര്യം എല്ലാവർക്കും നൽകുകയുമാണ് ചെയ്തിരിക്കുന്നത്. അതോടൊപ്പം തന്നെ, ദുർമാർഗികളെ നരകത്തിലിട്ടു ശിക്ഷിക്കുമെന്ന താക്കീതും നൽകിയിട്ടുണ്ട്. ആ നിശ്ചയത്തിന് ഇനി മാറ്റമില്ലെന്നു സാരം. (സൂ: ശൂറാ 8-ാം വചനത്തിന്റെ വിവരണത്തിൽ കൂടുതൽ വിവരം വരുന്നതാണ് إِنْ شَاءَ الله

മനുഷ്യപിതാവായ ആദം നബി(അ)ക്ക് സുജൂദ് ചെയ്‌വാനുള്ള അല്ലാഹുവിന്റെ കൽപനയെ ധിക്കരിച്ചതിനെത്തുടർന്ന് പിശാച് അല്ലാഹുവിന്റെ ശാപത്തിന് വിധേയനായി. ഈ അവസരത്തിൽ ഖേദിച്ചുമടങ്ങുന്നതിന്പകരം, ആദമിന്റെ സന്താനങ്ങളെ തന്നെക്കൊണ്ട് കഴിയുന്നവണ്ണം താൻ വഞ്ചിക്കുമെന്ന് ശപഥം ചെയ്യുകയാണ് പിശാച് ചെയ്തത്. ഈ അവസരത്തിൽ അല്ലാഹു അവനെ അഭിമുഖീകരിച്ചു ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി : لاملان جهنم منك وممن تبعك منهم أجمعين–ص ٨٥ (നിന്നെക്കൊണ്ടും അവരിൽ നിന്ന് നിന്നെ പിൻപറ്റിയവരെക്കൊണ്ടുമെല്ലാം നിശ്ചയമായും നാം നരകത്തെ നിറക്കുന്നതാണ്) ഈ നിശ്ചയത്തെക്കുറിച്ചാണ് അല്ലാഹു ഇവിടെയും പ്രസ്താവിക്കുന്നത്. കുറ്റവാളികളുടെ അപേക്ഷ ഗൗനിക്കപ്പെടാതിരിക്കുവാനുള്ള കാരണം വിവരിച്ചശേഷം അവർക്ക് നൽകുന്ന മറുപടി എന്തായിരിക്കുമെന്ന് അല്ലാഹു അടുത്ത വചനത്തിൽ ഉദ്ധരിക്കുന്നു :

فَذُوقُواْ بِمَا نَسِيتُمْ لِقَآءَ يَوْمِكُمْ هَٰذَآ إِنَّا نَسِينَٰكُمْ ۖ وَذُوقُواْ عَذَابَ ٱلْخُلْدِ بِمَا كُنتُمْ تَعْمَلُونَ ﴿١٤﴾

﴾14﴿ ആകയാൽ, നിങ്ങളുടെ ഈ ദിവസത്തെ കണ്ടുമുട്ടുന്നത് നിങ്ങൾ വിസ്മരിച്ചു കളഞ്ഞതുകൊണ്ട് (അതിന്റെ ശിക്ഷ) നിങ്ങൾ ആസ്വദിച്ചു കൊള്ളുവിൻ. നിശ്ചയമായും നാം നിങ്ങളെ വിസ്മരിച്ചിരിക്കുകയാണ് ! നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിന്റെ ഫലമായി ശാശ്വതശിക്ഷ ആസ്വദിക്കുകയും ചെയ്തുകൊള്ളുവിൻ !

﴾14﴿ فَذُوقُوا അതുകൊണ്ട് നിങ്ങൾ ആസ്വദിക്കുവിൻ بِمَا نَسِيتُمْ നിങ്ങൾ വിസ്മരിച്ചതിനാൽ لِقَاءَ يَوْمِكُمْ നിങ്ങളുടെ ദിവസത്തെ കണ്ടുമുട്ടുന്നതിനെ هَٰذَا ഈ إِنَّا നിശ്ചയമായും നാം نَسِينَاكُمْ നിങ്ങളെ വിസ്മരിച്ചിരിക്കുന്നു وَذُوقُوا ആസ്വദിക്കയും ചെയ്യുവിൻ عَذَابَ الْخُلْدِ ശാശ്വത ശിക്ഷ بِمَا كُنتُمْ നിങ്ങളായിരുന്നതുകൊണ്ട് تَعْمَلُونَ പ്രവർത്തിച്ചിരുന്ന (തുകൊണ്ട്).

അല്ലാഹുവിന്റെ മുമ്പിൽ തങ്ങൾ ഹാജരാക്കപ്പെടുകയും വിചാരണ ചെയ്യപ്പെടുകയും ചെയ്യുമെന്നതിനെ അവർ വ്യാജമാക്കി അവഗണിച്ചതുകൊണ്ട് അല്ലാഹു അവരോടും അവഗണന സ്വീകരിക്കുകയാണ് ചെയ്യുക. എനി അവർക്ക് ശാശ്വതമായ നരകശിക്ഷ അനുഭവിക്കുകയല്ലാതെ ഗത്യന്തരമില്ല എന്ന് സാരം. സത്യനിഷേധികളെക്കുറിച്ച് പ്രസ്താവിച്ചശേഷം അടുത്ത വചനങ്ങളിൽ സത്യവിശ്വാസികളെക്കുറിച്ച് പ്രസ്താവിക്കുന്നു:

إِنَّمَا يُؤْمِنُ بِـَٔايَٰتِنَا ٱلَّذِينَ إِذَا ذُكِّرُواْ بِهَا خَرُّواْ سُجَّدًا وَسَبَّحُواْ بِحَمْدِ رَبِّهِمْ وَهُمْ لَا يَسْتَكْبِرُونَ ۩ ﴿١٥﴾

﴾15﴿ നിശ്ചയമായും നമ്മുടെ ആയത്തുകളിൽ യാതൊരു കൂട്ടർ മാത്രമേ വിശ്വസിക്കുന്നുള്ളൂ : അവർക്ക് അവ മുഖേന ഉൽബോധനം നൽകപ്പെട്ടാൽ അവർ സുജൂദ് [സാഷ്ടാംഗ നമസ്കാരം] ചെയ്യുന്നവരായി നിലംപതിക്കുകയും തങ്ങളുടെ രക്ഷിതാവിനെ സ്തുതിച്ചുകൊണ്ട് തസ്ബീഹ് [സ്തോത്രകീർത്തനം] ചെയ്യുകയും ചെയ്യുന്നതാണ് ; അവരാകട്ടെ, ഗർവ്വ് നടിക്കുകയുമില്ല.

تَتَجَافَىٰ جُنُوبُهُمْ عَنِ ٱلْمَضَاجِعِ يَدْعُونَ رَبَّهُمْ خَوْفًا وَطَمَعًا وَمِمَّا رَزَقْنَٰهُمْ يُنفِقُونَ ﴿١٦﴾

﴾16﴿ തങ്ങളുടെ രക്ഷിതാവിനോട് - ഭയവും ആശയും നിമിത്തം - പ്രാർത്ഥന ചെയ്തുകൊണ്ട് അവരുടെ പാർശ്വങ്ങൾ കിടപ്പുസ്ഥാനങ്ങളിൽ [വിരിപ്പുകളിൽ] നിന്ന് അകന്ന്പോകുന്നതാണ്; നാം അവർക്ക് നൽകിയിട്ടുള്ളതിൽ നിന്ന് അവർ ചിലവഴിക്കുകയും ചെയ്യും. (ഇങ്ങിനെയുള്ളവരേ വിശ്വസിക്കുന്നുള്ളൂ.)

﴾15﴿ إِنَّمَا يُؤْمِنُ നിശ്ചയമായും വിശ്വസിക്കുന്നുള്ളൂ بِـَٔايَٰتِنَا നമ്മുടെ ആയത്തുകളിൽ الَّذِينَ യാതൊരുകൂട്ടർ (മാത്രം) إِذَا ذُكِّرُوا അവർക്ക് ഉദ്ബോധനം (ഉപദേശം) ചെയ്യപ്പെട്ടാൽ بِهَا അവ മുഖേന, അവകൊണ്ട് خَرُّوا അവർ നിലംപതിക്കും, വീഴും سُجَّدًا സുജൂദ് ചെയ്യുന്നവരായിട്ട് وَسَبَّحُوا അവർ തസ്ബീഹ് ചെയ്യുകയും ചെയ്യും بِحَمْدِ സ്തുതിച്ചുകൊണ്ട് رَبِّهِمْ തങ്ങളുടെ റബ്ബിനെ وَهُمْ അവരാകട്ടെ لَا يَسْتَكْبِرُونَ ഗർവ്വ് (അഹംഭാവം) നടിക്കയുമില്ല ﴾16﴿ تَتَجَافَىٰ അകന്ന് പോകും جُنُوبُهُمْ അവരുടെ പാർശ്വങ്ങൾ عَنِ الْمَضَاجِعِ കിടപ്പുസ്ഥാനങ്ങളിൽ നിന്ന് يَدْعُونَ അവർ പ്രാർത്ഥിച്ചുകൊണ്ട് رَبَّهُمْ തങ്ങളുടെ രക്ഷിതാവിനെ خَوْفًا പേടിയാൽ, ഭയന്ന് وَطَمَعًا ആശയാലും, ആഗ്രഹിച്ചും وَمِمَّا رَزَقْنَاهُمْ നാം അവർക്ക് നൽകിയതിൽ നിന്ന് يُنفِقُونَ അവർ ചിലവഴിക്കയും ചെയ്യും.

ആയത്ത് (اية) എന്ന വാക്കിന്റെ ബഹുവചനമാണ് ആയാത്ത് (آيات) ദൃഷ്ടാന്തം, ലക്ഷ്യം, അടയാളം, വേദവാക്യം, സൂക്തം എന്നീ ഉദ്ദേശ്യങ്ങളിലെല്ലാം ഈ വാക്ക് ഉപയോഗിക്കപ്പെടാറുണ്ട്. ഖുർആൻ വചനങ്ങൾക്ക് ആയത്തുകൾ എന്ന് പറയപ്പെടുന്നതിന്റെ താൽപര്യം ഇതിൽ നിന്ന് മനസ്സിലാക്കാം. അല്ലാഹുവിന്റെ മഹത്വത്തെ വാഴ്ത്തുക, അവന്റെ പരിശുദ്ധതയെ പ്രകീർത്തനം ചെയ്യുക, അവന് ആരാധനാകർമങ്ങൾ നടത്തുക എന്നിവയെല്ലാം ഉൾക്കൊള്ളുന്ന വാക്കാണ് تسبيح (തസ്ബീഹ്)

അല്ലാഹുവിന്റെ ആയത്തുകളിൽ ശരിയായി വിശ്വസിക്കുന്ന ആളുകളുടെ വിശിഷ്ട ലക്ഷണങ്ങളായി ഇവിടെ എടുത്തു പറഞ്ഞ കാര്യങ്ങൾ ഓരോന്നും നാം പ്രത്യേകം മനസ്സിരുത്തേണ്ടതും, പ്രവർത്തനങ്ങളിൽ വരുത്തേണ്ടതുമാകുന്നു. അല്ലാഹു സഹായിക്കട്ടെ. ആമീൻ. അവയെ ഇങ്ങിനെ സംഗ്രഹിക്കാം:

1-ാമത്തെ ഗുണം : അല്ലാഹുവിന്റെ ആയത്തുകൾ-മുഖേനഅഥവാ ദൃഷ്ടാന്തങ്ങൾ മുഖേനയോ ഖുർആൻ വചനങ്ങൾ മുഖേനയോ-ഉപദേശം നൽകപ്പെട്ടാൽ സശ്രദ്ധം അത് കേൾക്കുകയും, ഭക്തിബഹുമാനത്തോടുകൂടി അത് അനുസരിക്കുകയും, വാക്ക് കൊണ്ടും പ്രവൃത്തികൊണ്ടും അത് അനുഷ്ഠിക്കുകയും ചെയ്യുക (സൂഃ മർയം 58 ന്റെയും, സൂ: ഫുർഖാൻ 73 ന്റെയും അർത്ഥ വിവരണങ്ങൾ ഓർക്കുക)

2-ാമത്തേത് : അവൻ ഗർവ്വ് നടിക്കുകയില്ല എന്നുള്ളതാകുന്നു. സത്യത്തോടും ഉപദേശത്തോടും ആദരവ്, വാക്കിലും പെരുമാറ്റത്തിലും വിനയം, ഇതാണവരുടെ സ്വഭാവം. ആകയാൽ, ധിക്കാരം മർക്കടമുഷ്ടി, കുതർക്കം, ദുർവ്യാഖ്യാനം, പൊങ്ങച്ചം, സത്യത്തോടും

ന്യായത്തോടും അവഗണന ഇത്യാദി ദോഷങ്ങളൊന്നും അവരെ തീണ്ടുകയില്ല. (സൂ: ലുക്മാൻ 7-ാം വചനം, സൂ: ഹജ്ജ് 8, 9 വചനങ്ങളും വിവരണവും ഓർക്കുക)

3-ാമത്തെ ഗുണം : അവർ രാത്രി സമയത്ത് സാധാരണ ആളുകളെപ്പോലെ നിദ്രയിൽ മുഴുകി സമയം കഴിക്കുകയില്ല. നമസ്കാരം, ദിക്ർ (ധ്യാനം), തസ്ബീഹ് (കീർത്തനം), ദുആ (പ്രാർത്ഥന) ആദിയായവയിൽ വ്യാപൃതരാകുന്നതുകൊണ്ട് രാത്രി അധിക സമയം അവർ ശയനസ്ഥാനത്തെ വിട്ടുകൊണ്ടാണ് കഴിച്ചുകൂട്ടുക, സൂ: ദാരിയാത്ത് 17, 18-ൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, അവർ രാത്രി ഉറങ്ങുക കുറവാണ്. (പാതിരാക്കു ശേഷം) അത്താഴവേളകളിൽ അവർ പാപമോചനം തേടിക്കൊണ്ടിരിക്കയും ചെയ്യും. (كانوا قليلا - إلى يستغفرون) സ്വസ്ഥത, മനസ്സാന്നിദ്ധ്യം, ജോലിത്തിരക്കില്ലായ്മ, പ്രാർത്ഥനകളും സൽകർമങ്ങളും കൂടുതൽ ഫലപ്രദമാകുക എന്നിങ്ങിനെ പല നിലക്കും മെച്ചപ്പെട്ടതാണ് രാത്രി സമയം. വിശേഷിച്ചും രാത്രിയുടെ അവസാന ഭാഗം.

4-ാമത്തേത് : ഭയപ്പാടും, ആശയും കലർന്നുകൊണ്ടാണ് അവർ പ്രാർത്ഥനകളും ആരാധനകളും നടത്തുന്നത്. തങ്ങളുടെ പാപങ്ങൾ നിമിത്തം തങ്ങൾ അല്ലാഹുവിന്റെ ശിക്ഷക്കും ശാപകോപങ്ങൾക്കും പാത്രമായേക്കുമോ ? തങ്ങളുടെ പ്രാർത്ഥനാകർമങ്ങൾ അല്ലാഹുവിങ്കൽ സ്വീകാര്യമാകാതെ വന്നേക്കുമോ ? തങ്ങൾ സജ്ജനങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടാതിരുന്നേക്കുമോ ? ഇതൊക്കെയാണവരുടെ ഭയം. സൽകർമങ്ങൾക്കും, സജ്ജനങ്ങൾക്കും അല്ലാഹു നൽകുന്ന മഹത്തായ വാഗ്ദാനഫലങ്ങൾ, അവന്റെ അതിവിശാലമായ കാരുണ്യം, പ്രാർത്ഥനാകർമങ്ങൾ സ്വീകരിക്കപ്പെട്ടേക്കുമെന്ന പ്രതീക്ഷ ഇതെല്ലാം അവർക്കു ആശയും ആവേശവും നൽകിക്കൊണ്ടുമിരിക്കും. ഭയവും ആശയും ഒരേ സമയത്തുണ്ടായിരിക്കുവാൻ കാരണമെന്തെന്നാൽ,അല്ലാഹു പറയുന്നു:

نَبِّئْ عِبَادِي أَنِّي أَنَا الْغَفُورُ الرَّحِيمُ ,وَأَنَّ عَذَابِي هُوَ الْعَذَابُ الأَلِيمُ- الحجر:٤٩, ٥٠

(എന്റെ അടിയാൻമാർക്ക് അറിയിച്ചുകൊടുക്കുക : ഞാൻ തന്നെയാണ് വളരെ പൊറുക്കുന്നവനും കരുണാനിധിയുമായുള്ളവൻ ; എന്റെ ശിക്ഷതന്നെയാണ് വേദനയേറിയ ശിക്ഷയും എന്ന്)

നബിﷺ പ്രസ്താവിച്ചിരിക്കുന്നു : സത്യവിശ്വാസി അല്ലാഹുവിന്റെ അടുക്കലുള്ള ശിക്ഷയെക്കുറിച്ച് (ശരിക്ക്)അറിഞ്ഞിരുന്നുവെങ്കിൽ, അവന്റെ സ്വർഗത്തെക്കുറിച്ച് ഒരാളും ആശിക്കുമായിരുന്നില്ല ; (അമിതപ്രതീക്ഷ പുലർത്തുകയില്ല) അവിശ്വാസി അല്ലാഹുവിന്റെ അടുക്കലുള്ള കാരുണ്യത്തെക്കുറിച്ച് (ശരിക്ക്) അറിഞ്ഞിരുന്നുവെങ്കിൽ, അവന്റെ കാരുണ്യത്തെക്കുറിച്ച് ഒരാളും നിരാശപ്പെടുകയും ചെയ്യുമായിരുന്നില്ല. (മുസ്ലിം-2755) അതുകൊണ്ട് ഒരോ സത്യവിശ്വാസിയും എപ്പോഴും പേടിയും ശുഭപ്രതീക്ഷയും (الخوف والرجاء) ഉള്ളവനായിരിക്കണമെന്ന് കർശനമായി ഉപദേശിക്കപ്പെടുന്നു.

5-ാമതായി പറഞ്ഞ ഗുണം : അല്ലാഹു തങ്ങൾക്ക് നൽകിയിട്ടുള്ളതിൽ നിന്ന് അവർ ചെലവഴിക്കുമെന്നുള്ളതാണ്. തങ്ങൾക്ക് എന്തെല്ലാം കഴിവുകളുണ്ടോ അതെല്ലാം അല്ലാഹു നൽകിയതാണ്-തങ്ങളുടെ സ്വന്തം പ്രാപ്തി കൊണ്ടോ സാമർത്ഥ്യംകൊണ്ടോ ലഭിച്ചതല്ല-എന്ന് അവർക്കും തികച്ചും വിശ്വാസമുണ്ട്. അങ്ങിനെ, അല്ലാഹുവിനും തങ്ങൾക്കുമിടയിലുള്ള ബന്ധം യഥാവിധി നിറവേറ്റുന്നതുപോലെ, സഹസൃഷ്ടികളോടുള്ള ബന്ധവും അവർ പാലിക്കും. കഴിവനുസരിച്ച് ദാനധർമങ്ങളും, സഹായ സഹകരണങ്ങളും ചെയ്യുന്നതിൽ അവർക്ക് പിശുക്കോ വൈമനസ്യമോ ഇല്ല.

സൂ: ദാരിയാത്ത് :19-ൽ ഇതിനെപ്പറ്റി അല്ലാഹു പ്രസ്താവിക്കുന്നത് ഇങ്ങിനെയാകുന്നു: وفى أموالهم حق للسائل والمحروم– الذاريات ചോദിച്ചുവരുന്നവർക്കും, സംഗതിവശാൽ ചോദിക്കുന്ന തിനു തടസ്സം നേരിട്ടിട്ടുള്ളവർക്കും അവരുടെ സ്വത്തുകളിൽ അവകാശമുണ്ട്-അഥവാ അവർക്ക് തങ്ങളുടെ സ്വത്തിൽ നിന്ന് സഹായം നൽകുന്നത് തങ്ങളുടെ കടമയാണെന്നുള്ള നില ക്കാണ് അവരുടെ പെരുമാറ്റം - എന്നു താൽപര്യം. ഇങ്ങിനെയുള്ള സൽഗുണവാൻമാരിൽ അല്ലാഹു നമ്മെയും ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ!. പ്രതിഫലം അല്ലാഹു വിവരിക്കുന്നത് നോക്കുക :

فَلَا تَعْلَمُ نَفْسٌ مَّآ أُخْفِىَ لَهُم مِّن قُرَّةِ أَعْيُنٍ جَزَآءًۢ بِمَا كَانُوا۟ يَعْمَلُونَ ﴿١٧﴾

﴾17﴿ അതിനാൽ, കൺകുളിർമയായി [ആനന്ദകരമായി ക്കൊണ്ട്] അവർക്കുവേണ്ടി ഗോപ്യമാക്കി (സൂക്ഷിച്ചു)വെക്കപ്പെട്ടിട്ടുള്ളത് ഒരാൾക്കും അറിയാവുന്നതല്ല ; (അതെ) അവർ പ്രവർത്തിച്ചിരുന്നതിന് പ്രതിഫലമായിട്ട് !

﴾17﴿ فَلَا تَعْلَمُ ആകയാൽ (എന്നാൽ) അറിയുന്നതല്ല نَفْسٌ ഒരാളും مَا أُخْفِيَ ഗോപ്യമാക്കി (ഒളിച്ചു)വെക്കപ്പെട്ടിട്ടുള്ളത് لَهُمْ അവർക്ക് വേണ്ടി مِن قُرَّةِ أَعْيُنٍ കൺകുളിർമയായിട്ട് جَزَاءً പ്രതിഫലമായി بِمَا യാതൊന്നിന് كَانُوا يَعْمَلُونَ അവർ പ്രവർത്തിച്ചു കൊണ്ടിരുന്ന

ആ സൽഭാഗ്യവാൻമാർ തങ്ങളുടെ ആരാധനാകർമങ്ങൾ മറ്റാരുടെയും പ്രശംസയോ പ്രീതിയോ ലക്ഷ്യമാക്കാതെ രാത്രി സമയങ്ങളിൽ സ്വകാര്യമായി നടത്തിയിരുന്നതുപോലെ, അവർക്കുള്ള അവർണനീയമായ പ്രതിഫലങ്ങളെ അല്ലാഹുവും ഗോപ്യമാക്കി ഒരുക്കിവെച്ചിരിക്കുകയാണ്. ആരുടെ ഭാവനക്കും അനുമാനത്തിലും അതീതമാണത്. നബിﷺ പറയുന്നു. (അല്ലാഹു പറയുകയാണ് : എന്റെ സജ്ജനങ്ങളായ അടിയാൻമാർക്ക് വേണ്ടി ഏതൊരു കണ്ണും കണ്ടിട്ടില്ലാത്തതും, ഏതൊരു കാതും കേട്ടിട്ടില്ലാത്തതും, ഒരു മനുഷ്യന്റെ ഹൃദയത്തിലും തോന്നിയിട്ടില്ലാത്തതുമായ വസ്തുക്കൾ ഞാൻ ഒരുക്കിവെച്ചിരിക്കുന്നു. (ഇതിനുതെളിവായി)നിങ്ങൾ .... فلا تعلم نفس എന്നുള്ള (ഈ) ഖുർആൻ വചനം ഓതിക്കൊള്ളുക) (ബു; മു.)

أَفَمَن كَانَ مُؤْمِنًا كَمَن كَانَ فَاسِقًا ۚ لَّا يَسْتَوُۥنَ ﴿١٨﴾

﴾18﴿ അപ്പോൾ, സത്യവിശ്വാസിയായിരിക്കുന്നവൻ തോന്നിയവാസിയായിരിക്കുന്നവനെപ്പോലെയാണോ?! (അല്ല,) അവർ സമമാവുകയില്ല.

أَمَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ فَلَهُمْ جَنَّـٰتُ ٱلْمَأْوَىٰ نُزُلًۢا بِمَا كَانُوا۟ يَعْمَلُونَ ﴿١٩﴾

﴾19﴿ എന്നാൽ, വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവരാകട്ടെ, അവർ പ്രവർത്തിച്ചുവരുന്നതിന്റെ ഫലമായി, സൽക്കാരമെന്നനിലയിൽ, അവർക്ക് (ആതിഥേയ)വാസത്തിന്റെ സ്വർഗങ്ങളുണ്ടായിരിക്കും.

وَأَمَّا ٱلَّذِينَ فَسَقُوا۟ فَمَأْوَىٰهُمُ ٱلنَّارُ كُلَّمَآ أَرَادُوٓا۟ أَن يَخْرُجُوا۟ مِنْهَآ أُعِيدُوا۟ فِيهَا وَقِيلَ لَهُمْ ذُوقُوا۟ عَذَابَ ٱلنَّارِ ٱلَّذِى كُنتُم بِهِۦ تُكَذِّبُونَ ﴿٢٠﴾

《20》 എന്നാൽ, തോന്നിയവാസം പ്രവർത്തിച്ചവരാകട്ടെ, അവരുടെ (ആതിഥേയ) വാസസ്ഥലം നരകമാകുന്നു; അവർ അതിൽ നിന്ന് പുറത്തുപോകുവാൻ ഉദ്യമിക്കുമ്പോഴെല്ലാം, അതിൽ (തന്നെ വീണ്ടും) അവർ മടക്കപ്പെടുന്നതാണ്. അവരോട് പറയപ്പെടുകയും ചെയ്യും : നിങ്ങൾ വ്യാജമാക്കിയിരുന്നതായ ആ നരകശിക്ഷ നിങ്ങൾ ആസ്വദിച്ചുകൊള്ളുവിൻ എന്ന് !

《18》 أَفَمَنْ كَانَ അപ്പോൾ ആയിട്ടുള്ളവനാണോ مُؤْمِنًا സത്യവിശ്വാസി كَمَنْ ഒരുവനെപ്പോലെ كَانَ فَاسِقًا തോന്നിയവാസി (ധിക്കാരി, തെമ്മാടി) ആയിട്ടുള്ള لَا يَسْتَوُونَ അവർ സമമാവുകയില്ല 《19》 أَمَّا الَّذِينَ എന്നാൽ യാതൊരുകൂട്ടർ آمَنُوا അവർ വിശ്വസിച്ചു وَعَمِلُوا അവർ പ്രവർത്തിക്കയും ചെയ്തു الصَّالِحَاتِ സൽക്കർമ്മങ്ങൾ فَلَهُمْ എന്നാലവർക്കുണ്ട് جَنَّاتُ الْمَأْوَىٰ വാസത്തിന്റെ (വാസസ്ഥലത്തിന്റെ) സ്വർഗങ്ങൾ نُزُلًا സൽക്കാരമായിട്ട്, വിരുന്നായിട്ട് بِمَا كَانُوا അവർ ആയിരുന്നതു നിമിത്തം يَعْمَلُونَ അവർ പ്രവർത്തിക്കും 《20》 وَأَمَّا الَّذِينَ എന്നാൽ യാതൊരു കൂട്ടരോ فَسَقُوا അവർ തോന്നിയവാസം (ധിക്കാരം) ചെയ്തു فَمَأْوَاهُمُ അപ്പോൾ അവരുടെ വാസസ്ഥാനം النَّارُ നരകമാണ് كُلَّمَا أَرَادُوا അവർ ഉദ്ദേശിക്കുമ്പോഴെല്ലാം أَنْ يَخْرُجُوا അവർ പുറത്തുപോകാൻ مِنْهَا അതിൽ നിന്ന് أُعِيدُوا അവർ (വീണ്ടും) മടക്കപ്പെടും فِيهَا അതിൽ وَقِيلَ പറയപ്പെടും لَهُمْ അവരോട് ذُوقُوا നിങ്ങൾ ആസ്വദിക്കുവിൻ عَذَابَ النَّارِ നരകശിക്ഷയെ الَّذِي كُنْتُمْ നിങ്ങൾ ആയിരുന്നതായ بِهِ അതിനെ تُكَذِّبُونَ വ്യാജമാക്കുക, കളവാക്കിക്കൊണ്ടിരിക്കുക.

ഇരുകൂട്ടരുടെയും വിശ്വാസങ്ങളും പ്രവൃത്തികളും ഇഹത്തിൽ പരസ്പര വിരുദ്ധമായിരുന്നത്പോലെത്തന്നെ, പരത്തിൽ ഇരുകൂട്ടരുടെയും പ്രതിഫലങ്ങളും, പര്യവസാനങ്ങളും പരസ്പര വിരുദ്ധമായിരിക്കും. ഒരു കൂട്ടരുടെ - സജ്ജനങ്ങളായ വിശ്വാസികളുടെ- ആനന്ദപരമായ സ്വർഗീയ ജീവിതം എത്രമേൽ മഹത്തരമാണോ, അത്രയും കടുത്തതും അസഹ്യവുമായിരിക്കും മറ്റവരുടെ - ധിക്കാരികളായ അവിശ്വാസികളുടെ - നരകജീവിതവും. എന്നാൽ, ധിക്കാരികൾക്കുള്ള ശിക്ഷാനടപടി പരലോകത്തിൽ വെച്ചു മാത്രമാണോ ഉണ്ടായിരിക്കുക? അല്ല :-

وَلَنُذِيقَنَّهُم مِّنَ ٱلْعَذَابِ ٱلْأَدْنَىٰ دُونَ ٱلْعَذَابِ ٱلْأَكْبَرِ لَعَلَّهُمْ يَرْجِعُونَ ﴿٢١﴾

《21》 ഏറ്റവും വലുതായ ശിക്ഷക്ക് പുറമെ, അവർക്ക് നാം താണ ശിക്ഷയിൽ നിന്നും (ചിലതൊക്കെ) ആസ്വദിപ്പിക്കുക തന്നെ ചെയ്യുന്നതാണ്; അവർ മടങ്ങിയേക്കാമല്ലോ (-അതിന്‌വേണ്ടി)

﴾21﴿ وَلَنُذِيقَنَّهُم അവർക്ക് നാം ആസ്വദിപ്പിക്കുക തന്നെ ചെയ്യും مِنَ ٱلْعَذَابِ ശിക്ഷയിൽ നിന്ന് ٱلْأَدْنَىٰ താണതായ, അടുത്തതായ دُونَ ٱلْعَذَابِ ശിക്ഷക്കപ്പുറമെ ٱلْأَكْبَرِ ഏറ്റവും വലിയ لَعَلَّهُمْ അവരായേക്കാം ആകുവാൻ വേണ്ടി يَرْجِعُونَ മടങ്ങുക, മടങ്ങുന്ന (വർ)

രോഗം, ക്ഷാമം, യുദ്ധം തുടങ്ങിയ വിവിധ മനഃക്ളേശങ്ങളും കഷ്ടപ്പാടുകളും ഇഹലോകത്ത്‌വെച്ചുതന്നെ അവർക്ക് അനുഭവപ്പെടും. ഇങ്ങിനെയുള്ള പരീക്ഷണങ്ങളിൽനിന്നെങ്കിലും അവർ പാഠം പഠിച്ചു മടങ്ങുവാൻ വേണ്ടിയാണത്. മടങ്ങുന്നില്ലെങ്കിൽ ഇതിന്പുറമെ പരലോകത്ത്‌വെച്ചുള്ള ഏറ്റവും വമ്പിച്ച ശിക്ഷയും അവർ അനുഭവിക്കേണ്ടി വരും. ഖുർആന്റെ അവതരണവേളയിൽ അതിന്റെ പ്രത്യക്ഷശത്രുക്കളായിരുന്ന ഖുറൈശികളെ സംബന്ധിച്ചിടത്തോളം ഇത്തരത്തിലുള്ള പല ശിക്ഷകളും അവർക്ക് അനുഭവപ്പെട്ടിട്ടുണ്ട്. പല യുദ്ധങ്ങൾക്കും പുറമെ ഏഴ്കൊല്ലം ഒന്നായി അവർക്ക് വമ്പിച്ച ക്ഷാമം പിടിപെട്ടു. മനുഷ്യൻ തിന്നാറില്ലാത്ത പലതും ഭക്ഷിക്കുവാൻ പോലും അവർ നിർബന്ധിതരായി. അല്ലാഹുവിന്റെ നിയമങ്ങളെ പരസ്യമായി ധിക്കരിച്ച പല ജനതകളിലും ഇതുപോലെ വിവിധ ഭയങ്കര ശിക്ഷകൾ അനുഭവപ്പെട്ടിട്ടുള്ളത് ചരിത്ര പ്രസിദ്ധങ്ങളാണ്. പക്ഷേ, ചിലപ്പോൾ ചില ജനതയുടെയൊ, ചില വ്യക്തിയുടെയോ മേലുള്ള നടപടി പെട്ടെന്ന് സംഭവിച്ചില്ലെന്ന്‌വന്നേക്കും. ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ അല്ലാഹു തന്റെ ശിക്ഷാനടപടികൾ നടത്താതിരിക്കുകയില്ല. ഇതിനെപ്പറ്റിയാണ് നബിപറയുന്നത് : إن الله ليملى الظالم حتى إذا أخذه لم يفلته –متفق عليه (അല്ലാഹു അക്രമിയെ അയച്ചുവിട്ടേക്കും, അങ്ങനെ, അവനെ അവൻ പിടിക്കുമ്പോൾ അവനു കുതറി രക്ഷപ്പെടാനാവുകയില്ല.) (ബു;മു.)

وَمَنْ أَظْلَمُ مِمَّن ذُكِّرَ بِـَٔايَٰتِ رَبِّهِۦ ثُمَّ أَعْرَضَ عَنْهَآ ۚ إِنَّا مِنَ ٱلْمُجْرِمِينَ مُنتَقِمُونَ ﴿٢٢﴾

﴾22﴿ തന്റെ രക്ഷിതാവിന്റെ ആയത്തുകൾ മുഖേന ഉൽബോധനം ചെയ്യപ്പെടുകയും, എന്നിട്ട് അവയെ വിട്ട് തിരിഞ്ഞുകളയുകയും ചെയ്തവനെക്കാൾ അക്രമി ആരാണുള്ളത്?! നിശ്ചയമായും (ആ) കുറ്റവാളികളോട് നാം (പ്രതികാര)ശിക്ഷാ നടപടിയെടുക്കുന്നവരാകുന്നു.

﴾22﴿ وَمَنْ ആരാണ്, ആരുണ്ട് أَظْلَمُ ഏറ്റവും (കൂടുതൽ)അക്രമി مِمَّنْ യാതൊരുവനെക്കാൾ ذُكِّرَ അവന് ഉപദേശം (ഉൽബോധനം)ചെയ്യപ്പെട്ടു بِآيَاتِ رَبِّهِ തന്റെ റബ്ബിന്റെ ആയത്തുകൾ മുഖേന ثُمَّ പിന്നെ, എന്നിട്ട് أَعْرَضَ അവൻ തിരിഞ്ഞുകളഞ്ഞു عَنْهَا അവ വിട്ട് إِنَّا നിശ്ചയമായും നാം مِنَ ٱلْمُجْرِمِينَ കുറ്റവാളികളോട് مُنتَقِمُونَ ശിക്ഷാനടപടി എടുക്കുന്നവരാണ്, പ്രതികാരമെടുക്കുന്നവരാണ്

തങ്ങളുടെ ശാശ്വത നൻമക്കും, രക്ഷക്കും വേണ്ടി ഉപദേശം ചെയ്യപ്പെടുക, അത് തങ്ങളുടെ രക്ഷിതാവും നാഥനുമായുള്ള അല്ലാഹുവിന്റെ വേദവാക്യങ്ങളും, ദൃഷ്ടാന്തങ്ങളും മുഖേനയും ആയിരിക്കുക, എന്നിട്ടും അത് സ്വീകരിക്കുകയോ ശ്രദ്ധിക്കുകയോ ചെയ്യാതെ തള്ളിക്കളയുമ്പോൾ അതിൽപരം അനീതി മറ്റെന്തുണ്ട് ?! അതുകൊണ്ട് അങ്ങിനെയുള്ള കുറ്റവാളികളെ അല്ലാഹു ശിക്ഷിക്കാതെ വിടുകയില്ലെന്നു സാരം.

വിഭാഗം - 3

وَلَقَدْ ءَاتَيْنَا مُوسَى ٱلْكِتَٰبَ فَلَا تَكُن فِى مِرْيَةٍ مِّن لِّقَآئِهِۦ ۖ وَجَعَلْنَٰهُ هُدًى لِّبَنِىٓ إِسْرَٰٓءِيلَ ﴿٢٣﴾

《23》 മൂസാക്ക് നാം വേദഗ്രന്ഥം നൽകുകയുണ്ടായിട്ടുണ്ട് ; എന്നാൽ അതിന്റെ (അഥവാ അദ്ദേഹത്തിന്റെ) കാഴ്ചയെക്കുറിച്ച് നീ യാതൊരു ആശങ്കയിലും ആകേണ്ടതില്ല. നാം അതിനെ (അഥവാ അദ്ദേഹത്തെ) ഇസ്റാഈൽ സന്തതികൾക്ക് മാർഗദർശനമാക്കുകയും ചെയ്തു.

وَجَعَلْنَا مِنْهُمْ أَئِمَّةً يَهْدُونَ بِأَمْرِنَا لَمَّا صَبَرُوا۟ ۖ وَكَانُوا۟ بِـَٔايَٰتِنَا يُوقِنُونَ ﴿٢٤﴾

《24》 അവർ ക്ഷമ കൈക്കൊണ്ടപ്പോൾ നമ്മുടെ കല്പനയനുസരിച്ച് (ജനങ്ങൾക്ക്) മാർഗദർശനം നൽകുന്ന ചില നേതാക്കളെ നാം അവരിൽ നിന്ന് ഉണ്ടാക്കുകയും ചെയ്തു. അവർ, നമ്മുടെ ആയത്തുകളിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്തിരുന്നു.

إِنَّ رَبَّكَ هُوَ يَفْصِلُ بَيْنَهُمْ يَوْمَ ٱلْقِيَٰمَةِ فِيمَا كَانُوا۟ فِيهِ يَخْتَلِفُونَ ﴿٢٥﴾

《25》 നിശ്ചയമായും, അവർ ഭിന്നിച്ചുകൊണ്ടിരുന്ന കാര്യത്തിൽ നിന്റെ റബ്ബ് തന്നെ അവർക്കിടയിൽ ഖിയാമത്ത്നാളിൽ തീരുമാനം ചെയ്യുന്നതാണ്.

《23》 وَلَقَدْ آتَيْنَا നാം നൽകിയിട്ടുണ്ട് مُوسَى മൂസാക്ക് الْكِتَابَ വേദഗ്രന്ഥം فَلَا تَكُنْ എന്നാൽ നീ ആവരുത് فِي مِرْيَةٍ ഒരു ആശങ്കയിലും, സംശയത്തിലും مِنْ لِقَائِهِ അതിന്റെ (അദ്ദേഹത്തിന്റെ)കാഴ്ചയെ(ഏറ്റെടുക്കലിനെ)പ്പറ്റി وَجَعَلْنَاهُ അദ്ദേഹത്തെ (അതിനെ) നാം ആക്കുകയും ചെയ്തു هُدًى മാർഗദർശനം لِبَنِي إِسْرَائِيلَ ഇസ്റാഈൽ സന്തതികൾക്ക് 《24》 وَجَعَلْنَا مِنْهُمْ അവരിൽ നിന്നും നാം ഉണ്ടാക്കുകയും ചെയ്തു أَئِمَّةً ചില നേതാക്കളെ يَهْدُونَ മാർഗദർശനം നൽകുന്ന بِأَمْرِنَا നമ്മുടെ കൽപന പ്രകാരം لَمَّا صَبَرُوا അവർ ക്ഷമിച്ച

പ്പോൾ وَ كَانُوا അവരായിരുന്നു بِآيَاتِنَا നമ്മുടെ ആയത്തുകളിൽ يُوقِنُونَ ദൃഢമായി വിശ്വസിക്കും ﴾25﴿ إِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ് هُوَ അവൻ (തന്നെ) يَفْصِلُ തീരുമാനം ചെയ്യും, തീർപ്പ് കല്പിക്കും, പിരിച്ചുവിടും بَيْنَهُمْ അവർക്കിടയിൽ يَوْمَ الْقِيَامَةِ ക്വിയാമത്ത്നാളിൽ فِيمَا യാതൊന്നിൽ كَانُوا അവരായിരുന്നു فِيهِ അതിൽ يَخْتَلِفُونَ ഭിന്നിക്കും, ഭിന്നിക്കുന്ന(വർ)

لقاء (ലിക്വാഉ്) എന്ന വാക്കിന് കാണുക, ഏറ്റെടുക്കുക, സ്വീകരിക്കുക എന്നൊക്കെ അർത്ഥമുണ്ട്. لقائه എന്നതിലുള്ള സർവ്വനാമം (ضمير) വേദഗ്രന്ഥത്തെ ഉദ്ദേശിച്ചോ, മൂസാ(അ)നെ ഉദ്ദേശിച്ചോ ആകാവുന്നതുമാണ്. ഈ അടിസ്ഥാനത്തിൽ 23-ാം വചനത്തിലെ ആദ്യഭാഗത്തിന് ഒന്നിലധികം വ്യാഖ്യാനം നൽകപ്പെട്ടുകാണാം. വാചകഘടനയും, സന്ദർഭവും വെച്ചു നോക്കുമ്പോൾ താഴെ പറയുന്ന രണ്ടിലൊരു വ്യാഖ്യാനമാണ് അവയിൽവെച്ച് കൂടുതൽ യുക്തമായി തോന്നുന്നത് :

1) മൂസാക്ക് വേദഗ്രന്ഥം നൽകിയിട്ട് അദ്ദേഹത്തിനുണ്ടായ കാഴ്ചയെപ്പറ്റി - അദ്ദേഹത്തിന് നേരിടേണ്ടിവന്ന എതിർപ്പുകളെയും, വിഷമങ്ങളെയും കുറിച്ച് - ഒട്ടും സംശയിക്കുവാനില്ല. വളരെ കടുത്തതായിരുന്നു അത്. അതുപോലെത്തന്നെയാണ് ഈ ജനതയിൽ നിന്ന് തനിക്കും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്.

2) മൂസാക്ക് വേദഗ്രന്ഥം കൊടുത്തുവല്ലോ. അതുപോലെ നീയും വേദഗ്രന്ഥം കാണുന്നതിനെസ്സംബന്ധിച്ച്-അഥവാ ജനങ്ങൾക്ക് മാർഗദർശകവും നിയമസംഹിതയുമാകുന്ന ഒരു പൂർണഗ്രന്ഥം തനിക്കും ലഭിക്കുമാറാക്കുന്നതിനെക്കുറിച്ച് - ഒട്ടും ആശങ്കക്കവകാശമില്ല. അത് ലഭിക്കുകതന്നെ ചെയ്യും. الله اعلم

ഈ വചനങ്ങളിൽ ഒന്നുരണ്ട് സൂചനകൾ അടങ്ങിയിട്ടുള്ളതായി കാണാം. ഇസ്റാഈല്യർ വേദഗ്രന്ഥം കൈവെടിയുകയും, സത്യത്തിൽ നിന്ന് പാടെ ഭിന്നിച്ചുപോകുകയും ചെയ്തപ്പോൾ അവരെ നയിക്കത്തക്ക നേതാക്കൾ അവരിൽ ഇല്ലാതായി. വേദഗ്രന്ഥമാകട്ടെ, അതിന്റെ സാക്ഷാൽരൂപത്തിൽ അവശേഷിക്കാതെയും, ആ രൂപത്തിൽ അത് ആരാലും അംഗീകരിക്കപ്പെടാതെയും ആയിത്തീർന്നു. അതുകൊണ്ട് ഒരു പുതിയ ന്യായപ്രമാണത്തിന്റെയും വേദഗ്രന്ഥത്തിന്റെയും ആവശ്യം നേരിട്ടിരിക്കുകയാണ്. ആ ഗ്രന്ഥം, കാലാവസാനംവരെ അവശേഷിക്കുന്നതാവണം. അതിന്റെ അദ്ധ്യാപനങ്ങൾ എല്ലാ കാലത്തും യഥാവിധി തുറന്നുകാട്ടുവാൻ പര്യാപ്തമായ ആളുകൾ ഉണ്ടായിക്കൊണ്ടിരിക്കുകയും വേണം. അതത്രെ, വിശുദ്ധ ക്വുർആൻ. അല്ലാഹു പറയുന്നു : إنا نحن نزلنا الذكر وانا له لحافظون (നാം തന്നെയാണ് പ്രമാണം-ക്വുർആൻ-അവതരിപ്പിച്ചത്. നാം തന്നെ അത് കാത്തു സൂക്ഷിക്കുന്നവരുമാണ്.(സൂ: ഹിജ്ർ:9) നബി ﷺ പറയുന്നു لا يزال من امتى قائمة بأمر الله لا يضرهم من خذلهم ولا من خالفهم حتى يأتى أمر الله وهم على ذلك– متفق عليه: (എന്റെ സമുദായത്തിൽ നിന്ന് ഒരു വിഭാഗം ആളുകൾ അല്ലാഹുവിന്റെ കൽപനയനുസരിച്ച് നിലകൊള്ളുന്നവരായി ഉണ്ടാവാതിരിക്കയില്ല. അവരെ കൈവെടിയുന്നവരാകട്ടെ, അവരോട് ഭിന്നിച്ചു നിൽക്കുന്നവരാകട്ടെ അവർക്ക് ഉപദ്രവം - തടസ്സം - വരുത്തുകയില്ല. അങ്ങനെ, അവർ അതേ നിലയിലിരിക്കവെ അല്ലാഹുവിന്റെ കല്പന - കാലാവസാനം - വന്നെത്തും (ബു; മു.)

أَوَلَمْ يَهْدِ لَهُمْ كَمْ أَهْلَكْنَا مِن قَبْلِهِم مِّنَ ٱلْقُرُونِ يَمْشُونَ فِي مَسَـٰكِنِهِمْ ۚ إِنَّ فِي ذَٰلِكَ لَـَٔايَـٰتٍ ۖ أَفَلَا يَسْمَعُونَ ﴿٢٦﴾

﴾26﴿ ഇവർക്ക് മുമ്പ് എത്രയോ തലമുറകളെ നാം നശിപ്പിച്ചിരിക്കുന്നുവെന്നത് ഇവർക്ക് മാർഗദർശനം നൽകുന്നില്ലേ? ഇവർ അവരുടെ വാസസ്ഥലങ്ങളിൽ കൂടി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു (വല്ലോ)! നിശ്ചയമായും അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട് ; എന്നിട്ടും ഇവർ കേട്ടറിയുന്നില്ലേ ?!

أَوَلَمْ يَرَوْا۟ أَنَّا نَسُوقُ ٱلْمَآءَ إِلَى ٱلْأَرْضِ ٱلْجُرُزِ فَنُخْرِجُ بِهِۦ زَرْعًا تَأْكُلُ مِنْهُ أَنْعَـٰمُهُمْ وَأَنفُسُهُمْ ۖ أَفَلَا يُبْصِرُونَ ﴿٢٧﴾

﴾27﴿ വരണ്ടുകിടക്കുന്ന ഭൂമിയിലേക്ക് നാം വെള്ളത്തെ കൊണ്ടുചെല്ലുന്നുവെന്നുള്ളത് ഇവർക്ക് കണ്ടുകൂടേ ? അങ്ങനെ, ഇവരുടെ കന്നുകാലികളും, ഇവർ തന്നെയും തിന്നുകൊണ്ടിരിക്കുന്ന കൃഷിയെ നാം അതുമൂലം ഉല്പാദിപ്പിക്കുകയും ചെയ്യുന്നു ! എന്നിട്ടും ഇവർ കണ്ടറിയുന്നില്ലേ ?!

﴾26﴿ أَوَلَمْ يَهْدِ മാർഗദർശനം നൽകുന്നില്ലേ, വഴികാട്ടുന്നില്ലേ لَهُمْ ഇവർക്ക്, അവർക്ക് كَمْ أَهْلَكْنَا നാം എത്രയോ നശിപ്പിച്ചിരിക്കുന്നു (എന്നുള്ളത്) مِن قَبْلِهِمْ ഇവരുടെ (അവരുടെ) മുമ്പ് مِنَ الْقُرُونِ തലമുറകളിൽ നിന്ന് يَمْشُونَ ഇവർ സഞ്ചരിക്കുന്നു, നടക്കുന്നു فِي مَسَاكِنِهِمْ അവരുടെ വാസസ്ഥലങ്ങളിൽ إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَاتٍ പല ദൃഷ്ടാന്തങ്ങൾ أَفَلَا يَسْمَعُونَ എന്നിട്ടും അവർ (ഇവർ) കേൾക്കുന്നില്ലേ ﴾27﴿ أَوَلَمْ يَرَوْا അവർ കാണുന്നില്ലേ, കണ്ടിട്ടില്ലേ أَنَّا نَسُوقُ നാം കൊണ്ടുചെന്നുവെന്ന്, തെളിച്ചുകൊണ്ടുപോകുന്നത് الْمَاءَ വെള്ളം إِلَى الْأَرْضِ ഭൂമിയിലേക്ക് الْجُرُزِ വരണ്ടതായ (സസ്യങ്ങളില്ലാത്ത) فَنُخْرِجُ അങ്ങിനെ നാം പുറപ്പെടുവിക്കുന്നു (ഉല്പാദിപ്പിക്കുന്നു) بِهِ അതുകൊണ്ട് زَرْعًا കൃഷിയെ, വിളയെ تَأْكُلُ തിന്നുന്നു مِنْهُ അതിൽ നിന്ന് أَنْعَامُهُمْ അവരുടെ കന്നുകാലികൾ وَأَنفُسُهُمْ അവരുടെ ദേഹങ്ങളും (അവർതന്നെയും) أَفَلَا يُبْصِرُونَ എന്നിട്ടും അവർ (ഇവർ)കാണുന്നില്ലേ, കണ്ടറിയുന്നില്ലേ

ആദ്യത്തെ ആയത്തിൽ ഖുർആന്റെ നിഷേധികൾക്ക് അവരുടെ നാശത്തെക്കുറിച്ചുള്ള താക്കീതും, രണ്ടാമത്തേതിൽ പുനഃരുത്ഥാനത്തെ സംബന്ധിച്ച ഒരു തെളിവും അടങ്ങുന്നു.

وَيَقُولُونَ مَتَىٰ هَـٰذَا ٱلْفَتْحُ إِن كُنتُمْ صَـٰدِقِينَ ﴿٢٨﴾

﴾28﴿ അവർ പറയുന്നു : എപ്പോഴാണ് ഈ വിജയം (അഥവാ തീരുമാനം) നിങ്ങൾ സത്യവാൻമാരാണെങ്കിൽ?!

قُلْ يَوْمَ ٱلْفَتْحِ لَا يَنفَعُ ٱلَّذِينَ كَفَرُوٓا۟ إِيمَـٰنُهُمْ وَلَا هُمْ يُنظَرُونَ ﴿٢٩﴾

﴾29﴿ (നബിയേ) പറയുക : വിജയത്തിന്റെ (അഥവാ തീരുമാനത്തിന്റെ) ദിവസം, അവിശ്വസിച്ചവരായ ആളുകൾക്ക് അവരുടെ (അപ്പോഴത്തെ) വിശ്വാസം ഫലം ചെയ്യുന്നതല്ല ; അവർക്ക് (കാലാവധി നൽകി) താമസം ചെയ്തുകൊടുക്കപ്പെടുന്നതുമല്ല.

﴾28﴿ وَيَقُولُونَ അവർ പറയുന്നു مَتَىٰ എപ്പോഴാണ് هَٰذَا الْفَتْحُ ഈ തുറവി (വിജയം, തീരുമാനം) إِن كُنتُمْ നിങ്ങളാണെങ്കിൽ صَادِقِينَ സത്യവാൻമാർ ﴾29﴿ قُلْ പറയുക يَوْمَ الْفَتْحِ തുറവിയുടെ ദിവസം لَا يَنفَعُ ഉപകാരം ചെയ്കയില്ല, ഫലപ്പെടുകയില്ല الَّذِينَ كَفَرُوا അവിശ്വസിച്ചവർക്ക് إِيمَانُهُمْ അവരുടെ വിശ്വാസം وَلَا هُمْ അവരില്ലതാനും يُنظَرُونَ താമസം ചെയ്തുകൊടുക്കപ്പെടുക, ഒഴിവുനൽകപ്പെടുക

മക്കയിൽ വെച്ച് മുശ്‌രിക്കുകളുടെ ഉപദ്രവങ്ങളും മർദ്ദനങ്ങളും മുസ്‌ലിംകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ അവതരിച്ചതാണ് ഈ സൂറത്ത്. സത്യവിശ്വാസികൾ തൽക്കാലം പലതരം വിഷമങ്ങൾക്കും വിധേയരാണെങ്കിലും, ഭാവിയിൽ രക്ഷയും വിജയവും അവർക്കാണ് ; അവിശ്വാസികൾക്ക് പരാജയവും ശിക്ഷയും അനുഭവപ്പെടുകതന്നെ ചെയ്യും. അങ്ങിനെ, ഇരുവിഭാഗത്തിനുമിടയിൽ ഒരു തീരുമാനം വരും എന്നൊക്കെ നബിﷺ സത്യവിശ്വാസികളെ അറിയിക്കാറുണ്ടല്ലോ. ഇതിനെപ്പറ്റി പരിഹസിച്ചുകൊണ്ട് മുശ്‌രിക്കുകൾ ചോദിക്കുന്ന ചോദ്യവും അതിന്റെ മറുപടിയുമാണിത്. മറുപടിയുടെ സാരം ഇതാണ് : അക്കാര്യം സംഭവിക്കുമെന്നതിൽ ഒട്ടും സംശയമില്ല. എപ്പോഴാണെന്നുള്ള സംഗതി അല്ലാഹുവിനറിയാം. അവൻ ഉദ്ദേശിച്ച സമയത്ത് അത് നടക്കും. അപ്പോൾ അവർ അങ്ങേയറ്റം ഖേദവും, വിശ്വാസവും പ്രകടിപ്പിക്കാതിരിക്കയില്ല. പക്ഷേ, ആ വിശ്വാസം സ്വീകരിക്കപ്പെടുകയോ, അവരുടെ ഒഴികഴിവ് ഗൗനിക്കപ്പെടുകയോ ചെയ്യുന്നതല്ല. ഇതവർ ഓർത്തിരിക്കട്ടെ.

فتح (ഫത്ഹ്) എന്നാൽ തുറവി, വിജയം, തീരുമാനം, ആശ്വാസം എന്നൊക്കെയാണർത്ഥം يَوْمَ الْفَتْحِ (വിജയത്തിന്റെ – അഥവാ തീരുമാനത്തിന്റെ – ദിവസം) കൊണ്ടുദ്ദേശ്യം ക്വിയാമത്ത്നാളാണെന്നത്രെ കൂടുതൽ ബലപ്പെട്ട അഭിപ്രായം. ഇഹത്തിൽ വെച്ചുതന്നെ അവിശ്വാസികൾക്ക് അനുഭവപ്പെടുന്ന ഏതെങ്കിലും ശിക്ഷയുടെ അവസരമാണ് അതുകൊണ്ട് ഉദ്ദേശ്യമെന്നും അഭിപ്രായമുണ്ട്. രണ്ടായാലും ശരി, മരണവേളയിലും, ക്വിയാമത്ത്നാളിലുമെല്ലാം തന്നെ, അവിശ്വാസികൾ തങ്ങളുടെ ചെയ്തികളെപ്പറ്റി ഖേദിച്ചു വിലപിക്കുകയും, ഒഴികഴിവുകൾ സമർപ്പിച്ചു നോക്കുകയും ചെയ്യുമെന്നതിൽ സംശയമില്ല. ക്വുർആൻ പലപ്പോഴും ആവർത്തിച്ചു പ്രസ്താവിച്ചിട്ടുള്ളതാണിത്.

മുശ്‌രിക്കുകളുടെ പ്രസ്തുത ചോദ്യത്തെ അവഗണിക്കുവാനും, മുസ്‌ലിംകളുടെ വിജയത്തിന്റെയും സന്തോഷത്തിന്റെയും അവസരത്തെ സുപ്രതീക്ഷയോടെ കാത്തിരിക്കുവാനും നബിﷺയെ ഉണർത്തിക്കൊണ്ട് അല്ലാഹു ഈ സൂറത്ത് അവസാനിപ്പിക്കുന്നു.

فَأَعۡرِضۡ عَنۡهُمۡ وَٱنتَظِرۡ إِنَّهُم مُّنتَظِرُونَ ٣٠

《30》 അതുകൊണ്ട് നീ അവരിൽ നിന്നും (അവഗണനയോടെ) തിരിഞ്ഞു കളയുക ; പ്രതീക്ഷിച്ചുകൊണ്ടിരിക്കയും ചെയ്യുക. നിശ്ചയമായും അവർ പ്രതീക്ഷിച്ചുക്കൊണ്ടിരിക്കുന്നവരാണ്.

《30》 فَأَعْرِضْ അതുകൊണ്ട് തിരിഞ്ഞുകളയുക, അവഗണിക്കുക عَنْهُمْ അവരെപ്പറ്റി, അവരിൽ നിന്ന് وَانْتَظِرْ കാത്തിരിക്കയും (പ്രതീക്ഷിക്കയും)ചെയ്യുക إِنَّهُمْ നിശ്ചയമായും അവർ مُنْتَظِرُونَ പ്രതീക്ഷിച്ചിരിക്കുന്നവരാണ്.

ആരുടെ പ്രതീക്ഷയാണ് സാക്ഷാൽക്കരിക്കപ്പെടുക എന്ന് അനുഭവത്തിൽ കാണാമല്ലോ എന്ന് താൽപര്യം.

اللهم ايدنا بنصرك وعاملنا بلطفك ومغفرتك ورحمتك يا أرحم الراحمين

سورة الأحزاب

33. സൂറതുൽ അഹ്സാബ്

മദീനഃയിൽ അവതരിച്ചത് - വചനങ്ങൾ 73 - വിഭാഗം (റുകൂഉ്) 9

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമ കാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

يَٰٓأَيُّهَا ٱلنَّبِيُّ ٱتَّقِ ٱللَّهَ وَلَا تُطِعِ ٱلۡكَٰفِرِينَ وَٱلۡمُنَٰفِقِينَۚ إِنَّ ٱللَّهَ كَانَ عَلِيمًا حَكِيمًا ﴿١﴾

《1》 ഹേ, നബിയേ [പ്രവാചകാ], അല്ലാഹുവിനെ സൂക്ഷിക്കുക. അവിശ്വാസികളെയും, കപടവിശ്വാസികളെയും നീ അനുസരിക്കുകയും ചെയ്യരുത്. നിശ്ചയമായും, അല്ലാഹു സർവ്വജ്ഞനും അഗാധജ്ഞനുമാകുന്നു.

وَٱتَّبِعۡ مَا يُوحَىٰٓ إِلَيۡكَ مِن رَّبِّكَۚ إِنَّ ٱللَّهَ كَانَ بِمَا تَعۡمَلُونَ خَبِيرًا ﴿٢﴾

《2》 നിന്റെ രക്ഷിതാവിങ്കൽനിന്ന് നിനക്ക് 'വഹ്‌യ്' [ദിവ്യബോധനം] നൽകപ്പെടുന്നതിനെ നീ പിൻപറ്റുകയും ചെയ്യുക. നിശ്ചയമായും, അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായറിയുന്നവനാകുന്നു.

وَتَوَكَّلۡ عَلَى ٱللَّهِۚ وَكَفَىٰ بِٱللَّهِ وَكِيلًا ﴿٣﴾

《3》 (എല്ലാ കാര്യത്തിലും) അല്ലാഹുവിന്റെ മേൽ നീ ഭരമേൽപിക്കുകയും ചെയ്തുകൊള്ളുക. ഭരമേൽപിക്കപ്പെടുന്നവനായി അല്ലാഹു തന്നെ മതി.

《1》 يَا أَيُّهَا النَّبِيُّ ഹേ നബിയേ, പ്രവാചകാ اتَّقِ اللهَ അല്ലാഹുവിനെ സൂക്ഷിക്കുക وَلَا تُطِعِ നീ അനുസരിക്കയും അരുത് الْكَافِرِينَ അവിശ്വാസികളെ وَ الْمُنَافِقِينَ കപടവിശ്വാസികളെയും إِنَّ اللهَ നിശ്ചയമായും അല്ലാഹു كَانَ ആകുന്നു عَلِيمًا സർവ്വജ്ഞൻ حَكِيمًا അഗാധ

ജ്ഞൻ《2》 وَاتَّبِعْ നീ പിൻപറ്റുകയും ചെയ്യുക مَا يُوحَىٰ വഹ്യ് (ദിവ്യബോധനം, സന്ദേശം) നൽകപ്പെടുന്നതിനെ إِلَيْكَ നിനക്ക് مِن رَّبِّكَ നിന്റെ രക്ഷിതാവിൽനിന്ന് إِنَّ اللَّهَ നിശ്ചയമായും അല്ലാഹു كَانَ ആകുന്നു بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തിച്ചുവരുന്നതിനെപ്പറ്റി خَبِيرًا സൂക്ഷ്മമായറിയുന്നവൻ 《3》 وَتَوَكَّلْ നീ ഭരമേൽപിക്കുകയും ചെയ്യുക عَلَى اللَّهِ അല്ലാഹുവിന്റെ മേൽ وَكَفَىٰ മതി بِاللَّهِ അല്ലാഹുതന്നെ وَكِيلًا ഏൽപ്പിക്കപ്പെടുന്നവനായിട്ട്

മദനീ സൂറത്തുകളിൽ പെട്ടതാണ് ഈ അദ്ധ്യായം. മദീനഃയിൽ ഇസ്‌ലാമിന്റെ ശത്രുക്കളായിരുന്ന ജൂതൻമാരെയും, കപടവിശ്വാസികളെയും സംബന്ധിച്ച് ഈ സൂറത്തിൽ പല പ്രസ്താവനകളും കാണാം. കൂടാതെ പ്രധാനപ്പെട്ട പല നിയമനിർദ്ദേശങ്ങളും, മറ്റ് സൂറത്തുകളിൽ വിവരിക്കപ്പെട്ടിട്ടില്ലാത്ത പല മതവിധികളും ഇതിൽ അടങ്ങിയിട്ടുണ്ട്.

'തക്‌വാ' (تقوى) എന്ന ധാതുപദത്തിൽനിന്നുള്ള കൽപനക്രിയയാണ് 'ഇത്തകി' (اتق) എന്ന വാക്ക്. 'സൂക്ഷിക്കുക, കാക്കുക, പേടിക്കുക' എന്നൊക്കെയാണ് ഭാഷാർത്ഥം. അല്ലാഹുവിന്റെ വിധിവിലക്കുകളും, നിയമനിർദ്ദേശങ്ങളും അനുസരിക്കുകവഴി അവനോട് ഭയഭക്തി ഉണ്ടായിരിക്കുക എന്നത്രെ 'തക്‌വാ' കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളുക എന്ന് പറഞ്ഞതിനെത്തുടർന്ന് അവിശ്വാസികളെയും, കപടവിശ്വാസികളെയും അനുസരിക്കരുതെന്നും, അല്ലാഹുവിൽനിന്ന് ലഭിക്കുന്ന ദിവ്യസന്ദേശങ്ങളെ പിൻപറ്റണമെന്നും പ്രസ്താവിച്ചതിൽനിന്ന് തന്നെ 'തക്‌വാ'യുടെ ഉദ്ദേശ്യം മനസ്സിലാക്കാം. ഇതേ അർത്ഥോദ്ദേശ്യത്തോടുകൂടിത്തന്നെയാണ്, ഈ വാക്ക് ക്വുർആനിലും ഹദീഥിലും സാധാരണ ഉപയോഗിക്കപ്പെടാറുള്ളതും.

ഈ കൽപനകൾ പ്രത്യക്ഷത്തിൽ നബി ﷺയെ അഭിമുഖീകരിച്ചുകൊണ്ടാണെങ്കിലും, വാസ്തവത്തിൽ അവ സമുദായത്തിന് മുഴുവനും ബാധകമാണെന്നുള്ളതിൽ സംശയമില്ല. അതുകൊണ്ടാണ് രണ്ടാം വചനത്തിൽ 'നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി അല്ലാഹു സുക്ഷ്മമായറിയുന്നവനാകുന്നു' എന്ന് പറഞ്ഞിരിക്കുന്നത്. ശത്രുക്കളുടെ ഇംഗിതങ്ങൾക്ക് വിധേയനായോ, അവരെ പ്രീണിപ്പിക്കാമെന്നുദ്ദേശിച്ചോ മതപ്രബോധനത്തിൽ വിട്ടുവീഴ്ച ചെയ്യാനും, സത്യത്തെ മറച്ചുവെക്കാനും നബി ﷺ ഒരിക്കലും മുതിരുകയില്ലെന്ന് സ്പഷ്ടമാണ്. എങ്കിലും, അവിശ്വാസികളെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരു വ്യാമോഹത്തിന്റെ കവാടംതന്നെ ഈ കൽപനകൾ മൂലം അല്ലാഹു അടച്ചുകളയുന്നു. സത്യവിശ്വാസികൾക്കാകട്ടെ ഇത് കൂടുതൽ ധൈര്യവും, ദൃഢ മനസ്കതയും ഉളവാക്കുകയും ചെയ്യുന്നു. പ്രത്യക്ഷത്തിലോ, പരോക്ഷത്തിലോ ഉള്ള യാതൊരു ശത്രുവിന്റെയും പ്രകോപനങ്ങൾക്കും, അഭീഷ്ടങ്ങൾക്കും വഴങ്ങാതെ– ഋജുവായ സത്യമാർഗത്തിൽനിന്ന് തരിമ്പുപോലും വ്യതിചലിക്കാതെ– സത്യപ്രബോധനം നടത്തുമ്പോൾ പലവിധ വിഷമങ്ങളും തരണം ചെയ്യേണ്ടിവരും. അത് സ്വാഭാവികമാണ്. അതിൽനിന്ന് മോചനം ലഭിക്കുവാനും, രക്ഷനേടുവാനുമുള്ള ഏകമാർഗമത്രെ 'തവക്കുൽ' (التوكل) അതെ, കാര്യങ്ങൾ അല്ലാഹുവിൽ അർപ്പിക്കൽ. അതുകൊണ്ട് 'തവക്കുലി'നെ പ്പറ്റി ഇവിടെ പ്രത്യേകം ഓർമിപ്പിച്ചിരിക്കുന്നു.

ഈ സൂറത്തിൽ പ്രത്യേകം പ്രതിപാദിപ്പിക്കപ്പെട്ടിട്ടുള്ള വിഷയങ്ങളിൽ ചിലതാണ് അടുത്ത ആയത്തുകളിൽ കാണുന്നത്.

مَّا جَعَلَ ٱللَّهُ لِرَجُلٍ مِّن قَلْبَيْنِ فِي جَوْفِهِۦ ۚ وَمَا جَعَلَ أَزْوَٰجَكُمُ ٱلَّٰٓـِٔى تُظَٰهِرُونَ مِنْهُنَّ أُمَّهَٰتِكُمْ ۚ وَمَا جَعَلَ أَدْعِيَآءَكُمْ أَبْنَآءَكُمْ ۚ ذَٰلِكُمْ قَوْلُكُم بِأَفْوَٰهِكُمْ ۖ وَٱللَّهُ يَقُولُ ٱلْحَقَّ وَهُوَ يَهْدِى ٱلسَّبِيلَ ﴿٤﴾

《4》 ഒരു മനുഷ്യനും തന്നെ അവന്റെ ഉള്ളിൽ അല്ലാഹു രണ്ട് ഹൃദയങ്ങളെ ഉണ്ടാക്കിയിട്ടില്ല; നിങ്ങൾ 'ളിഹാർ' (എന്ന വിവാഹമോചനം) ചെയ്യുന്ന നിങ്ങളുടെ ഭാര്യമാരെ അവൻ നിങ്ങളുടെ മാതാക്കളാക്കുകയും ചെയ്തിട്ടില്ല; നിങ്ങളുടെ ദത്തുപുത്രൻമാരെ അവൻ നിങ്ങളുടെ പുത്രൻമാരാക്കുകയും ചെയ്തിട്ടില്ല. അതൊക്കെ നിങ്ങളുടെ വായകൊണ്ടുള്ള (നിരർത്ഥ) വാക്കുകളത്രെ. അല്ലാഹു യഥാർത്ഥം പറയുന്നു. അവൻ തന്നെ (ശരിയായ) മാർഗം കാട്ടിത്തരുകയും ചെയ്യുന്നു.

《4》 مَا جَعَلَ اللهُ അല്ലാഹു ആക്കിയിട്ടില്ല, ഉണ്ടാക്കിയിട്ടില്ല لِرَجُلٍ ഒരു മനുഷ്യനും, പുരുഷനും مِنْ قَلْبَيْنِ രണ്ട് ഹൃദയങ്ങളെ فِي جَوْفِهِ അവന്റെ ഉള്ളിൽ وَمَا جَعَلَ അവൻ ആക്കിയിട്ടുമില്ല أَزْوَاجَكُمُ നിങ്ങളുടെ ഭാര്യമാരെ اللائِي യാതൊരുവരായ تُظَاهِرُونَ مِنْهُنَّ നിങ്ങളവരെ 'ളിഹാർ' ചെയ്യുന്നു أُمَّهَاتِكُمْ നിങ്ങളുടെ ഉമ്മമാർ وَمَا جَعَلَ അവൻ ആക്കിയിട്ടുമില്ല أَدْعِيَاءَكُمْ നിങ്ങളുടെ ദത്തുപുത്രൻമാരെ أَبْنَاءَكُمْ നിങ്ങളുടെ പുത്രൻമാർ ذَلِكُمْ അത് قَوْلُكُمْ നിങ്ങളുടെ വാക്കാണ്, പറയുന്നതാണ് بِأَفْوَاهِكُمْ നിങ്ങളുടെ വായകൾകൊണ്ട് وَاللهُ അല്ലാഹു يَقُولُ പറയുന്നു الْحَقَّ യഥാർത്ഥം, ന്യായമായത് وَهُوَ അവൻ يَهْدِي കാട്ടിത്തരുകയും ചെയ്യുന്നു السَّبِيلَ മാർഗം

വിഷയത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് അതിനാസ്പദമായ ഒരു യാഥാർത്ഥ്യം- അഥവാ വിഷയത്തിനൊരു പീഠിക- അല്ലാഹു ഈ വചനത്തിൽ ആദ്യമായി ചൂണ്ടിക്കാട്ടുന്നു. 'ഏതൊരു മനുഷ്യനുംതന്നെ അവന്റെ ഉള്ളിൽ അല്ലാഹു രണ്ട് ഹൃദയം ഏർപ്പെടുത്തിയിട്ടില്ല' (ما جعل الله لرجل من قلبين في جوفه) എന്നുള്ളതാണത്. അപ്പോൾ, ഒരേ കാര്യത്തിൽ വ്യത്യസ്തമായ രണ്ടഭിപ്രായങ്ങളോ, രണ്ട് ആശയഗതികളോ, രണ്ടുതരം സമീപനമോ ഒരേ സമയത്ത് ഒരാൾക്ക് ഉണ്ടായിക്കൂടാത്തതാണ്. അതുപോലെത്തന്നെ, ഒരേ വേളയിൽ വ്യത്യസ്തങ്ങളായ രണ്ട് കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുവാനും മനുഷ്യന് സാദ്ധ്യമല്ലെന്ന് വ്യക്തമാണ്. ഈ യാഥാർത്ഥ്യത്തിന് വിരുദ്ധമായി അറബികൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന രണ്ട് സമ്പ്രദായങ്ങളെക്കുറിച്ചാണ് അല്ലാഹു തുടർന്നു പ്രസ്താവിച്ചത്. ഒരേ സ്ത്രീയിൽ ഭാര്യത്വവും, മാതൃസ്ഥാനവും കൽപിക്കലും, ഒരേ മനുഷ്യനിൽ പോറ്റുപുത്രന്റെ സ്ഥാനവും യഥാർത്ഥ പുത്രന്റെ സ്ഥാനവും കൽപിക്കലും. ഇതാണാ സമ്പ്രദായങ്ങൾ.

ഒരാൾക്ക് തന്റെ ഭാര്യയോട് വല്ല വെറുപ്പും നേരിടുമ്പോൾ അവൻ അവളോട് انت على كظهر أمي (നീ എനിക്ക് എന്റെ മാതാവിന്റെ മുതുക്പോലെയാണ്.) എന്ന് പറയും. എന്റെ മാതാവുമായി ഭാര്യാഭർതൃബന്ധം നടത്തുവാൻ പാടില്ലാത്തതുപോലെയാണ്

നിന്റെയും അവസ്ഥ എന്ന് താൽപര്യം. ഇതിന് 'ളിഹാർ' (ظهار: മുതുകുപോലെയാക്കുക) എന്ന് പറയപ്പെടും. ഇതോടെ അവളുമായുള്ള സമീപനം നിഷിദ്ധമായി ഗണിക്കപ്പെടുന്നു. ഈ വാക്ക്മൂലം ഒരാളുടെ ഭാര്യ അവന്റെ മാതാവാകുന്നില്ലെന്നും, അതുകൊണ്ട് ഭാര്യയെ മാതാവിനെപ്പോലെ ഗണിക്കുന്നത് പാടില്ലാത്തതുമാണെന്നും അല്ലാഹു ഉണർത്തുന്നു. എനി, ഒരാൾ ഭാര്യയോട് അങ്ങനെ പറഞ്ഞുപോയാൽ, അതിന് പ്രായശ്ചിത്തം ചെയ്തു മടക്കിയെടുക്കേണ്ടതുണ്ടെന്ന് സൂറത്തുൽ മുജാദലഃ (المجادلة)യിൽ പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു. കൂടുതൽ വിവരം അവിടെവെച്ച് കാണാം. إنْ شَاء الله

അന്യരുടെ മക്കളെ ദത്തെടുത്ത് സ്വന്തം മക്കളെപ്പോലെ പോറ്റി വളർത്തുകയും, സ്വന്തം മക്കൾക്കുള്ളതുപോലെ സ്വത്തവകാശം ഉൾപ്പെടെ എല്ലാ അവകാശങ്ങളും വകവെച്ചുകൊടുക്കുകയും ചെയ്യുന്ന സമ്പ്രദായവും ഇസ്‌ലാമിന്മുമ്പ് അറബികളിൽ പ്രചാരത്തിലുണ്ടായിരുന്നു. ഇന്ത്യയിലും ഈ സമ്പ്രദായം അപരിചിതമല്ല. ഇങ്ങനെയുള്ള ദത്തുപുത്രനാണ് 'ദഇയ്യ്' (دعى) എന്ന് പറയപ്പെടുന്നത്. ഇതിന്റെ ബഹുവചനമാണ് 'അദ്ഇയാഉ്' (ادعياء). ഈ ക്വുർആൻ വാക്യം അവതരിക്കുന്നതുവരെ ഞങ്ങളെല്ലാം സൈദുബ്നു ഹാരിഥഃയെ സൈദുബ്നു മുഹമ്മദ് എന്നല്ലാതെ വിളിക്കാറുണ്ടായിരുന്നില്ലെന്നും, ഈ ആയത്ത് അവതരിച്ചപ്പോൾ റസൂൽ തിരുമേനി ﷺ അദ്ദേഹത്തോട് നീ സൈദുബ്നു ഹാരിഥത്ത്ബ്നു ശുറാഹിലാണ് (ശുറാഹിലിന്റെ മകനായ ഹാരിഥഃയുടെ മകനാണ്) എന്ന് പറയുകയുണ്ടായെന്നും ഇബ്നുഉമർ (റ) പ്രസ്താവിച്ചതായി ബുഖാരിയിലും മുസ്‌ലിമിലും ഉദ്ധരിച്ചിട്ടുണ്ട്. സൈദുബ്നുഹാരിഥഃ (റ)യുടെ കഥ ഇതാണ്:-

കൽബ് ഗോത്രക്കാരനായ സൈദ് (റ) ഒരു യുദ്ധത്തിൽ ചിറപിടിക്കപ്പെട്ടു. അന്നദ്ദേഹം ചെറുപ്പമായിരുന്നു. ഹക്കീമുബ്നുഹുസാം (റ)തന്റെ അമ്മായിയായ ഖദീജഃ (റ)ക്കുവേണ്ടി അദ്ദേഹത്തെ വിലക്കുവാങ്ങി. റസൂൽ തിരുമേനി ﷺ ഖദീജഃ (റ)യെ വിവാഹം ചെയ്തശേഷം അവർ സൈദിനെ തിരുമേനി ﷺ ക്ക് സമ്മാനിച്ചു. പിന്നീട് സൈദ് (റ)ന്റെ പിതാവും, പിതൃവ്യനുംകൂടി വന്ന് അദ്ദേഹത്തെ തങ്ങൾക്ക് വിട്ടുകൊടുപ്പാൻ ആവശ്യപ്പെടുകയുണ്ടായി. ഇഷ്ടംപോലെ ചെയ്തുകൊള്ളാൻ നബി ﷺ അദ്ദേഹത്തിന് സമ്മതം കൊടുത്തു. പക്ഷേ, നബി ﷺ യുടെ കൂടെ ജീവിക്കുവാനാണ് സൈദ് (റ) ഇഷ്ടപ്പെട്ടത്. അനന്തരം തിരുമേനി അദ്ദേഹത്തെ അടിമത്തത്തിൽ നിന്ന് സ്വതന്ത്രനാക്കുകയും, ഒരു പോറ്റുപുത്രനായിക്കരുതുകയും ചെയ്തു. അങ്ങനെ, ജനങ്ങൾ അദ്ദേഹത്തെ സൈദ്ബ്നുമുഹമ്മദ് (മുഹമ്മദിന്റെ മകൻ സൈദ്) എന്ന് വിളിച്ചു വന്നു. സൈദിന്റെ ഭാര്യയായിരുന്ന സൈനബ് (റ) വിവാഹമോചനം ചെയ്യപ്പെടുകയും, അനന്തരം നബി ﷺ അവരെ വിവാഹം ചെയ്യുകയുമുണ്ടായി. ഈ സംഭവം താഴെ വിവരിക്കുന്നുണ്ട്. ഇതിനെത്തുടർന്ന് 'മകന്റെ ഭാര്യയെ വിവാഹം ചെയ്യാൻ പാടില്ലെന്ന് മുഹമ്മദ് പറയുന്നു. അവന്റെ മകന്റെ ഭാര്യയെ അവൻ വിവാഹം കഴിക്കുകയും ചെയ്തിരിക്കുന്നു എന്ന് ജന സംസാരമായി. ഈ സന്ദർഭത്തിലാണ് ഈ ആയത്ത് അവതരിക്കുന്നത്. പോറ്റുമക്കൾക്ക് യഥാർത്ഥ മക്കളുടെ നിയമം ബാധകമല്ലെന്നത്രെ അത് പ്രഖ്യാപിക്കുന്നത്. പോറ്റുമക്കളെ സ്വീകരിക്കുന്നതിനെയും, അവരെ മക്കളെപ്പോലെ സ്നേഹിച്ചു വളർത്തുന്നതിനെയും ഈ വചനം നിരോധിക്കുന്നില്ലതാനും.

വാക്കുകൾകൊണ്ട് യാഥാർത്ഥ്യം മാറിപ്പോകുകയില്ലല്ലോ. എന്നിരിക്കെ 'നീ എന്റെ മാതാവിനെപ്പോലെയാണ്' എന്ന് ഒരാൾ ഭാര്യയോട് പറയുമ്പോഴേക്കും അവളെങ്ങിനെ മാതാവായിത്തീരും?! അഥവാ മാതാവിന്റെ നിയമം അവൾക്കെങ്ങനെ ബാധകമാകും?! അതുപോലത്തന്നെ ദത്തുമക്കളെക്കുറിച്ച് മക്കളെന്ന് പറയുമ്പോഴേക്കും അവരെങ്ങിനെ യഥാർത്ഥ മക്കളായിത്തീരും?! വാദംകൊണ്ടോ വാചകംകൊണ്ടോ യഥാർത്ഥമായ കുടും

ബന്ധം സ്ഥാപിതമാകുകയില്ലല്ലോ. ذلكم قولكم بأفواهكم (അതൊക്കെ നിങ്ങളുടെ വായ കൊണ്ടുള്ള വാക്കുകളാണ്) എന്ന വാക്യം ചൂണ്ടിക്കാട്ടുന്നത് ഈ വസ്തുതയാകുന്നു. പോറ്റുമക്കളെപ്പറ്റി അല്ലാഹു തുടർന്നുപറയുന്നു:-

ٱدْعُوهُمْ لِـَٔابَآئِهِمْ هُوَ أَقْسَطُ عِندَ ٱللَّهِ ۚ فَإِن لَّمْ تَعْلَمُوٓا۟ ءَابَآءَهُمْ فَإِخْوَٰنُكُمْ فِى ٱلدِّينِ وَمَوَٰلِيكُمْ ۚ

﴾5﴿ അവരെ അവരുടെ പിതാക്കളിലേക്ക് ചേർത്ത് വിളിച്ചുകൊള്ളുവിൻ. അതത്രെ അല്ലാഹുവിങ്കൽ ഏറ്റവും നീതിയായിട്ടുള്ളത്. എനി, അവരുടെ പിതാക്കളെ നിങ്ങൾക്കറിയുകയില്ലെങ്കിൽ, അവർ മതത്തിൽ നിങ്ങളുടെ സഹോദരൻമാരും, നിങ്ങളുടെ 'മൗലാ'ക്കളും [ബന്ധപ്പെട്ടവരും] ആകുന്നു.

وَلَيْسَ عَلَيْكُمْ جُنَاحٌ فِيمَآ أَخْطَأْتُم بِهِۦ وَلَـٰكِن مَّا تَعَمَّدَتْ قُلُوبُكُمْ ۚ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ۝٥

നിങ്ങൾ അബദ്ധം ചെയ്തുപോയതിൽ നിങ്ങളുടെ മേൽ കുറ്റമില്ലതാനും. പക്ഷേ, നിങ്ങളുടെ ഹൃദയങ്ങൾ കരുതിക്കൂട്ടിച്ചെയ്തതാണ് (കുറ്റകരം). അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

﴾5﴿ ٱدْعُوهُمْ നിങ്ങളവരെ വിളിക്കുവിൻ لِآبَآئِهِمْ അവരുടെ പിതാക്കളിലേക്ക് (ചേർത്ത്) هُوَ അതത്രെ أَقْسَطُ ഏറ്റം നീതിയായത് عِندَ اللَّهِ അല്ലാഹുവിങ്കൽ فَإِن لَّمْ تَعْلَمُوا എനി നിങ്ങൾക്കറിയുകയില്ലെങ്കിൽ آبَاءَهُمْ അവരുടെ പിതാക്കളെ فَإِخْوَانُكُمْ എന്നാൽ നിങ്ങളുടെ സഹോദരങ്ങളാണ് فِي الدِّينِ മതത്തിൽ وَمَوَالِيكُمْ നിങ്ങളുടെ മൗലാക്കളുമാണ്, ബന്ധപ്പെട്ടവരുമാണ് وَلَيْسَ ഇല്ലതാനും عَلَيْكُمْ നിങ്ങളുടെമേൽ جُنَاحٌ കുറ്റം فِيمَا യാതൊന്നിൽ أَخْطَأْتُم നിങ്ങൾ അബദ്ധംചെയ്ത, പിഴച്ച بِهِ അതിൽ, അതിനെപ്പറ്റി وَلَٰكِن പക്ഷേ مَا تَعَمَّدَتْ കരുതിക്കൂട്ടിച്ചെയ്തതാണ് قُلُوبُكُمْ നിങ്ങളുടെ ഹൃദയങ്ങൾ وَكَانَ اللَّهُ അല്ലാഹു ആകുന്നു غَفُورًا പൊറുക്കുന്നവൻ رَحِيمًا കരുണാനിധി

ദത്തുമക്കളെ അവരുടെ യഥാർത്ഥ പിതാക്കളോട് ചേർത്തു - ഇന്നയാളുടെ മകൻ, അല്ലെങ്കിൽ മകൾ എന്ന്- വിളിക്കുവാനും, പോറ്റുപിതാക്കളോട് ചേർത്തു വിളിക്കാതിരിക്കുവാനും ഈ വചനം കല്പിക്കുന്നു. എനി, യഥാർത്ഥ പിതാക്കൾ ആരാണെന്നറിയപ്പെടാത്തപക്ഷം അവരെ സഹോദരങ്ങളും 'മൗലാ' (ബന്ധു)ക്കളുമായി ഗണിച്ചുകൊള്ളണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു. സത്യവിശ്വാസികളെല്ലാം സഹോദരങ്ങളാണല്ലോ. (إنما المؤمنون اخوة) അതുകൊണ്ട് അങ്ങനെയുള്ളവരെ 'സഹോദരാ' (يا أخي) എന്നോ 'മൗലാ' (يا مولاى) എന്നോ വിളിക്കേണ്ടതാകുന്നു. ഇതനുസരിച്ച് നബി ﷺ സൈദ് (റ)

നോട് ഇപ്രകാരം പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. انت أخونا ومولانا (നീ നമ്മുടെ സഹോദരനും മൗലായുമാണ്.)

'മൗലാ' (مولى) എന്ന വാക്ക് പല അർത്ഥത്തിലും ഉപയോഗിക്കപ്പെടാറുള്ള ഒരു പദമാകുന്നു. ഇതിന്റെ ബഹുവചനമാണ് 'മവാലീ' (موالى) 'വലാഉ' (ولاء) എന്ന ധാതുവിൽ നിന്നുള്ളതാണത്. കുടുംബബന്ധം (قرابة) എന്നും, അടുപ്പം (قرب) എന്നും അതിനർത്ഥമുള്ളതുകൊണ്ട് കുടുംബപരമായ ബന്ധമുള്ളവർക്കും, അടുത്ത സ്നേഹബന്ധമുള്ളവർക്കും ഈ വാക്ക് ഉപയോഗിക്കാം. ചില പ്രത്യേക കാരണത്താൽ ഉണ്ടാകുന്ന പാർശ്വബന്ധത്തി (قرابة سببية)നും ഇസ്‌ലാമിൽ അംഗീകരണം നൽകപ്പെട്ടിട്ടുണ്ട്. ഇതിന് 'മുവാലാത്ത്' (موالاة) എന്നും 'മുആഖാത്ത' (مؤاخاة) എന്നും പറയപ്പെടുന്നു. മൈത്രീബന്ധമെന്നും, സാഹോദര്യബന്ധമെന്നും അർത്ഥം. മദീനഃയിൽവെച്ച് മുഹാജിറുകളും അൻസ്വാരികളും തമ്മിലുണ്ടായിരുന്ന ബന്ധം ഇതായിരുന്നു. സ്വത്തവകാശം തുടങ്ങിയ ചില നിയമങ്ങളൊഴിച്ച് മറ്റ് സുഖദുഃഖങ്ങളിൽ അന്യോന്യം പങ്കുകാരാകത്തക്കവണ്ണമുള്ള ഈ കൂട്ടുകെട്ട് എക്കാലത്തും മനുഷ്യർക്കിടയിൽ വളരെ ഉപകാരപ്രദംതന്നെയാണ്. അറബിഗോത്രങ്ങൾക്കിടയിൽ ഇത്തരം 'മുവാലാത്ത്' മുമ്പ് നടപ്പിലുണ്ടായിരുന്നു. അതവർക്ക് സ്വൈരജീവിതവും, പ്രതാപവും, ശക്തിയും നേടിക്കൊടുക്കുകയും ചെയ്തിരുന്നു. ഇതനുസരിച്ചാണ് ചിലപ്പോൾ ആളുകളെക്കുറിച്ച് مولى بنى فلان (ഇന്ന ഗോത്രക്കാരുടെ മൗലാ) എന്ന് പറയപ്പെട്ടുകാണുന്നത്.

മറ്റൊരു തരത്തിലുള്ള 'വലാഉ'ണ് ولاء العتاقة (അടിമത്തത്തിൽനിന്ന് മോചിപ്പിച്ച ബന്ധം). ഒരാളോ ഒരു കുടുംബമോ ഒരു അടിമയെ സ്വതന്ത്രനാക്കി വിട്ടാൽ അവൻ അവന്റെ, അല്ലെങ്കിൽ ആ കുടുംബത്തിന്റെ മൗലയായിത്തീരുന്നു. അതുപോലെത്തന്നെ, ഏതെങ്കിലും ഒരാളുടെ കൈക്ക് ഇസ്‌ലാമിൽ വന്ന ആളെക്കുറിച്ചും അയാളുടെ മൗലാ എന്ന് പറഞ്ഞുവരാറുണ്ട്. ഇമാം അബൂഹനീഫഃ (റ)യുടെ കുടുംബം ഇസ്‌ലാമിൽ വന്നപ്പോൾ അവർക്ക് ഇസ്‌ലാമിലേക്ക് പ്രചോദനം നൽകിയ ആളുകളോട് ചേർത്തു ഇന്നവരുടെ മൗലാക്കൾ എന്ന് പറയപ്പെട്ടിരുന്നു. ഈ വാസ്തവം മനസ്സിലാക്കാത്ത ചിലർ ഈ പ്രയോഗത്തെ തെറ്റിദ്ധരിച്ചു ഇമാം അബൂഹനീഫഃ (റ) അടിമവംശജനായിരുന്നുവെന്ന് ധരിച്ചുപോയിട്ടുണ്ട്.

ചുരുക്കത്തിൽ 'വലാഉ്' എന്ന ധാതുവിൽനിന്നുള്ള 'മൗലാ' എന്ന വാക്ക് പല അർത്ഥത്തിലും ഉപയോഗിക്കപ്പെടാറുണ്ടെന്ന് മനസ്സിലാക്കാം. ഏതർത്ഥത്തിലുള്ള മൗലാ ആയാലും ശരി, അറബികൾക്കിടയിൽ അങ്ങനെ മൗലാ എന്ന് സംബോധന ചെയ്യുന്നതിൽ അഭിമാനമല്ലാതെ- അപമാനമൊന്നും- ഉണ്ടായിരുന്നതുമില്ല. ഈ സമ്പ്രദായത്തെ പ്രോൽസാഹിപ്പിക്കുകയാണ് ഈ വചനം മുഖേന അല്ലാഹു ചെയ്യുന്നത്. കാരണം, അത് പരസ്പരം സ്നേഹബന്ധത്തിനും ഐക്യബോധത്തിനും ഉതകുന്നു. പല സ്വഹാബിമാരുടെയും പേരുകളോടൊപ്പം ഇന്ന ആളുടെ മൗലയാണദ്ദേഹം എന്ന് വിശേഷിപ്പിച്ചുകാണുന്നത് മേൽപറഞ്ഞ അടിസ്ഥാനത്തിലാകുന്നു. ഏത് തരത്തിലുള്ള 'വലാഉ്' -ആയിരുന്നാലും ശരി, അന്യോന്യം ബന്ധപ്പെട്ട ഇരുകക്ഷികൾക്കും ഈ (മൗലാ എന്നുള്ള) പേർ അന്വർത്ഥമാകുമെന്നും അറബികൾ അങ്ങനെ അത് ഉപയോഗിക്കാറുണ്ടെന്നും അറിഞ്ഞിരിക്കുന്നത് ചരിത്രപാരായണം ചെയ്യുന്നവർക്ക് വളരെ ആവശ്യമാകുന്നു.

മറ്റുചില സമുദായങ്ങളെപ്പോലെ അറബികളും തങ്ങളുടെ വംശപരമ്പരയും, കുടുംബപ്പേരും, നിലനിറുത്തുകയും പരിചയപ്പെടുകയും ചെയ്യുന്നത് മുൻപിതാക്കളുടെ പേരുകളിലാകുന്നു. ഇസ്‌ലാമിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതും ഈ വഴക്കംതന്നെ. നമ്മുടെ നാട്ടിലേത്പോലെ, ഏതെങ്കിലും പറമ്പിന്റെയോ, പാറയുടെയോ, ഇല്ലത്തിന്റെയോ, തൊടിയുടെയോ മറ്റോ പേരുകളിലല്ല. 'ഇന്ന പിതാമഹന്റെ വംശത്തിൽ ഇന്നിന്ന പിതാക്കളുടെ മകനായ ഇന്നവനാണ് തന്റെ പിതാവ്- അല്ലെങ്കിൽ മാതാവ്- എന്നായിരിക്കും അറബികൾ ഒരാളെ പരിചയപ്പെടുത്തുക. നാമാകട്ടെ, ഏതെങ്കിലും ഒരു തൊടിയുടെയോ മറ്റോ പേര് പറഞ്ഞായിരിക്കും കുടുംബത്തെ പരിചയപ്പെടുത്തുന്നത്. ഇന്ന ആളുടെ മകൻ ഇന്നവൻ എന്നതിന്റെ സ്ഥാനത്ത് ഇന്നേടത്തുവീട്ടിൽ ഇന്നവൻ എന്ന് പറയും. കൂടാതെ, പലപ്പോഴും ഈ വീട്ടുപേർ മാതൃകുടുംബത്തിന്റേതുമായിരിക്കും. മക്കളെ പിതാക്കളോട് ചേർത്തു വിളിക്കണമെന്ന ക്വുർആന്റെ ശാസനക്ക് നിരക്കാത്ത ഈ സമ്പ്രദായം, ഇന്ത്യൻ മുസ്‌ലിംകളിൽ ഇന്നും അവശേഷിപ്പുള്ള പല അനിസ്‌ലാമികാചാരങ്ങളിൽ ഒന്നാകുന്നു. മുസ്‌ലിംകൾ കഴിവതും ഈ നില മാറ്റേണ്ടതുണ്ട്.

'മൗലാ' എന്ന വാക്കിന്റെയും 'വലാഇ'ന്റെയും അർത്ഥവ്യാപ്തിയും പ്രയോഗങ്ങളും ആലോചിക്കാതെയിരുന്നതിനാൽ മുസ്‌ലിംകൾക്കിടയിൽ കടന്നുകൂടിയ ആപത്തുകളും ചില്ലറയല്ല. മുൻകാലങ്ങളിൽ ഇന്ത്യയെപ്പോലെയുള്ള ദൂരരാജ്യങ്ങളിൽ പല മഹാൻമാരുടെ കൈക്കും ഇസ്‌ലാംമതപ്രചാരണം നടന്നപ്പോൾ ഇസ്‌ലാമിനെ ആശ്ലേഷിച്ചിരുന്ന ആളുകളെക്കുറിച്ച്- അതതുദേശത്തെ മതപ്രചാരകരുടെ പേരോട്ചേർത്തുകൊണ്ട്- ഇന്ന ആളുകളുടെ മൗലാക്കൾ എന്ന് പറയപ്പെട്ടിരുന്നു. മുകളിൽ പ്രസ്താവിച്ചതുപോലെയുള്ള ഈ പാർശ്വബന്ധത്തെ കാലക്രമത്തിൽ കുടുംബബന്ധങ്ങളായി ചിലർ ചിത്രീകരിക്കുകയും, തെറ്റിദ്ധരിക്കുകയും ചെയ്തുവന്നു. അങ്ങനെ, തങ്ങൾ ആ മഹാൻമാരുടെ സന്തതികളിൽപെട്ടവരാണെന്ന് പലരും അവകാശപ്പെട്ടു. നൂറുകണക്കിനുള്ള സയ്യിദ്കുടുംബങ്ങളും (തങ്ങന്മാരും), സിദ്ദീക്വുകളും, ഫാറൂക്വികളും, ആയിരക്കണക്കിനുള്ള ഉഥ്മാനീ കുടുംബങ്ങളുമെല്ലാം ഇന്ത്യയിൽ ഇന്ന് കാണപ്പെടുന്നത് ഇക്കാരണത്താലാകുന്നു. ഈ വംശവാദത്തിൽതന്നെ പല വ്യാജപരമ്പരയും, അവക്കിടയിൽ കക്ഷിവഴക്കുകളും ഉണ്ടായിട്ടുമുണ്ട്. ഇസ്‌ലാമിൽ പുതുതായി പ്രവേശിക്കുന്നവർ- അവർ എത്ര കുലീനകുടുംബത്തിൽപെട്ടവരായിരുന്നുവെങ്കിലും- ഒരു താണതരക്കാരായി ഗണിക്കപ്പെടുന്ന ഒരു ദുഷിച്ച സമ്പ്രദായവും മിക്കവർക്കുമിടയിലും എങ്ങിനെയോ കടന്നുകൂടിയിരിക്കുന്നു. തങ്ങളുടെ പഴയ കുടുംബപ്പേർ മാറ്റിപ്പറയുവാൻ ഇതും ചിലർക്ക് പ്രോൽസാഹനം നൽകിയിരിക്കുന്നു. സ്വന്തം പിതാക്കൾ അയോഗ്യരായതുകൊണ്ടും ചിലർ ഈ നില സ്വീകരിക്കാറുണ്ട്. ഇസ്‌ലാമികദൃഷ്ട്യാ ഇതെല്ലാംതന്നെ വമ്പിച്ച തെറ്റാണെന്ന് പറയേണ്ടതില്ല.

നബി ﷺ പറയുന്നു: 'ജാഹിലിയ്യത്തി'ൽ (ഇസ്‌ലാമിന് മുമ്പുള്ള അജ്ഞാനകാലത്ത്) നിങ്ങളിൽ ഉത്തമന്മാരായുള്ളവർ ഇസ്‌ലാമിലും നിങ്ങളിൽവെച്ച് ഉത്തമൻമാർതന്നെ- അവർ വിജ്ഞാനം നേടിയാൽ' (ബു; മു.) ഒരു ഹദീഥിൽ നബി ﷺ ഇപ്രകാരം പറഞ്ഞതായി കാണാം: 'നിങ്ങളുടെ കുടുംബബന്ധം ചേർക്കുമാറ് (പാലിക്കത്തക്കവണ്ണം) നിങ്ങളുടെ കുടുംബപരമ്പരയിൽ നിന്നും നിങ്ങൾ പഠിച്ചിരിക്കുവിൻ.....' (തി.) വേറൊരു ഹദീഥിൽ ഇങ്ങനെ വന്നിരിക്കുന്നു: അറിഞ്ഞുകൊണ്ട് തന്റെ പിതാവല്ലാത്തവരോട് ചേർത്തിക്കൊണ്ട് (കുടുംബം) വാദിക്കുന്നവൻ അവിശ്വാസിയാകാതിരിക്കയില്ല.' (ഇബ്നുകഥീർ.)

ٱلنَّبِيُّ أَوْلَىٰ بِٱلْمُؤْمِنِينَ مِنْ أَنفُسِهِمْ ۖ وَأَزْوَٰجُهُۥٓ أُمَّهَٰتُهُمْ ۗ وَأُو۟لُوا۟ ٱلْأَرْحَامِ بَعْضُهُمْ أَوْلَىٰ بِبَعْضٍ فِى كِتَٰبِ ٱللَّهِ مِنَ ٱلْمُؤْمِنِينَ وَٱلْمُهَٰجِرِينَ إِلَّآ أَن تَفْعَلُوٓا۟ إِلَىٰٓ أَوْلِيَآئِكُم مَّعْرُوفًا ۚ كَانَ ذَٰلِكَ فِى ٱلْكِتَٰبِ مَسْطُورًا ﴿٦﴾

《6》 നബി [പ്രവാചകൻ] സത്യവിശ്വാസികളോട് അവരുടെ സ്വന്തം ദേഹങ്ങളെക്കാൾ ബന്ധപ്പെട്ട ആളാകുന്നു; അദ്ദേഹത്തിന്റെ ഭാര്യമാരാകട്ടെ അവരുടെ മാതാക്കളുമാണ്; സത്യവിശ്വാസികളിൽനിന്നും, 'മുഹാജിറു' കളിൽനിന്നും (പരസ്പരം) രക്തബന്ധമുള്ളവർ- അവരിൽ ചിലർ ചിലരോട് -അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ [നിയമമനുസരിച്ച്] കൂടുതൽബന്ധപ്പെട്ടവരുമാണ്; നിങ്ങൾ നിങ്ങളുടെ ബന്ധുമിത്രങ്ങൾക്ക് സമുചിതമായ വല്ലതും ചെയ്തുകൊടുക്കുന്നതായാലൊഴികെ [അതിന് തടസ്സമില്ല]. ഇപ്പറഞ്ഞത് വേദഗ്രന്ഥത്തിൽ രേഖപ്പെടുത്തപ്പെട്ടതായിരിക്കുന്നു. [സ്ഥിരപ്പെട്ടനിയമമാണ്].

《6》 النَّبِيُّ പ്രവാചകൻ أَوْلَى ഏറ്റം ബന്ധപ്പെട്ടവനാണ് بِالْمُؤْمِنِينَ സത്യവിശ്വാസികളുമായി مِنْ أَنفُسِهِمْ അവരുടെ ദേഹങ്ങളെ(ആത്മാക്കളെ)ക്കാൾ وَأَزْوَاجُهُ അദ്ദേഹത്തിന്റെ ഭാര്യമാരാകട്ടെ أُمَّهَاتُهُمْ അവരുടെ മാതാക്കളാണ്, ഉമ്മമാരാണ് وَأُولُو الْأَرْحَامِ രക്തബന്ധമുള്ളവർ بَعْضُهُمْ അവരിൽ ചിലർ أَوْلَى ഏറ്റം ബന്ധപ്പെട്ടവരാണ് بِبَعْضٍ ചിലരുമായി, ചിലരോട് فِي كِتَابِ اللهِ അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ مِنَ الْمُؤْمِنِينَ സത്യവിശ്വാസികളിൽ നിന്നുള്ള وَالْمُهَاجِرِينَ മുഹാജിറുകളിൽനിന്നും إِلَّا أَن تَفْعَلُوا നിങ്ങൾ ചെയ്യുന്നതായാലല്ലാതെ إِلَىٰ أَوْلِيَائِكُمْ നിങ്ങളുടെ ബന്ധുമിത്രങ്ങളിലേക്ക് مَعْرُوفًا വല്ല സൽക്കാര്യവും, സമുചിതമായതിനെ, സദാചാരമായത് كَانَ ذَٰلِكَ അതായിരിക്കുന്നു, ആകുന്നു فِي الْكِتَابِ വേദഗ്രന്ഥത്തിൽ مَسْطُورًا രേഖപ്പെടുത്തപ്പെട്ടത്

വളരെ പ്രധാനങ്ങളായ നാലഞ്ചുകാര്യങ്ങൾ അല്ലാഹു ഈ ആയത്ത്മുഖേന വിവരിക്കുന്നു:-

1) സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം നബി ﷺ അവരോട് തങ്ങളെക്കാളും- മറ്റാരെക്കാളും -കൂടുതൽ ബന്ധപ്പെട്ട ആളാകുന്നു. (النبى أولى بالمؤمنين من أنفسهم) വളരെ കനത്ത ഒരു യാഥാർത്ഥ്യമാണ് അല്ലാഹു ഇത് മുഖേന ചൂണ്ടിക്കാട്ടുന്നത്. ഏതെല്ലാം വിഷയത്തിലാണ് ഈ ബന്ധം ഉൾക്കൊള്ളുന്നതെന്നൊരു പരിധി നിശ്ചയിച്ചിട്ടില്ല; അതിനാവശ്യവുമില്ല. ഐഹികവും, പാരത്രികവും, മതപരവുമായ എല്ലാ തുറകളിലും അവിടുന്ന് സത്യവിശ്വാസികളുടെ മാതൃകയും, വഴികാട്ടിയും, ഗുണകാംക്ഷിയുമാണ്. ഓരോരുത്തനും തന്റെ ദേഹത്തെക്കാൾ തിരുമേനിയെ മാനിക്കണം, സ്നേഹിക്കണം, അവിടുത്തെ ആവശ്യത്തിനും തീരുമാനത്തിനും പ്രാധാന്യം നൽക

ണം, അവിടുത്തെ ദേഹത്തിനും, മാനത്തിനും മുൻഗണന നൽകണം, അവിടുത്തെ കൽപനകൾക്കോ നടപടി ക്രമങ്ങൾക്കോ യോജിക്കാത്തതൊന്നും സ്വീകരിച്ചുകൂടാ, ഇതെല്ലാം അതിന്റെ അർത്ഥവ്യാപ്തിയിൽ ഉൾപ്പെടുന്നു. സ്വഹാബികളുടെ ചര്യകൾ ഇതിന് സാക്ഷ്യം വഹിക്കുന്നു. മനുഷ്യന്റെ ഐഹികവും, പാരത്രികവുമായ നന്മതിന്മകളെ ഒന്നൊഴിയാതെ വിവരിച്ചുതരുന്നതും, അങ്ങേഅറ്റത്തെ വാൽസല്യത്തോടും കൃപയോടുംകൂടി ശാശ്വതമോക്ഷത്തിലേക്ക് മാർഗദർശനം നൽകുന്നതും, കാലാകാല ശിക്ഷയിൽ നിന്ന് വിമുക്തരാകുന്നതിനുള്ള താക്കീതുകൾ കാലേക്കൂട്ടി നൽകുന്നതും അല്ലാഹുവിന്റെ റസൂലായ തിരുമേനിയല്ലാതെ മറ്റാരാണ്?! സത്യവിശ്വാസികൾക്ക് നബി തിരുമേനി ﷺ യോടുള്ള കടപ്പാടെന്താണെന്നും, തിരുമേനി സത്യവിശ്വാസികളുമായി എത്ര മാത്രം ബന്ധപ്പെട്ട ആളാണെന്നും മനസ്സിലാക്കുന്നതിന് ക്വുർആനിൽ ധാരാളം തെളിവുകൾ കാണാം. വിശേഷിച്ചും ഈ സൂറത്തിലെ പല വചനങ്ങളും പ്രത്യേകം ശ്രദ്ധേയമാകുന്നു. ധാരാളം ഹദീഥുകളും ഈ വിഷയകമായി ഉദ്ധരിക്കുവാനുണ്ട്. ഉദാഹരണത്തിന് മാത്രം ചിലത് ഇവിടെ സ്മരിക്കുക:

നബി ﷺ പറയുന്നു: 'എന്റെ ദേഹം യാതൊരുവന്റെ കൈവശമാണോ അവൻ തന്നെ സത്യം! നിങ്ങളിൽ ഒരാൾക്ക് അവന്റെ ദേഹത്തെക്കാളും അവന്റെ ധനത്തെക്കാളും, സന്താനങ്ങളെക്കാളും, എല്ലാ മനുഷ്യരെക്കാളും കൂടുതൽ ഇഷ്ടപ്പെട്ടവൻ ഞാനായിത്തീരുന്നത്വരെ അവൻ സത്യവിശ്വാസിയാകുകയില്ല.' ഉമർ (റ) ഒരിക്കൽ തിരുമേനിയോട് പറഞ്ഞു: 'എന്റെ ദേഹം ഒഴിച്ച് മറ്റെല്ലാവരെക്കാളും എനിക്ക് ഇഷ്ടപ്പെട്ട ആൾ അങ്ങുന്നാകുന്നു.' തിരുമേനി പറഞ്ഞു: 'ഇല്ല- ഉമറേ- തനിക്ക് തന്നെക്കാളും ഇഷ്ടപ്പെട്ടവൻ ഞാനായിരിക്കാതെ ഒക്കുകയില്ല.' അദ്ദേഹത്തിന് കാര്യത്തിന്റെ ഗൗരവം മനസ്സിലായി. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! അല്ലാഹു തന്നെയാണ! നിശ്ചയമായും അങ്ങുന്ന് എല്ലാവരെക്കാളും അധികം എനിക്ക് ഇഷ്ടപ്പെട്ടവനാകുന്നു- എന്റെ സ്വന്തം ദേഹത്തെക്കാൾപോലും!' തിരുമേനി പറഞ്ഞു: الآن ياعمر (ഇപ്പോൾ ശരി- ഉമറേ) നബി ﷺ ഒരിക്കൽ ഇപ്രകാരം പ്രസ്താവിച്ചതായി അബൂഹുറയ്റഃ (റ) നിവേദനം ചെയ്യുന്നു: 'ഏതൊരു സത്യവിശ്വാസിയും തന്നെ, ഇഹത്തിലും പരത്തിലും ഞാനവനോട് മനുഷ്യരിൽവെച്ച് ഏറ്റവും ബന്ധപ്പെട്ടവനല്ലാതില്ല. വേണമെങ്കിൽ (ഇതിന് തെളിവായി) النبي أولى بالمؤمنين من أنفسهم (നബി സത്യവിശ്വാസികളോട് അവരുടെ സ്വന്തം ദേഹങ്ങളെക്കാൾ ബന്ധപ്പെട്ടവനാകുന്നു) എന്ന ആയത്ത് ഓതിക്കൊള്ളുക. ആകയാൽ, ഏതെങ്കിലും ഒരു സത്യവിശ്വാസി വല്ല ധനവും വിട്ട് (മരിച്ചു) പോകുന്നപക്ഷം, അവന്റെ അവകാശികൾ ആരായാലും ശരി അതവർ അനന്തരമെടുത്തുകൊള്ളട്ടെ. ആരെങ്കിലും കടമോ അഗതികളെ (സന്താനങ്ങൾ മുതലായ പ്രാരാബ്ധങ്ങളെ)യോ വിട്ടുപോകുന്നപക്ഷം എന്റെ അടുക്കൽ വരട്ടെ. ഞാനവന്റെ മൗലാ (ബന്ധു)യാകുന്നു.' മറ്റൊരു നിവേദനത്തിലെ വാചകം: 'സത്യവിശ്വാസികളിൽ ആരെങ്കിലും മരിക്കുകയും കടം ബാക്കി വെക്കുകയും ചെയ്യുന്നതായാൽ, അത് വീട്ടുന്നത് എന്റെ ബാധ്യതയാണ്. ധനം വിട്ടുപോയാൽ അതവന്റെ അവകാശികൾക്കുമാകുന്നു' എന്നാണ്. ഇസ്‌ലാമിന് വിജയങ്ങൾ കൈവരികയും, 'ഗനീമത്ത്' സ്വത്തുക്കൾ ലഭിച്ചുകൊണ്ടിരിക്കയും ചെയ്ത അവസരത്തിലാണ് തിരുമേനി ഈ പ്രഖ്യാപനം ചെയ്തത്. (ഈ ഹദീഥുകളെല്ലാം തന്നെ ബുഖാരിയിലും മറ്റും കാണാം.)

2) നബി തിരുമേനി ﷺ യുടെ പത്നിമാർ സത്യവിശ്വാസികളുടെ മാതാക്കളാകുന്നു. (وأزواجه أمهاتهم) അഥവാ, മാതാക്കളെപ്പോലെ അവരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യണം. തിരുമേനിക്ക് ശേഷം അവരെ ആർക്കും വിവാഹം ചെയ്യാനും പാടു

ള്ളതല്ല. പക്ഷേ, പർദ്ദ ആചരിക്കുന്നതിൽ അവർ മറ്റുള്ള സ്ത്രീകളെപ്പോലെത്തന്നെ. 53-ാം വചനം നോക്കുക. നബി ﷺ യുടെ ഭാര്യമാരെ സംബന്ധിച്ച പല വിഷയങ്ങളും ഈ സൂറത്തിൽ താഴെ കാണാവുന്നതാണ്.

3) രക്തച്ചാർച്ചയുള്ള കുടുംബങ്ങൾ തമ്മിലാണ് കൂടുതൽ ബന്ധമുള്ളത്. മദീനഃ ഹിജ്റയെത്തുടർന്ന് മക്കഃയിൽ നിന്ന് ഹിജ്റഃ വന്ന സ്വഹാബികളും, മദീനയിലെ 'അൻസ്വാരി' കളാകുന്ന സ്വഹാബികളും തമ്മിൽ ഒരു പ്രത്യേക സാഹോദര്യബന്ധം സ്ഥാപിക്കപ്പെട്ടിരുന്നുവല്ലോ. ഹിജ്റഃയുടെയും, മതസാഹോദര്യത്തിന്റെയും അടിസ്ഥാനത്തിലായിരുന്നു അത്. ഇസ്ലാമിലെ അനന്തരാവകാശനിയമം അന്ന് നടപ്പാക്കപ്പെട്ടിട്ടുണ്ടായിരുന്നില്ല. പ്രസ്തുതബന്ധം അനുസരിച്ച് മുഹാജിറുകൾക്ക് അൻസ്വാരികളുടെ സ്വത്തിൽ അനന്തരാവകാശംപോലും നൽകപ്പെട്ടിരുന്നു. وأولو الأرحام بعضهم أولى ببعض (രക്തബന്ധമുള്ളവർ പരസ്പരം കൂടുതൽ ബന്ധപ്പെട്ടവരാണ്) എന്ന വാക്യം ഇത്തരത്തിലുള്ള അനന്തരാവകാശ സമ്പ്രദായത്തെ നിറുത്തലാക്കുകയും സ്വത്തവകാശത്തിനുള്ള അർഹത കുടുംബബന്ധമാണെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു في كتاب الله (അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ- അഥവാ നിയമപ്രകാരം) എന്ന വാക്ക് ഈ നിയമത്തിന് സ്ഥിരത നൽകുകയും ചെയ്യുന്നു. من المؤمنين والمهاجرين (സത്യവിശ്വാസികളിൽ നിന്നും മുഹാജിറുകളിൽ നിന്നും- അഥവാ മതവിഷയത്തിൽ സ്വരാജ്യം ത്യജിച്ച് അഭയാർത്ഥികളായി വന്നവരിൽ നിന്നും-) എന്ന് പറഞ്ഞത് ശ്രദ്ധേയമാണ്. ഹിജ്റഃയുടെയോ മതത്തിന്റെയോ പേരിലുള്ള മൈത്രീബന്ധം നിമിത്തം ഇനിമേലിൽ സ്വത്തവകാശമില്ലെന്ന സൂചന ഇതിൽ കാണാം. ഒരു മുസ്ലിമിന്റെ സ്വത്തവകാശം ലഭിക്കുന്നതിന് അയാളുമായുള്ള കുടുംബബന്ധത്തിന് പുറമെ മതവിശ്വാസത്തിലും യോജിക്കേണ്ടതുണ്ടെന്നും ഈ വാക്കിൽ നിന്ന് ധ്വനിക്കുന്നു. ഇത് ഒരു ഹദീഥിൽ നബി ﷺ ഇങ്ങനെ വ്യക്തമാക്കിയിട്ടുമുണ്ട്: لا يرث المسلم الكافر ولا الكافر المسلم – متفق عليه (മുസ്ലിം കാഫിറിനെയും- അവിശ്വാസിയെയും- കാഫിർ മുസ്ലിമിനെയും അനന്തരമെടുക്കുകില്ല.- (ബു; മു.)

4) രക്തബന്ധമില്ലാത്ത ബന്ധുക്കൾക്ക് -അവർ സത്യവിശ്വാസികളോ, മുഹാജിറുകളോ, മറ്റുതരത്തിൽ മൈത്രിയുള്ളവരോ എന്ന നിലക്ക്- വസ്വിയ്യത്തായോ മറ്റ് വിധത്തിലോ വല്ല ഉപകാരവും ചെയ്യുന്നതിന് ഈ നിയമം ഒരിക്കലും തടസ്സമാകുന്നില്ല (الا ان تفعلوا إلى أوليائكم معروفا) അനന്തരാവകാശികളെന്ന നിലക്ക് നിയമപരമായ അവകാശമൊന്നും അവർക്കില്ലെന്ന് മാത്രം. നിയമപരമായി സ്വത്തവകാശത്തിന് അർഹരായ കുടുംബാംഗങ്ങൾക്ക് വസ്വിയ്യത്തിന്റെ ആവശ്യം സാധാരണമായി നേരിടുന്നില്ല. അതുകൊണ്ട് ഹദീഥിൽ അത് വിരോധിക്കപ്പെട്ടിട്ടുമുണ്ട്. എനി വല്ല പ്രത്യേക പരിതഃസ്ഥിതിയിലും അവകാശികളിൽ ചിലർക്ക് പ്രത്യേകം വസ്വിയ്യത്ത് ചെയ്യേണ്ടതുണ്ടെങ്കിൽ അത് മറ്റുള്ള അവകാശികളുടെ അനുമതിയോടുകൂടി ചെയ്യാവുന്നതുമാണ്.

5) ഇത് വേദഗ്രന്ഥത്തിൽ രേഖപ്പെടുത്തപ്പെട്ട നിയമമാകുന്നു.(كان ذلك فى الكتاب مسطورا) അപ്പോൾ വേദഗ്രന്ഥത്തിൽ വിശ്വസിക്കുന്ന ഏവർക്കും ഈ നിയമത്തിൽ ഒരു ഭേദഗതിയും ഒരിക്കലും വരുത്തുവാൻ നിവൃത്തിയില്ല; ഖണ്ഡിതമായ നിയമമാണത്. 'മരുമക്കത്തായ'ക്കാരും, സാക്ഷാൽ സ്വത്തിനവകാശികളായ ആളുകൾക്കും മുഴുവനായോ ഭാഗികമായോ -സ്വത്ത് ലഭിക്കാതിരിക്കാൻ കൃത്രിമ രേഖകളോ കൈമാറ്റമോ നടത്തുന്നവരും അല്ലാഹുവിന്റെ ഈ നിയമത്തെ പ്രത്യക്ഷത്തിൽ ലംഘിക്കുകയാണ് ചെയ്യുന്നത്. ഇത്രയും ഊന്നിപ്പറഞ്ഞ ഈ നിയമം പുറംതള്ളുന്നവർ അവന്റെ കടുത്ത ശിക്ഷക്ക് തികച്ചും അർഹരായിരിക്കുകതന്നെ ചെയ്യും. അല്ലാഹു രക്ഷിക്കട്ടെ. ആമീൻ.

وَإِذْ أَخَذْنَا مِنَ ٱلنَّبِيِّـۧنَ مِيثَـٰقَهُمْ وَمِنكَ وَمِن نُّوحٍ وَإِبْرَٰهِيمَ وَمُوسَىٰ وَعِيسَى ٱبْنِ مَرْيَمَ ۖ وَأَخَذْنَا مِنْهُم مِّيثَـٰقًا غَلِيظًا ﴿٧﴾

《7》 (നബിയേ) പ്രവാചകൻമാരിൽനിന്ന്- നിന്നിൽനിന്നും, നൂഹ്, ഇബ്റാഹീം, മൂസാ, മർയമിന്റെ മകൻ ഈസാ എന്നിവരിൽനിന്നും തന്നെ- നാം തങ്ങളുടെ ഉറപ്പ് വാങ്ങിയ സന്ദർഭം (ഓർക്കുക)! അവരിൽനിന്ന് നാം ഗൗരവപ്പെട്ട ഉറപ്പ് വാങ്ങുകയും ചെയ്തിരിക്കുന്നു.

لِّيَسْـَٔلَ ٱلصَّـٰدِقِينَ عَن صِدْقِهِمْ ۚ وَأَعَدَّ لِلْكَـٰفِرِينَ عَذَابًا أَلِيمًا ﴿٨﴾

《8》 സത്യവാൻമാരോട് അവരുടെ സത്യതയെക്കുറിച്ച് അവന് (അല്ലാഹുവിന്) ചോദ്യം ചെയ്യാൻ വേണ്ടിയാകുന്നു (അത്). അവിശ്വാസികൾക്ക് അവൻ വേദനയേറിയ ശിക്ഷ ഒരുക്കി വെക്കുകയും ചെയ്തിരിക്കുന്നു.

《7》 وَإِذْأَخَذْنَا നാം വാങ്ങിയ (എടുത്ത) സന്ദർഭം مِنَ النَّبِيِّينَ നബിമാരിൽനിന്ന് مِيثَاقَهُمْ അവരുടെ ഉറപ്പ്, ഉടമ്പടി وَمِنْكَ നിന്നിൽനിന്നും وَمِنْ نُوحٍ നൂഹിൽനിന്നും وَإِبْرَاهِيمَ ഇബ്റാഹീമിൽനിന്നും وَمُوسَى മൂസായിൽനിന്നും وَعِيسَى ഈസായിൽനിന്നും ابْنِ مَرْيَمَ മർയമിന്റെ മകനായ وَأَخَذْنَا നാം വാങ്ങുകയും ചെയ്തു مِنْهُمْ അവരിൽ നിന്ന് مِيثَاقًا ഉറപ്പ് غَلِيظًا ഗൗരവപ്പെട്ട, ശക്തമായ 《8》 لِيَسْأَلَ അവൻ ചോദിക്കുവാൻ (ചോദ്യം ചെയ്യാൻ) الصَّادِقِينَ സത്യവാൻമാരോട് عَنْ صِدْقِهِمْ അവരുടെ സത്യത്തെ (സത്യതയെ)പ്പറ്റി وَأَعَدَّ അവൻ ഒരുക്കുകയും ചെയ്തിരിക്കുന്നു لِلْكَافِرِينَ അവിശ്വാസികൾക്ക് عَذَابًا أَلِيمًا വേദനയേറിയ ശിക്ഷ

നബിമാരിൽനിന്നും അല്ലാഹു വാങ്ങിയ ഈ ഉറപ്പിനെ- കരാറിനെ ഇവിടെ വിശദീകരിച്ചിട്ടില്ലെങ്കിലും, സൂ: ആലുഇംറാനിലും മറ്റും 'പ്രസ്താവിച്ചിട്ടുള്ളതിൽനിന്ന് നമുക്കത് ഏതാണ്ട് മനസ്സിലാക്കുവാൻ കഴിയും. അല്ലാഹു പറയുന്നു: وَإِذْ أَخَذَ اللهُ مِيثَاقَ النَّبِيِّينَ .... قَالُوا أَقْرَرْنَا - ال عمران:٨١ (സാരം: നിങ്ങൾക്ക് വല്ല വേദഗ്രന്ഥമോ, വിജ്ഞാനമോ ഞാൻ നൽകുകയും, പിന്നീട് നിങ്ങളുടെ വശമുള്ളതിനെ സത്യമായി സ്ഥാപിക്കുന്ന ഏതെങ്കിലും റസൂൽ നിങ്ങൾക്ക് വരുകയും ചെയ്യുന്ന പക്ഷം, നിങ്ങൾ നിശ്ചയമായും അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്യണമെന്ന് അല്ലാഹു നബിമാരോട് കരാറു വാങ്ങിയ സന്ദർഭം.(*) അവൻ ഷഞ്ഞു 'നിങ്ങൾ സമ്മതിക്കുകയും അതിന്റെ മേൽ എന്നോടുള്ള ഉത്തരവാദിത്ത ഭാരം

(*) (ഗ്രന്ഥകർത്താവിന്റെ ഈ പരാമർശത്തെ സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്ത് സൂറ: ആലു ഇംറാനിലെ 81-ാം സൂക്തത്തിലും ഇവിടെയും പറഞ്ഞ കരാറുകൾ ഒന്നുതന്നെയാണെന്നും. ഇത് തന്നെയാണ് ബഹു: അമാനി മൗലവിയുടെ അഭിപ്രായമെന്നും പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുവാൻ ഖാദിയാനികൾ സാധാരണ ശ്രമം നടത്താറുണ്ട്. ഖാദിയാനി പ്രവാചകത്വം സ്ഥാപിക്കുവാൻ ഇക്കൂട്ടർ ചെയ്തു വരാറുള്ള ദുർവ്യാഖ്യാനങ്ങളിൽ ഒന്നുമാത്രമാണിത്. സൂറഃ ആലുഇംറാനിലെ 81-ാം സൂക്തത്തിന്റെ അർത്ഥവും അതിന് അമാനി മൗലവി നൽകിയ വിവരണവും പരിശോധിക്കുക.

ഏറ്റെടുക്കുകയും ചെയ്തുവോ?!' അവൻ പറഞ്ഞു: 'ഞങ്ങൾ സമ്മതിച്ചിരിക്കുന്നു' (ആലുഇംറാൻ 81) ഏഴാം വചനത്തിൽ പ്രത്യേകം എടുത്തുപറഞ്ഞ അതേ അഞ്ച് പ്രവാചകൻമാരോട് കൽപിച്ച വസ്വിയ്യത്തായിക്കൊണ്ട് സൂറഃ ശൂറാ 13 ൽ ഇങ്ങിനെ പറയുന്നു. أن أقيموا الدين ولا تتفرقوا فيه (നിങ്ങൾ മതത്തെ നിലനിറുത്തുവിൻ, അതിൽ ഭിന്നിക്കരുത്).

അല്ലാഹു നബിമാർക്ക് 'രിസാലത്താ'കുന്ന ദിവ്യദൗത്യം നൽകുന്നതുതന്നെ കരാറാണ് എന്ന് പറയാം, അത് ശരിക്കും നിറവേറ്റാൻ അവർ ബാധ്യസ്ഥരാണല്ലോ. അതവർ നിർവ്വഹിക്കുമെന്ന് ഏറ്റുപറയുമ്പോൾ ആ ബാധ്യത കൂടുതൽ ഗൗരവപ്പെടുകയും ചെയ്യുന്നു.

'പ്രവാചകന്മാരിൽനിന്ന് കരാർ വാങ്ങി' എന്ന് ആദ്യം പൊതുവിൽ പറഞ്ഞശേഷം അഞ്ച് പ്രവാചകൻമാരുടെ പേർ പ്രത്യേകം അല്ലാഹു ഇവിടെ എടുത്തുപറഞ്ഞിരിക്കയാണ്. അല്ലാഹുവിങ്കലും, ലോകചരിത്രത്തിലും അവർക്കുള്ള പ്രത്യേക പദവിയാണത് കുറിക്കുന്നത്. അതുകൊണ്ട്തന്നെയാണ് ഈ അഞ്ച് പ്രവാചകവര്യൻമാർക്ക് أولو العزم (ദൃഢചിത്തതയുള്ളവർ) എന്ന കീർത്തിനാമം ലഭിച്ചിരിക്കുന്നതും. നൂഹ് (അ) , ഇബ്റാഹീം (അ), മൂസാ (അ), ഈസാ (അ) എന്നീ നബിമാരുടെ പേരുകൾ അവരുടെ കാലക്രമം അനുസരിച്ചുതന്നെ അല്ലാഹു പ്രസ്താവിച്ചു. എന്നാൽ, ഏറ്റവും ഒടുവിലത്തെ പ്രവാചകവര്യനായ മുഹമ്മദ് തിരുമേനിﷺ യുടെ പേര് പറഞ്ഞിട്ടില്ല. 'നിന്നിൽനിന്നും' (ومنك) എന്ന വാക്കിലൂടെ സംബോധനാരൂപത്തിൽ- ഒന്നാമനായിത്തന്നെ- എടുത്തുപറഞ്ഞിരിക്കുകയാണ്. പ്രവാചകന്മാരിൽ വെച്ച് നബി തിരുമേനി ﷺ ക്കുള്ള ഏറ്റവും ഉൾകൃഷ്ട പദവിയെ ഇത് സൂചിപ്പിക്കുന്നു. പ്രവാചകൻമാർ തങ്ങളുടെ കൃത്യം നിറവേറ്റുന്നതിലും, സമുദായങ്ങൾ തങ്ങളുടെ കടമ നിർവ്വഹിക്കുന്നതിലും സത്യത പാലിച്ചിട്ടുണ്ടോ എന്ന് അല്ലാഹു പരിശോധിക്കുകയും, അതിനെപ്പറ്റി ക്വിയാമത്ത്നാളിൽ ചോദ്യം ചെയ്യുകയും ചെയ്യുന്നതിനെക്കുറിച്ചും, പ്രവാചകൻമാരുടെ ദൗത്യത്തിൽ വിശ്വസിക്കാത്തവർക്കുണ്ടാകുന്ന ശിക്ഷയെക്കുറിച്ചും ഉള്ള താക്കീതാണ് 8-ാം വചനത്തിലുള്ളത്. فَلَنَسْأَلَنَّ الَّذِينَ أُرْسِلَ إِلَيْهِمْ وَلَنَسْأَلَنَّ الْمُرْسَلِينَ (الأعراف-٦) (യാതൊരു കൂട്ടരിലേക്ക് റസൂൽ അയക്കപ്പെട്ടിരിക്കുന്നുവോ അവരോട് നിശ്ചയമായും നാം ചോദ്യം ചെയ്യും. റസൂലായി അയക്കപ്പെട്ടവരോടും നിശ്ചയമായും നാം ചോദ്യം ചെയ്യും. (സൂ: അഅ്റാഫ് 6.)

വിഭാഗം - 2

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱذْكُرُوا۟ نِعْمَةَ ٱللَّهِ عَلَيْكُمْ إِذْ جَآءَتْكُمْ جُنُودٌ فَأَرْسَلْنَا عَلَيْهِمْ رِيحًا وَجُنُودًا لَّمْ تَرَوْهَا ۚ وَكَانَ ٱللَّهُ بِمَا تَعْمَلُونَ بَصِيرًا ﴿٩﴾

﴾9﴿ ഹേ, വിശ്വസിച്ചിട്ടുള്ളവരേ! നിങ്ങളുടെമേൽ അല്ലാഹു അനുഗ്രഹം ചെയ്തതിനെ ഓർക്കുവിൻ; അതായത്; നിങ്ങളുടെ അടുക്കൽ കുറെ സൈന്യങ്ങൾ വരുകയും, എന്നിട്ട് നാം അവരിൽ ഒരു (ശക്തിമത്തായ) കാറ്റിനെയും, നിങ്ങൾ കണ്ടിട്ടില്ലാത്ത കുറെ സൈന്യങ്ങളെയും അയക്കുകയും ചെയ്ത സന്ദർഭം. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി അല്ലാഹു കണ്ടറിയുന്നവനായിരുന്നു.

نِعْمَةَ اللَّهِ ﴿9﴾ يَا أَيُّهَا الَّذِينَ آمَنُوا വിശ്വസിച്ചിട്ടുള്ളവരെ اذْكُرُوا നിങ്ങൾ ഓർക്കുവിൻ نِعْمَةَ اللَّهِ അല്ലാഹുവിന്റെ അനുഗ്രഹം عَلَيْكُمْ നിങ്ങളുടെമേൽ إِذْ جَاءَتْكُمْ നിങ്ങളുടെ അടുക്കൽ വന്നപ്പോൾ جُنُودٌ ചില സൈന്യങ്ങൾ, കുറെ പട്ടാളങ്ങൾ فَأَرْسَلْنَا എന്നിട്ട് നാം അയച്ചു عَلَيْهِمْ അവരിൽ, അവരുടെമേൽ رِيحًا ഒരു കാറ്റ് وَجُنُودًا ചില സൈന്യങ്ങളെയും لَمْ تَرَوْهَا നിങ്ങൾ കാണാത്ത وَكَانَ اللَّهُ അല്ലാഹു ആകുന്നു بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി بَصِيرًا കാണുന്നവൻ, കണ്ടറിയുന്നവൻ

ഖൻദക് (خندق) യുദ്ധത്തിൽ സത്യവിശ്വാസികൾക്ക് അല്ലാഹു ചെയ്തുകൊടുത്ത മഹത്തായ ഒരനുഗ്രഹത്തെ അനുസ്മരിപ്പിക്കുന്നതാണ് ഈ വചനം. മദീനഃയിലെ യഹൂദരും, ക്വുറൈശികളടക്കമുള്ള പല അറബിഗോത്രങ്ങളും പരസ്പരം സഖ്യം സ്ഥാപിച്ചുകൊണ്ട് തയ്യാറാക്കിയതും, പതിനായിരത്തിലധികം വരുന്നതുമായ ഒരു വമ്പിച്ച സേനയെ മുസ്‌ലിംകൾ നേരിടേണ്ടിവന്ന ഒരു യുദ്ധമായിരുന്നു അത്. മുസ്‌ലിംകളാകട്ടെ, മൂവ്വായിരം മാത്രമായിരുന്നു. ഉഹ്ദ് യുദ്ധം കഴിഞ്ഞ പിറ്റേകൊല്ലം –ഹിജ്റഃ അഞ്ചാംകൊല്ലം– ഉണ്ടായ ഈ യുദ്ധത്തിൽ നടന്ന പല സംഭവങ്ങളെക്കുറിച്ചും ഈ സൂറത്തിൽ പ്രതിപാദിക്കുന്നുണ്ട്. ശത്രുസേന പല കക്ഷികൾ ചേർന്നതാകകൊണ്ട് ഈ യുദ്ധത്തിന് 'അഹ്സ്വാബ്' യുദ്ധം (غزوة الأحزاب)– അഥവാ പല സൈന്യസംഘങ്ങളും പങ്കെടുത്ത യുദ്ധം– എന്നും, ശത്രുക്കൾ മദീനയിൽ പ്രവേശിക്കുവാൻ സാധ്യതയുള്ള പ്രദേശങ്ങളിൽകൂടി മുസ്‌ലിംകൾ വമ്പിച്ച ഒരു 'ഖൻദക്' (കിടങ്ങ്) കുഴിച്ചിരുന്നതുകൊണ്ട് 'ഖൻദക്' യുദ്ധമെന്നും ഇതിന് പേർ പറയപ്പെടുന്നു. ഈ ഖൻദക് കുഴിക്കുന്നതിൽ മുസ്‌ലിംകൾ ചെയ്ത ത്യാഗങ്ങളും, നബി തിരുമേനി ﷺ വിശപ്പ്നിമിത്തം വയറ്റത്ത് കല്ല്വെച്ചു കെട്ടിക്കൊണ്ടും മറ്റും അതിൽ വഹിച്ച പങ്കും ചരിത്രപ്രസിദ്ധമാണ്. യുദ്ധത്തിൽ കിടങ്ങ് നിർമിക്കുന്ന ഏർപ്പാട് അറബികൾക്ക് അപരിചിതമായിരുന്നു. പേർഷ്യക്കാരനായിരുന്ന സൽമാൻ (سلمان الفارسى) എന്ന സ്വഹാബിയുടെ നിർദ്ദേശപ്രകാരമാണ് തിരുമേനി കിടങ്ങ് നിർമിക്കാൻ തീരുമാനിച്ചത്.

ശത്രുക്കൾ കിടങ്ങിന്റെ മറുവശത്തായി മദീനഃയെ കുറെ ദിവസത്തോളം ഉപരോധം ചെയ്തുകൊണ്ടിരുന്നു. മുസ്‌ലിംകളാകട്ടെ– താഴെ ആയത്തുകളിൽ കാണാവുന്നതുപോലെ –പലതരത്തിലുള്ള കഷ്ടതകളും പരീക്ഷണങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെയിരിക്കെ, അതിശൈത്യവും, കൂരിരുട്ടും നിറഞ്ഞ ഒരു രാത്രിയിൽ അല്ലാഹു ഒരു കൊടുങ്കാറ്റ് നിയോഗിച്ചു. ശത്രുക്കളുടെ മുഖത്തും കണ്ണിലും മണ്ണ് നിറഞ്ഞു. തമ്പുകൾ പറന്നുപോയി. തീ കെട്ടുകളഞ്ഞു. വെപ്പുപാത്രങ്ങൾ മറിഞ്ഞുവീണു. കുതിരകൾ അലറിപ്പാഞ്ഞു. ചരൽമഴ വർഷിച്ചു. കൂട്ടനിലവിളിയായി. ചുരുക്കിപ്പറഞ്ഞാൽ ശത്രുക്കൾ അങ്ങേഅറ്റം ഭയവിഹ്വലരായി. അവരുടെ സംഘം ഛിന്നഭിന്നമായി സ്ഥലം വിട്ടു. മുസ്‌ലിംകൾക്ക് രക്ഷ ലഭിക്കുകയും ചെയ്തു. الحمد لله

'നിങ്ങൾ കാണാത്ത സൈന്യങ്ങളും' (وجنودا لم تروها) എന്ന് പറഞ്ഞത് മലക്കുകളെക്കുറിച്ചാകുന്നു. ഈ കാറ്റിലും , അതിനെത്തുടർന്നുണ്ടായ സംഭവവികാസങ്ങളിലും മലക്കുകൾക്കും, അവരുടെ അദൃശ്യമായ പ്രവർത്തനങ്ങൾക്കും പങ്കുണ്ടായിരുന്നുവെന്ന് സാരം. 'നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി അല്ലാഹു കണ്ടറിയുന്നവനായിരുന്നു' (وكان الله بما تعملون بصيرا) എന്ന വാക്യം സത്യവിശ്വാസികൾക്ക് വമ്പിച്ച ഒരു സന്തോഷവാർത്തകൂടി ഉൾക്കൊള്ളുന്നതാണ്. അവർ അനുഭവിച്ച വിഷമങ്ങളും, അവർ വരിച്ച

ത്യാഗങ്ങളും അല്ലാഹു ശരിക്കും കണ്ടറിഞ്ഞിട്ടുണ്ട്. അതിന് അവൻ തക്ക പ്രതിഫലം നൽകുകതന്നെ ചെയ്യും എന്ന് സാരം. യുദ്ധത്തിന്റെ സംക്ഷിപ്ത രൂപം ആദ്യം പ്രസ്താവിച്ചശേഷം അതിലെ ചില വശങ്ങളെ താഴെ ആയത്തുകളിൽ പ്രത്യേകം എടുത്ത് വിവരിക്കുന്നു:-

إِذْ جَآءُوكُم مِّن فَوْقِكُمْ وَمِنْ أَسْفَلَ مِنكُمْ وَإِذْ زَاغَتِ ٱلْأَبْصَٰرُ وَبَلَغَتِ ٱلْقُلُوبُ ٱلْحَنَاجِرَ وَتَظُنُّونَ بِٱللَّهِ ٱلظُّنُونَا۠ ﴿١٠﴾

《10》 അതായത്, അവർ [ആ സൈന്യങ്ങൾ] നിങ്ങളുടെ മുകളിൽകൂടിയും, താഴ്ഭാഗത്ത്കൂടിയും നിങ്ങളുടെ അടുക്കൽ വന്നപ്പോൾ! കണ്ണുകൾ നില തെറ്റിപ്പോകുകയും, ഹൃദയങ്ങൾ തൊണ്ടകളിൽ [കണ്ഠനാളങ്ങളിൽ] എത്തുകയും ചെയ്തപ്പോൾ!! നിങ്ങൾ അല്ലാഹുവിനെക്കുറിച്ച് പല (തെറ്റ്) ധാരണകൾ ധരിച്ചുകൊണ്ടിരിക്കയും (ചെയ്തപ്പോൾ)!!

هُنَالِكَ ٱبْتُلِىَ ٱلْمُؤْمِنُونَ وَزُلْزِلُوا۟ زِلْزَالًا شَدِيدًا ﴿١١﴾

《11》 അവിടെവെച്ച് സത്യവിശ്വാസികൾ പരീക്ഷണം ചെയ്യപ്പെടുകയും, അവർ കഠിനമായ വിറ വിറപ്പിക്കപ്പെടുകയും ചെയ്തു.

《10》 إِذْجَاءُوكُمْ അവർ നിങ്ങളുടെ അടുക്കൽ വന്നപ്പോൾ مِنْ فَوْقِكُمْ നിങ്ങളുടെ മുകളിൽ കൂടി وَمِنْ أَسْفَلَ താഴത്ത്കൂടിയും مِنكُمْ നിങ്ങളുടെ, നിങ്ങളിൽനിന്ന് وَإِذْ زَاغَتِ നില തെറ്റിയപ്പോഴും الْأَبْصَارُ കണ്ണുകൾ, ദൃഷ്ടികൾ وَبَلَغَتِ എത്തുകയും (ചെയ്തപ്പോൾ) الْقُلُوبُ ഹൃദയങ്ങൾ الْحَنَاجِرَ തൊണ്ടകളിൽ, കണ്ഠനാളങ്ങളിൽ وَتَظُنُّونَ നിങ്ങൾ ധരിക്കുകയും, വിചാരിക്കുകയും (ചെയ്തപ്പോൾ) بِاللَّهِ അല്ലാഹുവിനെപ്പറ്റി الظُّنُونَا ധാരണകളെ, ഊഹങ്ങളെ 《11》 هُنَالِكَ അവിടെവെച്ച് ابْتُلِيَ പരീക്ഷിക്കപ്പെട്ടു الْمُؤْمِنُونَ സത്യവിശ്വാസികൾ وَزُلْزِلُوا അവർ വിറപ്പിക്കപ്പെടുക (കിടുകിടുക്കപ്പെടുക)യും ചെയ്തു زِلْزَالًا ഒരു വിറ, കിടുകിടുക്കൽ شَدِيدًا കഠിനമായ

മദീനഃയുടെ കിഴക്ക് ഭാഗത്തെ കുന്നിൻപ്രദേശങ്ങളിൽ കൂടിയും, പടിഞ്ഞാറു ഭാഗത്തുള്ള താഴ്ന്ന പ്രദേശങ്ങളിൽകൂടിയും വന്നു ശത്രുക്കൾ മദീനഃയെ ഉപരോധം ചെയ്തു. സർവ്വ സജ്ജീകരണങ്ങളോടുകൂടി വമ്പിച്ച ഒരു ശത്രുസൈന്യം രാജ്യത്തെ വലയം ചെയ്തിരിക്കുക, സാമ്പത്തികവിഷമവും ഭക്ഷണദൗർലഭ്യവും നിമിത്തം ജനങ്ങൾ കഷ്ടപ്പെട്ടുകൊണ്ടിരിക്കുക; പുറത്തേക്കുള്ള ഗതാഗതം തടസ്സപ്പെട്ടിരിക്കുക; ആക്രമിച്ചു കടക്കുവാൻ ശത്രുസൈന്യം തക്കം പാർത്തും സംഘട്ടനങ്ങൾ നടത്തിയും കൊണ്ടിരിക്കുക; ഇതിനെല്ലാം പുറമെ കപടവിശ്വാസികളും ദുർബ്ബലഹൃദയൻമാരുമായ ആളുകൾ ഭീതിയും ഭയാശങ്കകളും പ്രചരിപ്പിച്ചുകൊണ്ടിരിക്കയും ചെയ്യുക; ഇങ്ങനെയുള്ള ഒരു ചുറ്റുപാടിൽ മുസ്ലിംകളുടെ പൊതുനില എന്തായിരിക്കുമെന്ന് ഏറെക്കുറെ ഊഹിക്കാമല്ലോ. ഇതിന്റെ ഒരു ചിത്രീകരണമാണ് ഈ വചനങ്ങളിൽ കാണുന്നത്. ചുരുക്കത്തിൽ,

അല്ലാഹു പറഞ്ഞതുപോലെ അവർ വിറവിറച്ചു. ഇങ്ങനെയുള്ള പരീക്ഷണങ്ങളിലാണല്ലോ യഥാർത്ഥ വിശ്വാസവും നാമമാത്ര വിശ്വാസവും തമ്മിൽ തിരിച്ചറിയുവാൻ കഴിയുക. കപടവിശ്വാസികളുടെയും, ദുർബ്ബല വിശ്വാസികളുടെയും നിലപാട് ഈ അവസരത്തിൽ എന്തായിരുന്നുവെന്നും, അവർ നിമിത്തം ജനങ്ങളിൽ ഉളവായ കോളിളക്കം എത്രമാത്രമായിരുന്നുവെന്നും താഴെ വചനങ്ങളിൽനിന്ന് മനസ്സിലാക്കാം.

وَإِذْ يَقُولُ ٱلْمُنَٰفِقُونَ وَٱلَّذِينَ فِى قُلُوبِهِم مَّرَضٌ مَّا وَعَدَنَا ٱللَّهُ وَرَسُولُهُۥٓ إِلَّا غُرُورًا ﴿١٢﴾

﴾12﴿ കപടവിശ്വാസികളും, ഹൃദയങ്ങളിൽ രോഗമുള്ളവരും പറഞ്ഞിരുന്ന സന്ദർഭവും (ഓർക്കുക): 'അല്ലാഹുവും, അവന്റെ റസൂലും നമ്മോട് വഞ്ചനയല്ലാതെ (ഒന്നുംതന്നെ) വാഗ്ദാനം ചെയ്തിട്ടില്ല.'

وَإِذْ قَالَت طَّآئِفَةٌ مِّنْهُمْ يَٰٓأَهْلَ يَثْرِبَ لَا مُقَامَ لَكُمْ فَٱرْجِعُوا۟ ۚ

﴾13﴿ അവരിൽ നിന്നും ഒരു വിഭാഗം (ആളുകൾ) പറഞ്ഞ സന്ദർഭം (ഓർക്കുക): 'യഥ്രിബുകാരേ! നിങ്ങൾക്ക് (എനി) യാതൊരു നിലനിൽപുമില്ല: ആകയാൽ നിങ്ങൾ മടങ്ങിക്കൊള്ളുവിൻ!'

وَيَسْتَـْٔذِنُ فَرِيقٌ مِّنْهُمُ ٱلنَّبِىَّ يَقُولُونَ إِنَّ بُيُوتَنَا عَوْرَةٌ وَمَا هِىَ بِعَوْرَةٍ ۖ إِن يُرِيدُونَ إِلَّا فِرَارًا ﴿١٣﴾

അവരിൽനിന്നും ഒരു സംഘം (ആളുകൾ അണിവിട്ടുപോകാൻ) നബിയോട് അനുവാദം തേടുകയും ചെയ്യുന്നു! അവർ പറയുന്നു: 'നിശ്ചയമായും ഞങ്ങളുടെ വീടുകൾ (ഭദ്രതയില്ലാത്ത) നഗ്നങ്ങളാണ്' എന്ന്! അവയാകട്ടെ, നഗ്നമൊന്നുമല്ല; ഓടിപ്പോകുക എന്നല്ലാതെ, (മറ്റൊന്നും) അവർ ഉദ്ദേശിച്ചിരുന്നില്ല.

﴾12﴿ وَإِذْ يَقُولُ പറഞ്ഞിരുന്ന സന്ദർഭം الْمُنَافِقُونَ കപടവിശ്വാസികൾ وَالَّذِينَ യാതൊരുകൂട്ടരും فِي قُلُوبِهِم അവരുടെ ഹൃദയങ്ങളിലുണ്ട് مَرَضٌ (ഒരുതരം) രോഗം مَا وَعَدَنَا നമ്മോട് വാഗ്ദാനം ചെയ്തിട്ടില്ല اللَّهُ وَرَسُولُهُ അല്ലാഹുവും അവന്റെ റസൂലും إِلَّا غُرُورًا വഞ്ചന (ചതി) അല്ലാതെ ﴾13﴿ وَإِذْ قَالَتْ പറഞ്ഞ സന്ദർഭവും طَائِفَةٌ مِّنْهُمْ അവരിൽ നിന്നൊരു വിഭാഗം يَا أَهْلَ يَثْرِبَ ഹേ, യഥ്രിബുകാരേ لَا مُقَامَ നിലനിൽപില്ല لَكُمْ നിങ്ങൾക്ക് فَارْجِعُوا അതിനാൽ നിങ്ങൾ മടങ്ങിക്കൊള്ളുവിൻ وَيَسْتَأْذِنُ അനുവാദം തേടുകയും ചെയ്യുന്നു فَرِيقٌ مِّنْهُمُ അവരിൽനിന്നൊരു സംഘം, കക്ഷി النَّبِيَّ നബിയോട് يَقُولُونَ അവർ പറയുന്നു إِنَّ بُيُوتَنَا നിശ്ചയമായും ഞങ്ങളുടെ വീടുകൾ عَوْرَةٌ നഗ്നമാണ്, ഭദ്രതയില്ലാത്തതാണ് وَمَا هِيَ അവ അല്ലതാനും بِعَوْرَةٍ നഗ്നമായത് إِن يُرِيدُونَ അവർ ഉദ്ദേശിക്കുന്നില്ല إِلَّا فِرَارًا ഓടിപ്പോകുന്നതിനെയല്ലാതെ

സത്യവിശ്വാസികളെ അല്ലാഹു സഹായിക്കും, ഒടുവിൽ അവർക്കാണ് വിജയം കൈവരുക എന്നൊക്കെയുള്ള അല്ലാഹുവിന്റെ വാഗ്ദാനങ്ങളും, പേർഷ്യയും റോമായും മുസ്‌ലിംകൾ ജയിച്ചടക്കുന്ന കാലം വിദൂരമല്ല എന്നും മറ്റുമുള്ള നബി ﷺയുടെ വാഗ്ദാനങ്ങളും നമ്മെ വഞ്ചിക്കുവാൻവേണ്ടി മാത്രമുള്ളതാണ്; അതിലൊന്നും യാഥാർത്ഥ്യമില്ല. എന്നൊക്കെ മുനാഫിക്വുകൾ പറഞ്ഞു പ്രചരിപ്പിച്ചു. ഹൃദയദൗർബ്ബല്യമാകുന്ന രോഗം പിടിപെട്ടവർ അത് ഏറ്റുപറയുകയും ചെയ്തു. ഇത്രയും വമ്പിച്ച ശത്രുസൈന്യത്തിന്റെ മുമ്പിൽ ഉറച്ചുനിൽക്കുവാനോ, അവരെ പരാജയപ്പെടുത്തി ഈ നാട്ടിൽതന്നെ വാസം തുടരുവാനോ ഈ രാജ്യക്കാർക്ക് എനി സാധ്യമല്ല; അതുകൊണ്ട് വേഗം യുദ്ധം പിൻവലിച്ച് അണികളിൽനിന്ന് പിൻവാങ്ങണം എന്നിങ്ങനെ അബ്ദുല്ലാഹിബ്നു ഉബയ്യ് പോലെയുള്ള മുനാഫിക് തലവൻമാർ മുസ്‌ലിംകളെ ഭീതിപ്പെടുത്തി. 'ഞങ്ങളുടെ വീടുകൾ സുരക്ഷിതങ്ങളല്ല; അവ കെട്ടുറപ്പില്ലാത്തവയാണ്; ശത്രുക്കൾ നിഷ്പ്രയാസം വന്നു കൊള്ളയും കവർച്ചയും നടത്തിക്കളഞ്ഞേക്കും; അതുകൊണ്ട് ഞങ്ങൾക്ക് അണിവിട്ടു വീടുകളിലേക്ക് പോകാൻ സമ്മതം തരണം' എന്ന് നബി ﷺ യോടപേക്ഷിച്ചുകൊണ്ട് വേറൊരു വിഭാഗം ആളുകൾ ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നു. ഇത്തരക്കാരുടെ യഥാർത്ഥ നിലപാടെന്തായിരുന്നുവെന്ന് അടുത്ത വചനത്തിൽ കാണാം.

മദീനഃയുടെ പഴയ പേരാണ് 'യഥ്രിബ്' (يثرب). മദീനഃയുടെ ഒരു ഭാഗത്തിന് മാത്രമായിരുന്നു ആ പേരുണ്ടായിരുന്നതെന്നും ചിലർ പ്രസ്താവിച്ചുകാണുന്നു. 'നിങ്ങൾ മടങ്ങിക്കൊള്ളുവിൻ' (فارجعوا) എന്ന വാക്കിന്റെ താൽപര്യം യുദ്ധഅണികളിൽ നിന്ന് പിൻവാങ്ങിക്കൊള്ളണമെന്നും, ഇസ്‌ലാമിനെ വിട്ട് പഴയപടി ശിർക്കിലേക്കുതന്നെ മടങ്ങിക്കൊള്ളണമെന്നും ആകാവുന്നതാണ്. الله اعلم

وَلَوْ دُخِلَتْ عَلَيْهِم مِّنْ أَقْطَارِهَا ثُمَّ سُئِلُوا۟ ٱلْفِتْنَةَ لَـَٔاتَوْهَا وَمَا تَلَبَّثُوا۟ بِهَآ إِلَّا يَسِيرًا ﴿١٤﴾

﴿14﴾ അതിന്റെ ഭാഗങ്ങളിൽകൂടി (ശത്രുക്കൾക്ക്) അവരുടെമേൽ പ്രവേശനമുണ്ടായിരിക്കുകയും, എന്നിട്ട് അവരോട് കുഴപ്പത്തിന് ആവശ്യപ്പെടുകയും ചെയ്തെന്ന് വരികിൽ, നിശ്ചയമായും അവർ അത് ചെയ്തുകൊടുക്കുന്നതാണ്; അല്പ(മാത്ര)മല്ലാതെ അവർ അതിന് താമസം വരുത്തുകയുമില്ല.

﴿14﴾ وَلَوْ دُخِلَتْ അതിൽ പ്രവേശിക്കപ്പെട്ടാൽ عَلَيْهِم അവരുടെമേൽ مِنْ أَقْطَارِهَا അതിന്റെ ഭാഗങ്ങളിൽ കൂടി ثُمَّ പിന്നീട്, എന്നിട്ട് سُئِلُوا അവരോട് ചോദിക്കപ്പെടുക (ആവശ്യപ്പെടുക)യും الْفِتْنَةَ കുഴപ്പം, കലഹം لَآتَوْهَا അവരത് ചെയ്യുന്നതാണ്, ചെയ്തു കൊടുക്കും وَمَاتَلَبَّثُوا അവർ താമസം വരുത്തുകയില്ല, പിന്തിനിൽക്കുകയില്ല بِهَا അതിന്, അതിൽ إِلَّايَسِيرًا അല്പമല്ലാതെ, കുറച്ചൊഴികെ

ശത്രുവിഭാഗക്കാർ തങ്ങളുടെ വീടുകൾക്കിടയിൽകൂടി -അല്ലെങ്കിൽ മദീനഃയുടെ ഏതെങ്കിലും വശങ്ങളിൽ കൂടി- നാട്ടിൽ പ്രവേശിക്കുകയും, എന്നിട്ട് അവരോട്: കൂറുമാറിയോ, മതപരിവർത്തനം ചെയ്തോ കുഴപ്പമുണ്ടാക്കുവാനാവശ്യപ്പെടുകയും ചെയ്താൽ, ഒട്ടും താമസിയാതെ അവർ അതിന് മുതിരുന്നതാണെന്ന് സാരം. ഇതായിരുന്നു അവരുടെ മനഃസ്ഥിതി. ഇതിൽനിന്നാണ് മേൽ കണ്ടതുപോലെയുള്ള പ്രസ്താവനകളും ആവശ്യങ്ങളും പുറത്തുവന്നത്.

وَلَقَدْ كَانُوا۟ عَـٰهَدُوا۟ ٱللَّهَ مِن قَبْلُ لَا يُوَلُّونَ ٱلْأَدْبَـٰرَ ۚ وَكَانَ عَهْدُ ٱللَّهِ مَسْـُٔولًا ﴿١٥﴾

﴿15﴾ (യുദ്ധവേളകളിൽ) തങ്ങൾ പിൻതിരിഞ്ഞുപോകുന്നതല്ല എന്ന് അല്ലാഹുവിനോട് അവർ മുമ്പ് ഉടമ്പടി ചെയ്തിട്ടുമുണ്ടായിരുന്നു. അല്ലാഹുവിനോടുള്ള ഉടമ്പടി ചോദ്യം ചെയ്യപ്പെടുന്നതാകുന്നു.

﴿15﴾ وَلَقَدْ كَانُوا۟ നിശ്ചയമായും അവർ ഉണ്ടായിട്ടുണ്ട് عَـٰهَدُوا۟ അവർ ഉടമ്പടിചെയ്യുക (ഉണ്ടായിട്ടുണ്ട്) ٱللَّهَ അല്ലാഹുവിനോട് مِن قَبْلُ മുമ്പ് لَا يُوَلُّونَ അവർ തിരിക്കുകയില്ലെന്ന് ٱلْأَدْبَـٰرَ പിൻഭാഗം وَكَانَ ആകുന്നു عَهْدُ ٱللَّهِ അല്ലാഹുവിന്റെ (അല്ലാഹുവിനോടുള്ള) ഉടമ്പടി مَسْـُٔولًا ചോദ്യം ചെയ്യപ്പെടുന്നത്

ഉഹ്ദ് യുദ്ധത്തിൽ ബനൂഹാരിഥഃ (بنو حارثة) ഗോത്രക്കാർ യുദ്ധക്കളം വിട്ടോടിപ്പോകുകയും, അനന്തരം ഖേദിച്ചു മടങ്ങി മേലിൽ അങ്ങനെ ചെയ്കയില്ലെന്ന് കരാർ ചെയ്കയും ചെയ്തിരുന്നു. ഇവരാണ് പ്രധാനമായും ഖൻദക് യുദ്ധത്തിൽ മേൽ പ്രസ്താവിച്ച പ്രകാരം യുദ്ധഅണികൾ വിട്ട് പിൻവാങ്ങുവാൻ അനുവാദം തേടിയിരുന്നത്. ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാതിരുന്ന ചിലർ, അന്ന് മുസ്‌ലിംകൾക്ക് അപ്രതീക്ഷിതമായ വിജയം ലഭിച്ചുകണ്ടപ്പോൾ, മേലിൽ തങ്ങൾ എല്ലാ യുദ്ധത്തിലും ശരിക്ക് പങ്കെടുക്കുമെന്ന് ഉറപ്പിച്ചു പറഞ്ഞിരുന്നു. ഇങ്ങനെയുള്ളവരെക്കുറിച്ചാണ് ഈ വചനത്തിൽ പ്രസ്താവിക്കുന്നത്. അല്ലാഹുവിനോടുള്ള കരാറും ഉടമ്പടിയും ശരിക്ക് പാലിക്കപ്പെടാത്തപക്ഷം, അത് ചോദ്യം ചെയ്യപ്പെടുകയും, അതിന് തക്ക നടപടി എടുക്കപ്പെടുകയും ചെയ്യുന്നതാണെന്ന താക്കീതാണ് അവസാനത്തെ വാക്യത്തിലുള്ളത്.

قُل لَّن يَنفَعَكُمُ ٱلْفِرَارُ إِن فَرَرْتُم مِّنَ ٱلْمَوْتِ أَوِ ٱلْقَتْلِ وَإِذًا لَّا تُمَتَّعُونَ إِلَّا قَلِيلًا ﴿١٦﴾

﴿16﴾ (നബിയേ) പറയുക: 'മരണത്തിൽനിന്നോ, കൊലയിൽ നിന്നോ നിങ്ങൾ പേടിച്ചോടുന്നപക്ഷം, (ആ) ഓട്ടം നിങ്ങൾക്ക് പ്രയോജനം ചെയ്യുന്നതേയല്ല. (പ്രയോജനപ്പെട്ടു) എങ്കിൽതന്നെ, അല്പ(മാത്ര)മല്ലാതെ നിങ്ങൾക്ക് (ജീവിത) സുഖം നൽകപ്പെടുകയുമില്ല.'

قُلۡ مَن ذَا ٱلَّذِى يَعۡصِمُكُم مِّنَ ٱللَّهِ إِنۡ أَرَادَ بِكُمۡ سُوٓءًا أَوۡ أَرَادَ بِكُمۡ رَحۡمَةًۚ وَلَا يَجِدُونَ لَهُم مِّن دُونِ ٱللَّهِ وَلِيًّا وَلَا نَصِيرًا ﴿١٧﴾

《17》 പറയുക: 'വല്ല തിൻമയും അല്ലാഹു നിങ്ങളിൽ ഉദ്ദേശിക്കുകയോ, അല്ലെങ്കിൽ നിങ്ങളിൽ വല്ല കാരുണ്യവും ഉദ്ദേശിക്കുകയോ ചെയ്യുന്നപക്ഷം, അവനിൽനിന്ന് നിങ്ങളെ തടുക്കുവാൻ ആരാണുള്ളത്?!' അല്ലാഹുവിനുപുറമെ, ഒരു കൈകാര്യകർത്താവിനെയാകട്ടെ, ഒരു സഹായകനെയാകട്ടെ അവർക്ക് കിട്ടുകയില്ല.

《16》 قُل പറയുക لَّن يَنفَعَكُمُ നിങ്ങൾക്ക് പ്രയോജനപ്പെടുന്നതേയല്ല ٱلْفِرَارُ ഓടിപ്പോകൽ, പേടിച്ചു പിൻവാങ്ങൽ إِن فَرَرْتُم നിങ്ങൾ ഓടിപ്പോയാൽ مِّنَ ٱلْمَوْتِ മരണത്തിൽനിന്ന് أَوِ ٱلْقَتْلِ അല്ലെങ്കിൽ കൊലയിൽനിന്ന് وَإِذًا എങ്കിൽതന്നെ, അപ്പോഴും لَّا تُمَتَّعُونَ നിങ്ങൾക്ക് സുഖം നൽകപ്പെടുകയില്ല إِلَّا قَلِيلًا അൽപമല്ലാതെ 《17》 قُلْ പറയുക مَن ആരാണ് ذَا ٱلَّذِى ഇങ്ങനെയുള്ള ഒരുവൻ يَعْصِمُكُم നിങ്ങളെ തടുക്കുന്നു, കാത്ത് തരുന്നു مِّنَ ٱللَّهِ അല്ലാഹുവിൽനിന്ന് إِنْ أَرَادَ അവൻ ഉദ്ദേശിച്ചാൽ بِكُمْ നിങ്ങളിൽ, നിങ്ങളെക്കൊണ്ട് سُوٓءًا വല്ല തിൻമയും أَوْ أَرَادَ അല്ലെങ്കിലവൻ ഉദ്ദേശിച്ചാൽ بِكُمْ നിങ്ങളിൽ رَحْمَةً വല്ല കാരുണ്യവും وَلَا يَجِدُونَ അവർക്ക് കിട്ടുകയില്ല, അവർ എത്തിക്കുകയില്ല لَهُم തങ്ങൾക്ക് مِّن دُونِ ٱللَّهِ അല്ലാഹുവിനുപുറമെ وَلِيًّا ഒരു രക്ഷകർത്താവിനെയും وَلَا نَصِيرًا ഒരു സഹായകനെയും ഇല്ല

അല്ലാഹു നിശ്ചയിച്ച കാലാവധി വിട്ടുകടന്നു മരണത്തിൽനിന്ന് രക്ഷപ്പെടുവാൻ ആർക്കും സാധ്യമല്ല. ചില സന്നിഗ്ദ്ധഘട്ടങ്ങളിൽ പേടിച്ചോടിപ്പോയതുകൊണ്ട് തൽക്കാലം രക്ഷപ്പെട്ടുവെന്ന് തോന്നിയേക്കാം. എന്നാൽ തന്നെ ആ കാലാവധിവരെമാത്രമേ ഇവിടെ ജീവിക്കുവാനും സുഖിക്കുവാനും ആർക്കും സാധിക്കയുള്ളൂ.

۞ قَدۡ يَعۡلَمُ ٱللَّهُ ٱلۡمُعَوِّقِينَ مِنكُمۡ وَٱلۡقَآئِلِينَ لِإِخۡوَٰنِهِمۡ هَلُمَّ إِلَيۡنَاۖ وَلَا يَأۡتُونَ ٱلۡبَأۡسَ إِلَّا قَلِيلًا ﴿١٨﴾

《18》 നിങ്ങളിൽനിന്നുള്ള പിൻതിരിപ്പൻമാരെ [ലക്ഷ്യം മുടക്കുന്നവരെ]യും, 'ഞങ്ങളുടെ അടുക്കലേക്ക് വരൂ' എന്ന് തങ്ങളുടെ സഹോദരൻമാരോട് പറയുന്നവരെയും അല്ലാഹു അറിയുന്നുണ്ട്. അവർ അല്പമായിട്ടല്ലാതെ പടക്കുവരുകയും ചെയ്യുന്നതല്ല;.........

أَشِحَّةً عَلَيْكُمْ ۚ فَإِذَا جَآءَ ٱلْخَوْفُ رَأَيْتَهُمْ يَنظُرُونَ إِلَيْكَ تَدُورُ أَعْيُنُهُمْ كَٱلَّذِى يُغْشَىٰ عَلَيْهِ مِنَ ٱلْمَوْتِ ۖ فَإِذَا ذَهَبَ ٱلْخَوْفُ سَلَقُوكُم بِأَلْسِنَةٍ حِدَادٍ أَشِحَّةً عَلَى ٱلْخَيْرِ ۚ أُو۟لَٰٓئِكَ لَمْ يُؤْمِنُوا۟ فَأَحْبَطَ ٱللَّهُ أَعْمَٰلَهُمْ ۚ وَكَانَ ذَٰلِكَ عَلَى ٱللَّهِ يَسِيرًا ﴿١٩﴾

﴿19﴾ (അതുംതന്നെ) നിങ്ങളിൽ പിശുക്കൻമാരായുംകൊണ്ട്! എന്നിട്ട് (യുദ്ധ)ഭയം വന്നെത്തിയാൽ, അവർ നിന്റെ അടുക്കലേക്ക് നോക്കുന്നതായി നിനക്ക് കാണാം; മരണം നിമിത്തം ബോധക്ഷയം ബാധിക്കുന്നവനെപ്പോലെ, അവരുടെ കണ്ണുകൾ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കും. അങ്ങനെ, (യുദ്ധ)ഭയം പോയിക്കഴിഞ്ഞാൽ അവർ, മൂർച്ചയേറിയ നാവുകളാൽ നിങ്ങളെ സൈ്വര്യം കെടുത്തുകയും ചെയ്യും; നന്മയിൽ (ദുർമോഹം പൂണ്ട) പിശുക്കൻമാരായും കൊണ്ട്. അക്കൂട്ടർ (വാസ്തവത്തിൽ) വിശ്വസിച്ചിട്ടില്ല. അതിനാൽ അല്ലാഹു അവരുടെ കർമങ്ങളെ നിഷ്ഫലമാക്കിയിരിക്കുന്നു. അത് അല്ലാഹുവിന്റെമേൽ ഒരു നിസ്സാരകാര്യമാകുന്നു.

﴿18﴾ قَدْ يَعْلَمُ ٱللَّهُ തീർച്ചയായും അല്ലാഹു അറിയുന്നു ٱلْمُعَوِّقِينَ പിൻതിരിപ്പൻമാരെ, ലക്ഷ്യം മുടക്കുന്നവരെ مِنكُمْ നിങ്ങളിൽ നിന്നുള്ള وَٱلْقَآئِلِينَ പറയുന്നവരെയും لِإِخْوَٰنِهِمْ തങ്ങളുടെ സഹോദരൻമാരോട് هَلُمَّ إِلَيْنَا ഞങ്ങളുടെ അടുക്കലേക്ക് വരൂ وَلَا يَأْتُونَ അവർ വരുന്നതുമല്ല ٱلْبَأْسَ പടയ്ക്ക്, കാഠിന്യത്തിങ്കൽ إِلَّا قَلِيلًا അൽപമായിട്ടല്ലാതെ ﴿19﴾ أَشِحَّةً പിശുക്കൻമാരായിക്കൊണ്ട്, ദുർമോഹികളായിട്ട് عَلَيْكُمْ നിങ്ങളുടെ മേൽ فَإِذَا جَآءَ എന്നിട്ടുവന്നാൽ ٱلْخَوْفُ ഭയം رَأَيْتَهُمْ നിനക്കവരെ കാണാം, നീ കാണും يَنظُرُونَ അവർ നോക്കുന്നതായി إِلَيْكَ നിന്നിലേക്ക് تَدُورُ കറങ്ങും, വട്ടം ചുറ്റിക്കൊണ്ട് أَعْيُنُهُمْ അവരുടെ കണ്ണുകൾ كَٱلَّذِى യാതൊരുവനെപ്പോലെ يُغْشَىٰ عَلَيْهِ അവന് ബോധക്ഷയം ബാധിക്കുന്നു (അങ്ങനെയുള്ള) مِنَ ٱلْمَوْتِ മരണത്താൽ, മരണം നിമിത്തം فَإِذَا ذَهَبَ അങ്ങനെ പോയാൽ ٱلْخَوْفُ ഭയം, പേടി سَلَقُوكُم അവർ നിങ്ങളെ സൈ്വര്യം കെടുത്തും, കുത്തിപ്പറയും, പ്രഹരിക്കും بِأَلْسِنَةٍ നാവുകളാൽ حِدَادٍ മൂർച്ചയുള്ള أَشِحَّةً പിശുക്കൻമാരായിക്കൊണ്ട്, ദുരാഗ്രഹികളായിട്ട് عَلَى ٱلْخَيْرِ നന്മയിൽ, നല്ലതിന് أُو۟لَٰٓئِكَ അക്കൂട്ടർ لَمْ يُؤْمِنُوا۟ വിശ്വസിച്ചിട്ടില്ല فَأَحْبَطَ ٱللَّهُ അതിനാൽ അല്ലാഹു നിഷ്ഫലമാക്കി أَعْمَٰلَهُمْ അവരുടെ പ്രവൃത്തികളെ, കർമങ്ങളെ وَكَانَ ذَٰلِكَ അതാകുന്നു عَلَى ٱللَّهِ അല്ലാഹുവിന്റെമേൽ يَسِيرًا നിസ്സാരമായത്

കപടവിശ്വാസികളുടെ മറ്റ് ചില സ്വഭാവങ്ങളാണിത്. അവർ തങ്ങളെപ്പോലെ മറ്റുള്ളവരെയും യുദ്ധത്തിൽ നിന്ന് പിൻതിരിപ്പിക്കുവാൻ ശ്രമിക്കുകയും, പ്രചാരണം നടത്തുകയും ചെയ്തുവന്നു. യുദ്ധത്തിൽ അവർ പങ്കെടുക്കുന്നുവെങ്കിൽതന്നെ, അത് കേവലം നാമമാത്രമായിരിക്കും. മുസ്‌ലിംകളെ സഹായിക്കുന്നതിലും അവരുമായി സഹകരിക്കുന്നതിലും ലവലേശം സന്നദ്ധത കാണിക്കാത്തവണ്ണം കടുത്ത പിശുക്കൻമാരാണവർ. അതേ സമയത്ത് തനി ഭീരുക്കളും! യുദ്ധഭീതി വന്നുകഴിഞ്ഞാൽ അന്ധാളിച്ചു തുറിച്ചു നോക്കുകയും, മരണവേളയിലെന്നപോലെ പരിഭ്രമിച്ചു കണ്ണുരുട്ടുകയും ചെയ്യും. യുദ്ധഭീതി അവസാനിച്ചുകഴിഞ്ഞാലോ? സത്യവിശ്വാസികളുടെ നേരെ കടുത്തതും ഉരത്തതുമായ ശരവർഷങ്ങൾ നടത്തുകയായി. യുദ്ധാനന്തരം ലഭിച്ചേക്കുന്ന ('ഗനീമത്ത്' മുതലായ) നേട്ടങ്ങൾ കാണുമ്പോൾ അതിന് ആർത്തിയും ദുർമോഹവും പ്രകടമാക്കുകയും ചെയ്യും. ബാഹ്യത്തിൽ മുസ്‌ലിംകളാണെങ്കിലും യഥാർത്ഥത്തിൽ അവരെ വിശ്വാസം തീണ്ടിയിട്ടില്ല എന്നതാണ് ഇതിനെല്ലാം കാരണം. വിശ്വാസം കൂടാതെയുള്ള പ്രവർത്തനങ്ങളാകട്ടെ, അല്ലാഹുവിങ്കൽ സ്വീകാര്യവുമല്ല.

شحيح (ശഹീഹ്) എന്ന വാക്കിന്റെ ബഹുവചനമാണ് اشحة (അശിഹ്ഹത്) 'പിശുക്കൻമാർ, ലുബ്ധന്മാർ' എന്നൊക്കെയാണ് സാധാരണ അതിന് അർത്ഥം പറയാറുള്ളത്. പക്ഷേ, കൈവശമുള്ളതിൽ പിശുക്ക് കാണിക്കുന്നതോടൊപ്പം മറ്റുള്ളവരുടെ പക്കലുള്ളതിൽ ദുരാഗ്രഹവുംകൂടി ഉള്ളവർ എന്നത്രെ ഈ വാക്കിന്റെ താൽപര്യം. ആകയാൽ, സന്ദർഭമനുസരിച്ച് 'പിശുക്കൻമാർ' എന്നും 'ദുർമോഹികൾ' എന്നും ഇതിന് അർത്ഥം കൽപിക്കാവുന്നതാണ്. ഭീരുത്വത്തിൽനിന്ന് ഉടലെടുക്കുന്നതാണ് ലുബ്ധത. മാന്യമല്ലാത്ത അധമമനഃസ്ഥിതിയിൽ നിന്നാണ് ദുർമോഹം ഉളവാകുന്നത്. അതുകൊണ്ട് ഒരാളെക്കുറിച്ച് شحيح എന്ന് വിശേഷിപ്പിക്കപ്പെടുമ്പോൾ അവനിൽ ഈ നാല് ദുർഗുണങ്ങളും ഏറെക്കുറെ സമ്മേളിച്ചിരിക്കുമെന്ന്കരുതാം. മുനാഫിഖുകളുടെ ഭീരുത്വത്തിന്റെ കാഠിന്യം നോക്കുക:

يَحْسَبُونَ ٱلْأَحْزَابَ لَمْ يَذْهَبُوا۟ ۖ وَإِن يَأْتِ ٱلْأَحْزَابُ يَوَدُّوا۟ لَوْ أَنَّهُم بَادُونَ فِى ٱلْأَعْرَابِ يَسْـَٔلُونَ عَنْ أَنۢبَآئِكُمْ ۖ وَلَوْ كَانُوا۟ فِيكُم مَّا قَـٰتَلُوٓا۟ إِلَّا قَلِيلًا ﴿٢٠﴾

﴾20﴿ (സഖ്യ) കക്ഷികളെക്കുറിച്ച് അവർ (സ്ഥലംവിട്ടു) പോയിട്ടില്ലെന്ന് അവർ വിചാരിക്കുന്നു! (സഖ്യ)കക്ഷികൾ (വീണ്ടും) വരുകയാണെങ്കിലോ, അവർ കൊതിച്ചേക്കും: നിങ്ങളുടെ [സത്യവിശ്വാസികളുടെ] വൃത്താന്തങ്ങളെപ്പറ്റി ചോദിച്ചറിഞ്ഞുംകൊണ്ട് തങ്ങൾ 'അഅ്റാബി'കളുടെ കൂട്ടത്തിൽ മരുഭൂവാസികളായിരുന്നെങ്കിൽ കൊള്ളാമായിരുന്നു എന്ന്! അവർ നിങ്ങളിൽ ഉണ്ടായിരുന്നാലും, അൽപ(മാത്ര)മല്ലാതെ അവർ യുദ്ധം നടത്തുകയില്ലതാനും.

لَمْ يَذْهَبُوا۟ കക്ഷികളെ, സംഘങ്ങളെ ٱلْأَحْزَابَ അവർ വിചാരിക്കുന്നു يَحْسَبُونَ ﴾20﴿
അവർ പോയിട്ടില്ലെന്ന് وَإِن يَأْتِ വരുന്നപക്ഷം ٱلْأَحْزَابُ (സൈന്യ)കക്ഷികൾ يَوَدُّوا۟ അവർ കൊതിക്കും, മോഹിക്കും لَوْ أَنَّهُم അവരായിരുന്നെങ്കിൽ എന്ന് بَادُونَ മരുഭൂവാസികൾ فِى ٱلْأَعْرَابِ 'അഅ്റാബി'കളിൽ يَسْـَٔلُونَ തങ്ങൾ ചോദിച്ചറിഞ്ഞുംകൊണ്ട് عَنْ أَنۢبَآئِكُمْ നിങ്ങളുടെ വൃത്താന്തങ്ങളെപ്പറ്റി وَلَوْ كَانُوا۟ അവർ ആയിരുന്നെങ്കിൽ, ആയിരുന്നാലും فِيكُم നിങ്ങളിൽ مَّا قَٰتَلُوٓا۟ അവർ യുദ്ധം ചെയ്യുകയില്ല إِلَّا قَلِيلًا അൽപമല്ലാതെ

മരുപ്രദേശങ്ങളിൽ താമസിക്കുന്ന കൂടാരവാസികളായ അറബികളാണ് 'അഅ്റാബ്' എന്ന് പറയുന്നത്. 'ബദു'ക്കൾ (*) എന്നും ഇവരെപ്പറ്റി പറയപ്പെടുന്നു. ആയത്തിന്റെ സാരം ഇപ്രകാരമാകുന്നു:

ശത്രുസംഘങ്ങൾ അവർക്ക് ബാധിച്ച കൊടുങ്കാറ്റും, തണുപ്പും നിമിത്തം ചിന്നിച്ചിതറി സ്ഥലം വിട്ടുകഴിഞ്ഞിരിക്കുന്നു. പക്ഷേ, കപടവിശ്വാസികൾക്ക് -അവരുടെ ഭീരുത്വവും പരിഭ്രമവും നിമിത്തം- അത് വിശ്വാസമായിട്ടില്ല. ഒരുപക്ഷേ, തൽക്കാലം ഒന്ന് സ്ഥലം വിട്ടിട്ടുണ്ടെങ്കിലും അവർ യുദ്ധം നിറുത്തിപ്പോയിട്ടില്ലെന്നും, ഉടനെ വീണ്ടും വന്നു യുദ്ധം തുടരുമെന്നുമാണവരുടെ ധാരണ. എനി, ശത്രുക്കൾ വീണ്ടും മടങ്ങിവന്നുവെന്ന് സങ്കൽപിക്കുക, അപ്പോൾ ഇവരുടെ നിലപാടെന്തായിരിക്കും? 'അയ്യോ! ഈ നാട്ടിലല്ലാതെ വല്ല വെളിപ്രദേശത്തും ബദുക്കളുടെ കൂട്ടത്തിൽ താമസിക്കുന്നവരായിരുന്നു തങ്ങളെങ്കിൽ എത്ര നന്നായേനേ! എന്നാൽ ഈ വിധത്തിലുള്ള ആപത്തുകളിൽ ഭാഗഭാക്കാകേണ്ടിവരുമായിരുന്നില്ലല്ലോ! മുസ്‌ലിംകളുടെ വർത്തമാനങ്ങളെപ്പറ്റി അവിടെ ഇരുന്നു അന്വേഷിച്ചറിഞ്ഞുകൊണ്ട് വരുമായിരുന്നില്ലല്ലോ! മുസ്‌ലിംകളുടെ വർത്തമാനങ്ങളെപ്പറ്റി അവിടെ ഇരുന്ന് അന്വേഷിച്ചറിഞ്ഞുകൊണ്ടിരുന്നാൽ മതിയായിരുന്നു!' ഇതായിരിക്കും അവരുടെ മോഹം. എനി, ശത്രുക്കളുമായി യുദ്ധം നടക്കുമ്പോൾ അവർ സത്യവിശ്വാസികളുടെ കൂട്ടത്തിലുണ്ടെന്ന് വിചാരിക്കുക. എന്നാലും അതുകൊണ്ട് പ്രയോജനമുണ്ടാകുന്നതല്ല. കാരണം, മനഃപൂർവ്വം അതിൽ പങ്കുവഹിക്കുകയോ, ഫലപ്രദമായ വല്ലതും പ്രവർത്തിക്കുകയോ അവർ ചെയ്കയില്ലതന്നെ.

വിഭാഗം - 3

لَّقَدْ كَانَ لَكُمْ فِى رَسُولِ ٱللَّهِ أُسْوَةٌ حَسَنَةٌ لِّمَن كَانَ يَرْجُوا۟ ٱللَّهَ وَٱلْيَوْمَ ٱلْـَٔاخِرَ وَذَكَرَ ٱللَّهَ كَثِيرًا ﴿٢١﴾

﴾21﴿ **നിശ്ചയമായും, നിങ്ങൾക്ക് അല്ലാഹുവിന്റെ റസൂലിൽ നല്ലതായ മാതൃകയുണ്ടായിട്ടുണ്ട്; അതായത്: അല്ലാഹുവിനെയും, അന്ത്യനാളിനെയും പ്രതീക്ഷിച്ചു (ഭയപ്പെട്ടു) കൊണ്ടിരിക്കുകയും, അല്ലാഹുവിനെ ധാരാളം ഓർമിക്കുകയും ചെയ്തു വരുന്നവർക്ക്.**

﴾21﴿ لَقَدْ كَانَ തീർച്ചയായും ഉണ്ടായിരുന്നു, ഉണ്ടായിട്ടുണ്ട് لَكُمْ നിങ്ങൾക്ക് فِى رَسُولِ ٱللَّهِ അല്ലാഹുവിന്റെ റസൂലിൽ أُسْوَةٌ മാതൃക, പിൻതുടർച്ച حَسَنَةٌ നല്ലതായ لِّمَن യാതൊരുവർക്ക് كَانَ يَرْجُو പ്രതീക്ഷിച്ച് (ഭയപ്പെട്ട്) കൊണ്ടിരിക്കുന്ന ٱللَّهَ അല്ലാഹുവിനെ

(*) Bedouins

وَالْيَوْمَ الْآخِرَ അന്ത്യനാളിനെയും وَذَكَرَ ഓർമിക്കുകയും ചെയ്ത اللَّهَ അല്ലാഹുവിനെ كَثِيرًا ധാരാളം, വളരെ

ഒട്ടും ഭീരുത്വമോ, പരിഭ്രമമോ കൂടാതെ, അല്ലാഹുവിന്റെ റസൂൽ യുദ്ധത്തിൽ ആദ്യന്തം പങ്കെടുത്തും നേതൃത്വം നൽകിയും കൊണ്ടിരുന്നു. കൊടുങ്കാറ്റും, അതിശൈത്യവും, പെരുമഴയും ഒന്നിനുമീതെ മറ്റൊന്നെന്നോണം അസഹ്യമായിരുന്ന ആ രാത്രിയിൽ -അശേഷം ധൈര്യക്ഷയം ബാധിക്കാതെ- അല്ലാഹുവിന്റെ സഹായം പ്രതീക്ഷിച്ചുകൊണ്ടും, അതിനപേക്ഷിച്ചുകൊണ്ടും ഒരു ഉയർന്ന (*) സ്ഥലത്തുവെച്ച് തിരുമേനി നമസ്കാരത്തിലും പ്രാർത്ഥനയിലും മുഴുകിയിരിക്കുകയാണ്. ശത്രുക്കളുടെ തിരക്കും ബഹളവും കേട്ടു, 'അവിടെച്ചെന്ന് അവരുടെ വിവരം അറിഞ്ഞുവരാൻ ആരുണ്ട്?' എന്ന് രണ്ടുപ്രാവശ്യം അവിടുന്ന് വിളിച്ചുചോദിച്ചു. 11-ാം വചനത്തിൽ പ്രസ്താവിച്ചതുപോലെ, മുസ്‌ലിംകൾ വമ്പിച്ച പരീക്ഷണത്തിന് വിധേയരായിരിക്കയാണല്ലോ. അസഹ്യമായ വിശപ്പും, കഠോരമായ തണുപ്പും, മനുഷ്യസഹജമായ ഭയപ്പാടും എല്ലാവരെയും ബാധിച്ചിരിക്കുന്നു. ആരും മുന്നോട്ട് വന്നുകാണുന്നില്ല. കൂട്ടത്തിൽ ഹുദൈഫത്തുബ്നുൽ യമാനി (റ)യും ഉണ്ടായിരുന്നു. അദ്ദേഹത്തെ വിളിച്ചു തിരുമേനി ചോദിച്ചു: 'ഹുദൈഫാ! ഞാനീ പറയുന്നത് താങ്കൾ കേട്ടില്ലേ?!' അദ്ദേഹം പറഞ്ഞു: തിരുമേനീ ആപത്തും അതിശൈത്യവും അങ്ങേക്ക് മറുപടി നൽകുവാൻ എന്നെ സമ്മതിക്കാതിരുന്നതാണ്.' (منعنى اجيبك الضر والقر) ശത്രുക്കളുടെ വിവരം ഗൂഢമായി അറിഞ്ഞുവരുവാൻ തിരുമേനി അദ്ദേഹത്തെ ഏൽപിച്ചു. അദ്ദേഹത്തിന് രക്ഷക്ക്വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. തിരുമേനി പ്രാർത്ഥന തുടർന്നുകൊണ്ടിരുന്നു. താമസിയാതെ ജിബ്‌രീൽ (അ) വന്ന് വിജയത്തിന്റെ സന്തോഷവാർത്ത നബി ﷺയെ അറിയിച്ചു. തിരുമേനി അല്ലാഹുവിനെ നന്ദി പ്രകടിപ്പിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: شكرا شكرا كما رحمتى ورحمت أصحابى (നന്ദി! എനിക്കും എന്റെ സ്വഹാബികൾക്കും നീ കരുണ ചെയ്തതിന് നന്ദി!!) ഹുദൈഫഃ (റ) മടങ്ങിവന്നു ശത്രുസൈന്യങ്ങളുടെ സ്ഥിതിഗതികൾ വിവരിച്ചു കൊടുക്കുകയും ചെയ്തു.

9 മുതൽ 11 കൂടിയ ആയത്തുകളിൽ മുസ്‌ലിംകളെപ്പറ്റി മൊത്തത്തിലായിരുന്നു പ്രതിപാദിച്ചിരുന്നത്. 12 മുതൽ 20 കൂടിയ വചനങ്ങളിൽ കപടവിശ്വാസികളെയും, ദുർബ്ബല ഹൃദയൻമാരെയും കുറിച്ചായിരുന്നു സംസാരം. പരീക്ഷണഘട്ടങ്ങൾ നേരിടുമ്പോഴാണല്ലോ ഈ രണ്ട് തരക്കാരുടെയും യഥാർത്ഥ നിലപാടുകൾ പ്രത്യക്ഷമായിക്കാണുക. ഖൻദക് യുദ്ധത്തിൽ അത് അതിന്റെ സാക്ഷാൽ രൂപത്തിൽ തന്നെ അവരിൽ പ്രകടമാകുകയും ചെയ്തു. ഇതേ അവസരത്തിൽ, യഥാർത്ഥ വിശ്വാസികളും ദൃഢമനഃസ്കരുമായ സത്യവിശ്വാസികളുടെ നിലപാടെന്തായിരുന്നു? പരീക്ഷണഘട്ടങ്ങളെയും, ആപൽസന്ധികളെയും അവരെങ്ങനെ തരണം ചെയ്തു? എന്നിങ്ങനെയുള്ള വിവരങ്ങൾ 22, 23 ആയത്തുകളിൽ പ്രസ്താവിക്കുന്നുമുണ്ട്. ഇടക്കുവെച്ച് ഈ (21-ാം) വചനത്തിൽ, മൗലികപ്രധാനമായ ഒരു വിഷയം- കപടവിശ്വാസികളും ദുർബ്ബലവിശ്വാസികളും ഇത്രയും അധമാവസ്ഥയിൽ പതിക്കുവാനും, സത്യവിശ്വാസികളും ദൃഢമനഃസ്കരുമായ ആളുകൾ താഴെ പറയുംപ്രകാരം അങ്ങേഅറ്റം പ്രശംസനീയവും മാതൃകാപുരുഷൻമാരുമായി പുരോഗമിക്കുവാനുമുള്ള അടിസ്ഥാനകാരണം- ചൂണ്ടിക്കാട്ടുകയാണ്. റസൂൽ തിരുമേനി ﷺയുടെ മാതൃക സ്വീകരിക്കാത്തതാണ് എല്ലാ പരാജയത്തിന്റെയും അധഃപതനത്തിന്റെയും കാരണം; അവിടുത്തെ മാതൃക സ്വീകരിക്കുന്നതാണ് എല്ലാ വിജയത്തിന്റെയും ഉന്നമനത്തിന്റെയും നിദാനം; പക്ഷേ, അല്ലാഹുവിനെക്കുറിച്ചും അന്ത്യനാളിനെക്കുറിച്ചും ബോധവും ഭയപ്പാടും ഉണ്ടായിരിക്കുകയും, അല്ലാഹുവിന്റെ സ്മരണ ശരിക്കും ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നവരേ ആ മാതൃക അനുസരിക്കുവാൻ തയ്യാറാവുകയുള്ളൂ; അവർക്കുമാത്രമേ അത് പ്രയോജനപ്പെടുകയുമുള്ളൂ എന്ന് സാരം.

(*) ഇപ്പോൾ 'മസ്ജിദുൽ ഫത്ഹ്' (مسجد الفتح) അഥവാ വിജയത്തിന്റെ പള്ളി സ്ഥിതിചെയ്യുന്നത് ഈ കുന്നിലാണ്.

'നിങ്ങൾക്ക് അല്ലാഹുവിന്റെ റസൂലിൽ മാതൃകയുണ്ടായിട്ടുണ്ട്' എന്ന് ആദ്യം പൊതുവിൽ പറഞ്ഞശേഷം, 'അതായത്, അല്ലാഹുവിനെയും അന്ത്യദിനത്തെയും പ്രതീക്ഷിക്കുകയും അല്ലാഹുവിനെ ധാരാളം സ്മരിക്കുകയും ചെയ്യുന്നവർക്ക്' എന്ന് പ്രത്യേകം ഉണർത്തിയിരിക്കുന്നത് വളരെ ശ്രദ്ധേയമാകുന്നു. ഖൻദക് യുദ്ധത്തിലെ പരീക്ഷണഘട്ടങ്ങളിൽ സത്യവിശ്വാസികൾ സ്വീകരിച്ച നിലപാട് അല്ലാഹു വിവരിക്കുന്നത് നോക്കുക:

وَلَمَّا رَءَا ٱلْمُؤْمِنُونَ ٱلْأَحْزَابَ قَالُوا۟ هَـٰذَا مَا وَعَدَنَا ٱللَّهُ وَرَسُولُهُۥ وَصَدَقَ ٱللَّهُ وَرَسُولُهُۥ ۚ وَمَا زَادَهُمْ إِلَّآ إِيمَـٰنًا وَتَسْلِيمًا ﴿٢٢﴾

﴿22﴾ സത്യവിശ്വാസികൾ (സഖ്യ) കക്ഷികളെ കണ്ടപ്പോൾ അവർ പറഞ്ഞു: 'അല്ലാഹുവും, അവന്റെ റസൂലും നമ്മോട് വാഗ്ദാനം ചെയ്തിട്ടുള്ളതാണ് ഇത്. അല്ലാഹുവും അവന്റെ റസൂലും സത്യമത്രെ പറഞ്ഞത്.' അവർക്ക് സത്യവിശ്വാസത്തെയും, അനുസരണത്തെയുമല്ലാതെ അത് വർദ്ധിപ്പിച്ചതുമില്ല.

﴿22﴾ وَلَمَّا رَأَى കണ്ടപ്പോൾ الْمُؤْمِنُونَ സത്യവിശ്വാസികൾ الْأَحْزَابَ കക്ഷികളെ, സംഘങ്ങളെ قَالُوا അവർ പറഞ്ഞു هَذَا ഇത് مَا وَعَدَنَا നമ്മോട് വാഗ്ദാനം ചെയ്തതാണ് اللَّهُ وَرَسُولُهُ അല്ലാഹുവും അവന്റെ റസൂലും وَصَدَقَ اللَّهُ അല്ലാഹു സത്യം പറഞ്ഞിരിക്കുന്നു وَرَسُولُهُ അവന്റെ റസൂലും وَمَا زَادَهُمْ അതവർക്ക് വർദ്ധിപ്പിച്ചതുമില്ല إِلَّا إِيمَانًا വിശ്വാസത്തെയല്ലാതെ وَتَسْلِيمًا അനുസരണത്തെയും

സത്യവിശ്വാസികൾ പല പരീക്ഷണങ്ങൾക്കും വിധേയരായേക്കും; ഒടുവിൽ വിജയം അവർക്കുതന്നെയായിരിക്കും എന്നിങ്ങനെ അല്ലാഹുവും, അവന്റെ റസൂലും ചെയ്തിട്ടുള്ള വാഗ്ദാനങ്ങളാണ് ഇവിടെ ഉദ്ദേശ്യം. (*) ശത്രുക്കൾ അതിശക്തിയോടെ വന്നു വലയം ചെയ്യുന്നത് കണ്ടപ്പോൾ സത്യവിശ്വാസികൾക്ക് പ്രസ്തുത വാഗ്ദാനങ്ങൾ ഓർമവരുകയും, അതവരുടെ വിശ്വാസവും അനുസരണസന്നദ്ധതയും വർദ്ധിപ്പിക്കുകയും ചെയ്തു. പൂർവ്വാധികം ധീരതയും ആവേശവും ഉളവാക്കി.

مِّنَ ٱلْمُؤْمِنِينَ رِجَالٌ صَدَقُوا۟ مَا عَـٰهَدُوا۟ ٱللَّهَ عَلَيْهِ ۖ فَمِنْهُم مَّن قَضَىٰ نَحْبَهُۥ وَمِنْهُم مَّن يَنتَظِرُ ۖ وَمَا بَدَّلُوا۟ تَبْدِيلًا ﴿٢٣﴾

﴿23﴾ സത്യവിശ്വാസികളിലുണ്ട് ചില പുരുഷൻമാർ: തങ്ങൾ ഏതൊരു കാര്യത്തെപ്പറ്റി അല്ലാഹുവുമായി ഉടമ്പടി ചെയ്തിരുന്നുവോ അതവർ (നിറവേറ്റി) സത്യമാക്കി. അങ്ങനെ, അവരിൽ ചിലർ തന്റെ നേർച്ച [കർത്തവ്യം] നിറവേറ്റിയവരുണ്ട്; അവരിൽ (മറ്റ്) ചിലർ (അതിന്നവസരം) പാർത്തുകൊണ്ടിരിക്കുന്നവരുമുണ്ട്. അവർ (ഉടമ്പടിക്ക്) യാതൊരു വിധ മാറ്റവും വരുത്തുകയും ചെയ്തില്ല.

(*) സൂറഃ അൽബക്വറഃ 214; അൻകബൂത്ത് 2, 3 ആലുഇംറാൻ 140– 142; വസ്സ്വാഫ്ഫാത്ത് 171– 173 മുതലായ ക്വുർആൻ വചനങ്ങളിലും, പല നബിവചനങ്ങളിലും നോക്കുക.

﴾23﴿ مِنَ الْمُؤْمِنِينَ സത്യവിശ്വാസികളിലുണ്ട് رِجَالٌ ചില പുരുഷൻമാർ صَدَقُوا അവർ സത്യമാക്കി مَا യാതൊന്നിനെ عَاهَدُوا اللَّهَ അവർ അല്ലാഹുവിനോട് ഉടമ്പടി ചെയ്തിരിക്കുന്നു عَلَيْهِ അതിന്റെമേൽ فَمِنْهُم അങ്ങനെ അവരിലുണ്ട് مَّن قَضَىٰ നിർവ്വഹിച്ചവർ نَحْبَهُ തന്റെ നേർച്ച, ആവശ്യം (കർത്തവ്യം) وَمِنْهُم അവരിലുണ്ട് مَّن يَنتَظِرُ നോക്കിപ്പാർക്കുന്നവർ, കാത്തിരിക്കുന്നവർ وَمَا بَدَّلُوا അവർ മാറ്റം വരുത്തിയതുമില്ല تَبْدِيلًا ഒരു മാറ്റം വരുത്തലും

ഇസ്‌ലാമിന് വേണ്ടി ദേഹവും ധനവും ബലിയർപ്പിക്കുവാൻ പ്രതിജ്ഞാബദ്ധരാണല്ലോ സത്യവിശ്വാസികൾ- ഈ പ്രതിജ്ഞ തികച്ചും നിറവേറ്റി ധർമയുദ്ധത്തിൽ രക്തസാക്ഷി (شهيد)കളായി മരണമടഞ്ഞവരെ ഉദ്ദേശിച്ചാണ് من قضى نحبه (നേർച്ച നിറവേറ്റിയവർ) എന്ന് പറഞ്ഞത്. ഒരാൾ തനിക്ക് ചെയ്യാനുള്ളതെല്ലാം ചെയ്തുതീർത്തു അഥവാ മരണപ്പെട്ടു- എന്ന ഉദ്ദേശ്യത്തിൽ ഈ വാക്യം അറബിഭാഷയിൽ ഉപയോഗിക്കപ്പെടാറുള്ളതാണ്. രക്തസാക്ഷിയായി വീരമരണം പ്രാപിക്കുവാൻ ഇത്വരെ അവസരം ലഭിച്ചില്ലെങ്കിലും, അവസരം കിട്ടുമ്പോഴെല്ലാം അതിന് തക്കം പാർത്തും സന്നദ്ധരായിക്കൊണ്ടും ഇരിക്കുന്നവരെ ഉദ്ദേശിച്ചാണ് من ينتظر (അവസരം പാർത്തുകൊണ്ടിരിക്കുന്നവർ) എന്ന് പറഞ്ഞത് ഹംസഃ (റ), മുസ്അബ് (റ) മുതലായ പല മഹാൻമാരും ഒന്നാമത്തെ വിഭാഗത്തിലും, ഉഥ്മാൻ (റ), ത്വൽഹഃ (റ) മുതലായ പല മഹാൻമാരും രണ്ടാമത്തെ വിഭാഗത്തിലും ഉൾപ്പെട്ടവരാകുന്നു. നബി ﷺ ഒന്നിച്ച് യുദ്ധം നടത്തേണ്ടുന്ന അവസരം നേരിട്ടാൽ മരണം വരെ സധീരം പോരാടുമെന്ന് പലപ്പോഴും പല സ്വഹാബികളും വ്യക്തമായ ഭാഷയിൽ നബി ﷺ യോട് ഉടമ്പടി ചെയ്തിട്ടുള്ളത് ചരിത്രപ്രസിദ്ധമാണല്ലോ.

അനസ് (റ) ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: 'എന്റെ പിതൃവ്യൻ അനസുബ്നു നദ്ർ (انس بن النضر رضـ) ബദ്ർ യുദ്ധത്തിൽ ഉണ്ടായിരുന്നില്ല. അത് അദ്ദേഹത്തിന് അസ്വാസ്ഥ്യമായിത്തോന്നി. അദ്ദേഹം പറഞ്ഞു: 'റസൂൽ തിരുമേനി ﷺ ഒന്നാമതായി സംബന്ധിച്ച യുദ്ധത്തിൽ ഞാൻ പങ്കെടുത്തില്ലല്ലോ! എനി, തിരുമേനിയൊന്നിച്ച് അല്ലാഹു എനിക്കൊരു രംഗം കാട്ടിത്തന്നാൽ തീർച്ചയായും ഞാൻ പ്രവർത്തിക്കുന്നത് (ധീരമായി സമരം ചെയ്യുന്നത്) അല്ലാഹുവിന് കാണുമാറാകും.' അങ്ങനെ, അദ്ദേഹം ഉഹ്ദ് യുദ്ധത്തിൽ സംബന്ധിച്ചു. മുസ്‌ലിം സൈന്യം പിന്തിരിഞ്ഞോടുമ്പോൾ അദ്ദേഹം മുന്നോട്ട് കുതിച്ചു. അപ്പോൾ സഅ്ദുബ്നു മുആദ് (سعد بن معاذ رضـ) അദ്ദേഹത്തോട് ചോദിക്കുകയുണ്ടായി: 'താങ്കൾ എങ്ങോട്ടാണ്?' അദ്ദേഹം മറുപടി പറഞ്ഞതിങ്ങനെയാണ്: واها لريح الجنة اجدها دون احد (ഹാ! സ്വർഗത്തിന്റെ പരിമളം! ഉഹ്ദ് മലയുടെ ഇപ്പുറത്ത് നിന്ന് അതാ കിട്ടിക്കൊണ്ടിരിക്കുന്നു!) അങ്ങനെ, അദ്ദേഹം കൊല്ലപ്പെടുന്നത്വരെ യുദ്ധം ചെയ്തു. അദ്ദേഹത്തിന്റെ ശരീരത്തിൽ വെട്ടും, കുത്തും, മറ്റുമായി എൺപതിൽപരം പരുക്കുകൾ പറ്റിയിട്ടുണ്ടായിരുന്നു. من المؤمنين رجال എന്ന ഈ വചനം (ഇത്തരം സന്ദർഭങ്ങളെ സൂചിപ്പിച്ചുകൊണ്ട്) അവതരിക്കുകയും ചെയ്തു.' (മു; അ; തി; ന.)

അഹ്സാബ് യുദ്ധത്തിലേതുപോലുള്ള പരീക്ഷണഘട്ടങ്ങൾ അല്ലാഹു ഏർപ്പെടുത്തുന്നതിന്റെ ആവശ്യവും ഉദ്ദേശ്യവും എന്താണെന്ന് അടുത്ത വചനം കാട്ടിത്തരുന്നു:-

لِّيَجْزِىَ ٱللَّهُ ٱلصَّـٰدِقِينَ بِصِدْقِهِمْ وَيُعَذِّبَ ٱلْمُنَـٰفِقِينَ إِن شَآءَ أَوْ يَتُوبَ عَلَيْهِمْ ۚ إِنَّ ٱللَّهَ كَانَ غَفُورًا رَّحِيمًا ﴿٢٤﴾

﴿24﴾ സത്യവാൻമാർക്ക് അവരുടെ സത്യ(പാലന)ത്തിന് അല്ലാഹു പ്രതിഫലം നൽകുവാനും, കപടവിശ്വാസികളെ- അവൻ ഉദ്ദേശിക്കുന്നപക്ഷം- ശിക്ഷിക്കുകയോ, അല്ലെങ്കിൽ അവരുടെമേൽ പശ്ചാത്താപം സ്വീകരിക്കുകയോ ചെയ്യാനും വേണ്ടിയത്രെ (ഇത്). നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

﴿24﴾ لِيَجْزِيَ اللَّهُ അല്ലാഹു പ്രതിഫലം നൽകുവാൻവേണ്ടി الصَّادِقِينَ സത്യവാൻമാർക്ക് بِصِدْقِهِمْ അവരുടെ സത്യതക്ക് وَيُعَذِّبَ അവൻ ശിക്ഷിക്കുവാനും الْمُنَافِقِينَ കപടവിശ്വാസികളെ إِنْ شَاءَ അവൻ ഉദ്ദേശിച്ചാൽ أَوْ يَتُوبَ അല്ലെങ്കിൽ പശ്ചാത്താപം സ്വീകരിക്കാനും عَلَيْهِمْ അവരുടെമേൽ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു كَانَ غَفُورًا വളരെ പൊറുക്കുന്നവനാകുന്നു رَحِيمًا കരുണാനിധിയാകുന്നു

കപടവിശ്വാസികൾ തങ്ങളുടെ നിലയിൽ മാറ്റമൊന്നും വരുത്താത്തപക്ഷം അല്ലാഹു അവരെ ശിക്ഷിക്കും. അവർ പശ്ചാത്തപിക്കുന്നപക്ഷം അല്ലാഹു അത് സ്വീകരിക്കുകയും അവർക്ക് പൊറുത്തുകൊടുക്കുകയും ചെയ്യും. മറ്റൊരു തരത്തിൽ പറഞ്ഞാൽ -സൂ: ആലുഇംറാനിൽ പ്രസ്താവിച്ചതുപോലെ -നല്ലവരെയും, ചീത്തയായവരെയും വേർതിരിച്ചുകാട്ടുകയാണ് പരീക്ഷണങ്ങളുടെ ഉദ്ദേശ്യം. അല്ലാഹു പറയുന്നു:

مَا كَانَ اللَّهُ لِيَذَرَ الْمُؤْمِنِينَ عَلَى مَا أَنتُمْ عَلَيْهِ حَتَّى يَمِيزَ الْخَبِيثَ مِنَ الطَّيِّبِ وَمَا كَانَ اللَّهُ لِيُطْلِعَكُمْ عَلَى الْغَيْبِ -آل عمران :١٧٩

സാരം: നിങ്ങൾ നിലകൊള്ളുന്ന ഈ അവസ്ഥയിൽ -നല്ലതിൽനിന്ന് ചീത്തയായതിനെ വേർതിരിക്കാതെ- സത്യവിശ്വാസികളെ അല്ലാഹു വിട്ടുകളയുവാൻ തയ്യാറില്ല. അദൃശ്യകാര്യത്തെക്കുറിച്ച് നിങ്ങൾക്ക് കാട്ടിത്തരുവാൻ അവൻ തയ്യാറില്ല. (ആലുഇംറാൻ)

സത്യവിശ്വാസികൾ, കപടവിശ്വാസികൾ, വിശ്വാസദൗർബല്യമുള്ളവർ എന്നിവരെ സംബന്ധിച്ച് പലതും പ്രസ്താവിച്ചശേഷം ശത്രുപക്ഷക്കാരായ അവിശ്വാസികളെ സംബന്ധിച്ചും മറ്റും അടുത്ത വചനങ്ങളിൽ പ്രതിപാദിക്കുന്നു:

وَرَدَّ ٱللَّهُ ٱلَّذِينَ كَفَرُوا۟ بِغَيْظِهِمْ لَمْ يَنَالُوا۟ خَيْرًا ۚ وَكَفَى ٱللَّهُ ٱلْمُؤْمِنِينَ ٱلْقِتَالَ ۚ وَكَانَ ٱللَّهُ قَوِيًّا عَزِيزًا ﴿٢٥﴾

﴿25﴾ അവിശ്വസിച്ചിട്ടുള്ളവരെ അവരുടെ (മനഃ)ക്ലേശത്തോടെ -യാതൊരു ഗുണവും നേടാതെ -അല്ലാഹു മടക്കുകയും ചെയ്തു. സത്യവിശ്വാസികൾക്ക് അല്ലാഹു യുദ്ധം മതിയാക്കി [ആവശ്യമില്ലാതാക്കി]ക്കൊടുക്കുകയും ചെയ്തു. അല്ലാഹു ശക്തനും പ്രതാപശാലിയുമാകുന്നു.

﴾25﴿ وَرَدَّ ٱللَّهُ അല്ലാഹു മടക്കുകയും (തടയുകയും) ചെയ്തു ٱلَّذِينَ كَفَرُوا۟ അവിശ്വസിച്ചവരെ بِغَيْظِهِمْ അവരുടെ ക്ലേശത്തോടെ, കോപത്തോടെ لَمْ يَنَالُوا۟ അവർ നേടാതെ, അവർ പ്രാപിച്ചില്ല خَيْرًا ഒരു ഗുണവും وَكَفَى ٱللَّهُ അല്ലാഹു മതിയാക്കുക (തടുക്കുക)യും ചെയ്തു ٱلْمُؤْمِنِينَ സത്യവിശ്വാസികൾക്ക് ٱلْقِتَالَ യുദ്ധം وَكَانَ ٱللَّهُ അല്ലാഹു ആകുന്നു قَوِيًّا ശക്തൻ عَزِيزًا പ്രതാപശാലി

ഇസ്‌ലാമിനെയും, മുസ്‌ലിംകളെയും ഈ പ്രാവശ്യം അടിയോടെ നിഷ്കാസനം ചെയ്യുമെന്ന ചങ്കൂറ്റത്തോടും തികച്ചും ശുഭപ്രതീക്ഷയോടും കൂടിയാണ് സഖ്യസൈന്യങ്ങൾ മദീനഃയെ ഉപരോധം ചെയ്തത്. പക്ഷേ, ഫലം നേരെമറിച്ചാണ് സംഭവിച്ചത്. കുപിതരും, രോഷാകുലരുമായിക്കൊണ്ട് ദാരുണമാംവണ്ണം അവർ യുദ്ധക്കളം വിട്ടോടേണ്ടിവന്നു. മുസ്‌ലിംകൾക്കാകട്ടെ കുറേ പരീക്ഷണഘട്ടങ്ങൾക്ക് ശേഷമെങ്കിലും– ഒരു പോരാട്ടമോ പൊതുസംഘട്ടനമോ ആവശ്യമായി വരാതെ യുദ്ധം വളരെ ശുഭകരമായി പര്യവസാനിക്കുകയും ചെയ്തു. അതെ, 9–ാം വചനത്തിൽ പ്രസ്താവിച്ചതുപോലെ, അല്ലാഹു കൊടുങ്കാറ്റും, കാണപ്പെടാത്ത സൈന്യങ്ങളെ (മലക്കുകളെ)യും നിയോഗിച്ചതുവഴി മുസ്‌ലിംകൾക്ക് യുദ്ധാവശ്യം നിറവേറ്റിക്കൊടുത്തു.

വിജയാനന്തരം അല്ലാഹുവിന്റെ മഹത്തായ ഈ അനുഗ്രഹത്തെക്കുറിച്ച് വിനയത്തോടും, കൃതജ്ഞതയോടും കൂടി നബി ﷺ പറഞ്ഞ വാക്യങ്ങൾ നോക്കുക: വിഷമഘട്ടങ്ങളിലും ഓരോ മുസ്‌ലിമിനും അതിൽ പാഠവും, മനസ്സമാധാനത്തിന് വകയും കാണാം. തിരുമേനി ഇപ്രകാരം പറഞ്ഞു: لاإله إلاالله وحده, صدق وعده, ونصر عبده, واعز جنده, وهزم الأحزاب وحده, فلا شيء بعده – متفق عليه (സാരം: അല്ലാഹു അല്ലാതെ ആരാധ്യനേയില്ല, അവൻ ഏകനത്രെ. അവൻ തന്റെ വാഗ്ദാനം സത്യമായി പാലിച്ചു. അവന്റെ അടിയാനെ സഹായിക്കുകയും ചെയ്തു. അവന്റെ സൈന്യത്തിന് പ്രതാപം നൽകുകയും ശത്രുകക്ഷികളെ അവൻ ഒറ്റയ്ക്ക്തന്നെ പരാജയപ്പെടുത്തുകയും ചെയ്തു. അവന്ശേഷം മറ്റൊന്നില്ലതന്നെ. (ബു. മു.)

ഖൻദക് യുദ്ധം കഴിഞ്ഞശേഷം, മുസ്‌ലിംകളുടെനേരെ ഇങ്ങനെ ഒരു യുദ്ധത്തിനൊരുങ്ങുവാൻ ക്വുറൈശികൾ പിന്നീട് ധൈര്യപ്പെടുകയുണ്ടായിട്ടില്ല എന്നത് സ്മരണീയമാണ്. നബി ﷺ പ്രസ്താവിച്ചതായി സുലൈമാനുബ്നു സ്വുറദ് (سليمان بن صرد رض) പറയുന്നു: الآن نغزوهم ولا يغزونا نحن نسير اليهم – البخارى (എനി, നാം അവരോട് പടയെടുക്കേണ്ടിയിരിക്കുന്നു; അവർ നമ്മോട് പടയെടുത്തുവരികയില്ല; നാം അങ്ങോട്ട് പോകേണ്ടിയിരിക്കുന്നു. (ബു.) ക്വുറൈശികളും, ഇതരവംശക്കാരുമായ ശത്രുവിഭാഗത്തെപ്പറ്റി പൊതുവിൽ പ്രസ്താവിച്ചശേഷം അതിലുണ്ടായിരുന്ന യഹൂദികളെക്കുറിച്ച് അടുത്ത വചനങ്ങളിൽ പ്രത്യേകം എടുത്തുപറയുന്നു:–

وَأَنزَلَ ٱلَّذِينَ ظَٰهَرُوهُم مِّنْ أَهْلِ ٱلْكِتَٰبِ مِن صَيَاصِيهِمْ وَقَذَفَ فِى قُلُوبِهِمُ ٱلرُّعْبَ فَرِيقًا تَقْتُلُونَ وَتَأْسِرُونَ فَرِيقًا ﴿٢٦﴾

﴾26﴿ വേദക്കാരിൽനിന്നും അവർക്ക് പിന്തുണ നല്കിയവരെ തങ്ങളുടെ കോട്ടകളിൽനിന്ന് അവൻ ഇറക്കി അയക്കുകയും ചെയ്തു; അവരുടെ ഹൃദയങ്ങളിൽ ഭീതി ഇട്ടേക്കുകയും ചെയ്തു; (അവരിൽ) ഒരു വിഭാഗത്തെ നിങ്ങൾ കൊലപ്പെടുത്തുകയും, ഒരു വിഭാഗത്തെ നിങ്ങൾ തടങ്ങലിലാക്കുകയും ചെയ്തിരിക്കുന്നു!

وَأَوۡرَثَكُمۡ أَرۡضَهُمۡ وَدِيَـٰرَهُمۡ وَأَمۡوَٰلَهُمۡ وَأَرۡضًا لَّمۡ تَطَـُٔوهَاۚ وَكَانَ ٱللَّهُ عَلَىٰ كُلِّ شَيۡءٖ قَدِيرًا ﴿٢٧﴾

﴾27﴿ അവരുടെ ഭൂമിയും, അവരുടെ വീടുകളും, അവരുടെ സ്വത്തുക്കളും, നിങ്ങള്‍ (കാലെടുത്ത്) ചവിട്ടിയിട്ടില്ലാത്ത ഭൂമിയും അവന്‍ നിങ്ങള്‍ക്ക് അവകാശപ്പെടുത്തിത്തരുകയും ചെയ്തു. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

﴾26﴿ وَأَنزَلَ അവന്‍ ഇറക്കുകയും ചെയ്തു الَّذِينَ ظَاهَرُوهُمْ അവര്‍ക്ക് പിന്‍തുണ നല്‍കിയവരെ, സഹകരിച്ചവരെ مِنْ أَهْلِ الْكِتَابِ വേദക്കാരില്‍ നിന്നുള്ള مِن صَيَاصِيهِمْ അവരുടെ കോട്ടകളില്‍ നിന്ന് وَقَذَفَ അവന്‍ ഇടുകയും ചെയ്തു فِي قُلُوبِهِمُ അവരുടെ ഹൃദയങ്ങളില്‍ الرُّعْبَ ഭീതി, ഭയപ്പാട് فَرِيقًا ഒരു വിഭാഗത്തെ, സംഘത്തെ تَقْتُلُونَ നിങ്ങള്‍ കൊലപ്പെടുത്തുന്നു وَتَأْسِرُونَ നിങ്ങള്‍ തടങ്ങലിലാക്കുക (ചിറപിടിക്കുക)യും ചെയ്യുന്നു فَرِيقًا ഒരു വിഭാഗത്തെ ﴾27﴿ وَأَوْرَثَكُمْ നിങ്ങള്‍ക്കവന്‍ അവകാശപ്പെടുത്തുകയും ചെയ്തു أَرْضَهُمْ അവരുടെ ഭൂമി وَدِيَارَهُمْ അവരുടെ വീടുകളും, ഭവനങ്ങളും وَأَمْوَالَهُمْ അവരുടെ സ്വത്തുക്കളും وَأَرْضًا ഒരു ഭൂമിയും لَمْ تَطَئُوهَا നിങ്ങളതില്‍ ചവിട്ടിയിട്ടില്ല وَكَانَ اللهُ അല്ലാഹു ആകുന്നു عَلَى كُلِّ شَيْءٍ എല്ലാ കാര്യത്തിനും قَدِيرًا കഴിവുള്ളവന്‍

സഖ്യകക്ഷികളെ സഹായിച്ചുകൊണ്ടിരുന്ന 'ബനൂക്വുറൈദ്വഃ (بنو قريظة) ഗോത്രക്കാരായ യഹൂദികള്‍ നബി ﷺ യുമായി സമാധാനസഖ്യം ചെയ്തിട്ടുണ്ടായിരുന്നു. അവരുടെ സഹോദര ഗോത്രമായ ബനൂനദ്വീറി (بنو النضير)ന്റെ പ്രേരണയനുസരിച്ചാണ് അവര്‍ സഖ്യം ലംഘിച്ചത്. അറബിഗോത്രങ്ങള്‍ ഏകോപിച്ച് നടത്തുന്ന ഈ മഹായുദ്ധം വഴി മുഹമ്മദിനെയും കൂട്ടരെയും നാമാവശേഷമാക്കാമെന്നും, അതിന് ഇതിനെക്കാള്‍ നല്ല ഒരവസരം ലഭിക്കാനില്ലെന്നും നദ്വീറിന്റെ തലവനായ ഹുയയ്യ് (حيي) സമര്‍ത്ഥിച്ചു. ക്വുറൈദ്വഃയുടെ നേതാവായ കഅ്ബ് (كعب) ആദ്യം വിസമ്മതിക്കുകയും ഈ സന്ധിലംഘനത്തിന്റെ ഫലം എന്നെന്നേക്കുമുള്ള അപമാനമായിത്തീര്‍ന്നേക്കാമെന്ന് പറയുകയും ചെയ്തു. എങ്കിലും, ഒടുക്കം ഹുയയ്യിന്റെ വലയില്‍ കഅ്ബും അകപ്പെടുകയാണുണ്ടായത്.

ഖന്‍ദക് യുദ്ധം ശുഭകരമായി പര്യവസാനിച്ച ഉടനെത്തന്നെ ക്വുറൈദ്വഃയുടെ നേരെ പോയിക്കൊള്ളുവാന്‍ നബി ﷺ ക്ക് വഹ്‌യ് കിട്ടി. അല്പമാത്രം നാഴിക ദൂരമേ മദീനഃക്കും ക്വുറൈദ്വഃക്കും ഇടയിലുള്ളൂ. 'ബനൂക്വുറൈദ്വഃയില്‍ വെച്ചല്ലാതെ ആരും അസ്ര്‍ നമസ്കരിക്കരുത്!' എന്ന് നബി ﷺ പ്രഖ്യാപനം ചെയ്തു. വഴി മദ്ധ്യേ അസ്റിന്റെ സമയം വന്നു. സ്വഹാബികള്‍ ചിലര്‍ വഴിക്ക്‌വെച്ചുതന്നെ നമസ്ക്കാരം നടത്തി. മറ്റുചിലര്‍ അവിടെ എത്തിയശേഷമേ നമസ്ക്കരിച്ചുള്ളൂ. രണ്ടുകൂട്ടരെയും തിരുമേനി ആക്ഷേപിക്കുകയുണ്ടായില്ല. (ആദ്യത്തെവര്‍ ആ പ്രഖ്യാപനത്തിന്റെ ഉദ്ദേശ്യവും തത്വവും പരിഗണിച്ചു. രണ്ടാമത്തെവര്‍ അക്ഷരംപ്രതി അതനുസരിക്കുകയും ചെയ്തു. രണ്ട് കൂട്ടരുടെയും ഉദ്ദേശ്യശുദ്ധിയില്‍ സംശയിക്കുവാനില്ലല്ലോ.)

നബി ﷺ യും സ്വഹാബികളും ക്വുറൈദ്വഃയില്‍ എത്തിയപ്പോഴേക്കും യഹൂദികള്‍

ഭയപ്പെട്ടു കോട്ടകളിൽ അഭയം പ്രാപിച്ചു. ഇരുപത്തഞ്ച് ദിവസത്തോളം മുസ്‌ലിംകൾ കോട്ടകളെ ഉപരോധം ചെയ്തു. യഹൂദികൾ അങ്ങേഅറ്റം വിഷമിച്ചു. ഒടുക്കം നബി ﷺ യുടെ തീരുമാനം നിരുപാധികം അനുസരിച്ചുകൊള്ളാമെന്ന നിശ്ചയത്തിന്മേൽഅവർ കോട്ടകളിൽനിന്ന് പുറത്ത്‌വന്നു. സഅ്ദുബ്നുമുആദ് (سعدبن معاذ رضـ) ചെയ്യുന്ന തീരുമാനം സ്വീകരിക്കുമെന്നും, അദ്ദേഹത്തെ തങ്ങളുടെ മദ്ധ്യസ്ഥനാക്കാമെന്നും അവർ അറിയിച്ചു. ക്വുറൈദ്വഃയുമായി സഖ്യമുണ്ടായിരുന്ന ഔസ് (اوس) ഗോത്രത്തിലെ നേതാവായിരുന്നു സഅ്ദ് (റ). അതുകൊണ്ടാണ് അവർ അദ്ദേഹത്തെ മദ്ധ്യസ്ഥനാക്കുവാൻ തയ്യാറായത്. തിരുമേനിയും ഇത് സമ്മതിച്ചു. ഖൻദക് യുദ്ധത്തിൽവെച്ച് അമ്പ് പറ്റുക നിമിത്തം അദ്ദേഹം മദീനഃപള്ളിയിൽ ശുശ്രൂഷയിലിരിക്കുകയായിരുന്നു. ഒന്നിലധികം പ്രാവശ്യം സന്ധിലംഘനവും ചതിയും നടത്തി ശത്രുതയുടെയും വിശ്വാസവഞ്ചനയുടെയും പാരമ്പര്യം പുലർത്തിവന്ന അവരുടെ കാര്യത്തിൽ അവർ സ്വയം തിരഞ്ഞെടുത്ത മദ്ധ്യസ്ഥനായ സഅ്ദ് (റ) തീരുമാനം ചെയ്തത് ഇപ്രകാരമായിരുന്നു: 'യുദ്ധപ്രായമായവരെ വധിക്കുക, സ്ത്രീകളെയും കുട്ടികളെയും ചിറപിടിക്കുക, സ്വത്തുക്കൾ മുസ്‌ലിംകൾക്കധീനമാക്കുക.' ഇവരിൽ അല്ലാഹുവിന്റെയും റസൂലിന്റെയും വിധി ഇതുതന്നെയാണെന്ന് നബി ﷺ മുആദ് (റ)നോട് പറയുകയുണ്ടായി. ഈ വിധി നടപ്പാക്കപ്പെടുകയും ചെയ്തു. തങ്ങൾ സ്വയംതന്നെ തങ്ങളുടെമേൽ വരുത്തിവെച്ച ഈ വിധിക്ക് വഴങ്ങുവാൻ യഹൂദികൾ സന്നദ്ധരായതിൽനിന്ന് അവരുടെ ഹൃദയങ്ങളിൽ അല്ലാഹു ഇട്ടുകൊടുത്ത ഭീതി എത്രമാത്രമായിരുന്നുവെന്ന് ഊഹിക്കാം.

നിങ്ങൾ കാലെടുത്തു ചവിട്ടിയിട്ടില്ലാത്ത ഭൂമിയും (وأرضالم تطأوها) എന്ന് പറഞ്ഞത്, പിന്നീട് മുസ്‌ലിംകൾക്ക് ഖൈബർ അധീനമായതിനെ ഉദ്ദേശിച്ചാണെന്നും; അതല്ല, അനന്തരം ജയിക്കപ്പെട്ട മറ്റ് പ്രദേശങ്ങളെ ഉദ്ദേശിച്ചുള്ള വാഗ്ദാനമാണെന്നും ക്വുർആൻ വ്യാഖ്യാതാക്കൾ പ്രസ്താവിച്ചുകാണുന്നു. ഇമാം ഇബ്നുജരീർ (റ) ചൂണ്ടിക്കാണിച്ചതുപോലെ ഇത് രണ്ടും ഇവിടെ ഉദ്ദേശിച്ചിരിക്കുന്നതിനും വിരോധമില്ല.

അഹ്സാബ് യുദ്ധത്തിന്ശേഷം ക്വുറൈദ്വഃയുടെയും നദ്വീറിന്റെയും സ്വത്തുക്കൾ മുസ്‌ലിംകൾക്കധീനമായല്ലോ. ഇതുവഴി നബി തിരുമേനി ﷺ ക്ക് കുറേ മൂലധനം കൈവന്നിട്ടുണ്ടെന്ന് ധരിച്ചുകൊണ്ട് അവിടുത്തെ പത്നിമാർ തിരുമേനിയുടെ അടുക്കൽ ചെന്നു ഇങ്ങനെ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, റോമായിലെ കൈസറിന്റെയും, പേർഷ്യായിലെ കൊസ്രുവിന്റെയും പെൺമക്കൾക്ക് ആഭരണങ്ങൾ, വസ്ത്രങ്ങൾ, വേലക്കാർ, ഭൃത്യൻമാർ എന്നിവരെല്ലാമുണ്ട്. ഞങ്ങളുടെ ഇല്ലായ്മയും, വല്ലായ്മയും അങ്ങേക്കറിയാമല്ലോ!' ഇത് തിരുമേനിയുടെ ഹൃദയത്തിന് അധികമായ വേദനയുണ്ടാക്കി. ഇതിനെത്തുടർന്ന് അവരോട് ഇപ്രകാരം പറയുവാൻ അല്ലാഹു നബി ﷺ യോട് കൽപിക്കുന്നു:-

വിഭാഗം - 4

يَـٰٓأَيُّهَا ٱلنَّبِىُّ قُل لِّأَزْوَٰجِكَ إِن كُنتُنَّ تُرِدْنَ ٱلْحَيَوٰةَ ٱلدُّنْيَا وَزِينَتَهَا فَتَعَالَيْنَ أُمَتِّعْكُنَّ وَأُسَرِّحْكُنَّ سَرَاحًا جَمِيلًا ﴿٢٨﴾

﴾28﴿ ഹേ, നബിയേ! നിന്റെ ഭാര്യമാരോട് പറയുക: 'നിങ്ങൾ ഐഹികജീവിതവും, അതിന്റെ അലങ്കാരവും ഉദ്ദേശിക്കുകയാണെങ്കിൽ നിങ്ങൾ വരുവിൻ; നിങ്ങൾക്ക് ഞാൻ 'മുത്അത്ത്' [മോചനവിഭവം] നൽകുകയും, നിങ്ങളെ ഭംഗിയായ വിട്ടയക്കൽ തരുകയും ചെയ്യാം.

وَإِن كُنتُنَّ تُرِدْنَ ٱللَّهَ وَرَسُولَهُۥ وَٱلدَّارَ ٱلْءَاخِرَةَ فَإِنَّ ٱللَّهَ أَعَدَّ لِلْمُحْسِنَٰتِ مِنكُنَّ أَجْرًا عَظِيمًا ﴿٢٩﴾

﴿29﴾ 'നിങ്ങള്‍ അല്ലാഹുവിനെയും, അവന്റെ റസൂലിനെയും, പരലോകഭവനത്തെയും ഉദ്ദേശിക്കുകയാണെങ്കില്‍, എന്നാല്‍ നിശ്ചയമായും, നിങ്ങളില്‍നിന്ന് പുണ്യവതികളായുള്ളവര്‍ക്ക് അല്ലാഹു മഹത്തായ പ്രതിഫലം ഒരുക്കിവെച്ചിരിക്കുന്നു.'

﴿28﴾ يَا أَيُّهَا النَّبِيُّ ഹേ നബിയേ قُلْ നീ പറയുക لِأَزْوَاجِكَ തന്റെ ഭാര്യമാരോട് إِنْ كُنْتُنَّ നിങ്ങളാണെങ്കില്‍ تُرِدْنَ നിങ്ങള്‍ ഉദ്ദേശിക്കുക الْحَيَاةَ الدُّنْيَا ഐഹികജീവിതം وَزِينَتَهَا അതിന്റെ അലങ്കാരവും, മോടിയും فَتَعَالَيْنَ എന്നാല്‍ നിങ്ങള്‍ വരുക أُمَتِّعْكُنَّ നിങ്ങള്‍ക്ക് ഞാന്‍ മുത്അത്ത് നല്‍കാം, മോചനവിഭവം തരാം وَأُسَرِّحْكُنَّ നിങ്ങളെ വിട്ടയച്ചു (വേര്‍പ്പെടുത്തി) തരുകയും ചെയ്യാം سَرَاحًا ഒരു വിട്ടയക്കല്‍ جَمِيلًا ഭംഗിയായ, നല്ല ﴿29﴾ وَإِنْ كُنْتُنَّ നിങ്ങളാണെങ്കില്‍ تُرِدْنَ നിങ്ങള്‍ ഉദ്ദേശിക്കുന്നു اللَّهَ وَرَسُولَهُ അല്ലാഹുവിനെയും അവന്റെ റസൂലിനെയും وَالدَّارَ الْآخِرَةَ പരലോകഭവനത്തെയും فَإِنَّ اللَّهَ എന്നാല്‍ നിശ്ചയമായും അല്ലാഹു أَعَدَّ ഒരുക്കിയിരിക്കുന്നു لِلْمُحْسِنَاتِ പുണ്യവതികള്‍ക്ക്, നന്മ ചെയ്യുന്നവര്‍ക്ക് مِنْكُنَّ നിങ്ങളില്‍നിന്ന് أَجْرًا عَظِيمًا വമ്പിച്ച പ്രതിഫലം

വിവാഹമോചനം (طلاق) നടത്തുമ്പോള്‍ ഭാര്യക്ക്- ഒരു മനസ്സമാധാനവും, തല്‍ക്കാലാശ്വാസവും എന്ന നിലക്ക് ഒരു പാരിതോഷികം കൊടുക്കേണ്ടതുണ്ട്. ഇതിന്നാണ് 'മുത്അത്ത്' (متعة) എന്ന് പറയുന്നത്. (കൂടുതല്‍ വിവരം 49-ാം വചനത്തിന്റെ വിവരണത്തില്‍ കാണാം.) ഐഹികസുഖമാണ് തങ്ങളുടെ ലക്ഷ്യമെങ്കില്‍ തങ്ങളെ വളരെ നല്ല നിലയില്‍ വിവാഹമോചനം നല്‍കി വിട്ടയച്ചുതരാം; അല്ലാഹുവിന്റെയും റസൂലിന്റെയും പ്രീതിയും പരലോകസൗഖ്യവുമാണ് തങ്ങളുടെ ലക്ഷ്യമെങ്കില്‍ തങ്ങള്‍ സമര്‍പ്പിച്ച ആവശ്യങ്ങള്‍ അതിന് അനുയോജ്യമായതല്ല; ഐഹികമായ ആഡംബരമോഹവും പാരത്രികഗുണങ്ങളുംകൂടി സമ്മേളിക്കുവാന്‍ നിവൃത്തിയില്ല. പക്ഷേ, ഇവിടെ വെച്ച് നന്മയും പുണ്യവും ചെയ്യുന്നവര്‍ക്ക് നബി ﷺ യുടെ ഭാര്യമാര്‍ എന്ന നിലക്ക് വിശേഷിച്ചും- വമ്പിച്ച പ്രതിഫലങ്ങള്‍ അല്ലാഹുവിങ്കല്‍ ലഭിക്കുവാനിരിക്കുന്നുമുണ്ട്; അതുകൊണ്ട് ഈ രണ്ടില്‍ ഏതാണ് തങ്ങള്‍ ഇഷ്ടപ്പെടുന്നതെന്ന് തീര്‍ച്ചപ്പെടുത്തണം എന്നത്രെ ഈ വചനങ്ങളുടെ താല്‍പര്യം. ആകയാല്‍ ഈ വചനങ്ങള്‍ക്ക് آية التخيير (അഭിപ്രായത്തിന് വിട്ടുകൊടുക്കുന്ന ആയത്ത്) എന്ന് പറയപ്പെടുന്നു. ചോദ്യത്തിലടങ്ങിയ ഗൗരവം മനസ്സിലാക്കുവാന്‍ യഥാര്‍ത്ഥ സത്യവിശ്വാസികള്‍ക്ക് പ്രയാസമുണ്ടാവുകയില്ലല്ലോ.

ഒമ്പത്പേരാണ് ഈ അവസരത്തില്‍ നബി ﷺ യുടെ പത്നിമാരായി ഉണ്ടായിരുന്നത്; ക്വുറൈശീഗോത്രത്തില്‍പെട്ട ആഇശഃ, ഹഫ്സ്വഃ, ഉമ്മുഹബീബഃ, സൗദഃ, ഉമ്മു സലമഃ എന്നിവരും, അസദ് വംശക്കാരിയായ സൈനബ്, ഹിലാല്‍ ഗോത്രക്കാരിയായ മൈമൂനഃ, നദ്വീര്‍ വംശത്തില്‍പെട്ട സ്വഫിയ്യഃ, മുസ്ത്വലക്വ് ഗോത്രക്കാരിയായ

ജുവൈരിയ്യഃ എന്നിവരും رضي الله عنهن ആയിരുന്നു അവർ. (*) ഈ വചനം കേൾക്കേണ്ട താമസം: അവരെല്ലാവരും ഏകസ്വരത്തിൽ അല്ലാഹുവിനെയും, അവന്റെ റസൂലിനെയും, പരലോകത്തെയും തന്നെ തിരഞ്ഞെടുത്തു. الحمد لله

മുസ്‌ലിം (റ), അഹ്മദ് (റ) മുതലായവർ ജാബിർ (റ) വഴി നിവേദനം ചെയ്തിട്ടുള്ള ഒരു ഹദീഥിന്റെ സാരം അറിയുന്നത് സന്ദർഭോചിതമാണ്. അദ്ദേഹം പറയുന്നു: അബൂബക്ർ (റ) നബി ﷺ യുടെ വാതിൽക്കൽ വന്ന് പ്രവേശനത്തിന് അനുമതി ചോദിച്ചു. വാതിൽക്കൽ കുറെ ആളുകൾ കൂടിയിട്ടുണ്ടായിരുന്നു. സമ്മതം കിട്ടിയില്ല. പിന്നീട് ഉമറും (റ) വന്ന് സമ്മതം തേടി. ആദ്യം സമ്മതം ലഭിച്ചില്ല. കുറേ കഴിഞ്ഞശേഷം രണ്ട് പേർക്കും അകത്ത്കടക്കുവാൻ അനുമതി കിട്ടി. തിരുമേനി മൗനമായിരിക്കയായിരുന്നു. ഭാര്യമാർ ചുറ്റുപുറവും കൂടിയിട്ടുമുണ്ട്. ഉമർ (റ) പറഞ്ഞു: 'ഞാൻ നബി ﷺ യോട് സംസാരിക്കും- അവിടുന്ന് ചിരിച്ചേക്കാം!' അദ്ദേഹം നബിയോട്: 'അല്ലാഹുവിന്റെ റസൂലേ, സൈദിന്റെ മകൾ (എന്റെ ഭാര്യ) അൽപം മുമ്പ് എന്നോട് ചിലവിന് കൊടുക്കാനാവശ്യപ്പെട്ടു: അപ്പോൾ ഞാനവളുടെ കഴുത്തിന് കൊടുത്ത ഇടി അങ്ങുന്ന് കണ്ടിരുന്നുവെങ്കിൽ!' ഇത് കേട്ടപ്പോൾ തിരുമേനി അവിടുത്തെ അണപ്പല്ലുകൾ കാണപ്പെടുമാറ് ചിരിച്ചുപോയി! തിരുമേനി തുടർന്ന് പറഞ്ഞു: 'ഇവരിതാ ചിലവിനുള്ള വക ചോദിച്ചുകൊണ്ട് എന്റെ ചുറ്റുപാടും വന്നുകൂടിയിരിക്കുന്നു!' അപ്പോൾ അബൂബക്ർ (റ), ആഇശഃ (റ)യുടെയും, ഉമർ (റ) ഹഫ്സ്വഃയുടെയും നേരെ തിരിഞ്ഞു അവരെ അടിക്കുവാൻ ശ്രമിക്കുകയും 'റസൂൽ തിരുമേനി ﷺ യുടെ കൈവശം ഇല്ലാത്തതിന് ആവശ്യപ്പെടുകയാണോ നിങ്ങൾ?' എന്ന് അവരെ ആക്ഷേപിക്കുകയും ചെയ്തു. തിരുമേനി അവരെ തടഞ്ഞു. ഈ അവസരത്തിൽ നബി ﷺ യുടെ ഭാര്യമാർ, തിരുമേനിയുടെ പക്കൽ ഇല്ലാത്തത് ഇനിമേലിൽ ഞങ്ങൾ ആവശ്യപ്പെടുകയില്ലെന്ന് പറഞ്ഞു. പിന്നീട് ആയത്ത് അവതരിച്ചു. ആദ്യമായി തിരുമേനി ആഇശഃ (റ)യോട്, 'ഞാൻ നിന്നോടൊരു കാര്യം പറയുന്നു; നിന്റെ മാതാപിതാക്കളോട് ആലോചന ചെയ്യാതെ ബദ്ധപ്പെട്ടു അതിന് മറുപടി പറയരുത്' എന്ന് ഉണർത്തിക്കൊണ്ട് قل يا أيها النبي എന്ന് (തുടങ്ങുന്ന ഈ വചനം) ഓതിക്കേൾപ്പിച്ചു. ആഇശഃ (റ) ഉടനെ മറുപടി നൽകി: 'അവിടുത്തെ കാര്യത്തിലാണോ ഞാൻ മാതാപിതാക്കളോട് ആലോചന നടത്തുന്നത്.?! ഞാനിതാ അല്ലാഹുവിനെയും, റസൂലിനെയും തിരഞ്ഞെടുത്തിരിക്കുന്നു. മറ്റുള്ള ഭാര്യമാരോട് ഈ വിവരം (ഞാൻ പറഞ്ഞത്) അറിയിക്കരുത് എന്ന് അങ്ങയോടപേക്ഷിക്കയും ചെയ്യുന്നു'. തിരുമേനി പറഞ്ഞു: 'അല്ലാഹു എന്നെ പരുഷസ്വഭാവിയാക്കിയിട്ടില്ല; സൗമ്യമായി പെരുമാറുന്ന അദ്ധ്യാപകനായിട്ടാണ് നിയോഗിച്ചിരിക്കുന്നത്. നീ എന്ത് തിരഞ്ഞെടുത്തുവെന്ന് എന്നോട് ആർ ചോദിച്ചാലും ഞാനത് പറയാതിരിക്കയില്ല.' (احمد ومسلم وغيرهما)

വിശ്വാസം, ഭയഭക്തി, നബി ﷺ യോടുള്ള സ്നേഹബഹുമാനം ആദിയായവയിലെല്ലാം തന്നെ, നബി ﷺ യുടെ പത്നിമാർ മറ്റ് സ്ത്രീകളെ അപേക്ഷിച്ച് എത്രയോ ഉയർന്ന പടിയിലാണെന്ന് പറയേണ്ടതില്ല. മറ്റ് സ്ത്രീകൾക്കില്ലാത്ത ഉന്നതപദവികൾ അല്ലാഹു അവർക്ക് നൽകിയിട്ടുമുണ്ട്. ഈ അദ്ധ്യായത്തിൽതന്നെ ഇതിന് പല തെളിവുകളും കാണാം. അവർ സത്യവിശ്വാസികളുടെ മാതാക്കളും സമുദായത്തിന്റെ മാതൃകാവനിതകളുമാണ്. നബി ﷺ അവരുടെ ഭർത്താവും, തങ്ങൾ അവിടുത്തെ ഭാര്യമാരുമെന്ന നിലക്ക്- മനുഷ്യസഹജവും സ്ത്രീസഹജവുമായ നിലയിൽ- ഇത്തരം ചില പെരുമാറ്റങ്ങൾ ചിലപ്പോൾ പ്രകടമായേക്കുന്നതിൽ അൽഭുതപ്പെടുവാനില്ല. അതേസമയത്ത് പല പാഠ

(*) عائشة , حفصة , أم حبيبة , سودة , أم سلمة , زينب , ميمونة , صفية , جويرية رضي الله عنهن

ങ്ങളും അവര്‍ മുസ്‌ലിം സമുദായത്തിന് നല്‍കുകയും ചെയ്യുന്നു. എത്രയോ ഇസ്‌ലാമിക നിയമങ്ങള്‍ക്കും, ഉപദേശങ്ങള്‍ക്കും ഇത്തരം സംഭവങ്ങള്‍ കാരണമായിട്ടുണ്ടെന്ന് ഖുര്‍ആനും നബിചര്യയും പരിശോധിക്കുന്നവര്‍ക്കറിയാം. ഇവയില്‍ പ്രധാനമായ ഈ സൂറത്തില്‍ കാണാവുന്നതുമാകുന്നു. നബി ﷺ യുടെ പത്നിമാരെ സംബോധന ചെയ്തു കൊണ്ട് അല്ലാഹു പറയുന്നു:-

يَٰنِسَآءَ ٱلنَّبِيِّ مَن يَأْتِ مِنكُنَّ بِفَٰحِشَةٍ مُّبَيِّنَةٍ يُضَٰعَفْ لَهَا ٱلْعَذَابُ ضِعْفَيْنِ ۚ وَكَانَ ذَٰلِكَ عَلَى ٱللَّهِ يَسِيرًا ﴿٣٠﴾

﴾30﴿ നബിയുടെ പത്നിമാരേ! നിങ്ങളില്‍ ആരെങ്കിലും വ്യക്തമായ വല്ല ചീത്ത വൃത്തിയും കൊണ്ടു വരുന്ന [പ്രവര്‍ത്തിക്കുന്ന]തായാല്‍, അവള്‍ക്ക് രണ്ടിരട്ടിയായി ശിക്ഷ ഇരട്ടിപ്പിക്കപ്പെടുന്നതാണ്. അത് അല്ലാഹുവിന്റെ മേല്‍ നിസ്സാരമായതാകുന്നു.

﴾30﴿ يَا نِسَاءَ النَّبِيِّ നബിയുടെ സ്ത്രീകളേ (പത്നിമാരേ) مَنْ ആരെങ്കിലും يَأْتِ വരുന്നതായാല്‍ مِنكُنَّ നിങ്ങളില്‍നിന്ന് بِفَاحِشَةٍ വല്ല ചീത്തവൃത്തിയുംകൊണ്ട് مُبَيِّنَةٍ വ്യക്തമായ, പ്രത്യക്ഷമായ يُضَاعَفْ ഇരട്ടിയാക്കപ്പെടും لَهَا അവള്‍ക്ക് الْعَذَابُ ശിക്ഷ ضِعْفَيْنِ രണ്ടിരട്ടി وَكَانَ ذَٰلِكَ അതാകുന്നു عَلَى اللَّهِ അല്ലാഹുവിന്റെ മേല്‍ يَسِيرًا നിസ്സാരമായത്

പ്രത്യക്ഷത്തില്‍തന്നെ ചീത്തയായി ഗണിക്കപ്പെടുന്ന എല്ലാ തെറ്റുകുറ്റങ്ങളും فاحشة مبينة (വ്യക്തമായ ചീത്തവൃത്തി)യില്‍ ഉള്‍പ്പെടുന്നു. നബി ﷺ യെ വെറുപ്പിക്കല്‍, മഹാപാപങ്ങള്‍ മുതലായവയെല്ലാം ഇതിന് ഉദാഹരണങ്ങളാകുന്നു. അടുത്ത വചനങ്ങളില്‍നിന്ന് ഗ്രഹിക്കാവുന്നതുപോലെ, വഹ്‌യിന്റെ കേന്ദ്രത്തില്‍ ജീവിച്ചു വരുന്ന അവര്‍ ഇതരസ്ത്രീകളെക്കാള്‍ പലനിലക്കും ഉന്നത പദവിയുള്ളവരാണ്. എന്നിരിക്കെ, മറ്റാരെപ്പോലെയും തെറ്റുകുറ്റങ്ങള്‍ വരാതിരിക്കുവാന്‍ പ്രത്യേകം ബാധ്യസ്ഥരായിരിക്കുകയും ചെയ്യുമല്ലോ അവര്‍. അല്ലാഹു അവരോട് ഈ താക്കീത് നല്‍കുവാനുള്ള കാരണം അതാണ്. കൂടുതല്‍ അറിവും പദവിയും ഉള്ളവര്‍ അല്ലാഹുവിന്റെ ശിക്ഷയെ കൂടുതല്‍ ഭയപ്പെടേണ്ടതുണ്ടെന്ന് ഇതില്‍നിന്ന് നമുക്ക് മനസ്സിലാക്കാം.

വ്യഭിചാരത്തെ പ്രത്യേകം ഉദ്ദേശിച്ചുകൊണ്ട് فاحشة (ചീത്തവൃത്തി) എന്ന പദം ഉപയോഗിക്കപ്പെടാറുണ്ട്. ഇവിടെയും അതാണ് ഉദ്ദേശ്യമെന്നത്രെ ചില മഹാന്‍മാരുടെ അഭിപ്രായം. പക്ഷേ, തിരുമേനിയുടെ പത്നിമാരില്‍ നിന്ന് ആ മഹാപാപം സംഭവിച്ചേക്കാന്‍ ഇടയുണ്ടെന്ന നിഗമനത്തിലല്ല ഈ താക്കീത്. ശിര്‍ക്കിനെ നിഷ്കാസനം ചെയ്യാനായി നിയോഗിക്കപ്പെട്ട റസൂല്‍ തിരുമേനി ﷺ യോട്: 'നീ ശിര്‍ക്ക് ചെയ്താല്‍ നിശ്ചയമായും നിന്റെ കര്‍മം നിഷ്ഫലമാകുകതന്നെ ചെയ്യും' (لئن اشركت ليحبطن عملك) എന്നും മറ്റും അല്ലാഹു താക്കീത് ചെയ്തിരിക്കുന്നുവല്ലോ. അതുപോലെ, കാര്യത്തിന്റെ ഗൗരവം മറ്റുള്ളവരെ ഓര്‍മിപ്പിക്കുകയാണ് ഇത്തരം താക്കീതുകളുടെ പ്രധാന ലക്ഷ്യം. ആയത്തിന്റെ അവസാന വാചകം നോക്കുക. എത്ര മഹാന്‍മാരായാലും ശരി, കുറ്റം ചെയ്തവര്‍ക്ക് ശിക്ഷ കൊടുക്കുന്നതില്‍ അല്ലാഹുവിന് യാതൊരു മടിയും പക്ഷഭേദവുമില്ല; സത്യത്തിനും നീതിക്കും മുമ്പില്‍ എല്ലാവരും അവന്റെ അടുക്കല്‍ സമന്‍മാരാണ് എന്ന് ആ വാക്യം ഓര്‍മിപ്പിക്കുകയാണ്.

ജുസ്ഉ് - 22

۞ وَمَن يَقْنُتْ مِنكُنَّ لِلَّهِ وَرَسُولِهِۦ وَتَعْمَلْ صَٰلِحًا نُّؤْتِهَآ أَجْرَهَا مَرَّتَيْنِ وَأَعْتَدْنَا لَهَا رِزْقًا كَرِيمًا ﴿٣١﴾

﴾31﴿ അല്ലാഹുവിനോടും, അവന്റെ റസൂലിനോടും നിങ്ങളിൽനിന്ന് ആർ വിനയം (അഥവാ ഭക്തി) കാണിക്കുകയും, സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്യുന്നുവോ, അവൾക്ക് അവളുടെ പ്രതിഫലം രണ്ട് പ്രാവശ്യം നാം നൽകുന്നതാകുന്നു. അവൾക്ക് മാന്യമായ ഉപജീവനം നാം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

﴾31﴿ وَمَن يَقْنُتْ ആർ ഭക്തി (വിനയം) കാണിക്കുന്നുവോ مِنكُنَّ നിങ്ങളിൽനിന്ന് لِلَّهِ അല്ലാഹുവിനോട്, അല്ലാഹുവിന് وَرَسُولِهِ അവന്റെ റസൂലിനോടും وَتَعْمَلْ അവൾ പ്രവർത്തിക്കുകയും صَالِحًا സൽക്കർമ്മം نُؤْتِهَا അവൾക്ക് നാം കൊടുക്കും أَجْرَهَا അവളുടെ പ്രതിഫലം مَرَّتَيْنِ രണ്ട് പ്രാവശ്യം وَأَعْتَدْنَا നാം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു لَهَا അവൾക്ക് رِزْقًا كَرِيمًا മാന്യമായ ഉപജീവനം, ആഹാരം

ദുർവൃത്തികൾ ചെയ്യുന്നപക്ഷം സാധാരണക്കാരെ അപേക്ഷിച്ച് നബി ﷺ യുടെ പത്നിമാർക്ക് കൂടുതൽ ശിക്ഷയുണ്ടായിരിക്കുമെന്നപോലെത്തന്നെ, ഭക്തിയോടും അച്ചടക്കത്തോടും കൂടി ഇരിക്കുകയും, സൽക്കർമം പ്രവർത്തിക്കുകയും ചെയ്യുന്നപക്ഷം അവർക്ക് കൂടുതൽ പ്രതിഫലവും അല്ലാഹു വാഗ്ദാനം ചെയ്യുന്നു. ആഢംബരജീവിതവും ഐഹികസുഖസൗകര്യങ്ങളും ത്യജിച്ചുകൊണ്ട് നബി തിരുമേനി ﷺ യൊന്നിച്ച് ക്ഷമാപൂർവ്വം ജീവിക്കുന്നതിന് പകരം പരലോകത്ത്വെച്ച് മാന്യമായ ഉപജീവനം അല്ലാഹു അവർക്ക് തയ്യാറാക്കി വെച്ചിരിക്കുന്നുവെന്ന് സന്തോഷവാർത്തയും അറിയിക്കുന്നു.

يَٰنِسَآءَ ٱلنَّبِيِّ لَسْتُنَّ كَأَحَدٍ مِّنَ ٱلنِّسَآءِ ۚ إِنِ ٱتَّقَيْتُنَّ فَلَا تَخْضَعْنَ بِٱلْقَوْلِ فَيَطْمَعَ ٱلَّذِى فِى قَلْبِهِۦ مَرَضٌ

وَقُلْنَ قَوْلًا مَّعْرُوفًا ﴿٣٢﴾

﴾32﴿ നബിയുടെ പത്നിമാരേ, നിങ്ങൾ ഭയഭക്തി (അഥവാ സൂക്ഷ്മത) കാണിക്കുന്ന പക്ഷം നിങ്ങൾ സ്ത്രീകളിൽപെട്ട (മറ്റ്) ഒരാളെപ്പോലെയുമല്ല, അതിനാൽ, നിങ്ങൾ വാക്കിൽ [സംസാരത്തിൽ] താഴ്മ കാണിക്കരുത്. (കാരണം) അപ്പോൾ ഹൃദയങ്ങളിൽ വല്ല രോഗവുമുള്ളവന് മോഹം തോന്നിയേക്കും.

നിങ്ങൾ മര്യാദപ്പെട്ട വാക്ക് പറഞ്ഞു കൊള്ളുകയും ചെയ്യണം.

يَا نِسَاءَ النَّبِيِّ ﴿32﴾ നബിയുടെ സ്ത്രീകളേ (പത്നിമാരേ) لَسْتُنَّ നിങ്ങളല്ല كَأَحَدٍ ഒരാളെപ്പോലെയും مِنَ النِّسَاءِ സ്തീകളിൽ നിന്നുള്ള إِنِ اتَّقَيْتُنَّ നിങ്ങൾ ഭയഭക്തി (സൂക്ഷ്മത) പാലിച്ചാൽ فَلَا تَخْضَعْنَ അതിനാൽ നിങ്ങൾ താഴ്മ കാണിക്കരുത് بِالْقَوْلِ വാക്കിൽ, സംസാരം കൊണ്ട് فَيَطْمَعَ അപ്പോൾ മോഹിക്കും الَّذِي യാതൊരുവൻ فِي قَلْبِهِ തന്റെ ഹൃദയത്തിലുണ്ട് مَرَضٌ (ഏതെങ്കിലും)രോഗം وَقُلْنَ നിങ്ങൾ പറയുകയും ചെയ്യുക قَوْلًا വാക്ക് مَعْرُوفًا മാര്യാദപ്പെട്ട, നല്ല, സദാചാരപ്രദമായ

ان اتقيتن (നിങ്ങൾ ഭയഭക്തി-അഥവാ സൂക്ഷ്മത- പാലിക്കുന്ന പക്ഷം) എന്ന വാക്ക് അതിന്റെ മുമ്പുള്ള വാക്യത്തോട് ചേർന്നതായും, അതിന്റെ പിന്നിലുള്ള വാചകത്തോട് ചേർന്നതായും വരാവുന്നതാണ്. മുൻ വാചകത്തോട് ബന്ധപ്പെട്ടതാണെന്ന് വെക്കുമ്പോൾ വാചകത്തിന്റെ സാരം ഇപ്രകാരമായിരിക്കും. നിങ്ങൾ ഭയഭക്തിയുള്ളവരാണെങ്കിൽ, നിങ്ങൾ മറ്റേത് സ്ത്രീകളെപ്പോലെയുമായിരിക്കയില്ല. - എല്ലാവരെക്കാളും ഉപരിയായ ഒരു സ്ഥാനം നിങ്ങൾക്കുണ്ട്. ആകയാൽ നിങ്ങൾ വാക്കിൽ താഴ്മ കാണിക്കരുത്.... പിന്നീടുള്ള വാചകത്തോട് ബന്ധപ്പെട്ടതാണ് ആ വാക്കെന്ന് വെക്കുമ്പോൾ ഇങ്ങിനെ സാരം വരും. നിങ്ങൾ മറ്റേതൊരു സ്ത്രിയെ പോലെയുമല്ല; നിങ്ങൾ ശരിക്ക് സൂക്ഷമത പാലിക്കുകയാണെങ്കിൽ വാക്കിൽ താഴ്മ കാണിക്കരുത്. ഈ രണ്ട് വിധത്തിലും ഇവിടെ അർത്ഥം കൽപിക്കപ്പെട്ടിട്ടുണ്ട്, ഓരോന്നിനും ചില ന്യായ വശങ്ങളുണ്ട് ഇവിടെ അത് വിസ്തരിച്ചു ദീർഘിപ്പിക്കേണ്ടതില്ല. ഏതായാലും മനുഷ്യന്റെ ശ്രേഷ്ഠതയുടെയും യോഗ്യതയുടെയും സാക്ഷാൽ മാനദണ്ഡം അല്ലാഹുവിന്റെയടുക്കൽ തക്‌വാ (ഭയഭക്തിയാകുന്ന സൂക്ഷ്മത), തന്നെ إن أكرمكم عند الله أتقاكم (നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ വെച്ച് ഏറ്റവും തക്‌വയുള്ളവനാണ്) എന്നത് പോലെയുള്ള ഖുർആൻ വാക്യങ്ങളിൽ നിന്ന് അത് സ്പഷ്ടമാണ്. തക്‌വയോടൊപ്പം മറ്റുതരത്തിലുള്ള വല്ല യോഗ്യതകളും ഉണ്ടെങ്കിൽ അത് പരിഗണിക്കപ്പെടുമെന്ന് മാത്രം. خيارهم في الجاهلية خيارهم في الإسلام إذا فقهوا (ജാഹിലിയ്യാ കാലത്ത് ഉത്തമൻമാരായുള്ളവർ ഇസ്‌ലാമിലും ഉത്തമൻമാരാണ്- അവർ കാര്യം ഗ്രഹിച്ചിട്ടുണ്ടെങ്കിൽ) (മു.) എന്ന ഹദീഥിൽ നിന്നും മറ്റും ഇത് മനസ്സിലാക്കാം.

അന്യപുരുഷൻമാരുമായി സംസാരിക്കുമ്പോൾ നബി ﷺ യുടെ ഭാര്യമാർ അനുവർത്തിക്കേണ്ട നയമാണ് ആയത്തിന്റെ അവസാനത്തെ ഭാഗം ചൂണ്ടിക്കാണിക്കുന്നത്. സംസാരത്തിൽ താഴ്മയും വിനയവും പ്രകടമാക്കരുത്., അതേസമയത്ത് മര്യാദയോടും സദാചാര നിഷ്ഠയോടും കൂടിയായിരിക്കയും വേണമെന്നത്രെ അത്. ജനങ്ങൾ കപടവിശ്വാസികളും സദാചാരമര്യാദകളിൽ വേണ്ടത്ര ശ്രദ്ധയില്ലാത്തവരും ഉണ്ടായിരിക്കും. മാത്രമല്ല നബി ﷺ യുടെ പത്നിമാരെക്കുറിച്ച് വല്ല ആരോപണങ്ങൾക്കും അവസരം ലഭിക്കുവാനാഗ്രഹിക്കുന്ന ചില കുബുദ്ധികളും അന്ന് മദീനയിലുണ്ടായിരുന്നു. ആഇശഃ (റ)യുടെ പേരിൽ അവർ നിർമിച്ചുണ്ടാക്കിയ അപരാധം പ്രസിദ്ധമാണല്ലോ. സ്ത്രീകൾ അന്യപുരുഷൻമാരോട് സംസാരിക്കുന്നത് വളരെ താഴ്മയോടും മാർദ്ദവത്തോടും കൂടിയാകുമ്പോൾ അതിന് ഒരു പ്രത്യേക ആകർഷകത്വമുണ്ടാവുക സ്വാഭാവികമാണ്. ചില സ്തീകളുടെ ശബ്ദം തന്നെ പ്രത്യേകം ആകർഷകമായെന്ന് വരും. ശ്രോതാവ് ദുർബല ഹൃദയനോ, അശുദ്ധ ഹൃദയനോ ആണെങ്കിൽ അവൻ ആ സംസാരം മൂലം അനാവശ്യ വിചാര വികാരങ്ങൾക്ക് വിധേയനായേക്കുകയും ചെയ്യും. അശുഭകരമായ ഇത്തരം സംഗതികൾക്ക് ഇടയാക്കരുതെന്നാണ് ഈ കൽപനയുടെ ഉദ്ദേശ്യം. ഈ സൂറത്ത് നബി ﷺ യുടെ പത്നിമാരെ അഭിമുഖീകരിച്ചു പ്രസ്താവിച്ചിട്ടുള്ള മിക്ക വിധികളും മുസ്‌ലിം സ്ത്രീകൾക്ക് എല്ലാം തന്നെ ബാധകമായതാണെന്ന് ഓർക്കേണ്ടതാകുന്നു.

وَقَرْنَ فِى بُيُوتِكُنَّ وَلَا تَبَرَّجْنَ تَبَرُّجَ ٱلْجَـٰهِلِيَّةِ ٱلْأُولَىٰ ۖ وَأَقِمْنَ ٱلصَّلَوٰةَ وَءَاتِينَ ٱلزَّكَوٰةَ وَأَطِعْنَ ٱللَّهَ وَرَسُولَهُۥٓ ۚ

﴿33﴾ നിങ്ങൾ നിങ്ങളുടെ വീടുകളിൽ അടങ്ങിയിരിക്കുകയും ചെയ്യുക. ആദ്യത്തെ 'ജാഹിലിയ്യത്തി'ന്റെ (അജ്ഞാനകാലത്തെ) സൗന്ദര്യ പ്രദർശനം (പോലെ) നിങ്ങൾ സൗന്ദര്യം പ്രദർശിപ്പിക്കുകയും അരുത്. നിങ്ങൾ നമസ്കാരം നില നിർത്തുകയും സക്കാത്ത് കൊടുക്കുകയും ചെയ്യണം. അല്ലാഹുവിനെയും, അവന്റെ റസൂലിനെയും അനുസരിക്കുകയും ചെയ്യുക.

إِنَّمَا يُرِيدُ ٱللَّهُ لِيُذْهِبَ عَنكُمُ ٱلرِّجْسَ أَهْلَ ٱلْبَيْتِ وَيُطَهِّرَكُمْ تَطْهِيرًا ﴿٣٣﴾

നിങ്ങളിൽ നിന്ന്- (പ്രവാചകന്റെ) വീട്ടുകാരേ-മാലിന്യം നീക്കിക്കളയുവാനും, നിങ്ങളെ ഒരു (നല്ല) ശുദ്ധീകരണം ശുദ്ധീകരിക്കുവാനും മാത്രമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്.

﴿33﴾ وَقَرْنَ നിങ്ങൾ അടങ്ങിയിരിക്കുകയും ചെയ്യുക فِي بُيُوتِكُنَّ നിങ്ങളുടെ വീടുകളിൽ وَلَا تَبَرَّجْنَ നിങ്ങൾ സൗന്ദര്യം പ്രദർശിപ്പിക്കരുത് تَبَرُّجَ الْجَاهِلِيَّةِ ജാഹിലിയ്യത്തിന്റെ സൗന്ദര്യം പ്രദർശിപ്പിക്കൽ الأُولَى ആദ്യത്തെ (മുമ്പത്തെ) وَأَقِمْنَ നിങ്ങൾ നിലനിറുത്തുകയും ചെയ്യുക الصَّلَاةَ നമസ്കാരം وَ آتِينَ നിങ്ങൾ കൊടുക്കുകയും ചെയ്യുക الزَّكَاةَ സക്കാത്ത് وَأَطِعْنَ നിങ്ങൾ അനുസരിക്കുകയും ചെയ്യുക اللهَ അല്ലാഹുവിനെ وَرَسُولَهُ അവന്റെ റസൂലിനേയും إِنَّمَا يُرِيدُ നിശ്ചയമായും ഉദ്ദേശിക്കുന്നുള്ളൂ اللهُ അല്ലാഹു لِيُذْهِبَ പോക്കുവാൻ, നീക്കികളയുവാൻ (മാത്രം) عَنكُمُ നിങ്ങളിൽ നിന്ന് الرِّجْسَ മാലിന്യം, വൃത്തികേട് أَهْلَ الْبَيْتِ വീട്ടുകാരേ وَيُطَهِّرَكُمْ നിങ്ങളെ ശുദ്ധിയാക്കുവാനും تَطْهِيرًا ഒരു ശുദ്ധിയാക്കൽ

ശരീരത്തിൽ മറക്കേണ്ടുന്ന ഭാഗം മുഴുവൻ മറക്കാതിരിക്കുക, ശരീരഭാഗങ്ങൾ പുറമെ കാണത്തക്ക ലോലമോ, നേർത്തതോ ആയ വസ്ത്രം ധരിക്കുക, ദേഹം മറച്ചിട്ടുണ്ടെങ്കിലും പുരുഷൻമാരെ ആകർഷിക്കുമാറുള്ള വേഷം അണിയുക, വശ്യമായ നിലയിലുള്ള സൗന്ദര്യ സാമഗ്രികൾ ഉപയോഗിക്കുക മുതലായതെല്ലാം സൗന്ദര്യ പ്രദർശനത്തിൽ (تبرج)ഉൾപ്പെടുന്നു. ഇസ്ലാമിന് മുമ്പുള്ള അജ്ഞാനകാലത്തിനും, അന്ന് നടപ്പിലുണ്ടായിരുന്ന ദുരാചാരങ്ങൾക്കും പറയപ്പെടുന്ന വാക്കാണ് ജാഹിലിയ്യത്ത് (جاهلية). മാലിന്യം (رجس)എന്ന്പറഞ്ഞതിൽ സ്ഥാനമാനങ്ങൾക്ക് ക്ഷതം ബാധിക്കുന്ന കാര്യങ്ങളും, പാപങ്ങളും ഉൾപ്പെടുന്നു.

ജാഹിലിയ്യത്തിലെ സ്ത്രീകളെപ്പോലെയുള്ള വേഷ സംവിധാനങ്ങളും, സൗന്ദര്യ പ്രകടനങ്ങളും, പുരുഷ സമ്പർക്കങ്ങളും നബി ﷺ യുടെ പത്നിമാരായ നിങ്ങൾക്ക് ഒരിക്കലും

യോജിച്ചതല്ല. അതെല്ലാം നിങ്ങൾ വർജ്ജിക്കണം, നിങ്ങൾ നിങ്ങളുടെ വീടുകളിൽ അടങ്ങിയിരുന്നു നിങ്ങളുടെ അന്തസ്സും മാന്യതയും പാലിക്കണം എന്നൊക്കെയാണ് അല്ലാഹു അവരെ ഉപദേശിക്കുന്നത്. അച്ചടക്ക സംബന്ധമായ നിർദ്ദേശങ്ങളെ തുടർന്നുകൊണ്ട് നമസ്കാരത്തെപറ്റിയും സക്കാത്തിനെ പറ്റിയും ഓർമിപ്പിക്കുന്നു. അവസാനം ഇതിനെല്ലാം നിദാനമായി നിലകൊള്ളുന്ന ഒരു കാര്യം-അതെ, എല്ലാ വിഷയത്തിലും അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കണമെന്ന്- കൽപിക്കുന്നു. ഇത്രയും വ്യക്തമായും ശക്തമായും ഉപദേശിക്കുന്നത് യാതൊരു വിധത്തിലും നിങ്ങളെ വിഷമിപ്പിക്കുവാൻ വേണ്ടിയല്ല. നേരെമറിച്ച് പ്രവാചകന്റെ വീട്ടുകാരായ നിങ്ങൾ എല്ലാ നിലക്കും മറ്റേത് സ്ത്രീകളെക്കാളും പരിശുദ്ധരും നിർമലരുമായിരിക്കേണ്ടതുണ്ട്. അതിന് വേണ്ടി മാത്രമാണ് എന്ന് സമാശ്വസിപ്പിക്കുകയും ചെയ്യുന്നു.

നബി ﷺ പ്രസ്താവിച്ചതായി ഒരു ഹദീഥിൽ ഇപ്രകാരം വന്നിട്ടുണ്ട്.-

ان المرأة عورة فإذا خرجت من بيتها إستشرفها الشيطان وأقرب ما تكون من رحمة ربها وهى فى و قربيتها

-الترمدى والبزار

(സാരം. നിശ്ചയമായും സ്ത്രീ ഗോപ്യമായി വെക്കപ്പെടേണ്ടവളാണ്. അവൾ അവളുടെ വീട്ടിൽ നിന്ന് പുറത്തിറങ്ങിയാൽ പിശാച് അവളെ വെളിക്ക് വരുത്താൻ ശ്രമിക്കും. അവളുടെ റബ്ബിന്റെ കാരുണ്യത്തോട് അവൾ കൂടുതൽ അടുത്തവളായിരിക്കുക അവൾ അവളുടെ വീടിനുള്ളിലായിരിക്കുമ്പോഴാണ്). (തി, ബസ്സാർ)

സ്ത്രീകൾ വീട്ടിൽ അടങ്ങിയിരിക്കണമെന്ന് പറഞ്ഞതുകൊണ്ട് അവൾ ഒരിക്കലും, ഒരു കാര്യത്തിനും പുറത്തിറങ്ങിക്കൂടാ എന്നുദ്ദേശ്യമില്ല. നബി ﷺയുടെ കാലത്ത് സ്ത്രീകൾ പള്ളിയിൽ നമസ്കാരത്തിനും ജുമുഅഃക്കും പോയിരുന്നതും, യുദ്ധയാത്രകളിൽ പുരുഷൻമാരെ അനുഗമിച്ചിരുന്നതും മറ്റും പ്രസിദ്ധമാണ്. സ്ത്രീകൾ പള്ളിയിൽ പോകുന്നത് തടയരുതെന്നും പെരുന്നാളിന്റെ പ്രാർത്ഥനായോഗത്തിൽ അവരെ പങ്കെടുപ്പിക്കണമെന്നുമുള്ള നബിവചനങ്ങളും പ്രസ്താവ്യമത്രെ. ചുരുക്കത്തിൽ, അത്യാവശ്യ കാര്യങ്ങൾക്കല്ലാതെ പുറത്തിറങ്ങുക, അടുത്തബന്ധുക്കളോട് കൂടിയല്ലാതെ യാത്രചെയ്യുക, അന്യപുരുഷൻമാരുമായി സമ്പർക്കത്തിന്നിടയാകുന്ന രംഗങ്ങളിൽ പങ്കെടുക്കുക ഇതൊക്കെയാണ് വിലക്കപ്പെട്ടിരിക്കുന്നത്.

'വീട്ടുകാരേ' (أهل البيت) എന്ന് സംബോധന ചെയ്തത് നബി ﷺയുടെ വീട്ടുകാരെ ഉദ്ദേശിച്ചാണല്ലോ. നബി ﷺയുടെ പത്നിമാരെല്ലാവരും അതിൽ ഉൾപ്പെടുമെന്ന് വ്യക്തമാണ്. തിരുമേനിയുമായി അടുത്ത കുടുംബബന്ധമുള്ളവരും, അവിടുത്തോടൊന്നിച്ച് താമസിച്ച് വരുന്നവരുമായ ആളുകളും 'വീട്ടുകാരിൽ ('അഹ്ലുൽ ബൈത്തി'ൽ) ഉൾപ്പെടും. തിരുമേനി ഒരിക്കൽ, പ്രിയപുത്രിയായ ഫാത്വിമഃ (റ), അവരുടെ മക്കളായ ഹസൻ (റ), ഹുസൈൻ (റ), ഭർത്താവായ അലി (റ) എന്നിവരെയെല്ലാം ചേർത്തുകൊണ്ട് 'എന്റെ വീട്ടുകാർ' (أهل بيتى) എന്ന് പ്രസ്താവിച്ചത് അതുകൊണ്ടാകുന്നു. മേൽ വചനങ്ങളിൽ പലേടത്തും നബി ﷺ യുടെ പത്നിമാരെ അഭിമുഖീകരിച്ചുകൊണ്ട് ഉപയോഗിച്ച സാമാന്യനാമം (ضمير) സ്ത്രീലിംഗം (كن) ആയിരുന്നു. അതേസമയത്ത് ഇവിടെ 'അഹ്ലുൽ ബൈത്തി'നെ സംബോധനചെയ്തുകൊണ്ട് ഉപയോഗിച്ച സർവ്വനാമം പുല്ലിംഗം (كم) ആകുന്നുവെന്നത് ശ്രദ്ധേയമാണ്. ഈ വാക്കിനെക്കുറിച്ചും, ഇതിന്റെപേരിൽ ഉണ്ടായിട്ടുള്ള പല തെറ്റിദ്ധാരണകളെക്കുറിച്ചും സൂ: ശൂറാ 23ന്റെ വിശദീകരണത്തിൽ കൂടുതൽ വിവരം കാണാം. إِنْ شَاءَ الله

നബി ﷺ യുടെ പത്നിമാരോട് വീട്ടിൽ അടങ്ങിയിരിക്കുവാനും മറ്റും ഉപദേശിച്ചശേ

ഷം, അവർ വീട്ടിൽ വെച്ച് നിത്യേന ശ്രദ്ധ പതിക്കേണ്ടതുള്ളതും, ഇതരവീടുകളിൽവെച്ച് ലഭിക്കാറില്ലാത്തതുമായ ചില കാര്യങ്ങൾ ഓർമിപ്പിക്കുന്നു:-

وَٱذْكُرْنَ مَا يُتْلَىٰ فِى بُيُوتِكُنَّ مِنْ ءَايَٰتِ ٱللَّهِ وَٱلْحِكْمَةِ ۚ إِنَّ ٱللَّهَ كَانَ لَطِيفًا خَبِيرًا ﴿٣٤﴾

《34》 അല്ലാഹുവിന്റെ 'ആയത്തുക'ളായും വിജ്ഞാനമായും നിങ്ങളുടെ വീടുകളിൽവെച്ച് ഓതിക്കേൾപ്പിക്കപ്പെടുന്നതിനെ നിങ്ങൾ ഓർമിക്കുകയും ചെയ്യുവിൻ. നിശ്ചയമായും അല്ലാഹു നിഗൂഢജ്ഞനുള്ളവനും സൂക്ഷ്മജ്ഞനുള്ളവനുമാകുന്നു.

《34》 وَاذْكُرْنَ നിങ്ങൾ ഓർക്കുകയും ചെയ്യുക, സ്മരിക്കുക مَايُتْلَى ഓതിക്കേൾപ്പിക്കപ്പെടുന്നത്, പാരായണം ചെയ്യപ്പെടുന്നത് فِي بُيُوتِكُنَّ നിങ്ങളുടെ വീടുകളിൽ مِنْ آيَاتِ اللهِ അല്ലാഹുവിന്റെ ആയത്തുകളായി وَالْحِكْمَةِ വിജ്ഞാനമായും إِنَّ اللهَ നിശ്ചയമായും അല്ലാഹു كَانَ ആകുന്നു لَطِيفًا നിഗൂഢജ്ഞൻ, സൗമ്യശീലൻ خَبِيرًا സൂക്ഷ്മജ്ഞൻ

ക്വുർആൻ വചനങ്ങളും, അല്ലാത്തവയുമായ ദൈവിക സന്ദേശങ്ങൾ (വഹ്‌യുകൾ) നബി ﷺ ക്ക് സാധാരണ ലഭിച്ചുകൊണ്ടിരിക്കും. നബി ﷺ അപ്പപ്പോൾ അവ പ്രബോധനം ചെയ്യുകയും, മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കുകയും ചെയ്യും. തിരുമേനിയുടെ തിരുവായിൽനിന്ന് നിത്യേന പുറത്തുവരുന്ന വിജ്ഞാനമൊഴികൾ ഇതിന് പുറമെയും. ഇതെല്ലാം മിക്കപ്പോഴും അവിടുത്തെ വാസസ്ഥലങ്ങളിൽ വെച്ചാണല്ലോ സംഭവിക്കുന്നത്. അവ കാണുവാനും, കേൾക്കുവാനും, ഗ്രഹിക്കുവാനും, മറ്റുള്ളവർക്ക് പഠിപ്പിക്കുവാനും നബി ﷺ യുടെ പത്നിമാരെക്കാളധികം മറ്റാർക്കാണ് ഭാഗ്യം ലഭിക്കുക?! ഇക്കാര്യം പ്രത്യേകം ഓർമിക്കണമെന്നത്രെ ഈ വചനം അവരെ ഉണർത്തുന്നത്. സത്യവിശ്വാസികളുടെ മാതാക്കളും, മാതൃകാവനിതകളുമായ അവർ അതിന് കൂടുതൽ ബാധ്യതയുള്ളവരുമാണല്ലോ. ഹൃദയത്തിൽ വക്രതയോ രോഗമോ ഉള്ള ചില മുസ്‌ലിംനാമധാരികളും, ഇസ്‌ലാമിന്റെ വിരോധികളും എന്ത്തന്നെ പറഞ്ഞാലും ശരി, ഈ ബാധ്യത മുസ്‌ലിംകളുടെ മാതാക്കളായ അവർ തികച്ചും നിറവേറ്റുകയുണ്ടായിട്ടുണ്ടെന്നതിൽ നമുക്ക് സംശയമില്ല. الحمد لله

വിശുദ്ധ ക്വുർആന് പുറമെ, ജനങ്ങളിൽ പ്രബോധനം ചെയ്യേണ്ടുന്ന വേറെ ദൈവിക സന്ദേശങ്ങളൊന്നും നബി ﷺ ക്ക് ലഭിക്കുകയുണ്ടായിട്ടില്ല- അഥവാ 'രിസാലത്തിന്റെ വഹ്‌യാ' (وحى الرسالة)കുന്ന ദിവ്യസന്ദേശം ക്വുർആൻ മാത്രമാണുള്ളത്- എന്നും, ക്വുർആനല്ലാതെ നബി ﷺ ക്ക് സിദ്ധിച്ചിട്ടുള്ള എല്ലാ വഹ്‌യുകളും കേവലം 'ഇൽഹാം' (അന്തർബോധനം) വഴി മാത്രം ലഭിച്ചതാണ്-അഥവാ മലക്ക് മുഖേനെ ലഭിച്ച വഹ്‌യ് ക്വുർആൻ മാത്രമേയുള്ളൂ- എന്നും, 'ഇൽഹാം' വഴി ലഭിക്കുന്ന വഹ്‌യുകളിൽ തെറ്റായതും, ശരിയായതും ഉണ്ടാവാമെന്നും, അവയൊന്നുംതന്നെ തിരുമേനിയുടെ ദൗത്യസന്ദേശങ്ങളിൽ ഉൾപ്പെടുന്നവയല്ലെന്നും മറ്റും ഇപ്പോൾ ചില പുത്തൻവാദങ്ങൾ കേൾക്കുവാൻ തുടങ്ങിയിട്ടുണ്ട്. (*)

ഇത് തികച്ചും തെറ്റായ വാദമാണെന്ന് ഈ ആയത്തിൽനിന്നും മറ്റുചില ആയത്തുക ളിൽനിന്നും വ്യക്തമായി മനസ്സിലാക്കാവുന്നതാണ്.

നബി ﷺ യുടെ വീട്ടിൽവെച്ച് ജനങ്ങളെ കേൾപ്പിക്കുന്നത് അല്ലാഹുവിന്റെ ആയത്തുകൾ മാത്രമല്ല; വിജ്ഞാനമാകുന്ന 'ഹിക്മത്തും' അവരെ കേൾപ്പിക്കേണ്ടതായുണ്ട്. ما يتلى فى بيوتكن من ايات الله والحكمة (അല്ലാഹുവിന്റെ 'ആയത്തു'കളിൽ നിന്നും 'ഹിക്മത്തി'ൽ നിന്നും നിങ്ങളുടെ വീടുകളിൽ പാരായണം ചെയ്യപ്പെടുന്നത്) എന്നാണല്ലോ അല്ലാഹു പറഞ്ഞത്. സൂ: നിസാഉ് 112 ൽ, നബി ﷺ യോട്: وانزل الله عليك الكتاب والحكمة (അല്ലാഹു നിനക്ക് കിത്താബും ഹിക്മത്തും ഇറക്കിത്തന്നിരിക്കുന്നു) എന്നും, സൂ: ബക്വറഃ 231 ൽ, സത്യ വിശ്വാസികളോട്: وما انزل عليكم من الكتاب والحكمة يعظكم به (വേദഗ്രന്ഥത്തിൽനിന്നും, ഹിക്മ ത്തിൽനിന്നും നിങ്ങൾക്ക് അവൻ- അല്ലാഹു- ഇറക്കിത്തന്നിട്ടുള്ളതും ഓർക്കുവിൻ. അത്മുഖേന അവൻ നിങ്ങൾക്ക് സദുപദേശം നൽകുന്നു.) എന്ന് പറയുന്നു. അപ്പോൾ:

(1) പാരായണത്തിലും, സദുപദേശത്തിലും അല്ലാഹുവിന്റെ ആയത്തുകൾക്ക് പുറമെ 'ഹിക്മത്തി'നും പങ്കുണ്ടെന്നും,

(2) നബി തിരുമേനി ﷺ ക്ക് വേദഗ്രന്ഥം -ക്വുർആൻ- മാത്രമല്ല, അതിന് പുറമെ 'ഹിക്മത്തും' അല്ലാഹു അവതരിപ്പിച്ചിട്ടുണ്ടെന്നും

(3) സത്യവിശ്വാസികൾ വേദഗ്രന്ഥത്തിന് പുറമെ 'ഹിക്മത്തും' സ്വീകരിക്കേണ്ടതുണ്ടെന്നും സ്പഷ്ടമാണല്ലോ. എനി, ക്വുർആനാകുന്ന വേദഗ്രന്ഥമോ, ദൃഷ്ടാന്തങ്ങളും ലക്ഷ്യങ്ങളു മാകുന്ന ആയത്തുകളോ അല്ലാത്ത മറ്റ് വല്ലതും നബി ﷺ ജനങ്ങളിൽ പ്രബോധനം ചെയ്യേ ണ്ടതുണ്ടോ എന്നാണ് നമുക്ക് അറിയാനുള്ളത്.

സൂ: മാഇദഃ 71 ൽ يا أيها الرسول بلغ ما أنزل إليك من ربك وإن لم تفعل فما بلغت رسالته (ഹേ, റസൂലേ, നിന്റെ റബ്ബിങ്കൽനിന്ന് നിനക്ക് ഇറക്കപ്പെട്ടതിനെ നീ എത്തിച്ചു- പ്രബോധനം ചെയ്തു- കൊടുക്കുക. നീ അത് ചെയ്തില്ലെങ്കിൽ നീ അവന്റെ 'രിസാലത്ത്' - ദൗത്യം- എത്തിച്ചുകൊടുത്തിട്ടില്ല.) എന്ന് അല്ലാഹു പറയുന്നു. നബി ﷺ ക്ക് ഇറക്കപ്പെട്ട തിൽ വേദഗ്രന്ഥം ഒറ്റക്കല്ല ഉള്ളതെന്നും, ഹിക്മത്തും കൂടി ഉണ്ടെന്നും നാം കണ്ടുവല്ലോ. എന്നി രിക്കെ, ക്വുർആനും, ഹിക്മത്തും പ്രബോധനം ചെയ്തെങ്കിലേ തിരുമേനിയുടെ രിസാല ത്താകുന്ന ദൗത്യനിർവ്വഹണം പൂർത്തിയാകുകയുള്ളൂവെന്നും ഈ ആയത്തിൽനിന്ന് വ്യക്ത മാണ്.

സൂ: ജുമുഅഃയിലെ ഒരു ആയത്തിൽ നബി ﷺ യുടെ കർത്തവ്യങ്ങളെക്കുറിച്ച് അല്ലാഹു പറഞ്ഞത് നോക്കുക: يتلو عليهم اياته ويزكيهم ويعلمهم الكتاب والحكمة-الجمعة (അവർക്ക് തന്റെ- അല്ലാ ഹുവിന്റെ -ആയത്തുകൾ ഓതിക്കൊടുക്കുകയും, അവർക്ക് സംസ്കാരം- ആത്മപരിശുദ്ധി- ഉണ്ടാക്കുകയും, അവർക്ക് വേദഗ്രന്ഥവും ഹിക്മത്തും പഠിപ്പിക്കുകയും ചെയ്യുന്ന ഒരു റസൂ ലിനെ അവരിൽനിന്ന് അവൻ നിയോഗിച്ചു) വേദഗ്രന്ഥത്തെപ്പോലെത്തന്നെ നബി ﷺ ഹി ക്മത്തും പഠിപ്പിക്കേണ്ടതുണ്ടെന്ന് ഈ വചനം കൂടുതൽ സ്പഷ്ടമാക്കുന്നു. 'ഹിക്മത്ത്'

(*) ഇസ്‌ലാമിലെ അംഗീകൃത പ്രമാണങ്ങൾ, മൗലികസിദ്ധാന്തങ്ങൾ, അനുഷ്ഠാ നകർമങ്ങൾ, നിയമങ്ങൾ ആദിയായ തുറകളിൽ, ഇന്നത്തെ ഭൗതിക താൽപര്യങ്ങളു മായി പൊരുത്തപ്പെടാത്ത വശങ്ങളെല്ലാം നീക്കം ചെയ്യപ്പെട്ടുകാണുവാനും, ബഹുജന ങ്ങളിൽ ആശയക്കുഴപ്പമുണ്ടാക്കി ഇസ്‌ലാമിൽനിന്ന് അവർ സ്വയം അകന്നുപോകുവാനും വേണ്ടി ആസൂത്രണം ചെയ്യപ്പെട്ട ഒരു പരിപാടിയുടെ പല ഇനങ്ങളിൽ ഒന്നുമാത്രമാണ് ഈ വാദം. തൽകർത്താക്കളുടെ പുത്തൻ യുക്തിവാദങ്ങൾ മുഴുവൻ രൂപംകൊണ്ട് കഴി ഞ്ഞിട്ടില്ലെങ്കിലും, മതബോധവും ദീർഘദൃഷ്ടിയും ഉള്ളവർക്ക് അവരുടെ ലക്ഷ്യവും മാർഗവും അജ്ഞാതമല്ല.

എന്നാൽ 'വിജ്ഞാനം, യുക്തി, തത്വജ്ഞാനം' എന്നൊക്കെയാണ് വാക്കർത്ഥം. നബി ﷺ യിൽ നിന്ന് ഖുർആന് പുറമെ ലഭിക്കുന്ന എല്ലാ ജ്ഞാനങ്ങളും ഹിക്മത്തിൽ ഉൾപ്പെടുന്നു. തിരുമേനിയുടെ ചര്യകളും വചനങ്ങളുമാകുന്ന സുന്നത്താണ് അതുകൊണ്ട് വിവക്ഷ.

വിഭാഗം - 5

നബി ﷺ യുടെ പത്നിമാരെ സംബന്ധിച്ച് പലതും പ്രസ്താവിച്ചശേഷം, മൊത്തത്തിൽ പുരുഷൻമാരെയും സ്ത്രീകളെയും സംബന്ധിച്ചാണ് അടുത്ത വചനത്തിൽ പ്രസ്താവിക്കുന്നത്. ഇതുവരെയുള്ള വചനങ്ങൾ കേൾക്കുമ്പോൾ, നബി ﷺ യുടെ പത്നിമാരല്ലാത്ത സ്ത്രീകൾക്ക് തങ്ങളെപ്പറ്റിയും ഖുർആനിൽ പ്രസ്താവിച്ചുകാണുവാൻ ആഗ്രഹമുണ്ടാകുമല്ലോ. മാത്രമല്ല, ഖുർആന്റെ പല പ്രസ്താവനകളും പ്രത്യക്ഷത്തിൽ പുരുഷൻമാരെ അഭിമുഖീകരിച്ചായിരിക്കും കാണുക. ആ നിലക്കും മുസ്ലിം സ്ത്രീകൾക്ക് അങ്ങനെ ആഗ്രഹം തോന്നുവാൻ ഇടയുണ്ട്. ചില സ്ത്രീകൾ ഇതിനെപ്പറ്റി നബി ﷺ യോട് ചോദിക്കുകതന്നെ ചെയ്തിരുന്നു. 'അൻസ്വാരി'ക്കാരിയായ ഉമ്മുഅമ്മാറഃ (أم عمارة رضـ)യും നബി ﷺ യുടെ പത്നി ഉമ്മുസലമഃ (أم سلمة رضـ)യും നബി ﷺ യോട് ഇതിനെപ്പറ്റി ചോദിക്കുകയുണ്ടായെന്നും, അനന്തരം താഴെ കാണുന്ന വചനം അവതരിച്ചുവെന്നും ഹദീഥുകളിൽ കാണാം. (*) അല്ലാഹു പറയുന്നു:

إِنَّ ٱلْمُسْلِمِينَ وَٱلْمُسْلِمَـٰتِ وَٱلْمُؤْمِنِينَ وَٱلْمُؤْمِنَـٰتِ وَٱلْقَـٰنِتِينَ وَٱلْقَـٰنِتَـٰتِ وَٱلصَّـٰدِقِينَ وَٱلصَّـٰدِقَـٰتِ وَٱلصَّـٰبِرِينَ وَٱلصَّـٰبِرَٰتِ وَٱلْخَـٰشِعِينَ وَٱلْخَـٰشِعَـٰتِ وَٱلْمُتَصَدِّقِينَ وَٱلْمُتَصَدِّقَـٰتِ وَٱلصَّـٰٓئِمِينَ وَٱلصَّـٰٓئِمَـٰتِ وَٱلْحَـٰفِظِينَ فُرُوجَهُمْ وَٱلْحَـٰفِظَـٰتِ

﴾35﴿ നിശ്ചയമായും, 'മുസ്ലിം'കളായ [കീഴൊതുക്കമുള്ള] പുരുഷൻമാരും സ്ത്രീകളും, 'മുഅ്മിനു'കളായ [സത്യവിശ്വാസികളായ] പുരുഷൻമാരും സ്ത്രീകളും, ഭക്തൻമാരായ പുരുഷൻമാരും സ്ത്രീകളും, സത്യവാൻമാരായ പുരുഷൻമാരും സ്ത്രീകളും, ക്ഷമാശീലരായ പുരുഷൻമാരും സ്ത്രീകളും, ഭയപ്പാടുള്ള പുരുഷൻമാരും സ്ത്രീകളും, ദാനധർമം ചെയ്യുന്ന പുരുഷൻമാരും സ്ത്രീകളും, നോമ്പനുഷ്ഠിക്കുന്ന പുരുഷൻമാരും സ്ത്രീകളും, തങ്ങളുടെ ഗുഹ്യസ്ഥാനങ്ങളെ കാത്തുസൂക്ഷിക്കുന്ന പുരുഷൻമാരും സ്ത്രീകളും,

---

(*) رواه الطبراني عن أم عمارة وأحمد والنسائى عن أم سلمة رضي الله عنهما

وَٱلذَّٰكِرِينَ ٱللَّهَ كَثِيرًا وَٱلذَّٰكِرَٰتِ أَعَدَّ ٱللَّهُ لَهُم مَّغْفِرَةً وَأَجْرًا عَظِيمًا ﴿٣٥﴾

അല്ലാഹുവിനെ ധാരാളം ഓർമിക്കുന്ന പുരുഷൻമാരും സ്ത്രീകളും, ഇവർക്ക് (എല്ലാവർക്കും) അല്ലാഹു പാപമോചനവും, മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിരിക്കുന്നു.

﴾35﴿ إِنَّ الْمُسْلِمِينَ നിശ്ചയമായും മുസ്‌ലിം (കീഴൊതുക്കമുള്ള) പുരുഷൻമാർ وَ الْمُسْلِمَاتِ മുസ്‌ലിം സ്ത്രീകളും وَ الْمُؤْمِنِينَ മുഅ്മിനു (സത്യവിശ്വാസി)കളായ പുരുഷൻമാരും وَ الْمُؤْمِنَاتِ മുഅ്മിനുകളായ സ്ത്രീകളും وَ الْقَانِتِينَ ഭക്തൻമാരും وَ الْقَانِتَاتِ ഭക്തരായ സ്ത്രീകളും وَ الصَّادِقِينَ സത്യവാൻമാരും وَ الصَّادِقَاتِ സത്യവതികളും وَ الصَّابِرِينَ ക്ഷമാശീലൻമാരും, സഹനശീലൻമാരും وَ الصَّابِرَاتِ ക്ഷമാശീലരായ സ്ത്രീകളും وَ الْخَاشِعِينَ ഭയപ്പാടുള്ള പുരുഷൻമാരും وَ الْخَاشِعَاتِ ഭയപ്പാടുള്ള സ്ത്രീകളും وَ الْمُتَصَدِّقِينَ ദാനധർമം കൊടുക്കുന്ന പുരുഷൻമാരും وَ الْمُتَصَدِّقَاتِ ദാനധർമം ചെയ്യുന്ന സ്ത്രീകളും وَ الصَّائِمِينَ നോമ്പനുഷ്ഠിക്കുന്ന പുരുഷൻമാരും وَ الصَّائِمَاتِ നോമ്പനുഷ്ഠിക്കുന്ന സ്ത്രീകളും وَ الْحَافِظِينَ കാക്കുന്ന (സൂക്ഷിക്കുന്ന) പുരുഷൻമാരും فُرُوجَهُمْ തങ്ങളുടെ ഗുഹ്യസ്ഥാനങ്ങളെ وَ الْحَافِظَاتِ സൂക്ഷിക്കുന്ന സ്ത്രീകളും وَ الذَّاكِرِينَ اللهَ അല്ലാഹുവിനെ ഓർക്കുന്ന പുരുഷൻമാരും كَثِيرًا ധാരാളം, വളരെ وَ الذَّاكِرَاتِ ഓർക്കുന്ന സ്ത്രീകളും أَعَدَّ اللهُ അല്ലാഹു ഒരുക്കിയിരിക്കുന്നു لَهُمْ അവർക്ക് مَغْفِرَةً പാപമോചനം وَ أَجْرًا പ്രതിഫലവും عَظِيمًا വമ്പിച്ച, മഹത്തായ

മേൽ പ്രസ്താവിച്ച സൽഗുണങ്ങളുള്ള ആളുകൾ ആരാവട്ടെ- പുരുഷനായാലും സ്ത്രീയായാലും ശരി- അവർക്ക് അല്ലാഹു പൊറുത്തുകൊടുക്കുകയും വമ്പിച്ച പ്രതിഫലങ്ങൾ നൽകുകയും ചെയ്യും. പിന്നീട് നൽകുമെന്നുമാത്രമല്ല, അത് ഇപ്പോൾതന്നെ തയ്യാറാക്കി വെച്ചുകഴിഞ്ഞിരിക്കുകയാണെന്ന് കൂടി അല്ലാഹു സന്തോഷവാർത്ത അറിയിക്കുന്നു. അല്ലാഹുവിനെ സദാ ഓർക്കുകയും, ആകാശഭൂമികളുടെ സൃഷ്ടിപ്പിനെക്കുറിച്ച് ചിന്തിക്കുകയും അതിനെത്തുടർന്ന് തങ്ങളുടെ നന്മക്കുവേണ്ടി ഹൃദയംഗമമായ പ്രാർത്ഥനകൾ നടത്തുകയും ചെയ്യുന്ന ബുദ്ധിമാന്മാരെക്കുറിച്ച് അല്ലാഹു പറയുന്നു: فَٱسْتَجَابَ لَهُمْ رَبُّهُمْ أَنِّي لَآ أُضِيعُ عَمَلَ عَامِلٍ مِّنكُم مِّن ذَكَرٍ أَوْ أُنثَىٰ -آل عمران:١٩٥ (അപ്പോൾ അവരുടെ റബ്ബ് അവർക്ക് മറുപടി നൽകുന്നതാണ്: ആണാവട്ടെ, പെണ്ണാവട്ടെ നിങ്ങളിൽനിന്ന് കർമം ചെയ്ത ഒരാളുടെ കർമവും ഞാൻ പാഴാക്കുകയില്ല എന്ന്. (ആലുഇംറാൻ: 195)

ഇസ്‌ലാമിനെ പ്രാവർത്തികമാക്കുകവഴി അല്ലാഹുവിന് കീഴ്പ്പെട്ടു അനുസരണം കാണിക്കുന്നവൻ എന്നത്രെ 'മുസ്‌ലിം' (مسلم) എന്ന വാക്കിന്റെ വിവക്ഷ. മനഃപൂർവം സത്യവിശ്വാസം സ്വീകരിച്ചവൻ എന്നാണ് 'മുഅ്മിൻ' എന്ന വാക്കിന്റെ താൽപര്യം. ചിലപ്പോൾ ഈ വാക്കുകൾ (ഇസ്‌ലാം -ഈമാൻ എന്നിവയും, മുസ്‌ലിം -മുഅ്മിൻ എന്നിവയും) ഒരേ ഉദ്ദേശ്യത്തിലും ഉപയോഗിക്കാറുണ്ട്. ഇസ്‌ലാമില്ലാത്ത ഈമാൻകൊണ്ട് പ്രയോജനമില്ല;

ഈമാനില്ലാത്ത ഇസ്‌ലാംകൊണ്ടും പ്രയോജനമില്ല. അഥവാ ശരിയായ ഈമാനുണ്ടെങ്കിൽ ഇസ്‌ലാം ഉണ്ടാകാതിരിക്കുവാൻ നിവൃത്തിയില്ല. യഥാർത്ഥ മുസ്‌ലിം മുഅ്മിനല്ലാതാകുവാനും തരമില്ല. ഇതാണതിന് കാരണം. ചുരുക്കത്തിൽ രണ്ട് വാക്കിന്റെയും സാക്ഷാൽ വിവക്ഷ വ്യത്യസ്തങ്ങളാണെങ്കിലും, പ്രായോഗികമായി നോക്കുമ്പോൾ അവ പരസ്പരം വേറിട്ടുനിൽക്കുവാൻ നിർവ്വാഹമില്ലാത്തതാകുന്നു. യഥാർത്ഥത്തിലുള്ള ഈമാൻ ഹൃദയത്തിൽ സ്ഥലം പിടിക്കാതെ ബാഹ്യത്തിൽ ഇസ്‌ലാമിലെ അനുഷ്ഠാനങ്ങൾ സ്വീകരിച്ചുവരുന്നവരെ 'മുനാഫിക്വു'കൾ (കപടവിശ്വാസികൾ) എന്ന് തരംതിരിക്കുന്നത് ഇത്കൊണ്ടാകുന്നു. അല്ലാഹുവിന്റെ പക്കൽനിന്നുള്ള പാപമോചനത്തിന്നും, മഹത്തായ പ്രതിഫലത്തിനും, എല്ലാ പുരുഷൻമാരും സ്ത്രീകളും അർഹരായിത്തീരുന്നതിനും ആവശ്യമായ പത്ത് ഗുണങ്ങൾ ഈ വചനത്തിൽ പ്രസ്താവിച്ചിട്ടുള്ളത് ശ്രദ്ധിക്കുക.

وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى ٱللَّهُ وَرَسُولُهُۥٓ أَمْرًا أَن يَكُونَ لَهُمُ ٱلْخِيَرَةُ مِنْ أَمْرِهِمْ ۗ وَمَن يَعْصِ ٱللَّهَ وَرَسُولَهُۥ فَقَدْ ضَلَّ ضَلَٰلًا مُّبِينًا ﴿٣٦﴾

《36》 സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ, സ്ത്രീക്കാകട്ടെ- അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യം തീരുമാനിച്ചാൽ -തങ്ങളുടെ കാര്യത്തെക്കുറിച്ച് അവർക്ക് (വേറൊരു) തിരഞ്ഞെടുപ്പ് [അഭിപ്രായം] ഉണ്ടായിരിക്കുവാൻ പാടില്ല. അല്ലാഹുവിനോടും, അവന്റെ റസൂലിനോടും ആർ അനുസരണക്കേട് കാണിക്കുന്നുവോ അവൻ, തീർച്ചയായും വ്യക്തമായ വഴിപിഴവ് പിഴച്ചുപോയിരിക്കുന്നു!

《36》 وَمَا كَانَ لِمُؤْمِنٍ ഒരു സത്യവിശ്വാസിക്കും പാടില്ല, ആകാവതല്ല وَلَا مُؤْمِنَةٍ സത്യവിശ്വാസിനിയായ സ്ത്രീക്കും ഇല്ല إِذَا قَضَى തീരുമാനിച്ചാൽ, വിധി നടത്തിയാൽ اللهُ وَرَسُولُهُ അല്ലാഹുവും അവന്റെ റസൂലും (ദൂതനും) أَمْرًا ഒരു കാര്യം أَن يَكُونَ ഉണ്ടായിരിക്കൽ لَهُمُ അവർക്ക് الْخِيَرَةُ തിരഞ്ഞെടുക്കൽ (അഭിപ്രായം) مِنْ أَمْرِهِمْ അവരുടെ കാര്യത്തെക്കുറിച്ച് وَمَن يَعْصِ ആരെങ്കിലും അനുസരണക്കേട് കാണിച്ചാൽ, എതിര് പ്രവർത്തിച്ചാൽ اللهَ وَرَسُولَهُ അല്ലാഹുവിനോടും അവന്റെ റസൂലിനോടും فَقَدْ ضَلَّ എന്നാൽ തീർച്ചയായും അവൻ പിഴച്ചു ضَلَالًا مُبِينًا വ്യക്തമായ വഴിപിഴവ്

ഇസ്‌ലാമിന്റെ ഒരു അടിസ്ഥാന നിയമമാണിത്: അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ ഒരു വിധി പറഞ്ഞുകഴിഞ്ഞാൽ അതിൽനിന്ന് വ്യത്യസ്തമായ ഒരഭിപ്രായം ഉണ്ടായിരിക്കുവാൻ സത്യവിശ്വാസിയായ ഒരാൾക്കും പാടില്ല. അല്ലാഹു വിധിച്ചതിനെതിരായി അല്ലാഹുവിന്റെ റസൂൽ ഒരിക്കലും വിധിക്കയില്ല. റസൂൽ കൽപിക്കുന്ന വിധികളാകട്ടെ, വാസ്തവത്തിൽ അല്ലാഹുവിന്റെ വിധികളായിരിക്കുന്നതുമാണ്. ഈ വിഷയം വളരെ ശക്തിയായ

ഭാഷയിൽ തന്നെ ക്വുർആൻ പലപ്പോഴും ആവർത്തിച്ചുപറഞ്ഞിട്ടുള്ളതാണ്.

അപ്പോൾ, അല്ലാഹുവിന്റെയും റസൂലിന്റെയും– അഥവാ ക്വുർആന്റെയും സുന്നത്തിന്റെയും– നിയമങ്ങൾക്കെതിരായി ഏതെങ്കിലും പണ്ഡിതൻമാരുടെയോ, വിധികർത്താക്കളുടെയോ അഭിപ്രായങ്ങളെ സ്വീകരിച്ചുവരുന്നവരും, സമുദായ പരിഷ്കർത്താക്കളെന്നോ, ഇസ്‌ലാമിന്റെ ഗുണകാംക്ഷികളെന്നോ സ്വയം അഭിമാനിച്ചുകൊണ്ട് സാക്ഷാൽ ഇസ്‌ലാമിക നിയമങ്ങളിൽ മാറ്റത്തിരുത്തുകൾ അവതരിപ്പിക്കുന്നവരും വ്യക്തമായ വഴിപിഴവിൽപെട്ടവരാണെന്ന് വ്യക്തമാണ്. അല്ലാഹുവിന്റെയും റസൂലിന്റെയും വിധിവിലക്കുകളിൽ ഒന്ന്പോലും യുക്തിക്കോ, ന്യായത്തിനോ എതിരായിരിക്കുകയില്ലെന്ന് പറയേണ്ടതില്ല. പക്ഷേ, അവയിൽ ചിലതിന്റെ യുക്തിരഹസ്യം നമുക്ക് സൂക്ഷ്മമായി മനസ്സിലാക്കുവാൻ കഴിയാതെ വന്നേക്കും. എന്നിരിക്കെ, ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ഒരു വിഷയത്തിലുള്ള മതവിധി ഇന്നതാണെന്ന് –അംഗീകൃതമായ മാർഗങ്ങളിൽകൂടി അറിഞ്ഞുകഴിഞ്ഞാൽ, അത് യുക്തിക്കോ ന്യായത്തിനോ യോജിക്കുമോ, ഇല്ലേ എന്നൊന്നും പരിശോധിക്കേണ്ടതില്ല; അതിൽ ജനഹിതം ആരായേണ്ടതുമില്ല. അതപ്പടി സ്വീകരിക്കുവാൻ അവൻ തികച്ചും ബാധ്യസ്ഥനാണ്. പക്ഷേ, ഓരോ നിയമത്തിലും അടങ്ങിയിട്ടുള്ള യുക്തിതത്വങ്ങൾ കഴിവതും ആരാഞ്ഞറിയുവാൻ അവൻ പരിശ്രമിക്കേണ്ടതുണ്ട്. ഇസ്‌ലാമിന്റെ മൗലികപ്രധാനമായ ഒരു സിദ്ധാന്തമാണിത്. ഈ അടിസ്ഥാനത്തിൽ വിലയിരുത്തേണ്ടതും ഇസ്‌ലാമിന്റെ ശത്രുക്കൾ, ഇസ്‌ലാമിന്റെയും നബി ﷺ യുടെയും പേരിൽ കളങ്കം ചാർത്തുവാൻ ആയുധമാക്കിയതുമായ ഒരു സംഭവത്തെക്കുറിച്ചാണ് അടുത്ത വചനങ്ങളിൽ അല്ലാഹു പ്രതിപാദിക്കുന്നത്.

നബി ﷺ യുടെ പോറ്റുപുത്രനും, അവിടുത്തെ മൗലാ (*)യുമായ സൈദുബ്നുഹാരിഥഃ (റ) ക്വുറൈശീ ഗോത്രത്തിൽ അസദ് കുടുംബത്തിൽ പെട്ട ജഹ്ശിന്റെ മകളും, നബി ﷺ യുടെ അമ്മായിയുടെ മകളും കൂടിയായ സൈനബ് (റ)യെ വിവാഹം ചെയ്തിരുന്നു. ഇത് ഹിജ്റഃക്ക് മുമ്പാണ്. താൻ കുലീനകുടുംബത്തിൽ ജനിച്ചവളാണെന്ന നിലക്ക് ആദ്യം ഈ വിവാഹത്തിൽ സൈനബ് (റ) അൽപം അനിഷ്ടം പ്രകടിപ്പിക്കുകയുണ്ടായി. എങ്കിലും നബി ﷺ യുടെ ഇഷ്ടവും, വംശപരമായ ഉച്ചനീചത്വത്തിന് ഇസ്‌ലാമിൽ സ്ഥാനമില്ലെന്ന വസ്തുതയും മുൻനിറുത്തിക്കൊണ്ട് അവർ അതിന് അനുവദിക്കുകയാണുണ്ടായത്. ക്രമേണ അവർ തമ്മിൽ സ്വരച്ചേർച്ച ഇല്ലാതായി. ഇക്കാരണത്താൽ സൈദ് (റ) അവർക്ക് വിവാഹമോചനം നൽകുവാൻ തീരുമാനിച്ചു. ഈ വിവാഹമോചനം നടക്കുവാൻ പോകുന്നുവെന്നും, ഇദ്ദഃ (**) കാലം കഴിഞ്ഞശേഷം സൈനബ് (റ) നബി ﷺ യുടെ ഭാര്യയാകാൻ പോകുന്നുവെന്നും തിരുമേനിക്ക് വഹ്‌യ് ലഭിച്ചിരുന്നു. പോറ്റുമക്കളെ യഥാർത്ഥ മക്കളായി ഗണിച്ചിരുന്ന അന്നത്തെ ചുറ്റുപാടിൽ, മുഹമ്മദ് സ്വന്തം മകന്റെ ഭാര്യയെ വിവാഹം കഴിച്ചുവെന്നുള്ള ജനസംസാരത്തിനും, ഇസ്‌ലാമിനെതിരായ കുപ്രചാരണങ്ങൾക്കും ഇത് കാരണമായേക്കുമെന്ന് നബി ﷺ ക്ക് തോന്നി. അങ്ങനെ, സൈദ്(റ)തന്റെ തീരുമാനം നബി ﷺ യെ അറിയിച്ചപ്പോൾ അവിടുന്ന് അതിനെ നിരുത്സാഹപ്പെടുത്തുകയുണ്ടായി. ഈ സംഭവത്തെക്കുറിച്ചാണ് അടുത്ത വചനം.

(*) 'മൗലാ' (مولى) എന്ന വാക്കിന്റെ അർത്ഥവിവരണം 5-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ നാം വായിച്ചുകഴിഞ്ഞുവല്ലോ.

(**) ഇദ്ദഃയെ പറ്റി താഴെ പ്രസ്താവിക്കുന്നുണ്ട്

وَإِذْ تَقُولُ لِلَّذِىٓ أَنْعَمَ ٱللَّهُ عَلَيْهِ وَأَنْعَمْتَ عَلَيْهِ أَمْسِكْ عَلَيْكَ زَوْجَكَ وَٱتَّقِ ٱللَّهَ وَتُخْفِى فِى نَفْسِكَ مَا ٱللَّهُ مُبْدِيهِ وَتَخْشَى ٱلنَّاسَ وَٱللَّهُ أَحَقُّ أَن تَخْشَىٰهُ ۖ

﴾37﴿ (നബിയേ) അല്ലാഹു അനുഗ്രഹം ചെയ്തുകൊടുത്തിട്ടുള്ള -നീയും അനുഗ്രഹം ചെയ്തുകൊടുത്തിട്ടുള്ള- വനോട് നീ പറഞ്ഞിരുന്ന സന്ദർഭം (ഓർക്കുക): 'നിന്റെ ഭാര്യയെ (വിവാഹമോചനം ചെയ്യാതെ) നിനക്ക് വേണ്ടി നീ വെച്ചു കൊണ്ടിരിക്കുക; അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുക' എന്ന്. അല്ലാഹു വെളിവാക്കുവാൻ പോകുന്ന കാര്യത്തെ നീ നിന്റെ മനസ്സിൽ മറച്ചുവെക്കുകയും ചെയ്തിരുന്നു. അല്ലാഹുവാണ് നീ പേടിക്കുവാൻ ഏറ്റവും അവകാശപ്പെട്ടവൻ എന്നിരിക്കെ, നീ ജനങ്ങളെ പേടിക്കുകയും ചെയ്തിരുന്നു.

فَلَمَّا قَضَىٰ زَيْدٌ مِّنْهَا وَطَرًا زَوَّجْنَٰكَهَا لِكَىْ لَا يَكُونَ عَلَى ٱلْمُؤْمِنِينَ حَرَجٌ فِىٓ أَزْوَٰجِ أَدْعِيَآئِهِمْ إِذَا قَضَوْا۟ مِنْهُنَّ وَطَرًا ۚ وَكَانَ أَمْرُ ٱللَّهِ مَفْعُولًا ﴿٣٧﴾

അങ്ങനെ, സൈദ് അവളിൽനിന്നും ആവശ്യം നിർവ്വഹിച്ചു [വിവാഹമോചനം നടത്തി] കഴിഞ്ഞപ്പോൾ അവളെ നിനക്ക് നാം ഭാര്യയാക്കിത്തന്നു. സത്യവിശ്വാസികളുടെമേൽ, തങ്ങളുടെ ദത്തുപുത്രൻമാരുടെ ഭാര്യമാരുടെ കാര്യത്തിൽ- അവർ അവരിൽനിന്നും ആവശ്യം നിർവ്വഹിച്ചുകഴിഞ്ഞാൽ- യാതൊരു വിഷമവും ഉണ്ടാകാതിരിക്കുവാൻ വേണ്ടിയത്രെ (അത്). അല്ലാഹുവിന്റെ കൽപന പ്രാവർത്തികമാക്കപ്പെടുന്നതാകുന്നു.

﴾37﴿ وَإِذْ تَقُولُ നീ പറഞ്ഞിരുന്ന സന്ദർഭം لِلَّذِي യാതൊരുവനോട് أَنْعَمَ اللهُ അല്ലാഹു അനുഗ്രഹം ചെയ്തിരിക്കുന്നു عَلَيْهِ അവന്റെ മേൽ وَأَنْعَمْتَ عَلَيْهِ അവന് നീയും അനുഗ്രഹം ചെയ്തിരിക്കുന്നു أَمْسِكْ നീ വെച്ചുകൊണ്ടിരിക്കുക عَلَيْكَ നിനക്ക് زَوْجَكَ നിന്റെ ഭാര്യയെ وَاتَّقِ اللهَ നീ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുക وَتُخْفِي നീ മറച്ചുവെക്കുകയും ചെയ്യുന്നു فِي نَفْسِكَ നിന്റെ മനസ്സിൽ مَا യാതൊരു കാര്യം اللهُ مُبْدِيهِ അല്ലാഹു അതിനെ വെളിവാക്കുന്നവനാണ് وَتَخْشَى നീ പേടിക്കയും ചെയ്യുന്നു النَّاسَ മനുഷ്യരെ وَاللهُ أَحَقُّ അല്ലാഹുവത്രെ ഏറ്റവും അർഹൻ, അവകാശപ്പെട്ടവൻ أَنْ تَخْشَاهُ നീ അവനെ പേടിക്കുവാൻ فَلَمَّا قَضَى അങ്ങനെ നിർവ്വഹിച്ചപ്പോൾ, തീർത്തപ്പോൾ زَيْدٌ സൈദ് مِنْهَا അവളിൽ നിന്ന് وَطَرًا ആവശ്യം زَوَّجْنَاكَهَا അവളെ നിനക്ക് നാം ഭാര്യയാക്കി (വിവാഹം ചെയ്തു) തന്നു

لِكَيْ لَا يَكُونَ ഉണ്ടാകാതിരിക്കുവാൻ വേണ്ടി عَلَى الْمُؤْمِنِينَ സത്യവിശ്വാസികളുടെ മേൽ حَرَجٌ ഒരു വിഷമം (ഞെരുക്കം) فِي أَزْوَاجِ ഭാര്യമാരുടെ കാര്യത്തിൽ أَدْعِيَائِهِمْ തങ്ങളുടെ ദത്തുപുത്രൻമാരുടെ إِذَا قَضَوْا അവർ നിർവ്വഹിച്ചാൽ مِنْهُنَّ അവരിൽനിന്ന് وَطَرًا ആവശ്യം وَكَانَ ആകുന്നു, ആയിരിക്കുന്നു أَمْرُ اللَّهِ അല്ലാഹുവിന്റെ കൽപന, കാര്യം مَفْعُولًا പ്രാവർത്തികമാക്കപ്പെട്ടത് (നടപ്പാക്കപ്പെട്ടത്)

'അല്ലാഹുവും നീയും അനുഗ്രഹം ചെയ്തുകൊടുത്തവൻ' എന്ന് പറഞ്ഞത് സൈദുബ്നു ഹാരിഥഃ (റ)യെക്കുറിച്ചാകുന്നു. ഇസ്ലാമിലേക്ക് മാർഗദർശനം നൽകുകപോലെയുള്ള കണക്കറ്റ അനുഗ്രഹങ്ങൾ അല്ലാഹു അദ്ദേഹത്തിന് ചെയ്തുകൊടുത്തിട്ടുണ്ടല്ലോ. നബി ﷺ യാണെങ്കിൽ, അദ്ദേഹത്തെ വാൽസല്യപൂർവ്വം വളർത്തുകയും, അടിമത്തത്തിൽ നിന്ന് മോചിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പുത്രനായ ഉസാമഃ (റ)യെയും തിരുമേനി വളരെയധികം സ്നേഹിച്ചിരുന്നു. 'റസൂലിന്റെ പ്രിയങ്കരൻ' എന്ന അർത്ഥത്തിൽ രണ്ടുപേരെക്കുറിച്ച് 'ഹിബ്ബ് റസൂലില്ലാഹി' (حبّ رسول الله) എന്നുപോലും പറയപ്പെട്ടിരുന്നു.

സൈദ് (റ) തന്റെ ഭാര്യയുമായി യോജിച്ചു പോകുകയില്ലെന്ന് കണ്ടപ്പോൾ അവരെ വിവാഹമോചനം (طلاق) നടത്തുന്നതിനെപ്പറ്റി തിരുമേനിയോട് ആലോചിച്ചു. ഇരുഭാഗത്തെയും ഗുണകാംക്ഷിയാണല്ലോ നബി ﷺ. അപ്പോഴായിരുന്നു അദ്ദേഹത്തോട് നബി ﷺ ഭാര്യയെ വെച്ചുകൊള്ളുവാനും, അല്ലാഹുവിനെ സൂക്ഷിക്കുവാനും പറഞ്ഞത്. ഈ വിവാഹം അധികം നീണ്ടുപോകുകയില്ലെന്നും, സൈദ് (റ) ഭാര്യയെ വേർപ്പെടുത്തുക തന്നെ ചെയ്യുമെന്നും, സൈനബ് (റ) യെ തിരുമേനി വിവാഹം ചെയ്യാനിരിക്കുന്നുവെന്നും തിരുമേനിക്ക് അറിവ് ലഭിച്ചിട്ടുണ്ടായിരുന്നു. പക്ഷേ, നടക്കുവാനിരിക്കുന്ന ആ വിഷയത്തെക്കുറിച്ച് സൈദ് (റ)നോട് തിരുമേനി ഒന്നും പ്രസ്താവിച്ചില്ല. ഭാര്യയെ വിവാഹമോചനം നടത്താതിരിക്കുവാൻ സാധാരണമട്ടിൽ ഉപദേശിക്കുകയാണ് ചെയ്തത്. ജനസംസാരത്തിന് ഇടയാകരുതെന്നും, അല്ലാഹു ഉദ്ദേശിച്ച കാര്യം അവൻ ഉദ്ദേശിക്കുമ്പോൾ അവൻ നടപ്പിലാക്കിക്കൊള്ളുമെന്നും തിരുമേനി കരുതി. ഇതിനെ സൂചിപ്പിച്ചുകൊണ്ടാണ് 'അല്ലാഹു വെളിവാക്കുവാൻപോകുന്ന കാര്യം നീ നിന്റെ മനസ്സിൽ മറച്ചുവെക്കുകയും ചെയ്തിരുന്നു.' (وتخفى فى نفسك ما الله مبديه) എന്ന് പറഞ്ഞത്. യഥാർത്ഥവും സത്യവും തുറന്നു പറയുന്നതിൽ ആരെയും ശങ്കിക്കേണ്ടതില്ല. അതിൽ ജനസംസാരം ഭയപ്പെടേണ്ടതില്ല. അത് തുറന്നു പറയാതിരിക്കുന്നതിൽ അല്ലാഹുവിനെ ഭയപ്പെടുകയാണ് വേണ്ടത് എന്ന് നബി ﷺ യെ ഓർമിപ്പിക്കുകയും ചെയ്യുന്നു.

'സൈദ് അവളിൽനിന്നും ആവശ്യം നിർവ്വഹിച്ചുകഴിഞ്ഞു' (قضى زيد منها وطرا) എന്ന് പറഞ്ഞതിന്റെ വിവക്ഷ ഭാര്യയുമായി യോജിച്ചുപോകുകയില്ലെന്ന് കണ്ടു അവരെ വിവാഹമോചനം ചെയ്തു എന്നത്രെ. ഇത് അറബിഭാഷയിലെ ഒരു പ്രത്യേക പ്രയോഗമാണ്. സൈനബ് (റ)യെ വിവാഹമോചനം നടത്തുകയല്ലാതെ നിവൃത്തിയില്ലെന്ന് സൈദ് (റ)ന് ബോധ്യം വരുകയും, അദ്ദേഹം വിവാഹമോചനം ചെയ്യുകയും ചെയ്തു. അനന്തരം ഇദ്ദ കാലം കഴിഞ്ഞപ്പോൾ അല്ലാഹുവിന്റെ നിർദ്ദേശമനുസരിച്ച് നബി ﷺ അവരെ വിവാഹം കഴിക്കയും ഉണ്ടായി. ഈ വിവാഹം നബി ﷺ യുടെ ആഗ്രഹമോ ആവശ്യമോ അനുസരിച്ച് ഉത്ഭവിച്ചതായിരുന്നില്ല. പോറ്റുമക്കൾക്ക് യഥാർത്ഥ മക്കളുടെ സ്ഥാനം കൽപ്പിക്കുന്നതിനാൽ അവരുടെ ഭാര്യമാരാകുന്ന സ്ത്രീകളെ ഒരിക്കലും പോറ്റുപിതാക്കൾക്ക് വിവാഹം ചെയ്യാൻ പാടില്ലെന്നാണ് ജാഹിലിയ്യാ നിയമം. ഈ സമ്പ്രദായം തുടച്ചുനീക്കി തൽസ്ഥാനത്ത് ഇസ്ലാമിക നിയമം പ്രാവർത്തികമാക്കിക്കാണിക്കുവാൻ വേണ്ടി അല്ലാഹുവിന്റെ കൽപന പ്രകാരം നബി

ﷺ ചെയ്തതായിരുന്നു ആ വിവാഹം. അതുകൊണ്ടാണ് സൈദ് അവളിൽനിന്ന് ആവശ്യം നിറവേറ്റിക്കഴിഞ്ഞപ്പോൾ അവളെ നാം നിനക്ക് ഭാര്യയാക്കിത്തന്നു (فلما قضى زيد منها وطرا زوجنا كها) എന്ന് അല്ലാഹു പറഞ്ഞത്. ഈ പരമാർത്ഥം തുടർന്നുള്ള ആയത്തുകളിൽനിന്ന് കൂടുതൽ സ്പഷ്ടമായി മനസ്സിലാക്കാം. ആഇശാ (റ) പ്രസ്താവിച്ചതായി ഇമാം മുസ്‌ലിം, തിർമദീ (റ) മുതലായവർ നിവേദനം ചെയ്യുന്നു: 'മുഹമ്മദ് നബി അല്ലാഹുവിന്റെ കിതാബിൽനിന്ന് വല്ലതും –ജനങ്ങളെ അറിയിക്കാതെ– മറച്ചുവെക്കുമായിരുന്നുവെങ്കിൽ ഈ (37-ാം) ആയത്ത് മറച്ചുവെക്കേണ്ടതായിരുന്നു.' (*) 53 -ാം വചനത്തിൽ വരുന്നതുപോലെ, കാര്യം തുറന്നു പറയാൻ അല്ലാഹു നാണിക്കുകയില്ലല്ലോ.

സൈദ് (റ)ന്റെ പേർ ക്വുർആനിൽ എടുത്തുപറഞ്ഞതും, അല്ലാഹുവും റസൂലും അനുഗ്രഹം ചെയ്തുകൊടുത്തവൻ എന്ന് അദ്ദേഹത്തെ വിശേഷിപ്പിച്ചതും, ക്വുർആൻ നിലനിൽക്കുന്ന കാലത്തെല്ലാം അദ്ദേഹത്തിന്റെ കീർത്തി പരത്തുന്ന ഒരു മഹാഭാഗ്യമത്രെ. സൈനബ് (റ)യാകട്ടെ, തിരുമേനിയുടെ വിവാഹത്തോടുകൂടി സത്യവിശ്വാസികളുടെ മാതാക്കളിൽ ഒരാളായിത്തീരുകയും ചെയ്തു. അവർ അഭിമാനപൂർവ്വം നബി ﷺയുടെ ഭാര്യമാരോട് ഇങ്ങനെ പറഞ്ഞിരുന്നതായി ഹദീഥിൽ വന്നിട്ടുണ്ട്: 'നിങ്ങളെ നിങ്ങളുടെ വീട്ടുകാർ വിവാഹം ചെയ്യിച്ച് കൊടുത്തതാണ്. എന്നെ ഏഴ് ആകാശങ്ങൾക്ക് മീതെ നിന്ന് അല്ലാഹു വിവാഹം ചെയ്യിച്ചു കൊടുത്തതാണ്.' (ബുഖാരി.)

'നിന്റെ ഭാര്യയെ വെച്ചുകൊണ്ടിരിക്കുക, അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുക' എന്നീ വാക്യങ്ങൾ (أمسك عليك زوجك واتق الله) നബി ﷺ സൈദ് (റ)നോട് പറഞ്ഞതാണ്. തുടർന്നുള്ള രണ്ട് വാക്യങ്ങൾ– 'അല്ലാഹു വെളിവാക്കാൻപോകുന്ന കാര്യം നീ മനസ്സിൽ മറച്ചുവെക്കുന്നു' എന്നും, 'പേടിക്കുവാൻ കൂടുതൽ അവകാശപ്പെട്ടവൻ അല്ലാഹുവാണെന്നിരിക്കെ നീ ജനങ്ങളെ പേടിക്കുന്നു' എന്നും അല്ലാഹു നബി ﷺയോട് പറഞ്ഞതുമാകുന്നു. 'വെളിവാക്കുവാൻ പോകുന്ന കാര്യം' എന്ന് പറഞ്ഞതുകൊണ്ടുദ്ദേശ്യം, സൈനബ് (റ)യെ സൈദ് (റ) വിവാഹമോചനം ചെയ്യാൻ പോകുന്നതും, പിന്നീട് നബി ﷺ സൈനബ് (റ)യെ വിവാഹം ചെയ്യുമെന്നുമുള്ളതാണ്.

വേറെ ഒന്നുരണ്ട് അഭിപ്രായങ്ങളും ഇവിടെ സ്ഥലം പിടിച്ചുകാണാം. നബി ﷺ ഒരിക്കൽ സൈനബ്(റ)യെ കണ്ടുവെന്നും, അവരുടെ സൗന്ദര്യത്തിൽ തിരുമേനി ആകൃഷ്ടനായെന്നും, അങ്ങനെ അവരെ വിവാഹം ചെയ്തുകിട്ടുവാൻ തിരുമേനിക്ക് ആഗ്രഹം തോന്നിയെന്നും, ഇതിനെ ഉദ്ദേശിച്ചാണ് 'അല്ലാഹു വെളിവാക്കാൻപോകുന്ന കാര്യം മറച്ചുവെക്കുന്നു'വെന്ന് പറഞ്ഞതെന്നും ചില വ്യാഖ്യാതാക്കൾ പ്രസ്താവിച്ചിട്ടുണ്ട്. നബി തിരുമേനി ﷺയുടെ ഉൽകൃഷ്ട പദവിക്കും സ്വഭാവത്തിനും ഒട്ടും നിരക്കാത്തതും, ഇസ്‌ലാമിന്റെ വൈരികളിൽനിന്ന് രൂപം പൂണ്ടതുമായ ഈ പ്രസ്താവനയെ മഹാൻമാരായ പല പണ്ഡിതൻമാരും തക്ക തെളിവുകൾ സഹിതം ശക്തിയുക്തം ഖണ്ഡിച്ചുകഴിഞ്ഞതാണ്. ഈ പഴഞ്ചൻ പ്രസ്താവനയെ വിമർശിക്കാൻ മുതിർന്ന ചിലർ, അതിനെക്കാൾ വമ്പിച്ച അബദ്ധത്തിൽ പതിക്കുകയും ചെയ്തിരിക്കുന്നു. വിമർശനത്തിന് ഇവർ കണ്ടുപിടിച്ച പുതിയ സൂത്രമാണതിന് കാരണം. 'നീ നിന്റെ ഭാര്യയെ വെച്ചുകൊണ്ടിരിക്കുക'. (أمسك عليك زوجك) എന്ന് തുടങ്ങി 'പേടിക്കുവാൻ ഏറ്റവും അവകാശപ്പെട്ടവൻ അല്ലാഹുവാണ്' (أحق أن تخشاه والله) എന്നത്‌വരെയുള്ള എല്ലാ വാക്യങ്ങളും നബി ﷺ സൈദ് (റ)നോട് പറഞ്ഞതായിട്ടാണ് ഇവർ അഭിപ്രായപ്പെടുന്നത്. 'അല്ലാഹു വെളിവാക്കാൻ പോകുന്ന കാര്യമെന്നും, 'നീ മനസ്സിൽ മറച്ചുവെക്കുന്നു'വെന്നും പറഞ്ഞതിന് ഇവർ നൽകുന്ന വ്യാഖ്യാനം ഇതാകുന്നു: 'സൈനബ് (റ)യുമായി യോജിച്ചുപോകയില്ലെന്ന് സൈദ് (റ)ന് ബോധ്യപ്പെട്ടിട്ടുണ്ട്; നബി

(*) كما في الفتح وابن جرير

ﷺയുടെ നിർദ്ദേശപ്രകാരം നടത്തപ്പെട്ടിട്ടുള്ള ആ വിവാഹം അവസാനിപ്പിക്കുന്നത് നബി ﷺക്ക് മനോവേദനയുണ്ടാക്കും; എങ്ങനെയെങ്കിലും ഭാര്യയെ പ്രീതിപ്പെടുത്തുവാൻ ശ്രമിക്കുന്നപക്ഷം പാവത്തിനൊരു കുലീനയെ കിട്ടിയപ്പോഴേക്ക് അവളെ പൂജിക്കുകയാണെന്നും മറ്റും ജനങ്ങൾ കളിയാക്കുകയും ചെയ്യും; എന്നിങ്ങനെയുള്ള ധർമസങ്കടത്തിലാണ് സൈദ് (റ)'.

കേൾക്കുമ്പോൾ തന്നെ ബാലിശമെന്ന് തോന്നത്തക്ക ഈ അഭിപ്രായം, കേവലം അബദ്ധമത്രെ. 1-ാമതായി ശാസനാരൂപത്തിലുള്ള ക്രിയകളും, വാർത്താരൂപത്തിലുള്ള ക്രിയകളും തമ്മിൽ കൂട്ടിച്ചേർത്തു (**عطف** ചെയ്ത്) പറയുവാൻ പാടില്ലെന്നുള്ളത് അറബിസാഹിത്യശാസ്ത്രത്തി (**علم المعانى**)ലെ ഒരു അംഗീകൃത തത്വമാകുന്നു. അപ്പോൾ, **أمسك** (നീ വെച്ചുകൊണ്ടിരിക്കുക) എന്ന ക്രിയയോട് കൂട്ടിച്ചേർത്തുകൊണ്ട് **واتق** (നീ സൂക്ഷിക്കുകയും ചെയ്യുക) എന്ന് പറഞ്ഞതുപോലെ **وتخفى** (നീ മറച്ചുവെക്കുകയും ചെയ്യുന്നു) എന്നും, **وتخشى** (നീ പേടിക്കുകയും ചെയ്യുന്നു) എന്നുമുള്ള ക്രിയകൾ അതിനോടു കൂടിച്ചേർന്നതാണെന്ന് വെക്കുവാൻ നിവൃത്തിയില്ല. 2-ാമതായി: ഈ വാദം ഹദീഥുകൾക്കും വിരുദ്ധമാകുന്നു. ഇമാം ബുഖാരി (റ) 'കിതാബുത്തൗഹീദി'ൽ ഉദ്ധരിച്ച രണ്ട് രിവായത്തുകളിൽ ഒന്നിന്റെ വാചകം നോക്കുക: **جاء زيدبن حارثة يشكو فجعل النبى ﷺ يقول أتق الله وأمسك عليك زوجك** (സൈദുബ്നു ഹാരിഥഃ സങ്കടപ്പെട്ടുകൊണ്ട് നബി ﷺയുടെ അടുക്കൽ വന്നു. അപ്പോൾ തിരുമേനി പറയുകയായി: 'നീ അല്ലാഹുവിനെ സൂക്ഷിക്കുക; നിന്റെ ഭാര്യയെ വെച്ചുകൊണ്ടിരിക്കുകയും ചെയ്യുക') നബി ﷺയുടെ വാചകത്തിൽ വേറെ വാക്കുകളൊന്നും ഈ രിവായത്തിൽ ഇല്ലാത്ത സ്ഥിതിക്ക് ആയത്തിലെ തുടർന്നുള്ള വാക്യങ്ങൾ നബി ﷺ സൈദ് (റ)നോട് പറഞ്ഞതല്ലെന്ന് മനസ്സിലാക്കാം. രണ്ടാമത്തെ രിവായത്തിലെ വാചകം ഇതാണ്: **وتخفى فى نفسك ماالله مبديه وتخشى الناس نزلت فى شأن زينب وزيد بن حارثة** ('അല്ലാഹു വെളിവാക്കുവാൻ പോകുന്നകാര്യം നീ നിന്റെ മനസ്സിൽ ഒളിച്ചുവെക്കുകയും, നീ ജനങ്ങളെ പേടിക്കുകയും ചെയ്യുന്നു'വെന്നുള്ളത് സൈനബയുടെയും, സൈദുബ്നുഹാരിഥഃയുടെയും വിഷയത്തിൽ അവതരിച്ചതാണ്) ഈ രണ്ട് വാക്യങ്ങളും നബി ﷺ പറഞ്ഞതല്ലെന്നും, നബി ﷺയോട് അല്ലാഹു പറഞ്ഞതാണെന്നുമാണ് ഈ രണ്ട് രിവായത്തും മനസ്സിലാക്കിത്തരുന്നത്. എനി, കൂടുതൽ തെളിവുകൾ പരിശോധിക്കേണ്ടതില്ലല്ലോ.

ഈ സൂറത്തിലെ വ്യാഖ്യാനത്തിൽ **باب قوله وتخفى فى نفسك – إلى أحق ان تخشاه** എന്ന ഒരു ശീർഷകം തന്നെ ബുഖാരിയിലുണ്ട്. നാം രണ്ടാമതായി ഉദ്ധരിച്ച അതേ രിവായത്ത് തന്നെ ഇവിടെയും അദ്ദേഹം ഉദ്ധരിച്ചിരിക്കുന്നു. ഈ ശീർഷകത്തിന്റെ വിശദീകരണവേളയിൽ, നാം മേൽ പ്രസ്താവിച്ച വസ്തുതകൾക്ക് നിദാനമായ പല രിവായത്തുകളും ഉദ്ധരിച്ചശേഷം ഇമാം അസ്ഖലാനീ (റ)തന്റെ 'ഫത്ത്ഹുൽബാരി'യിൽ പറയുകയാണ്: 'വേറെയും പലതും ഈ വിഷയത്തിൽ വന്നിട്ടുണ്ട്; പല മുഫസ്സിറുകളും അവയെ ഉദ്ധരിച്ചിട്ടുമുണ്ട്. അതിൽ സമയം ചില വഴിക്കുന്നത് ശരിയല്ല. ഞാൻ ഉദ്ധരിച്ചതാണ് സ്വീകാര്യയോഗ്യമായത്. അതിന്റെ ആകെസാരം ഇതാകുന്നു: സൈനബ് പിന്നീട് തന്റെ ഭാര്യയാകുവാൻ പോകുന്നുണ്ടെന്ന് അല്ലാഹു നബി ﷺക്ക് അറിയിച്ചുകൊടുത്തിരുന്നതിനെയാണ് അവിടുന്ന് മറച്ചുവെച്ചിരുന്നത് (*). ഇത് മറച്ചുവെക്കുവാൻ കാരണം, മകന്റെ ഭാര്യയെ വിവാഹംകഴിച്ചുവെന്നുള്ള ജനസംസാരത്തെ ഭയന്നതായിരുന്നു. അല്ലാഹുവാകട്ടെ, 'ജാഹിലിയ്യത്തി'ന്റെ ദത്തുപുത്രനിയമങ്ങളെ തീരെഎടുത്തുകളയുവാൻ ഉദ്ദേശിക്കയും ചെയ്തു.

(*) മറിച്ച് ചിലർ പ്രസ്താവിക്കുന്നത്പോലെ, അവരെ വിവാഹം കഴിച്ചാൽ കൊള്ളാമെന്ന ആഗ്രഹമല്ല എന്ന് താൽപര്യം.

മുസ്‌ലിംകളിൽ അത് കൂടുതൽ സ്വീകാര്യമായിത്തീരുവാൻവേണ്ടി, അവരുടെ നേതാവുമുഖാന്തരം തന്നെ അത് സംഭവിക്കുകയും ചെയ്തു.' (راجع فتح البارى ج ٨ ص ٤٢٥) പോറ്റു പുത്രൻമാർ തങ്ങളുടെ ഭാര്യമാരെ വിവാഹമോചനം ചെയ്താൽ പിന്നീട് ആ സ്ത്രീകളെ വിവാഹം ചെയ്യുന്നതിന് ഇസ്‌ലാമിൽ യാതൊരു വിരോധവുമില്ലെന്ന് പ്രയോഗത്തിൽ കാണിച്ചുകൊടുക്കലാണ്, നബി ﷺക്ക് സൈനബ്(റ)യെ വിവാഹം ചെയ്തുകൊടുത്തതിലുള്ള യുക്തിയെന്ന് ഈ ആയത്തിൽ അല്ലാഹു വ്യക്തമാക്കി. അടുത്ത ആയത്തിൽ വീണ്ടും പറയുന്നത് നോക്കുക:

مَّا كَانَ عَلَى ٱلنَّبِيِّ مِنْ حَرَجٍ فِيمَا فَرَضَ ٱللَّهُ لَهُۥ ۖ سُنَّةَ ٱللَّهِ فِى ٱلَّذِينَ خَلَوْا۟ مِن قَبْلُ ۚ وَكَانَ أَمْرُ ٱللَّهِ قَدَرًا مَّقْدُورًا ﴿٣٨﴾

ٱلَّذِينَ يُبَلِّغُونَ رِسَـٰلَـٰتِ ٱللَّهِ وَيَخْشَوْنَهُۥ وَلَا يَخْشَوْنَ أَحَدًا إِلَّا ٱللَّهَ ۗ وَكَفَىٰ بِٱللَّهِ حَسِيبًا ﴿٣٩﴾

﴾38﴿ അല്ലാഹു നബിക്ക് നിശ്ചയിച്ചു (നിയമിച്ചു) കൊടുത്തതിൽ, അദ്ദേഹത്തിന്റെമേൽ യാതൊരു വിഷമവും ഉണ്ടാകുവാനില്ല; -മുൻകഴിഞ്ഞുപോയിട്ടുള്ളവരിൽ (നടപ്പാക്കപ്പെട്ടിരുന്ന) അല്ലാഹുവിന്റെ നടപടിക്രമം തന്നെ. അല്ലാഹുവിന്റെ കൽപന വ്യവസ്ഥാപിതമായ ഒരു (ഖണ്ഡിത) വ്യവസ്ഥയാകുന്നു.

﴾39﴿ അതായത്: അല്ലാഹുവിന്റെ ദൗത്യങ്ങളെ എത്തിച്ചു [പ്രബോധനം ചെയ്തു] കൊടുക്കുകയും, അവനെ പേടിക്കുകയും, അല്ലാഹുവിനെയല്ലാതെ ഒരാളെയും പേടിക്കാതിരിക്കുകയും ചെയ്തിരുന്നവർ! [അവരിൽ നടപ്പാക്കപ്പെട്ട നടപടി തന്നെ നബിയിലും നടപ്പാക്കിയിരിക്കയാണ്].

വിചാരണ നടത്തുന്നവനായി അല്ലാഹുതന്നെ മതി!

﴾38﴿ مَاكَانَ ഉണ്ടായിട്ടില്ല, ഇല്ല, ഉണ്ടാകാനില്ല عَلَى النَّبِيِّ നബിയുടെമേൽ مِنْ حَرَجٍ ഒരു വിഷമവും, തെറ്റും فِيمَا فَرَضَ اللهُ അല്ലാഹു നിയമിച്ചതിൽ, നിശ്ചയിച്ചതിൽ لَهُ അദ്ദേഹത്തിന് سُنَّةَ اللهِ അല്ലാഹുവിന്റെ നടപടി, ചട്ടം, മാർഗം فِي الَّذِينَ خَلَوْا മുൻകഴിഞ്ഞുപോയവരിൽ مِنْ قَبْلُ മുമ്പ് وَكَانَ ആകുന്നു, ആയിരിക്കുന്നു أَمْرُ اللهِ അല്ലാഹുവിന്റെ കൽപന, കാര്യം قَدَرًا നിർണയം, വ്യവസ്ഥ مَقْدُورًا നിർണയം ചെയ്യപ്പെട്ട, വ്യവസ്ഥ ചെയ്യപ്പെട്ട (ഖണ്ഡിതമായ) ﴾39﴿ الَّذِينَ يُبَلِّغُونَ എത്തിച്ചുകൊടുക്കുന്ന (പ്രബോധനം ചെയ്യുന്ന)വർ رِسَالَاتِ اللهِ അല്ലാഹുവിന്റെ ദൗത്യങ്ങളെ وَيَخْشَوْنَهُ അവർ അവനെ പേടിക്കുകയും ചെയ്യുന്നു وَلَا يَخْشَوْنَ അവർ പേടിക്കുന്നുമില്ല أَحَدًا ഒരാളെയും إِلَّا اللهَ അല്ലാഹുവിനെയല്ലാതെ وَكَفَى മതി بِاللهِ അല്ലാഹു (തന്നെ) حَسِيبًا വിചാരണക്കാരൻ

സൈനബ് (റ)യുടെ വിവാഹവിഷയത്തിൽ നബി ﷺയെ സംബന്ധിച്ച് യാതൊരു ആക്ഷേപവും അരോപണവുമില്ല; അല്ലാഹു നിയമിച്ചുകൊടുത്തത് നടപ്പിൽ വരുത്തുക മാത്രമേ അദ്ദേഹം ചെയ്തിട്ടുള്ളൂ; ഇത്തരം കാര്യങ്ങളിൽ അല്ലാഹുവിന്റെ പ്രവാചകൻമാർ മുഖേന ജനങ്ങൾക്ക് മാതൃക കാട്ടുക എന്നത് അല്ലാഹുവിന്റെ മുമ്പേയുള്ള നടപടിയാണ്. അവന്റെ കൽപനാനിർദേശങ്ങൾ നടപ്പിൽ വരുത്തുന്നത് അവരുടെ ചുമതലയാണ്; അതിൽ അല്ലാഹുവിനെയല്ലാതെ മറ്റൊരാളെയും അവർ ഭയപ്പെടുന്നതുമല്ല; അവിശ്വാസികളും വക്ര ബുദ്ധികളും എന്തുതന്നെ പറഞ്ഞാലും അത് വിലവെക്കേണ്ടതില്ല; അതിനെപ്പറ്റി വിചാരണ ചെയ്തു നടപടി എടുക്കുവാൻ അല്ലാഹു മാത്രം മതി; അതവൻ നടത്തിക്കൊള്ളും എന്നൊക്കെയാണ് അല്ലാഹു ഈ വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്. 'മുഹമ്മദ് അവന്റെ മകന്റെ ഭാര്യയെ വിവാഹം കഴിച്ചു' എന്ന് ആക്ഷേപിക്കുന്നവരെ അല്ലാഹു ഒരു യാഥാർത്ഥ്യം -മൗലിക പ്രധാനമായ ഒരു സിദ്ധാന്തം -ഓർമിപ്പിക്കുന്നു:-

مَّا كَانَ مُحَمَّدٌ أَبَآ أَحَدٍ مِّن رِّجَالِكُمْ وَلَٰكِن رَّسُولَ ٱللَّهِ وَخَاتَمَ ٱلنَّبِيِّـۧنَ ۗ وَكَانَ ٱللَّهُ بِكُلِّ شَىْءٍ عَلِيمًا ﴿٤٠﴾

﴿40﴾ മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ഒരാളുടെയും പിതാവായിട്ടില്ല; എങ്കിലും, (അദ്ദേഹം) അല്ലാഹുവിന്റെ റസൂലും, നബിമാരിൽ അവസാനത്തെവനുമാകുന്നു. അല്ലാഹു എല്ലാ വസ്തുവെക്കുറിച്ചും അറിയുന്നവനാകുന്നു.

﴿40﴾ مَا كَانَ അല്ല, ആയിട്ടില്ല مُحَمَّدٌ മുഹമ്മദ് أَبَا أَحَدٍ ഒരാളുടെയും പിതാവ്, ബാപ്പ مِن رِجَالِكُمْ നിങ്ങളുടെ പുരുഷൻമാരിൽപെട്ട وَلَٰكِن എങ്കിലും, പക്ഷേ رَسُولَ اللَّهِ അല്ലാഹുവിന്റെ റസൂലത്രെ وَخَاتَمَ النَّبِيِّينَ നബിമാരിൽ അവസാനത്തവനും, അന്ത്യപ്രവാചകനും وَكَانَ اللَّهُ അല്ലാഹു ആകുന്നു بِكُلِّ شَيْءٍ എല്ലാ വസ്തുവെ (കാര്യത്തെ)പ്പറ്റിയും عَلِيمًا അറിയുന്നവൻ

മുഹമ്മദ് നിങ്ങളിൽ ആരുടെയും പിതാവല്ല. എന്നിരിക്കെ, അദ്ദേഹം എങ്ങനെയാണ് സൈദിന്റെ പിതാവാകുന്നതും, സൈദ് അദ്ദേഹത്തിന്റെ പുത്രനാകുന്നതും?! അപ്പോൾ പുത്രൻ വിവാഹം കഴിച്ചവളെ പിതാവ് വിവാഹം ചെയ്തുവെന്ന വാദം തികച്ചും നിരർത്ഥമാകുന്നു. യഥാർത്ഥ പുത്രനല്ലെങ്കിലും പോറ്റുപുത്രനായ സ്ഥിതിക്ക് ഈ വിവാഹം ആക്ഷേപാർഹമാണെന്നാണ് വാദമെങ്കിൽ അതിനും പ്രസക്തിയില്ല. കാരണം, അദ്ദേഹം അല്ലാഹുവിന്റെ റസൂലാണ്. അവന്റെ നിയമവ്യവസ്ഥകൾ പ്രബോധനം ചെയ്യാനും, നടപ്പിൽ വരുത്തി മാതൃക കാണിക്കുവാനും ബാദ്ധ്യസ്ഥനാണദ്ദേഹം. നിങ്ങളുടെ ഈ ദുഷിച്ച മാമൂൽ നടപടിക്ക് അറുതിവരുത്തി അല്ലാഹുവിന്റെ നിയമം പ്രായോഗികരംഗത്ത് വരുത്തുകയാണ് അദ്ദേഹം ചെയ്തത്. എനി ഒരു നബിയോ, റസൂലോ വരുവാനുണ്ടായിരുന്നുവെങ്കിൽ, അവർ മുഖാന്തരം ഇത് നടപ്പിലാക്കാമെന്ന് വെക്കാമായിരുന്നു. പക്ഷേ, എനി റസൂലോ നബിയോ വരുവാനുമില്ല. മുഹമ്മദ് നബി ﷺ അന്ത്യപ്രവാചകനാണ്. പ്രവാചകത്വശ്രൃംഖല അദ്ദേഹത്തോടുകൂടി അവസാനിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഭൂത- വർത്തമാന- ഭാവി വ്യത്യാസമില്ലാതെ, സകല കാര്യങ്ങളും അറിയുന്ന സർവ്വജ്ഞനാണല്ലോ അല്ലാഹു. അതുകൊണ്ട് അവന്റെ ആജ്ഞാനിർദ്ദേശങ്ങളെക്കുറിച്ച് ചോദ്യംചെയ്യാൻ അൽപജ്ഞനായ മനുഷ്യന് ഒട്ടും അർഹതയില്ല. അല്ലാഹുവിന്റെ ആജ്ഞാനിർദ്ദേശങ്ങൾ അപ്പടി ചോദ്യം ചെയ്യാതെ അനുസരിക്കുവാനേ അവന് അവകാശമുള്ളൂ. അത് അവന്റെ കടമയാകുന്നു. ഇതാണ് ഈ ആയത്തിലടങ്ങിയ ആശയങ്ങളുടെ രത്നച്ചുരുക്കം.

'നുബുവ്വത്ത്' (പ്രവാചകത്വം) സിദ്ധിച്ചവരെല്ലാം റസൂലായിക്കൊള്ളണമെന്നില്ല. 'രിസാലത്താ'കുന്ന ദിവ്യ ദൗത്യം കൂടി ലഭിച്ചവർക്കാണ് റസൂൽ എന്ന് പറയുന്നത്. അപ്പോൾ മുഹമ്മദ് നബി തിരുമേനി ﷺ നബിമാരിൽ അവസാനത്തെആളാണ് എന്ന് പറയുമ്പോൾ, അവിടുത്തേക്ക് ശേഷം നബിയുമില്ല, റസൂലുമില്ല എന്ന് വ്യക്തമാണ്.

('ഖാതമുന്നബിയ്യീൻ') എന്നും, ('ഖാതിമുന്നബിയ്യീൻ') എന്നും ഇവിടെ വായനയുണ്ട്. ക്വുർആൻ വായനക്കാരായ പണ്ഡിതനേതാക്കളിൽ മിക്കവരും 'ഖാതിം' എന്നാണ് വായിച്ചിട്ടുള്ളത്. രണ്ടായാലും 'നബിമാരിൽ അവസാനത്തെവൻ' -അഥവാ അന്ത്യപ്രവാചകൻ- എന്നുതന്നെയാണ് അതിന്റെ അർത്ഥം. ഇതിന്റെ ക്രിയാരൂപമായ 'ഖത്തമ' എന്ന വാക്ക് 'അവസാനിപ്പിച്ചു' എന്നും 'മുദ്രവെച്ചു' -അഥവാ 'സീൽവെച്ചു' -എന്നുമുള്ള അർത്ഥങ്ങളിൽ ഉപയോഗിക്കപ്പെടാറുണ്ട്. ഇതനുസരിച്ച് 'ഖാതമ്' എന്ന പദത്തിന് 'മുദ്ര' -അഥവാ 'സീൽ' എന്നും അർത്ഥം വരും. 'ഖാതമുന്നബിയ്യീൻ' എന്ന വാക്കിന് 'നബിമാരുടെ മുദ്ര എന്ന് വിവർത്തനം ചെയ്യാമെങ്കിൽതന്നെ, അതിന്റെ വിവക്ഷ 'നബിമാരിൽ അവസാനത്തെ ആൾ' എന്ന് മാത്രമാകുന്നു. ഏതെങ്കിലും ഒന്നിൽ സീൽവെച്ച് എന്ന് പറഞ്ഞാൽ അതിൽ എനി ഒന്നും ഏറ്റുവാനോ, കുറക്കുവാനോ നിവൃത്തിയില്ലാതാക്കി എന്നാണ് ഉദ്ദേശ്യം.

خاتم എന്ന പദത്തിന്റെ 'സീൽ- അല്ലെങ്കിൽ- മുദ്ര' എന്ന അർത്ഥത്തെ ചൂഷണം ചെയ്തും, ദുർവ്യാഖ്യാനം ചെയ്തും വരുന്ന ഒരു കക്ഷി അടുത്ത കാലത്ത് നമ്മുടെ നാടുകളിൽ ഉണ്ടായിട്ടുണ്ട്. 'ഖാദിയാനികൾ' എന്നപേരിൽ അറിയപ്പെടുന്ന 'അഹ്മദിയ്യാ' സമുദായക്കാരാണിത്. മുഹമ്മദ് നബി തിരുമേനി ﷺ അന്ത്യപ്രവാചകനാണെന്ന് സമ്മതിച്ചാൽ, അവരുടെ നേതാവും നബിത്വവാദിയുമായ മീർസാഗുലാം അഹ്മദ് ഖാദിയാനിക്ക് നബിത്വം കല്പിക്കുവാൻ നിർവ്വാഹമില്ലല്ലോ; ഇതാണിതിന് കാരണം. ആകയാൽ, النبيين خاتم എന്ന വാക്കിന് 'നബിമാരുടെ സീൽ' എന്ന് വാക്കർത്ഥം കൊടുക്കുകയും, നബിമാരിൽവെച്ച് ശ്രേഷ്ഠൻ എന്ന് അതിന് വിവക്ഷ നൽകുകയുമാണ് ഇവരുടെ പതിവ്. ക്വുർആനിൽ നിന്നോ, ഹദീഥിൽ നിന്നോ, പ്രധാന അറബി നിഘണ്ടുക്കളിൽനിന്നോ ഇവർക്ക് തെളിവുകൾ ഉദ്ധരിക്കാനല്ല. എല്ലാം നേരെമറിച്ചാണുള്ളത്. അതുകൊണ്ട് ഏതെങ്കിലും അറബി ഗ്രന്ഥങ്ങളിലോ മറ്റോ തങ്ങളുടെ വാദത്തിന് അനുകൂലമാക്കി ചിത്രീകരിക്കുവാൻ സാധിച്ചേക്കുന്ന വല്ല പ്രയോഗങ്ങളും കണ്ടാൽ, അവർ അത് പൊക്കിക്കാട്ടുന്നത് കാണാം. സ്ഥലദൈർഘ്യത്തെ ഓർത്തു ഇവിടെ കൂടുതൽ വിസ്തരിക്കുവാൻ ഉദ്ദേശക്കുന്നില്ല. മുഹമ്മദ് തിരുമേനി ﷺ യുടെശേഷം ഒരു നബിയോ റസൂലോ വരാമെന്നുള്ള വാദം ഇസ്‌ലാമിന്റെ മൗലികസിദ്ധാന്തത്തിന് കടകവിരുദ്ധമായതും, മുസ്‌ലിം സമുദായത്തിന്റെ ഏകകണ്ഠമായ അഭിപ്രായത്തിനും തീരുമാനത്തിനും എതിരായതും ആണെന്ന് പരക്കെ അറിയപ്പെട്ടതാണല്ലോ. എങ്കിലും സാധാരണക്കാരുടെ ഓർമക്ക്വേണ്ടി ഈ വ്യാജവാദത്തിന്റെ പൊള്ളത്തരം വ്യക്തമാക്കുന്ന അൽപം ചില സംഗതികൾ മാത്രം ഇവിടെ ചൂണ്ടിക്കാണിക്കാം:-

1) മനുഷ്യൻ ബുദ്ധിപരമായ പക്വത പ്രാപിച്ചു കഴിഞ്ഞിരുന്നില്ലാത്തതുകൊണ്ട് ആദ്യകാലങ്ങളിൽ അല്ലാഹുവിന്റെ ഏകമതമായ ഇസ്‌ലാം അതിന്റെ പരിപൂർണമായ രൂപത്തിൽ നബി ﷺ ക്ക് മുമ്പ് അവതരിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ല. അറിയപ്പെട്ടിടത്തോളം, ശരീഅത്തും (ഇസ്‌ലാമിക നിയമസംഹിതയും) വേദഗ്രന്ഥവുമെന്നനിലക്ക് മനുഷ്യസമുദായത്തിൽ അല്ലാഹുവിനാൽ അവതരിപ്പിക്കപ്പെട്ട ആദ്യത്തെ ഗ്രന്ഥം തൗറാത്താകുന്നു. അതാകട്ടെ, ഇസ്‌റാഈൽ സമുദായത്തിലേക്ക് റസൂലായി നിയോഗിക്കപ്പെട്ട മൂസാ നബി (അ)യുടെ കൈക്ക് അവർക്ക്‌വേണ്ടി അവതരിപ്പിക്കപ്പെട്ടതായിരുന്നു. മുഹമ്മദ് നബി ﷺ തിരുമേനി മനുഷ്യലോകത്തിനാകമാനമുള്ള ദൈവദൂതനാകകൊണ്ടും, തിരുമേനിയുടെ നിയോഗമായപ്പോഴേക്കും മനുഷ്യസമുദായത്തിന്റെ ബുദ്ധിപരമായ വളർച്ച

പൂർണത പ്രാപിച്ചതുകൊണ്ടും തിരുമേനിക്ക് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥം- ഖുർആൻ- ഇസ്ലാമിന്റെ പരിപൂർണവും സർവജനീനവുമായ വേദഗ്രന്ഥമായിത്തീർന്നു. ആ ഗ്രന്ഥം യാതൊരു മാറ്റത്തിരുത്തലും കൂടാതെ ലോകാവസാനം വരെ നിലനിൽക്കുന്നതാണെന്ന് അല്ലാഹു ഉറപ്പ് നൽകുകയും ചെയ്തിരിക്കുന്നു. എന്നിരിക്കെ, എനി ഒരു പ്രവാചകന്റെയോ റസൂലിന്റെയോ വരവിനാകട്ടെ, വേദഗ്രന്ഥത്തിന്റെ അവതരണത്തിനാകട്ടെ ആവശ്യമില്ല. നബി തിരുമേനി ﷺ യുടെ വിയോഗത്തിന് അൽപം മുമ്പ് മനുഷ്യസമുദായത്തോടാക മാനം യാത്ര പറഞ്ഞ ഒരു മഹാസമ്മേളനമാണല്ലോ 'ഹജ്ജത്തുൽവിദാഉ്' (حجة الوداع). ഈ സമ്മേളനത്തിൽവെച്ച് തിരുമേനിക്ക് അവതരിച്ച ഖുർആൻ വചനം ഈ പരമാർത്ഥം സ്പഷ്ടമാക്കുകയാണ് ചെയ്യുന്നത്. അല്ലാഹു പറയുന്നു: **اليوم أكملت لكم دينكم وأتممت عليكم نعمتي ورضيت لكم الإسلام دينا– المائدة:٤** (ഇന്ന് നിങ്ങൾക്ക് നിങ്ങളുടെ മതം ഞാൻ പൂർത്തിയാക്കിത്തരുകയും, എന്റെ അനുഗ്രഹം നിങ്ങളിൽ പരിപൂർണമാക്കുകയും, നിങ്ങൾക്ക് ഇസ്ലാമിനെ മതമായി ഞാൻ തൃപ്തിപ്പെട്ടുതരുകയും ചെയ്തിരിക്കുന്നു. (മാഇദഃ 4.) വിശുദ്ധ ഖുർആന്റെ സംരക്ഷണത്തെക്കുറിച്ച് അല്ലാഹു പറയുന്നത് നോക്കുക: **إنا نحن نزلنا الذكر وإناله لحافظون – الحجر:٩** നാം തന്നെയാണ് പ്രമാണത്തെ- ഖുർആനെ- അവതരിപ്പിച്ചിരിക്കുന്നത്. നാം തന്നെ അതിനെ കാത്തുസൂക്ഷിക്കുന്നവരുമാകുന്നു. (ഹിജ്ർ: 9)

2) ആദ്യകാലത്ത് മനുഷ്യൻ ബുദ്ധിപരമായ പക്വത പ്രാപിച്ചുകഴിഞ്ഞിരുന്നില്ലെന്നപോലെത്തന്നെ വാർത്താവിതരണം, ഗതാഗതസൗകര്യം, അന്യോന്യ സമ്പർക്കം ആദിയായ നാഗരിക തുറകളിലും മുൻസമുദായങ്ങൾ വളരെ പിന്നിലായിരുന്നു. അതുകൊണ്ട് നബി തിരുമേനി ﷺ ക്ക്മുമ്പ് ഭൂലോകത്ത് നിയുക്തരായ എല്ലാ നബിമാരും ചില പ്രത്യേക സമുദായങ്ങളിലേക്ക്മാത്രം നിയുക്തരായി. നബി തിരുമേനി ﷺ യാകട്ടെ, കാലദേശവ്യത്യാസമില്ലാതെ, ലോകാവസാനം വരേക്കുമുള്ള എല്ലാ ജനങ്ങൾക്കും വേണ്ടി നിയുക്തനായ റസൂലും. അദ്ദേഹം കൊണ്ടുവന്ന ദൈവിക നിയമസംഹിത സകല ജനങ്ങൾക്കും ബാധകമായതുമാകുന്നു. ഇക്കാരണത്താലും എനി ഒരു പ്രവാചകന്റെയോ വേദഗ്രന്ഥത്തിന്റെയോ ആവശ്യം ലോകത്തിന് അവശേഷിക്കുന്നില്ല. അല്ലാഹു പറയുന്നു:

١) قُلْ يَٰٓأَيُّهَا ٱلنَّاسُ إِنِّى رَسُولُ ٱللَّهِ إِلَيْكُمْ جَمِيعًا–الأعراف:١٥٨

1. പറയുക: ഹേ, മനുഷ്യരേ! ഞാൻ നിങ്ങൾ എല്ലാവരിലേക്കുമുള്ള അല്ലാഹുവിന്റെ റസൂലാകുന്നു. (അഅ്റാഫ് 158.)

٢) وَمَآ أَرْسَلْنَٰكَ إِلَّا كَآفَّةً لِّلنَّاسِ بَشِيرًا وَنَذِيرًا وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ – سبا:٢٨

2. മനുഷ്യർക്ക് ആകമാനം സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നൽകുന്നവനും ആയിട്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല. പക്ഷേ, മനുഷ്യരിൽ അധികമാളും അറിയുന്നില്ല. (സബഉ് 28.) ജാബിർ (റ) നിവേദനം ചെയ്തതും, ബുഖാരീ (റ)യും മുസ്ലിമും (റ) ഉദ്ധരിച്ചതുമായ ഒരു നബിവചനവും ഈ വസ്തുത തന്നെയാണ് ചൂണ്ടിക്കാട്ടുന്നത്. ഇതര നബിമാർക്ക് സിദ്ധിച്ചിട്ടില്ലാത്ത അഞ്ച് പ്രത്യേകതകൾ വിവരിക്കുന്ന കൂട്ടത്തിൽ തിരുമേനി പറയുന്നു: وكان النبي يبعث إلى قومه خاصة وبعثت إلى الناس عامة (ഒരു നബി അദ്ദേഹത്തിന്റെ ജനതയിലേക്ക് മാത്രമായിരുന്നു നിയോഗിക്കപ്പെട്ടിരുന്നത്. ഞാൻ മനുഷ്യരിലേക്ക് പൊതുവായി നിയോഗിക്കപ്പെട്ടിരിക്കുന്നു.)

3. നബി തിരുമേനി ﷺയുടെ നിയോഗം ജനസമുദായത്തിന് ആകമാനമാണെന്നതും, വിശുദ്ധ ഖുർആൻ ഇസ്ലാമിന്റെ പരിപൂർണ നിയമസംഹിതയാണെന്നതും ശരി

തന്നെ, എന്നാലും ഇടക്കാലത്ത് സമുദായത്തെ ഉദ്ധരിക്കുവാൻ നബിമാർ ഉണ്ടായിക്കൊണ്ടിരിക്കുന്നത് ആവശ്യമല്ലേ? എന്നാണ് പുത്തൻ നബിത്വവാദികളുടെ ഒരു ന്യായം. കേവലം സാധാരണക്കാരായ പൊതുജനങ്ങൾ ഈ ന്യായം ശരിയാണെന്ന് കരുതുകയും ചെയ്തേക്കാം. എന്നാൽ, പ്രത്യേക വേദഗ്രന്ഥമോ നിയമസംഹിതയോ ഇല്ലാത്ത നബിമാരുടെ ചുമതല തങ്ങൾക്കുമുമ്പ് നിലവിലുള്ള ദൈവികനിർദ്ദേശങ്ങൾ ജനങ്ങളെ ഉപദേശിച്ചുകൊണ്ടിരിക്കുക എന്നുള്ളതാണ്. അവർക്ക് അല്ലാഹുവിങ്കൽ നിന്നും പ്രവാചകത്വത്തിന്റെ സ്ഥാനപദവി ലഭിച്ചിരിക്കുമെന്നുമാത്രം. ക്വുർആന്റെ അനുയായികളാകട്ടെ, പ്രവാചകത്വപദവി ഇല്ലാതെത്തന്നെ ഈ കൃത്യം ലോകാവസാനം വരെ നിലനിറുത്തിപ്പോരുവാൻ ബാദ്ധ്യസ്ഥരാകുന്നു. ആ നിലക്കും പ്രവാചകന്റെ ആവശ്യം എനി അവശേഷിക്കുന്നില്ല. അല്ലാഹു പറയുന്നു:

١) وَلْتَكُن مِّنكُمْ أُمَّةٌ يَدْعُونَ إِلَى ٱلْخَيْرِ وَيَأْمُرُونَ بِٱلْمَعْرُوفِ وَيَنْهَوْنَ عَنِ ٱلْمُنكَرِ

1. നന്മയിലേക്ക് [illegible] ക്കുറിച്ച് വിരോധിക്കുകയും ചെയ്യുന്ന ഒരു സമൂഹം നിങ്ങളിൽ ഉണ്ടായിരിക്കട്ടെ. (ആലുഇംറാൻ: 104.)

٢) وَٱلْمُؤْمِنُونَ وَٱلْمُؤْمِنَٰتُ بَعْضُهُمْ أَوْلِيَآءُ بَعْضٍ يَأْمُرُونَ بِٱلْمَعْرُوفِ وَيَنْهَوْنَ عَنِ ٱلْمُنكَرِ - التوبة: ٧١

2. സത്യവിശ്വാസികളായ പുരുഷൻമാരും സ്ത്രീകളും ചിലർ ചിലരുടെ -അന്യോന്യം- കാര്യകർത്താക്കളാകുന്നു. അവർ സൽക്കാര്യംകൊണ്ട് കൽപിക്കുകയും, നിഷിദ്ധമായതിനെ വിരോധിക്കുകയും ചെയ്യുന്നു. (തൌബഃ 71.)

വിമതസ്ഥർക്ക് മതപ്രബോധനം ചെയ്യുന്നതും, അന്യോന്യം ഉപദേശിക്കുന്നതും മുസ്‌ലിംകളുടെ കടമയും കർത്തവ്യവുമാണെന്ന് കാണിക്കുന്ന നിരവധി ക്വുർആൻ വചനങ്ങളും നബിവചനങ്ങളും ഉണ്ടെന്ന് പറയേണ്ടതില്ല. പണ്ഡിതൻമാരിലാണ് ഈ ചുമതല പ്രധാനമായും നിലകൊള്ളുന്നത്. അതുകൊണ്ടാണ് ഒരു ഹദീഥിൽ وان العلماء ورثة الأنبياء... (പണ്ഡിതൻമാർ നബിമാരുടെ അനന്തരാവകാശികളാണ്) എന്ന് നബി ﷺ അരുളിച്ചെയ്തതും. (അബൂദാവൂദ്; തിർമദീ.)

4. ലോകത്ത് എന്ത് മാറ്റങ്ങൾ തന്നെ സംഭവിച്ചാലും, ക്വുർആൻ അതിന്റെ സാക്ഷാൽ രൂപത്തിന് ഭംഗം വരാതെ കാത്തുസൂക്ഷിക്കുമെന്ന് അല്ലാഹു പറഞ്ഞുവല്ലോ. മനുഷ്യസമുദായം എത്ര ദുഷിച്ചാലും അവരിൽ അൽപം ചിലരെങ്കിലും സത്യത്തിൽ നിലകൊള്ളുന്നവരായും, ഇസ്‌ലാമിന്റെ സിദ്ധാന്തങ്ങൾ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നവരായും ലോകാവസാനംവരെ അവശേഷിക്കാതിരിക്കുകയില്ലെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. മാത്രമല്ല, ഇതൊരു യാഥാർത്ഥ്യം തന്നെയാണെന്ന് നബി ﷺ പ്രവചനം ചെയ്തിട്ടുമുണ്ട്. അവിടുന്ന് പറയുന്നു:- لا يزال من أمّتي أمة قائمة بأمر الله لا يضرهم من خذلهم ولا من خالفهم حتى يأتي أمر الله وهم على ذلك– متفق عليه (എന്റെ സമുദായത്തിൽ, അല്ലാഹുവിന്റെ കൽപന അനുസരിച്ച് നിലകൊള്ളുന്ന ഒരു സമൂഹം ഉണ്ടായിക്കൊണ്ടേയിരിക്കും. അവരെ കൈവെടിയുന്നവരാകട്ടെ, അവരോട് ഭിന്നിച്ചു നിൽക്കുന്നവരാകട്ടെ- ആരും തന്നെ- അവർക്ക് ഉപദ്രവം വരുത്തുകയില്ല. അങ്ങനെ, അവർ അതേ നിലയിലിരിക്കെ അല്ലാഹുവിന്റെ കൽപന (ലോകാവസാനം) വന്നെത്തും. (ബു; മു.)

5. മേൽപറഞ്ഞതെല്ലാം ശരി, എന്നാലും ഒരു പ്രവാചകൻ എന്തുകൊണ്ട് വന്നുകൂടാ? എന്നാണ് എനി ചോദിക്കുവാനുള്ളത്. ഇതിന് ഏറ്റവും വ്യക്തവും, പ്രധാനവുമായ മറുപടി, നബി തിരുമേനി ﷺ നബിമാരിൽ അവസാനത്തെ ആളാണെന്ന് പ്രഖ്യാപിക്കുന്ന നമ്മുടെ

ഈ ആയത്തുതന്നെയാണ്. പക്ഷേ, മേൽ സൂചിപ്പിച്ച പ്രകാരം, അതിന്റെ അർത്ഥവിവക്ഷയെ സംബന്ധിച്ചിടത്തോളം പുതിയ കൃത്രിമ നബിമാരുടെ അനുയായികൾ പല ദുർവ്യാഖ്യാനങ്ങളും നടത്തിയിരിക്കയാണല്ലോ. ആ സ്ഥിതിക്ക് ഇവരുടെ ദുർവ്യാഖ്യാനങ്ങൾ തികച്ചും നിരർത്ഥമാണെന്ന് കാണിക്കുന്ന ചില സംഗതികൾ കൂടി ഇവിടെ ഓർമിക്കുന്നത് നന്നായിരിക്കും.

1 -ാമതായി: ഈ ആയത്തിലെ خاتم النبيين എന്ന വാക്കിന് നബി തിരുമേനി നൽകുന്ന അർത്ഥം എന്താണെന്ന് നോക്കാം. തിരുമേനിയാണല്ലോ ക്വുർആൻ ജനങ്ങൾക്ക് പ്രബോധനം ചെയ്തതും, വിവരിച്ചുതന്നതും. അപ്പോൾ തിരുമേനിയുടെ വ്യാഖ്യാനത്തിനാണ് ഏത് നിലക്കും മുൻഗണന നൽകേണ്ടത്. 2 -ാമതായി: പ്രധാന അറബിനിഘണ്ടുക്കളും പണ്ഡിതൻമാരും അതിന് നൽകിയ അർത്ഥം എന്താണെന്നും 3 -ാമതായി നബി തിരുമേനി ﷺ യുടെ കാലത്തും, അതിന്ശേഷവും പുതിയ നബിത്വവാദത്തെക്കുറിച്ച് സ്വീകരിക്കപ്പെട്ടിരുന്ന നിലപാട് എന്താണെന്നും പരിശോധിച്ചുനോക്കാം. ഈ വിഷയകമായി പ്രധാന ഹദീഥ് ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഹദീഥുകൾ ഏതാനും ഉദ്ധരിക്കുന്ന പക്ഷം അത് വളരെയധികം ദീർഘിച്ചുപോകും. പല സ്വഹാബികൾ വഴിയായും, പല വാചകങ്ങളിലായും വന്നിട്ടുള്ള പ്രസിദ്ധമായ നിരവധി ഹദീഥുകളിൽ രണ്ടെണ്ണം മാത്രം ഉദാഹരണത്തിന് ഇവിടെ ചൂണ്ടിക്കാട്ടുന്നു:

1) നബി ﷺ പ്രസ്താവിച്ചതായി ജാബിർ (റ) നിവേദനം ചെയ്യുന്ന ഒരു ഹദീഥിന്റെ ചുരുക്കം ഇതാണ്: എന്റെയും മറ്റ് നബിമാരുടെയും ഉപമ, ഒരു പുരുഷന്റേതുപോലെയാണ്; അയാൾ ഒരു വീട് നിർമിച്ചു. ഒരു ഇഷ്ടികക്കല്ലിന്റെ സ്ഥാനം ഒഴിച്ച് മറ്റെല്ലാം അയാൾ പൂർത്തിയാക്കുകയും ഭംഗിയാക്കി നിർമിക്കുകയും ചെയ്തു. ആകയാൽ, അതിൽ പ്രവേശിച്ചു അത് നോക്കുന്നവരെല്ലാവരും പറയുകയായി: 'ഈ ഒരു കല്ലിന്റെ സ്ഥാനം ഒഴിച്ച് മറ്റുള്ളതെല്ലാം എന്തൊരു ഭംഗി ! എന്നാൽ ഈ കല്ലിന്റെ സ്ഥാനം ഞാനാകുന്നു. പ്രവാചകൻമാർ എന്നെക്കൊണ്ട് അവസാനിപ്പിക്കപ്പെട്ടിരിക്കുന്നു. (فانا موضع اللبنة ختم بى الأنبياء) ഈ ഹദീഥ് ഇമാം ബുഖാരി, മുസ്‌ലിം (റ) തുടങ്ങിയ പല മഹാൻമാരും ഉദ്ധരിച്ചതാകുന്നു. ഇവിടെയും ഇതുപോലുള്ള മറ്റ് സ്ഥലങ്ങളിലും ختم എന്ന ക്രിയക്ക് 'സീൽ വെക്കപ്പെട്ട' എന്ന് വിവർത്തനം ചെയ്താൽപോലും 'അവസാനിപ്പിക്കപ്പെട്ടു'വെന്നല്ലാതെ അതിന് വിവക്ഷ നൽകുവാൻ സാധ്യമാവുകയില്ല. 'എന്നെക്കൊണ്ട് നബിമാർക്ക് ശ്രേഷ്ഠത നൽകപ്പെട്ടുവെന്നാണ്' ഇതിന്റെ അർത്ഥമെന്ന് അറബി അറിയാവുന്ന ഒരു 'അഹ്മദി'ക്ക് പോലും പറയുവാൻ പറ്റുകയില്ല.

2) അലിയ്യ് (റ)നോട് നബി ﷺ പറയുകയുണ്ടായി: എന്നെ സംബന്ധിച്ചിടത്തോളം നീ, മൂസാ നബിയെ സംബന്ധിച്ച് ഹാറൂന്റെ പദവിയിലാകുന്നു. പക്ഷേ, എന്റെശേഷം ഒരു നബിയും ഇല്ല.' (الا إنه لا نبي بعدى) ഈ ഹദീഥും ബുഖാരിയും, മുസ്‌ലിമും (റ) ഉദ്ധരിച്ചതാണ്.

അറബിഭാഷാ നിഘണ്ടുക്കളിൽ പ്രസിദ്ധവും പ്രധാനവുമായ എല്ലാ നിഘണ്ടുക്കളിലും കാണാവുന്ന ചില വാക്കുകളാണ് ഇവ: (١) ختم القوم اخرهم (٢) ختام القوم وخاتمهم وخاتمهم أخرهم ، (٣) ختم الشيء بلغ آخره അതായത്:

1) ജനങ്ങളുടെ 'ഖാത്തം' എന്ന് പറഞ്ഞാൽ അവരിൽ അവസാനത്തെ ആൾ എന്നാകുന്നു.

2) ജനങ്ങളുടെ 'ഖിത്താമും', 'ഖാത്തമും', 'ഖാത്തിമും' എല്ലാം തന്നെ അവരിൽ അവസാനത്തെവനാകുന്നു.

3) ഒരു കാര്യം 'ഖത്ത്മ് ചെയ്തു' എന്ന് പറഞ്ഞാൽ അതിന്റെ അന്ത്യത്തിങ്കലെത്തി എന്നർത്ഥം. കൂടുതൽ ഉദാഹരണങ്ങൾ ഉദ്ധരിക്കേണ്ടതില്ല.

മുഹമ്മദ് മുസ്ത്വഫാ തിരുമേനി ﷺക്ക് ശേഷം ഒരു പുതിയ നബി വരികയില്ലെന്നും, വിശുദ്ധ ക്വുർആനും നബിവാക്യങ്ങളും അക്കാര്യം തുറന്ന് പ്രസ്താവിച്ചിട്ടുണ്ടെന്നുമുള്ള തിൽ ഇസ്‌ലാമികവൃത്തത്തിൽ ഉൾപ്പെട്ട ഒരാൾക്കും പക്ഷാന്തരമില്ല. ഇത് ഇസ്‌ലാമിലെ ഒരു മൗലികസിദ്ധാന്തമായി മുസ്‌ലിംകൾ അംഗീകരിക്കുകയും, ഇതിനെതിരായ വിശ്വാസം അനിസ്‌ലാമികവും, ഇതിനെതിരായ വാദം ഇസ്‌ലാമിൽ നിന്നുള്ള വ്യതിയാനവുമായി അവർ കണക്കാക്കുകയും ചെയ്യുന്നു. സ്വഹാബികളുടെ കാലത്തും, അവരുടെ കാലശേഷവും മാത്ര മല്ല, നബി തിരുമേനി ﷺയുടെ കാലത്തും, ചില പ്രവാചകത്വവാദികൾ ഉണ്ടായിട്ടുണ്ട്. അവരുടെ വാദത്തെക്കുറിച്ച് പരിശോധിക്കുകയോ തെളിവുകൾ അന്വേഷിക്കുകയോ ചെയ്യാൻ നബി ﷺയോ ഉത്തരവാദപ്പെട്ട മുസ്‌ലിംഭരണകർത്താക്കളിൽ ആരെങ്കിലുമോ മുതിർന്നിട്ടി ല്ല. നേരെ മറിച്ച് ഇസ്‌ലാമിക ഭരണകൂടം അവർ കള്ളവാദികളാണെന്ന് വിധിക്കുകയും, യുദ്ധമോ വധമോ നടത്തുകയുമാണുണ്ടായിട്ടുള്ളത്. ഇസ്‌ലാം ചരിത്രം വായിക്കുന്നവർക്കെല്ലാം അറിയാവുന്ന വസ്തുതയാണിത്. നബി ﷺക്കുശേഷം ഒരാൾ, താൻ പ്രവാചകനാണെന്ന് വാദിക്കുമ്പോൾ അതിന് തെളിവുണ്ടോ എന്ന് പരിശോധിക്കുന്നത് പോലും സത്യവിശ്വാസ ത്തിൽനിന്നുള്ള വ്യതിയാനമായിട്ടാണ് ചില മഹാൻമാർ അഭിപ്രായപ്പെട്ടിരിക്കുന്നത്. പ്രവാ ചകസമാപ്തി (ختم النبوة)യെക്കുറിച്ച് പല പണ്ഡിതൻമാരും പ്രത്യേകം ഗ്രന്ഥങ്ങൾതന്നെ രചിച്ചിരിക്കുന്നു. കൂടുതൽ വിവരം അത്തരം ഗ്രന്ഥങ്ങളിൽനിന്ന് മനസ്സിലാക്കാവുന്നതാണ്.

ചുരുക്കത്തിൽ, മുഹമ്മദ് നബി ﷺക്ക് ശേഷം അല്ലാഹുവിൽനിന്ന വഹ്‌യ് ലഭിക്കുകയും പ്രവാചകത്വ സ്ഥാനം ലഭിക്കുകയും ചെയ്യുന്ന ഒരു പ്രവാചകനും ഈ ലോകത്ത് എനി വരു വാനില്ല. ഉണ്ടെന്ന് എപ്പോഴെങ്കിലും ആരെങ്കിലും വാദിക്കുന്നപക്ഷം അവർക്ക് സിദ്ധിക്കുന്ന വഹ്‌യും, പ്രവാചകത്വവും, സഹായവും എല്ലാംതന്നെ പിശാചിൽനിന്നുള്ളതായിരിക്കും. الشعراء – هل أنبئكم على من تنزل الشياطين تنزل على كل أفاك اثيم (നിങ്ങൾക്ക് ഞാൻ വർത്തമാനം അറിയിച്ചു തരട്ടെയോ, ആരുടെമേലിലാണ് പിശാചുക്കൾ ഇറങ്ങുന്നതെന്ന്? മഹാവ്യാജനും, ദുഷ്ട നുമായ എല്ലാവരുടെയും മേലത്രെ അവർ ഇറങ്ങുന്നത്. (സൂ: ശുഅറാഉ്: 221, 222) അതു കൊണ്ട് പുതിയൊരു നബിത്വവാദം ഉന്നയിക്കുന്നവരോട് നമുക്ക് പറയാം. لكم دينكم ولي دين (നിങ്ങൾക്ക് നിങ്ങളുടെ മതം. എനിക്ക് എന്റെ മതം.)

വിഭാഗം - 6

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱذْكُرُوا۟ ٱللَّهَ ذِكْرًا كَثِيرًا ﴿٤١﴾

﴾41﴿ ഹേ, വിശ്വസിച്ചവരേ, **നിങ്ങൾ അല്ലാഹുവിനെ സ്മരിക്കുവിൻ, ധാരാളം സ്മരണ.**

وَسَبِّحُوهُ بُكْرَةً وَأَصِيلًا ﴿٤٢﴾

﴾42﴿ **കാലത്തും, വൈകുന്നേരവും അവന് 'തസ്ബീഹ്' [പരിശുദ്ധിയുടെ കീർത്തനം] ചെയ്കയും ചെയ്യുവിൻ.**

﴾41﴿ يَا أَيُّهَا الَّذِينَ آمَنُوا ഹേ, വിശ്വസിച്ചവരേ اذْكُرُوا اللَّهَ നിങ്ങൾ അല്ലാഹുവിനെ സ്മരിക്കുവിൻ, ഓർമിക്കുവിൻ ذِكْرًا كَثِيرًا ധാരാളമായ സ്മരണ, അധികമായ ഓർമ ﴾42﴿ وَسَبِّحُوهُ നിങ്ങൾ അവന് തസ്ബീഹ് (പരിശുദ്ധിയുടെ കീർത്തനം) ചെയ്യുകയും വേണം بُكْرَةً രാവിലെ وَأَصِيلًا വൈകുന്നേരവും

സ്മരിക്കുക, ഓർമിക്കുക, പറയുക, കീർത്തനം ചെയ്യുക, പ്രഖ്യാപിക്കുക എന്നിങ്ങനെ അർത്ഥങ്ങൾ വരാവുന്ന വാക്കാണ് ذكر (ദിക്ർ). മനസാ, വാചാ, കർമണാ അല്ലാഹുവിനെക്കുറിച്ചുള്ള ബോധമാണ് സാക്ഷാൽ ദിക്ർ. ഹംദ്, തസ്ബീഹ്, ദുആ, നമസ്കാരം, തക്ബീർ, തഹ്‌ലീൽ, ധ്യാനം മുതലായവമൂലമാണത് പ്രകടിപ്പിക്കുക. അതുകൊണ്ട് സാധാരണമായി ദിക്ർ എന്ന് പറയുന്നത് ഇവയെക്കുറിച്ചാണ്. ദിക്റിന്റെ കൂട്ടത്തിൽ പ്രധാനപ്പെട്ടതാണ് തസ്ബീഹും, നമസ്കാരവും. (സൂ: റൂം 18 ന്റെയും സൂ: അൻകബൂത്ത് 45 ന്റെയും വിവരണത്തിൽ വായിച്ചത് ഇവിടെയും ഓർക്കുക.) അല്ലാഹുവിനെ ധാരാളം സ്മരിക്കുകയും, അവന്റെ സ്തോത്രകീർത്തനങ്ങൾ നടത്തുകയും ചെയ്യേണ്ടതിന്നുള്ള ഒരു കാരണമെന്നോണം അല്ലാഹു പറയുന്നു:-

هُوَ ٱلَّذِى يُصَلِّى عَلَيْكُمْ وَمَلَٰٓئِكَتُهُۥ لِيُخْرِجَكُم مِّنَ ٱلظُّلُمَٰتِ إِلَى ٱلنُّورِ ۚ وَكَانَ بِٱلْمُؤْمِنِينَ رَحِيمًا ﴿٤٣﴾

﴾43﴿ നിങ്ങളുടെ മേൽ അനുഗ്രഹം നേരുന്നവനത്രെ അവൻ [അല്ലാഹു]; അവന്റെ മലക്കുകളും തന്നെ (അനുഗ്രഹം നേരുന്നു); -നിങ്ങളെ അന്ധകാരങ്ങളിൽനിന്ന് പ്രകാശത്തിലേക്ക് വരുത്തുവാൻ വേണ്ടി. അവൻ സത്യവിശ്വാസികളിൽ വളരെ കരുണയുള്ളവനാണ് താനും.

تَحِيَّتُهُمْ يَوْمَ يَلْقَوْنَهُۥ سَلَٰمٌ ۚ وَأَعَدَّ لَهُمْ أَجْرًا كَرِيمًا ﴿٤٤﴾

﴾44﴿ അവർ അവനെ കാണുന്ന ദിവസം അവർക്കുള്ള ഉപചാരം, 'സലാം' എന്ന് (സമാധാനസന്ദേശം) ആയിരിക്കും. അവർക്ക് മാന്യമായ പ്രതിഫലം അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

﴾43﴿ هُوَ അവൻ الَّذِي يُصَلِّي സ്വലാത്ത് (അനുഗ്രഹം) നേരുന്നവനാണ് عَلَيْكُمْ നിങ്ങളുടെമേൽ وَمَلَائِكَتُهُ അവന്റെ മലക്കുകളും لِيُخْرِجَكُمْ നിങ്ങളെ അവൻ പുറത്ത് കൊണ്ടുവരുവാൻവേണ്ടി مِنَ الظُّلُمَاتِ അന്ധകാരങ്ങളിൽ നിന്ന് إِلَى النُّورِ പ്രകാശത്തിലേക്ക് وَكَانَ അവൻ ആകുന്നു بِالْمُؤْمِنِينَ സത്യവിശ്വാസികളിൽ رَحِيمًا വളരെ കരുണയുള്ളവൻ ﴾44﴿ تَحِيَّتُهُمْ അവരുടെ ഉപചാരം, അഭിവാദ്യം يَوْمَ يَلْقَوْنَهُ അവരവനെ കാണുന്ന ദിവസം سَلَامٌ സലാമാണ് وَأَعَدَّ لَهُمْ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു أَجْرًا كَرِيمًا മാന്യമായ പ്രതിഫലം

يصلى എന്ന വാക്കിനാണ് അനുഗ്രഹം നേരുക എന്ന് അർത്ഥം കൽപിച്ചത്. صلوة (സ്വലാത്ത്) എന്ന ധാതുവിൽനിന്നുള്ള ക്രിയാരൂപമത്രെ അത്. 'പ്രാർത്ഥന, അനുഗ്രഹം, കാരുണ്യം' എന്നൊക്കെയാണതിന്റെ അർത്ഥം. അല്ലാഹു സത്യവിശ്വാസികൾക്ക് അനുഗ്രഹവും കാരുണ്യവും നൽകുന്നു. മലക്കുകൾക്കിടയിൽ അവരുടെ ഗുണഗണങ്ങളെ പുകഴ്ത്തുകയും ചെയ്യുന്നു. 'അല്ലാഹു അനുഗ്രഹം നേരുന്നു' ('സ്വലാത്ത് ചെയ്യുന്നു) എന്ന് പറഞ്ഞതിന്റെ സാരം ഇതാണ്. മലക്കുകൾ സത്യവിശ്വാസികൾക്ക് ഗുണത്തിന്‌വേണ്ടി പ്രാർത്ഥിക്കുകയും, അവർക്ക് പാപമോചനം തേടുകയും ചെയ്യുന്നതായി സൂറത്തുൽ മുഅ്മിൻ (ഗാഫിർ) 7 , 8, 9 വചനങ്ങളിൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. മലക്കുകൾ അനുഗ്രഹം നേരുന്നതിന്റെ ഉദ്ദേശ്യം ഇതത്രെ. അങ്ങനെ, അസത്യം, ദുർമാർഗം, അജ്ഞത, ദുർഭാഗ്യം ആദിയായ അന്ധകാരങ്ങളിൽനിന്ന് സത്യവിശ്വാസികൾക്ക് വിമുക്തി ലഭിക്കുവാനും, സൻമാർഗത്തിന്റെയും സൽഭാഗ്യത്തിന്റെയും വെളിച്ചത്തിലേക്ക് എത്തിച്ചേരുവാനും അല്ലാഹുവിന്റെയും മലക്കുകളുടെയും 'സ്വലാത്ത്' അവർക്ക് സഹായകമായിത്തീരുന്നു.

സത്യവിശ്വാസികൾക്ക് അല്ലാഹുവിൽ നിന്ന് സലാം ലഭിക്കുന്നു. (സൂ: യാസീൻ 58) മരണവേളയിൽ അവരുടെ അടുക്കൽ മലക്കുകൾ ചെന്നു സലാം പറയുകയും, സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു. (സൂ: നഹ്ൽ 32) സ്വർഗത്തിന്റെ കാവൽക്കാരായ മലക്കുകൾ അവർക്ക് സലാം പറഞ്ഞുകൊണ്ട് അവരെ സ്വാഗതം ചെയ്യും. (സൂ: സുമർ 73) 'സലാം! സലാം!!' എന്നിങ്ങനെയല്ലാതെ, വ്യർത്ഥമായതോ, പാപകരമായതോ ആയ ഒന്നുംതന്നെ അവർ സ്വർഗത്തിൽവെച്ച് കേൾക്കുകയില്ല. (സൂ: വാകിഅഃ 25, 26) സ്വർഗത്തിൽ അവരുടെ ഉപചാരവാക്യം സലാമായിരിക്കും. (സൂ: യൂനുസ് 10.) ചുരുക്കത്തിൽ, എവിടെയും, ആരിൽനിന്നും, അവർക്ക് സലാമിന്റെ- ശാന്തിയുടെ -സമാധാനത്തിന്റെ- രക്ഷയുടെ- അഭിവാദ്യമാണ് സിദ്ധിക്കുന്നത്. അപ്പോൾ, 'സത്യവിശ്വാസികളേ' എന്ന് സംബോധന ചെയ്തുകൊണ്ട് ഈ രണ്ട് വചനങ്ങളിൽ അല്ലാഹു പ്രസ്താവിച്ച പ്രസ്താവനകൾ ഓരോന്നും ഓരോ സത്യവിശ്വാസിക്കും എത്രമേൽ ആവേശകരമാണെന്ന് ആലോചിച്ചുനോക്കുക! നബി തിരുമേനി ﷺ നമസ്കാരാനന്തരം, സാധാരണ ദുആ ചെയ്തിരുന്നതുപോലെ നാമും ദുആ ചെയ്യുക: اللهم أنت السلام و منك السلام (അല്ലാഹുവേ, നീയാണ് സലാം നിന്റെ പക്കൽനിന്നാണ് സലാം.) അല്ലാഹുവേ, നീ ഞങ്ങൾക്ക് അനുഗ്രഹവും, അന്ധകാരങ്ങളിൽനിന്ന് മോചനവും, നിത്യശാന്തിയും നൽകണേ! آمين

يَٰٓأَيُّهَا ٱلنَّبِىُّ إِنَّآ أَرْسَلْنَٰكَ شَٰهِدًا وَمُبَشِّرًا وَنَذِيرًا ﴿٤٥﴾

﴿45﴾ ഹേ, നബിയേ! നിശ്ചയമായും നാം നിന്നെ സാക്ഷിയും, സന്തോഷവാർത്ത അറിയിക്കുന്നവനും, താക്കിതുകാരനും ആയിക്കൊണ്ട് അയച്ചിരിക്കുകയാണ്.

وَدَاعِيًا إِلَى ٱللَّهِ بِإِذْنِهِۦ وَسِرَاجًا مُّنِيرًا ﴿٤٦﴾

﴿46﴾ അല്ലാഹുവിലേക്ക് അവന്റെ ഉത്തരവനുസരിച്ച് ക്ഷണിക്കുന്നവനായും, പ്രകാശം നൽകുന്ന ഒരു വിളക്കായും (നിന്നെ അയച്ചിരിക്കുന്നു).

وَبَشِّرِ ٱلْمُؤْمِنِينَ بِأَنَّ لَهُم مِّنَ ٱللَّهِ فَضْلًا كَبِيرًا ﴿٤٧﴾

《47》 സത്യവിശ്വാസികൾക്ക് അല്ലാഹുവിങ്കൽനിന്ന് വലുതായഔദാര്യം (അഥവാ അനുഗ്രഹം) ഉണ്ടെന്ന് നീ അവർക്ക് സന്തോഷവാർത്ത അറിയിക്കുക.

وَلَا تُطِعِ ٱلْكَٰفِرِينَ وَٱلْمُنَٰفِقِينَ وَدَعْ أَذَىٰهُمْ وَتَوَكَّلْ عَلَى ٱللَّهِ ۚ وَكَفَىٰ بِٱللَّهِ وَكِيلًا ﴿٤٨﴾

《48》 അവിശ്വാസികളെയും, കപടവിശ്വാസികളെയും അനുസരിക്കുകയും ചെയ്യരുത്. അവരുടെ ശല്യത്തെ നീ (അവഗണിച്ചു) വിട്ടേക്കുകയും, അല്ലാഹുവിന്റെമേൽ ഭരമേൽപിക്കുകയും ചെയ്യുക. ഭരമേല്പിക്കപ്പെടുന്നവനായി അല്ലാഹുതന്നെ മതി!

《45》. يَا أَيُّهَا النَّبِيُّ ഹേ നബിയേ إِنَّا നിശ്ചയമായും നാം أَرْسَلْنَاكَ നിന്നെ അയച്ചിരിക്കുന്നു شَاهِدًا സാക്ഷിയായി وَمُبَشِّرًا സന്തോഷവാർത്ത അറിയിക്കുന്നവനായും وَنَذِيرًا താക്കീത് നൽകുന്നവനായും 《46》 وَدَاعِيًا ക്ഷണിക്കുന്ന (വിളിക്കുന്ന)വനായും إِلَى اللهِ അല്ലാഹുവിലേക്ക് بِإِذْنِهِ അവന്റെ ഉത്തരവ് (സമ്മത) പ്രകാരം وَسِرَاجًا വിളക്കായും مُنِيرًا പ്രകാശം (വെളിച്ചം) നൽകുന്ന 《47》 وَبَشِّرِ നീ സന്തോഷവാർത്ത അറിയിക്കുക الْمُؤْمِنِينَ സത്യവിശ്വാസികൾക്ക് بِأَنَّ لَهُمْ അവർക്കുണ്ടെന്ന് مِنَ اللهِ അല്ലാഹുവിങ്കൽ നിന്ന് فَضْلًا അനുഗ്രഹം, ഔദാര്യം كَبِيرًا വലുതായ, മഹത്തായ 《48》. وَلَا تُطِعِ നീ അനുസരിക്കയും അരുത് الْكَافِرِينَ അവിശ്വാസികളെ وَالْمُنَافِقِينَ കപടവിശ്വാസികളെയും وَدَعْ വിട്ടു(തള്ളി)കളയുകയും ചെയ്യുക أَذَاهُمْ അവരുടെ ശല്യത്തെ, ഉപദ്രവത്തെ, സൈ്വര്യക്കേടിനെ وَتَوَكَّلْ നീ ഭരമേൽപിക്കയും ചെയ്യുക عَلَى اللهِ അല്ലാഹുവിന്റെമേൽ وَكَفَى بِاللهِ അല്ലാഹു തന്നെ മതി وَكِيلًا ഭരമേൽപിക്കപ്പെടുന്നവൻ, ഭരമേൽക്കുന്നവൻ

നബി തിരുമേനി ﷺയെ റസൂലായി നിയോഗിച്ചതിന്റെ ഉദ്ദേശ്യങ്ങളും, തിരുമേനിയുടെ സ്ഥാനപദവികളും കർത്തവ്യങ്ങളും ഈ വചനങ്ങളിൽ അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു.

1) സമുദായത്തിന്റെ സ്ഥിതിഗതി വീക്ഷിച്ചുകൊണ്ടിരിക്കുക, അല്ലാഹുവിന്റെ നിയമനിർദ്ദേശങ്ങൾ അവർ പാലിച്ചതിനെ സംബന്ധിച്ച് ഖിയാമത്തുനാളിൽ സാക്ഷ്യം വഹിക്കുക, ആചാരാനുഷ്ഠാനങ്ങളിലും, ജീവിതത്തിന്റെ നാനാവശങ്ങളിലും അവർക്ക് മാതൃക സാക്ഷ്യം കാണിച്ചുകൊടുക്കുക എന്നിങ്ങനെയുള്ള അർത്ഥങ്ങളിൽ തിരുമേനി 'സാക്ഷി' (شاهد)യാകുന്നു.

2) സജ്ജനങ്ങൾക്ക് അല്ലാഹുവിങ്കൽനിന്ന് ഉണ്ടാവാനിരിക്കുന്ന പുണ്യഫലങ്ങളെയും, പ്രതിഫലങ്ങളെയും കുറിച്ച് 'സന്തോഷവാർത്ത അറിയിക്കുന്നവനും' (مبشر) ആകുന്നു.

3) ദുർജ്ജനങ്ങൾക്ക് അല്ലാഹുവിങ്കൽനിന്ന് ഉണ്ടാകുവാനിരിക്കുന്ന ശിക്ഷകളെയും, ഭവിഷ്യത്തുകളെയുംകുറിച്ച് ഭയപ്പെടുന്ന 'താക്കീതുകാരനും' (نذير) ആകുന്നു.

4) അല്ലാഹുവിന്റെ ഉത്തരവും, കൽപ്പനയും, അനുമതിയും അനുസരിച്ച് അല്ലാഹുവിങ്കലേക്ക്- അഥവാ തൗഹീദിന്റെയും സൻമാർഗത്തിന്റെയും പാതയിലേക്ക്- പ്രബോധനം വഴി ജനങ്ങളെ 'ക്ഷണിക്കുന്നവനും' (داع إلى الله) ആകുന്നു.

5) അജ്ഞാനവും, അസത്യവും, ദുരാചാരവും നിറഞ്ഞു ഇരുട്ടുമൂടിയ ലോകത്തിന് ജ്ഞാനത്തിന്റെയും സത്യത്തിന്റെയും, സദാചാരത്തിന്റെയും വെളിച്ചം നൽകുന്നതിന് വേണ്ടി ഹിറാമല ഗുഹയിൽ നിന്ന് ഉദയം ചെയ്ത് ലോകമാകമാനം പ്രഭപരത്തി പ്രകാശിപ്പിച്ചു വന്ന സൂര്യ 'വിളക്കും' (سراج منير) ആകുന്നു.

സത്യവിശ്വാസികൾക്ക് സന്തോഷവാർത്തയും, അല്ലാത്തവർക്ക് ഭയവാർത്തയും നൽകിക്കൊണ്ടിരിക്കുമ്പോൾ അതിന്നെതിരിൽ അവിശ്വാസികളുടെയും, കപടവിശ്വാസികളുടെയും ചേരിയിൽനിന്ന് വിവിധതരത്തിലുള്ള എതിർപ്പുകളും, ഉപദ്രവങ്ങളും അനുഭവപ്പെട്ടുകൊണ്ടിരിക്കുക സ്വാഭാവികമാണ്. ഇത് അന്നും ഇന്നും എന്നും കാണാവുന്ന ഒരു യഥാർത്ഥ്യമത്രെ. നബി തിരുമേനി ﷺ യുടെ മുകളിൽ വിവരിച്ച കൃത്യനിർവ്വഹണങ്ങളിൽ ഇവരുടെ ശല്യം മൂലം നേരിടുന്ന വിഘ്ലാതങ്ങളെ അവഗണിച്ചു മുന്നോട്ട് പോകുവാനും, എല്ലാം അല്ലാഹുവിൽ അർപ്പിച്ചു മനസ്സമാധാനപ്പെട്ടുകൊണ്ടിരിക്കുവാനും അല്ലാഹു നബി ﷺ യെ ഉപദേശിക്കുന്നു. ഈ മഹത്തായ ഉപദേശം നബി ﷺ യുടെ ചര്യയെ മാതൃകയാക്കുന്ന എല്ലാ മതപ്രബോധകൻമാരും സദാ ഓർമിച്ചിരിക്കേണ്ടതുണ്ട്.

അടുത്ത വചനം മുതൽ സംസാരമുഖം മറ്റൊരു വശത്തേക്ക് തിരിയുന്നു. ചില വൈവാഹിക നിയമങ്ങളാണ് അടുത്ത ആയത്തുകളിൽ പ്രതിപാദിക്കുന്നത്. നിയമങ്ങൾ വിവരിക്കുമ്പോൾ മനുഷ്യരാൽ വിരചിതമായ സാധാരണ ഗ്രന്ഥങ്ങളിൽ കാണപ്പെടുന്ന പ്രതിപാദനരീതിയും, ഖുർആന്റെ പ്രതിപാദനരീതിയും തമ്മിലുള്ള വ്യത്യാസം ശ്രദ്ധിച്ചുനോക്കുക! അല്ലാഹു പറയുന്നു:-

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا نَكَحْتُمُ ٱلْمُؤْمِنَـٰتِ ثُمَّ طَلَّقْتُمُوهُنَّ مِن قَبْلِ أَن تَمَسُّوهُنَّ فَمَا لَكُمْ عَلَيْهِنَّ مِنْ عِدَّةٍ تَعْتَدُّونَهَا ۖ فَمَتِّعُوهُنَّ وَسَرِّحُوهُنَّ سَرَاحًا جَمِيلًا ﴿٤٩﴾

﴾49﴿ ഹേ, വിശ്വസിച്ചവരേ, നിങ്ങൾ സത്യവിശ്വാസിനികളായ സ്ത്രീകളെ വിവാഹം ചെയ്യുകയും, പിന്നീട് അവരെ സ്പർശിക്കുന്നതിന് മുമ്പായി അവരെ നിങ്ങൾ വിവാഹമോചനം 'ത്വലാക്വ്' ചെയ്കയും ചെയ്യുന്നതായാൽ നിങ്ങൾ എണ്ണിക്കണക്കാക്കേണ്ടുന്ന യാതൊരു 'ഇദ്ദയും' നിങ്ങളോട് അവർക്ക് (ബാധ്യത) ഇല്ല. എന്നാൽ, നിങ്ങൾ അവർക്ക് 'മുത്അത്ത്' മോചന വിഭവം നൽകുകയും, അവരെ ഭംഗിയായ പിരിച്ചയക്കൽ പിരിച്ചയക്കുകയും ചെയ്യണം.

﴾49﴿ يَا أَيُّهَا الَّذِينَ آمَنُوا വിശ്വസിച്ചിട്ടുള്ളവരേ إِذَا نَكَحْتُمُ നിങ്ങൾ വിവാഹം കഴിച്ചാൽ الْمُؤْمِنَاتِ സത്യവിശ്വാസിനികളെ ثُمَّ طَلَّقْتُمُوهُنَّ പിന്നീട് നിങ്ങളവരെ വിവാഹമോചനവും ചെയ്തു مِن قَبْلِ മുമ്പായി أَن تَمَسُّوهُنَّ നിങ്ങളവരെ സ്പർശിക്കുന്നതിന് فَمَا لَكُمْ എന്നാൽ നിങ്ങൾക്കില്ല, നിങ്ങളോടില്ല عَلَيْهِنَّ അവരുടെമേൽ (ബാധ്യത) مِنْ عِدَّةٍ യാതൊരു ഇദ്ദഃയും تَعْتَدُّونَهَا നിങ്ങൾ എണ്ണി (കണക്കാക്കി)വരുന്ന فَمَتِّعُوهُنَّ എന്നാലവർക്ക് നിങ്ങൾ 'മുത്അത്ത്' നൽകണം وَسَرِّحُوهُنَّ നിങ്ങളവരെ പിരിച്ചുവിടുകയും വേണം سَرَاحًا ഒരു പിരിക്കൽ جَمِيلًا ഭംഗിയായ, നല്ലതായ

'സ്പർശിക്കുന്നതിന്നുമുമ്പായി' എന്ന് പറഞ്ഞതിന്റെ താൽപര്യം സംയോഗം ഉണ്ടാകുന്നതിനുമുമ്പ് എന്നാണ്. ഇതേ ഉദ്ദേശ്യത്തിൽ 'തൊടുക, സമീപിക്കുക, ചൊല്ലുക, മൂടുക, വിവാഹം നടത്തുക' (ملامسة , قربان , اتيان , تغشى , نكاح) എന്നിങ്ങനെയുള്ള പദപ്രയോഗങ്ങളും ഖുർആൻ ഉപയോഗിച്ചുകാണാം. ഖുർആന്റെ ഭാഷാമര്യാദകളിൽ ഒന്നാണ് ഇത്തരം പ്രയോഗങ്ങൾ. ഭാര്യയും ഭർത്താവുമായി -വിവാഹമോചനംകൊണ്ടോ, മരണംകൊണ്ടോ വേർപെട്ടശേഷം ഭാര്യക്ക് മറ്റൊരു വിവാഹബന്ധത്തിൽ ഏർപ്പെടുവാൻ പാടില്ലാതെ, നിർബന്ധമായും അവൾ കാത്തിരിക്കേണ്ടുന്ന കാലത്തിനാണ് 'ഇദ്ദഃ' (العدة) എന്ന് പറയുന്നത്. ഋതുകാലം എത്താത്തവളും, ഋതുകാലം കഴിഞ്ഞവളും മുമ്മൂന്ന് മാസവും, ഋതുമതികൾ മൂന്ന് ഋതുകാലവും, ഗർഭിണികൾ പ്രസവം വരെയും, ഭർത്താവ് മരണപ്പെട്ടവൾ നാലുമാസവും പത്ത് ദിവസവും 'ഇദ്ദഃ' ആചരിക്കേണ്ടതുണ്ട്. മുൻവിവാഹത്തിൽ ഗർഭം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കലാണ് ഇദ്ദഃയുടെ ഉദ്ദേശ്യങ്ങളിൽ പ്രധാനമായത്. പിതൃബന്ധത്തിൽ കലർപ്പോ സംശയമോ ഉണ്ടായേക്കുന്നത് ഇസ്ലാമിക ദൃഷ്ട്യാ വമ്പിച്ച ആപത്താണല്ലോ. വിവാഹത്തിന്ശേഷം വധൂവരൻമാർ തമ്മിൽ സമീപനം ഉണ്ടാകാതിരിക്കുന്ന പക്ഷം വിവാഹമോചനത്തിന്റെ പേരിൽ ഇദ്ദഃ ആവശ്യമില്ല എന്നാണ് ആയത്തിന്റെ സാരം.

'നിങ്ങളോട് അവർക്ക് ബാധ്യതയില്ല.' (مالكم عليهن) എന്നും നിങ്ങൾ എണ്ണിക്കണക്കാക്കുന്ന ഇദ്ദഃ' (عدة تعتدونها) എന്നുമുള്ള പ്രയോഗത്തിൽ ചില സൂചനകളുണ്ട്: സ്ത്രീ ഇദ്ദഃ ആചരിക്കുന്നത് പുരുഷന്റെ ഒരവകാശം വകവെച്ച് കൊടുക്കലാണ്. ഇത് സ്ത്രീകളുടെ കടമയാണ്. സന്താനത്തിന്റെ വംശബന്ധം പിതാവുമായിട്ടാണുള്ളത്.ഇദ്ദഃയുടെ കാലം മൊത്തക്കണക്കിൽ പൂർത്തിയാക്കിയാൽ പോരാ, കൃത്യമായിത്തന്നെ പൂർത്തിയാക്കണം എന്നൊക്കെയാണത്.

വിവാഹമോചനം നിമിത്തം ഭർത്താവുമായി വേർപെടുമ്പോൾ ഉണ്ടാകുന്ന സ്വാഭാവികമായ അസ്വാസ്ഥ്യത്തിന്ന് ഒരു താൽക്കാലിക ആശ്വാസമെന്ന നിലക്ക് ഭർത്താവ് ഭാര്യക്ക് കൊടുക്കേണ്ടതുള്ള വിഭവത്തിനാണ് 'മുത്അത്ത്' എന്ന് പറയുന്നത്. ഇത് എത്രയാണെന്ന് നിർണയിക്കപ്പെട്ടിട്ടില്ല. പരിതഃസ്ഥിതിയനുസരിച്ച് ഇത് കണക്കാക്കേണ്ടിയിരിക്കുന്നു. സൂ: അൽബഖറഃയിൽ പറയുന്നു:

وَمَتِّعُوهُنَّ عَلَى الْمُوسِعِ قَدَرُهُ وَعَلَى الْمُقْتِرِ قَدَرُهُ مَتَاعًا بِالْمَعْرُوفِ - البقرة:٢٣٦

സാരം: 'അവർക്ക് -വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകൾക്ക് -നിങ്ങൾ 'മുത്ത്അത്ത്' കൊടുക്കുകയും ചെയ്യണം. കഴിവുള്ളവന് അവന്റെ സാദ്ധ്യത അനുസരിച്ചും, തിടുക്കക്കാരന് അവന്റെ കഴിവനുസരിച്ചും ബാധ്യതയുണ്ട്, ഇതിനെത്തുടർന്നുള്ള (അൽബഖറഃയിലെ) ആയത്തിൽ, സ്പർശനത്തിന് മുമ്പ് വിവാഹമോചനം ചെയ്യപ്പെടുന്ന സ്ത്രീക്ക് 'മഹ്ർ' (വിവാഹമൂല്യം) നിർണയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ പകുതി കൊടുക്കണമെന്ന് വ്യക്തമാ

ക്കിയിരിക്കുന്നു. മാത്രമല്ല, ഇങ്ങനെ പകുതി 'മഹ്ർ' കൊടുക്കപ്പെടുന്നവൾക്ക് 'മുത്അത്ത്' കൊടുക്കൽ നിർബന്ധമില്ലെന്നും ആ ആയത്തുകളിൽനിന്ന് മനസ്സിലാക്കുവാൻ കഴിയും. ആകയാൽ, സ്പർശനത്തിനുമുമ്പ് വിവാഹമോചനം നൽകപ്പെടുന്നവൾക്ക് 'മുത്അത്ത്' കൊടുക്കണമെന്ന നിർബന്ധം, അവൾക്ക് മഹ്ർ നിർണയിക്കപ്പെടാത്തപ്പോഴാണെന്നും, 'മഹ്ർ' നിർണയിക്കപ്പെടാത്തപക്ഷം അവൾക്ക് 'മുത്ത്അത്ത്' മാത്രമേ നിർബന്ധമായി കൊടുക്കേണ്ടതുള്ളൂവെന്നും, മനസ്സിലാക്കാവുന്നതാകുന്നു. കൂടുതൽ വിശദീകരണത്തിന് അൽബക്വറഃ 236, 241 ആയത്തുകളുടെ വിവരണം നോക്കുക.

ഭംഗിയായ നിലയിൽ പിരിച്ചുവിടണം (سرحوهن سراحا جميلا) എന്ന് പറഞ്ഞത് പ്രത്യേകം ശ്രദ്ധാർഹമാണ്. ഭർത്താവിനും ഭാര്യക്കുമിടയിലുള്ള പെരുമാറ്റച്ചട്ടത്തിന്റെ ചുരുക്കം- ക്വുർആന്റെ ഭാഷയിൽ إمساك بمعروف أو تسريح بإحسان (സദാചാര മര്യാദയനുസരിച്ചുവെച്ചുകൊണ്ടിരിക്കുക, അല്ലെങ്കിൽ ഗുണകരമായ നിലക്ക് പിരിച്ചയക്കുക) എന്നുള്ളതാണ്. ദേഹത്തിലോ, മാനത്തിലോ, സ്വത്തിലോ, അവകാശത്തിലോ ഒന്നുംതന്നെ യാതൊരു അനീതിയും കൈകടത്തലും വരാതെയായിരിക്കണം ഭാര്യമാരെ പിരിച്ചുവിടുന്നത്.

يَـٰٓأَيُّهَا ٱلنَّبِىُّ إِنَّآ أَحْلَلْنَا لَكَ أَزْوَٰجَكَ ٱلَّـٰتِىٓ ءَاتَيْتَ أُجُورَهُنَّ وَمَا مَلَكَتْ يَمِينُكَ مِمَّآ أَفَآءَ ٱللَّهُ عَلَيْكَ وَبَنَاتِ عَمِّكَ وَبَنَاتِ عَمَّـٰتِكَ وَبَنَاتِ خَالِكَ وَبَنَاتِ خَـٰلَـٰتِكَ ٱلَّـٰتِى هَاجَرْنَ مَعَكَ

وَٱمْرَأَةً مُّؤْمِنَةً إِن وَهَبَتْ نَفْسَهَا لِلنَّبِىِّ إِنْ أَرَادَ ٱلنَّبِىُّ أَن يَسْتَنكِحَهَا خَالِصَةً لَّكَ مِن دُونِ ٱلْمُؤْمِنِينَ ۗ

﴿50﴾ ഹേ, നബിയേ, നീ പ്രതിഫലങ്ങൾ [വിവാഹമൂല്യങ്ങൾ] കൊടുത്തിട്ടുള്ളവരായ നിന്റെ ഭാര്യമാരെ നാം നിനക്ക് അനുവദനീയമാക്കിത്തന്നിരിക്കുന്നു; അല്ലാഹു നിനക്ക് 'ഫൈഅ്'ക്കി [യുദ്ധത്തിൽ കൈവശം വരുത്തി] ത്തന്നവരിൽ നിന്നും നിന്റെ വലങ്കൈ ഉടമയാക്കിയിട്ടുള്ളതും [അടിമസ്ത്രീകളെയും], നിന്റെ ഒന്നിച്ചു (രാജ്യം ത്യജിച്ചു) ഹിജ്റഃ പോന്നവരായ നിന്റെ പിതൃവ്യപുത്രിമാരെയും, അമ്മായികളുടെ പുത്രികളെയും, നിന്റെ അമ്മാമന്റെ പുത്രികളെയും, നിന്റെ ഇളയമ്മ- മൂത്തമ്മമാരുടെ പുത്രികളെയും.

സത്യവിശ്വാസിനിയായ ഒരു സ്ത്രീ അവളുടെ സ്വന്തം ദേഹം നബിക്ക് ദാനം നൽകിയെങ്കിൽ, നബി അവളെ വിവാഹം ചെയ്തെടുക്കുവാൻ ഉദ്ദേശിക്കുന്ന പക്ഷം- സത്യവിശ്വാസികൾക്കില്ലാതെ നിനക്ക് മാത്രമായുള്ളതന്ന നിലക്ക്- അവളെയും (അനുവദിച്ചിരിക്കുന്നു).

قَدۡ عَلِمۡنَا مَا فَرَضۡنَا عَلَيۡهِمۡ فِيٓ أَزۡوَٰجِهِمۡ وَمَا مَلَكَتۡ أَيۡمَٰنُهُمۡ لِكَيۡلَا يَكُونَ عَلَيۡكَ حَرَجٞۗ وَكَانَ ٱللَّهُ غَفُورٗا رَّحِيمٗا ﴿٥٠﴾

തീർച്ചയായും നമുക്കറിയാം, അവരുടെ ഭാര്യമാരുടെയും, അവരുടെ വലങ്കൈകൾ ഉടമയാക്കിയതിന്റെ [അടിമകളുടെ]യും കാര്യത്തിൽ അവരുടെ മേൽ നാം നിയമിച്ചിരിക്കുന്നതെന്താണെന്ന്, നിന്റെമേൽ യാതൊരു വിഷമവും ഉണ്ടാകാതിരിക്കുവാൻ വേണ്ടിയാകുന്നു (ഇതെല്ലാം നിനക്ക് അനുവദിച്ചത്). അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

﴾50﴿ يَا أَيُّهَا النَّبِيُّ ഹേ, നബിയേ إِنَّا أَحْلَلْنَا നാം അനുവദിച്ചു തന്നിരിക്കുന്നു, 'ഹലാലാ'ക്കിയിട്ടുണ്ട് لَكَ നിനക്ക് أَزْوَاجَكَ നിന്റെ ഭാര്യമാരെ اللَّاتِي آتَيْتَ നീ കൊടുത്തിട്ടുള്ളതായ أُجُورَهُنَّ അവരുടെ പ്രതിഫലങ്ങളെ وَمَامَلَكَتْ ഉടമയാക്കിയതും, അധീനമാക്കിയതും يَمِينُكَ നിന്റെ വലങ്കൈ مِمَّا യാതൊന്നിൽനിന്ന് أَفَاءَاللهُ അല്ലാഹു 'ഫൈഉ്'ക്കിത്തന്ന, യുദ്ധത്തിൽ കൈവശപ്പെടുത്തിത്തന്ന عَلَيْكَ നിനക്ക് وَبَنَاتِ عَمِّكَ നിന്റെ പിതൃവ്യന്റെ പുത്രികളെയും وَبَنَاتِ عَمَّاتِكَ നിന്റെ അമ്മായിമാരുടെ പുത്രികളെയും وَبَنَاتِ خَالِكَ നിന്റെ അമ്മാവന്റെ പുത്രികളെയും وَبَنَاتِ خَالَاتِكَ നിന്റെ ഇളയമ്മ-മൂത്തമ്മകളുടെ പുത്രികളെയും اللَّاتِي هَاجَرْنَ ഹിജ്റഃ വന്നവരായ مَعَكَ നിന്റെ ഒന്നിച്ച് وَامْرَأَةً مُؤْمِنَةً സത്യവിശ്വാസിനിയായ സ്ത്രീയെയും إِنْ وَهَبَتْ അവൾ ദാനം നൽകിയാൽ نَفْسَهَا അവളുടെ ദേഹം, അവളെത്തന്നെ لِلنَّبِيِّ നബിക്ക് إِنْ أَرَادَ النَّبِيُّ നബി ഉദ്ദേശിച്ചാൽ أَنْ يَسْتَنْكِحَهَا അവളെ വിവാഹം ചെയ്തെടുക്കുവാൻ خَالِصَةً لَكَ നിനക്ക് മാത്രമുള്ളതായിട്ട് مِنْ دُونِ الْمُؤْمِنِينَ സത്യവിശ്വാസികൾക്കില്ലാതെ, (കൂടാതെ) قَدْ عَلِمْنَا തീർച്ചയായും നമുക്കറിയാം, അറിഞ്ഞിട്ടുണ്ട് مَا فَرَضْنَا നാം നിയമിച്ചിട്ടുള്ളത്, നിയമിക്കേണ്ടത് عَلَيْهِمْ അവരുടെ മേൽ فِي أَزْوَاجِهِمْ അവരുടെ ഭാര്യമാരിൽ وَمَامَلَكَتْ ഉടമയാക്കിയതിലും أَيْمَانُهُمْ അവരുടെ വലങ്കൈകൾ لِكَيْلَا يَكُونَ ഉണ്ടാകാതിരിക്കുവാൻ വേണ്ടി عَلَيْكَ നിനക്ക്, നിന്റെമേൽ حَرَجٌ ഒരു വിഷമവും (ഇടുക്കവും) وَكَانَ اللهُ അല്ലാഹു ആകുന്നു غَفُورًا വളരെ പൊറുക്കുന്നവൻ, കരുണാനിധി رَحِيمًا കരുണാനിധി

നബി ﷺക്ക് വിവാഹം ചെയ്യാൻ അനുവദിക്കപ്പെട്ട സ്ത്രീകൾ ഏതൊക്കെയാണെന്ന് വിവരിക്കുന്നതാണ് ഈ വചനം.

1) നബി ﷺ മഹ്ർ കൊടുത്തു വിവാഹം കഴിച്ച നിലവിലുള്ള ഭാര്യമാർ തന്നെ.

2) 'ഫൈഉ്'യി ലഭിച്ച -അഥവാ യുദ്ധത്തിൽ ശത്രുഭാഗത്ത്നിന്ന് കൈവശം വന്ന- അടിമസ്ത്രീകളിൽ നബി ﷺ യുടെ ഉടമസ്ഥതയിലുള്ളവർ.

3) പിതൃവ്യൻ, അമ്മാവൻ, അമ്മായി, ഇളയമ്മ- മൂത്തമ്മ എന്നിവരുടെ പെൺമക്കളിൽ

നബി ﷺ യുടെ കൂടെ മദീനഃയിലേക്ക് ഹിജ്റഃപോന്നവർ. ഈ മൂന്ന് ഇനം സ്ത്രീകളും നബി ﷺ ക്കെന്നപോലെ മറ്റുള്ള സത്യവിശ്വാസികൾക്കും അനുവദനീയം തന്നെയാകുന്നു.

4) സത്യവിശ്വാസം സ്വീകരിച്ച സ്ത്രീകളിൽ ആരെങ്കിലും നബി ﷺ ക്ക് തന്റെ ദേഹത്തെ ദാനമാക്കുകയും, നബി ﷺ അവളെ വിവാഹംചെയ്തു സ്വീകരിക്കുവാൻ ഉദ്ദേശിക്കുകയും ചെയ്യുന്നപക്ഷം അത്തരം സ്ത്രീകൾ. ഒടുവിൽ പറഞ്ഞ ഈ ഇനം നബി ﷺ ക്ക് മാത്രം അനുവദനീയമായതും, മറ്റാർക്കും അനുവദിക്കപ്പെടാത്തതുമാകുന്നു. (خالصة لك من دون المؤمنين)

നബി ﷺ യുടെ മിക്ക ഭാര്യമാർക്കും 12 1/2 'ഊകിയഃ' വെള്ളി (*)യായിരുന്ന മഹ്ർ നിശ്ചയിക്കപ്പെട്ടിരുന്നത്. ഉമ്മുഹബീബഃ (റ)യുടെ വിവാഹം അബീസീനീയായിൽവെച്ച് നജ്ജാശി (നെഗാശീ) രാജാവ് മുഖാന്തരമാണ് ഉണ്ടായത്. നബി ﷺ ക്ക് വേണ്ടി അദ്ദേഹം അവർക്ക് 400 ദീനാർ (പൊൻപണം) മഹ്ർ കൊടുത്തു. സഫിയ്യഃ (റ) , ജുവൈരിയ്യഃ (റ) എന്നിവരുടെ മഹ്ർ അവരെ അടിമത്തത്തിൽനിന്ന് തിരുമേനി മോചിപ്പിച്ചുകൊടുത്തുവെന്നുള്ളതായിരുന്നു. ഈ രണ്ടുപേരും യുദ്ധത്തിൽ ചിറപിടിക്കപ്പെട്ടവരായിരുന്നു.

'വലങ്കൈ ഉടമയാക്കിയവർ' എന്ന് പറഞ്ഞത് സ്വന്തം ഉടമസ്ഥതയിലുള്ള അടിമകളെ ഉദ്ദേശിച്ചാകുന്നു. (ഈ പ്രയോഗത്തെക്കുറിച്ച് സൂ: മുഅ്മിനൂന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ നാം വിവരിച്ചുകഴിഞ്ഞതാണ്. അടിമത്തത്തെ സംബന്ധിച്ച് പല വിവരങ്ങളും സൂ: മുഹമ്മദിൽ കാണാം. إن شاء الله) യുദ്ധത്തിൽവെച്ച് 'ഫൈആയി' ലഭിക്കുന്നവർ– അഥവാ യുദ്ധത്തിൽ ചിറപിടിക്കപ്പെട്ടു അധീനത്തിൽ വന്നവർ– എന്ന് അടിമകളെ വിശേഷിപ്പിച്ചതുകൊണ്ട് ഒരാൾക്ക് ദാനമായി ലഭിച്ചതോ, അയാൾ വിലക്ക് വാങ്ങിയതോ ആയ അടിമസ്ത്രീകൾ തീരെ അനുവദനീയമല്ല എന്നുദ്ദേശ്യമാക്കിക്കൂടാത്തതാണ്. കാരണം, ഇങ്ങനെയുള്ള അടിമകളുടെ ഉടമസ്ഥതയും ഇസ്‌ലാമിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. നബി തിരുമേനി ﷺ യുടെ ദമ്പതിയായിരുന്ന മാരിയഃ (مارية القبطية – رضـ) എന്ന മഹതി ഒരു അടിമസ്ത്രീയായിരുന്നുവല്ലോ. ഈജിപ്തിലെ ഭരണാധികാരിയായിരുന്ന മുക്വൗകിസ് തിരുമേനിക്ക് അവരെ സമ്മാനമായി അയച്ചുകൊടുത്തതായിരുന്നു. ഇവരിലാണ് തിരുമേനിയുടെ പുത്രൻ ഇബ്റാഹീം ജനിച്ചതും. ഈ സൂറത്ത് അവതരിച്ചതിന് ശേഷമായിരുന്നു അത്. അപ്പോൾ, 'അല്ലാഹു നിനക്ക് ഫൈആക്കിത്തന്നിട്ടുള്ള' (مما أفاء الله عليك) എന്ന് വിശേഷിപ്പിച്ചത് അടിമകളുടെ ഉത്ഭവത്തെയും, അടിമകളിൽവെച്ച് കൂടുതൽ ഉത്തമമായ വകുപ്പിനെയും ചൂണ്ടിക്കാണിച്ചതാണെന്ന് മനസ്സിലാക്കാം. നബി ﷺ ക്കും സത്യവിശ്വാസികൾക്കും 'ഫൈഉ്' അനുവദനീയമാക്കിയത് അല്ലാഹു അവർക്ക് ചെയ്തുകൊടുത്ത ഒരു അനുഗ്രഹമാണെന്ന സൂചനയും അതിലടങ്ങിയിരിക്കുന്നു. യുദ്ധത്തിൽ ലഭിക്കുന്ന സ്വത്തുക്കൾ (الغنيمة) മുമ്പുള്ള നബിമാർക്ക് അനുവദിക്കപ്പെട്ടിരുന്നില്ലെന്നും, അത് നബി ﷺ ക്ക് സിദ്ധിച്ച പ്രത്യേകതകളിൽ ഒന്നാണെന്നും തിരുമേനി പ്രസ്താവിച്ചതായി പ്രധാന ഹദീഥ് ഗ്രന്ഥങ്ങളിലെല്ലാം കാണാവുന്നതാണ്.

ചില മതസ്ഥർ വളരെ അകന്ന കുടുംബബന്ധം പോലുമുള്ള സ്ത്രീകളെ വിവാഹം ചെയ്യാറില്ല. മറ്റ് ചില മതസ്ഥർ സഹോദരസഹോദരിമാരുടെ മക്കളെപ്പോലും വിവാഹം നടത്താറുമുണ്ട്. ഇസ്‌ലാമാകട്ടെ, രണ്ടിനുമിടയിൽ ഒരു മദ്ധ്യനില അംഗീകരിച്ചിരിക്കുകയാണ്. മാതാപിതാക്കളുടെ നേരെ സഹോദരസഹോദരിമാരെ അന്യോന്യം വിവാഹബന്ധം പാടില്ലാത്ത

(*) ഊകിയഃ (أوقية)ക്ക് 40 ദിർഹം (വെള്ളിപ്പണം) ആകുന്നു.

അടുത്ത ബന്ധുക്കളായും, അവരുടെ മക്കളെയും, അവരെക്കാൾ അകന്നവരെയും പരസ്പരം വിവാഹബന്ധത്തിലേർപ്പെടാവുന്ന കുടുംബങ്ങളായും ഇസ്ലാം ഗണിക്കുന്നു. 'നിന്റെ പിതൃവ്യന്റെയും അമ്മായികളുടെയും, അമ്മാവന്റെയും ഇളയമ്മ-മൂത്തമ്മമാരുടെയും പുത്രിമാരെയും' എന്ന് പ്രത്യേകം എടുത്ത് പറഞ്ഞത് ഈ വസ്തുത വ്യക്തമാക്കിയതാകുന്നു.

ഇവരെക്കുറിച്ച് 'നിന്റെ ഒന്നിച്ച് ഹിജ്റഃ പോന്നവരായ (اللآتى هاجرن معك)' എന്നും വിശേഷിപ്പിച്ചിരിക്കുന്നുവല്ലോ. ഈ ഇനങ്ങളിൽ അന്ന് മദീനഃയിൽ നിലവിലുണ്ടായിരുന്ന സ്ത്രീകൾ മക്കഃയിൽ നിന്നുള്ള ഹിജ്റഃയിൽ പങ്കെടുത്തവരായിരുന്നു. മാത്രമല്ല, അക്കാലത്ത് ശിർക്കിന്റെ നാടുകളി (دار الشرك)ൽ നിന്ന് ഇസ്ലാമിനെ അംഗീകരിച്ചവർ ഇസ്ലാമിന്റെ നാട്ടി(دار الاسلام)ലേക്ക് ഹിജ്റഃ പോരേണ്ടതും ഉണ്ടായിരുന്നു. ആ നിലക്ക് ഇസ്ലാമിന് വേണ്ടി കഷ്ടനഷ്ടങ്ങളും ത്യാഗങ്ങളും സഹിച്ചുവരുന്ന ആ സ്ത്രീകൾക്ക് മറ്റുള്ളവരെക്കാൾ മുൻഗണന നൽകേണ്ടതുമുണ്ട്. ഈ വിശേഷണംകൊണ്ടുദ്ദേശ്യം ഇതൊക്കെയാണ്. അല്ലാതെ, ഹിജ്റഃ പോരാത്തവരെ വിവാഹം ചെയ്യാൻ പാടില്ലെന്ന് വിരോധിക്കുകയല്ല ഇതുകൊണ്ടുദ്ദേശ്യം. ഇസ്ലാമിന് വിജയം കൈവന്നതിന് ശേഷം അടിയന്തിരഘട്ടം നേരിട്ടാലല്ലാതെ- ഹിജ്റഃയില്ല (لا هجرة بعد الفتح) എന്നുള്ളതും സ്മരണീയമാകുന്നു. പക്ഷേ, നബി ﷺ യെ സംബന്ധിച്ചിടത്തോളം ഹിജ്റഃയിൽ പങ്കുള്ള കുടുംബങ്ങളെ മാത്രമേ വിവാഹം കഴിക്കാവൂ എന്നും വരാവുന്നതാണ്. (كما فى البيضاوى وغيره)

അവസാനത്തെ ഇനം സ്ത്രീകളെ നബി ﷺക്ക് പ്രത്യേകമായി അല്ലാഹു അനുവദിച്ച് കൊടുത്തതാണെന്ന് അല്ലാഹുതന്നെ വ്യക്തമാക്കിയിരിക്കുന്നു. ആകയാൽ, ഏതെങ്കിലും ഒരു സ്ത്രീ തനിക്ക് മഹ്റിന്റെ ആവശ്യമില്ലെന്നും, തന്റെ ദേഹം ദാനമായിത്തരുന്നുവെന്നും പറഞ്ഞാൽ, അവളെ ആ നിലക്ക് ഭാര്യയായി സ്വീകരിക്കുവാൻ ഒരു മുസ്ലിമിനും പാടുള്ളതല്ല. അങ്ങനെയുള്ള വിവാഹബന്ധം ഇസ്ലാമിക ദൃഷ്ടിയിൽ സാധുവുമല്ല. ആദ്യത്തെ മൂന്ന് ഇനം സ്ത്രീകളെക്കുറിച്ചും പ്രസ്താവിച്ചപ്പോൾ- നബി ﷺയെ അഭിമുഖീകരിച്ചുകൊണ്ട്- 'നിന്റെ' എന്നും 'നിനക്ക്' എന്നുമായിരുന്നു പ്രയോഗം. ഈ ഇനത്തെക്കുറിച്ച് പ്രസ്താവിച്ചപ്പോൾ ശൈലിയിൽ അല്ലാഹു മാറ്റം വരുത്തിയത് നോക്കുക. 'നബിക്ക് അവളുടെ ദേഹം ദാനം നൽകിയെങ്കിൽ' എന്നും, 'നബി ﷺ അവളെ വിവാഹം ചെയ്തു സ്വീകരിക്കാൻ ഉദ്ദേശിച്ചെങ്കിൽ' എന്നും (إن وهبت نفسها للنبي – ان اراد النبي ان يستنكحها) ആണല്ലോ ഇവിടത്തെ വാചകം. മുൻശൈലിയനുസരിച്ചാണെങ്കിൽ 'നീ' എന്നും 'നിനക്ക്' എന്നും പറയേണ്ടതായിരുന്നു. നബി ﷺ ഒരു പ്രവാചകനെന്ന നിലക്കും- താഴെ വരുന്ന ആയത്തുകളിൽ നിന്നും ആഇശഃ (റ)യുടെ പ്രസ്താവനയിൽ നിന്ന് വ്യക്തമാകുന്നതുപോലെ- തിരുമേനിക്ക് അല്ലാഹു കൊടുത്തരുളിയ പ്രത്യേകതകളിൽ ഒന്നെന്നനിലക്കുമാണ് ഈ അനുവാദം എന്നത്രെ ഈ പ്രയോഗം കാണിക്കുന്നത്. സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം നബി അവരുടെ സ്വന്തം ദേഹത്തെക്കാൾ ബന്ധപ്പെട്ടവനാണ് (النبي اولى بالمؤمنين من أنفسهم) എന്നുള്ള 6-ാം വചനം ഇവിടെ അനുസ്മരണീയമാണ്. നബി ﷺയുടെ ഭാര്യയായി ജീവിക്കുവാൻ- സ്വന്തം അവകാശങ്ങളെ അവഗണിച്ചുകൊണ്ട്- ഒരു സ്ത്രീ ആവേശവും അപേക്ഷയും സമർപ്പിക്കുമ്പോൾ അത് അവളുടെ സത്യവിശ്വാസത്തിന്റെയും, ത്യാഗമനഃസ്ഥിതിയുടെയും ആഴത്തെയാണല്ലോ കാണിക്കുന്നത്. അവളുടെ അപേക്ഷ നിരസിക്കുന്നത് എത്രമാത്രം സങ്കടമായിരിക്കും?! നുബുവ്വത്തിന്റെ പദവിയെക്കുറിച്ച് സാമാന്യം അറിവോ, സത്യവിശ്വാസത്തിന്റെ മധുരിമയോ സിദ്ധിക്കാത്തവർക്ക് മാത്രമേ ഇതിലടങ്ങിയ യുക്തിരഹസ്യത്തെപ്പറ്റി സംശയിക്കുവാൻ അവകാശ

മുള്ളൂ.

നബി ﷺയുടെ ഭാര്യമാരിൽ ഒരാളായ സൗദഃ (റ)യെ അവിടുന്ന് വിവാഹമോചനം ചെയ്യാൻ ഉദ്ദേശിക്കുകയുണ്ടായി. തന്നെ വിവാഹമോചനം ചെയ്യരുതെന്നും, തനിക്ക് യാതൊരവകാശവും വകവെച്ചു തരേണ്ടതില്ലെന്നും, തിരുമേനിയുടെ ഭാര്യമാരിൽ ഒരാളായിക്കൊണ്ട് 'മഹ്ശറി'ൽ ഒരുമിച്ചുകൂടുകമാത്രമാണ് തന്റെ ഉദ്ദേശ്യമെന്നും ആ മഹതി തിരുമേനിയോടപേക്ഷിച്ചു. അതനുസരിച്ച് നബി ﷺ അവരുടെ അടുക്കൽ താമസിക്കാറുണ്ടായിരുന്ന ഊഴം അവർ ആഇശഃ (റ)യുടെ ഊഴത്തിൽ കൂട്ടിച്ചേർത്തു. സ്വന്തം ദേഹത്തെ നബി ﷺക്ക്ദാനം ചെയ്ത ഒരു മഹതിയായിരുന്നു ഖൗലഃ (റ). വളരെ സദ്വൃത്തയായ ഒരു മഹതിയായിരുന്നു അവർ. വേറെയും ചില സ്ത്രീകൾ നബി ﷺക്ക് സ്വയം ദാനം ചെയ്തതായി നിവേദനങ്ങൾ വന്നിട്ടുണ്ട്. എങ്കിലും, ഇങ്ങനെ ദാനംചെയ്ത ഒരു സ്ത്രീയുമായി തിരുമേനി ദാമ്പത്യസമ്പർക്കം ഉണ്ടായിട്ടില്ലെന്ന് ഇമാം അസ്ക്വലാനീ (റ) മുതലായവർ പ്രസ്താവിച്ചിരിക്കുന്നു. (كما فى الفتح وغيره)

ആഇശഃ (റ) പ്രസ്താവിച്ചതായി ഇമാം ബുഖാരിയും, മുസ്ലിമും (റ) ഇപ്രകാരം നിവേദനം ചെയ്തിരിക്കുന്നു: നബി ﷺക്ക് സ്വന്തം ദേഹത്തെ ദാനം നൽകുന്ന സ്ത്രീകളെക്കുറിച്ച് എനിക്ക് ദ്വേഷ്യം തോന്നാറുണ്ടായിരുന്നു. ഒരു സ്ത്രീ അവളുടെ ദേഹത്തെ ദാനം കൊടുക്കുകയോ?! എന്ന് ഞാൻ പറഞ്ഞിരുന്നു. അങ്ങനെ, ...ترجى من تشاء എന്നുള്ള (അടുത്ത) ക്വുർആൻവചനം അവതരിച്ചപ്പോൾ ഞാൻ പറഞ്ഞുപോയി: ما ارى ربك الا يسارع فى هواك (അങ്ങയുടെ റബ്ബ് അങ്ങയുടെ ഇഷ്ടത്തിൽ ധൃതി കൂട്ടുന്നതായിട്ടല്ലാതെ എനിക്ക് കാണുമാറാകുന്നില്ല!) സ്വന്തം ദേഹത്തെ നബി ﷺക്ക് ദാനം നൽകാൻ ഒരു സ്ത്രീ സന്നദ്ധയാകുന്നത് ആ സ്ത്രീക്ക് തിരുമേനിയുടെ ഭാര്യാപദവി സിദ്ധിക്കുവാനുള്ള അത്യാഗ്രഹംകൊണ്ട് മാത്രമാണെന്ന് അനസ് (റ) തന്റെ മകളോട് പറഞ്ഞതായി ഇമാം ബുഖാരിയും അഹ്മദും (റ) നിവേദനം ചെയ്യുന്നു. വിവാഹം കഴിക്കുന്നതിലും, അടിമസ്ത്രീകളെ ദമ്പതിമാരായി സ്വീകരിക്കുന്നതിലും സത്യവിശ്വാസികൾ വേറെയും പല നിയമങ്ങളും, മര്യാദകളും പാലിക്കേണ്ടതുണ്ട്. നാലിൽ കൂടുതൽ ഭാര്യമാരെ ആർക്കും വിവാഹം കഴിച്ചുകൂടാ, മഹ്ർ കൊടുക്കൽ എല്ലാവർക്കും നിർബന്ധമാണ്. സാക്ഷികൾ വേണം, കൈകാര്യക്കാരൻ– 'വലിയ്യ്– വേണം, ഇങ്ങനെ പലതും. ഇവിടെ അതൊന്നും വിവരിച്ചിട്ടില്ല. ക്വുർആനിലെ മറ്റ് ചില വചനങ്ങളിൽനിന്നും, നബിചര്യയിൽനിന്നും അത് മനസ്സിലാക്കേണ്ടിയിരിക്കുന്നു. 'അവരുടെ ഭാര്യമാരുടെയും വലങ്കൈ ഉടമയാക്കിയവരുടെയും കാര്യത്തിൽ നിയമിച്ചിട്ടുള്ളത് നമുക്കറിയാം. (قد علمنا ما فرضنا) എന്ന് പറഞ്ഞതിന്റെ താൽപര്യം ഇതൊക്കെയാണ്. തുടർന്നുകൊണ്ട് നബി ﷺയെ സംബന്ധിച്ച് വിവാഹവിഷയത്തിൽ ചില പ്രത്യേക നിയമങ്ങളും വിട്ടുവീഴ്ചയും ഏർപ്പെടുത്തുവാനുള്ള കാരണം അല്ലാഹു ചൂണ്ടിക്കാട്ടിയത് നോക്കുക: لكيلا يكون عليك حرج (നിന്റെ മേൽ യാതൊരു വിഷമവും ഉണ്ടാകാതിരിക്കുവാൻ വേണ്ടിയാണ്.) നബി ﷺ തിരുമേനിക്ക് അല്ലാഹുവിങ്കലുള്ള സ്ഥാനപദവി എത്രമാത്രം മഹത്തരമാണെന്ന് ഈ വാക്യത്തിൽനിന്നും, അടുത്ത വചനത്തിൽനിന്നും– അല്ല, ഈ സൂറഃയിലെ പല ആയത്തുകളിൽനിന്നും– ഏറെക്കുറെ ഊഹിക്കാവുന്നതാണ്. അല്ലാഹു പറയുന്നു:–

۞ تُرْجِى مَن تَشَآءُ مِنْهُنَّ وَتُـْٔوِىٓ إِلَيْكَ مَن تَشَآءُ ۖ وَمَنِ ٱبْتَغَيْتَ مِمَّنْ عَزَلْتَ فَلَا جُنَاحَ عَلَيْكَ ۚ ذَٰلِكَ أَدْنَىٰٓ أَن تَقَرَّ أَعْيُنُهُنَّ وَلَا يَحْزَنَّ وَيَرْضَيْنَ بِمَآ ءَاتَيْتَهُنَّ كُلُّهُنَّ

وَٱللَّهُ يَعْلَمُ مَا فِى قُلُوبِكُمْ ۚ وَكَانَ ٱللَّهُ عَلِيمًا حَلِيمًا ﴿٥١﴾

﴾51﴿ അവരിൽ [ഭാര്യമാരിൽ] നിന്ന് നീ ഉദ്ദേശിക്കുന്നവരെ പിന്നോട്ട് (മാറ്റി) നിറുത്താം; നീ ഉദ്ദേശിക്കുന്നവരെ നിന്നിലേക്ക് അടുപ്പിച്ചുകൊള്ളുകയും ചെയ്യാം. നീ വിട്ടുനിറുത്തിയവരിൽ ആരെയെങ്കിലും നീ ആവശ്യപ്പെടുന്നതായാലും നിനക്ക് തെറ്റില്ല. അവരുടെ കണ്ണുകൾ കുളിർക്കുവാനും, അവർ വ്യസനിക്കാതിരിക്കുവാനും, നീ അവർക്ക് കൊടുത്തതുകൊണ്ട് അവർ -അവരെല്ലാവരും- തൃപ്തിപ്പെടുവാനും കൂടുതൽ അടുപ്പമായ [സൗകര്യപ്രദമായ]താണത്.

നിങ്ങളുടെ ഹൃദയങ്ങളിലുള്ളതിനെ അല്ലാഹു അറിയുന്നതാകുന്നു. അല്ലാഹു സർവ്വജ്ഞനും, സഹനമുള്ളവനുമാകുന്നു.

﴾51﴿ تُرْجِي നിനക്ക് പിന്നോട്ട് നിറുത്താം, പിന്തിക്കാം مَنْ تَشَاءُ നീ ഉദ്ദേശിക്കുന്നവരെ مِنْهُنَّ അവരിൽ നിന്ന് وَتُؤْوِي നിനക്ക് അടുപ്പിക്കുകയും ചെയ്യാം, അണപ്പിക്കാം إِلَيْكَ നിങ്കലേക്ക് مَنْ تَشَاءُ നീ ഉദ്ദേശിക്കുന്നവരെ وَمَنِ ഏതൊരാളെ, ആരെയെങ്കിലും ابْتَغَيْتَ നീ ആവശ്യപ്പെട്ടാൽ, നിനക്ക് വേണമെന്നുവെച്ചാൽ مِمَّنْ عَزَلْتَ നീ വിട്ടുനിറുത്തിയ (അകറ്റിവെച്ച)വരിൽ നിന്ന് فَلَا جُنَاحَ എന്നാൽ തെറ്റില്ല عَلَيْكَ നിന്റെ മേൽ ذَٰلِكَ أَدْنَىٰ അത് കൂടുതൽ അടുപ്പം (സൗകര്യം) ഉള്ളതാണ് أَنْ تَقَرَّ കുളിർക്കുവാൻ (സമാധാനിക്കുവാൻ) أَعْيُنُهُنَّ അവരുടെ കണ്ണുകൾ وَلَا يَحْزَنَّ അവർ വ്യസനിക്കാതിരിക്കുവാനും وَيَرْضَيْنَ അവർ തൃപ്തിപ്പെടുവാനും بِمَا آتَيْتَهُنَّ നീ അവർക്ക് കൊടുത്തതുകൊണ്ട് كُلُّهُنَّ അവരെല്ലാവരും وَاللَّهُ يَعْلَمُ അല്ലാഹു അറിയുന്നു مَا فِي قُلُوبِكُمْ നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് وَكَانَ اللَّهُ അല്ലാഹു ആകുന്നു عَلِيمًا സർവ്വജ്ഞൻ حَلِيمًا സഹനമുള്ളവൻ

നബി ﷺ ക്ക് ഇഷ്ടപ്പെട്ടവരുമായി വിവാഹബന്ധം തുടരാം. അല്ലാത്തവരെ വിവാഹമോചനം നൽകി വിടാം. നിലവിലുള്ള ഭാര്യമാർക്കിടയിൽ- ഇന്നിന്ന ദിവസങ്ങളിൽ ഇന്നിന്നവരുടെ കൂടെ താമസിക്കുക എന്ന് ഊഴം നിശ്ചയിക്കാം. ഇതിൽനിന്ന് ഒഴിവാക്കണമെന്ന് തോന്നുന്നവരെ ഒഴിവാക്കുകയും ചെയ്യാം എന്നൊക്കെയാണ് 'നീ ഉദ്ദേശിക്കുന്നവരെ പിന്നോട്ട് മാറ്റി നിർത്തുകയും, ഉദ്ദേശിക്കുന്നവരെ നിന്നിലേക്ക് അടുപ്പിക്കുകയും ചെയ്യാം' എന്ന് പറഞ്ഞതിന്റെ സാരം. ഒന്നിലധികം ഭാര്യമാരുള്ളവർ അവർക്കിടയിൽ താമസത്തിന് സമമായി ഊഴം നിശ്ചയിക്കൽ നിർബന്ധമാണ് നബി ﷺ യെ സംബന്ധിച്ചിടത്തോളം അത് നിർബന്ധമില്ലെന്നും, യുക്തം

പോലെ ചെയ്യാമെന്നും ഇതിൽനിന്ന് മനസ്സിലാക്കാം. ഇതനുസരിച്ച് തിരുമേനി ചില ഭാര്യ മാരെ ഊഴത്തിന്റെ നിർബന്ധത്തിൽനിന്ന് ഒഴിവാക്കിയെന്നും, പക്ഷേ, അത് പ്രാവർത്തികമാ ക്കാതെ വീണ്ടും ഊഴം പാലിക്കുകതന്നെ ചെയ്തിരുന്നുവെന്നും ബലവത്തായ ഹദീഥുക ളിൽ കാണാവുന്നതാണ്. ഇമാം അഹ്മദ് (റ) മുതലായവർ ഉദ്ധരിച്ച ഒരു ഹദീഥിൽ ആഇശഃ (റ) പറയുന്നു: നബി ﷺ അവിടുത്തെ ഭാര്യമാർക്കിടയിൽ (ദിവസങ്ങൾ) ഭാഗിക്കുകയും, അതിൽ നീതി പാലിക്കുകയും ചെയ്തിരുന്നു. എന്നിട്ടും അവിടുന്ന് ഇങ്ങനെ പറയുമായി രുന്നു: اللهم هذا فعلى فيما املك فلا تلمنى فيما تملك و لا أملك (അല്ലാഹുവേ, എന്റെ അധീനത്തിൽപ്പെട്ട കാര്യത്തിലുള്ള എന്റെ പ്രവൃത്തിയാണിത്. നിന്റെ അധീനത്തിലുള്ളതും, എന്റെ അധീന ത്തിലല്ലാത്തതുമായ കാര്യത്തിൽ നീ എന്നെ കുറ്റപ്പെടുത്തരുതേ!)

വിവാഹമോചനം നൽകിയവരെ വീണ്ടും വിവാഹത്തിലേക്ക് മടക്കി എടുക്കുകയും, ഊഴ ത്തിൽനിന്ന് ഒഴിവാക്കിയവർക്ക് വീണ്ടും ഊഴം വകവെച്ചുകൊടുക്കുകയും ചെയ്യുന്നതിന് വിരോ ധമില്ല എന്നാണ് ആയത്തിലെ അടുത്തവാക്യം കാണിക്കുന്നത്. അഥവാ നബി തിരുമേനി ﷺക്ക് യുക്തവും, ഹിതവും അനുസരിച്ച് പ്രവർത്തിച്ചുകൊള്ളുവാൻ അല്ലാഹു അനുവാദം നൽകിയിരിക്കുന്നു. അതുകൊണ്ട് ഏതെങ്കിലും ഒരു സ്ത്രീയെ അകറ്റിനിറുത്തിയതിലോ, മറ്റവളെ അടുപ്പിച്ചതിലോ തിരുമേനിയുടെമേൽ ആക്ഷേപത്തിന് വഴിയില്ല. ഇന്നപ്രകാ രമേ ചെയ്യാവൂ എന്ന് നിർബന്ധം നിശ്ചയിച്ചിട്ടില്ലല്ലോ. തിരുമേനിയാണെങ്കിൽ നീതിക്കും മര്യാ ദക്കും എതിരായി ഒന്നും പ്രവർത്തിക്കുന്ന ആളുമല്ല. അപ്പോൾ, ഭാര്യമാരുടെ കാര്യത്തിൽ അവിടുന്ന് സ്വീകരിക്കുന്ന നയങ്ങളെല്ലാം ഔദാര്യപൂർവ്വമായിരിക്കും. തിരുമേനിയുടെ ഭാര്യ മാരാകട്ടെ, ഐഹികസുഖസൗകര്യങ്ങളെക്കാൾ അല്ലാഹുവിന്റെയും, റസൂലിന്റെയും പ്രീതിയെ ലക്ഷ്യമാക്കി നിലകൊള്ളുന്നവരാണ് താനും. ചുരുക്കത്തിൽ, നബി ﷺക്ക്മേൽ പ്രസ്താവിച്ച സ്വാതന്ത്ര്യം അല്ലാഹു വിട്ടുകൊടുത്തുകൊണ്ട് അവിടുത്തെ ഭാര്യമാർക്ക് സന്തോഷവും മനസ്സമാധാനവും ഉണ്ടാകുവാനേ അവകാശമുള്ളൂ. അവകാശവാദങ്ങൾ പുറ പ്പെടുവിക്കുവാനോ, അതിന്റെ പേരിൽ വഴക്കും പിണക്കവും ഉണ്ടാക്കുവാനോ പിന്നെ പഴുതു ണ്ടായിരിക്കുന്നതുമല്ല. 'അവരുടെ കണ്ണുകൾ കുളിർക്കുവാനും' (ذلك أدنى أن تقر ....) എന്ന് തുടങ്ങിയ വാക്യത്തിന്റെ വിവരണത്തിൽ ഇമാം ഇബ്നുജരീർ (റ), ഇബ്നുകഥീർ (റ) മുതലായ പ്രധാന ക്വുർആൻ വ്യാഖ്യാതാക്കളെല്ലാം സ്വീകരിച്ചതും, ക്വുർആന്റെ വാക്യ ങ്ങളോടും ഹദീഥുകളോടും കൂടുതൽ അനുയോജ്യവുമായ വിവരണമാണ് മുകളിൽ കണ്ട ത്. ഈ വാക്യത്തിന് ചിലർ വേറെ വ്യാഖ്യാനം നൽകിയിട്ടുണ്ടെങ്കിലും അത് ശക്തമായി ത്തോന്നുന്നില്ല.

28 മുതൽ 34 കൂടിയ ആയത്തുകളിൽ നബി ﷺയുടെ ഭാര്യമാരെക്കുറിച്ച് പലതും പ്രസ്താ വിച്ചു. ഐഹികസുഖങ്ങളെ ഉദ്ദേശിക്കുന്നവർക്ക് നബി ﷺയെ വിട്ടുപിരിഞ്ഞുപോയിക്കൊള്ളാ മെന്നും, അല്ലാത്തവർ തിരുമേനിയൊന്നിച്ച് അച്ചടക്കത്തോടും അനുസരണയോടുംകൂടി ജീവിക്കണമെന്നും അറിയിച്ചു. അവരുടെ ഉന്നതപദവികളെയും, അവരുടെ കടമകളെയും വിവരിക്കുകയും ചെയ്തു. 50– ാം വചനത്തിൽ നബി ﷺക്ക് വിവാഹം ചെയ്യാവുന്ന സ്ത്രീകൾ ഏതെല്ലാമെന്ന് വ്യക്തമാക്കി. തുടർന്ന്കൊണ്ട് ഇഷ്ടപ്പെട്ട ഭാര്യമാരെ സ്വീകരിക്കുവാനും അല്ലാത്തവരെ വിട്ടേക്കുവാനും മറ്റുമുള്ള സ്വാതന്ത്ര്യങ്ങൾ തിരുമേനിക്ക് നൽകുകയും ചെയ്തു. എനി, ഇപ്പോൾ നബി ﷺയൊന്നിച്ച് നിലവിലുണ്ടായിരിക്കുന്ന ഭാര്യമാരെല്ലാംതന്നെ, പിരി ഞ്ഞുപോകുകയോ, പിരിച്ചുവിടുകയോ ചെയ്യേണ്ടുന്ന ആവശ്യമില്ലാത്തവരും, മരണംവരെ നബി ﷺയുടെ ഭാര്യമാരായിരിക്കുവാൻ തികച്ചും അർഹരായ ഭാഗ്യവതികളും ആയിരി ക്കുമല്ലോ.

لَّا يَحِلُّ لَكَ ٱلنِّسَآءُ مِنۢ بَعْدُ وَلَآ أَن تَبَدَّلَ بِهِنَّ مِنْ أَزْوَٰجٍ وَلَوْ أَعْجَبَكَ حُسْنُهُنَّ إِلَّا مَا مَلَكَتْ يَمِينُكَ ۗ وَكَانَ ٱللَّهُ عَلَىٰ كُلِّ شَىْءٍ رَّقِيبًا ﴿٥٢﴾

﴾52﴿ ശേഷം (ഇനിമേലിൽ) നിനക്ക് സ്ത്രീകൾ [ഭാര്യമാർ] അനുവദനീയമാകുന്നതല്ല; (പുതുതായി) വല്ല ഭാര്യമാരെയും ഇവർക്ക് പകരം സ്വീകരിക്കുകയും പാടില്ല- അവരുടെ നൻമ (അഥവാ സൗന്ദര്യം) നിന്നെ ആശ്ചര്യപ്പെടുത്തിയാലും ശരി; നിന്റെ വലങ്കൈ ഉടമപ്പെടുത്തിയവരൊഴികെ, (അവരെ സ്വീകരിക്കാം.) അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും വീക്ഷിച്ചുകൊണ്ടിരിക്കുന്നവനാകുന്നു.

﴾52﴿ لَا يَحِلُّ لَكَ നിനക്ക് അനുവദനീയമാകയില്ല النِّسَاءُ സ്ത്രീകൾ (ഭാര്യമാർ) مِنۢ بَعْدُ ശേഷം, പിന്നീട് (മേലിൽ) وَلَا أَن تَبَدَّلَ നീ പകരം സ്വീകരിക്കലും പാടില്ല بِهِنَّ അവർക്ക് ഇവർക്ക് مِنْ أَزْوَاجٍ വല്ല ഭാര്യമാരെയും وَلَوْ أَعْجَبَكَ നിന്നെ ആശ്ചര്യ (കൗതുക)പ്പെടുത്തിയാലും حُسْنُهُنَّ അവരുടെ നന്മ, ഗുണം إِلَّا مَا مَلَكَتْ ഉടമപ്പെടുത്തിയതൊഴികെ يَمِينُكَ നിന്റെ വലങ്കൈ وَكَانَ اللَّهُ അല്ലാഹു ആകുന്നു عَلَىٰ كُلِّ شَيْءٍ എല്ലാ കാര്യത്തെക്കുറിച്ചും رَقِيبًا വീക്ഷിച്ചുകൊണ്ടിരിക്കുന്നവൻ

ഈ വചനം അവതരിക്കുമ്പോൾ തിരുമേനിയുടെ ഭാര്യമാരായി ഒമ്പതുപേരാണ് നിലവിലുണ്ടായിരുന്നത്. ആഇശഃ, ഹഫ്സ്വഃ, ഉമ്മുഹബീബഃ, സൗദഃ, ഉമ്മുസലമഃ, സ്വഫിയ്യഃ, മൈമൂനഃ, സൈനബ്, ജുവൈരിയ്യഃ (റ) എന്നിവരാണവർ. (*) ഇതിന്നുശേഷം നബി ﷺ പുതുതായി വിവാഹം ചെയ്യുകയുണ്ടായിട്ടില്ല. ഒരു ഭാര്യയെ വിവാഹമോചനം ചെയ്തു പകരം പുതിയൊരു ഭാര്യയെ സ്വീകരിക്കലും ഉണ്ടായിട്ടില്ല. ഇബ്റാഹീം എന്ന കുട്ടിയുടെ മാതാവും ഈജിപ്തിൽനിന്ന് സമ്മാനമായി അയച്ചുകൊടുക്കപ്പെട്ട അടിമസ്ത്രീയുമായിരുന്ന മാരിയ്യഃ (റ)യെ തിരുമേനി സ്വീകരിച്ചത് ഈ വചനം അവതരിച്ചതിനുശേഷമായിരുന്നു. അടിമസ്ത്രീകളെ സ്വീകരിക്കുന്നതിന് വിരോധമില്ലെന്ന് പ്രത്യേകം എടുത്തു പറഞ്ഞിട്ടുള്ളതാണല്ലോ.

വിഭാഗം - 7

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَدْخُلُوا۟ بُيُوتَ ٱلنَّبِىِّ إِلَّآ أَن يُؤْذَنَ لَكُمْ إِلَىٰ طَعَامٍ غَيْرَ نَٰظِرِينَ إِنَىٰهُ

﴾53﴿ ഹേ, വിശ്വസിച്ചവരേ, നബിയുടെ വീടുകളിൽ വല്ല ഭക്ഷണത്തിലേക്കും (ക്ഷണിച്ചുകൊണ്ട്) നിങ്ങൾക്ക് അനുവാദം കിട്ടിയാലല്ലാതെ നിങ്ങൾ പ്രവേശിക്കരുത്; അതിന്റെ പാകം [വേവ്] നോക്കിക്കൊണ്ടിരിക്കുന്നവരല്ലാത്ത നിലക്ക് (വേണം പ്രവേശിക്കുന്നത്).

(*) ഈ ഒമ്പത് പേരെ സംബന്ധിച്ച് കൂടുതൽ വിവരം ഈ സൂറത്തിന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ നോക്കുക.

وَلَٰكِنۡ إِذَا دُعِيتُمۡ فَٱدۡخُلُواْ فَإِذَا طَعِمۡتُمۡ فَٱنتَشِرُواْ وَلَا مُسۡتَـٔۡنِسِينَ لِحَدِيثٍۚ إِنَّ ذَٰلِكُمۡ كَانَ يُؤۡذِي ٱلنَّبِيَّ فَيَسۡتَحۡيِۦ مِنكُمۡۖ

പക്ഷേ, നിങ്ങൾ ക്ഷണിക്കപ്പെട്ടാൽ നിങ്ങൾ പ്രവേശിച്ചുകൊള്ളുവിൻ; ഭക്ഷണം കഴിച്ചാൽ പിരിഞ്ഞുപോകുകയും ചെയ്യുവിൻ; വല്ല വർത്തമാനത്തിനുമായി നേരംപോക്കിലേർപ്പെട്ടു നില്ക്കാതെയും (ആയിരിക്കണം). (കാരണം) നിശ്ചയമായും അതൊക്കെ, നബിയെ ശല്യപ്പെടുത്തുന്നതാണ്. അപ്പോൾ (അത് തുറന്നുപറയുവാൻ) നിങ്ങളെക്കുറിച്ച് അദ്ദേഹത്തിന് ലജ്ജയായിരിക്കുകയും ചെയ്യും.

وَٱللَّهُ لَا يَسۡتَحۡيِۦ مِنَ ٱلۡحَقِّۚ وَإِذَا سَأَلۡتُمُوهُنَّ مَتَٰعًا فَسۡـَٔلُوهُنَّ مِن وَرَآءِ حِجَابٍۚ ذَٰلِكُمۡ أَطۡهَرُ لِقُلُوبِكُمۡ وَقُلُوبِهِنَّۚ وَمَا كَانَ لَكُمۡ أَن تُؤۡذُواْ رَسُولَ ٱللَّهِ وَلَآ أَن تَنكِحُوٓاْ أَزۡوَٰجَهُۥ مِنۢ بَعۡدِهِۦٓ أَبَدًاۚ إِنَّ ذَٰلِكُمۡ كَانَ عِندَ ٱللَّهِ عَظِيمًا ﴿٥٣﴾

അല്ലാഹുവാകട്ടെ, യാഥാർത്ഥ്യത്തെക്കുറിച്ച് (തുറന്നു കാട്ടുവാൻ) ലജ്ജ കാണിക്കുകയില്ല. നിങ്ങൾ അവരോട് [നബിമാരുടെ ഭാര്യമാരോട്] വല്ല സാധനവും ചോദിക്കുന്നതായാൽ മറയുടെ പിന്നിൽനിന്ന് ചോദിച്ചുകൊള്ളണം. നിങ്ങളുടെ ഹൃദയങ്ങൾക്കും, അവരുടെ ഹൃദയങ്ങൾക്കും കൂടുതൽ ശുദ്ധമായിട്ടുള്ളതത്രെ അത്. അല്ലാഹുവിന്റെ റസൂലിന് ശല്യമുണ്ടാക്കുവാൻ നിങ്ങൾക്ക് പാടുള്ളതുമല്ല. അദ്ദേഹത്തിന്റെ ശേഷം അദ്ദേഹത്തിന്റെ ഭാര്യമാരെ ഒരിക്കലും നിങ്ങൾ വിവാഹം കഴിപ്പാനും പാടില്ല. നിശ്ചയമായും, അതൊക്കെ അല്ലാഹുവിന്റെ അടുക്കൽ വമ്പിച്ച കാര്യമാകുന്നു.

﴾53﴿ يَا أَيُّهَا الَّذِينَ آمَنُوا വിശ്വസിച്ചവരേ لَا تَدْخُلُوا നിങ്ങൾ പ്രവേശിക്കരുത് بُيُوتَ النَّبِيِّ നബിയുടെ വീടുകളിൽ إِلَّا أَنْ يُؤْذَنَ സമ്മതം നൽകപ്പെട്ടാലൊഴികെ لَكُمْ നിങ്ങൾക്ക് إِلَىٰ طَعَامٍ വല്ല ഭക്ഷണത്തിലേക്കും غَيْرَ نَاظِرِينَ നോക്കിക്കൊണ്ടിരിക്കുന്നവരല്ലാതെ إِنَاهُ അതിന്റെ പാകം, വേവ് وَلَٰكِنْ പക്ഷേ إِذَا دُعِيتُمْ നിങ്ങൾ ക്ഷണിക്കപ്പെട്ടാൽ فَادْخُلُوا അപ്പോൾ നിങ്ങൾ പ്രവേശിച്ചുകൊള്ളുവിൻ فَإِذَا طَعِمْتُمْ നിങ്ങൾ ഭക്ഷണം കഴിച്ചാൽ فَانْتَشِرُوا നിങ്ങൾ നിരന്നുകൊ

ള്ളുക (പിരിഞ്ഞുപോകുക) وَلَا مُسْتَأْنِسِينَ നേരംപോക്കിലേർപ്പെടാത്തവരായും, (തങ്ങിനിൽക്കാതെയും) لِحَدِيثٍ വല്ല വർത്തമാനത്തിനും إِنَّ ذَٰلِكُمْ നിശ്ചയമായും അത് كَانَ يُؤْذِي ശല്യപ്പെടുത്തുന്നതാകുന്നു النَّبِيَّ നബിയെ فَيَسْتَحْيِي അപ്പോഴദ്ദേഹത്തിന് ലജ്ജയുണ്ടാകും مِنكُمْ നിങ്ങളെക്കുറിച്ച് وَاللَّهُ അല്ലാഹുവാകട്ടെ لَا يَسْتَحْيِي അവൻ ലജ്ജ കാണിക്കയില്ല مِنَ الْحَقِّ യഥാർത്ഥത്തെ (കാര്യത്തെ)ക്കുറിച്ച് وَإِذَا سَأَلْتُمُوهُنَّ നിങ്ങളവരോട് ചോദിക്കുന്നതായാൽ مَتَاعًا വല്ല സാധനവും, ഉപകരണവും فَاسْأَلُوهُنَّ എന്നാലവരോട് ചോദിക്കുവിൻ مِن وَرَاءِ حِجَابٍ മറയുടെ പിന്നിൽനിന്ന് ذَٰلِكُمْ أَطْهَرُ അത് കൂടുതൽ ശുദ്ധമായതാണ്, വെടിപ്പുള്ളതാണ് لِقُلُوبِكُمْ നിങ്ങളുടെ ഹൃദയങ്ങൾക്ക് وَقُلُوبِهِنَّ അവരുടെ ഹൃദയങ്ങൾക്കും وَمَا كَانَ لَكُمْ നിങ്ങൾക്ക് പാടില്ലതാനും أَن تُؤْذُوا നിങ്ങൾ ശല്യപ്പെടുത്തൽ, സൈ്വര്യംകെടുത്തൽ رَسُولَ اللَّهِ അല്ലാഹുവിന്റെ റസൂലിനെ وَلَا أَن تَنكِحُوا നിങ്ങൾ വിവാഹം ചെയ്യലും പാടില്ല أَزْوَاجَهُ അദ്ദേഹത്തിന്റെ ഭാര്യമാരെ مِن بَعْدِهِ അദ്ദേഹത്തിന് ശേഷം أَبَدًا ഒരിക്കലും, എന്നെന്നും إِنَّ ذَٰلِكُمْ നിശ്ചയമായും അത് كَانَ ആകുന്നു عِندَ اللَّهِ അല്ലാഹുവിങ്കൽ عَظِيمًا വമ്പിച്ചത്

അനസ് (റ) പ്രസ്താവിച്ചതായി ബുഖാരി -മുസ്‌ലിം മുതലായവർ രേഖപ്പെടുത്തിയിട്ടുള്ള ഒരു ഹദീഥിന്റെ സാരം ഇപ്രകാരമാണ്: 'നബി ﷺ സൈനബ് (റ)യെ വിവാഹം കഴിച്ച അവസരത്തിൽ കുറേ ആളുകളെ (സദ്യക്ക്) ക്ഷണിച്ചിരുന്നു. ഭക്ഷണം കഴിച്ച ശേഷം ആളുകൾ വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുകയായി. നബി ﷺ സ്ഥലം വിട്ടെഴുന്നേറ്റു പോകാൻ ശ്രമിച്ചുവെങ്കിലും അവർ എഴുന്നേറ്റ് പോകുന്നില്ല. അങ്ങനെ തിരുമേനി അവിടന്ന് സ്ഥലം വിട്ടുപോയി. ഈ അവസരത്തിൽ ഏതാനും പേർ സ്ഥലം വിട്ടു. മൂന്നുപേർ അവിടെത്തന്നെ ഇരുന്നു. തിരുമേനി (കുറേ കഴിഞ്ഞു മടങ്ങി) വീട്ടിലേക്ക് വന്നപ്പോഴും അവരവിടെ ഇരിക്കുന്നുണ്ടായിരുന്നു. പിന്നീട് അവരും എഴുന്നേറ്റു പോയി. ഈ വിവരം ഞാൻ തിരുമേനിയെ അറിയിച്ചു. അവിടുന്ന് വീട്ടിൽ പ്രവേശിച്ചു. ഞാനും (പതിവ്പോലെ) ഒന്നിച്ച് പ്രവേശിക്കുവാൻ ഉദ്ദേശിച്ചു. നോക്കുമ്പോൾ എനിക്കും തിരുമേനിക്കുമിടയിൽ മറ ഇടപ്പെട്ടിരുന്നു. ഈയവസരത്തിൽ يا أيها الذين أمنوا لا تدخلوا بيوت النبي എന്നുള്ള (ഈ) ആയത്ത് അല്ലാഹു അവതരിപ്പിച്ചു.' നബി ﷺക്ക് സേവനം ചെയ്തുകൊടുക്കുവാൻവേണ്ടി പത്ത് വയസ്സ് പ്രായത്തിൽ മാതാവ് കൂട്ടിക്കൊണ്ടുവന്ന്, തിരുമേനിക്ക് ഏൽപിച്ചുകൊടുത്ത ആളാണ് അനസ് (റ). തിരുമേനിയുടെ വിയോഗംവരേക്കും വിശ്വസ്തനായ ഒരു ഭൃത്യനും, വീട്ടിലെ ഒരംഗവും എന്ന നിലയിൽ അദ്ദേഹം തിരുമേനിയോടൊപ്പം ജീവിച്ചുപോന്നു. എന്നാൽ, പർദ്ദാസമ്പ്രദായം നടപ്പിലായപ്പോൾ അത് അദ്ദേഹത്തിനും ബാധകമായിരുന്നു.

കേവലം ദീർഘമായ ഈ തിരുവചനത്തിൽ, നബി തിരുമേനി ﷺയുടെ സ്ഥാനപദവികളെ മാനിച്ചുകൊണ്ട് സത്യവിശ്വാസികൾ ആചരിക്കേണ്ടുന്ന പല മര്യാദകളെക്കുറിച്ചും അല്ലാഹു പ്രസ്താവിക്കുന്നു. അവയിൽ ഒരു കാര്യം– തിരുമേനിയുടെ ശേഷം അവിടുത്തെ പത്നിമാരെ ആരും വിവാഹം ചെയ്തുകൂടാ എന്നത്– ഒഴിച്ച് മറ്റെല്ലാം തന്നെ, മുസ്‌ലിംകൾ എപ്പോഴും പരസ്പരം ആചരിക്കേണ്ടത് തന്നെയാകുന്നു. തിരുമേനിയുടെ കാര്യത്തിൽ

അവ കൂടുതൽ കർശനമായി സ്വീകരിക്കപ്പെടേണ്ടതുണ്ട് താനും. തിരുമേനിയുടെ വീടുകളിൽ, അഥവാ അവിടുത്തെ ഭാര്യമാർ നിവസിക്കുന്ന വീടുകളിൽ, പ്രവേശനത്തിനുള്ള അനുവാദം കിട്ടിയാലല്ലാതെ ആർക്കും ഇനിമേലിൽ പ്രവേശിക്കാൻ പാടില്ല എന്ന് ഈ വചനം പ്രഖ്യാപിക്കുന്നു. (അനുവാദം ചോദിക്കുന്ന രൂപം, അതിന്റെ ആവശ്യകത, അനുവാദം കൂടാതെ പ്രവേശിക്കുന്ന വീടുകൾ ആദിയായവയെക്കുറിച്ച് സൂറത്തുന്നൂറിൽ വിശദീകരിച്ചു പറഞ്ഞിട്ടുള്ളതാണ്.) അനധികൃതമായി അന്യവീടുകളിൽ പ്രവേശിക്കുന്നതായാൽ നേരിടുവാനിടയുള്ള ദോഷങ്ങളെക്കുറിച്ച് ആർക്കും ഊഹിച്ചറിയാമല്ലോ. സദ്യ വേളകളിലാവട്ടെ, അല്ലാത്തപ്പോഴാകട്ടെ, ക്ഷണിക്കപ്പെടാതെ ചെന്നു ഭക്ഷണത്തിൽചെന്ന് പങ്കെടുക്കുന്നതും, ക്ഷണിക്കപ്പെട്ടാൽതന്നെയും വീട്ടിൽചെല്ലുമ്പോൾ അനുമതികൂടാതെ പ്രവേശിക്കുന്നതും പാടില്ലാത്തതാണ്. ഭക്ഷണം പാകമാകുന്നത്- തയ്യാറാകുന്നത്- നോക്കിക്കാത്തുകൊണ്ടിരിക്കുന്നതും ഉചിതമല്ല. ഇതും വീട്ടുകാർക്ക് പല നിലക്കും ശല്യമായി അനുഭവപ്പെടും. അതുകൊണ്ട് മുൻകൂട്ടിച്ചെന്നു കാത്തിരിക്കാൻ ഇടവരാതെ യഥാസമയത്ത് മാത്രം ചെന്നു ചേരേണ്ടതാകുന്നു. ക്ഷണിക്കപ്പെട്ടവർമാത്രം ചെല്ലുക, ഭക്ഷണം കഴിഞ്ഞാലുടൻ സ്ഥലം വിട്ടുപോരുക, പിന്നീടവിടെ ചുറ്റിപ്പറ്റി നിൽക്കാതിരിക്കുക, ഇതെല്ലാം പ്രത്യേകം ഗൗനിക്കേണ്ടതുണ്ട്. ക്ഷണിക്കപ്പെടാതെ സദ്യവട്ടങ്ങളിലും, ഭക്ഷണവേളയിലും കടന്നുചെല്ലുന്ന സമ്പ്രദായം കേവലം നിന്ദ്യവും അന്യായവും കൂടിയാണ്. ക്ഷണിക്കപ്പെട്ടവൻ ക്ഷണം നിരസിക്കുന്നതും ശരിയല്ല. ഇത്തരം പല കാര്യങ്ങളെക്കുറിച്ചും ഹദീഥിൽ കൂടുതൽ വിശദീകരിച്ചുകാണാം. ദീർഘിച്ചുപോകുമെന്ന് കരുതി വിട്ടുകളയുകയാണ്.

ഇതെല്ലാം കേവലം നിസ്സാരകാര്യങ്ങളല്ലേ, ഇത്ര ഗൗരവത്തോടെ അവ എടുത്തുപറയേണ്ടതുണ്ടോ? എന്നൊക്കെ പലരും ധരിച്ചേക്കാം. അല്ല, ഇക്കാലത്ത് പലരുടെ വാക്കിലും പ്രവൃത്തിയിലും പ്രത്യക്ഷത്തിൽതന്നെ ആ നില പ്രകടമാകാറുമുണ്ട്. ഇവർക്കുള്ള മറുപടിയത്രെ അല്ലാഹു പറഞ്ഞത്: 'നിശ്ചയമായും അതൊക്കെ നബിയെ ശല്യപ്പെടുത്തുന്നതാകുന്നു. അത് തുറന്ന് പറയുവാൻ അദ്ദേഹത്തിന് ലജ്ജയുണ്ടായേക്കാം. അല്ലാഹുവാകട്ടെ, യഥാർത്ഥത്തെക്കുറിച്ച് ലജ്ജ കാണിക്കയില്ല. (ان ذلكم كان يؤذى النبي . . .) നബി ﷺയെ ശല്യപ്പെടുത്തുന്നത് പ്രത്യേകിച്ചും, സത്യവിശ്വാസികൾക്ക് ശല്യം ഉണ്ടാക്കുന്നത് പൊതുവിലും അല്ലാഹുവിങ്കൽ എത്രമാത്രം ആക്ഷേപകരമാണെന്ന് ഇതേ വചനത്തിലെ തുടർന്നുള്ള വാക്യങ്ങളും, താഴെ വരുന്ന 57- 59 എന്നീ വചനങ്ങളും മറ്റും പരിശോധിച്ചാലറിയാവുന്നതാണ്. ഒരാൾക്ക് മറ്റൊരാളെക്കൊണ്ട് ഏതെങ്കിലും തരത്തിൽ ശല്യം ഉണ്ടാവാൻ പാടില്ല. നബി ﷺയെ ശല്യപ്പെടുത്തുന്നത് മറ്റാരെ ശല്യപ്പെടുത്തുന്നതിനെക്കാളും ഭയങ്കരമാണ്. അന്യന്റെ പെരുമാറ്റത്തിൽ ഏർപ്പെടുന്ന സ്വൈര്യക്കേടിനെക്കുറിച്ച് തുറന്നുപറയുവാൻ മാന്യൻമാരായ ആളുകൾ മടിച്ചേക്കുക സ്വാഭാവികമാണ്. അത് മറ്റുള്ളവർ കണ്ടറിയേണ്ടതാണ്, കണ്ടറിയാത്തവരെ അത് ഓർമിപ്പിക്കുന്നത് ആവശ്യവുമാണ് എന്നിങ്ങനെ പലതും ഈ വാക്യത്തിൽ നിന്ന് മനസ്സിലാക്കുവാൻ കഴിയും.നബി ﷺ യുടെ ഭാര്യമാരോട് വല്ല സാധനവും ആവശ്യപ്പെടേണ്ടതുണ്ടാകുമ്പോൾ അത് മറയുടെ പിന്നിൽ നിന്ന് ചോദിക്കണം, അഥവാ അകത്ത് കടന്നുചെന്നും മുഖത്തോട് മുഖമായും അവരോട് സംസാരിച്ചുകൂടാ. ഇതാണ് ആയത്തിലെ മറ്റൊരു കൽപന. ഇതിന് രണ്ട് കാരണവും അല്ലാഹു പറയുന്നു: ഇരുകൂട്ടരുടെയും ഹൃദയങ്ങളുടെ നിഷ്കളങ്കതക്കും, ശുദ്ധതക്കും അതാണ് അനുയോജ്യമായത്; തിരുമേനിയുടെ ഭാര്യമാരുടെ അന്തസ്സിനും, മാന്യതക്കും നിരക്കാത്ത പെരുമാറ്റം തിരുമേനിയെ ശല്യപ്പെടുത്തലുമാണ്. ഇതാണെങ്കിൽ മഹാപാപവും! നബി ﷺ യുടെ ഭാര്യമാരെ സംബന്ധിച്ച് മാത്രമല്ല, അന്യസ്ത്രീകളെ സംബന്ധിച്ച് പൊതുവിൽ ആചരിക്കേണ്ടുന്ന ഒരു മര്യാദയാണിത്. മാന്യതയിലും ശ്രേഷ്ഠതയിലും ഉന്നത നിലവാരത്തി

ലുള്ളവരാകുമ്പോൾ വിശേഷിച്ചും.

നബി ﷺ യുടെ ഭാര്യമാരിൽ പർദ്ദ നടപ്പാക്കിയാൽ കൊള്ളാമെന്ന് ഉമർ (റ) ആഗ്രഹിച്ചിരുന്നതായും, ഉമർ (റ)ന്റെ അഭിപ്രായം ശരിവെച്ചുകൊണ്ട് അവതരിച്ച ചില ക്വുർആൻ വചനങ്ങളിൽ ഈ ആയത്തും ഉൾപ്പെടുന്നതായും ഹദീഥുകളിൽ കാണാം. പക്ഷേ, വഹ്‌യ് ലഭിക്കാത്ത സ്ഥിതിക്ക് നബി ﷺ അത് നടപ്പിലാക്കാൻ മുമ്പോട്ട് വന്നതുമില്ല. തിരുമേനി സ്വന്തം ഇഷ്ടപ്രകാരം ഒന്നും കൽപിക്കുകയില്ലല്ലോ. (وما ينطق عن الهوى) അനസ് (റ) ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: 'റസൂൽ തിരുമേനി ﷺ യോട് ഉമർ (റ) പറയുകയുണ്ടായി: റസൂലേ, അങ്ങയുടെ അടുക്കൽ നല്ല മനുഷ്യരും, ചീത്ത മനുഷ്യരും പ്രവേശിച്ചുകൊണ്ടിരിക്കും. അതുകൊണ്ട് സത്യവിശ്വാസികളുടെ മാതാക്കളോട് (അങ്ങയുടെ ഭാര്യമാരോട്) പർദ്ദ സ്വീകരിക്കുവാൻ അങ്ങുന്ന് കൽപിച്ചിരുന്നുവെങ്കിൽ?!' അങ്ങനെ, ഹിജ്റഃ അഞ്ചാംകൊല്ലം ദുൽക്വഅ്ദഃ മാസത്തിൽ ജഹ്ശിന്റെ മകൾ സൈനബിനെ നബി ﷺ വിവാഹം കഴിച്ച ആ വിവാഹസദ്യ കഴിഞ്ഞ രാവിലെ പർദ്ദയുടെ ഈ വചനം അവതരിച്ചു. (ബു; മു. മുതലായവർ) അനസ് (റ)ന്റെ ഈ പ്രസ്താവനയും, അൽപം മുമ്പ് ഉദ്ധരിച്ച പ്രസ്താവനയും പരസ്പരം പിൻബലം നൽകുന്നവയാകുന്നു. നബി ﷺ യുടെ വീട്ടിൽ ചെല്ലുമ്പോൾ അനുഷ്ഠിക്കേണ്ടുന്ന മര്യാദകളെ സംബന്ധിച്ചുള്ള കൽപനകൾ അവതരിക്കുവാൻ പല നിലക്കും യോജിച്ച ഒരു സന്ദർഭത്തിലാണ് ഇതിന്റെ അവതരണമുണ്ടായതെന്ന് അവയിൽ നിന്ന് ഗ്രഹിക്കാം.

ഒരു ഹദീഥിൽ നബി ﷺ പറയുന്നു: إنما جعل الاستئذان من أجل البصر (പ്രവേശനത്തിന് സമ്മതം ചോദിക്കുവാൻ നിശ്ചയിച്ചിട്ടുള്ളത്തന്നെ കണ്ണിന്റെ -നോട്ടത്തിന്റെ- കാരണത്താലാകുന്നു- ബു; മു.) മറ്റൊരു നബി വചനം അബൂഹുറയ്റഃ (റ) ഇപ്രകാരം നിവേദനം ചെയ്യുന്നു: 'കണ്ണുകളുടെ വ്യഭിചാരം നോട്ടമാണ്, ചെവികളുടെ വ്യഭിചാരം കേൾക്കാൻ ശ്രമിക്കലാണ്, നാവിന്റെ വ്യഭിചാരം സംസാരിക്കലാണ്, കയ്യിന്റെ വ്യഭിചാരം സ്പർശിക്കലാണ്, കാലിന്റെ വ്യഭിചാരം കാലടിവെക്കലാണ്- നടന്നുചെല്ലലാണ്-, ഹൃദയം ഇച്ഛിക്കുകയും മോഹിക്കുകയും ചെയ്യുന്നു; ജനനേന്ദ്രിയം അതിനെ യഥാർത്ഥമാക്കുകയോ കളവാക്കുകയോ ചെയ്യും.' (ബു; മു.)

റസൂൽ തിരുമേനി ﷺ യുടെ കാലശേഷം, അവിടുത്തെ ഭാര്യയായിരുന്ന ഒരാളെയും ആർക്കും തീരെ വിവാഹം ചെയ്യാൻ പാടില്ല എന്നാണ് ആയത്തിൽ അവസാനമായി പ്രസ്താവിച്ചത്. തിരുമേനിയുടെ ഭാര്യമാർ സത്യവിശ്വാസികളുടെ മാതാക്കളാണെന്ന് 6- ാം വചനത്തിൽ പറഞ്ഞുവല്ലോ. അപ്പോൾ മാതാക്കളെ വിവാഹം ചെയ്യാൻ പാടില്ലെന്നപോലെ അവരെയും വിവാഹം ചെയ്തുകൂടാത്തതാണ്. നിലവിലുള്ള ഒമ്പത് ഭാര്യമാർക്ക് പുറമെ എനി മറ്റാരെയും വിവാഹം ചെയ്യരുതെന്ന് നബി ﷺ യെ വിലക്കിയതുപോലെ, പ്രസ്തുത ഭാര്യമാർ നബി ﷺ യുടെ ശേഷം വേറെ ഭർത്താക്കളെ സ്വീകരിക്കുന്നതും ഇതുമൂലം തടയപ്പെട്ടിരിക്കുകയാണ്. ഇതെല്ലാം നബി ﷺ യുടെ ഉന്നതസ്ഥാനത്തെയും, അവിടുത്തെ പത്നിമാരോട് സത്യവിശ്വാസികൾ ബഹുമാനപൂർവ്വം പെരുമാറേണ്ടുന്നതിന്റെ ആവശ്യകതയും കുറിക്കുന്നു. 'നിശ്ചയമായും അത് അല്ലാഹുവിന്റെ അടുക്കൽ വമ്പിച്ച കാര്യമാണ്' (ان ذلكم كان عند الله عظيما) എന്നുള്ള സമാപനവാക്യം മനസ്സിരുത്തി ആലോചിച്ചുനോക്കുക!

പ്രത്യക്ഷത്തിൽ അച്ചടക്കമര്യാദയും, നിയമങ്ങളും പാലിക്കുന്നവരിൽതന്നെ, ദുർവിചാരക്കാരും, കളങ്കഹൃദയൻമാരും ഉണ്ടായേക്കാം, നേരെമറിച്ച് സദുദ്ദേശവും, ശുദ്ധഹൃദയവും ഉള്ളവർക്ക് ചിലപ്പോൾ നിയമാതിർത്തികൾ കൃത്യമായി പാലിക്കാൻ കഴിയാതെയും വന്നേക്കാം. എന്നാൽ ഓരോരുത്തരുടെയും ഉള്ളുകള്ളികളെല്ലാം അല്ലാഹു അറിയുമെന്നും, അതതിന് തക്ക നടപടികൾ അവൻ എടുത്തുകൊള്ളുമെന്നും അടുത്ത വചനത്തിൽ ചൂണ്ടിക്കാ

ട്ടുന്നു. തുടർന്നുകൊണ്ട് പർദ്ദ ആചരിക്കണമെന്ന നിയമത്തിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ളവരെക്കുറിച്ച് പ്രസ്താവിക്കുകയും ചെയ്യുന്നു.

إِن تُبْدُوا۟ شَيْـًٔا أَوْ تُخْفُوهُ فَإِنَّ ٱللَّهَ كَانَ بِكُلِّ شَىْءٍ عَلِيمًا ﴿٥٤﴾

《54》 നിങ്ങൾ വല്ലകാര്യവും വെളിവാക്കുകയോ, അല്ലെങ്കിൽ മറച്ചുവെക്കുകയോ ചെയ്യുന്നപക്ഷം, അല്ലാഹു എല്ലാകാര്യത്തെപ്പറ്റിയും അറിയുന്നവനാകുന്നു.

《54》 إِنْ تُبْدُوا നിങ്ങൾ വെളിവാക്കുന്ന പക്ഷം شَيْئًا വല്ല കാര്യവും أَوْ تُخْفُوهُ അല്ലെങ്കിലത് മറച്ചുവെക്കുന്നതായാൽ فَإِنَّ اللَّهَ എന്നാൽ നിശ്ചയമായും അല്ലാഹു كَانَ ആകുന്നു بِكُلِّ شَيْءٍ എല്ലാ കാര്യത്തെപ്പറ്റിയും عَلِيمًا അറിയുന്നവൻ

لَّا جُنَاحَ عَلَيْهِنَّ فِىٓ ءَابَآئِهِنَّ وَلَآ أَبْنَآئِهِنَّ وَلَآ إِخْوَٰنِهِنَّ وَلَآ أَبْنَآءِ إِخْوَٰنِهِنَّ وَلَآ أَبْنَآءِ أَخَوَٰتِهِنَّ وَلَا نِسَآئِهِنَّ وَلَا مَا مَلَكَتْ أَيْمَـٰنُهُنَّ ۗ وَٱتَّقِينَ ٱللَّهَ ۚ

《55》 തങ്ങളുടെ പിതാക്കളിലാകട്ടെ, പുത്രൻമാരിലാകട്ടെ, സഹോദരൻമാരിലാകട്ടെ, സഹോദരൻമാരുടെ പുത്രന്മാരിലാകട്ടെ, സഹോദരിമാരുടെ പുത്രൻമാരിലാകട്ടെ, തങ്ങളുടെ സ്ത്രീകളിലാകട്ടെ, തങ്ങളുടെ വലങ്കൈകൾ ഉടമപ്പെടുത്തിയവരിലാകട്ടെ (ഒന്നും തന്നെ) അവരുടെമേൽ യാതൊരു കുറ്റവുമില്ല. (നബിമാരുടെ പത്നിമാരേ,) നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ!

إِنَّ ٱللَّهَ كَانَ عَلَىٰ كُلِّ شَىْءٍ شَهِيدًا ﴿٥٥﴾

നിശ്ചയമായും അല്ലാഹു എല്ലാ കാര്യത്തിന്റെമേലും സാക്ഷ്യംവഹിക്കുന്നവനാകുന്നു.

《55》 لَا جُنَاحَ തെറ്റില്ല عَلَيْهِنَّ അവരുടെമേൽ فِي آبَائِهِنَّ അവരുടെ പിതാക്കളിൽ وَلَا أَبْنَائِهِنَّ അവരുടെ പുത്രൻമാരിലുമില്ല وَلَا إِخْوَانِهِنَّ അവരുടെ സഹോദരൻമാരിലുമില്ല وَلَا أَبْنَاءِ إِخْوَانِهِنَّ അവരുടെ സഹോദരപുത്രൻമാരിലുമില്ല وَلَا أَبْنَاءِ أَخَوَاتِهِنَّ അവരുടെ സഹോദരീ പുത്രൻമാരിലുമില്ല وَلَا نِسَائِهِنَّ അവരുടെ സ്ത്രീകളിലുമില്ല وَلَا مَا مَلَكَتْ ഉടമപ്പെടുത്തിയവരിലുമില്ല أَيْمَانُهُنَّ അവരുടെ വലങ്കൈകൾ وَاتَّقِينَ നിങ്ങൾ സൂക്ഷിച്ചുകൊള്ളുവിൻ, ഭയഭക്തി കാണിക്കുവിൻ اللَّهَ അല്ലാഹുവിനെ, അല്ലാഹുവിനോട് إِنَّ اللَّهَ നിശ്ചയ

മായും അല്ലാഹു كَانَ ആകുന്നു عَلَىٰ كُلِّ شَيْءٍ എല്ലാ കാര്യത്തിന്റെമേലും شَهِيدًا സാക്ഷ്യം വഹിക്കുന്നവൻ, സന്നദ്ധൻ

ഏഴ് കൂട്ടരെയാണ് ഇവിടെ ഒഴിവാക്കപ്പെട്ടിട്ടുള്ളത്. നബി ﷺ യുടെ ഭാര്യമാരല്ലാത്ത ഇതരസ്ത്രീകളുടെ പർദ്ദാനിയമത്തിലും ഈ ഏഴ് കൂട്ടർ ഒഴിവാക്കപ്പെട്ടവർതന്നെ. കൂടുതൽ അടുത്ത കുടുംബങ്ങളെക്കുറിച്ചാണ് ഇവിടെ പ്രസ്താവിച്ചത്. അമ്മാവൻമാരും, പിതൃവ്യൻമാരും മറ്റുചിലരും ഇക്കൂട്ടത്തിൽ ഉൾപ്പെടുമെന്നും, 'തങ്ങളുടെ സ്ത്രീകൾ' (نسائهن) എന്ന് പറഞ്ഞതിന്റെ താൽപര്യം മുസ്‌ലിംസ്ത്രീകൾ എന്നാണെന്നും, വിമതസ്ഥരായ സ്ത്രീകളിലും പർദ്ദാനിയമം ആചരിക്കണമെന്നും മറ്റും സൂറത്തുന്നൂറിൽ വേണ്ടതുപോലെ നാം വിവരിച്ചുകഴിഞ്ഞതാകുന്നു. (സൂ: നൂർ 31-ാം വചനവും വിവരണവും നോക്കുക.)

إِنَّ ٱللَّهَ وَمَلَٰٓئِكَتَهُۥ يُصَلُّونَ عَلَى ٱلنَّبِيِّ ۚ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ صَلُّوا۟ عَلَيْهِ وَسَلِّمُوا۟ تَسْلِيمًا ﴿٥٦﴾

﴾56﴿ നിശ്ചയമായും, അല്ലാഹുവും, അവന്റെ മലക്കുകളും നബിയുടെമേൽ 'സ്വലാത്ത്' [അനുഗ്രഹം] നേരുന്നു. ഹേ, വിശ്വസിച്ചവരേ, അദ്ദേഹത്തിന്റെ മേൽ നിങ്ങൾ 'സ്വലാത്ത്' [അനുഗ്രഹം] നേരുകയും, (ശരിയാംവണ്ണം) 'സലാം' [ശാന്തി] നേരുകയും ചെയ്യുവിൻ.

﴾56﴿ إِنَّ اللهَ നിശ്ചയമായും അല്ലാഹു وَمَلَائِكَتَهُ അവന്റെ മലക്കുകളും يُصَلُّونَ അവർ അനുഗ്രഹം നേരുന്നു, സ്വലാത്ത് ചെയ്യുന്നു عَلَى النَّبِيِّ നബിയുടെമേൽ يَا أَيُّهَا الَّذِينَ آمَنُوا ഹേ, വിശ്വസിച്ചവരേ صَلُّوا നിങ്ങൾ അനുഗ്രഹം നേരുവിൻ عَلَيْهِ അദ്ദേഹത്തിന്റെമേൽ وَسَلِّمُوا നിങ്ങൾ സലാം നേരുകയും ചെയ്യുവിൻ تَسْلِيمًا (ശരിയാംവണ്ണമുള്ള) ഒരു സലാം നേരൽ

صلاة ('സ്വലാത്ത്') എന്ന വാക്കിന് 'അനുഗ്രഹം, ആശീർവാദം, പ്രാർത്ഥന എന്നൊക്കെ അർത്ഥം വരും. سلام ('സലാം') എന്ന വാക്കിന് 'ശാന്തി, സമാധാനം, രക്ഷ' എന്നിങ്ങനെയും അർത്ഥം വരും. അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം 'സ്വലാത്ത്' കൊണ്ടുദ്ദേശ്യം അവന്റെ അനുഗ്രഹവും കാരുണ്യവും കൊടുത്തരുളുക എന്നത്രെ. മലക്കുകളെ സംബന്ധിച്ചാകുമ്പോൾ പാപമോചനത്തിനും നന്മക്കും വേണ്ടി പ്രാർത്ഥിക്കുക എന്നും, സത്യവിശ്വാസികളെ സംബന്ധിച്ചാകുമ്പോൾ അനുഗ്രഹത്തിനും നന്മക്കുംവേണ്ടി പ്രാർത്ഥിക്കുക എന്നും, ഉദ്ദേശ്യമായിരിക്കും. ഇതുപോലെത്തന്നെ, അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം 'സലാമിന്റെ ഉദ്ദേശ്യം സമാധാനവും, ശാന്തിയും, രക്ഷയും നൽകുക എന്നും, നമ്മെ സംബന്ധിച്ചിടത്തോളം അതിനായി പ്രാർത്ഥിക്കുക എന്നും താൽപര്യമാകുന്നു. നബി ﷺ യുടെ പേരിൽ 'സ്വലാത്ത്' ചെല്ലുക, അഥവാ അനുഗ്രഹം നേരുക എന്ന് പറയുന്നതിന്റെയും, 'സലാം' ചൊല്ലുക അഥവാ ശാന്തി- അല്ലെങ്കിൽ സമാധാനം -നേരുക എന്ന് പറയുന്നതിന്റെയും ഉദ്ദേശ്യം ഇതിൽനിന്ന് വ്യക്തമാണല്ലോ. നബി ﷺ യുടെ പേരിൽ 'സ്വലാത്തും സലാമും' നേരുന്നതിന്റെ പ്രാധാന്യം ഈ തിരുവചനത്തിൽനിന്ന് ഗ്രഹിക്കാം. നബി ﷺ ക്ക് അല്ലാഹുവിൽനിന്ന് ലഭിക്കുന്ന എല്ലാ അനുഗ്രഹങ്ങളും അവിടുത്തെ സമുദായത്തിന് കൂടി

ലഭിക്കുന്ന ഭാഗ്യമായിരിക്കുന്നതാണ്.

നബി ﷺ പറഞ്ഞതായി അലി (റ) നിവേദനം ചെയ്യുന്നു: 'യാതൊരുവന്റെ അടുക്കൽവെച്ച് എന്നെക്കുറിച്ച് പ്രസ്താവിക്കപ്പെടുമ്പോൾ അവൻ എന്റെമേൽ 'സ്വലാത്ത്' നേർന്നില്ലയോ അവനത്രെ ലുബ്ധൻ. (തി.) മറ്റൊരു നബിവചനം ഇബ്നുമസ്ഊദ് (റ) ഉദ്ധരിക്കുന്നു: 'ജനങ്ങളിൽ വെച്ച് കിയാമത്ത് നാളിൽ എന്നോട് ഏറ്റവും ബന്ധപ്പെട്ടവൻ, അവരിൽവെച്ച് എന്റെമേൽ കൂടുതൽ 'സ്വലാത്ത്' നടത്തുന്നവനാകുന്നു.' (തി.) തിരുമേനി പറഞ്ഞുകേട്ട തായി അബ്ദുല്ലാഹിബ്നു അംറും (റ) അബൂഹുറയ്റഃ (റ)യും ഉദ്ധരിക്കുന്നു: 'എന്റെമേൽ ആരെങ്കിലും ഒരു പ്രാവശ്യം 'സ്വലാത്ത്' നേർന്നാൽ, അല്ലാഹു അവന്റെമേൽ അതിന് പത്തു പ്രാവശ്യം സ്വലാത്ത് നേരുന്നതാണ്.' (മു.)

إِنَّ ٱلَّذِينَ يُؤْذُونَ ٱللَّهَ وَرَسُولَهُۥ لَعَنَهُمُ ٱللَّهُ فِى ٱلدُّنْيَا وَٱلْـَٔاخِرَةِ وَأَعَدَّ لَهُمْ عَذَابًا مُّهِينًا ﴿٥٧﴾

﴾57﴿ അല്ലാഹുവിനെയും, അവന്റെ റസൂലിനെയും യാതൊരുകൂട്ടർ ശല്യപ്പെടുത്തുന്നുവോ അവരെ, നിശ്ചയമായും അല്ലാഹു ഇഹത്തിലും പരത്തിലും ശപിക്കുന്നതാണ്. അവർക്ക് നിന്ദ്യകരമായ ശിക്ഷ അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

وَٱلَّذِينَ يُؤْذُونَ ٱلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ بِغَيْرِ مَا ٱكْتَسَبُوا۟ فَقَدِ ٱحْتَمَلُوا۟ بُهْتَٰنًا وَإِثْمًا مُّبِينًا ﴿٥٨﴾

﴾58﴿ സത്യവിശ്വാസികളെയും, സത്യവിശ്വാസിനികളെയും -അവർ പ്രവർത്തിച്ചതല്ലാത്തതിന്റെപേരിൽ- ശല്യപ്പെടുത്തുന്നവരാകട്ടെ, അവർ അപരാധവും, പ്രത്യക്ഷമായ കുറ്റവും (സ്വയം) ഏറ്റെടുത്ത് കഴിഞ്ഞിരിക്കയാണ്.

﴾57﴿ إِنَّ നിശ്ചയമായും الَّذِينَ يُؤْذُونَ اللهَ അല്ലാഹുവിനെ ശല്യപ്പെടുത്തുന്നവർ وَرَسُولَهُ അവന്റെ റസൂലിനെയും لَعَنَهُمُ اللهُ അല്ലാഹു അവരെ ശപിക്കുന്നതാണ്, ശപിച്ചിരിക്കുന്നു فِي الدُّنْيَا ഇഹത്തിലും وَالآخِرَةِ പരത്തിലും وَأَعَدَّ لَهُمْ അവർക്കവൻ ഒരുക്കുകയും ചെയ്തിരിക്കുന്നു عَذَابًا مُهِينًا നിന്ദ്യകരമായ ശിക്ഷ ﴾58﴿ وَالَّذِينَ يُؤْذُونَ ശല്യപ്പെടുത്തുന്നവർ الْمُؤْمِنِينَ സത്യവിശ്വാസികളെ وَالْمُؤْمِنَاتِ സത്യവിശ്വാസിനികളെയും بِغَيْرِ مَا യാതൊന്നല്ലാത്തതിന്റെ പേരിൽ اكْتَسَبُوا അവർ പ്രവർത്തിച്ചിട്ടുള്ള فَقَدِ احْتَمَلُوا എന്നാൽ തീർച്ചയായും അവർ ഏറ്റെടുത്തു, സ്വയം പേറി بُهْتَانًا അപരാധം, കള്ളാരോപണം, നുണ وَإِثْمًا പാപവും, കുറ്റവും مُبِينًا പ്രത്യക്ഷമായ, സ്പഷ്ടമായ

അല്ലാഹുവിന്റെ ഉൽകൃഷ്ട ഗുണങ്ങൾക്കോ, ശക്തിമഹാത്മ്യത്തിനോ, അധികാരാവകാശങ്ങൾക്കോ അനുയോജ്യമല്ലാത്തതും, അവയെ അവഗണിക്കുന്നതുമായ എല്ലാ പ്രസ്താവനകളും പ്രവർത്തനങ്ങളും അല്ലാഹുവിനെ ശല്യപ്പെടുത്തുന്നവയാണെന്ന് മൊത്തത്തിൽ പറയാം. അല്ലാഹു പ്രസ്താവിക്കുന്നതായി നബി ﷺ ഉദ്ധരിച്ചിട്ടുള്ള രണ്ട് തിരുവചനങ്ങളിൽ നിന്ന് ഇത് മനസ്സിലാക്കാം:

1. 'അല്ലാഹു പറയുന്നു: ആദമിന്റെ പുത്രൻ എന്നെ വ്യാജമാക്കി: അവന് അത് പാടില്ലായിരുന്നു. അവൻ എന്നെക്കുറിച്ച് പഴി പറഞ്ഞു; അതും അവന് പാടില്ലായിരുന്നു. അവൻ എന്നെ വ്യാജമാക്കിയെന്ന് പറഞ്ഞത് അവന്റെ ഈ വാക്കാണ്: 'എന്നെ ആദ്യം സൃഷ്ടിച്ചതുപോലെ അവൻ– അല്ലാഹു– എന്നെ വീണ്ടും സൃഷ്ടിക്കുന്നതല്ലതന്നെ.' എന്നെ പഴി പറഞ്ഞതാകട്ടെ, 'എനിക്ക് സന്താനമുണ്ടെന്ന്' അവൻ പറഞ്ഞതാണ്. ഒരു ഇണയെയോ, സന്താനത്തെയോ സ്വീകരിക്കുന്നതിൽനിന്ന് ഞാൻ മഹാ പരിശുദ്ധനുമത്രെ!' (ബു)

2. അല്ലാഹു പറയുന്നു: ആദമിന്റെ പുത്രൻ എന്നെ ശല്യപ്പെടുത്തുന്നു. (അതായത്) അവൻ കാലത്ത് ചീത്ത പറയുന്നു. ഞാനത്രെ കാലം. രാത്രിയെയും, പകലിനെയും ഞാൻ കൈകാര്യം ചെയ്തുകൊണ്ടിരിക്കുകയാണ്. (*) (ബു; മു.) ഈ ഹദീഥുകൾ മുമ്പിൽ വെച്ചുകൊണ്ട് പരിശോധിച്ചാൽ, ഇന്ന് പലരിൽനിന്നും സാധാരണ കേൾക്കാറുള്ള 'പ്രകൃതി വഞ്ചിച്ചു; കാലം ചതിച്ചു' മുതലായ വാക്കുകൾ അബദ്ധം നിറഞ്ഞവയാണെന്ന് കാണാം.

നബി തിരുമേനി ﷺയുടെ സ്ഥാനപദവികൾക്ക് നിരക്കാത്തതും, അവിടുത്തെ തരം താഴ്ത്തിക്കാട്ടുന്നതുമായ എല്ലാ പ്രസ്താവനകളും, പ്രവർത്തനങ്ങളും നബിയെ ശല്യപ്പെടുത്തുന്നവതന്നെ. തിരുമേനിയെ പരിഹസിക്കുക, അവിടുത്തെ ചര്യകളെയോ, പ്രവൃത്തികളെയോ പുച്ഛിക്കുക, അല്ലെങ്കിൽ വിമർശിക്കുക മുതലായവയെല്ലാം ഇതിൽ ഉൾപ്പെടും. 69-ാം വചനത്തിന്റെ വിവരണത്തിൽ ഇതിന് ചില ഉദാഹരണങ്ങൾ കാണാം. സ്വന്തം ദേഹത്തെക്കാളും, മാതാപിതാക്കൾ, സന്താനങ്ങൾ തുടങ്ങിയ മറ്റെല്ലാവരെക്കാളും നബി ﷺയെ സ്നേഹിക്കാത്തവന്റെ 'ഈമാൻ' പോലും ശരിയായ ഈമാനാവുകയില്ലല്ലോ. അതുപോലെ, നബി ﷺയെ ഏതെങ്കിലും വിധേന ശല്യപ്പെടുത്തുന്നതും, അവിടുത്തേക്ക് മനോവേദന ഉളവാക്കുന്നതും കൂടുതൽ ഗൗരവപ്പെട്ടതുമായിരിക്കും. അതുകൊണ്ട് തന്നെയാണ്, അല്ലാഹുവിനെയും റസൂലിനെയും ശല്യപ്പെടുത്തുന്നതിനെപ്പറ്റി ഒരേ വാക്കിൽ താക്കീത് നൽകിയിരിക്കുന്നതും. അല്ലാഹുവിനെയും, റസൂലിനെയും ശല്യപ്പെടുത്തുന്നവർക്ക് ലഭിക്കുവാനിരിക്കുന്ന പ്രതിഫലത്തെക്കുറിച്ച് അല്ലാഹു പ്രസ്താവിച്ചത് നോക്കുക! അതിൽനിന്ന് ആ മഹാപാപം എത്രമേൽ ഭയങ്കരമാണെന്ന് ഊഹിക്കാവുന്നതാണ്. ഇഹത്തിലും പരത്തിലും അല്ലാഹുവിങ്കൽനിന്നുള്ള ശാപം! പോരാ, നിന്ദ്യവും അപമാനകരവുമായ പരലോകശിക്ഷയും!! (അല്ലാഹു നമ്മെ കാക്കട്ടെ. ആമീൻ.)

അല്ലാഹുവിനെയും റസൂലിനെയും ശല്യപ്പെടുത്തുന്നവരെക്കുറിച്ച് പ്രസ്താവിച്ചശേഷം തുടർന്നുകൊണ്ട് സത്യവിശ്വാസികളെ ശല്യപ്പെടുത്തുന്നവരെ സംബന്ധിച്ചും അല്ലാഹു ഗൗരവമായി താക്കീത് ചെയ്യുന്നു. അവർ അത്മൂലം അപരാധവും, പ്രത്യക്ഷമായ കുറ്റവും സ്വയം ഏറ്റെടുക്കുകയാണ് ചെയ്യുന്നതെന്ന് പറഞ്ഞുവല്ലോ. അവർക്ക് ലഭിക്കുവാനിരിക്കുന്ന അനന്തരഫലം എന്തായിരിക്കുമെന്ന് ഈ വാക്യത്തിൽനിന്ന് അനുമാനിക്കാവുന്നതാണ്. 'ഒരു മുസ്ലിമിന് ഒരു മുസ്ലിമിന്റെ സർവ്വതും– അവന്റെ രക്തവും, അവന്റെ ധനവും, അവന്റെ

(*) 'ഞാനത്രെ കാലം' എന്ന വാക്യംകൊണ്ടുള്ള വിവക്ഷ തുടർന്നുള്ള വാക്യത്തിൽ നിന്ന് വ്യക്തമാണ്. ലോകത്ത് നടക്കുന്ന കാര്യങ്ങളെല്ലാം അല്ലാഹുവിന്റെ നിയന്ത്രണമനുസരിച്ചുമാത്രം നടക്കുന്നതാണെന്ന് സാരം.

മാനവും- ഹറാമാണെന്ന് നബി ﷺ പ്രഖ്യാപിച്ചതാണല്ലോ (رواه مسلم وغيره) എന്നിരിക്കെ, ഇവയിൽ ഏതെങ്കിലും ഒന്നിന് ഹാനി വരുത്തുന്നതെല്ലാം അവന് ശല്യമുണ്ടാക്കലായിരിക്കും. പരദൂഷണത്തെ (الغيبة) സംബന്ധിച്ച് പ്രസിദ്ധമായ ഒരു ഹദീഥിൽനിന്ന് ഇത് മനസ്സിലാക്കാം. ഹദീഥ് ഇതാണ്: 'പരദൂഷണം' എന്നാൽ എന്താണെന്ന് നബി ﷺയോട് ചോദിക്കപ്പെട്ടു. അവിടുന്ന് പറഞ്ഞു: 'നീ നിന്റെ സഹോദരനെക്കുറിച്ച് അവന് തൃപ്തികേടുവരുത്തുന്നത് പറയലാണ്.' അപ്പോൾ ചോദിക്കപ്പെട്ടു: കണ്ടുവോ: ഞാൻ പറയുന്ന കാര്യം അവനിൽ ഉള്ളതായിരുന്നാലോ (എന്നാലത് പരദൂഷണമാകുമോ)?! തിരുമേനി പറഞ്ഞു: 'നീ പറയുന്ന കാര്യം അവനിൽ ഉണ്ടായിരുന്നാൽ നീ അവനെ പരദൂഷണം പറഞ്ഞു. നീ പറയുന്നത് അവനിൽ ഇല്ലെങ്കിലോ, നീ അവനെപ്പറ്റി അപരാധം- നുണ- പറഞ്ഞു.' (മുസ്‌ലിം.)

വിഭാഗം - 8

﴿59﴾ **ഹേ, നബിയേ!**

يَـٰٓأَيُّهَا ٱلنَّبِىُّ قُل لِّأَزْوَٰجِكَ وَبَنَاتِكَ وَنِسَآءِ ٱلْمُؤْمِنِينَ يُدْنِينَ عَلَيْهِنَّ مِن جَلَـٰبِيبِهِنَّ ۚ ذَٰلِكَ أَدْنَىٰٓ أَن يُعْرَفْنَ فَلَا يُؤْذَيْنَ ۗ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿٥٩﴾

നിന്റെ ഭാര്യമാരോടും, പുത്രിമാരോടും, സത്യവിശ്വാസികളുടെ സ്ത്രീകളോടും പറയുക: അവർ തങ്ങളുടെമേൽ തങ്ങളുടെ മേലാടകളിൽനിന്നും (കുറെ ഭാഗം) താഴ്ത്തിയിട്ടുകൊള്ളണമെന്ന്. അവർ (തിരിച്ച്) അറിയപ്പെടുവാൻ വളരെ എളുപ്പമുള്ളതാണത്. അപ്പോഴവർക്ക് ശല്യംബാധിക്കുകയില്ല. അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

﴿59﴾ يَا أَيُّهَا النَّبِيُّ ഹേ, നബിയേ قُل لِأَزْوَاجِكَ നിന്റെ ഭാര്യമാരോട് പറയുക وَبَنَاتِكَ നിന്റെ പുത്രിമാരോടും وَنِسَاءِ الْمُؤْمِنِينَ സത്യവിശ്വാസികളുടെ സ്ത്രീകളോടും يُدْنِينَ അവർ താഴ്ത്തിയിടണം, തൂക്കിയിടട്ടെ عَلَيْهِنَّ അവരുടെമേൽ مِن جَلَابِيبِهِنَّ അവരുടെ മേലാട (ജിൽബാബു)കളിൽനിന്ന് ذَٰلِكَ അത് أَدْنَىٰ കൂടുതൽ അടുത്തതാണ്, എളുപ്പമായതാണ് أَن يُعْرَفْنَ അവർ അറിയപ്പെടുവാൻ (അവരെ തിരിച്ചറിയാൻ) فَلَا يُؤْذَيْنَ അപ്പോൾ അവർ ശല്യപ്പെടുത്തുകയില്ല وَكَانَ اللَّهُ അല്ലാഹു ആകുന്നു غَفُورًا പൊറുക്കുന്നവൻ رَحِيمًا കരുണാനിധി

റസൂൽ തിരുമേനി ﷺക്കും, സത്യവിശ്വാസികൾക്കും ശല്യമുണ്ടാക്കുന്നതിനെപ്പറ്റി ശക്തിമത്തായ താക്കീത് ചെയ്തശേഷം, അവരുടെ പരിശുദ്ധതയും മാന്യതയും കാത്തുരക്ഷിക്കുന്നതിനാവശ്യമായ ചില നിയമനിർദ്ദേശങ്ങളാണ് ഈ വചനത്തിൽ അല്ലാഹു വ്യക്തമാക്കു

ന്നത്. അമുസ്‌ലിം സ്ത്രീകളുടെയും, ചാരിത്ര്യശുദ്ധിയിൽ താൽപര്യമില്ലാത്ത സ്ത്രീകളുടെയും വേഷവിധാനങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു നിലപാട് മുസ്‌ലിം സ്ത്രീകളുടെ വേഷവിധാനത്തിൽ ആചരിക്കേണ്ടതുണ്ടെന്ന് ഈ വാക്യം ചൂണ്ടിക്കാട്ടുന്നു. വീട്ടിലായിരിക്കുമ്പോൾ ഉപയോഗിക്കാറുള്ള കുപ്പായം, മക്കന, ഉടുതുണി മുതലായവക്ക് പുറമെ, വെളിയിൽ പോകുമ്പോൾ മുസ്‌ലിം സ്ത്രീകൾ, നബി ﷺ യുടെ വീട്ടുകാർ വിശേഷിച്ചും- ശരീരം മറയത്തക്ക ഒരു വസ്ത്രം ധരിച്ചിരിക്കണമെന്ന് അത് ശാസിക്കുകയും ചെയ്യുന്നു. ഈ ശാസനയിൽ അടങ്ങിയ യുക്തിയും അല്ലാഹു നമുക്ക് വിവരിച്ചുതരുന്നു. ഇങ്ങനെ ശരീരം മൂടിമറച്ച ഒരു സ്ത്രീയെ കാണുമ്പോൾ, അവൾ ഒരു മുസ്‌ലിം സ്ത്രീയാണെന്നും, ചാരിത്ര്യശുദ്ധിയിൽ താൽപര്യമുള്ള മാന്യസ്ത്രീയാണെന്നും എല്ലാവർക്കും മനസ്സിലാകുന്നു. അഥവാ മറ്റുള്ളവരിൽനിന്ന് ഇവരെ വേഗം തിരിച്ചറിയുവാൻ ഇത് കാരണമാകുന്നു. മാത്രമല്ല, ഹൃദയശുദ്ധിയും, സ്വഭാവഗുണവുമില്ലാത്ത ആളുകൾ അന്യസ്ത്രീകളുമായി കണ്ടുമുട്ടുമ്പോൾ ഉണ്ടായേക്കാനിടയുള്ള ശല്യങ്ങൾക്ക് -അഹിതമായ പെരുമാറ്റങ്ങൾക്കും സംസാരങ്ങൾക്കും- ഇത് തടസ്സമായിത്തീരുകയും ചെയ്യും. (ذلك أدنى ان يعرفن فلا يؤذين)

'ജിൽബാബ്' (جلباب) എന്ന പദത്തിന്റെ ബഹുവചനമാണ് 'ജലാബീബ്' (جلابيب) മേലാട എന്ന് ഇതിന് അർത്ഥം പറയാം. പ്രധാന തഫ്സീറുകളിലും, അറബി നിഘണ്ടുക്കളിലും ഈ വാക്കിന് കൊടുത്തിട്ടുള്ള അർത്ഥങ്ങളിൽ പരസ്പരം അക്ഷരവ്യത്യാസം കാണാമെങ്കിലും സാരത്തിൽ ഏതാണ്ടെല്ലാം യോജിക്കുന്നുണ്ട്, 'മക്കനയെക്കാൾ വലിയ വസ്ത്രം, മൂടിപ്പുതക്കുന്നത്, പുതപ്പ്, മുഖമൂടി (ആളെ തിരിച്ചറിയാതിരിക്കാൻവേണ്ടി തലയും മുഖവും മൂടുന്നത്). ശരീരം മുഴുവൻ മറക്കുന്ന വസ്ത്രം, കുപ്പായത്തിനും മക്കനക്കും മീതെയായി സ്ത്രീകൾ ചുറ്റിപ്പുതക്കുന്ന മൂടുപടം, മുകളിൽനിന്ന് അടിവരെ മറക്കുന്നത്, വിശാലമായ വസ്ത്രം' എന്നൊക്കെയാണ് അവ. (*) 'മേൽമൂടി, മേലാട, ചുറ്റിപ്പുത, മേലങ്കി, മൂടുവസ്ത്രം' മുതലായ വാക്കുകളിൽ മലയാളത്തിൽ ഇതിന് വിവർത്തനം നൽകപ്പെടുന്നു. (**) 'അവരുടെമേൽ താഴ്ത്തിയിടണം' (يدنين عليهن) എന്ന് അല്ലാഹു പറഞ്ഞവാക്ക് ശ്രദ്ധേയമാകുന്നു. ശരീരം മുഴുവനും- തലയും, കഴുത്തും, മുഖവും അടക്കം- 'ജിൽബാബ്' കൊണ്ട് മൂടി മറക്കേണ്ടതുണ്ടെന്നാണ് പ്രത്യക്ഷത്തിൽ ഇതിൽനിന്ന് വരുന്നത്. പക്ഷേ, സൂറത്തുന്നൂർ 31-ാം വചനത്തിൽനിന്നും, അതിന്റെ വ്യാഖ്യാനത്തിൽനിന്നുമായി, സ്ത്രീയുടെ മുഖവും കൈപടങ്ങളും മറക്കൽ നിർബന്ധമില്ലെന്നും നാം കണ്ടു. അതുകൊണ്ട് ഇവിടെയും, മുൻകയ്യും മുഖവും നിർബന്ധത്തിൽനിന്ന് ഒഴിവാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. സാധാരണനിലയിലാകുമ്പോൾ മാത്രമാണ് സൂറത്തുന്നൂറിൽ മുഖം ഒഴിവാക്കപ്പെട്ടിരിക്കുന്നതെന്നും, വെളിയിൽ പോകുമ്പോൾ മുഖവും മറക്കേണ്ടതുണ്ടെന്നാണ് ഈ വചനത്തിന്റെ താൽപര്യമെന്നും, എങ്കിലും കണ്ണിന്റെ കാഴ്ചക്ക് ഭംഗംവരാത്തവണ്ണം കണ്ണുകൾ അതിൽനിന്ന് ഒഴിവാക്കണമെന്നും സ്വഹാബികളും, താബിഉകളും അടക്കമുള്ള പല മഹാന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട് താനും. أعلم الله

പർദ്ദയെക്കുറിച്ച് വന്നിട്ടുള്ള ക്വുർആന്റെ പ്രസ്താവനകളും, നബിവചനങ്ങളും നിഷ്പക്ഷമായി പരിശോധിച്ചാൽ ഇവിടെ നാം സ്വീകരിക്കേണ്ടുന്ന നയം ഇതാണെന്ന് കാണാം: സ്ത്രീകൾ മുഖം മറക്കണമെന്നോ മറക്കരുതെന്നോ സ്വതവേ നിർബന്ധമില്ല. സാധാരണഗ

(*) ثوب اكبر من الخمار, الملحفة, اللحاف, القناع, ثوب يستر جميع البدن, الملائة التى تشتمل بها المرأة فوق الدرع والخمار, مايستر من فوق الى اسفل, الثوب الواسع ونحوها

(**) Gown, Flowing outer garment എന്ന് 'ക്വാമൂസ് അസ്‌രീ'യിലും, Smock, Women's gown എന്ന് 'ഫറാഇദീ'ലും കാണാം.

തിയിൽ ഈ രണ്ടിലൊന്നിൽ നിർബന്ധം ചെലുത്തുവാനും പാടില്ല. പരിതഃസ്ഥിതികളുടെയോ, ചുറ്റുപാടിന്റെയോ വ്യത്യാസം അനുസരിച്ച് മുഖവും കഴിയുന്നത്ര മറക്കുന്നത് ചിലപ്പോൾ നന്നായിരിക്കുകയും, ചിലപ്പോൾ അത്യാവശ്യമായിത്തീരുകയും ചെയ്യും.(*)

സൂറത്തുന്നൂറിൽവെച്ച് ഇസ്ലാമിലെ പർദ്ദയെപ്പറ്റി സവിസ്തരം വിവരിക്കപ്പെട്ടിട്ടുള്ളതുകൊണ്ട് ഇവിടെ കൂടുതൽ ദീർഘിപ്പിക്കേണ്ടതില്ല. ഒരു കാര്യം ഒന്നുകൂടി ഓർമ്മപ്പെടുത്തുന്നത് ഇന്നത്തെ പരിതഃസ്ഥിതിയിൽ അധികപ്പറ്റാവുകയില്ല. ഇസ്ലാമിക സംസ്കാരങ്ങളെയും, ധാർമികമൂല്യങ്ങളെയും പുച്ഛിച്ചുകൊണ്ടുള്ള ഭൗതിക പരിഷ്കാരങ്ങളുടെ തേർവാഴ്ച നിർവിഘ്നം നടന്നുകൊണ്ടിരിക്കുന്ന ഇക്കാലത്തും- അറിഞ്ഞോ അറിയാതെയോ- മുസ്ലിംസ്ത്രീകളുടെ പർദ്ദയെ കഴിവതും വെട്ടിക്കുറക്കുവാനും, അതിനുവേണ്ടി ക്വുർആനെയും സുന്നത്തിനെയും ദുർവ്യാഖ്യാനം ചെയ്യുവാനും, മുസ്ലിംകളുടെ പർദ്ദാസമ്പ്രദായം അവരുടെ പുരോഗതിക്ക് തടസ്സമാണെന്ന് ഘോഷിക്കുവാനും മുതിരുന്ന പലരെയും ഇന്ന് കാണാം. ഇവരുടെ കെണിയിൽ അകപ്പെടാതിരിക്കുവാനും, അങ്ങനെ, 57-ാം വചനത്തിലെ താക്കീതിന് പാത്രമായിത്തീരാതിരിക്കുവാനും ഓരോ സത്യവിശ്വാസിയും സൂക്ഷിക്കേണ്ടതാകുന്നു.' والله الموفق

۞ لَّئِن لَّمْ يَنتَهِ ٱلْمُنَـٰفِقُونَ وَٱلَّذِينَ فِى قُلُوبِهِم مَّرَضٌ وَٱلْمُرْجِفُونَ فِى ٱلْمَدِينَةِ لَنُغْرِيَنَّكَ بِهِمْ ثُمَّ لَا يُجَاوِرُونَكَ فِيهَآ إِلَّا قَلِيلًا ﴿٦٠﴾

مَّلْعُونِينَ ۖ أَيْنَمَا ثُقِفُوٓا۟ أُخِذُوا۟ وَقُتِّلُوا۟ تَقْتِيلًا ﴿٦١﴾

﴾60﴿ കപടവിശ്വാസികളും, തങ്ങളുടെ ഹൃദയത്തിൽ രോഗമുള്ളവരും, മദീനഃയിൽ (കള്ളവാർത്ത പ്രചരിപ്പിച്ച്) ഭീതി ഉളവാക്കുന്നവരും വിരമിക്കാത്തപക്ഷം, നിശ്ചയമായും (നബിയേ) നിന്നെ നാം അവരിൽ ഇളക്കിവിടുകതന്നെ ചെയ്യും. പിന്നീട്, അല്പമാത്രമല്ലാതെ, അവർ അവിടത്തിൽ നിന്നോട് അയൽവാസം നടത്തുകയില്ല;

﴾61﴿ (അതും) ശപിക്കപ്പെട്ടവരായ നിലയിൽ! എവിടെവെച്ച് കണ്ടുമുട്ടിയാലും അവർ പിടിക്കപ്പെടുകയും, (നിർദ്ദാക്ഷിണ്യം) അറുകൊല ചെയ്യപ്പെടുകയും ചെയ്യുന്നതാണ്.

(*) (دمشق) ഡമസ്കസ്കാരനായ മുഹമ്മദ് നാസിറുദ്ദീൻ അൽബാനീ (محمد ناصر الدين الألبانى) എന്ന പണ്ഡിതൻ حجاب المرأة المسلمة (മുസ്ലിം സ്ത്രീയുടെ പർദ്ദ) എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥത്തിൽ ക്വുർആന്റെയും, സുന്നത്തിന്റെയും അടിസ്ഥാനത്തിൽ പർദ്ദയുടെ നാനാവശങ്ങളെക്കുറിച്ച് സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. ഇതെഴുതിക്കൊണ്ടിരിക്കുമ്പോഴാണ് ഇതിന്റെ രണ്ടാംപതിപ്പ് കാണുവാൻ സാധിച്ചത്. ഈ വിഷയകമായി വളരെ ചർച്ച നടത്തിയശേഷം അദ്ദേഹം ഈ അഭിപ്രായത്തിന്നാണ് മുൻഗണന അതിൽ നൽകിയിരിക്കുന്നത്. (الحمد لله)

سُنَّةَ ٱللَّهِ فِى ٱلَّذِينَ خَلَوْا۟ مِن قَبْلُ ۖ وَلَن تَجِدَ لِسُنَّةِ ٱللَّهِ تَبْدِيلًا ﴿٦٢﴾

﴿62﴾ മുമ്പ് കഴിഞ്ഞു പോയിട്ടുള്ളവരിൽ (സ്വീകരിച്ച) അല്ലാഹുവിന്റെ നടപടി ക്രമം (തന്നെ)! അല്ലാഹുവിന്റെ നടപടിക്രമത്തിന് യാതൊരു മാറ്റം വരുത്തലും നീ കണ്ടെത്തുന്നതേയല്ല.

﴿60﴾ لَئِن لَّمْ يَنتَهِ വിരമിച്ചില്ലെങ്കിൽ ٱلْمُنَافِقُونَ കപടവിശ്വാസികൾ وَٱلَّذِينَ യാതൊരു
കൂട്ടരും فِى قُلُوبِهِم അവരുടെ ഹൃദയങ്ങളിലുണ്ട് مَّرَضٌ രോഗം وَٱلْمُرْجِفُونَ ഭീതിയുണ്ടാക്കു
ന്നവരും فِى ٱلْمَدِينَةِ മദീനഃയിൽ لَنُغْرِيَنَّكَ നിശ്ചയമായും നിന്നെ നാം ഇളക്കിവിടും, പ്രേരി
പ്പിക്കും بِهِمْ അവരിൽ ثُمَّ لَا يُجَاوِرُونَكَ പിന്നീട് അവർ നിന്നോട് അയൽവാസം നടത്തുക
യില്ല فِيهَا അതിൽ إِلَّا قَلِيلًا അൽപമായിട്ടല്ലാതെ ﴿61﴾ مَّلْعُونِينَ ശപിക്കപ്പെട്ടവരായിക്കൊണ്ട്
أَيْنَمَا ثُقِفُوٓا۟ അവർ എവിടെവെച്ച് കാണപ്പെട്ടാലും, അവരെ കണ്ടുമുട്ടിയാലും أُخِذُوا۟ അവർ
പിടിക്കപ്പെടും وَقُتِّلُوا۟ അവർ അറുകൊല ചെയ്യപ്പെടുകയും ചെയ്യും تَقْتِيلًا ഒരു (നിഷ്കരു
ണമായ) കൊലനടത്തൽ ﴿62﴾ سُنَّةَ ٱللَّهِ അല്ലാഹുവിന്റെ നടപടി فِى ٱلَّذِينَ യാതൊരു കൂട്ട
രിൽ خَلَوْا۟ കഴിഞ്ഞുപോയ مِن قَبْلُ മുമ്പ് وَلَن تَجِدَ നീ കണ്ടെത്തുന്നതേയല്ല لِسُنَّةِ ٱللَّهِ അല്ലാഹു
വിന്റെ നടപടിക്ക് تَبْدِيلًا ഒരു മാറ്റം വരുത്തലും

ബാഹ്യത്തിൽമാത്രം മുസ്‌ലിംവേഷം ധരിച്ച മുനാഫിക്വുകളും, ദേഹേച്ഛകൾക്കും തോന്നിയവാസങ്ങൾക്കും അനുസരിച്ച് കഴിഞ്ഞുകൂടുന്ന പിഴച്ച മനഃസ്ഥിതിക്കാരും, മുസ്‌ലിംകൾക്കിടയിൽ വ്യാജവാർത്തകൾ പ്രചരിപ്പിച്ചു ഭീതിയും, നടുക്കവും ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ആളുകളും- അവരവരുടെ നിലപാട് നിറുത്തൽ ചെയ്യാത്തപക്ഷം നേരിടേണ്ടിവരുന്ന ഭവിഷ്യത്തിനെക്കുറിച്ച് അല്ലാഹു താക്കീത് നൽകുകയാണ്. എനിയും ഈ നില അവർ തുടരുകയാണെങ്കിൽ അവരെ മദീനഃയിൽനിന്ന് നിന്ദ്യൻമാരായ നിലയിൽ ആട്ടിപ്പുറത്താക്കുവാൻ അല്ലാഹു നബി ﷺക്ക് കൽപന കൊടുക്കും; പിന്നീടവർക്ക് അയൽപക്കത്തൊന്നും താമസിക്കുവാൻ നിർവ്വാഹമുണ്ടായിരിക്കയില്ല; വല്ല അവസരവും അതിനവർക്ക് ലഭിച്ചാൽതന്നെ, ശപിക്കപ്പെട്ട ഒരു വർഗമായിട്ടല്ലാതെ ജീവിക്കുവാനും സാധ്യമാകുകയില്ല; കാരണം, കിട്ടിയേടത്തുവെച്ച് അവരെ പിടിച്ചു നിഷ്കരുണം കൊല ചെയ്തുകളയുന്നതാണ്. ഇതാണ് താക്കീത്. ഈ വചനം അ വ ത രി ച്ചതിന് ശേഷം അധികം താമസിയാതെ മുസ്‌ലിംകൾക്ക് ഇത്തരക്കാരുടെ ശല്യം ഇല്ലാതായിത്തീരുകയും, മദീനഃയിൽ അവരുടെ പ്രതാപം നാമാവശേഷമാകുകയും ചെയ്തു.

يَسْـَٔلُكَ ٱلنَّاسُ عَنِ ٱلسَّاعَةِ ۖ قُلْ إِنَّمَا عِلْمُهَا عِندَ ٱللَّهِ ۚ وَمَا يُدْرِيكَ لَعَلَّ ٱلسَّاعَةَ تَكُونُ قَرِيبًا ﴿٦٣﴾

﴿63﴾ മനുഷ്യർ അന്ത്യസമയത്തെപ്പറ്റി നിന്നോട് ചോദിക്കുന്നു. നീ പറയുക: 'നിശ്ചയമായും, അതിന്റെ അറിവ് അല്ലാഹുവിങ്കൽ മാത്രമാകുന്നു.' (നബിയേ) നിനക്ക് അറിയിച്ചുതരുന്നത് എന്താണ്. [നിനക്ക് എന്തറിയാം]?! അന്ത്യസമയം (ഒരുപക്ഷേ) അടുത്ത അവസരത്തിൽ ഉണ്ടായേക്കാം.

إِنَّ ٱللَّهَ لَعَنَ ٱلْكَٰفِرِينَ وَأَعَدَّ لَهُمْ سَعِيرًا ﴿٦٤﴾

﴿64﴾ അവിശ്വാസികളെ നിശ്ചയമായും അല്ലാഹു ശപിച്ചിരിക്കുന്നു; അവർക്ക് ജ്വലിക്കുന്ന അഗ്നിയെ അവൻ ഒരുക്കുകയും ചെയ്തിരിക്കുന്നു;-

خَٰلِدِينَ فِيهَآ أَبَدًا ۖ لَّا يَجِدُونَ وَلِيًّا وَلَا نَصِيرًا ﴿٦٥﴾

﴿65﴾ അതിൽ (അവർ) എന്നെന്നും നിത്യവാസികളായ നിലയിൽ. യാതൊരു ബന്ധുവിനെയാകട്ടെ, സഹായകനെയാകട്ടെ അവർ കണ്ടെത്തുകയില്ല.

يَوْمَ تُقَلَّبُ وُجُوهُهُمْ فِى ٱلنَّارِ يَقُولُونَ يَٰلَيْتَنَآ أَطَعْنَا ٱللَّهَ وَأَطَعْنَا ٱلرَّسُولَا۠ ﴿٦٦﴾

﴿66﴾ നരകത്തിൽ അവരുടെ മുഖങ്ങൾ മറിച്ചിടപ്പെടുന്ന ദിവസം (അന്ന്) അവർ പറഞ്ഞുകൊണ്ടിരിക്കും: 'ഹാ! ഞങ്ങൾ അല്ലാഹുവിനെ അനുസരിക്കുകയും, റസൂലിനെ അനുസരിക്കുകയും ചെയ്തിരുന്നെങ്കിൽ നന്നായേനേ!'

﴿63﴾ يَسْأَلُكَ നിന്നോട് ചോദിക്കുന്നു, ചോദിക്കും النَّاسُ മനുഷ്യർ عَنِ السَّاعَةِ അന്ത്യസമയത്തെപ്പറ്റി قُلْ നീ പറയുക إِنَّمَا عِلْمُهَا നിശ്ചയമായും അതിന്റെ അറിവ്, വിവരം عِنْدَ اللهِ അല്ലാഹുവിങ്കൽ മാത്രമാണ് وَمَا എന്തൊന്നാണ് يُدْرِيكَ നിനക്കറിയിച്ചു തരുന്നത് لَعَلَّ السَّاعَةَ അന്ത്യസമയം ആയേക്കാം تَكُونُ ഉണ്ടാവുക قَرِيبًا അടുത്ത് ﴿64﴾ إِنَّ اللهَ നിശ്ചയമായും അല്ലാഹു لَعَنَ الْكَافِرِينَ അവിശ്വാസികളെ ശപിച്ചിരിക്കുന്നു وَأَعَدَّ لَهُمْ അവർക്ക് ഒരുക്കുകയും ചെയ്തിരിക്കുന്നു سَعِيرًا ജ്വലിക്കുന്ന തീ ﴿65﴾ خَالِدِينَ ശാശ്വതരായ നിലയിൽ فِيهَا അതിൽ أَبَدًا എക്കാലവും لَا يَجِدُونَ അവർ കണ്ടെത്തുകയില്ല وَلِيًّا ഒരു ബന്ധുവെയും وَلَا نَصِيرًا സഹായകനെയും ഇല്ല ﴿66﴾ يَوْمَ تُقَلَّبُ മറച്ചിടപ്പെടുന്ന ദിവസം وُجُوهُهُمْ അവരുടെ മുഖങ്ങൾ فِي النَّارِ നരകത്തിൽ يَقُولُونَ അവർ പറഞ്ഞുകൊണ്ടിരിക്കും يَالَيْتَنَا ഹാ ഞങ്ങളായിരുന്നെങ്കിൽ നന്നായേനേ أَطَعْنَا اللهَ ഞങ്ങൾ അല്ലാഹുവിനെ അനുസരിച്ചിരുന്നു وَأَطَعْنَا الرَّسُولَا റസൂലിനെയും അനുസരിച്ചിരുന്നു (എങ്കിൽ)

وَقَالُوا۟ رَبَّنَآ إِنَّآ أَطَعْنَا سَادَتَنَا وَكُبَرَآءَنَا فَأَضَلُّونَا ٱلسَّبِيلَا۠ ﴿٦٧﴾

﴿67﴾ അവർ (ഇങ്ങനെ) പറയുകയും ചെയ്യും: 'ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങൾ ഞങ്ങളുടെ നേതാക്കളെയും, ഞങ്ങളുടെ മൂപ്പൻമാരെയും അനുസരിച്ചുകളഞ്ഞു; അങ്ങനെ, അവർ ഞങ്ങളെ വഴി പിഴപ്പിച്ചിരിക്കയാണ്;

رَبَّنَآ ءَاتِهِمْ ضِعْفَيْنِ مِنَ ٱلْعَذَابِ وَٱلْعَنْهُمْ لَعْنًا كَبِيرًا ﴿٦٨﴾

《68》 'ഞങ്ങളുടെ രക്ഷിതാവേ! അവർക്ക് ശിക്ഷയിൽനിന്ന് രണ്ടിരട്ടി നീ നൽകേണമേ! അവരെ വമ്പിച്ച ശാപം ശപിക്കുകയും ചെയ്യേണമേ!!'

《67》 وَقَالُوا അവർ പറയുകയും ചെയ്യും رَبَّنَا ഞങ്ങളുടെ രക്ഷിതാവേ إِنَّا നിശ്ചയ മായും ഞങ്ങൾ أَطَعْنَا ഞങ്ങൾ അനുസരിച്ചു سَادَتَنَا ഞങ്ങളുടെ നേതാക്കളെ وَكُبَرَاءَنَا ഞങ്ങളിൽ വലിയവരെ (മൂപ്പൻമാരെ)യും فَأَضَلُّونَا അങ്ങനെ അവർ ഞങ്ങളെ വഴിപിഴ പ്പിച്ചു 《68》 رَبَّنَا ഞങ്ങളുടെ റബ്ബേ آتِهِمْ നീ അവർക്ക് കൊടുക്കേണമേ ضِعْفَيْنِ രണ്ടിരട്ടി مِنَ الْعَذَابِ ശിക്ഷയിൽ നിന്ന് وَالْعَنْهُمْ അവരെ നീ ശപിക്കുകയും വേണമേ لَعْنًا كَبِيرًا വലു തായ (വമ്പിച്ച) ശാപം

അന്ത്യസമയമാകുന്ന പ്രളയഘട്ടത്തെപ്പറ്റി ചോദിക്കുന്നവരോട് അതിനെക്കുറിച്ച് അല്ലാഹുവിന്മാത്രമേ അറിവുള്ളൂവെന്ന് മറുപടി പറയുവാൻ നബി ﷺ യോട് കൽപിക്കുന്നു. അല്ലാഹുവല്ലാത്ത ഒരാൾക്കും ഇത് സംബന്ധിച്ച വിവരം അവൻ നൽകിയിട്ടില്ലാത്ത സ്ഥിതിക്ക് നബി ﷺ ക്ക് അതെങ്ങിനെ അറിയുവാൻ സാധിക്കും?! എന്നാൽ, അതിനെക്കുറിച്ച് ചോദ്യംചെയ്യുന്നവർ, വാസ്തവത്തിൽ മരണാനന്തരജീവിതത്തെയും, പരലോകത്തെയും നിഷേധിക്കുന്നവരാണ്. ആകയാൽ, അന്നത്തെ ദിവസം ആ നിഷേധികളുടെ അവസ്ഥ എന്തായിരിക്കുമെന്ന് അല്ലാഹു തുടർന്നു വിവരിക്കുന്നു. അഥവാ, അന്ത്യസമയം എപ്പോഴെന്നല്ല അവർ അന്വേഷിക്കേണ്ടത്; അതിനെത്തുടർന്നുണ്ടാകുന്ന സംഭവ വികാസങ്ങളെയും, അന്നത്തെ അവരുടെ സ്ഥിതിഗതികളെയും സംബന്ധിച്ചാണ് അന്വേഷിച്ചറിയേണ്ടത് എന്ന് അവരെ ഓർമിപ്പിക്കുന്നു.

വിഭാഗം - 8

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَكُونُوا۟ كَٱلَّذِينَ ءَاذَوْا۟ مُوسَىٰ فَبَرَّأَهُ ٱللَّهُ مِمَّا قَالُوا۟ ۚ وَكَانَ عِندَ ٱللَّهِ وَجِيهًا ﴿٦٩﴾

《69》 ഹേ, വിശ്വസിച്ചവരേ, നിങ്ങൾ യാതൊരു കൂട്ടരെപോലെ ആവരുത്: അവർ മൂസായെ ശല്യപ്പെടുത്തുകയും, എന്നിട്ട് അവർ പറഞ്ഞതിൽനിന്ന് അല്ലാഹു അദ്ദേഹത്തെ ഒഴിവാ(ക്കി നിരപരാധിത്വം തെളിയി)ക്കുകയും ചെയ്തു. അദ്ദേഹം അല്ലാഹുവിന്റെ അടുക്കൽ പ്രമുഖനായ ഒരാളുമായിരുന്നു.

《69》 يَا أَيُّهَا الَّذِينَ آمَنُوا ഹേ, വിശ്വസിച്ചവരേ لَا تَكُونُوا നിങ്ങൾ ആകരുത് كَالَّذِينَ യാതൊരു കൂട്ടരെപ്പോലെ آذَوْا مُوسَى അവർ മൂസായെ ശല്യപ്പെടുത്തി فَبَرَّأَهُ اللَّهُ എന്നിട്ട ദ്ദേഹത്തെ അല്ലാഹു ഒഴിവാക്കി, നിരപരാധിയാക്കി مِمَّا قَالُوا അവർ പറഞ്ഞതിൽ നിന്ന് وَكَانَ അദ്ദേഹമായിരുന്നുതാനും عِنْدَ اللَّهِ അല്ലാഹുവിന്റെ അടുക്കൽ وَجِيهًا പ്രമുഖൻ

57, 58 എന്നീ ആയത്തുകളുടെ വിവരണത്തിൽനിന്ന് 'ശല്യപ്പെടുത്തുക' എന്നതിന്റെ വിവിധ രൂപങ്ങൾ നാം മനസ്സിലാക്കിയല്ലോ. മൂസാ നബി (അ)ക്ക് അദ്ദേഹത്തിന്റെ സമുദായത്തിൽനിന്ന് അനുഭവപ്പെട്ട ശല്യങ്ങൾ നിരവധിയാണെന്ന് പറയേണ്ടതില്ല. അദ്ദേഹത്തിന്റെ പ്രവാചകത്വത്തെ നിഷേധിച്ചിരുന്ന പ്രത്യക്ഷ ശത്രുവിഭാഗക്കാരിൽ നിന്ന് മാത്രമല്ല, അദ്ദേഹത്തിന്റെ സ്വന്തം ജനതയായ ഇസ്റാഈല്യരിൽനിന്ന് പോലും ധാരാളം ശല്യങ്ങൾ അദ്ദേഹത്തിന് അനുഭവിക്കേണ്ടി വന്നിരുന്നു. അവയിൽ ഏതെങ്കിലും ചില വിഷയങ്ങളെക്കുറിച്ച് ഇവിടെ പ്രത്യേകം സൂചനകളൊന്നും അല്ലാഹു നൽകിയിട്ടില്ല. എന്നിരിക്കെ, ഇവിടെ അവ മൊത്തത്തിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുവെന്ന് കരുതേണ്ടിയിരിക്കുന്നു. ക്വുർആനിലും, ഹദീഥിലും, മഹാൻമാരുടെ ഗ്രന്ഥങ്ങളിലും കാണപ്പെടുന്ന പല സംഭവങ്ങളും ഇവിടെ അതിന് ഉദാഹരണമായി എടുക്കാവുന്നതുമാകുന്നു.

ശത്രുക്കളുമായി യുദ്ധം നടത്തേണ്ടുന്ന ഘട്ടം വന്നപ്പോൾ ഇസ്റാഈല്യർ മൂസാ നബി (അ)യോട് പറഞ്ഞു:'നീയും, നിന്റെ റബ്ബും പോയി യുദ്ധംചെയ്തുകൊള്ളുക. ഞങ്ങളിവിടെ ഇരിക്കുകയാണ്.' -**٢٤:٥** - (اذهب انت وربك فقاتلا انا ههنا قاعدون– المائدة) 'തീഹ്' മരുഭൂമിയിൽവെച്ച് 'മന്നാ'യും'സൽവാ'യും(ഒരു തരം കട്ടിത്തേനും,കാടപ്പക്ഷിയും) സുഭിക്ഷം ലഭിച്ചുകൊണ്ടിരുന്ന അവസരത്തിൽ അവർ പറഞ്ഞു: 'നിശ്ചയമായും ഞങ്ങൾ ഒരേ ഭക്ഷണത്തിൻമേൽ ക്ഷമിച്ചുകൊണ്ടിരിക്കുകയില്ല.'-(٦١:٢ ان نصبر على طعام واحد- البقرة) മറ്റൊരവസരത്തിൽ അവർ ശഠിച്ചു: 'ഞങ്ങൾ അല്ലാഹുവിനെ പരസ്യമായിക്കാണുവോളം നിന്നെ ഞങ്ങൾ വിശ്വസിക്കുകയില്ല.' - **٥٥:٢**-(أن نؤمن لك حتى نرى الله جهرة– البقرة) മൂസാ നബി (അ) തൗറാത്ത് ഏറ്റുവാങ്ങുവാൻവേണ്ടി സീനാപർവ്വതത്തിൽ പോയി വന്നപ്പോഴേക്കും അവർ പശുക്കുട്ടിയെ ദൈവമാക്കി ആരാധിച്ച സംഭവം പ്രസിദ്ധമാണ്. ഇങ്ങനെ പലതും.

മൂസാ (അ) വളരെ ലജ്ജാശീലനായിരുന്നുവെന്നും, അതിനാൽ ശരീരത്തിന്റെ അൽപഭാഗം വെളിവാകുന്നതിൽ അദ്ദേഹം വളരെ സങ്കോചപ്പെട്ടിരുന്നുവെന്നും, അദ്ദേഹത്തിന് വെള്ളപ്പാണ്ഡോ മറ്റോ ഉള്ളതുകൊണ്ടാണതെന്ന് ജനങ്ങൾ പറഞ്ഞുപരത്തുകയുണ്ടായെന്നും, അദ്ദേഹം ഏകനായി കുളിക്കുവാൻവേണ്ടി വസ്ത്രങ്ങൾ അഴിച്ചുവെച്ച ഒരവസരത്തിൽ ആ പ്രസ്താവന ശരിയല്ലെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ അല്ലാഹു ഒരു അവസരം ഉണ്ടാക്കിയെന്നും നബി ﷺ പ്രസ്താവിച്ചിരിക്കുന്നു. തുടർന്നുകൊണ്ട് ഈ ക്വുർആൻവചനം തിരുമേനി ഓതുകയും ചെയ്തു. (അഹ്മദ്, ബുഖാരി (റ) മുതലായവർ ഇത് ഉദ്ധരിച്ചിരിക്കുന്നു.) ഹാറൂൻ നബി (അ)യെ കാണാതായ ഒരവസരത്തിൽ മൂസാ (അ) അദ്ദേഹത്തെ കൊലപ്പെടുത്തിയിരിക്കുന്നു എന്നും മറ്റുമുള്ള വേറെ ആരോപണങ്ങളും അദ്ദേഹത്തിന്റെ പേരിൽ നടത്തപ്പെട്ടതായി ചില രിവായത്തുകൾ കാണാം.

ഇങ്ങനെയുള്ള യാതൊരു ശല്യങ്ങളും നബി തിരുമേനി ﷺക്ക് സത്യവിശ്വാസികളിൽനിന്ന് ഉണ്ടാകരുതെന്നും അങ്ങനെ വല്ലതും ആരെങ്കിലും പ്രവർത്തിച്ചാൽ അതിന്റെ ഫലം അവർ അനുഭവിക്കേണ്ടി വരുമെന്നല്ലാതെ നബി ﷺക്ക് അതുകൊണ്ട് ദോഷമൊന്നും പിണയുവാനില്ലെന്നും, അല്ലാഹു തിരുമേനിയുടെ നിരപരാധിത്വം തെളിയിക്കുകതന്നെ ചെയ്യുമെന്നും സത്യവിശ്വാസികളെ അല്ലാഹു ഇതുമൂലം താക്കീത് ചെയ്യുന്നു. നബി ﷺ ജനങ്ങൾക്കിടയിൽ പൊതുസ്വത്തുക്കൾ ഭാഗിച്ചുകൊണ്ടിരിക്കെ ഒരാൾ പറയുകയുണ്ടായി: 'അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചിട്ടില്ലാത്ത ഒരു ഓഹരി ചെയ്യലാണിത്.' ഇതുകേട്ടപ്പോൾ തിരുമേനിയുടെ മുഖം ചുവന്നു. അവിടുന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ കാരുണ്യം മൂസാ നബിയിലുണ്ടാകട്ടെ! ഇതിനെക്കാൾ വലിയ തോതിൽ അദ്ദേഹത്തിന് ശല്യം ബാധിക്കുകയുണ്ടായിട്ടുണ്ട്. എന്നിട്ടും അദ്ദേഹം അത് ക്ഷമിച്ചു.'
(رحمة الله على موسى لقد اوذى بأكثر من هذا فصبر– متفق عليه)

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَقُولُوا۟ قَوْلًا سَدِيدًا ﴿٧٠﴾

﴾70﴿ ഹേ, വിശ്വസിച്ചവരേ, നിങ്ങള്‍ അല്ലാഹുവിനെ സൂക്ഷിക്കുവിന്‍; നേരെ ചൊവ്വായ വാക്കുപറയുകയും ചെയ്യുവിന്‍;-

---

﴾70﴿ يَا أَيُّهَا الَّذِينَ آمَنُوا ഹേ, വിശ്വസിച്ചവരേ اتَّقُوا اللَّهَ നിങ്ങള്‍ അല്ലാഹുവിനെ സൂക്ഷിക്കുവിന്‍ وَقُولُوا പറയുകയും ചെയ്യുവിന്‍ قَوْلًا سَدِيدًا ചൊവ്വായ (നേരായ) വാക്ക്

يُصْلِحْ لَكُمْ أَعْمَـٰلَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَمَن يُطِعِ ٱللَّهَ وَرَسُولَهُۥ فَقَدْ فَازَ فَوْزًا عَظِيمًا ﴿٧١﴾

﴾71﴿ (എന്നാല്‍) അവന്‍ നിങ്ങള്‍ക്ക് നിങ്ങളുടെ കര്‍മങ്ങളെ നന്നാക്കിത്തരുകയും, നിങ്ങളുടെ പാപങ്ങള്‍ നിങ്ങള്‍ക്ക് പൊറുത്തുതരുകയും ചെയ്യും. അല്ലാഹുവിനെയും, അവന്‍റെ റസൂലിനെയും ആര്‍ അനുസരിക്കുന്നുവോ, തീര്‍ച്ചയായും അവന്‍ വമ്പിച്ച ഭാഗ്യം പ്രാപിച്ചു.

﴾71﴿ يُصْلِحْ لَكُمْ അവന്‍ നിങ്ങള്‍ക്ക് നന്നാക്കിത്തരും أَعْمَالَكُمْ നിങ്ങളുടെ കര്‍മങ്ങളെ, പ്രവര്‍ത്തനങ്ങളെ وَيَغْفِرْ لَكُمْ നിങ്ങള്‍ക്ക് പൊറുത്തുതരുകയും ചെയ്യും ذُنُوبَكُمْ നിങ്ങളുടെ പാപങ്ങളെ وَمَن يُطِعِ ആരെങ്കിലും അനുസരിച്ചാല്‍, ആര്‍ വഴിപ്പെട്ടുവോ اللَّهَ وَرَسُولَهُ അല്ലാഹുവിനെയും അവന്‍റെ റസൂലിനെയും فَقَدْ فَازَ എന്നാലവന്‍ ഭാഗ്യം പ്രാപിച്ചു فَوْزًا عَظِيمًا വമ്പിച്ച ഭാഗ്യം, വിജയം

രണ്ട് കാര്യങ്ങള്‍ അല്ലാഹു ഇവിടെ സത്യവിശ്വാസികളെ ഉപദേശിക്കുന്നു. രണ്ട് കാര്യങ്ങള്‍ അവരോട് വാഗ്ദാനവും ചെയ്യുന്നു. അനുസരണവും സല്‍കര്‍മവും വഴി അല്ലാഹുവിനെ സൂക്ഷിക്കുക, അഥവാ അവനോട് ഭയഭക്തിയുണ്ടായിരിക്കുക, അക്രമത്തിന്‍റെയും അന്യായത്തിന്‍റെയും കലര്‍പ്പില്ലാത്ത നേരെ ചൊവ്വായ വാക്കുകള്‍ പറയുക, ഇതാണ് രണ്ട് ഉപദേശങ്ങള്‍. ഈ രണ്ട് ഉപദേശങ്ങള്‍ സ്വീകരിക്കുന്ന സത്യവിശ്വാസികള്‍ക്ക് അവരുടെ കര്‍മങ്ങളും പ്രവൃത്തികളും അവന്‍ നന്നാക്കിക്കൊടുക്കും. അഥവാ നല്ല പ്രവര്‍ത്തനങ്ങള്‍ക്ക് വേണ്ടുന്ന സഹായവും പരിതഃസ്ഥിതികളും പ്രദാനം ചെയ്കയും, അതിന് നല്ല പ്രതിഫലങ്ങള്‍ നല്‍കുകയും ചെയ്യും. ഇതത്രെ വാഗ്ദാനങ്ങള്‍. ചുരുക്കിപ്പറഞ്ഞാല്‍, അല്ലാഹുവിന്‍റെയും റസൂലിന്‍റെയും കല്‍പനാനിര്‍ദ്ദേശങ്ങള്‍ അനുസരിച്ചു ജീവിക്കുന്നതാരോ അവര്‍തന്നെയാണ് ഇഹത്തിലും പരത്തിലും വമ്പിച്ച ഭാഗ്യം സിദ്ധിക്കുന്നവര്‍.

إِنَّا عَرَضْنَا ٱلْأَمَانَةَ عَلَى ٱلسَّمَٰوَٰتِ وَٱلْأَرْضِ وَٱلْجِبَالِ فَأَبَيْنَ أَن يَحْمِلْنَهَا وَأَشْفَقْنَ مِنْهَا وَحَمَلَهَا ٱلْإِنسَٰنُ ۖ إِنَّهُۥ كَانَ ظَلُومًا جَهُولًا ﴿٧٢﴾

《72》 ആകാശങ്ങളുടെയും, ഭൂമിയുടെയും, പർവ്വതങ്ങളുടെയുംമേൽ (ഈ) 'അമാനത്തി'നെ നാം (എടുത്ത്) കാട്ടുകയുണ്ടായി. എന്നാലവ അത് ഏറ്റെടുക്കുന്നതിന് വിസമ്മതിക്കുകയും, അതിനെപ്പറ്റി പേടിക്കുകയും ചെയ്തു. മനുഷ്യൻ അത് ഏറ്റെടുത്തു. നിശ്ചയമായും അവൻ, അക്രമകാരിയും, അറിവുകെട്ടവനുമാകുന്നു.

《72》 إِنَّا നിശ്ചയമായും നാം عَرَضْنَا നാം കാട്ടി, പ്രദർശിപ്പിച്ചു الأَمَانَةَ അമാനത്തിനെ عَلَى السَّمَاوَاتِ ആകാശങ്ങളുടെമേൽ وَ الأَرْضِ ഭൂമിയുടെയും وَ الْجِبَالِ പർവ്വതങ്ങളുടെയും فَأَبَيْنَ അപ്പോഴവ വിസമ്മതിച്ചു أَنْ يَحْمِلْنَهَا അവ അത് ഏറ്റെടുക്കുന്നതിന്, വഹിക്കുന്നതിന് وَ أَشْفَقْنَ അവ പേടിക്കുകയും ചെയ്തു مِنْهَا അതിനെപ്പറ്റി وَ حَمَلَهَا അത് ഏറ്റെടുത്തു, വഹിച്ചു الإِنْسَانُ മനുഷ്യൻ إِنَّهُ كَانَ നിശ്ചയമായും അവനാകുന്നു ظَلُومًا അക്രമകാരി جَهُولًا അറിവുകെട്ടവൻ, മൂഢൻ

لِّيُعَذِّبَ ٱللَّهُ ٱلْمُنَٰفِقِينَ وَٱلْمُنَٰفِقَٰتِ وَٱلْمُشْرِكِينَ وَٱلْمُشْرِكَٰتِ وَيَتُوبَ ٱللَّهُ عَلَى ٱلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ ۗ وَكَانَ ٱللَّهُ غَفُورًا رَّحِيمًۢا ﴿٧٣﴾

《73》 കപടവിശ്വാസികളായ പുരുഷൻമാരെയും സ്ത്രീകളെയും, ബഹുദൈവവിശ്വാസികളായ പുരുഷൻമാരെയും സ്ത്രീകളെയും അല്ലാഹു ശിക്ഷിക്കുവാൻ വേണ്ടിയത്രെ (അത്); സത്യവിശ്വാസികളായ പുരുഷൻമാരുടെയും സ്ത്രീകളുടെയും മേൽ അല്ലാഹു പശ്ചാത്താപം സ്വീകരിക്കുവാനും (വേണ്ടിയാകുന്നു). അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

《73》 لِيُعَذِّبَ اللهُ അല്ലാഹു ശിക്ഷിക്കുവാൻ വേണ്ടി الْمُنَافِقِينَ കപടവിശ്വാസികളെ وَ الْمُنَافِقَاتِ കപടവിശ്വാസിനികളെയും وَ الْمُشْرِكِينَ ബഹുദൈവ വിശ്വാസികളേയും وَ الْمُشْرِكَاتِ ബഹുദൈവ വിശ്വാസിനികളെയും وَ يَتُوبَ اللهُ അല്ലാഹു പശ്ചാത്താപം (മടക്കം) സ്വീകരിക്കുവാനും عَلَى الْمُؤْمِنِينَ സത്യ വിശ്വാസികളുടെ മേൽ وَ الْمُؤْمِنَاتِ സത്യ വിശ്വാസിനികളുടെയും وَ كَانَ اللهُ അല്ലാഹു ആകുന്നു غَفُورًا വളരെ പൊറുക്കുന്നവൻ رَحِيمًا കരുണാനിധി

'അമാനത്ത്' (الأمانة) എന്നാൽ, വിശ്വാസപൂർവ്വം ഒരാളുടെ പക്കൽ സൂക്ഷിക്കുവാൻ ഏൽപിക്കപ്പെടുന്ന അനാമത്ത്– അഥവാ സൂക്ഷിപ്പ് വസ്തു– എന്നാകുന്നു. വിശ്വസ്തത എന്നത്രെ വാക്കിന്റെ സാക്ഷാൽ അർത്ഥം. അല്ലാഹുവിന്റെ നിയമനിർദ്ദേശങ്ങളാകുന്ന മതശാസനകളാ (التكاليف الدينية)ണ് ഇവിടെ വിവക്ഷ. നിർബന്ധനിയമങ്ങൾ (الفرائض) എന്നും, അനുസരണം (الطاعة) എന്നും മറ്റും ചില മഹാൻമാർ ഈ 'അമാനത്തി'ന് വിവക്ഷ നൽകാറുണ്ടെങ്കിലും, അവയെല്ലാംതന്നെ സാരത്തിൽ പരസ്പരം യോജിച്ചതോ, അല്ലെങ്കിൽ അമാനത്തിലെ ചില പ്രധാന വശങ്ങളെ ചൂണ്ടിക്കാട്ടുന്നതോ ആണെന്ന്കാണാം.

വളരെ അർത്ഥഗർഭമായതും, ആഴത്തിൽ ചിന്തിച്ചു ഗ്രഹിക്കേണ്ടതുമായ വചനങ്ങളാണിത്. ആകാശഭൂമികളും, പർവ്വതങ്ങളുമെല്ലാം സൃഷ്ടികളിൽ വമ്പിച്ചത് തന്നെ. എങ്കിലും അവയുടെ പ്രകൃതിസ്വഭാവങ്ങൾ ഈ അമാനത്താകുന്ന ശാസനാഭാരം ഏറ്റുവാങ്ങി സ്വീകരിക്കുവാൻ പര്യാപ്തങ്ങളല്ല. അഥവാ അത് അവയ്ക്ക് യോജിച്ചതല്ല. കേവലം ഒരു ചെറുജീവിയായ മനുഷ്യന്റെ ആകൃതിയും, പ്രകൃതിയും ഒന്നുവേറെയാണ്. വിശേഷബുദ്ധിയും, വിവേചനാശക്തിയും, അവന് പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഈ അമാനത്ത് ഏറ്റുവാങ്ങുവാനും, അത് കൈകാര്യം ചെയ്യാനും അർഹൻ അവനത്രെ. അത് അവന്നാണ് യോജിപ്പും. അങ്ങനെ, പ്രസ്തുത സൂക്ഷിപ്പ്മുതൽ അല്ലാഹു മനുഷ്യനെയാണ് ഏൽപിച്ചതും, മനുഷ്യനാണത് ഏറ്റെടുത്തതും. ഉപമാ രൂപത്തിൽ പറഞ്ഞ ആദ്യത്തെ വചനത്തിന്റെ രത്നച്ചുരുക്കം ഇതാകുന്നു.

ഈ അമാനത്തിന്റെ ഗൗരവത്തെയാണ് واشفقن منها (അവ അതിനെപ്പറ്റി പേടിക്കയും ചെയ്തു) എന്ന വാക്യം കുറിക്കുന്നത്. وحملها الإنسان (മനുഷ്യൻ അത് ഏറ്റെടുക്കുകയും ചെയ്തു) എന്ന് പറഞ്ഞതിന്റെ താൽപര്യം, അവന്റെ പ്രകൃതിവിശേഷത അതിനെ അനുകൂലിച്ചുവെന്നുമാകുന്നു. അല്ലെങ്കിൽ ചില ക്വുർആൻ വ്യാഖ്യാതാക്കൾ പ്രസ്താവിക്കുന്നത് പോലെ, ഇത് ആത്മീയ ലോകത്ത്വെച്ച് നടന്ന സംഭവത്തെ ഉദ്ധരിച്ചതുമായിരിക്കാം. അതായത്: അല്ലാഹുവിന്റെ ഏകത്വത്തെ സമ്മതിച്ചുകൊണ്ടുള്ള ഒരു കരാർ ആത്മീയലോകത്ത്വെച്ച് അല്ലാഹുവിനോട് മനുഷ്യവർഗം നടത്തുകയുണ്ടായിട്ടുണ്ടെന്ന് സൂ: അഅ്റാഫ് 172 ൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. അത്പോലയുള്ള ഒരു സംഭവമായിരിക്കും. الله أعلم ഏതായാലും ആയത്തിലടങ്ങിയ തത്വം നാം മുകളിൽ പ്രസ്താവിച്ചത് തന്നെ.

മതശാസനകളാകുന്ന അമാനത്ത് ഏറ്റെടുത്തത് മനുഷ്യനാണെന്ന് പറഞ്ഞിരിക്കകൊണ്ട് മലക്കുകളിലോ, ജിന്നുകളിലോ അല്ലാഹുവിന്റെ യാതൊരുവിധ ശാസനകളും ഉണ്ടാവുകയില്ലെന്ന് അർത്ഥമില്ല. ജിന്ന്വർഗത്തെ നിഷേധിക്കുന്നവരും, മലക്കുകളെ വിദ്യുച്ഛക്തിപോലുള്ള എന്തോ ചില ശക്തികളായി ചിത്രീകരിക്കുന്നവരും തങ്ങളുടെ പൊള്ളവാദങ്ങൾക്ക് ഇതുപോലെയുള്ള ചില ക്വുർആൻ വാക്യങ്ങളെ ചൂഷണം ചെയ്യാറുണ്ട്. സന്ദർഭോചിതം നാമതിനെ പലപ്പോഴും ചൂണ്ടിക്കാട്ടാറുണ്ട്. മലക്കുകളെപ്പറ്റി സൂ: തഹ്‌രീമിൽ التحريم – ما يؤمرون لا يعصون الله ما أمرهم ويفعلون (അല്ലാഹു അവരോട് കൽപിച്ചതിന് അവർ അനുസരണക്കേട് ചെയ്കയില്ല: അവരോട് കൽപിക്കപ്പെടുന്നത് അവർ ചെയ്യുകയും ചെയ്യും.) എന്ന് പറഞ്ഞിട്ടുള്ളതും, ജിന്നുകളെയും മനുഷ്യരെയുംകുറിച്ച് സൂ: ദാരിയാത്തിൽ الذاريات –والإنس إلا ليعبدون وما خلقت الجن (ജിന്നിനെയും 'ഇൻസിനെ' –മനുഷ്യനെ –യും എന്നെ ആരാധിക്കുവാനല്ലതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.) എന്നുംമറ്റും അല്ലാഹു പറഞ്ഞിരിക്കുന്നതും ഇവിടെ ഓർക്കേണ്ടതാകുന്നു. പക്ഷേ, മലക്കുകളോടും, ജിന്നുകളോടുമുള്ള ശാസനകൾ അവരുടെ പ്രകൃതിസ്വഭാവങ്ങൾക്കും, പ്രത്യേകതകൾക്കും അനുയോജ്യമായിരിക്കുമെന്നും, നമുക്ക് അതിനെപ്പറ്റി

-ഖുർആനിലോ ഹദീഥിലോ പ്രസ്താവിച്ചുകണ്ടതല്ലാതെ- ഒന്നും തീർത്തുപറയുവാൻ സാധ്യമല്ലെന്നും വ്യക്തമാണ്.

അല്ലാഹുവിന്റെ അമാനത്താകുന്ന ഈ ചുമതലാഭാരം ഏറ്റെടുക്കുകവഴി മനുഷ്യൻ വമ്പിച്ച ഒരു ഉത്തരവാദിത്തം ഏറ്റിരിക്കുകയാണ്. ആ ഉത്തരവാദിത്തം വേണ്ടതുപോലെ നിറവേറ്റുന്നപക്ഷം അവൻ ഉൽകൃഷ്ടനും, മഹാഭാഗ്യവാനുമാകുന്നു. എന്നാൽ, അവന്റെ പൊതുനില നോക്കുമ്പോൾ അവൻ അക്രമകാരിയും, അനീതി ചെയ്യുന്നവനുമാണ്; അവൻ അറിവുകെട്ടവനും ഭോഷനുമാണ്. പല വിഡ്ഢിത്തത്തിലും അവൻ ചെന്നുചാടും.

മനുഷ്യസഹജമാണതെല്ലാം. പല പ്രേരണകൾക്കും, താൽക്കാലികമായ ദേഹേച്ഛകൾക്കും, വിവിധ വിചാരവികാരങ്ങൾക്കും അവൻ വിധേയനാകും. അങ്ങനെ, ഭവിഷ്യത്തിനെപ്പറ്റി ആലോചിക്കാതെ അനീതിയും വിഡ്ഢിത്തവും അവൻ പ്രവർത്തിക്കുകയും ചെയ്യും. ഇതിനെയെല്ലാം അതിജയിച്ചുകൊണ്ട് തന്റെ യഥാർത്ഥജീവിതത്തിന് വേണ്ടി പരിശ്രമിക്കാനാവശ്യമായ ഉപാധികൾ അവന്റെ വശംതന്നെയുണ്ട് താനും. നന്മകളെയും തിന്മകളെയും വിവേചിച്ചറിയുവാനുള്ള ബുദ്ധിശക്തി അവനിലുണ്ട്. കൂടാതെ, അവന്റെ യഥാർത്ഥമായ വിജയത്തിന് ആസ്പദമായ സകല മാർഗദർശനങ്ങളും പ്രവാചകൻമാർ മുഖേന യഥാവിധി അല്ലാഹു കൊടുത്തരുളിയിട്ടുമുണ്ട്. ചുരുക്കത്തിൽ, ഒരു വശത്ത് അവനെ വമ്പിച്ച നാശഗർത്തത്തിലേക്ക് ആഴ്ത്തുന്ന ദുഷ്പ്രേരണകളും, മറ്റൊരുവശത്ത് അവനെ മഹാഭാഗ്യത്തിലേക്ക് ഉയർത്തിക്കൊണ്ടുപോകുന്ന സൽപ്രേരണകളും അവന്റെ കൂടെയുണ്ട്. ഇവ രണ്ടിൽ ഏതാണവൻ അനുസരിക്കുന്നത്? ഏതിനാണ് അവൻ മുൻഗണന നൽകുന്നത്? ഈ പരീക്ഷണമത്രെ 'അമാനത്ത്' ഏൽപിക്കപ്പെട്ടതിന്റെ ഉദ്ദേശ്യം.

ദുഷ്പ്രേരണകൾക്ക് വശംവദനായി, അല്ലാഹുവിനെ ധിക്കരിക്കുന്ന മുശ്രിക്കോ മുനാഫിഖോ ആയിത്തീരുകയാണെങ്കിൽ, അല്ലാഹുവിങ്കൽനിന്ന് അവന് ശിക്ഷ ലഭിക്കുന്നു. അതല്ല, സൽപ്രേരണകൾക്കനുസരിച്ചുകൊണ്ട് അല്ലാഹുവിന് കീഴ്പെട്ട് ജീവിക്കുന്ന മുഅ്മിനാവുകയാണെങ്കിൽ, സ്വാഭാവികമായി വരുന്ന അവന്റെ തെറ്റുകുറ്റങ്ങൾക്ക് അല്ലാഹു മാപ്പ് നൽകുകയും, അവന്റെ കൃപാകടാക്ഷത്തിന് പാത്രമാക്കുകയും ചെയ്യും. പുരുഷനെന്നോ സ്ത്രീയെന്നോ ഇവിടെ വകഭേദമില്ല. രക്ഷാശിക്ഷകളുടെ മാനദണ്ഡം എല്ലാവർക്കും ഒന്നുതന്നെ.

അല്ലാഹു നമുക്കെല്ലാം പൊറുത്തുതരുകയും, കരുണ നൽകുകയും ചെയ്യട്ടെ. അല്ലാഹു ഏൽപിച്ച അമാനത്ത് വേണ്ടത്പോലെ കാത്തുസൂക്ഷിക്കുവാൻ അവൻ നമുക്ക് തൗഫീക് നൽകട്ടെ. ആമീൻ.

والحمد لله أولا وآخرا

വ്യാഖ്യാനക്കുറിപ്പ്:

നബി തിരുമേനി (ﷺ)യുടെ വിവാഹങ്ങൾ

ഇസ്‌ലാമിന്റെ വൈരികൾ, അതിന്റെയും, അന്ത്യപ്രവാചകരായ നബി തിരുമേനി ﷺ യുടെയും പേരിൽ പല ആക്ഷേപങ്ങളും അപവാദങ്ങളും ഇറക്കുമതി ചെയ്യുക പതിവാണ്. അക്കൂട്ടത്തിൽ ഒന്നത്രെ നബി ﷺ യുടെ വിവാഹങ്ങളും. മുസ്‌ലിംകൾക്ക് കവിഞ്ഞപക്ഷം നാല് ഭാര്യമാരെ സ്വീകരിക്കുവാനേ പാടുള്ളൂ. (*) അതേ സമയത്ത് നബി ﷺ ചരമം പ്രാപിക്കുമ്പോൾ അവിടുത്തേക്ക് ഒമ്പത് ഭാര്യമാരുണ്ടായിരുന്നു. അപ്പോൾ നബി ﷺ ഒരു പെൺമോഹിയും, കാമാസക്തനും ആയിരുന്നുവെന്നാണ് ഇവരുടെ ആക്ഷേപത്തിന്റെയും അപവാദത്തിന്റെയും ആകെത്തുക. പണ്ഡിതോചിതവും, വസ്തുനിഷ്ഠവുമായ എത്രയോ മറുപടികൾ പലരാലും ഇതിന് നൽകപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. പക്ഷേ, അതൊന്നും ചെവിക്കൊള്ളുവാൻ അവരുടെ സ്ഥാപിത താൽപര്യങ്ങൾ അവരെ അനുവദിക്കാറില്ല. പ്രവാചകൻമാരുടെ സ്ഥാനപദവികളും, സമുദായവും അവരും തമ്മിലുള്ള കെട്ടുപാടും മറ്റും മനസ്സിലാക്കുകയും, വിലയിരുത്തുകയും ചെയ്യുന്നവർക്കേ ആ മറുപടികൾ ഫലപ്രദമാകുകയുള്ളൂ. ഈ വിഷയകമായി– ഈ സൂറത്തിലും, മറ്റ് പലേടങ്ങളിലും– വന്നിട്ടുള്ള ക്വുർആന്റെ പ്രസ്താവനകൾ പരിശോധിക്കുകയും, നബി തിരുമേനി ﷺ യുടെ ഓരോ വിവാഹവും നടന്ന പരിതഃസ്ഥിതികൾ ഗ്രഹിക്കുകയും ചെയ്യുന്നപക്ഷം ആർക്കും ഇവിടെ യാതൊരു ആക്ഷേപത്തിനും, ആശയക്കുഴപ്പത്തിനും വഴിയില്ല. നബി തിരുമേനി ﷺ യുടെ വിവാഹങ്ങളെക്കുറിച്ച് ഒരു ചുരുങ്ങിയ വിവരണം നൽകുക മാത്രമാണ് ഈ കുറിപ്പിന്റെ ഉദ്ദേശ്യം.

നബി ﷺ യുടെ ഒന്നാമത്തെ വിവാഹം

ഖദീജഃ (റ)യുടെ വിവാഹമാണ് നബി ﷺ യുടെ ഒന്നാമത്തെ വിവാഹം. അന്ന് തിരുമേനിക്ക് 25 വയസ്സ് പ്രായമാണ്. ദാമ്പത്യജീവിതത്തിൽ പ്രവേശിക്കുവാൻ വളരെ ഉപയുക്തമായ പ്രായംതന്നെ. എന്നാൽ, ഖദീജഃ (റ)യാകട്ടെ, മുമ്പ് രണ്ട് വിവാഹം കഴിയുകയും, 40 വയസ്സെത്തി വയോധികയായിത്തീരുകയും ചെയ്തിരിക്കുന്നു. അബ്ദുൽ മുത്ത്വലിബിന്റെ പൗത്രനായ മുഹമ്മദിന്റെ സവിശേഷസ്വഭാവങ്ങളും, അദ്ദേഹത്തിന്റെ ഭാവിയെക്കുറിച്ചുള്ള സൽപ്രതീക്ഷകളും ആ മഹതിയെ ആകർഷിച്ചു. ക്വുറൈശികളിൽ തനിക്കുള്ള കീർത്തിസ്ഥാനങ്ങളോ, തന്റെ ധനാധിക്യമോ, അല്ലെങ്കിൽ മുഹമ്മദിന്റെ അനാഥാവസ്ഥയോ, ദാരിദ്ര്യമോ– ഒന്നുംതന്നെ– ആ മഹതി പരിഗണിച്ചില്ല. ഖദീജഃ (റ)യുടെ അഭിലാഷമനുസരിച്ച് തിരുമേനിയുടെ പിതൃവ്യൻ അബൂത്വാലിബ് മുഖാന്തരം ആ വിവാഹം നടന്നു. 25 കാരനായ യുവാവും, 40 കാരിയായ വയോധികയും തമ്മിലുള്ള ആ വിവാഹബന്ധം 25 വർഷം നിലനിന്നു. ഇതിന്നിടയ്ക്ക് എന്തെങ്കിലും പൊരുത്തക്കേടോ, സ്വരച്ചേർച്ചയില്ലായ്മയോ അവർക്കിടയിൽ ഉണ്ടായില്ല. നബി ﷺ മറ്റൊരു വിവാഹാലോചന നടത്തുകയും ഉണ്ടായിട്ടില്ല. വേണമെങ്കിൽ അതിന് യാതൊരു തടസ്സവുമുണ്ടായിരുന്നില്ലതാനും. തിരുമേനിയുടെ ഏഴുമക്കളിൽ ഇബ്റാഹീം എന്ന മകനൊഴിച്ച് ബാക്കി എല്ലാവരും ഈ വിവാഹത്തിൽ ജനിച്ചവരത്രെ. നബി ﷺ യുടെ സന്താനപരമ്പര ശേഷിച്ചതും അവരിൽ നിന്നുതന്നെ. നബി ﷺ യുടെ സന്തോഷസന്താപങ്ങളിലും, പ്രബോധനകൃത്യങ്ങളിലുമെല്ലാം ഖദീജഃ (റ) വഹിച്ച

(*) നാല് ഭാര്യമാർവരെ വേണ്ടിവന്നാൽ ഒരാൾക്ക് വിവാഹം ചെയ്യാമെന്ന ഇസ്‌ലാമിക നിയമത്തെക്കുറിച്ച് ഇസ്‌ലാമിന്റെ വൈരികൾക്കും, യുക്തിവാദക്കാർക്കും ആക്ഷേപമില്ലാതില്ല. ഇത് സംബന്ധിച്ച് സൂ: നിസാഇൽവെച്ച് നാം പരാമർശിച്ചിട്ടുണ്ട്.

പങ്ക് ചരിത്രപ്രസിദ്ധമാണ്. അവർ ചരമം പ്രാപിച്ച കൊല്ലത്തിന് 'ദുഃഖവർഷം' (عام الحزن) എന്നുപോലും നബി ﷺ പേരിട്ടു. തിരുമേനിയുടെ വിയോഗംവരെയും അവരെക്കുറിച്ചുള്ള പ്രശംസകളും, അനുസ്മരണകളും തിരുമേനിയിൽ പ്രകടമായിരുന്നു.

ആഇശഃ (റ) പറയുകയാണ്: 'എനിക്ക് ഖദീജഃ (റ)യുടെ പേരിൽ തോന്നിയ അത്ര വിഷമം നബി ﷺയുടെ മറ്റ് ഭാര്യമാരുടെ നേരെയൊന്നും ഉണ്ടായിട്ടില്ല. ഞാൻ ഖദീജഃ (റ)യെ കണ്ടിട്ടുപോലുമില്ല. പക്ഷേ, തിരുമേനി അവരെക്കുറിച്ച് ധാരാളം പ്രസ്താവിച്ചു കൊണ്ടിരിക്കും. ചിലപ്പോൾ ഒരു ആടിനെ അറുത്താൽ, അത് കഷ്ണിച്ച് ഖദീജഃയുടെ തോഴിമാർക്ക് അയച്ചുകൊടുക്കും. അങ്ങനെ ഞാൻ പറഞ്ഞേക്കും: ഇഹലോകത്ത് ഖദീജഃയല്ലാതെ വേറെ പെണ്ണില്ലെന്ന് തോന്നുന്നു! അപ്പോൾ തിരുമേനി മറുപടി പറയും: 'അതെ, അവർ അങ്ങനെയായിരുന്നു, ഇങ്ങനെയായിരുന്നു, എനിക്ക് അവരിൽനിന്നാണ് സന്താനങ്ങളുണ്ടായത് എന്നൊക്കെ'. (ബു; മു.) ഒന്നാമതായി ഇസ്ലാമിൽ വിശ്വസിച്ചതും ഖദീജഃ (റ)യാണെന്നാണ് പല ചരിത്രകാരൻമാരുടെയും അഭിപ്രായം.

ഇതെല്ലാം മുന്നിൽവെച്ചുകൊണ്ട് ആലോചിച്ചാൽ, ഖദീജഃ (റ)യുടെ കാലശേഷം– 50 വയസ്സ് പ്രായമെത്തിയ നബി ﷺ– വേറെ വിവാഹം നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ ഉദ്ദേശ്യം, ദാമ്പത്യജീവിതം അനുഭവിക്കലായിരിക്കയില്ല എന്ന് കാണുവാൻ വലിയ ബുദ്ധിശക്തിയൊന്നും ആവശ്യമില്ല. പക്ഷേ, തുറന്ന മനഃസ്ഥിതിയും, നിഷ്പക്ഷ വീക്ഷണഗതിയും ഇല്ലാത്തവർക്ക് അത് കാണാൻ കഴിഞ്ഞെന്ന് വരികയില്ല. ഖദീജഃ (റ)യുടെ ശേഷം നടന്നിട്ടുള്ള വിവാഹങ്ങൾക്കുള്ള കാരണങ്ങളെ സാമാന്യമായി ആദ്യം നമുക്കൊന്ന് പരിചയപ്പെടാം:–

മറ്റ് വിവാഹങ്ങൾക്ക് പൊതുവിലുള്ള കാരണങ്ങൾ

സൂ: അഹ്സാബിലെ 50, 51, 52 വചനങ്ങളിലെ ഉള്ളടക്കം മനസ്സിലാക്കുകയും, അല്ലാഹുവിലും, നബിയിലും, ഖുർആനിലും വിശ്വസിക്കുകയും ചെയ്യുന്ന ഏതൊരാൾക്കുംതന്നെ തിരുമേനി കൂടുതൽ ഭാര്യമാരെ സ്വീകരിച്ചതിനെക്കുറിച്ച് എന്തെങ്കിലും ആശയക്കുഴപ്പം തോന്നുവാനില്ല. അല്ലാഹു നബി ﷺക്ക് സ്പഷ്ടമായ ഭാഷയിൽ– അനുവദിച്ചുകൊടുത്തതല്ലാതെ അവിടുന്ന് യാതൊന്നും ചെയ്തിട്ടില്ലെന്ന് തീർത്തും പറയാം. അല്ലാഹു അനുവദിച്ച വിഷയത്തിൽ ചോദ്യം ചെയ്യാൻ മറ്റാർക്കും യാതൊരധികാരവും, അവകാശവുമില്ല. അവന്റെ അനുവാദത്തിൽ അടങ്ങിയ യുക്തിരഹസ്യങ്ങളെ– അവ മുഴുവനും മനസ്സിലാക്കുക നമുക്ക് സാധ്യമല്ല; ആരായുക മാത്രമേ നാം ചെയ്യേണ്ടതുള്ളൂ. നബി ﷺക്ക് പ്രത്യേകമായി കൂടുതൽ ഭാര്യമാരെ അനുവദിച്ചതിൽ അടങ്ങിയ ചില രഹസ്യങ്ങൾ താഴെ പറയുന്നവയാകുന്നു:–

1) കേവലം ചില വിശ്വാസാചാരങ്ങൾ മാത്രം അടങ്ങിയ മതമല്ല ഇസ്ലാം. മനുഷ്യജീവിതത്തിന്റെ സകലവശങ്ങളെയും സ്പർശിക്കുന്ന അതിവിശാലവും, വിപുലവുമായ ഒരു നിയമസംഹിതയത്രെ ഇസ്ലാം. അതിന്റെ പ്രായോഗിക മാതൃകയാകട്ടെ, നബി തിരുമേനി ﷺയുടെ ജീവിതചര്യയുമാകുന്നു. അവിടുത്തെ ദൗത്യമാണെങ്കിൽ, കാലദേശവ്യത്യാസം കൂടാതെ ലോകാവസാനം വരേക്കുള്ളതും. മനുഷ്യവർഗത്തിന്റെ പകുതിഭാഗമോ, അതിലധികം തന്നെയോ വരുന്ന സ്ത്രീവിഭാഗത്തെ പ്രത്യേകം സ്പർശിക്കുന്ന നിയമനിർദ്ദേശങ്ങളും, നടപടിക്രമങ്ങളും ഇസ്ലാമിലുണ്ട്. വൈവാഹികം, ഗാർഹികം തുടങ്ങിയ ജീവിതവശങ്ങളിലും, കോടിക്കണക്കായ മുസ്ലിംകൾ മാതൃകയാക്കേണ്ടത് നബി തിരുമേനി ﷺയെയാണ്. സ്ത്രീകൾ– അതെ, ഭാര്യമാർ– വഴിയല്ലാതെ അറിയുവാനും അറിയിക്കപ്പെടുവാനും സൗകര്യമില്ലാത്ത പലതും ഇതിൽ ഉൾപ്പെടുമെന്ന് പറയേണ്ടതില്ല. ഇത്തരം വിഷയങ്ങളിൽ മാത്രമല്ല, ശാഖാപരമായ ഇതര തുറകളിലുള്ള എത്രയോ മതനിയമങ്ങളും സമുദായത്തിന് നബി ﷺയുടെ ഭാര്യമാർ– വിശേഷിച്ചും ആഇശഃ (റ)– മുഖാന്തരം മന

സ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നത് അനിഷേധ്യമത്രെ.

മുശ്‌രിക്കുകളിൽ പെട്ട ഒരാൾ പരിഹാസപൂർവ്വം ഇങ്ങനെ പറയുകയുണ്ടായി: 'നിങ്ങളുടെ ആൾ- നബി ﷺ- നിങ്ങൾക്ക് മലമൂത്രവിസർജ്ജനം ചെയ്യാൻപോലും പഠിപ്പിച്ചു തരുന്നതായി കാണുന്നുവല്ലോ!' ഇതുകേട്ട് സൽമാൻ (റ) അഭിമാനത്തോടെ പറഞ്ഞു: 'അതെ, (മലമൂത്ര വിസർജ്ജന വേളയിൽ) ക്വിബ്‌ലഃക്ക് നേരെ തിരിഞ്ഞിരിക്കരുത് വലത്തേ കൈകൊണ്ട് ശുദ്ധം ചെയ്യരുത്. (കല്ലുകൊണ്ട് ശുദ്ധം ചെയ്യുമ്പോൾ) മൂന്ന് കല്ലിൽ കുറഞ്ഞു മതിയാക്കരുത്, അതിൽ കാഷ്ടവും എല്ലും ഉണ്ടാവരുത് എന്നൊക്കെ അദ്ദേഹം ഞങ്ങളോട് കൽപിച്ചിട്ടുണ്ട്. (അ: മു.) ഇത്ര ചെറിയ സംഗതികളിൽപോലും സമുദായത്തിന് നബി ﷺയിൽ നിന്ന് മാതൃകയും, നിർദ്ദേശങ്ങളും ലഭിക്കേണ്ടതുണ്ട് എന്ന് സാരം. ഇപ്പറഞ്ഞവ പുരുഷൻമാർ മുഖാന്തരം അന്യോന്യം അറിയാവുന്നതാണെങ്കിലും, ഇത്പോലെയുള്ള മറ്റ് ചില കാര്യങ്ങൾ സ്ത്രീകൾ മുഖാന്തരം അറിയേണ്ടിയിരിക്കുന്നു. ഋതുകാലങ്ങളിൽ വീട്ടുകാര്യങ്ങളിലും, ഭർത്താക്കളുടെ കാര്യങ്ങളിലുമെല്ലാം സ്ത്രീകൾ പെരുമാറേണ്ടതെങ്ങിനെ? അതിൽനിന്ന് വിരമിക്കുമ്പോൾ ശുദ്ധീകരിക്കേണ്ടതെങ്ങിനെ? ആദിയായ പലതും ഇതിന് ഉദാഹരണങ്ങളാണ്. അപ്പോൾ, ഇങ്ങനെയുള്ള മഹത്തായ പല ആവശ്യങ്ങളും നിറവേറ്റുവാനെന്ന ലക്ഷ്യത്തെ മുൻനിറുത്തി നബി ﷺ ഒന്നിലധികം വിവാഹം ചെയ്യേണ്ടതുണ്ടെന്ന് ഊഹിക്കുവാൻ പ്രയാസമില്ല.

2) പ്രവാചകത്വം സിദ്ധിച്ചതിന്ശേഷം, നബി ﷺ മക്കയിലായിരുന്ന ആദ്യഘട്ടത്തിൽ, അവിടത്തെ പ്രബോധനവിഷയം, പ്രധാനമായും ഇസ്‌ലാമിന്റെ മൗലിക സിദ്ധാന്തങ്ങളായിരുന്നു. അതിന്റെ പ്രചരണത്തിൽ സ്ത്രീപുരുഷഭേദമെന്യെ എല്ലാ മുസ്‌ലിംകളും അവരുടെ കഴിവ് വിനിയോഗിച്ചിരുന്നു. പിന്നീട് -മദീനഃയിൽ വന്നതുമുതൽ- അവയ്ക്കുപുറമെ അനുഷ്ഠാനപരവും കർമപരവുമായ വിശദ നിയമനിർദ്ദേശങ്ങളും പ്രബോധന വിഷയങ്ങളായിത്തീർന്നു. മതകാര്യങ്ങൾ പഠിപ്പിക്കുവാനും, പ്രചരിപ്പിക്കുവാനും ഇന്നത്തെപ്പോലെയുള്ള സ്ഥാപനങ്ങൾ അന്നില്ലല്ലോ. അന്നുണ്ടായിരുന്ന ഏക മതവിദ്യാലയം മദീനഃ പള്ളിയുടെ വരാന്തയായിരുന്നു. കേവലം ദരിദ്രരും, പാർപ്പിടം പോലുമില്ലാത്തവരുമായിരുന്ന ചില പാവങ്ങൾ- അതെ, മുസ്‌ലിം ലോകത്തിന്റെ ഉത്തമ നേതാക്കളും സത്യവിശ്വാസികളുടെ മാതൃകാപുരുഷൻമാരുമായ അബൂഹുറയ്റഃ (റ), അമ്മാർ (റ), ബിലാൽ (റ), സ്വുഹൈബ് (റ), സൽമാൻ (റ) മുതലായ മഹാൻമാർ ആയിരുന്നു ആ ഏക ഉന്നത വിദ്യാലയത്തിലെ സാധാരണ അദ്ധ്യാപകൻമാർ. ഇതേ സമയത്ത് മുസ്‌ലിം വനിതകൾക്കായി നടത്തപ്പെട്ടിരുന്ന ചില സ്വകാര്യ വനിതാ വിദ്യാലയങ്ങളും മദീനഃയിലുണ്ടായിരുന്നുതാനും. മദീനഃ പള്ളിയുടെ പരിസരങ്ങളിൽ അങ്ങിങ്ങായി കാണപ്പെട്ടിരുന്ന ചെറ്റക്കുടിലുകളായിരുന്നു അത്. അതെ, നബി തിരുമേനി ﷺയുടെ ഭാര്യമാരും, സത്യവിശ്വാസികളുടെ മാതാക്കളും വസിച്ചിരുന്നത് അവയിലായിരുന്നു. അവർ ഓരോരുത്തരും അതതിലെ അദ്ധ്യാപികകളായിരുന്നു. ഇവരിൽ ചിലരെല്ലാം നബി ﷺയുടെ നാമമാത്ര ഭാര്യയായിരിക്കുകയെന്ന ഭാഗ്യം കൊണ്ട് തൃപ്തിപ്പെട്ടു ഇസ്‌ലാം മതപഠനത്തിനും, അതിന്റെ പ്രചരണത്തിനും, സേവനത്തിനുമായി ജീവിതം ഉഴിഞ്ഞുവെച്ചവരായിരുന്നു. (സൂ: അഹ്സാബിലെ 28- 34 വചനങ്ങളും അവയുടെ വ്യാഖ്യാനവും പരിശോധിച്ചാൽ ഈ വസ്തുത ശരിക്കും മനസ്സിലാകും) ഖലീഫഃ അബൂബക്ർ (റ) ഉമർ (റ) മുതലായ പല പ്രഗൽഭ സ്വഹാബികളും തങ്ങൾക്ക് നേരിടുന്ന എത്രയോ സംശയങ്ങൾക്ക് നിവാരണം കണ്ടെത്തുവാൻ തങ്ങളുടെ മാതാക്കളെ- അതെ, തിരുമേനിയുടെ ഭാര്യമാരെ- സമീപിക്കുകയായിരുന്നു ചെയ്തിരുന്നത്. ഹദീഥ്ഗ്രന്ഥങ്ങളും, ചരിത്രഗ്രന്ഥങ്ങളും കണ്ണുതുറന്നു പരിശോധിച്ചാൽ ഇതിന് ധാരാളം ഉദാഹരണങ്ങൾ കാണാം.

3) ഇസ്‌ലാമിന്റെയും, മുസ്‌ലിംകളുടെയും നേരെ അറബിഗോത്രങ്ങൾ സ്വീകരിച്ചുവന്ന ശത്രുതയും, അക്രമമർദ്ദനങ്ങളും, യുദ്ധസംരംഭങ്ങളും വിസ്മരിക്കേണ്ടതില്ല. ഈ അവസരത്തിൽ, പ്രധാന അറബിഗോത്രങ്ങളുമായി വൈവാഹികബന്ധം ഉണ്ടായിത്തീരുന്നത് പല നിലക്കും ഉപകരിക്കുമായിരുന്നു. ഇന്നത്തെപ്പോലെ- വിശേഷിച്ചും നമ്മുടെ നാടുകളിലെപ്പോലെ- കുടുംബബന്ധത്തിനും വൈവാഹികബന്ധത്തിനും വില കൽപിക്കപ്പെടാത്ത സമ്പ്രദായമല്ലായിരുന്നു അറബികളിലുള്ളത്. ഒരു ഗോത്രത്തിലെ ഒരു വീട്ടുകാർക്ക് വിവാഹബന്ധം ഉണ്ടായിക്കഴിഞ്ഞാൽ ആ ഗോത്രത്തിലെ ആയിരക്കണക്കിലോ, അതിലധികമോ വരുന്ന വീട്ടുകാരെല്ലാം തന്നെ- അവരുടെ ശാഖോപശാഖാവംശങ്ങൾസഹിതം- പരസ്പരം സ്നേഹത്തിലും, സഖ്യത്തിലും വർത്തിക്കുവാൻ അത് കാരണമാകുമായിരുന്നു. പല ഗോത്രങ്ങളിൽനിന്നായുള്ള തിരുമേനിയുടെ വിവാഹങ്ങൾ ചിലപ്പോൾ ശത്രുക്കളുടെ ആഞ്ഞേറ്റം തടയുവാനും, ശത്രുതക്ക് ലാഘവം വരുത്തുവാനും വളരെ അധികം സഹായകമായിട്ടുണ്ട്. ഓരോന്നും ഉദാഹരണസഹിതം വിശദീകരിക്കുന്നപക്ഷം ഈ കുറിപ്പ് വളരെ ദീർഘിച്ചുപോകും. ഓരോ ഭാര്യമാരുടെ വിവാഹത്തെക്കുറിച്ചും താഴെ പ്രത്യേകം പ്രസ്താവിക്കുന്നതിൽനിന്ന് തന്നെ ഈ വസ്തുത ഏറെക്കുറെ വ്യക്തമാകുന്നതുമാകുന്നു.

4) ശത്രുകുടുംബങ്ങളുമായി സൗഹാർദ്ദബന്ധം സ്ഥാപിക്കുന്നതിൽ നബി ﷺ യുടെ വിവാഹബന്ധങ്ങൾക്ക് വലിയ സ്ഥാനം ഉണ്ടായിരുന്നത്പോലെത്തന്നെ, മുസ്‌ലിംകുടുംബങ്ങളെ കൂടുതൽ അടുപ്പിക്കുകയും ത്യാഗ സന്നദ്ധരാക്കുകയും ചെയ്യുന്നതിലും അതിന് പങ്കുണ്ടായിരുന്നു. സ്വന്തം വ്യക്തിയോടൊ, സ്വന്തം കുടുംബത്തോടോ തിരുമേനിക്ക് വിവാഹബന്ധം- അല്ലെങ്കിൽ മറ്റേതെങ്കിലും അടുപ്പം- ഉണ്ടാവുകയെന്നത് സ്വഹാബികളെ സംബന്ധിച്ചിടത്തോളം എത്രമാത്രം സന്തോഷകരവും, അഭിമാനകരവുമായിരുന്നുവെന്ന് പറഞ്ഞറിയിക്കാൻ പ്രയാസമാണ്. നേരെമറിച്ച് അങ്ങനെയുള്ള ഒരു ബന്ധം മുറിഞ്ഞുപോകുന്നതിനെപ്പറ്റി അവർക്ക്ഊഹിക്കുവാൻ പോലും വയ്യായിരുന്നുതാനും.

നബി ﷺ യുടെ ഭാര്യമാർ ഒന്നിച്ചു ചേർന്ന് തങ്ങൾക്ക് ചിലവിന് തരണമെന്നും മറ്റും ആവശ്യപ്പെട്ടതും, ഇതിനെത്തുടർന്ന് പല ക്വുർആൻ വചനങ്ങളും അവതരിച്ചതും മറ്റും സൂ: അഹ്സാബിൽ നാം വായിച്ചുവല്ലോ. ഈ സംഭവത്തിൽ തിരുമേനി തന്റെ ഭാര്യമാരെ വിവാഹമോചനം ചെയ്തിരിക്കുന്നുവെന്നൊരു കിംവദന്തി പരന്നു. ഈ വിവരം അറിയിക്കുവാൻ ഒരാൾ രാത്രി ഉമർ (റ)ന്റെ വാതിൽക്കൽ വന്ന് മുട്ടുകയുണ്ടായി. ഗസ്സാൻ (غسان) ഗോത്രക്കാർ മുസ്‌ലിംകളുമായി യുദ്ധത്തിനൊരുങ്ങിയിരിക്കുന്നുവെന്നൊരു ഊഹം നടന്നുകൊണ്ടിരിക്കുന്ന സന്ദർഭമായിരുന്നു അത്. ഉമർ പെട്ടെന്ന് ചോദിച്ചത്: 'എന്താ, ഗസ്സാൻകാർ വന്നോ?!' എന്നായിരുന്നു. പ്രസ്തുത ആഗതൻ തിരുമേനിയുമായി കേവലം വിവാഹബന്ധമോ, കുടുംബബന്ധമോ ഇല്ലാത്ത അന്യനായ ഒരു അൻസ്വാരിയായിരുന്നു. എന്നിട്ടും അദ്ദേഹം ഉമറിനോട് പറഞ്ഞ മറുപടി നോക്കുക: 'അല്ല; അതിനെക്കാൾ വമ്പിച്ചതും, നീണ്ടതുമായ ഒരു സംഭവം നടന്നിരിക്കുന്നു! തിരുമേനി അവിടുത്തെ ഭാര്യമാരെ വിവാഹമോചനം ചെയ്തിരിക്കുന്നു!!' എന്നായിരുന്നു. ഈ മറുപടിയുടെ ആഴം ഒന്ന് പരിശോധിച്ച് നോക്കുക!

നബി ﷺ യുടെ ഭാര്യാബന്ധം ലഭിക്കുന്നതിലുള്ള ആഗ്രഹം കൊണ്ട് മാത്രമാണ്- ഐഹികമായ മറ്റേതെങ്കിലും സുഖസൗകര്യങ്ങളെ മോഹിച്ചുകൊണ്ടല്ല- ചില സ്ത്രീകൾ തങ്ങളെ വിവാഹം ചെയ്യണമെന്ന് തിരുമേനിയോട് കേണപേക്ഷിച്ചതും. സൂ: അഹ്സാബ് 50 ൽ വായിച്ചതുപോലെ, വിവാഹമൂല്യം (മഹ്ർ) കൂടാതെ അങ്ങിനെയുള്ളവരെ വിവാഹം ചെയ്തുകൊള്ളുവാൻ നബി ﷺ യെ അല്ലാഹു അനുവദിച്ചതും അത് കൊണ്ടാണ്. 'നിങ്ങൾക്ക് അല്ലാഹുവിനെയും റസൂലിനെയുമാണോ വേണ്ടത്- അതല്ലാ ഐഹിക സുഖമാണോ വേണ്ടത്?' എന്ന് ചോദിക്കപ്പെട്ടപ്പോൾ, ഒന്നൊഴിയാതെ ഓരോ ഭാര്യയും 'ഞങ്ങൾക്ക് അല്ലാഹുവും റസൂലും മതി' എന്ന് ദൃഢസ്വരത്തിൽ ഉത്തരം നൽകിയതും, സൗദഃ (റ)യെ തിരു

മേനി പിരിച്ചുവിടാനുദ്ദേശിച്ചപ്പോൾ 'എന്നെ പിരിച്ചു വിടരുതേ, അങ്ങയുടെ ഭാര്യയെന്ന പേരുമാത്രം നിലവിലുണ്ടായിക്കൊണ്ട് ജീവിച്ചാൽ മതി' എന്ന് സൗദഃ (റ) അപേക്ഷിച്ചതുമെല്ലാം ഇതേ കാരണം കൊണ്ട്തന്നെ.

ഇത്പോലെ, ഈ വിഷയകമായി പലതും ഉദ്ധരിക്കുവാനുണ്ട്. ചുരുക്കത്തിൽ, നബി ﷺ കൂടുതൽ ഭാര്യമാരെ സ്വീകരിച്ചതിലടങ്ങിയ യുക്തി രഹസ്യങ്ങൾ കൂലങ്കശമായി പരിശോധിക്കുന്നപക്ഷം, അവിടുന്ന് ഒമ്പതോ പത്തോ വിവാഹം ചെയ്തതിലല്ല ആശ്ചര്യം തോന്നുവാനവകാശം. നേരെമറിച്ച് അതിലും കൂടുതൽ വിവാഹം ചെയ്യാതിരുന്നതിലും, എനി പുതുതായി വിവാഹം ചെയ്യരുതെന്ന് (സൂ: അഹ്സാബ് 50 ൽ) അല്ലാഹു നിർദ്ദേശിച്ചതുമാണ്– വേണമെങ്കിൽ– അൽഭുതത്തിനവകാശമുള്ളത്. അല്ലാഹുവിലും, റസൂലിലും, ക്വുർആനിലും വിശ്വസിക്കുന്ന സത്യവിശ്വാസികളെക്കുറിച്ച് പറയുകയാണെങ്കിൽ, നബി ﷺ നാലിലധികം ഭാര്യമാരെ സ്വീകരിച്ചതിലടങ്ങിയ യുക്തി രഹസ്യങ്ങൾ മനസ്സിലാക്കുക എന്നല്ലാതെ, അതിനെക്കുറിച്ച് അണുവോളം ആശയക്കുഴപ്പമോ, അതിന്റെ ന്യായതയിൽ സംശയമോ ഉത്ഭവിക്കുക എന്ന പ്രശ്നമേ ഇല്ല. അല്ലാഹുവിനാണ് എല്ലാ വിധിവിലക്കുകളുടെയും പരമാധികാരം. അല്ലാഹു ഒരു കാര്യം അനുവദിക്കുകയോ, വിരോധിക്കുകയോ ചെയ്താൽ– അതിലടങ്ങിയ തത്വങ്ങൾ ഗ്രഹിക്കുവാൻ ശ്രമിക്കുകയല്ലാതെ– അതിൽ വിമർശനമോ, ആശയക്കുഴപ്പമോ ഉണ്ടാക്കുവാൻ നബിക്കുപോലും പാടില്ല; (സൂ: അഹ്സാബ് 50, 51, 52 എന്നീ ആയത്തുകളിലും മറ്റും അല്ലാഹു വ്യക്തമായ ഭാഷയിൽ അറിയിച്ച പരിധിക്കുള്ളിൽ ഒതുങ്ങിയതല്ലാത്ത ഒരൊറ്റ വിവാഹവും നബി ﷺ ചെയ്തിട്ടില്ല. നബിമാരെ– അന്ത്യപ്രവാചകനായ മുഹമ്മദ് തിരുമേനി ﷺയെ പ്രത്യേകിച്ചും– മറ്റുള്ളവരെ അളക്കുന്ന മാനദണ്ഡം കൊണ്ട് അളക്കുവാൻ പാടില്ലാത്തതാണ്. എന്നൊക്കെ സത്യവിശ്വാസികൾക്കറിയാം. ഇതാണതിനുകാരണം. എനി, ഖദീജഃ (റ)ക്കുശേഷം നബി ﷺ ചെയ്ത ഓരോ വിവാഹത്തെക്കുറിച്ചും ഒരു ലഘു വീക്ഷണം നടത്താം:–

നബി തിരുമേനി ﷺയുടെ മറ്റ് വിവാഹങ്ങളും, അവയുടെ സന്ദർഭങ്ങളും.

1. സൌദഃ (سودة بنت زمعة رضـ)

മക്കാമുശ്രിക്കുകളുടെ മർദ്ദനം സഹിക്കവയ്യാതെ അബിസീനിയയിലേക്ക് ഹിജ്റ ഃ പോയ സ്വഹാബികളിൽ ഒരാളായിരുന്നു സക്റാൻ (سكران بن عمرو رضـ) അദ്ദേഹം സ്വപത്നിയും, പിതൃവ്യപുത്രിയുമായ സൗദഃ (റ)യെയും ഒന്നിച്ചുകൊണ്ടുപോയിരുന്നു. ആ മഹാൻ അവിടെവെച്ച് നിര്യാതനായി. ഖദീജഃ (റ)യുടെ നിര്യാണം കഴിഞ്ഞതിന്റെ അടുത്ത കാലത്തായിരുന്നു അത്. അല്ലാഹു ഏകനാണെന്നും, മുഹമ്മദ് ﷺ അവന്റെ ദൂതനാണെന്നും വിശ്വസിച്ച കാരണത്താൽ നാടും, വീടും, കുടുംബവും ത്യജിച്ചു സമുദ്രം കടന്നു ഭൂഖണ്ഡം താണ്ടി അപരിചിതമായ അബിസീനിയയിൽ ചെന്നു മരണം പ്രാപിച്ച ആ സ്വഹാബിയുടെ ദുഃഖിതയായ പത്നിയെ– സ്വകുടുംബത്തിന്റെ എതിർപ്പും പ്രതിഷേധവും വകവെക്കാതെ തന്റെ മതസംരക്ഷണാർത്ഥം നാടുവിട്ട് വിധവയും, ഉറ്റവരില്ലാത്തവളുമായിത്തീർന്ന സൗദഃ (റ)യെ –നബി ﷺ വിവാഹം ചെയ്തു രക്ഷിച്ചു. പ്രസ്തുത രണ്ടുപേരോടുമുള്ള ധാർമികമായ കടമ നിർവഹിക്കുന്നതിന് പുറമെ അല്ലാഹുവോടുള്ള ഒരു കടമ നിർവഹിക്കലും കൂടിയായിരുന്നു അത്. തിരുമേനി അങ്ങനെ ചെയ്യാത്തപക്ഷം, ആ മഹതി തന്റെ കുടുംബത്തിന്റെ കഠിന പീഢനങ്ങൾക്ക് പാത്രമാകുമായിരുന്നു. മുമ്പ് നാം ചൂണ്ടിക്കാട്ടിയത്പോലെ, തന്റെ ദിവസങ്ങൾ ആഇശഃ (റ)ക്ക് വിട്ടുകൊടുത്തുകൊണ്ട് നബി ﷺയുടെ

ഭാര്യാബന്ധം മരണംവരെ നിലനിറുത്തിത്തന്നാൽ മതിയെന്നപേക്ഷിച്ചത് ഈ മഹതിയായിരുന്നു. ഹിജ്റഃ 54 ലാണ് ഇവരുടെ മരണം.

2. ആഇശഃ (عائشة بنت أبى بكر رضـ)

ഹിജ്റഃയുടെ രണ്ട് മൂന്ന് വർഷം മുമ്പാണ് ആഇശഃ (റ)യുടെ വിവാഹം. അവർക്ക് അന്ന് ഏറെക്കുറെ ആറുവയസ്സ് പ്രായമായിരുന്നു. ഹിജ്റഃക്ക് ശേഷം ഏതാണ്ട് രണ്ട് കൊല്ലത്തോളം കഴിഞ്ഞാണ് വധുവിനെ വരന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയത്. കേവലം ഒമ്പത് വയസ്സുകാരിയായ ആ ബാലികയെ കൂട്ടി അയച്ചപ്പോൾ അവരുടെ കളിക്കോപ്പും ഒന്നിച്ചുണ്ടായിരുന്നു. തിരുമേനിയുടെ വീട്ടിൽ ചെന്നശേഷവും താൻ പെൺകുട്ടികളോടൊപ്പം കളിക്കാറുണ്ടായിരുന്നുവെന്ന് ആഇശഃ (റ) പ്രസ്താവിച്ചിട്ടുണ്ട്. (ബു; മു.) എല്ലാ ഭാര്യമാരിലും വെച്ച് തിരുമേനി ഏറ്റവും അധികം ഇഷ്ടപ്പെട്ടിരുന്ന ഭാര്യ അവർതന്നെയായിരുന്നു. കന്യകാപ്രായത്തിൽ ആഇശഃ (റ)യെ അല്ലാതെ തിരുമേനി വിവാഹം ചെയ്യുകയുണ്ടായിട്ടില്ല. തിരുമേനിയുടെ വിയോഗവേളയിൽ അവർക്ക് ഏകദേശം 18 വയസ്സുവരും. ഹിജ്റ 57 ലോ 58 ലോ ആയിരുന്നു ആഇശഃ (റ)യുടെ മരണം.

സ്വഹാബികളിൽവെച്ച് നബി ﷺക്ക് ഏറ്റവും ഇഷ്ടപ്പെട്ട സ്നേഹിതനായിരുന്നു ആഇശഃ (റ)യുടെ പിതാവായ അബൂബക്ർസിദ്ദീക് (റ). പുരുഷൻമാരിൽ ഒന്നാമതായി തിരുമേനിയിൽ വിശ്വസിച്ച മഹാനും അദ്ദേഹം തന്നെ. ഇസ്ലാമിന് മുമ്പും അദ്ദേഹം തിരുമേനിയുടെ ഒരു അടുത്ത ചങ്ങാതിയായിരുന്നു. ഈ വസ്തുത സ്വഹാബികൾക്കിടയിൽ പ്രസ്താവ്യവുമായിരുന്നു. അബൂബക്ർ (റ)ന്റെ ഗുണങ്ങളെ പ്രശംസിച്ചുകൊണ്ടുള്ള ധാരാളം ഹദീഥുകൾ കാണാം. ഒരിക്കൽ തിരുമേനി പറയുകയുണ്ടായി: 'നമുക്ക് ഇങ്ങോട്ടൊരു ഉപകാരം ചെയ്തിട്ട് അതിന് നാം പ്രത്യുപകാരം ചെയ്യാത്തതായി അബൂബക്റിന്റെതല്ലാതെ മറ്റാരുടെയും ബാക്കിയില്ല. അദ്ദേഹം ചെയ്ത ഉപകാരത്തിന് അല്ലാഹുതന്നെ കിയാമത്തുനാളിൽ പ്രത്യുപകാരം നൽകുന്നതാണ്. അബൂബക്റിന്റെ ധനം എനിക്ക് ഉപകരിച്ചത്ര മറ്റാരുടെതും ഉപകരിച്ചിട്ടില്ല......' (തി.) മറ്റൊരിക്കൽ തിരുമേനി പറഞ്ഞു: 'സഹവാസത്തിലും, ധനത്തിലും മനുഷ്യരിൽവെച്ച് ഏറ്റവും വിശ്വസനീയമായ ആൾ അബൂബക്റാണ്' (ബു; മു.) ഇത്പോലെ വേറെയും ഹദീഥുകൾ കാണാം.

ഈ നിലക്ക് അബൂബക്ർ (റ)ന്റെ മകളായ ആഇശഃ (റ)യെ തിരുമേനി വിവാഹം കഴിച്ചതും, അവരെ കൂടുതൽ സ്നേഹിച്ചതും അദ്ദേഹത്തോടുള്ള സ്നേഹാധിക്യത്തിന്റെയും, നബി ﷺക്കും ഇസ്ലാമിനുംവേണ്ടി അദ്ദേഹം ചെയ്ത ത്യാഗത്തിന്റെയും, സേവനത്തിന്റെയും സ്വാഭാവികമായ ഒരു നന്ദിയത്രെ. അതിരിക്കട്ടെ, ഈ വിവാഹം മൂലം ഇസ്ലാമിനുണ്ടായ നേട്ടങ്ങളൊന്ന് ആലോചിച്ചുനോക്കുക: ഇസ്ലാമിക വിജ്ഞാന ഭണ്ഡാരത്തിൽ ആഇശഃ (റ)യുടെ മുതൽകൂട്ട് സുപ്രസിദ്ധമാണ്. ക്വുർആൻ വ്യാഖ്യാനരംഗത്തും, നബിവചനങ്ങളും ചര്യകളും ഉദ്ധരിക്കുന്നതിലും മറ്റെല്ലാ സ്ത്രീകളെക്കാളും- മിക്കവാറും പുരുഷൻമാരെക്കാളും- വമ്പിച്ച പങ്കാണ് അവർക്കുള്ളത്. ഗാർഹികജീവിതത്തിന്റെയും, ദാമ്പത്യജീവിതത്തിന്റെയും നാനാവശങ്ങളിലും ആഇശഃ (റ) വഴി സിദ്ധിച്ച അറിവുകൾ കുറച്ചൊന്നുമല്ല. സാഹിത്യം, പദ്യം, ചരിത്രം, വൈദ്യം, രാഷ്ട്രീയം തുടങ്ങിയ തുറകളിലും അവരുടെ പേരും പ്രശസ്തിയും പ്രസിദ്ധമാണ്. ഇസ്ലാമികചരിത്രം അറിയുന്നവർക്കെല്ലാം അറിയാവുന്നതാണിത്. മഹാനായ അബൂമൂസൽ അശ്അരി (റ) പറയുകയാണ്: 'റസൂൽ തിരുമേനിയുടെ സ്വഹാബികളായ ഞങ്ങൾക്ക് വല്ല വിഷയത്തിലും സംശയം നേരിടുമ്പോൾ അതിനെപ്പറ്റി ആഇശഃ (റ)യോട് ചോദിച്ചിട്ട് ഒരു സംഗതിയിലും ശരിക്ക് അറിവ് കിട്ടാതിരുന്നിട്ടില്ല.' (തി.)

ഇത്രയും പറഞ്ഞതിൽനിന്ന്തന്നെ ആഇശഃ (റ)യുടെ വിവാഹത്തിൽ അന്തർഭവിച്ചിട്ടുള്ള യുക്തിരഹസ്യങ്ങൾ നിഷ്പക്ഷ ചിന്തകർക്ക് ഏതാണ്ട് മനസ്സിലാക്കാവുന്നതാണ്. 'ഇതെല്ലാം പിന്നീട് സംഭവിച്ചു ഫലത്തിൽ വന്നതുശരി, വിവാഹവേളയിൽ ഇതൊന്നും പ്രതീക്ഷിക്കുവാനില്ലായിരുന്നുവല്ലോ, അന്ന് ആഇശഃ (റ) ഒരു കുട്ടിമാത്രമായിരുന്നുവല്ലോ' എന്ന് വല്ലവർക്കും തോന്നിയേക്കാം. വാസ്തവത്തിൽ, തികച്ചും ഈ ഉന്നത്തോടുകൂടിയും, പ്രതീക്ഷയോടുകൂടിയും തന്നെയായിരുന്നു ഈ വിവാഹം. തിരുമേനിയുടെ ഇതരവിവാഹങ്ങളിൽ നിന്നും പലതരത്തിലും ഒറ്റപ്പെട്ട ഉദാഹരണം തന്നെയാണ് ആഇശഃ (റ)യുടെ വിവാഹം. ഇതിന് തെളിവുകൾ പലതും ഉദ്ധരിക്കുവാൻ സാധിക്കും. ദീർഘിച്ചുപോകുമെന്ന് കരുതി ഇമാംബുഖാരി (റ)യും, മുസ്‌ലിമും (റ) ഉദ്ധരിക്കുന്ന ഒരു ഹദീഥ് മാത്രം ഉദ്ധരിക്കാം: ആഇശഃ (റ)യോട് നബി ﷺ ഇപ്രകാരം പറഞ്ഞതായി അവർ ഉദ്ധരിക്കുന്നു: 'മൂന്ന് രാത്രികളിൽ എനിക്ക് നിന്നെ സ്വപ്നത്തിൽ കാണിക്കപ്പെട്ടിട്ടുണ്ട്. ഒരു പട്ടിന്റെ കഷ്ണത്തിൽ മലക്ക് നിന്നെ (നിന്റെ ചിത്രം) കൊണ്ടുവന്നു. എന്നിട്ട് ഇത് താങ്കളുടെ ഭാര്യയാണെന്ന് അദ്ദേഹം പറഞ്ഞു. ഞാൻ തുറന്ന് നോക്കിയപ്പോൾ അത് (ആ ചിത്രം) നീ തന്നെയായിരുന്നു. ഞാൻ പറഞ്ഞു: ഇത് അല്ലാഹുവിങ്കൽ നിന്നുള്ളതാണെങ്കിൽ അവനത് നടപ്പിൽ വരുത്തിക്കൊള്ളും.' (ബു; മു.) നബിമാരുടെ സ്വപ്നം ദിവ്യസന്ദേശങ്ങളിൽപെട്ടതാണെന്നുള്ള കാര്യം പ്രസിദ്ധമാണല്ലോ.

3. ഹഫ്സ്വഃ (حفصة بنت عمر رضـ)

അബൂബക്ർ (റ)നെ കഴിച്ചാൽ നബി ﷺക്ക് പലനിലക്കും ബന്ധപ്പെട്ട ആൾ ഉമർ (റ) തന്നെയായിരുന്നു. അദ്ദേഹത്തിന്റെ മകളായ ഹഫ്സ്വഃ (റ)യുടെ ആദ്യ ഭർത്താവ് ഖുനൈസ് (خنيس بن حذافة رضـ) ആയിരുന്നു. ബദ്ർ യുദ്ധത്തിൽ പറ്റിയ പരിക്ക്മൂലം ഖുനൈസ് (റ) നിര്യാതനായി. ഈ അവസരത്തിലായിരുന്നു തിരുമേനിയുടെ പുത്രിയും, ഉഥ്മാൻ (റ)ന്റെ പത്നിയുമായിരുന്ന റുകിയ്യഃ (റ)യുടെയും മരണം സംഭവിച്ചത്. വിധവയായ മകളുടെ കാര്യത്തിൽ അത്യധികം ദുഃഖിതനായിരുന്ന ഉമർ (റ) തന്റെ മകളെ വിവാഹം ചെയ്താൽകൊള്ളാമെന്ന് ഉഥ്മാൻ (റ)നോട് ആവശ്യപ്പെടുകയുണ്ടായി. അദ്ദേഹം അതിന് മുമ്പോട്ടുവന്നില്ല. ഉമർ (റ) വ്യസനസമേതം അബൂബക്ർ (റ)നെ സമീപിച്ച് വിവരം പറഞ്ഞു. അദ്ദേഹം അത് സമ്മതിച്ചേക്കുമെന്ന് അദ്ദേഹത്തിന് ആശയുണ്ടായിരുന്നു. എന്നാൽ, അബൂബക്ർ (റ) പറഞ്ഞത് ഇപ്രകാരമായിരുന്നു. 'ഉഥ്മാന് ഹഫ്സ്വഃയെക്കാൾ നല്ലൊരു ഭാര്യയും ഹഫ്സഃക്ക് ഉഥ്മാനെക്കാൾ നല്ലൊരു ഭർത്താവും കിട്ടിയെന്നുവരാം.' ഈ ദീർഘദൃഷ്ടി സാക്ഷാൽക്കരിക്കപ്പെടുകയും ചെയ്തു. ഉഥ്മാൻ (റ)ന് തിരുമേനിയുടെ മകൾ ഉമ്മുകുൽസൂമിനെ (أم كلثوم رضـ)തിരുമേനി വിവാഹം ചെയ്തുകൊടുത്തു. ഹഫ്സ്വഃ (റ)യെ തിരുമേനിയും വിവാഹം കഴിച്ചു. ഇത്മൂലം ഉമർ (റ)ന്റെ വ്യസനത്തിന് പ്രതീക്ഷയിൽ കവിഞ്ഞ പരിഹാരം സിദ്ധിച്ചു. ഇസ്‌ലാമിന്വേണ്ടി ആത്മാർപ്പണം ചെയ്ത ഖുനൈസ് (റ) നോടുള്ള കടപ്പാട് നിർവഹിക്കപ്പെടുകയും, ഹഫ്സ്വഃ (റ) വൈവിധ്യത്തിൽനിന്ന് മോചിപ്പിക്കപ്പെടുകയും ഉണ്ടായി. നമസ്കാരം, നോമ്പ് മുതലായ ആരാധനാകൃത്യങ്ങളിൽ മുഴുകിയിരുന്ന ഒരു മഹതിയായിരുന്നു ഹഫ്സ്വഃ (റ). തിരുമേനി ഒരിക്കൽ അവരെ വിവാഹമോചനം ചെയ്യുകയുണ്ടായെങ്കിലും, വീണ്ടും മടക്കി എടുക്കുകയാണ് ചെയ്തത്. ഇവരുടെ വിയോഗം ഹിജ്റഃ 45ലായിരുന്നു.

4. ഹിൻദ് എന്ന ഉമ്മുസലമഃ (أم سلمة هند بنت أبى أمية رضـ)

ഹിജ്റഃ മൂന്നാമത്തെയോ നാലാമത്തെയോ കൊല്ലത്തിലാണ് ഇവരുടെ വിവാഹം. ഖുറൈശി ഗോത്രത്തിൽ മഖ്സൂമിശാഖക്കാരനായിരുന്ന അബൂസലമഃ (റ)യുടെ ഭാര്യാ

യിരുന്നു ഉമ്മുസലമഃ (റ). അദ്ദേഹം നബി തിരുമേനി ﷺയുടെ നേരെ അമ്മായിയുടെ പുത്രനും, മുലകുടി ബന്ധത്തിലുള്ള സഹോദരനും, മരണംവരെ തിരുമേനിയൊന്നിച്ച് എല്ലാ പ്രധാനരംഗങ്ങളിലും പങ്കെടുത്ത മഹാനുമായിരുന്നു. നാല് അനാഥകളെയും, വിധവയായ ഉമ്മുസലമഃ (റ)യെയും വിട്ടേച്ചുകൊണ്ട് അദ്ദേഹം ചരമമടഞ്ഞു. തിരുമേനി ആ കുടുംബത്തെ രക്ഷിക്കുവാൻ ഉദ്ദേശിച്ചു. ആ മഹതി പറഞ്ഞു: 'ഞാനൊരു വൃദ്ധ! കുറെ അനാഥകളുടെ മാതാവും!! അതോടുകൂടി ഞാനൊരു പരുഷസ്വഭാവക്കാരിയും!! തിരുമേനി മറുപടി പറഞ്ഞയച്ചു: 'അനാഥകളെ ഞാനിങ്ങോട്ട് കൂട്ടിക്കൊണ്ടുപോന്നുകൊള്ളാം. നിന്റെ പുരുഷസ്വഭാവം നീക്കിക്കളയുവാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്യാം.' (വാർദ്ധക്യത്തെപ്പറ്റി ഒന്നും പ്രസ്താവിച്ചതുമില്ല.) ഈ വിവാഹത്തിന്റെ ഉദ്ദേശ്യം വ്യക്തമാണല്ലോ. ഉമ്മുസലമ (റ)യുടെ മരണം ഹിജ്റഃ 59 ലാണ്. മരിക്കുമ്പോൾ അവർ വളരെ വയസ്സുചെന്ന ഒരു വൃദ്ധയായിരുന്നു.

5. സൈനബ് (زينب بنت جحش رضـ)

ഹിജ്റഃ 5-ാം കൊല്ലത്തിൽ നടന്ന സൈനബ് (റ)യുടെ വിവാഹത്തെയും, അതിന്റെ സന്ദർഭത്തെയും, അതിലടങ്ങിയ ഉദ്ദേശ്യങ്ങളെയും കുറിച്ച് സൂ: അഹ്സാബിൽ അല്ലാഹു തന്നെ വിവരിച്ചതാണ്. അതിന്റെ അത്യാവശ്യ വിശദീകരണങ്ങളും നാം കണ്ടു. ക്വുറൈശീഗോത്രക്കാരിയും, തിരുമേനിയുടെ അമ്മായിയുടെ മകളുമായിരുന്ന സൈനബ് (റ)യെ ആദ്യം തിരുമേനിയുടെ പോറ്റുമകനും, അടിമത്തത്തിൽ നിന്ന് തിരുമേനി മോചിപ്പിച്ച ആളുമായ സൈദ് (റ) വിവാഹം ചെയ്തു. വിവാഹലോചന നടന്നപ്പോൾ തന്നെ സൈനബും കുടുംബവും ആ വിവാഹത്തിൽ അതൃപ്തി പ്രകടിപ്പിക്കുകയുണ്ടായി. പക്ഷേ, അല്ലാഹുവും, റസൂലും- ഒരു പ്രത്യേക ലക്ഷ്യം നിമിത്തം- തീർച്ചപ്പെടുത്തിയ കാര്യമെന്ന നിലക്ക് അവരത് സമ്മതിക്കയും ചെയ്തു. കുലമഹത്വത്തിനും, ജാത്യാഭിമാനത്തിനും ഇസ്ലാമിൽ വിലയില്ലെന്ന് റസൂൽ തിരുമേനി ﷺയുടെ സ്വന്തക്കാർ മുഖേനത്തന്നെ തെളിയിക്കുകയെന്ന രഹസ്യം ആ വിവാഹത്തിലടങ്ങിയിരുന്നു. പിന്നീട് സൈദും (റ) സൈനബ് (റ)മായി സ്വഭാവത്തിൽ പൊരുത്തപ്പെടാതെ വന്നപ്പോൾ സൈദ് (റ) അവരെ വിവാഹമോചനം ചെയ്തു. പോറ്റുമക്കളെ എല്ലാനിലക്കും യഥാർത്ഥമക്കളെപ്പോലെ ഗണിച്ചുവന്നിരുന്ന ജാഹിലിയ്യാ പാരമ്പര്യ സമ്പ്രദായം ക്വുർആൻ നിറുത്തൽ ചെയ്തതോടെ, അതിന് പ്രവർത്തനരൂപേണ മാതൃക കാട്ടുവാനായി- അല്ലാഹുവിന്റെ കൽപനപ്രകാരം- തിരുമേനി സൈനബ (റ)യെ വിവാഹം കഴിച്ചു. ഇതാണ് സംഭവത്തിന്റെ ചുരുക്കം.

'സൈനബിനെക്കാൾ മതകാര്യത്തിൽ നല്ലവളും, അല്ലാഹുവിനെ ഭയപ്പെടുന്നവളും, വർത്തമാനത്തിൽ സത്യം പാലിക്കുന്നവളും, കുടുംബബന്ധം പാലിക്കുന്നവളും, വലിയ ദാനധർമങ്ങൾ ചെയ്യുന്നവളും, അല്ലാഹുവിനെ ഉദ്ദേശിച്ചുള്ള പുണ്യകർമങ്ങളിലും ദാനധർമങ്ങളിലും ശരീരം മുഷിഞ്ഞിറങ്ങുന്നവളും സ്ത്രീകളിൽ വേറെ ഉണ്ടായിരുന്നില്ല' എന്ന് ആഇശഃ (റ) അവരെപ്പറ്റി പ്രശംസിച്ചു പറഞ്ഞതായിക്കാണാം. ഹിജ്റഃ 20 ലോ 21 ലോ ആയിരുന്നു അവരുടെ മരണം. നബി ﷺയുടെ പത്നിമാരിൽ ആദ്യം മരണപ്പെട്ടത് സൈനബ (റ)യാണ്.

6. ജുവൈരിയഃ (جويرية بنت الحارث رضـ)

ഹിജ്റഃ 5-ാം കൊല്ലത്തിൽതന്നെയാണ് നബി ﷺ ജുവൈരിയഃ (റ)യെ വിവാഹം കഴിച്ചത്. ബനൂമുസ്ത്വലക് ഗോത്രത്തിലെ നേതാവും, പ്രമാണിയുമായിരുന്ന ഹാരിഥ് (حارث ابن ضرار)ന്റെ ഭാര്യയായിരുന്നു ഇവർ. വമ്പിച്ച ഒരു സേനയുമായി ഇയാൾ നബി ﷺയുടെ നേരെ പടയെടുത്തു. മുറൈസിഉ് (مريسع) എന്നിടത്തുവെച്ച് മുസ്ലിംകൾ അതിനെ നേരിട്ടു. തിരുമേനി അവരെ ഇസ്ലാമിലേക്ക് ക്ഷണിച്ചു. അവർ ക്ഷണം നിര

സിച്ച് യുദ്ധം നടത്തി. യുദ്ധത്തിൽ പരാജയപ്പെടുകയും ചെയ്തു. ഈ യുദ്ധത്തിൽ ബന്ധനസ്ഥരായവരുടെ കൂട്ടത്തിൽ ജുവൈരിയഃ (റ)യും ഉൾപ്പെട്ടിരുന്നു. ഥാബിത്ത് (ثابت بن قيس رضـ)ന്റെ ഓഹരിയിലാണ് ഇവർ അകപ്പെട്ടത്. ഏഴ് 'ഊകിയഃ' (*) സ്വർണം പ്രതിഫലം നിശ്ചയിച്ചുകൊണ്ട് ഥാബിത്ത് (റ) അവരെ മോചിപ്പിച്ചുവിടാൻ തീരുമാനിച്ചു. എന്നാൽ പ്രസ്തുതമോചനമൂല്യം കൊടുക്കുന്നതിൽ തന്നെ സഹായിക്കണമെന്നപേക്ഷിക്കുവാൻ ജുവൈരിയഃ (റ)കണ്ടുപിടിച്ചത് തിരുമേനിയെയായിരുന്നു. അവർ തിരുമേനിയുടെ അടുക്കൽ ചെന്നു തന്റെ കുലമാഹാത്മ്യവും മറ്റും ഉണർത്തിക്കൊണ്ട് സഹായമർത്ഥിച്ചു. അതെല്ലാം കണക്കിലെടുത്തുകൊണ്ട് അവരുടെ അപേക്ഷ തിരുമേനി സ്വീകരിക്കുകയും, സംഖ്യ നികത്തിക്കൊടുക്കുകയും ചെയ്തു. അവരുടെയും, അവരുടെ കുടുംബത്തിന്റെയും മാന്യതയും, യശസ്സും പൂർവ്വാധികം ശോഭിക്കുമാറ് തിരുമേനി പിന്നീടവരെ വിവാഹം ചെയ്കയും ചെയ്തു. ഉടനെത്തന്നെ അതിന്റെ ഫലം സംഭവിച്ചത് നോക്കുക!-

ഈ വിവാഹത്തോടുകൂടി തിരുമേനിയുടെ ബന്ധുക്കളായിത്തീർന്ന മുസ്ത്വലക് ഗോത്രക്കാരിൽനിന്ന് യുദ്ധത്തിൽ ബന്ധനത്തിലാക്കപ്പെടുകയും, പടയാളികൾക്കിടയിൽ വിഹിതം ചെയ്യപ്പെടുകയും ചെയ്തിരുന്ന എല്ലാവരെയും- ഒന്നൊഴിയാതെ- സ്വഹാബികൾ സ്വതന്ത്രരാക്കി വിട്ടുകൊടുത്തു. തിരുമേനിയോട് വിവാഹബന്ധമുള്ള ഒരു കുടുംബത്തിലെ അംഗങ്ങളെ അധീനത്തിൽ വെക്കുവാൻ അവർ ഇഷ്ടപ്പെട്ടില്ല. മാത്രമോ? മുസ്ത്വലക് ഗോത്രം സന്തോഷാധിക്യത്താൽ അല്ലാഹുവിന് നന്ദിയായി ഒന്നടങ്കം ഇസ്‌ലാമിനെ അംഗീകരിക്കുകയും ചെയ്തു!

7. റംലഃ എന്ന ഉമ്മുഹബീബഃ (أم حبيبة رملة بنت أبى سفيان رضـ)

ക്വുറൈശീ അറബികളിൽ അബൂസുഫ്‌യാൻ (റ)നുണ്ടായിരുന്ന സ്ഥാനമാനങ്ങളും മക്കഃ വിജയത്തിൽ അദ്ദേഹം മുസ്‌ലിമായിത്തീരുന്നത്‌വരെ നബി ﷺക്കും, മുസ്‌ലിംകൾക്കും എതിരിലുണ്ടായിട്ടുള്ള ആക്രമണങ്ങളിൽ അദ്ദേഹം വഹിച്ച പങ്കുകളും ചരിത്രപ്രസിദ്ധമാണ്. ഇദ്ദേഹത്തിന്റെ മകളായ ഉമ്മുഹബീബഃ (റ) നേരത്തെ ഇസ്‌ലാമിനെ അംഗീകരിച്ചവരിൽ ഉൾപ്പെടുന്നു. ആദ്യഭർത്താവായിരുന്ന ഉബൈദുല്ലാഹിബ്നുൽ ജഹ്ശീ എന്ന ആളുടെ ഒന്നിച്ച് അവരും അബീസീനിയയിലേക്കുള്ള രണ്ടാമത്തെ ഹിജ്റഃയിൽ പങ്കെടുത്തിരുന്നു. ഉബൈദുല്ല അബീസീനിയയിൽ ചെന്നശേഷം ക്രിസ്തീയമതം സ്വീകരിക്കയാണുണ്ടായത്. റംലഃ (റ)യാകട്ടെ, തന്റെ അശരണതയും, വിഷമങ്ങളും അവഗണിച്ചുകൊണ്ട് ഇസ്‌ലാമിൽ തന്നെ ഉറച്ചുനിന്നു. ഹബീബഃ എന്ന് പേരായ ഒരു കുട്ടിയും അവർക്കുണ്ടായിരുന്നു. കുട്ടിയുടെ പേരോട് ചേർത്താണ് അവർ ഉമ്മുഹബീബഃ (ഹബീബഃയുടെ ഉമ്മ) എന്ന് വിളിക്കപ്പെടുന്നത്. ഇസ്‌ലാമിന്റെ ശത്രുക്കളുടെ അങ്ങേഅറ്റത്തെ നേതൃത്വം കയ്യാളുന്ന മാതാപിതാക്കളെയും, കുടുംബത്തെയുമെല്ലാം ഉപേക്ഷിച്ചു -തൗഹീദിന്റെ വിശ്വാസം നിലനിറുത്തുവാനായി- തന്റെ ഏകാവലംബമായ ഭർത്താവൊന്നിച്ചു കടൽതാണ്ടി വിദൂരപ്രദേശത്തേക്ക് കടന്നുപോയിക്കഴിഞ്ഞശേഷം, ഭർത്താവ് തന്റെ കഠിനശത്രുവായി മാറിക്കഴിഞ്ഞാൽ പിന്നെ, അബലയായ ആ സ്ത്രീരത്നത്തിന്റെ കഥയെന്തായിരിക്കും?! കയ്യിലൊരു കുഞ്ഞും! ആ നാട്ടിലെ നിവാസികളാകട്ടെ, ക്രിസ്ത്യാനികളും!

അബീസീനിയാ ചക്രവർത്തിയായ നജ്ജാശീ (നെഗാശീ)യെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ടുള്ള കത്തുമായി നബി ﷺ ദൂതനെ അയച്ചിരുന്നു. നജ്ജാശീ മുസ്‌ലിമാകുകയും ചെയ്തു. അദ്ദേഹം തിരുമേനിക്ക്‌വേണ്ടി ഉമ്മുഹബീബഃക്ക് 400 ദീനാർ (പൊൻ

(*) 'ഊകിയഃ'= സുമാർ 10 ഉറുപ്പികത്തൂക്കത്തിലധികം വരുന്ന ഒരു പലം. അഥവാ 40 ദിർഹം.

പണം) മഹ്ർ നൽകിക്കൊണ്ടും -ഉഥ്മാൻ (റ)ന്റെ സാന്നിദ്ധ്യത്തിലും -നബി ﷺക്കുവേണ്ടി അവരുടെ വിവാഹകർമം നടത്തപ്പെട്ടു. (ആ ഹിജ്റഃയിൽ ഉഥ്മാനും(റ) പങ്കെടുത്തിരുന്നു.) തിരുമേനിയുടെ ആവശ്യപ്രകാരം ശുറഹ്ബീലുബ്നുഹസനഃ (شرحبيل بن حسنة رضـ)യുടെ കൂടെ ഉമ്മുഹബീബഃ (റ) തിരുമേനിയുടെ അടുക്കലേക്ക് മടങ്ങുകയും ചെയ്തു. മിക്കവാറും ഹിജ്റഃ 6-ാം കൊല്ലത്തിലാണ് ഈ സംഭവം. ഹിജ്റഃ വർഷം 44 ൽ അവർ ഇഹലോകവാസം വെടിഞ്ഞു.

8. സഫിയ്യഃ (صفية بنت حيي بن اخطب رضـ)

ഹിജ്റഃ 7-ാം കൊല്ലത്തിൽ നബി ﷺ സ്വഫിയ്യഃ (റ)യെ വിവാഹം ചെയ്തു. ഇസ്റാഈല്യരായ യഹൂദികളുടെ ഒരു നേതാവും, നദ്വീർ (نضير) ഗോത്രത്തിന്റെ തലവനുമായിരുന്നു സ്വഫിയ്യഃ (റ)യുടെ പിതാവായ ഹുയയ്യ. അഹ്സാബ് യുദ്ധത്തിലും മറ്റും ഇസ്ലാമിനെതിരായ രംഗങ്ങളിൽ ഹുയയ്യിന്റെ പങ്ക് പ്രസ്താവ്യമത്രെ. സ്വഫിയ്യഃ (റ)യുടെ മുൻഭർത്താവായിരുന്ന കിനാനഃ (كنانة) ഖൈബർയുദ്ധത്തിൽ കൊല്ലപ്പെടുകയും, സ്വഫിയ്യഃ (റ) ചിറപിടിക്കപ്പെടുകയും ചെയ്തു. ഒരു വമ്പിച്ച ഗോത്രത്തിന്റെ തലവനും, ഒരു സമുദായത്തിലെ നേതാവുമായ ഒരാളുടെ വിധവയായിത്തീർന്ന മകൾക്ക് അടിമത്ത ജീവിതം എത്രമാത്രം വേദനാജനകമായിരിക്കുമെന്ന് പറയേണ്ടതില്ല. തിരുമേനി അവരെ വിവാഹം കഴിക്കുകയും ചെയ്തു. യുദ്ധത്തിൽ ബന്ധനസ്ഥരായവരെ ഓഹരിചെയ്തകൂട്ടത്തിൽ, സ്വഫിയ്യഃ (റ) ദഹ്യത്തുൽകൽബീ (റ) എന്ന സ്വഹാബിയുടെ ഓഹരിയിൽപെട്ടിരുന്നുവെന്നും, തിരുമേനി അവരെ ദഹ്യത്തിന്റെ പക്കൽനിന്ന് വിലകൊടുത്തുമേടിച്ചാണ് 'ഇത്ക്' (അടിമത്ത മോചനം) നൽകി വിവാഹം ചെയ്തെന്നും പറയപ്പെട്ടിട്ടുണ്ട്. الله أعلم ഏതായാലും ഈ വിവാഹം നദ്വീർഗോത്രം ഇസ്ലാമിനെ അംഗീകരിക്കുവാൻ കാരണമായിത്തീർന്നു.

9. മൈമൂനഃ (ميمونة بنت الحارث الهلالى رضـ)

നബി ﷺയുടെ അവസാനത്തെ ഭാര്യയായ മൈമൂനഃ (റ)യുടെ വിവാഹം ഹിജ്റഃ ഏഴാംകൊല്ലത്തിൽ നടന്നു. അവർക്ക് അന്ന് 50ഓളം വയസ്സുവരും. ഇവരുടെ സഹോദരിയായ ലുബാബഃ (لبابة رضـ)യാണ് 'അല്ലാഹുവിന്റെ വാൾ' (سيف الله) എന്ന കീർത്തിമുദ്ര ലഭിച്ച ഖാലിദുബ്നുൽ വലീദ് (റ)ന്റെ മാതാവ്. ഇദ്ദേഹത്തിന്റെ വിശ്വാസത്തിന് ഈ വിവാഹം കാരണമായിട്ടുണ്ട്. ആദ്യം ഒരു ഭർത്താവ് അവരെ വിവാഹം ചെയ്ത് മോചിപ്പിച്ചിരുന്നു. പിന്നീട് അബൂറഹ്മ് എന്ന മറ്റൊരാൾ വിവാഹം ചെയ്തു. അയാൾ മരിക്കയും ചെയ്തു. ഈ വിവാഹംമൂലം മൈമൂനഃ (റഃ)യുടെ കുടുംബങ്ങൾക്ക് വളരെയധികം ഗുണം കൈവന്നിട്ടുണ്ട്. അവരുടെ അതിദയനീയമായ ദാരിദ്ര്യവും, പട്ടിണിയും അവസാനിക്കുവാനും, മുസ്ലിംകളെക്കുറിച്ചുണ്ടായിരുന്ന അവരുടെ അപാരമായ ഭീതിനീങ്ങുവാനും ഇത് കാരണമായി.

മറ്റ് ചില വിവാഹങ്ങൾ

നബി തിരുമേനി ﷺ ചരമം പ്രാപിക്കുമ്പോൾ നിലവിലുണ്ടായിരുന്ന ഒമ്പത് ഭാര്യമാരുടെ വിവാഹത്തെക്കുറിച്ചാണ് മുകളിൽ നാം പ്രസ്താവിച്ചത്. മറ്റൊരു ഭാര്യയും 'സാധുക്കളുടെ ഉമ്മ' (أم المساكين) എന്ന പേരിൽ അറിയപ്പെട്ടിരുന്നവരുമായ സൈനബ് (زينب بنت خزيمة رضـ)യും, വേറൊരു ഭാര്യയായിരുന്ന ഖൗലഃ (خولة بنت حكيم رضـ)യും തിരുമേനിയുടെ മരണത്തിന് മുമ്പ് തന്നെ ചരമമടഞ്ഞിരുന്നു. സൂ: അഹ്സാബ് 50-ാം വചനത്തിൽ പ്രസ്താവിച്ചപ്രകാരം നബി ﷺ തിരമേനിക്ക് സ്വന്തം ദേഹങ്ങളെ ദാനം ചെയ്തവ

രായിരുന്നു ഈ രണ്ടുപേരും.

മേൽ വിവരിച്ച ഏതൊരു വിവാഹത്തെ എടുത്തുനോക്കിയാലും, അത് നബി തിരുമേനി ﷺക്ക് ദാമ്പത്യസുഖത്തിലുള്ള താൽപര്യത്തിൽനിന്ന് ഉളവായതായിരുന്നുവെന്ന് വക്രവീക്ഷണഗതിയില്ലാത്ത ഒരാൾക്കും പറയുവാൻ സാധ്യമല്ല. ഇസ്‌ലാമിന്മുമ്പും, അതിന്റെ ആദ്യഘട്ടങ്ങളിലും ഒരാൾക്ക് ഇത്ര ഭാര്യമാരേ ഉണ്ടായിരിക്കുവാൻ പാടുള്ളൂവെന്ന് നിയമമുണ്ടായിരുന്നില്ല. ക്വുർആൻ (സൂ: നിസാഅ് 3 ൽ) അത് നാലുവരെയാക്കി ചുരുക്കുകയുണ്ടായി, (സൂ: അഹ്സാബ് 51 ൽ) തിരുമേനി ഉദ്ദേശിക്കുന്ന ഭാര്യമാരെ സ്വീകരിക്കുവാനും, ഉദ്ദേശിക്കുന്നവരെ ഒഴിവാക്കുവാനും അല്ലാഹു സമ്മതം നൽകുകയും ചെയ്തു. അതേ സമയത്ത് തിരുമേനിയുടെ നിലവിലുള്ള ഭാര്യമാർക്ക് പുറമെ പുതുതായി വിവാഹം ചെയ്യുന്നതും, അവരെ വിട്ട് പകരം വേറെ ഭാര്യമാരെ സ്വീകരിക്കുന്നതും, നബി ﷺക്ക് ശേഷം അവിടുത്തെ ഭാര്യമാരെ മറ്റൊരാൾ വിവാഹം ചെയ്യുന്നതും അല്ലാഹു (സൂ: അഹ്സാബ് 52- 53 ൽ) വിരോധിക്കുകയും ചെയ്തു. അപ്പോൾ, നിലവിലുള്ള ഒമ്പത് പേരിൽ നാലുപേരൊഴിച്ച് ബാക്കിയുള്ളവരെ വേർപെടുത്തുക എന്ന് വെച്ചാലത്തെ സ്ഥിതി എന്തായിരിക്കും? ഇവരിൽ ഏതെങ്കിലും അഞ്ചുപേരെ പിരിച്ചയക്കുന്നപക്ഷം- ഓരോരുത്തരെയും വിവാഹം ചെയ്ത പരിതഃസ്ഥിതിയും, ഉദ്ദേശ്യവും, ഇസ്‌ലാമിന് അത്മൂലമുണ്ടായ നേട്ടവുമെല്ലാം വിലയിരുത്തുമ്പോൾ- അതിന്റെ ഭവിഷ്യത്ത് എത്രമാത്രം വമ്പിച്ചതായിരിക്കുമെന്ന് ആലോചിച്ചുനോക്കുക! അറേബ്യയിൽ അത്മൂലം സംഭവിക്കാനിരിക്കുന്ന കോളിളക്കം എത്ര ഭയങ്കരമായിരിക്കും?!!

തങ്ങളുടെ ഐഹികമായ യാതൊരു താൽപര്യത്തെയും വകവെക്കാതെ, മിക്കവാറും അർദ്ധപട്ടിണികൊണ്ട് തൃപ്തിയടഞ്ഞു റസൂൽ തിരുമേനിയോടൊപ്പെ ജീവിക്കുവാനും, അല്ലാഹുവിന്റെയും റസൂലിന്റെയും പ്രീതിമാത്രം സമ്പാദിക്കുവാനും ദൃഢപ്രതിജ്ഞ ചെയ്തവരാണല്ലോ ഈ ഓരോ ഭാര്യയും. ഇവരിൽ ആരെയെങ്കിലും പിരിച്ചുവിട്ടേക്കുന്നത് എത്രമേൽ അന്യായമായിരിക്കും?! ഒരുനിലക്കും തിരുമേനിയെ പിരിഞ്ഞുപോകാൻ ഇഷ്ടപ്പെടാത്തത് കൊണ്ടാണല്ലോ സൗദഃ (റ) തന്റെ ദിവസങ്ങൾ ആഇശഃ (റ)ക്ക് വിട്ടുകൊടുത്തുകൊണ്ട് തിരുമേനിയുടെ ഭാര്യാപദം മുറിച്ചുകളയാതിരിക്കുവാൻ അപേക്ഷിച്ചതും. എല്ലാ ഭാര്യമാരും ഒന്നിച്ചുചേർന്ന് തിരുമേനിയോട് ചിലവിനാവശ്യപ്പെട്ട സംഭവത്തിൽ- (സൂ: അഹ്സാബിലെ 28-ാം വചനം അവതരിച്ച അവസരത്തിൽ)- ഒരു തീരുമാനമെടുക്കുന്നത് മാതാപിതാക്കളോട് ആലോചിച്ചു ചെയ്താൽ മതിയെന്ന് തിരുമേനി പറഞ്ഞപ്പോൾ, കേവലം ബാലികപ്രായം വിട്ടുമാറിയിട്ടില്ലാത്ത ആഇശഃ (റ) അതിന് പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു: 'അങ്ങയുടെ കാര്യത്തിലാണോ ഞാൻ മാതാപിതാക്കളോട് ആലോചന നടത്തുന്നത്?!'

നബി തിരുമേനി ﷺയുടെ വിവാഹങ്ങളെല്ലാംതന്നെ, നാല് ഭാര്യമാരിലധികം പാടില്ലെന്ന നിയമം വരുന്നതിന് മുമ്പായിരിക്കാനും സാധ്യത കാണുന്നു. ഏതായാലും അങ്ങനെയല്ലെന്നുള്ളതിന് തക്ക തെളിവുകളില്ല. എന്നാലും, ആ നിയമം വന്നപ്പോൾ എന്തുകൊണ്ട് നാലാളൊഴിച്ച് മറ്റുള്ളവരെ പിരിച്ചുവിട്ടില്ല? എന്ന് ചോദിക്കുന്നവർ, അവരെ പിരിച്ചുവിട്ടാലുണ്ടാകുന്ന ഉപരിസൂചിതങ്ങളായ ഭവിഷ്യത്തുകൾക്ക് പുറമെ വേറെ ചില സംഗതികളും ഓർക്കേണ്ടതായുണ്ട്: ചില ആളുകൾ ഇസ്‌ലാമിൽ വന്നപ്പോൾ അവർക്ക് നിലവിലുണ്ടായിരുന്ന നാലിലധികം ഭാര്യമാരിൽ നാലുപേരെമാത്രം തിരഞ്ഞെടുത്തു മറ്റുള്ളവരെ പിരിച്ചുവിടുവാൻ കൽപിക്കപ്പെട്ടത് ശരിതന്നെ. പക്ഷേ, അവർ ഇസ്‌ലാമിൽ വന്നത് നാല് ഭാര്യമാരുടെ നിയമം അവതരിച്ചശേഷമായിരുന്നുവെന്നും, അവർ ഇസ്‌ലാമിൽ വന്നതുമുതൽ ആ നിയമം അനുസരിക്കുവാൻ ബാധ്യസ്ഥരായെന്നും വ്യക്തമാണ്. ആ നിയമം അവതരിക്കുന്നതിന് മുമ്പ് ഇസ്‌ലാമിൽ വന്നിട്ടുള്ള ആരോടും തന്റെ ഭാര്യമാരിൽ നാലാളൊഴിച്ച് ബാക്കിയുള്ളവരെ പിരിച്ചുവിടാൻ കൽപിക്കപ്പെട്ടതായി അറിയപ്പെടുന്നില്ല. നാലിലധികം ഭാര്യമാരു

ണ്ടായിരിക്കുകയെന്നത് അക്കാലത്ത് വളരെ അപൂർവ്വമൊന്നും അല്ലായിരുന്നുതാനും. എന്നിരിക്കെ, നബി ﷺ മാത്രം നാലിലധികം ഭാര്യമാരെ വെച്ചുകൊണ്ടായിരുന്നുവെന്ന് പറയുവാൻ ന്യായമില്ല.

മേൽവിവരിച്ചതിൽനിന്ന് നബി തിരുമേനി ﷺ ഒരു കാമാസക്തനോ, വിവാഹപ്രിയനോ ആയിരുന്നില്ലെന്നും, തിരുമേനിയുടെ ഓരോ വിവാഹം പരിശോധിച്ചാലും അതിൽ മഹത്തായ ചില ഉദ്ദേശ്യങ്ങൾ അടിങ്ങിയിരുന്നുവെന്നും, ക്വുർആന്റെ ഏതെങ്കിലും നിയമനിർദ്ദേശത്തിന് വിരുദ്ധമായി തിരുമേനി യാതൊന്നും ചെയ്തിട്ടില്ലെന്നും നല്ലപോലെ വ്യക്തമാണ്. ഇതരമുസ്ലിംകൾക്ക് അനുവദിക്കപ്പെടാത്ത വല്ല ആനുകൂല്യവും അവിടുന്ന് ഉപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിൽ, അത് അല്ലാഹു തിരുമേനിക്ക് പ്രത്യേകം അനുവദിച്ചുകൊടുത്തതുകൊണ്ടാണെന്നും, അതിൽ ചില പ്രത്യേക യുക്തി രഹസ്യങ്ങൾ അടങ്ങിയതുകൊണ്ടാണെന്നും, പ്രവാചകൻമാരെ മറ്റുള്ളവരുടെ അതേഅളവുകോൽ വെച്ച് അളക്കുവാൻ പാടില്ലെന്നുംകൂടി നാം മനസ്സിലാക്കേണ്ടതാകുന്നു. അല്ലാഹു നമുക്ക് സൽബുദ്ധിയും നേർമാർഗവും തന്നനുഗ്രഹിക്കട്ടെ. ആമീൻ.

അടിമത്തം ഇസ്ലാമിൽ

ഇസ്ലാമിന്റെ നേരെ വളരെയധികം ആരോപണങ്ങൾക്കും, പല ആശയക്കുഴപ്പങ്ങൾക്കും കാരണമായ ഒന്നാണ്, അത് പരിമിതമായ തോതിലെങ്കിലും അടിമത്തത്തെ അംഗീകരിക്കുന്നുവെന്നുള്ളത്. ഇസ്ലാമിന്റെ ശത്രുക്കൾ അതിനെതിരിൽ ഉപയോഗപ്പെടുത്താറുള്ള ഒരു പ്രധാന ആയുധവുമാണിത്. മനുഷ്യൻ മനുഷ്യനെ അടിമയാക്കുന്നത് മനുഷ്യത്വത്തിനും, സംസ്കാരത്തിനും യോജിച്ചതല്ലെന്ന് പ്രത്യക്ഷത്തിൽ ആരും വേഗം സമ്മതിക്കുമല്ലോ. അതിനെതിരിൽ ന്യായം കാണുവാൻ മിക്കവർക്കും പ്രയാസവുമായിരിക്കും. അതുകൊണ്ട് മുസ്ലിംകൾക്കിടയിൽതന്നെ– ചില പണ്ഡിതൻമാർക്ക് പോലും– ഈ വിഷയത്തിൽ ആശയക്കുഴപ്പമുണ്ടായിട്ടുണ്ട്.

അങ്ങനെ, ഒരു വിഭാഗക്കാർ– ഈ ആരോപണത്തിൽനിന്ന് ഇസ്ലാമിനെ രക്ഷിക്കുവാൻവേണ്ടി– അടിമത്തത്തെ അംഗീകരിക്കുന്ന തരത്തിലുള്ള ക്വുർആൻ വാക്യങ്ങളെയും, നബിചര്യകളെയും അന്യഥാ വ്യാഖ്യാനിക്കുവാനും, ഇസ്ലാമിലെ ചില അംഗീകൃത നിയമങ്ങളെയും, ചരിത്ര ലക്ഷ്യങ്ങളെയും നിരാകരിക്കുവാനും മുതിർന്നു. മറ്റ് ചിലർ ആരോപണങ്ങൾക്ക് മറുപടി പറയുവാൻ സ്വീകരിച്ചിട്ടുള്ള രീതി ഇപ്രകാരമാണ്: ‘ഇസ്ലാമിന് മുമ്പ്’ അറബികൾക്കിടയിൽ അടിമ സമ്പ്രദായം സർവ്വത്ര പ്രചാരത്തിലുണ്ടായിരുന്നതുകൊണ്ട് ഇസ്ലാമിന്റെ ആരംഭത്തിൽ അറേബ്യയിൽ ധാരാളം അടിമകൾ ശേഷിപ്പുണ്ടായിരുന്നു. ക്വുർആനിലും മറ്റും അവരെക്കുറിച്ച് പലതും പ്രസ്താവിക്കുകയും, നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളത് ശരിയാണ്. പക്ഷേ, ഇസ്ലാമിക വ്യവസ്ഥയിൽ അടിമകൾ അവസാനിക്കുന്നത് വരേക്കും മാത്രമുള്ളവയാണ് ആ പ്രസ്താവനകളും, നിർദ്ദേശങ്ങളുമെല്ലാം. നബി തിരുമേനി ﷺ യുടെ കാലം അവസാനിക്കുമ്പോഴേക്ക് –അല്ലെങ്കിൽ ഉമർ (റ)ന്റെ ഖിലാഫത്ത് കാലത്ത്– മുസ്ലിം സമുദായത്തിൽ അടിമകൾ അവശേഷിക്കാതായിരിക്കുന്നു. അഥവാ അടിമകളുടെ ‘സ്റ്റോക്ക് തീർന്നുപോയി’. ഇസ്ലാമിൽ അടിമത്തത്തിന് യാതൊരു പഴുതുമില്ലാത്തത് കൊണ്ട് പിന്നീട് രംഗത്ത് വന്നിട്ടുള്ള അടിമകൾ ഒന്നൊഴിയാതെ– മുഴുവനും– നിയമവിരുദ്ധമായി കൈകാര്യം ചെയ്യപ്പെട്ടവരാകുന്നു. മേൽപറഞ്ഞ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാതെ, മുസ്ലിംകൾ പൊതുവിൽ ക്വുർആനെയും, ഇസ്ലാമിക ലക്ഷ്യങ്ങളെയും തെറ്റിദ്ധരിച്ചിരിക്കുകയാണ്. അല്ലെങ്കിൽ ദുർവ്യാഖ്യാനം ചെയ്തിരിക്കുകയാണ്. ഇതാണ് ഇവരുടെ ന്യായത്തിന്റെ പോക്ക്. ഇതിനനുകൂലമായ പുതിയ തെളിവുകൾ സ്ഥാപിക്കുവാനും, എതിരായ തെളി

വുകളെ വളച്ചൂതിരിക്കുവാനും ഇവരും ശ്രമം നടത്തുമെന്ന് പറയേണ്ടതില്ല.

എത്രതന്നെ സാഹസപ്പെട്ടാലും ബുദ്ധിമാൻമാരായ സത്യാന്വേഷികളുടെ അടുക്കൽ ഇവരുടെ മറുപടികൾ പ്രശ്നത്തിന് പൂർണമായ പരിഹാരം നൽകുന്നില്ല. കാരണം, ക്വുർആൻ വാക്യങ്ങൾക്കും, നബി വാക്യങ്ങൾക്കും ഏത് വിധേന വ്യാഖ്യാനം നൽകിയാലും അടിമകളെ സ്വീകരിക്കുക എന്ന സമ്പ്രദായം താത്വികമായിട്ടെങ്കിലും ഇസ്‌ലാം അനുവദിച്ചിട്ടുണ്ടെന്ന യാഥാർത്ഥ്യം പിന്നെയും മുഴച്ചുകൊണ്ടിരിക്കുന്നതായി കാണാം. യുക്തിവാദങ്ങളും, നവീകരണസംരംഭങ്ങളും ഒതുക്കിനിറുത്തി തുറന്നതും നിഷ്പക്ഷവുമായ ഹൃദയത്തോടുകൂടി ഇസ്‌ലാമിക പ്രമാണങ്ങളെ പരിശോധിക്കുന്നവരെ തൃപ്തിപ്പെടുത്തുവാൻ ഇവർക്ക് കഴിയാതെ വന്നിരിക്കയാണ്. അടിമകളെ സംബന്ധിച്ച് ക്വുർആനിലും, നബിവാക്യങ്ങളിലും വ്യക്തമായി പ്രസ്താവിക്കപ്പെട്ടിട്ടുള്ള എത്രയോ നിയമങ്ങളും നിർദ്ദേശങ്ങളും കാലഹരണപ്പെട്ടവയാണെന്ന് പറയുവാൻ മനസ്സാക്ഷി സമ്മതിക്കുമോ?!.

ഈ പ്രശ്നത്തിന് മറുപടി പറയുമ്പോൾ, ഓരോ വാദവും അതിന്റെ മറുപടിയും, മറുപടിക്കുള്ള രേഖയും നിരത്തിവെച്ച് പരിശോധിക്കുന്നതിനെക്കാൾ ഭേദം, ഇസ്‌ലാമിലെ അടിമത്തത്തെ ചോദ്യം ചെയ്യുവാൻ ഇടയാക്കിയ സാക്ഷാൽ കാരണം എന്താണെന്നും, അതിൽ ഇസ്‌ലാമിന്റെ വീക്ഷണഗതി എന്താണെന്നും പരിശോധിക്കുന്നതായിരിക്കും. ഈ അടിസ്ഥാനം തിട്ടപ്പെട്ട് കഴിഞ്ഞാൽ പിന്നെ, വിശദാംശങ്ങളിൽ ഉണ്ടായേക്കുന്ന അഭിപ്രായഭിന്നിപ്പുകൾ നിസ്സാരവും, വിട്ടുവീഴ്ചക്ക് വിഷമമില്ലാത്തവയുമായിരിക്കും.

ഈസാനബി (അ) വരെയുള്ള എല്ലാ പ്രവാചകൻമാർ മുഖേനയും അല്ലാഹുവിനാൽ വാഗ്ദാനം ചെയ്യപ്പെട്ട ഒരു ധാർമിക വ്യവസ്ഥ ഇവിടെ നടപ്പാക്കുകയാണ് മുഹമ്മദ് നബി തിരുമേനി ﷺ വഴി അല്ലാഹു ചെയ്തിരിക്കുന്നത്. സാർവ്വലൗകികമായ ആ വ്യവസ്ഥയുടെ പ്രബോധകനും, അതിന്റേതായ ഒരു ഭരണകൂടത്തിന്റെ സ്ഥാപകനുമാണ് നബി തിരുമേനി ﷺ. ഭൗതികമായ ഭരണവ്യവസ്ഥകൾ അതുമായി താത്വികമായിത്തന്നെ പൊരുത്തമില്ലാത്തതാകുന്നു. ഭൗതിക താൽപര്യങ്ങളെ ആസ്പദമാക്കിയുള്ള നിയമ നടപടികളും, അവകാശ ബാധ്യതകളുമായിരിക്കും അവരുടെ ലക്ഷ്യം. അതിനപ്പുറമുള്ള ധാർമികമോ, പാരത്രികമോ ആയ കാര്യങ്ങളൊന്നും അവയ്ക്ക് ചിന്താവിഷയങ്ങളല്ല. പോരാ, അത്തരം കാര്യങ്ങൾ പരിഗണിക്കപ്പെടുന്നത് പോലും അവയുടെ ദൃഷ്ടിയിൽ 'പിൻതിരിപ്പനോ', 'പഴഞ്ചനോ' ആയിരിക്കും. ഇന്നത്തെ ഭാഷയിൽ 'ഏറ്റവും പുരോഗമിച്ച' രാഷ്ട്രങ്ങളിൽ ആ പരിഗണനകൾ നിയമവിരുദ്ധംകൂടിയായിരിക്കാം. മിതമായി പറയുകയാണെങ്കിൽ, ലോകസ്രഷ്ടാവിനെ ആരാധിക്കുന്നവനും അവനെ പുച്ഛിച്ചുനിരസിക്കുന്നവനും, ദൈവദൂതൻമാരെ ബഹുമാനിക്കുന്നവനും അവരെ അവഹേളിക്കുന്നവനും ഒരു പരിഷ്കൃത രാഷ്ട്രത്തിന്റെ ദൃഷ്ടിയിൽ സമനിലയിലുള്ള പൗരൻമാരായിരിക്കും. ഏകദൈവ വിശ്വാസവും, മുപ്പത്തിമുക്കോടി ദൈവങ്ങളിലുള്ള വിശ്വാസവും അതിന്റെ മുമ്പിൽ ഒരു പോലെയായിരിക്കും. ബലാൽകാരമില്ലാത്ത വ്യഭിചാരകൂട്ടുകെട്ടും വൈവാഹിക ബന്ധവും തമ്മിൽ വലിയ അന്തരമൊന്നും അത് കാണുകയില്ല. സമത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും കാഹളമൂത്ത് സർവ്വത്ര കേൾക്കപ്പെടുമെങ്കിലും അവയുടെ നിർവ്വചനം യഥാർത്ഥത്തിൽ ഇന്നുവരെ നിർണയിക്കപ്പെട്ടു കഴിഞ്ഞിട്ടില്ലാത്തതുകൊണ്ട് ഭരണം പരിഷ്കരിക്കും തോറും ധാർമികമായ അരാജകത്വവും അസമാധാനവും വർദ്ധിച്ചുകൊണ്ടിരിക്കുന്നതാണ് അനുഭവം.

ഇസ്‌ലാമിക ഭരണകൂടത്തിന്റെ നിലപാട് ഇതിൽനിന്നും തികച്ചും വ്യത്യസ്തമത്രെ. ദൈവികമായ കടമകളും ബാധ്യതകളും മനുഷ്യൻ നിറവേറ്റുകയെന്നതാണിതിന്റെ പ്രഥമപ്രധാനമായ ലക്ഷ്യം. ഇസ്‌ലാമികശാസനകളുടെയെല്ലാം ആകെത്തുക അതാണ്. അതു

കൊണ്ട് ദൈവികകടമകളും ശാസനകളും ലംഘിക്കപ്പെടുന്നതിന് തക്കതായ ശിക്ഷകൾ നൽകപ്പെടേണ്ടത് അതിന്റെ കർത്തവ്യമായിത്തീരുന്നു. അതിന്റെ നിയമവ്യവസ്ഥയെ പാടെ നിഷേധിക്കുന്നതും, അതിന്റെ സാക്ഷാൽ നാഥനായ അല്ലാഹുവിന്റെ പരമാധികാരങ്ങളെ ചോദ്യം ചെയ്യുന്നതും അതിന്റെ മുമ്പിൽ ഏറ്റവും വമ്പിച്ച കുറ്റവുമാണ്. പക്ഷേ, വിശാല മനസ്കതയും, ദീർഘദൃഷ്ടിയും, ഉദാരവീക്ഷണവും അതിന്റെ കൂടപ്പിറവിയത്രെ. കുറ്റ വാളികളെ ആദ്യം അത് ഗുണദോഷിക്കും; നന്നായി ഉപദേശിക്കും; സ്വീകരിക്കാത്തപക്ഷം അതിന്റെ വ്യവസ്ഥക്കെതിരിൽ വിലങ്ങടിക്കാതെയും, അതിന്റെ നേരെ കയ്യേറ്റം നടത്താതെയും കീഴൊതുങ്ങി നിൽക്കണമെന്ന് അത് താക്കീത് നൽകും. ഇതും വിലവെക്കാത്തപക്ഷം, അങ്ങ നെയുള്ളവരുമായി ഏറ്റുമുട്ടുവാൻ അത് നിർബന്ധി തമാകുന്നു.

അങ്ങനെ, ഒരു യുദ്ധം നടത്തേണ്ടിവന്നാൽ പിന്നെ, അന്യോന്യം കൊല നടത്തി ജയാ പജയം നോക്കുകയല്ലാതെ ഗത്യന്തരമില്ലല്ലോ. എന്നാൽ, ഈ അവസരത്തിൽപോലും, വൃദ്ധൻമാർ, സ്ത്രീകൾ, കുട്ടികൾ, അബലന്മാർ എന്നിവരെ കൊലപ്പെടുത്താതെ അത് സൂക്ഷിക്കുന്നു. കൊലയിൽ നിന്നൊഴിവാക്കി തടവിൽ പിടിച്ചവരെ യാതൊരു ഉപാധിയും കൂടാതെത്തന്നെ വിട്ടയ്ക്കും; ചിലരെ ചില ഉപാധികളോടുകൂടി വിട്ടുകൊടുക്കും; വേറെ ചിലരെ ഒരു തരത്തിൽ അസ്വതന്ത്രരാക്കി നിറുത്തപ്പെടും. ഒടുവിൽ പറഞ്ഞ വിഭാഗക്കാരത്രെ അടിമകൾ. ഇവരിൽ പ്രായേണ സ്ത്രീകൾ, കുട്ടികൾ തുടങ്ങിയ ദുർബ്ബലരായിരിക്കും മിക്കവാറും ഉണ്ടായിരിക്കുക. പലരുടെയും രക്ഷാകർത്താക്കൾ യുദ്ധത്തിൽ മൃതിയടഞ്ഞിട്ടുമുണ്ടാകാം. യുദ്ധാ നന്തരം ഇവരെയെല്ലാം നിരുപാധികമായി വിട്ടയക്കുക എന്നൊരു പൊതുസമ്പ്രദായം നടപ്പാക്കുകയാണെങ്കിൽ, അത് അവർക്കുതന്നെയും ആപത്തായി പരിഗണിച്ചേക്കും. മാത്രമ ല്ല, ഏതൊരുദ്ദേശ്യത്തെ മുൻനിറുത്തിയാണോ യുദ്ധം നടന്നതെങ്കിൽ ആ ഉദ്ദേശ്യത്തിന് പോലും അത് വിഘാതമായിരിക്കുകയും ചെയ്തേക്കും.

ശരി, എനി അടിമകളാക്കപ്പെട്ടുകഴിഞ്ഞവർക്ക് പിന്നീട് മോചനം കിട്ടി സ്വതന്ത്രരാവാൻ മാർഗമില്ലേ? തീർച്ചയായും ഉണ്ട്. അതിനുള്ള മാർഗങ്ങൾ സുലഭമാണ്. അടിമകൾക്ക് മോചനം നൽകുന്നതിനുള്ള പ്രോത്സാഹനങ്ങളും, നിർബന്ധമായി മോചിപ്പിക്കേണ്ടി വരുന്ന സന്ദർഭങ്ങ ളും, അവർ സ്വയംതന്നെ സ്വതന്ത്രരായിത്തീരുന്ന പരിതഃസ്ഥിതികളും, വളരെ ലഘുവായ ഉപാധികളോട്കൂടി മോചിപ്പിച്ചുവിടാനുള്ള വ്യവസ്ഥകളും ഇസ്‌ലാമിൽ അന്നും ഇന്നും നിര വധിയാണ്. (ക്വുർആനിലും, ഹദീഥിലും, ഫിക്വ്ഹ് (കർമശാസ്ത്ര) ഗ്രന്ഥങ്ങളിലും ഇതിന് ധാരാളം ഉദാഹരണങ്ങൾ കാണാം. ഇവിടെ അത് വിശദീകരിക്കുവാൻ സൗകര്യമില്ല. ഈ വിഷയകമായി പലരും പ്രത്യേക ഗ്രന്ഥങ്ങൾ തന്നെ എഴുതിയിട്ടുള്ളതാണ്.) ചുരുക്കിപ്പറഞ്ഞാൽ, പല കാരണങ്ങളും നിമിത്തം യുദ്ധത്തിൽ ബന്ധനസ്ഥരാക്കപ്പെടുന്നവരിൽ ഒരു കുറഞ്ഞ ശതമാനം മാത്രമേ അടിമകളായിത്തീരുകയുള്ളൂ. അവരിൽ തന്നെ ഏതാനും പേർ ഏറെത്താമസി യാതെ വിവിധ മാർഗങ്ങളിലൂടെ സ്വതന്ത്രരാക്കപ്പെടുകയും ചെയ്യും. ഇസ്‌ലാമിക ചരിത്ര ഗ്രന്ഥങ്ങൾ പരിശോധിക്കുന്ന പക്ഷം ഈ പരമാർത്ഥം ആർക്കും മനസ്സിലാക്കാം.

മേൽസൂചിപ്പിച്ച ഏതെങ്കിലും മാർഗങ്ങളിലൂടെ സ്വാതന്ത്ര്യം ലഭിക്കുവാൻ സാധിക്കാതെ അടിമകളായിത്തന്നെ അവശേഷിക്കുന്നവരുടെ അനുഭവമെന്താണെന്നാണ് പിന്നീട് ആലോ ചിക്കുവാനുള്ളത്. ഇതരസമുദായങ്ങളിൽ സാധാരണ പൗരൻമാർ അനുഭവിച്ചുവരുന്ന –ചില സമുദായത്തിലെ ചില വിഭാഗക്കാർ അനുഭവിച്ചുവരുന്നതിനെക്കാൾ മെച്ചപ്പെട്ടതുമായ– സുഖ സൗകര്യങ്ങളും സ്ഥാനമാനങ്ങളും അവർക്ക് ഇസ്‌ലാമിൽ ലഭിക്കുന്നു. സ്വതന്ത്രനാക്കിവിടുവാൻ ആലോചന നടക്കുന്നതിന്റെ പേരിലോ, സ്വതന്ത്രനാക്കിവിട്ടതിന്റെ പേരിലോ അടിമകൾ വില

പിച്ചു വാവിട്ട് കരയുകയും, മോചനം നൽകി വിട്ടയച്ചു പിന്നെയും വിട്ടുപോവാൻ സമ്മതിക്കാതിരിക്കുകയും ചെയ്ത സംഭവങ്ങൾ പലതും ഇസ്‌ലാം ചരിത്രത്തിന്റെ താളുകളിൽ രേഖപ്പെട്ടുകിടക്കുന്നത് ഇതുകൊണ്ടാണ്. മതരംഗങ്ങളിലും, ഭരണരംഗങ്ങളിലും വിജ്ഞാനരംഗങ്ങളിലുമെല്ലാംതന്നെ നേതൃത്വവും, പൊതുസമ്മതിയും നേടിക്കഴിഞ്ഞ പലർക്കും അവരുടെ അടിമസ്ഥാനം ഒരിക്കലും അതിന് തടസ്സമായിരുന്നില്ല. അടിമകളോട് നിർദ്ദയമായോ, മൃഗീയമായോ പലരും പെരുമാറിയിട്ടുണ്ടാവാം. പക്ഷേ, അതൊന്നും ഇസ്‌ലാമിന് ബാധകമല്ലെന്നും, മതദൃഷ്ട്യാ കുറ്റകരവും ശിക്ഷാർഹവുമാണെന്നും ഓർക്കേണ്ടതുണ്ട്.

മേൽപ്രസ്താവിച്ചതിൽനിന്ന് ഇസ്‌ലാം അടിമത്തത്തെ തീരെ അംഗീകരിക്കുന്നില്ലെന്ന വാദം ശരിയല്ലെന്നും അനിവാര്യമായ ഒരളവിൽ അത് അടിമത്തത്തെ– അതിനെ ശരിക്കും ന്യായീകരിച്ചുകൊണ്ടുതന്നെ– അംഗീകരിച്ചിട്ടുണ്ടെന്നും, വിമർശകർ വിചാരിക്കുംപോലെ അത് മനുഷ്യനെ മൃഗങ്ങളാക്കുന്ന നിലക്കുള്ള ഒരേർപ്പാടല്ലെന്നും മനസ്സിലാക്കാവുന്നതാണ്. മുൻകാലങ്ങളിൽ യുദ്ധത്തിൽ പിടിക്കപ്പെട്ടവരെ സ്ഥിരം അടിമകളാക്കിവെക്കുകമാത്രമല്ല കൊന്നൊടുക്കലും പതിവായിരുന്നു. ഈ പരിഷ്കൃതയുഗത്തിൽ– ഏറ്റവും പുരോഗമിച്ച നാടുകളിൽ വിശേഷിച്ചും– കേവലം നിസ്സാരമായ കുറ്റങ്ങളിൽ തങ്ങളുടെ എതിരാളികളെന്ന ഏക കാരണത്താൽ– ഇന്നും ചില രാഷ്ട്രങ്ങളിൽ നൽകപ്പെട്ടുവരുന്ന ശിക്ഷകൾ കടുത്തതും, അതിദയനീയവും മാത്രമല്ല,. പലതും മൃഗീയവും പൈശാചികവും കൂടിയാണെന്ന് ആർക്കും അറിയാവുന്നതാണ്. അതിനെക്കാൾ എത്രയോ മടങ്ങ് ലഘുവായതും, വളരെയേറെ ഉദാരമായതുമാണ് ഇസ്‌ലാമിലെ അടിമത്തമെന്നത് നിഷ്പക്ഷ ഹൃദയമുള്ള ഏതൊരാൾക്കും കാണുവാൻ പ്രയാസമില്ല.

മുൻ പ്രവാചകൻമാരുടെ കാലത്ത് അടിമത്തത്തിന്റെ സമ്പ്രദായം ഇല്ലായിരുന്നുവെന്ന് ചിലർ പറയാറുണ്ട്. വാസ്തവത്തിൽ അതവരുടെ അജ്ഞതയെയാണ് സൂചിപ്പിക്കുന്നത്. തൗറാത്തിലെ ലേവ്യാപുസ്തകം 25-ാം അദ്ധ്യായം ഒന്നുനോക്കിയാൽ ആ വാദം ശരിയല്ലെന്നവർക്ക് അറിയാറാകും. ഉദാഹരണമായി അതിലെ ചില വാക്യങ്ങൾ കാണുക: 'നിന്റെ അടിയാരും, അടിയാത്തികളും നിങ്ങൾക്കുചുറ്റുമുള്ള ജാതികളിൽനിന്ന് ആയിരിക്കേണം; അവരിൽനിന്ന് അടിയാരെയും, അടിയാത്തികളെയും കൊള്ളേണം; ...... അവർ നിങ്ങൾക്ക് അവകാശമായിരിക്കേണം; നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും അവകാശമായിരിക്കേണ്ടതിന് നിങ്ങൾ അവരെ അവകാശമാക്കിക്കൊള്ളേണം; അവർ എന്നും നിങ്ങൾക്ക് അടിമകളായിരിക്കേണം; യിസ്റായേൽ മക്കളായ നിങ്ങളുടെ സഹോദരൻമാരോട് നിങ്ങൾ കാഠിന്യം പ്രവർത്തിക്കരുത്.' (ലേവ്യപുസ്തകം. അ: 25 ൽ 44- 46) ഇസ്‌ലാമിലെ അടിമത്തത്തെ അവഹേളിച്ചുപറയാറുള്ള മിഷ്യനറിമാർ ഇതിനെപ്പറ്റി മൗനമവലംബിക്കുകയാണ് പതിവ്.

ഇത്രയും പറഞ്ഞതിന്റെ രത്നചുരുക്കം ഇതാണ്: ഇസ്‌ലാമിലെ അടിമത്തത്തെപ്പറ്റി വിമർശിക്കുന്നവർ ആദ്യമായി, ഏതടിസ്ഥാനത്തിലാണത് അംഗീകരിക്കപ്പെട്ടിട്ടുള്ളതെന്നും, ഏതെല്ലാം നിലക്കാണ് കയ്യാളപ്പെട്ടിട്ടുള്ളതെന്നുമാണ് നോക്കേണ്ടത്. തികച്ചും ന്യായവും ആവശ്യവുമായ തോതിൽമാത്രമാണ് ഇസ്‌ലാം അതിന് അംഗീകാരം നൽകിയിട്ടുള്ളതെന്ന് അപ്പോൾ മനസ്സിലാക്കുവാൻ കഴിയും. والله الموفق

سورة سبأ

34. സൂറതു സബഅ്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 54 - വിഭാഗം (റുകൂഌ്) 6

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമ കാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

ٱلۡحَمۡدُ لِلَّهِ ٱلَّذِي لَهُۥ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلۡأَرۡضِ وَلَهُ ٱلۡحَمۡدُ فِي ٱلۡأٓخِرَةِۚ وَهُوَ ٱلۡحَكِيمُ ٱلۡخَبِيرُ ۝١

《1》 അല്ലാഹുവിനത്രെ സർവ്വസ്തുതിയും ! ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം) യാതൊരുവനുള്ളതാണോ അവന്ന് (സ്തുതി). പരലോകത്തിലും അവന്നു തന്നെയാണ് സ്തുതി,അഗാധജ്ഞനും, സൂക്ഷ്മജ്ഞനും അവനത്രെ.

يَعۡلَمُ مَا يَلِجُ فِي ٱلۡأَرۡضِ وَمَا يَخۡرُجُ مِنۡهَا وَمَا يَنزِلُ مِنَ ٱلسَّمَآءِ وَمَا يَعۡرُجُ فِيهَاۚ وَهُوَ ٱلرَّحِيمُ ٱلۡغَفُورُ ۝٢

《2》 ഭൂമിയിൽ കടന്നുകൂടുന്നതും, അതിൽ നിന്ന് പുറത്തുവരുന്നതും, ആകാശത്ത് നിന്നു ഇറങ്ങുന്നതും, അതിൽ കേറിച്ചെല്ലുന്നതും (എല്ലാം) അവൻ അറിയുന്നു. അവനത്രെ കരുണാനിധിയും വളരെ പൊറുക്കുന്നവനുമായുള്ളവൻ.

《1》 اَلْحَمْدُ സ്തുതി(സ്തുതിയായിട്ടുള്ളതെല്ലാം) لِلّٰهِ അല്ലാഹുവിനാണ് الَّذِي യാതൊരുവൻ لَهُ അവനാണ് مَافِي السَّمَاوَاتِ ആകാശങ്ങളിലുള്ളത് وَمَافِي الأَرْضِ ഭൂമിയിലുള്ളതും وَلَهُ الْحَمْدُ അവന് തന്നെയാണ് സ്തുതി فِي الآخِرَةِ പരലോകത്ത് وَهُوَ അവൻ, അവനത്രെ اَلْحَكِيمُ അഗാധജ്ഞൻ اَلْخَبِيرُ സൂക്ഷ്മജ്ഞൻ 《2》 يَعْلَمُ അവൻ അറിയുന്നു

مَا يَلِجُ പ്രവേശിക്കുന്നത്, കടന്നുവരുന്നത് فِي الأَرْضِ ഭൂമിയിൽ وَمَا يَخْرُجُ പുറത്തുവരുന്നതും وَمَا يَنْزِلُ അതിൽ നിന്ന് ഇറങ്ങുന്നതും مِنَ السَّمَاءِ ആകാശത്തുനിന്നു وَمَا يَعْرُجُ കയറിവരുന്നതും فِيهَا അതിൽ وَهُوَ അവൻ (തന്നെ) الْغَفُورُ വളരെ പൊറുക്കുന്നവൻ الرَّحِيمُ കരുണാനിധി

പ്രത്യക്ഷമായും, പരോക്ഷമായും ആകാശഭൂമികളിൽ അനുനിമിഷം വർഷിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹകോടികളുടെ പേരിൽ – നടക്കുന്നതും നടക്കേണ്ടതുമായ – എല്ലാ സ്തുതികീർത്തനങ്ങളുടെയും അർഹതയും, അവകാശവും അല്ലാഹുവിനാകുന്നു. പരലോകത്ത് വെച്ച് അവന്റെ നല്ല അടിയാൻമാർക്ക് അനുഭവപ്പെടുന്ന എല്ലാ അനുഗ്രഹങ്ങളെക്കുറിച്ചുള്ള സ്തുതിയും അവന് മാത്രമാകുന്നു.

നിക്ഷേപങ്ങൾ, ധാതുവസ്തുക്കൾ, മരിച്ചുമണ്ണടിഞ്ഞവർ, ദ്രവിച്ചു നശിച്ചുപോയവ, വറ്റിപ്പോയ ജലാംശങ്ങൾ പുരാണാവശിഷ്ടങ്ങൾ എന്നിങ്ങനെ ഭൂമിക്കുള്ളിൽ പ്രവേശിച്ചുകഴിഞ്ഞ സകലവും അല്ലാഹു അറിയുന്നു. സസ്യങ്ങൾ, ജീവികൾ, ഉറവുകൾ ആദിയായി ഭൂമിക്കുള്ളിൽനിന്നു വെളിക്കുവരുന്ന വസ്തുക്കളെയും അവൻ അറിയുന്നു. മഴ, മഞ്ഞ്, കാറ്റ്, ഇടി, മലക്കുകൾ, ദൈവീക കൽപനകൾ എന്നിത്യാദി ആകാശത്ത് നിന്നു ഭൂമിയിലേക്ക് വരുന്നവയെയും, മനുഷ്യകർമ്മങ്ങൾ, ആത്മാക്കൾ, മലക്കുകൾ, ആവി, വാതകം, റോക്കറ്റ് മുതലായി ഭൂമിയിൽ നിന്ന് മേൽപോട്ടുയർന്നുപോകുന്ന സർവ്വത്തെയും അല്ലാഹു അറിയുന്നു. അൽപജ്ഞാനികൾ ധരിക്കുന്നത്പോലെ – അല്ലെങ്കിൽ വക്രതാൽപര്യക്കാർ ജൽപിക്കാറുള്ളതുപോലെ – അവൻ കാര്യങ്ങളെ മൊത്തത്തിൽ മാത്രം അറിയുകയല്ല ചെയ്യുന്നത്. എല്ലാ ഓരോ കാര്യവും ശരിക്കുശരിയായി സവിസ്തരം അറിയുന്ന അഗാധജ്ഞനും, സൂക്ഷ്മജ്ഞനുമത്രെ അവൻ. (അടുത്ത വചനത്തിന്റെ അവസാനഭാഗവും ശ്രദ്ധിക്കുക.)

وَقَالَ ٱلَّذِينَ كَفَرُواْ لَا تَأْتِينَا ٱلسَّاعَةُ ۖ قُلْ بَلَىٰ وَرَبِّى لَتَأْتِيَنَّكُمْ عَٰلِمِ ٱلْغَيْبِ ۖ لَا يَعْزُبُ عَنْهُ مِثْقَالُ ذَرَّةٍ فِى ٱلسَّمَٰوَٰتِ وَلَا فِى ٱلْأَرْضِ وَلَآ أَصْغَرُ مِن ذَٰلِكَ وَلَآ أَكْبَرُ إِلَّا فِى كِتَٰبٍ مُّبِينٍ ﴿٣﴾

《 3 》 അവിശ്വസിച്ചവർ പറയുകയാണ് : അന്ത്യസമയം നമുക്ക് വരികയില്ല എന്ന് ! (നബിയേ) പറയുക : ഇല്ലാതേ ! അദൃശ്യത്തെ അറിയുന്നവനായ എന്റെ രക്ഷിതാവ് തന്നെയാണ (സത്യം) ! അത് നിശ്ചയമായും നിങ്ങൾക്ക് വരുകതന്നെ ചെയ്യും. ആകാശങ്ങളിലാകട്ടെ, ഭൂമിയിലാകട്ടെ, ഒരു അണുത്തൂക്കവും അവനിൽ നിന്ന് (അവനറിയാതെ) വിട്ടുപോകുന്നതല്ല. അതിനെക്കാൾ ചെറുതാകട്ടെ, വലുതാകട്ടെ (ഒന്നും തന്നെ) സ്പഷ്ടമായ ഒരു ഗ്രന്ഥത്തിൽ ഇല്ലാതെ (രേഖപ്പെടു ത്തപ്പെടാതെ) യില്ല.

﴾3﴿ وَقَالَ പറഞ്ഞു, പറയുകയാണ് الَّذِينَ كَفَرُوا അവിശ്വസിച്ചവർ لَا تَأْتِينَا നമുക്ക് വരികയില്ല السَّاعَةُ അന്ത്യസമയം قُلْ പറയുക, بَلَىٰ ഇല്ലാതേ, (ഉണ്ട്) وَرَبِّي എന്റെ റബ്ബ് തന്നെയാണ് لَتَأْتِيَنَّكُمْ അത് നിങ്ങൾക്ക് വരുകതന്നെ ചെയ്യും عَالِمِ الْغَيْبِ അദൃശ്യത്തെ അറിയുന്നവനായ(റബ്ബ്) لَا يَعْزُبُ വിട്ടുപോകു(ഒഴിവാ)കയില്ല عَنْهُ അവനിൽനിന്ന് مِثْقَالُ ذَرَّةٍ ഒരുഅണുത്തൂക്കവും فِي السَّمَاوَاتِ ആകാശങ്ങളിൽ وَلَا فِي الْأَرْضِ ഭൂമിയിലും ഇല്ല وَلَا أَصْغَرُ ചെറിയതുമില്ല مِنْ ذَٰلِكَ അതിനെക്കാൾ وَلَا أَكْبَرُ വലിയതുമില്ല إِلَّا فِي كِتَابٍ ഒരു ഗ്രന്ഥത്തിൽ (രേഖയിൽ)ഇല്ലാതെ مُبِينٍ സ്പഷ്ടമായ, വ്യക്തമായ

പുനഃരുത്ഥാനത്തെ പരിഹാസപൂർവ്വം നിഷേധിക്കുന്നവരോട് അല്ലാഹുവിൽ ആണയിട്ടു (സത്യം ചെയ്തു, കൊണ്ട് മറുപടി കൊടുക്കുവാൻ നബി ﷺ യോട് കൽപിക്കുന്ന മൂന്ന് ക്വുർആൻ വചനങ്ങളിൽ രണ്ടാമത്തേതാണിത്) ഒന്നാമത്തേത് : وَيَسْتَنبِئُونَكَ أَحَقٌّ هُوَ قُلْ إِي وَرَبِّي إِنَّهُ لَحَقٌّ –يونس :٥٣ (അത് യഥാർത്ഥമാണോ എന്ന് അവർ നിന്നോട് വർത്തമാനമന്വേഷിക്കുന്നു :പറയുക : ഓ ! എന്റെ റബ്ബ് തന്നെയാണ ! നിശ്ചയമായും അത് യഥാർത്ഥം തന്നെ (സൂ: യൂനുസ് 53) മൂന്നാമത്തെ വചനം : زَعَمَ الَّذِينَ كَفَرُوا أَن لَّن يُبْعَثُوا قُلْ بَلَىٰ وَرَبِّي لَتُبْعَثُنَّ- التغابن:٧ (അവിശ്വസിച്ചവർ ജൽപിക്കുകയാണ്, അവർ പുനരെഴുന്നേൽപിക്കപ്പെടുകയില്ലെന്ന് ! പറയുക : എന്റെ റബ്ബ് തന്നെയാണ ! നിശ്ചയമായും നിങ്ങൾ പുനരെഴുന്നേൽപിക്കപ്പെടുന്നതാണ് (സൂ: തഗാബുൻ . 7) വിഷയത്തിന്റെ ഗൗരവമാണ് ഈ വചനങ്ങൾ ചൂണ്ടിക്കാട്ടുന്നത്. കഴിഞ്ഞ ആയത്തിലെ ആശയം ഒന്ന് കൂടി വ്യക്തമായ ഭാഷയിൽ ഈ വചനങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നത് പ്രത്യേകം ശ്രദ്ധാർഹമാകുന്നു.

لِّيَجْزِيَ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ ۚ أُولَٰئِكَ لَهُم مَّغْفِرَةٌ وَرِزْقٌ كَرِيمٌ ﴿٤﴾

﴾4﴿ വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് പ്രതിഫലംനൽകുവാൻ വേണ്ടിയാകുന്നു (അത്). അക്കൂട്ടരാകട്ടെ, അവർക്ക് പാപമോചനവും, മാന്യമായ ഉപജീവനവുമുണ്ടായിരിക്കും.

وَالَّذِينَ سَعَوْ فِي آيَاتِنَا مُعَاجِزِينَ أُولَٰئِكَ لَهُمْ عَذَابٌ مِّن رِّجْزٍ أَلِيمٌ ﴿٥﴾

﴾5﴿ (നമ്മെ) പരാജയപ്പെടുത്താൻ ശ്രമിക്കുന്നവരായിക്കൊണ്ട് നമ്മുടെ ആയത്തുകളിൽ(കുഴപ്പത്തിന്) പരിശ്രമം നടത്തിയിട്ടുള്ളവരാകട്ടെ, അക്കൂട്ടർക്ക് വേദനയേറിയ കഠിന ദണ്ഡനയാകുന്ന ശിക്ഷയുമുണ്ടായിരിക്കും.

وَيَرَى ٱلَّذِينَ أُوتُوا۟ ٱلْعِلْمَ ٱلَّذِىٓ أُنزِلَ إِلَيْكَ مِن رَّبِّكَ هُوَ ٱلْحَقَّ وَيَهْدِىٓ إِلَىٰ صِرَٰطِ ٱلْعَزِيزِ ٱلْحَمِيدِ ﴿٦﴾

﴾6﴿ അറിവ് നൽകപ്പെട്ടിട്ടുള്ളവർ കണ്ടറിയുന്നതാണ് ; നിന്റെ രക്ഷിതാവിങ്കൽ നിന്ന് നിനക്ക് ഇറക്കപ്പെട്ടിട്ടുള്ളതുതന്നെയാണ്, യഥാർത്ഥമെന്നും, സ്തുത്യർഹനായ പ്രതാപശാലി യായുള്ളവന്റെ [അല്ലാഹുവിന്റെ] പാതയിലേക്ക് അത് മാർഗദർശനം നൽകുന്നു വെന്നും.

﴾4﴿ لِيَجْزِيَ അവൻ പ്രതിഫലം കൊടുക്കുവാൻ വേണ്ടി | الَّذِينَ آمَنُوا വിശ്വസിച്ചവർക്ക് وَعَمِلُوا الصَّالِحَاتِ സൽക്കർമ്മങ്ങൾ പ്രവർത്തിക്കയും ചെയ്ത أُولَٰئِكَ അക്കൂട്ടർ لَهُمْ അവർക്കുണ്ട് مَغْفِرَةٌ പാപമോചനം وَرِزْقٌ ഉപജീവനം, ആഹാരവും كَرِيمٌ മാന്യമായ ﴾5﴿ وَالَّذِينَ سَعَوْا പരിശ്രമം നടത്തിയ (കുഴപ്പമുണ്ടാക്കുന്ന)വർ فِي آيَاتِنَا നമ്മുടെ ലക്ഷ്യ(ദൃഷ്ടാന്ത)ങ്ങളിൽ مُعَاجِزِينَ അസാധ്യമാക്കുന്നവരായിട്ട്, (പരാജയപ്പെടു ത്തുവാൻ ശ്രമിച്ചുകൊണ്ട്) أُولَٰئِكَ അക്കൂട്ടർ لَهُمْ عَذَابٌ അവർക്കുണ്ട് ശിക്ഷ مِنْ رِجْزٍ കഠിന ദണ്ഡനയാകുന്ന, കടുത്തയാതനയിൽപെട്ട أَلِيمٌ വേദനയേറിയ ﴾6﴿ وَيَرَى കാണുന്നതാണ് هُوَ الْحَقَّ നൽകപ്പെട്ടവർ وَيَهْدِي അറിവ് إِلَىٰ صِرَاطِ الْعَزِيزِ ഇറക്കപ്പെട്ടത് الْحَمِيدِ നിനക്ക് مِنْ رَبِّكَ നിന്റെ റബ്ബിങ്കൽ നിന്ന് هُوَ الْحَقَّ അത് തന്നെയാണ് യഥാർത്ഥം (എന്ന്) وَيَهْدِي അതു മാർഗദർശനം നൽകുന്നു എന്നും إِلَىٰ صِرَاطِ الْعَزِيزِ പ്രതാപശാലിയുടെ പാതയിലേക്ക് الْحَمِيدِ സ്തുത്യർഹനായ

അറിവ് നൽകപ്പെട്ടിട്ടുള്ളവർ എന്നു പറഞ്ഞത് വേദഗ്രന്ഥങ്ങളെയും, മതകാര്യങ്ങളെയുംകുറിച്ചു അറിയുന്നവരെപ്പറ്റിയാണ്. ലൗകികമോ ശാസ്ത്രീയമോ ആയ അറിവുകൾ ആ യാഥാർത്ഥ്യം അറിയുവാൻ മതിയാവുകയില്ലല്ലോ. (5-ാം വചനത്തിലെ ആശയത്തെക്കുറിച്ച് താഴെ 33-ാം വചനത്തിൽ പ്രസ്താവിക്കുന്നുണ്ട്)

وَقَالَ ٱلَّذِينَ كَفَرُوا۟ هَلْ نَدُلُّكُمْ عَلَىٰ رَجُلٍ يُنَبِّئُكُمْ إِذَا مُزِّقْتُمْ كُلَّ مُمَزَّقٍ إِنَّكُمْ لَفِى خَلْقٍ جَدِيدٍ ﴿٧﴾

﴾7﴿ അവിശ്വസിച്ചവർ പറയുകയാണ് : നിങ്ങൾ എല്ലാ വിധേനയും (നശിച്ചു) ഛിന്നഭിന്ന മാക്കപ്പെട്ടാൽ, (വീണ്ടും) നിങ്ങൾ ഒരു പുതിയ സൃഷ്ടിയിൽ തന്നെ ആയിരിക്കുമെന്ന് നിങ്ങളോട് വർത്തമാനം അറിയിക്കുന്ന ഒരു മനുഷ്യനെക്കുറിച്ച് ഞങ്ങൾ നിങ്ങൾ ക്കു അറിയിച്ചു തരട്ടെയോ ?!

أَفۡتَرَىٰ عَلَى ٱللَّهِ كَذِبًا أَم بِهِۦ جِنَّةُۢۗ
بَلِ ٱلَّذِينَ لَا يُؤۡمِنُونَ بِٱلۡأٓخِرَةِ فِي
ٱلۡعَذَابِ وَٱلضَّلَٰلِ ٱلۡبَعِيدِ ﴿٨﴾

﴿8﴾ അവൻ അല്ലാഹുവിന്റെമേൽ കളവ് കെട്ടിച്ചമയ്ക്കുകയാണോ, അതല്ല, അവന് വല്ല ഭ്രാന്തുമുണ്ടോ ?! പക്ഷെ, പരലോകത്തിൽ വിശ്വസിക്കാത്തവർ ശിക്ഷയിലും, വിദൂരമായ വഴിപിഴവിലുമായി രിക്കും.

أَفَلَمۡ يَرَوۡاْ إِلَىٰ مَا بَيۡنَ أَيۡدِيهِمۡ وَمَا
خَلۡفَهُم مِّنَ ٱلسَّمَآءِ وَٱلۡأَرۡضِۚ
إِن نَّشَأۡ نَخۡسِفۡ بِهِمُ ٱلۡأَرۡضَ أَوۡ
نُسۡقِطۡ عَلَيۡهِمۡ كِسَفًا مِّنَ ٱلسَّمَآءِۚ
إِنَّ فِي ذَٰلِكَ لَأٓيَةً لِّكُلِّ عَبۡدٍ مُّنِيبٍ
﴿٩﴾

﴿9﴾ എന്നാൽ, ആകാശത്തുനിന്നും ഭൂമിയിൽ നിന്നും അവരുടെ മുന്നിലും പിന്നിലുമുള്ളതിലേക്ക് അവർ നോക്കിക്കാണുന്നില്ലേ ?!

നാം ഉദ്ദേശിക്കുകയാണെങ്കിൽ, നാമവരെ ഭൂമിയിൽ ആഴ്ത്തിക്കളയും ; അല്ലെങ്കിൽ ആകാശത്തുനിന്ന് അവരുടെമേൽ നാം തുണ്ടങ്ങൾ വീഴ്ത്തും. നിശ്ചയമായും (അല്ലാഹുവിലേക്ക്) മനസ്സു മടങ്ങുന്ന എല്ലാ അടിയാന്നും അതിൽ ദൃഷ്ടാന്തമുണ്ട്.

﴿7﴾ وَقَالَ പറഞ്ഞു, പറയുന്നു الَّذِينَ كَفَرُوا അവിശ്വസിച്ചവർ هَلْ نَدُلُّكُمْ ഞങ്ങൾ നിങ്ങൾക്ക് അറിയിച്ചുതരട്ടെയോ عَلَىٰ رَجُلٍ ഒരു പുരുഷനെ (മനുഷ്യനെ)പ്പറ്റി يُنَبِّئُكُمْ നിങ്ങൾക്ക് വർത്തമാനമറിയിക്കുന്ന إِذَا مُزِّقْتُمْ നിങ്ങൾ ഛിന്നഭിന്നമാക്കപ്പെട്ടാൽ, ചിച്ചിച്ചീന്തപ്പെട്ടാൽ كُلَّ مُمَزَّقٍ എല്ലാ (വിധ)ഛിന്നഭിന്നമാക്കലും إِنَّكُمْ നിശ്ചയമായും നിങ്ങൾ لَفِي خَلْقٍ ഒരു സൃഷ്ടിയിൽ തന്നെയായിരിക്കും جَدِيدٍ പുതുതായ ﴿8﴾ أَفْتَرَىٰ അവൻ കെട്ടിച്ചമച്ചിരിക്കയാണോ عَلَى اللَّهِ അല്ലാഹുവിന്റെ മേൽ كَذِبًا കളവ്, വ്യാജം أَمْ بِهِ അതല്ല(പക്ഷേ) അവന്നുണ്ടോ جِنَّةٌ വല്ല ഭ്രാന്തും بَلِ പക്ഷേ, എങ്കിലും الَّذِينَ لَا يُؤْمِنُونَ വിശ്വസിക്കാത്തവർ بِالْآخِرَةِ പരലോകത്തിൽ فِي الْعَذَابِ ശിക്ഷയിലായിരിക്കും وَالضَّلَالِ വഴിപിഴവിലും الْبَعِيدِ വിദൂരമായ, അകന്ന ﴿9﴾ أَفَلَمْ يَرَوْا എന്നാലവർ കണ്ടില്ലേ, നോക്കുന്നില്ലേ إِلَىٰ مَا യാതൊന്നിലേക്ക് بَيْنَ أَيْدِيهِمْ അവരുടെ മുന്നിലുള്ള وَمَا خَلْفَهُمْ അവരുടെ പിന്നിലുള്ളതിലേക്കും مِنَ السَّمَاءِ ആകാശത്തുനിന്ന് وَالْأَرْضِ ഭൂമിയിൽ നിന്നും إِنْ نَشَأْ നാം ഉദ്ദേശിക്കുന്നുവെങ്കിൽ نَخْسِفْ بِهِمُ അവരെ നാം വിഴുങ്ങിക്കും, ആഴ്ത്തും الْأَرْضَ ഭൂമിയെ, ഭൂമിയിൽ أَوْ نُسْقِطْ അല്ലെങ്കിൽ നാം വീഴ്ത്തും عَلَيْهِمْ അവരുടെ മീതെ كِسَفًا കഷ്ണങ്ങളെ, തുണ്ടുകളെ مِنَ السَّمَاءِ ആകാശത്ത് നിന്ന് إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَةً ഒരു ദൃഷ്ടാന്തം لِكُلِّ عَبْدٍ എല്ലാ (ഓരോ)അടിയാന്നും مُنِيبٍ മനസ്സ് മടങ്ങുന്ന, ഭക്തിപ്പെട്ടുവരുന്ന

മരണാനന്തരജീവിതത്തെപ്പറ്റി നബി പ്രസ്താവിക്കുന്നതിനെ പരിഹസിച്ചുകൊണ്ട് മുശ്‌രിക്കുകൾ പറയാറുള്ള ചില വാക്യങ്ങളാണ് മുകളിൽ ഉദ്ധരിച്ചത്.ആയത്തുകളുടെ ആശയം സ്പഷ്ടമാണല്ലോ. അടുത്ത ആയത്തുകളിൽ ദാവൂദ് നബി(അ)ക്കും, സുലൈമാൻ നബി(അ)ക്കും നൽകപ്പെട്ട ചില പ്രത്യേകാനുഗ്രഹങ്ങളെക്കുറിച്ച് പറയുന്നു:

വിഭാഗം - 2

۞ وَلَقَدْ ءَاتَيْنَا دَاوُۥدَ مِنَّا فَضْلًا ۖ يَـٰجِبَالُ أَوِّبِى مَعَهُۥ وَٱلطَّيْرَ ۖ وَأَلَنَّا لَهُ ٱلْحَدِيدَ ﴿١٠﴾

《10》 ദാവൂദിന് നമ്മുടെ വകയായി ഒരു (പ്രത്യേക) അനുഗ്രഹം (അഥവാ ശ്രേഷ്ഠത) നാം നൽകയുണ്ടായിട്ടുണ്ട്. അതായത് : പർവ്വതങ്ങളേ, അദ്ദേഹത്തോടൊപ്പം - പക്ഷികളുമൊന്നിച്ച്- കീർത്തനമാവർത്തിക്കുക ! (എന്നു പറഞ്ഞു)

അദ്ദേഹത്തിന് നാം ഇരുമ്പ് മയപ്പെടുത്തിക്കൊടുക്കുകയും ചെയ്തു:

أَنِ ٱعْمَلْ سَـٰبِغَـٰتٍ وَقَدِّرْ فِى ٱلسَّرْدِ ۖ وَٱعْمَلُوا۟ صَـٰلِحًا ۖ إِنِّى بِمَا تَعْمَلُونَ بَصِيرٌ ﴿١١﴾

《11》 (നാം കൽപിച്ചു) വിശാലമായവയെ [വലിയ പടയങ്കികളെ] നിർമിക്കുക ; (കണ്ണികൾ) മടയുന്നതിൽ തോത് കണക്കാക്കുകയും ചെയ്യുക എന്ന്. നിങ്ങൾ (എല്ലാവരും) സൽക്കർമം പ്രവർത്തിക്കുകയും വേണം ; നിശ്ചയമായും, നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി ഞാൻ കണ്ടറിയുന്നവനാകുന്നു (എന്നും)

《10》 وَلَقَدْ آتَيْنَا തീർച്ചയായും നാം നൽകിയിട്ടുണ്ട് دَاوُدَ ദാവൂദിന് مِنَّا നമ്മിൽ നിന്ന് (നമ്മുടെവക) فَضْلًا ഒരനുഗ്രഹം, ദയവ്, ശ്രേഷ്ഠത يَا جِبَالُ ഹേ, പർവ്വതങ്ങളേ, മലകളേ أَوِّبِي (കീർത്തനം)ആവർത്തിക്കുക, മടക്കിച്ചെയ്യുക مَعَهُ അദ്ദേഹത്തോടൊപ്പം وَالطَّيْرَ പക്ഷികളുമൊന്നിച്ച്, പക്ഷികളോടും (വിളിച്ചുപറഞ്ഞു) وَأَلَنَّا നാം മയപ്പെടുത്തി(മൃദുവാക്കി)ക്കൊടുക്കുകയും ചെയ്തു لَهُ അദ്ദേഹത്തിന് الْحَدِيدَ ഇരുമ്പ് 《11》 أَنِ اعْمَلْ നിർമിക്കുക എന്ന് سَابِغَاتٍ വിശാലമായവയെ وَقَدِّرْ തോതുവെക്കണം (കണക്കാക്കിയുണ്ടാക്കണം)എന്നും فِي السَّرْدِ മടച്ചിലിൽ, നെയ്ത്തിൽ وَاعْمَلُوا നിങ്ങൾ പ്രവർത്തിക്കണമെന്നും صَالِحًا സൽകർമം إِنِّي നിശ്ചയമായും ഞാൻ بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി بَصِيرٌ കണ്ടറിയുന്നവനാണ്

അല്ലാഹുവിന് തസ്ബീഹ് (പ്രകീർത്തനം) നടത്തുന്നതിൽ ദാവൂദ് നബി(അ) യോടൊപ്പം പങ്കെടുക്കത്തക്കവണ്ണം മലകളെയും പക്ഷികളെയും അല്ലാഹു അദ്ദേഹത്തിന് കീഴ്പെടുത്തിക്കൊടുത്തതിനെക്കുറിച്ചാണ് 10-ാം വചനത്തിൽ ആദ്യം പ്രസ്താവിച്ചിരിക്കുന്നത്.

സൂറത്തുൽ അൻബിയാഉ് 79-ാം വചനത്തിലും അതിന്റെ വിവരണത്തിലും ഇതിനെപ്പറ്റി നാം വേണ്ടതുപോലെ വിവരിച്ചിട്ടുള്ളത്കൊണ്ട് ഇവിടെ ഇതാവർത്തിക്കുന്നില്ല. ഈ വിഷയത്തെ അന്യഥാ ചിലർ വ്യാഖ്യാനിക്കുന്ന തിനെക്കുറിച്ചും നാം അവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ഇരുമ്പുകൊണ്ടുള്ള സാധനസാമഗ്രികൾ വളരെ വേഗത്തിൽ നിർമിക്കുവാൻ തക്കവണ്ണം അല്ലാഹു ദാവൂദ് നബി(അ)ക്ക് അതിനെ മൃദുവാക്കിക്കൊടുത്തി രുന്നുവെന്നാണ് 10-ാം വചനത്തിന്റെ അവസാന വാക്യത്തിൽ പ്രസ്താവിക്കുന്നത്. മെഴുകോ, പൊടിമാവോ കൊണ്ടെന്നപോലെ, അത്രവേഗത്തിൽ ഇരുമ്പുകൊണ്ട് ഉപകരണങ്ങൾ നിർമിക്കുവാൻ അദ്ദേഹത്തിന് സാദ്ധ്യമായിരുന്നുവെന്ന് പല മഹാൻമാരും പറഞ്ഞുകാണുന്നു. ഇതിനെക്കുറിച്ച് ചിലർ : അങ്ങിനെയെങ്കിൽ അതുകൊണ്ട് എങ്ങിനെയാണ് വാളും മറ്റും ഉണ്ടാക്കുക ? എന്ന് പരിഹാസപൂർവ്വം ചോദിക്കാറുണ്ട്. ഇരുമ്പ് കഴിയുന്നത്ര കാച്ചി പതംവരുത്തിയാണ് ഉപകരണങ്ങളുണ്ടാക്കുകയെന്നും, പിന്നീടത് ഊട്ടി ശരിപ്പെടുത്തുമ്പോൾ പഴയപടി കടുപ്പമുള്ളതായിത്തീരുകയാണ് ചെയ്യുന്നതെന്നും ഓർക്കാതെയുള്ള ഒരു ചോദ്യമത്രെ അത്, മെഴുകിനോടും മാവിനോടും ഉപമിച്ചത് കേവലം ഒരു ഉപമാലങ്കാരമാണെങ്കിലും, മറ്റാർക്കുമുള്ളതിനെക്കാൾ കൂടുതൽ സൗകര്യം ഈ വിഷയത്തിൽ ദാവൂദ് നബി(അ)ക്ക് ലഭിച്ചിരുന്നുവെന്ന് തീർച്ചയാണ്. അല്ലാമാ സയ്യിദ് ക്വുതുബ് ചൂണ്ടിക്കാണിച്ചതുപോലെ, സാധാരണപോലെ ഇരുമ്പുകാച്ചി ചൂടുപിടിപ്പിച്ച് പതം വരുത്തി പണിയെടുക്കുവാൻ പാകമാക്കുന്നതിനെക്കുറിച്ചല്ല, ഇവിടെ പറയുന്നത്. സാധാരണമാർഗത്തിലൂടെയല്ലാതെ ഇരുമ്പ് മയമായിക്കിട്ടുന്ന ഒരു മുഅ്ജിസത്ത് (അമാനുഷികസംഭവം) ആയിരുന്നു അത് എന്നാണ് മനസ്സിലാക്കേണ്ടത്. الله اعلم അല്ലാത്തപക്ഷം ഈ പ്രസ്താവനക്ക് വിശിഷ്യാ സ്ഥാനമില്ലല്ലോ. ദാവൂദ് (അ)ന് നൽകിയ ചില പ്രത്യേകാനുഗ്രഹങ്ങളെന്ന നിലക്കാണ് ഇതും മലകളുടെയും പക്ഷികളുടെയും പ്രകീർത്തനവും അല്ലാഹു ഇവിടെയും മറ്റു പലേടത്തും എടുത്തുപറയുന്നത്.

ദാവൂദ് നബി(അ)ക്ക് പടച്ചട്ട-പടയങ്കി-നിർമാണം പഠിപ്പിച്ചതിനെക്കുറിച്ചാണ് 11-ാം വചനത്തിൽ പ്രസ്താവിക്കുന്നത്. ഇതിനെപ്പറ്റി സൂ: അൻബിയാഉ് : 80-ലും അതിന്റെ വിവരണത്തിലും കൂടുതൽ വിവരം നമുക്ക് കഴിഞ്ഞുപോയിരിക്കുന്നു. പടച്ചട്ട മടഞ്ഞുണ്ടാക്കുമ്പോൾ അതിന്റെ കണ്ണികളെല്ലാം, അളവും തോതും കൃത്യപ്പെടുത്തിക്കൊള്ളണമെന്ന നിർദ്ദേശം സൂ : അൻബിയാഇൽ ഇല്ലാത്തതാണ്. ദാവൂദ് (അ)നു മുമ്പ് പടച്ചട്ടകൾ ഉണ്ടായിരുന്നുവെങ്കിലും ഇവ ഇരുമ്പുതകിടുകൊണ്ടു ണ്ടാക്കപ്പെട്ടവയായിരുന്നതിനാൽ, ഭാരം കൂടുതലും ഉപയോഗിക്കാൻ സൗകര്യം കുറവും ആയിരുന്നുവെന്നും, ഇരുമ്പുകമ്പികൾകൊണ്ട് പരിഷ്കൃതരൂപത്തിൽ പടയങ്കിമടഞ്ഞു ണ്ടാക്കിയത് ആദ്യമായി ദാവൂദ് നബി(അ)യാണെന്നും മക്വാത്തിൽ (റ) മുതലായവർ പ്രസ്താവിച്ചിരിക്കുന്നു اعلم الله

മേൽ പ്രസ്താവിച്ച അനുഗ്രഹങ്ങളെക്കുറിച്ച് പറഞ്ഞതോടൊപ്പം ദാവൂദ് നബി(അ)യും, അദ്ദേഹത്തിന്റെ ആൾക്കാരും സൽക്കർമങ്ങൾവഴി അതിനു നന്ദി ചെയ്യേണ്ടതുണ്ടെന്നും അല്ലാഹു ചൂണ്ടിക്കാട്ടുന്നു. മാത്രമല്ല, അങ്ങിനെയുള്ള അനുഗ്രഹങ്ങളെ അവർ എപ്രകാരം ഉപയോഗപ്പെടുത്തുന്നുവെന്നും, അതിൽ അവർ നന്ദിയുള്ളവരാണോ എന്നും അല്ലാഹു വീക്ഷിച്ചുകൊണ്ടിരിക്കുന്നുവെന്നും താക്കീതു ചെയ്യുന്നു.

وَلِسُلَيْمَـٰنَ ٱلرِّيحَ غُدُوُّهَا شَهْرٌ وَرَوَاحُهَا شَهْرٌ ۖ وَأَسَلْنَا لَهُۥ عَيْنَ ٱلْقِطْرِ ۖ وَمِنَ ٱلْجِنِّ مَن يَعْمَلُ بَيْنَ يَدَيْهِ بِإِذْنِ رَبِّهِۦ ۖ وَمَن يَزِغْ مِنْهُمْ عَنْ أَمْرِنَا نُذِقْهُ مِنْ عَذَابِ ٱلسَّعِيرِ ﴿١٢﴾

﴿12﴾ സുലൈമാന്നു കാററിനെയും (കീഴ്പെടുത്തി ക്കൊടുത്തു) : അതിന്റെ കാലത്തെ പോക്ക് ഒരു മാസ(ത്തെ ദൂരം)വും അതിന്റെ വൈകുന്നേരത്തെ വരവ് ഒരു മാസ(ത്തെ ദൂര)വും ആകുന്നു. അദ്ദേഹത്തിന് നാം ചെമ്പുദ്രാവകത്തിന്റെ ഉറവ് ഒഴുക്കിക്കൊടുക്കുകയും ചെയ്തു. തന്റെ റബ്ബിന്റെ ഉത്തരവനുസരിച്ച് അദ്ദേഹത്തിന്റെ മുമ്പിൽവെച്ച് പ്രവൃത്തിയെടുക്കുന്നവരിൽ ജിന്നുകളിൽപെട്ടവരും ഉണ്ടായിരുന്നു.

അവരിൽ [ജിന്നുകളിൽ] നിന്ന് ആരെങ്കിലും നമ്മുടെ കല്പന വിട്ട് തെറ്റിപ്പോകുന്ന പക്ഷം, നാം അവന് ജ്വലിക്കുന്ന അഗ്നിയുടെ ശിക്ഷയിൽ നിന്നും ആസ്വദിപ്പിക്കുന്നതാകുന്നു.

﴿12﴾ وَلِسُلَيْمَانَ സുലൈമാനും ٱلرِّيحَ കാറ്റിനെ غُدُوُّهَا അതിന്റെ കാലത്തെ പോക്ക്(പുറപ്പാട്) شَهْرٌ ഒരു മാസ(ദൂര)മാണ് وَرَوَاحُهَا അതിന്റെ വൈകുന്നേരത്തെ വരവ്(മടക്കം) شَهْرٌ ഒരു മാസമാകുന്നു وَأَسَلْنَا നാം ഒരുക്കി (ഒലിപ്പിച്ചു) കൊടുക്കുകയും ചെയ്തു لَهُ അദ്ദേഹത്തിന് عَيْنَ ٱلْقِطْرِ ചെമ്പുദ്രാവകത്തിന്റെ ഉറവ് وَمِنَ ٱلْجِنِّ ജിന്നിൽപെട്ടവരാണ്, ജിന്നിൽ നിന്നും مَن ചിലർ. ചിലരെ(കീഴ്പെടുത്തി) يَعْمَلُ പ്രവർത്തിയെടുക്കുന്ന بَيْنَ يَدَيْهِ അദ്ദേഹത്തിന്റെ മുമ്പിൽ(സാന്നിദ്ധ്യത്തിൽ) بِإِذْنِ رَبِّهِ തന്റെ റബ്ബിന്റെ ഉത്തരവനുസരിച്ച്, അനുവാദം കൊണ്ട് وَمَن يَزِغْ ആരെങ്കിലും തെറ്റിപ്പോയാൽ مِنْهُمْ അവരിൽ നിന്ന് عَنْ أَمْرِنَا നമ്മുടെ കല്പന വിട്ട് نُذِقْهُ നാമവനെ ആസ്വദിപ്പിക്കും مِنْ عَذَابِ ശിക്ഷയിൽ നിന്ന് ٱلسَّعِيرِ ജ്വലിക്കുന്നതീയിന്റെ

രാവിലെ മുതൽ ഉച്ചവരേക്ക് ഒരു മാസത്തെ സാധാരണ യാത്രാദൂരവും, ഉച്ചക്കു ശേഷം രാത്രിവരേക്ക് ഒരു മാസത്തെ യാത്രാദൂരവും സഞ്ചരിക്കുവാൻ അല്ലാഹു സുലൈമാൻ നബി(അ)ക്ക് കാറ്റിനെ സഹായകമാക്കിക്കൊടുത്തിരുന്നു. കാറ്റിന്റെ സഹായത്താൽ അദ്ദേഹം തേരിൽ കയറി ഉച്ചയാകുമ്പോഴേക്ക് തലസ്ഥാനമായ ദിമിശ്കി(ഡമസ്കസി)ൽ നിന്ന് ഇസ്തക്വ്റിലേക്കും, രാത്രിയാകുമ്പോഴേക്കു അവിടെനിന്ന് കാബൂളിലേക്കും എത്തിയിരുന്നുവെന്ന് ഹസൻബസ്വരി (റ) പ്രസ്താവിച്ചുകാണുന്നു. الله اعلم സുലൈമാൻ നബി(അ)ക്ക് കീഴ്പെടുത്തിക്കൊടുക്കപ്പെട്ട കാറ്റ് സാധാരണ പോലെയുള്ള കാറ്റല്ലായിരുന്നുവെന്നും, അതൊരു പ്രത്യേക കാറ്റുതന്നെയായിരുന്നുവെന്നും ഇമാം റാസി(റ)എടുത്തു പറഞ്ഞിട്ടുണ്ട്. അത് വാസ്തവമാണെന്ന് തന്നെയാണ് മനസ്സിലാക്കേണ്ടതും.

അദ്ദേഹം അതിന് പറഞ്ഞ ഒരു തെളിവ് ഇതാണ് : ഈ കാറ്റിനെക്കുറിച്ചു പറയുമ്പോൾ ക്വുർആൻ ഏകവചനമായികൊണ്ട് الريح എന്ന് വാക്കാണ് ഉപയോഗിക്കുന്നത്. അല്ലാത്ത പക്ഷം-അനുഗ്രഹങ്ങളെക്കുറിച്ച് പറയുമ്പോൾ ക്വുർആന്റെ പതിവ് പ്രകാരം - ബഹുവചനമായികൊണ്ട് الرياح എന്നു പറയേണ്ടതായിരുന്നു. വളരെ ശ്രദ്ധേയമായ ഒരു തെളിവാണിത്. കൂടുതൽ വിവരം സൂ: അൻബിയാഉ് 82-ലും വിവരണത്തിലും നോക്കുക.

ചെമ്പുദ്രാവകത്തിന്റെ ഉറവൊഴിക്കിക്കൊടുത്തതാണ് സുലൈമാൻ നബി(അ)ക്ക് നൽകപ്പെട്ട മറ്റൊരു അനുഗ്രഹം. ധാരാളം ചെമ്പ് ലഭിക്കുന്ന ഖനികൾ ഏർപ്പെടുത്തിക്കൊടുക്കുകയും, ഉറവുജലം പോലെ ഉദ്ദേശപ്രകാരം അത് ഉപയോഗപ്പെടുത്തുവാൻ സൗകര്യം നൽകുകയും ചെയ്തിരുന്നുവെന്ന് സാരം. പിതാവിന്റെ കാലത്ത് പല പ്രകാരത്തിലും ഇരുമ്പ് നിഷ്പ്രയാസം ഉപയോഗിക്കുവാൻ സാധിപ്പിച്ചതുപോലെ, ചെമ്പുകൊണ്ടുള്ള പലതും അതിശീഘ്രം നിർമിക്കുവാൻ പുത്രന്റെ കാലത്തും അല്ലാഹു സൗകര്യപ്പെടുത്തിക്കൊടുത്തു. താർ മുതലായ വസ്തുക്ക ളെപ്പോലെ, അദ്ദേഹത്തിന്റെ കാലത്ത് ഖനികളിൽ ചെമ്പും ഒഴുകിയിരുന്നുവെന്നും ചിലർ പ്രസ്താവിച്ചു കാണുന്നു. അല്ലാഹുവിനറിയാം.

അടുത്ത ആയത്തിൽ കാണുന്നതുപോലെ വമ്പിച്ച കൃത്യങ്ങൾ നിർവ്വഹിക്കേണ്ടതിനായി മനുഷ്യന് പുറമെ, ജിന്നുവർഗത്തെയും അല്ലാഹു സുലൈമാൻ നബി(അ)ക്ക് കീഴ്പ്പെടുത്തിക്കൊടുത്തിരുന്നു. ഇതും അദ്ദേഹത്തിന് മാത്രം സിദ്ധിച്ച ഒരനുഗ്രഹമത്രെ. ജോലികളിൽ ജിന്നുകളെ ഉപയോഗപ്പെടുത്താൻ സാധിച്ചു കിട്ടിയതു ഒരസാധാരണ സംഭവമെന്ന നിലക്കായിരുന്നു. അതുകൊണ്ടാണ് തന്റെ റബ്ബിന്റെ ഉത്തരവനുസരിച്ച് പ്രവർത്തിക്കുന്നവർ (بإذن ربّه) എന്ന് പ്രത്യേകം പ്രസ്താവിച്ചി രിക്കുന്നത്. മാത്രമല്ല, ജിന്നുകളെക്കൊണ്ട് സാധാരണയായി മനുഷ്യർക്ക് ജോലി ചെയ്യിപ്പിക്കുവാൻ സാധ്യവുമല്ലല്ലോ. അപ്പോൾ സുലൈമാൻ നബി(അ)ക്ക് വിധേയരായിരിക്കുവാൻ അവർ നിർബ്ബന്ധിതരായിരിക്കുകയാണ്. തക്കം കിട്ടിയാൽ അവർ അതിൽ നിന്ന് കുതറിപ്പോകുകയും ചെയ്തേക്കുമായിരുന്നു. അദ്ദേഹത്തിന്റെ മുമ്പിൽ പ്രവൃത്തി ചെയ്യുന്നവർ (من يعمل بين يديه) എന്നും, നമ്മുടെ കൽപ്പന വിട്ട് അവരിൽ ആരെങ്കിലും തെറ്റിപ്പോകുന്ന പക്ഷം അവന് ജ്വലിക്കുന്ന തീയിൽനിന്നും നാം ആസ്വദിപ്പിക്കും(. . . . ومن يزغ منهم) എന്നും പ്രസ്താവിച്ചതിൽ നിന്നും ഇത് മനസ്സിലാക്കാം.

സുലൈമാൻ നബി(അ)യുടെ പട്ടാളത്തിൽ ജിന്ന് വിഭാഗവും ഉണ്ടായിരുന്നതായി സൂ: നംല്: 17 ലും, അദ്ദേഹത്തിനുവേണ്ടി സമുദ്രത്തിൽ മുങ്ങുകയും മറ്റും ചെയ്തിരുന്ന പിശാചുക്കൾ ഉണ്ടായിരുന്നതായി അൻബിയാഉ് 82-ലും അല്ലാഹു വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു. നാമത് ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നു. എന്നാൽ, ജോലി ചെയ്തിരുന്ന സമ്പ്രദായം എന്താണ്, അവരെ നയിച്ചിരുന്നത് എങ്ങിനെയാണ് എന്നൊന്നും നമുക്കറിവില്ല. മറ്റാരുടെയും കാലത്ത് അറിയപ്പെടാത്ത പല വമ്പിച്ച പ്രവർത്തനങ്ങളും, നിർമാണങ്ങളും സുലൈമാൻ (അ)ന്റെ കാലത്ത് നടന്നിരുന്നുവെന്നത് ക്വുർആൻകൊണ്ടും, ചരിത്രംകൊണ്ടും തെളിഞ്ഞതാകുന്നു. ജിന്നുകൾ സുലൈമാൻ നബി(അ)ക്കുവേണ്ടി പണിചെയ്തിരുന്ന ചില വസ്തുക്കളെ അടുത്ത ആയത്തിൽ അല്ലാഹു എടുത്തു പറയുന്നു :

يَعۡمَلُونَ لَهُۥ مَا يَشَآءُ مِن مَّحَـٰرِيبَ وَتَمَـٰثِيلَ وَجِفَانٍ كَٱلۡجَوَابِ وَقُدُورٍ رَّاسِيَـٰتٍۚ ٱعۡمَلُوٓاْ ءَالَ دَاوُۥدَ شُكۡرًاۚ وَقَلِيلٌ مِّنۡ عِبَادِيَ ٱلشَّكُورُ ﴿١٣﴾

《13》 അദ്ദേഹത്തിന് വേണ്ടി മണ്ഡപങ്ങൾ (അഥവാ കൂറ്റൻ കെട്ടിടങ്ങൾ), പ്രതിമകൾ, ജലാശയങ്ങളെപ്പോലുള്ള (വമ്പിച്ച) തൊട്ടിപ്പാത്രങ്ങൾ, (ഇളകാതെ) ഉറച്ചുനിൽക്കുന്ന കിടാരങ്ങൾ(പാചക പാത്രങ്ങൾ) മുതലായി അദ്ദേഹം ഉദ്ദേശിക്കുന്നത് അവർ പണിതു കൊടുത്തിരുന്നു.

(നാം പറഞ്ഞു:) നിങ്ങൾ – ദാവൂദിന്റെ കുടുംബമേ- നന്ദിയായി പ്രവർത്തിക്കുവിൻ ! എന്റെ അടിയാൻമാരിൽ നിന്ന് നന്ദിയുള്ളവർ കുറവാകുന്നു.

《13》 يَعۡمَلُونَ അവർ പണിതിരുന്നു, പ്രവർത്തിച്ചിരുന്നു لَهُ അദ്ദേഹത്തിന് مَا يَشَاءُ അദ്ദേഹം ഉദ്ദേശിക്കുന്നത് مِنۡ مَحَارِيبَ മിഹ്റാബ് (മണ്ഡപം, മന്ദിരം) കളായിട്ട് وَتَمَاثِيلَ പ്രതിമകളായും وَجِفَانٍ തൊട്ടിപ്പാത്രങ്ങളായും كَالۡجَوَابِ വെള്ളത്തള(ജലാശയ)ങ്ങൾ പോലെയുള്ള وَقُدُورٍ കിടാരങ്ങളും, കല(പാചകപാത്ര)ങ്ങളും رَاسِيَاتٍ ഉറച്ചു നിൽക്കുന്ന, നിശ്ചലമായ اعۡمَلُوا പ്രവർത്തിക്കുവിൻ آلَ دَاوُدَ ദാവൂദിന്റെ കുടുംബമേ, ആൾക്കാരേ شُكۡرًا നന്ദിയായി, നന്ദിയെ وَقَلِيلٌ കുറവാണ് مِنۡ عِبَادِيَ എന്റെ അടിയാൻമാരിൽ നിന്ന് الشَّكُورُ നന്ദിയുള്ളവർ.

ജിന്നുകൾ അദ്ദേഹത്തിന് വേണ്ടി പണിതീർത്തിരുന്ന നാലു വസ്തുക്കളെയാണ് അല്ലാഹു എടുത്തു കാട്ടിയത്.

1) ഉന്നത സൗധങ്ങൾ, വമ്പിച്ച പ്രാർത്ഥനാ മണ്ഡപങ്ങൾ മുതലായ കൂറ്റൻ കെട്ടിടങ്ങൾ, അഥവാ മിഹ്റാബുകൾ (محاريب) ക്രിസ്തീയ പള്ളികളിലെ പ്രാർത്ഥനാമണ്ഡപങ്ങൾക്കും മുസ്‌ലിംപള്ളികളിൽ ഇമാമിന് നിൽക്കുവാനുള്ള പ്രത്യേക കമാനങ്ങൾക്കും കാലാന്തരത്തിൽ ഈ വാക്ക് ഉപയോഗിക്കപ്പെട്ടുവരുന്നു. പക്ഷേ, ഇവിടെ മേൽപ്പറഞ്ഞ അർത്ഥത്തിലാണ് അത് ഉപയോഗിച്ചിട്ടുള്ളത്.

2) പ്രതിമകൾ (تماثيل) കാണികളിൽ രാജകീയ അന്തസ്സും ഗംഭീരതയും അങ്കുരിപ്പിക്കുവാൻ വേണ്ടി, സിംഹാസനങ്ങൾ, കൊട്ടാരങ്ങൾ, ഗോപുരങ്ങൾ ആദിയായവയിൽ സിംഹം, ആന മുതലായതിന്റെ പ്രതിമകൾ സ്ഥാപിക്കപ്പെടാറുണ്ടല്ലോ. അത് പോലെ സുലൈമാൻ നബി(അ)ക്കുവേണ്ടിയും നിർമിക്കപ്പെട്ടിരുന്നുവെന്നാണ് ചില വ്യാഖ്യാതാക്കൾ പറയുന്നത്. വലിയ വീടുകളും മറ്റും നിർമിക്കുവാൻ ഉദ്ദേശിക്കുമ്പോൾ അതിന് മാതൃകയെന്നോണം, ഉദ്ദേശിക്കപ്പെടുന്ന കെട്ടിടത്തിന്റെ പ്രതിമ ഉണ്ടാക്കപ്പെടാറുണ്ട്. അതുപോലെ, അദ്ദേഹം നിർമിക്കുവാൻ പോകുന്ന കൂറ്റൻ കെട്ടിടങ്ങളുടെയും, കൊട്ടാരങ്ങളുടെയും പ്രതിമകളും, യുദ്ധ സംബന്ധമായ ആവശ്യങ്ങളിൽ ഉപയോഗപ്പെടുത്തുവാൻ വേണ്ടി ശത്രുക്കളുടെ കോട്ട മുതലായതിന്റെ പ്രതിമകളും

ആയിരിക്കാം അതുകൊണ്ടുദ്ദേശ്യമെന്ന് ചിലരും പറഞ്ഞു കാണാം. ഏതായാലും രാജകീയവും, ഭരണപരവുമായ ഉദ്ദേശ്യങ്ങളായിരിക്കും അതിലുള്ളതെന്നു കരുതാം. الله أعلم

3) കുളം : ഹൌള് മുതലായ വലിയ വെള്ളത്തളങ്ങളോളം വലുപ്പമുള്ളതും, വളരെ ആളുകൾക്ക് ഒന്നിച്ചുപയോഗിക്കാവുന്നതുമായ വമ്പിച്ച തൊട്ടിപ്പാത്രങ്ങൾ (جفان كالجواب) അഥവാ തളികപ്പാത്രങ്ങൾ

4) കാലുകളിലോ മറ്റോ ഉറപ്പിച്ചുവെച്ചതും, സ്ഥലമാറ്റം ചെയ്‌വാൻ സൗകര്യമില്ലാത്തതുമായ വമ്പിച്ച കിടാരങ്ങൾ (قدور راسيات) അഥവാ പാചകപാത്രങ്ങൾ. ഈ നാലിനെയുംകുറിച്ച് പ്രസ്താവിച്ച ശേഷം തന്റെ തഫ്സീറിൽ അല്ലാമാ സയ്യിദ് ക്വുതുബ് പറയുകയാണ് : അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് സുലൈമാൻ നബി(അ)ക്ക് വേണ്ടി ഉണ്ടാക്കുവാൻ ജിന്നുകളെ അവൻ കീഴ്പെടുത്തിക്കൊടുത്തതിന്റെ ചില മാതൃകകളാണ് ഈ പറഞ്ഞവ. അല്ലാഹുവിന്റെ പ്രവർത്തനങ്ങളിൽപ്പെട്ട ചില അസാധാരണ വസ്തുക്കളെന്ന നിലക്കല്ലാതെ, അവക്ക് രൂപം നൽകുവാനോ, കാരണം പറയുവാനോ യാതൊരു മാർഗവുമില്ല. ഇതാണതിന്റെ വ്യക്തമായ ഏകവ്യാഖ്യാനം (فى ظلال القرآن)

ഇങ്ങിനെയുള്ള അതിമഹത്തായ അനുഗ്രഹങ്ങൾ നൽകപ്പെട്ടിരിക്കുന്നതിന്റെ പേരിൽ എപ്പോഴും അല്ലാഹുവിനോട് നന്ദിയുള്ളവരാകണമെന്നും നന്ദിയുടെ അടയാളങ്ങൾ പ്രവർത്തനം മൂഖേന പ്രകടിപ്പിക്കണമെന്നും - ദാവൂദിന്റെ കുടുംബമേ എന്നു വിളിച്ചുകൊണ്ട്-അല്ലാഹു സുലൈമാൻ നബി(അ)യെയും അദ്ദേഹത്തിന്റെ ജനങ്ങളെയും ഓർമിപ്പിക്കുന്നു. ദാവൂദ് (അ)ന്റെ പുത്രനും, അനന്തരാവകാശിയുമാണ് സുലൈമാൻ (അ). അതുല്യമായ ആ രാജകീയ പ്രതാപങ്ങളെല്ലാം പിതാവിൽനിന്ന് അനന്തരസിദ്ധമാണ്. പിതാവിന്റെ കുടുംബങ്ങളും, അദ്ദേഹത്തിന്റെ ആൾക്കാരും ഒന്നുതന്നെ. അപ്പോൾ, ദാവൂദിന്റെ കുടുംബമേ എന്നു വിളിച്ചതിന്റെ കാരണം വ്യക്തമാണ്. നബിമാരോടുള്ള ഇത്തരം കൽപനകൾ നബിമാരുടെ സമുദായക്കാരായ നാമും പ്രത്യേകം ഗൗനിക്കേണ്ടതുണ്ട്. والله الموفق

നബി മിമ്പറിൽ (പ്രസംഗപീഠത്തിൽ) കയറി ഈ വചനം ഓതിക്കൊണ്ട്, ഇപ്രകാരം പറഞ്ഞതായി തിർമദീ (റ) ഉദ്ധരിക്കുന്നു : മൂന്ന് കാര്യം ആർക്കു നൽകപ്പെട്ടിട്ടുണ്ടോ അവന് ദാവൂദ് (അ)ന്റെ കുടുംബത്തിന് നൽകപ്പെട്ടതു പോലെയുള്ളത് നൽകപ്പെട്ടിരിക്കുന്നു. അപ്പോൾ സ്വഹാബികൾ ചോദിച്ചു : ഏതാണവ ? തിരുമേനി പറഞ്ഞു : തൃപ്തിയിലും, കോപത്തിലും നീതിപാലനം, ദാരിദ്ര്യത്തിലും ധനത്തിലും മിതപാലനം : രഹസ്യത്തിലും പരസ്യത്തിലും അല്ലാഹുവിനെ ഭയം (العدل فى الرضا والغضب والقصد فى الفقر والغني وخشية الله فى السر والعلانية– الترمذى) ഈ മൂന്ന് ഗുണം ഒരാളിൽ ഉണ്ടായാൽ അയാൾ ദാവൂദ് (അ)ന്റെ കുടുംബത്തെപ്പോലെ നന്ദിയുള്ളവരായിത്തീരുമെന്ന് സാരം. മുഗീറ (റ) പറയുന്നു : നബി രണ്ടു കാലിലും നീർകെട്ടുന്നത്വരെ നമസ്കാരം നിർവ്വഹിക്കുകയുണ്ടായി. എന്തിനാണ് അങ്ങുന്ന് ഇങ്ങിനെ ചെയ്യുന്നത് ? അങ്ങേക്ക് കഴിഞ്ഞുപോയതും വരാനുള്ളതുമായ പാപങ്ങൾ പൊറുക്കപ്പെട്ടിട്ടുണ്ടല്ലോ ? എന്ന് ചോദിക്കപ്പെട്ടു, തിരുമേനി മറുപടി പറഞ്ഞു: أفلا أكون عبدا شكورا (അപ്പോൾ ഞാൻ നന്ദിയുള്ള ഒരു അടിയാനായിരിക്കേണ്ടതില്ലേ ?! (ബു; മു.)

നബി ﷺ പറഞ്ഞതായി ഇബ്നുഉമർ (റ) ഉദ്ധരിക്കുന്നു : (സുന്നത്തായ) നമസ്കാരത്തിൽ വെച്ച് അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടത് ദാവൂദ് നബിയുടെ

നമസ്കാരമാണ്. (സുന്നത്ത്) നോമ്പിൽവെച്ച് അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടത് ദാവൂദ് നബിയുടെ നോമ്പുമാകുന്നു. അദ്ദേഹം രാത്രിയുടെ പകുതി ഭാഗം ഉറങ്ങുകയും, മൂന്നിലൊരു ഭാഗം നമസ്കരിക്കുകയും (വീണ്ടും)ആറിലൊരുഭാഗം ഉറങ്ങുകയും ചെയ്തിരുന്നു ; ഒരു ദിവസം നോമ്പു പിടിക്കുകയും ഒരു ദിവസം നോമ്പു വിടുകയും ചെയ്തിരുന്നു (ബു: മു.)മറ്റൊരു ഹദീഥിൽ നബി തിരുമേനി ഇപ്രകാരം പറയുന്നു : സ്വന്തം കൈകാലുകളുടെ പ്രയത്നംകൊണ്ട് ഉപജീവനം കഴിക്കുന്നതിനെക്കാൾ ഉത്തമമായൊരു ഭക്ഷണവും യാതൊരാൾക്കും കഴിക്കുവാനില്ല. അല്ലാഹുവിന്റെ പ്രവാചകനായ ദാവൂദ് (അ)അദ്ദേഹത്തിന്റെ കൈകാലുകളുടെ പ്രവർത്തനം കൊണ്ടായിരുന്നു ഉപജീവനം കഴിച്ചിരുന്നത് ! (ബു)

സാധാരണക്കാരൻ മുതൽ ചക്രവർത്തിമാർവരെയുള്ള ഓരോ സത്യവിശ്വാ സിക്കും മാതൃക ദാവൂദ് നബി(അ) യിലുണ്ടെന്നും അല്ലാഹു അദ്ദേഹത്തിനും കുടുംബത്തിനും നൽകിയ രാജകീയ പ്രതാപങ്ങളൊന്നും സൽക്കർമം ചെയ്യുന്നതിനോ, അല്ലാഹുവിന് നന്ദിചെയ്യുന്നതിനോ അവർക്ക് തടസ്സമായിരുന്നില്ലെന്നും ഇതിൽ നിന്ന് സ്പഷ്ടമാണല്ലോ. അതുകൊണ്ട് തന്നെയാണ് അല്ലാഹു ഇതുപോലെയുള്ള ചരിത്രങ്ങൾ ആവർത്തിച്ചു പറഞ്ഞുതരുന്നതും. കഴിഞ്ഞ വചനങ്ങളിൽ നിന്നും സുലൈമാൻ നബി(അ)യുടെ ശക്തിപ്രതാപങ്ങളും, നിസ്തുലമായ യോഗ്യതയും വ്യക്തമായി. പക്ഷേ, അതൊന്നും അദ്ദേഹത്തിന് മരണത്തിൽ നിന്ന് ഒഴിവ് നൽകിയില്ല. അല്ലാഹുവിന്റെ കൽപന വന്നപ്പോൾ അതദ്ദേഹം ഏറ്റുവാങ്ങുകതന്നെ വേണ്ടി വന്നു.അല്ലാഹു പറയുന്നു:

فَلَمَّا قَضَيۡنَا عَلَيۡهِ ٱلۡمَوۡتَ مَا دَلَّهُمۡ عَلَىٰ مَوۡتِهِۦٓ إِلَّا دَآبَّةُ ٱلۡأَرۡضِ تَأۡكُلُ مِنسَأَتَهُۥۖ فَلَمَّا خَرَّ تَبَيَّنَتِ ٱلۡجِنُّ أَن لَّوۡ كَانُواْ يَعۡلَمُونَ ٱلۡغَيۡبَ مَا لَبِثُواْ فِي ٱلۡعَذَابِ ٱلۡمُهِينِ ﴿١٤﴾

﴿14﴾. അങ്ങനെ, അദ്ദേഹത്തിന്റെ മേൽ നാം മരണം വിധിച്ചപ്പോൾ, അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ച് അദ്ദേഹത്തിന്റെ വടി തിന്ന് (നശിപ്പി ച്ചു) കൊണ്ടിരുന്ന ചിതൽ ജീവിയ ല്ലാതെ (മറ്റാരും) അവർക്ക് അറിവ് നൽകുകയുണ്ടായില്ല.

എന്നിട്ട് അദ്ദേഹം (മരണ ശേഷം) നിലംപതിച്ചപ്പോൾ ജിന്നു കൾക്ക് വ്യക്തമായി ; തങ്ങൾ അദൃശ്യകാര്യം അറിയുമായിരു ന്നുവെങ്കിൽ, തങ്ങൾ (ഈ) നിന്ദ്യമായ ശിക്ഷയിൽ [ദുരിത ത്തിൽ] കഴിഞ്ഞുകൂടേണ്ടി വരുമായി രുന്നില്ല എന്ന്

﴿14﴾ فَلَمَّا قَضَيۡنَا അങ്ങിനെ നാം വിധിച്ചപ്പോൾ عَلَيۡهِ അദ്ദേഹത്തിന്റെ മേൽ ٱلۡمَوۡتَ മരണം مَا دَلَّهُمۡ അവർക്ക് അറിയിച്ചില്ല عَلَىٰ مَوۡتِهِۦٓ അദ്ദേഹത്തിന്റെ മരണത്തെപ്പറ്റി إِلَّا دَآبَّةُ ٱلۡأَرۡضِ ചിതൽ ജീവിയല്ലാതെ, ഭൂമിയിലെ ജിവിയല്ലാതെ تَأۡكُلُ തിന്നുകൊണ്ടിരുന്ന مِنسَأَتَهُۥ അദ്ദേഹത്തിന്റെ വടി, ഊന്നുവടി فَلَمَّا خَرَّ അങ്ങനെ അദ്ദേഹം നിലംപതിച്ചപ്പോൾ,

വീണപ്പോൾ تَبَيَّنَتِ വ്യക്തമായി (മനസ്സിലാക്കി) الْجِنُّ ജിന്നുകൾക്ക് (ജിന്നുകൾ) أَن لَّوْ كَانُوا അവരായിരുന്നുവെങ്കിൽ എന്ന് يَعْلَمُونَ അറിയു(മായിരുന്നു വെങ്കിൽ) الْغَيْبَ അദൃശ്യകാര്യം مَا لَبِثُوا അവർ കഴിഞ്ഞുകൂടുമായിരുന്നില്ല فِي الْعَذَابِ ശിക്ഷയിൽ الْمُهِينِ നന്ദ്യമായ, അപമാനകരമായ

പതിവു പ്രകാരം സുലൈമാൻ നബി(അ) തന്റെ വടി ഊന്നിപ്പിടിച്ചുകൊണ്ട് ആരാധനയിലോ മറ്റോ ആയിരിക്കെ, അദ്ദേഹത്തിന്റെ ആയുഷ്കാലത്തിന് അല്ലാഹുവിരാമമിട്ടു. അവന്റെ വിധി ആരിലും, എപ്പോഴും നടപ്പാകുമല്ലോ. മരണപ്പെട്ടുവെങ്കിലും, ആ സ്ഥിതിയിൽ -അദ്ദേഹം വടി ഊന്നിപ്പിടിച്ച അതേരൂപത്തിൽ -തന്നെ അവശേഷിച്ചു. നിലംപതിച്ചില്ല. മരണവാർത്ത ആരും അറിഞ്ഞതുമില്ല. മിന്നലേറ്റോ മറ്റോ പെട്ടെന്ന് മരണം സംഭവിക്കുമ്പോൾ ഇപ്രകാരം ഉണ്ടാകാറുണ്ടല്ലോ. കുറേ കഴിയുമ്പോൾ അദ്ദേഹത്തിന്റെ ഊന്നുവടിക്ക് ചിതൽ ബാധിച്ചു. ആ വടിയുടെ നിലതെറ്റുകയും അദ്ദേഹം നിലംപതിക്കുകയും ചെയ്തു. അപ്പോഴാണ് അദ്ദേഹം മരണപ്പെട്ടിട്ടുണ്ടെന്ന് അറിവായത്. തങ്ങൾ അദൃശ്യകാര്യങ്ങളെ അറിയുന്നവരാണെന്ന് ജിന്നുകൾ വാദിക്കാറുണ്ടായിരുന്നു, ഈ വാദം തീരെ ശരിയല്ലെന്നും അദൃശ്യകാര്യം അറിയാമായിരുന്നെങ്കിൽ സുലൈമാൻ നബി(അ)മരണപ്പെട്ട വസ്തുത നേരത്തെത്തന്നെ തങ്ങൾ അറിയേണ്ടതായിരുന്നുവെന്നും, അദ്ദേഹം മരിച്ച അതേ നിമിഷത്തിൽതന്നെ തങ്ങൾക്ക് ഈ ശ്രമകരമായ ജോലികളിൽനിന്ന് ഒഴിഞ്ഞുപോയി രക്ഷപ്പെടാമായിരുന്നു എന്നും ജിന്നുകൾക്ക് ബോധ്യമായി. അവർ നിർബന്ധിതരായി കൽപനക്ക് വഴങ്ങിയിരിക്കുകയാണല്ലോ.

ഇത്രയും കാര്യങ്ങൾ ആയത്തിന്റെ വാചകങ്ങളിൽ നിന്നും, പ്രധാന ക്വുർആൻ വ്യാഖ്യാതാക്കളുടെ വിശദീകരണങ്ങളിൽ നിന്നും നമുക്കു ഗ്രഹിക്കാവുന്നതാകുന്നു. കുത്തിപ്പിടിച്ചു നിൽക്കുന്ന ആ വടിയുടെ അടിഭാഗം കുറച്ചു ചിതൽ പറ്റുന്നതോടെത്തന്നെ തൂക്കത്തിന്റെ സമനില തെറ്റുകയും, മൃതദേഹം മറിഞ്ഞുവീഴുകയും ചെയ്യുമെന്നു പറയേണ്ടതില്ല. ഇതിനു കൊല്ലങ്ങളോ മാസങ്ങളോ ആവശ്യമില്ല. അൽപം ദിവസങ്ങളോ ഏതാനും മണിക്കൂറുകളോകഴിഞ്ഞാലും മതിയായേക്കും. പക്ഷേ, അദ്ദേഹം വീണപ്പോൾ, തങ്ങൾക്ക് അദൃശ്യകാര്യം അറിയാമായിരുന്നെങ്കിൽ ഈ നിന്ദ്യമായ ദുരിതത്തിൽ കഴിഞ്ഞുകൂടേണ്ടിയിരുന്നില്ല....(فلما خرتبينت الجن الخ) എന്ന് പറഞ്ഞതിൽ നിന്ന് അദ്ദേഹം മരണപ്പെട്ടതിനും, നിലംപതിച്ചതിനുമിടയിൽ കുറച്ചു ദിവസങ്ങളെങ്കിലും കഴിഞ്ഞിട്ടുണ്ടാവണമെന്നത്രെ മനസ്സിലാക്കേണ്ടത്. യഥാർത്ഥത്തിൽ അതെത്ര നാളായിരുന്നുവെന്ന് നിർണയിക്കുവാൻ തെളിവില്ല.

മരണം സംഭവിച്ചപ്പോൾ സുലൈമാൻ നബി(അ) എവിടെയായിരുന്നു ? അദ്ദേഹം ഒരു സ്വകാര്യസ്ഥലത്തായിരുന്നുവോ, അല്ലേ ? ജനങ്ങൾക്ക് അദ്ദേഹത്തെ കാണാമായിരുന്നോ, ഇല്ലേ ? വടികുത്തി നിൽക്കുകയായിരുന്നുവോ ? അതോ, ഇരിക്കുകയായിരുന്നോ ? ഇതിനെപ്പറ്റി ഒന്നും തീർത്തുപറയുവാൻ നിവൃത്തിയില്ല (ഈ സംഭവത്തിന്-സുലൈമാൻ നബി(അ)യുടെ മറ്റു സംഭവങ്ങളിൽ ചെയ്തപോലെ-ചിലർ പുതിയ രൂപങ്ങൾ നൽകി ചിത്രീകരിച്ചു കാണുന്നതിനെപ്പറ്റി ഈ സൂറത്തിന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ നിരൂപണം ചെയ്തിട്ടുള്ളത് നോക്കുക)

ഈ അദ്ധ്യായത്തിന് സൂ: സബഉ് എന്ന് പേരുവരാൻ കാരണമായ സബഉ് ഗോത്രത്തിന്റെ കഥയാണ് അടുത്ത വചനം മുതൽക്കുള്ളത്. സബഉകാരും, സുലൈമാൻ നബി(അ)യും തമ്മിൽ ചില ബന്ധങ്ങൾ ഉണ്ടായിരുന്നത് സൂ: നംലിൽ നിന്നും മനസ്സിലായിട്ടുള്ളതാണല്ലോ.

لَقَدْ كَانَ لِسَبَإٍ فِي مَسْكَنِهِمْ ءَايَةٌ ۖ جَنَّتَانِ عَن يَمِينٍ وَشِمَالٍ ۖ كُلُوا۟ مِن رِّزْقِ رَبِّكُمْ وَٱشْكُرُوا۟ لَهُۥ ۚ بَلْدَةٌ طَيِّبَةٌ وَرَبٌّ غَفُورٌ ﴿١٥﴾

《15》 സബഉ് ഗോത്രത്തിന് അവരുടെ വാസസ്ഥലത്തു ഒരു ദൃഷ്ടാന്തം ഉണ്ടായിട്ടുണ്ടായിരുന്നു. അതായത് : വലഭാഗത്തും ഇടഭാഗത്തുമായി രണ്ടു തോട്ടങ്ങൾ ! (നാം പറഞ്ഞിരുന്നു : നിങ്ങളുടെ റബ്ബിന്റെ (പക്കൽനിന്നുള്ള) ആഹാരത്തിൽ നിന്ന് നിങ്ങൾ ഭക്ഷിച്ചു കൊള്ളുവിൻ ; അവന് നന്ദി ചെയ്യുകയും ചെയ്യുവിൻ. (നല്ല) ശുദ്ധമായ ഒരു രാജ്യം ! വളരെ പൊറുക്കുന്ന വനായ ഒരു റബ്ബും !!

فَأَعْرَضُوا۟ فَأَرْسَلْنَا عَلَيْهِمْ سَيْلَ ٱلْعَرِمِ وَبَدَّلْنَٰهُم بِجَنَّتَيْهِمْ جَنَّتَيْنِ ذَوَاتَىْ أُكُلٍ خَمْطٍ وَأَثْلٍ وَشَىْءٍ مِّن سِدْرٍ قَلِيلٍ ﴿١٦﴾

《16》 എന്നിട്ട് അവർ (നന്ദികെട്ടവരായി) തിരിഞ്ഞ് കളഞ്ഞു. അപ്പോൾ, അവരുടെമേൽ നാം അണക്കെട്ടിന്റെ ജലപ്രവാഹത്തെ അയച്ചു. അവരുടെ (ആ) രണ്ട് തോട്ടങ്ങൾക്കു പകരം തിന്നാൻ പറ്റാത്ത (കൈപ്പുള്ള) ഫലങ്ങളും, അഥ്ൽ വൃക്ഷവും, അല്പം സിദ്ർ, വർഗത്തിൽപെട്ട ചിലതും ഉള്ള രണ്ടുതോട്ടങ്ങളെ അവർക്ക് നാം മാറ്റിക്കൊടുക്കുകയും ചെയ്തു.

《15》 لَقَدْ كَانَ ഉണ്ടായിട്ടുണ്ടായിരുന്നു, തീർച്ചയായും ഉണ്ടായി لِسَبَإٍ സബഉഗോത്രത്തിന് فِي مَسْكَنِهِمْ അവരുടെ വാസസ്ഥലത്തിൽ آيَةٌ ഒരു ദൃഷ്ടാന്തം جَنَّتَانِ അതായത് രണ്ട്തോട്ടങ്ങൾ عَنْ يَمِينٍ വലഭാഗത്തും وَشِمَالٍ ഇടഭാഗത്തും كُلُوا ഭക്ഷിക്കു(തിന്നു)വിൻ مِنْ رِزْقِ رَبِّكُمْ നിങ്ങളുടെ റബ്ബിന്റെ ആഹാര(ഉപജീവന)ത്തിൽ നിന്ന് وَاشْكُرُوا നന്ദിയും കാണിക്കുവിൻ لَهُ അവന് بَلْدَةٌ ഒരു രാജ്യം طَيِّبَةٌ നല്ല, ശുദ്ധമായ, സന്തുഷ്ടമായ وَرَبٌّ ഒരു രക്ഷിതാവും غَفُورٌ വളരെ പൊറുക്കുന്ന 《16》 فَأَعْرَضُوا എന്നിട്ടവർ തിരിഞ്ഞു കളഞ്ഞു, അവഗണിച്ചു فَأَرْسَلْنَا അപ്പോൾ നാം അയച്ചുവിട്ടു عَلَيْهِمْ അവരിൽ سَيْلَ الْعَرِمِ അണക്കെട്ടിന്റെ ജല പ്രവാഹം, വെള്ളപ്പൊക്കം, മലവെള്ളം وَبَدَّلْنَاهُمْ അവർക്ക് നാം പകരം (മാറ്റി) കൊടുക്കുകയും ചെയ്തു بِجَنَّتَيْهِمْ അവരുടെ രണ്ട് തോട്ടങ്ങൾക്ക് جَنَّتَيْنِ രണ്ടുതോട്ടങ്ങളെ ذَوَاتَيْ أُكُلٍ ഒരു(തരം)തീനി(ഫലം)ഉള്ളവയായ خَمْطٍ തിന്നാൻ കൊള്ളാത്ത(കയ്പുള്ള, ചവർപ്പുള്ള) وَأَثْلٍ അഥ്ൽ മരവും وَشَيْءٍ ഒരു (കുറഞ്ഞ) വസ്തുവും مِنْ سِدْرٍ സിദ്റു (ഇലന്ത)വർഗത്തിൽ നിന്ന് قَلِيلٍ അല്പമായ

ذَٰلِكَ جَزَيْنَٰهُم بِمَا كَفَرُوا۟ ۖ وَهَلْ نُجَٰزِىٓ إِلَّا ٱلْكَفُورَ ﴿١٧﴾

﴾17﴿ അത് അവർ (അവിശ്വസിച്ച്) നന്ദികേട് കാണിച്ചതുനിമിത്തം നാമവർക്ക് പ്രതിഫലം നൽകിയതാണ്. നന്ദികെട്ടവരോടല്ലാതെ നാം (ഇത്തരം) പ്രതിഫല നടപടി എടുക്കുമോ ?!

﴾17﴿ ذَٰلِكَ അത് جَزَيْنَاهُمْ അവർക്ക് നാം പ്രതിഫലം നൽകിയിരിക്കയാണ് بِمَا كَفَرُوا അവർ അവിശ്വസിച്ചതുകൊണ്ട്, നന്ദികേട് കാണിച്ചതിനാൽ وَهَلْ نُجَازِي നാം പ്രതിഫല നടപടി എടുക്കുമോ إِلا الْكَفُورَ നന്ദികെട്ടവരോടല്ലാതെ

ചരിത്ര പ്രസിദ്ധമായ ഒരു വലിയ സംഭവത്തെയാണ് ഈ വചനങ്ങളിൽ അല്ലാഹു ഓർമിപ്പിക്കുന്നത്. അറേബ്യാ ഉപദ്വീപിന്റെ തെക്കുഭാഗത്തായി സമുദ്രതീരത്ത് സ്ഥിതി ചെയ്യുന്ന ഒരു രാജ്യമാണ് യമൻ (*) പടിഞ്ഞാറുഭാഗം ചെങ്കടലും, തെക്കുഭാഗം അറബിക്കടലും സ്ഥിതി ചെയ്യുന്നു. യമനിലെ നിവാസികളായിരുന്ന പ്രാചീന അറബി ഗോത്രങ്ങളെ വളരെക്കാലം ഭരിച്ചുവന്ന ക്വഹ്ത്വാനി (القحطانى) വംശത്തിന്റെ ആദ്യപിതാവായ ക്വഹ്ത്വാന്റെ പൗത്രനായിരുന്നു സബഉ് (سبأ) ഇദ്ദേഹത്തിനു ശേഷം ആ വംശപരമ്പര സബഉ് ഗോത്രം എന്ന പേരിൽ അറിയപ്പെട്ടു. തലസ്ഥാനമായ സ്വൻആഉ (صنعاء)ൽ നിന്ന് മൂന്ന് ദിവസത്തെ യാത്രാദൂരത്തായിരുന്നു മആരിബ് (مأرب) ഇവരുടെ വാസസ്ഥലമായിരുന്നു ഇത്. അവിടെ രാജ്യം വാണിരുന്നവരിൽ ഒരാളായിരുന്നു ബിൽക്വീസ് റാണിയും. തുബ്ബഉ് (تبع) എന്ന പേരിലാണ് ആ രാജവംശം അറിയപ്പെടുന്നത്. സദ്വൃത്തരായ ഏക ദൈവവിശ്വാസികളും, അല്ലാത്തവരും ഇവരിൽ ഉണ്ടായിട്ടുണ്ട്. ചില രാജാക്കളുടെ കാലത്ത് രാജ്യത്തിന്റെ അതിരും പ്രശസ്തിയുമെല്ലാം വളരെ വികസിച്ചിരുന്നു.

തുബ്ബഅ് വംശത്തിന്റെ സ്മരണകളായിക്കൊണ്ട് പല അവശിഷ്ടങ്ങളും ഇന്നും അവിടെ അവശേഷിക്കുന്നുണ്ടെന്നാണ് ചരിത്രത്തിൽ കാണുന്നത്. സബഉ് ഗോത്രത്തെയും, ക്വുർആനിൽ പ്രസ്താവിച്ച ഈ അണക്കെട്ടിനെയും സംബന്ധിച്ചു പല ചരിത്രകാരൻമാരും ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. കൂടുതൽ വിശ്വാസ്യമായതും, വസ്തുനിഷ്ഠമായതും, ആധുനിക നിരീക്ഷണഫലങ്ങളോട് കൂടുതൽ യോജിച്ചതുമാണ് ഹമദാനീ എന്ന മഹാന്റെ അറേബ്യാ ദ്വീപിന്റെ വിവരണം (وصف جزيرة العرب – للهمدانى) എന്ന ഗ്രന്ഥം.

ഫലസമൃദ്ധവും, നാട്ടുകാർക്ക് ക്ഷേമൈശ്വര്യത്തോടെ കഴിഞ്ഞുകൂടുവാൻ മതിയായതുമായ രണ്ട് വമ്പിച്ച തോട്ടങ്ങൾ ആ നാട്ടിലുണ്ടായിരുന്നു. ഏതോ ഒരു നല്ല മനുഷ്യനായ രാജാവിന്റെ ഭരണകാലത്ത് നിർമിക്കപ്പെട്ട ഒരു പടുകൂറ്റൻ അണക്കെട്ടിൽ നിന്നായിരുന്നു അതിന്റെ ഇടതുവശത്തായി സ്ഥിതി ചെയ്തിരുന്ന ആ വിശാലമായ തോട്ടങ്ങൾക്ക് വേണ്ടത്ര വെള്ളം സിദ്ധിച്ചിരുന്നത്. ക്രമേണ നാട്ടുകാർ ദുർന്നടപ്പുകാരും, അല്ലാഹുവിനോട് നന്ദിയില്ലാത്തവരുമായിത്തീർന്നു. പ്രവാചകൻമാരുടെ പ്രബോധനങ്ങളും, ഉപദേശങ്ങളും അവർ നിരസിച്ചു. ഈ അവസരത്തിലാണ് അല്ലാഹു ആ വമ്പിച്ച ശിക്ഷ നൽകി

(*) ഭൂപടം 8 നോക്കുക

യത്. അണകെട്ട് പൊട്ടിത്തകർന്നു തരിപ്പണമായി. അതോടെ വമ്പിച്ച ജലപ്രവാഹവും ! തോട്ടങ്ങളെല്ലാം നാമാവശേഷമായി. നാടു നശിക്കുകയും ആൾനാശം സംഭവിക്കുകയും ചെയ്തു. തോട്ടങ്ങൾ നശിച്ചതുമാത്രമല്ല, ജനങ്ങളുടെ വാസസ്ഥലങ്ങൾ താറുമാറാകുകയും, അവർക്ക് ഉപജീവനമാർഗം നഷ്ടപ്പെടുകയും ചെയ്തു. അങ്ങനെ, ജനങ്ങൾ അവിടെവിടെയായി ചിന്നിച്ചിതറി. പിന്നീടവിടെ ഉണ്ടായിത്തീർന്നത് ഇരുഭാഗത്തും മിക്കവാറും ഉപയോഗശൂന്യമായതും, ഉപജീവനയോഗ്യമല്ലാത്തതുമായ വൃക്ഷങ്ങളും ചെടികളുമാണ്. വരണ്ടു കിടക്കുന്ന തരിശുഭൂമികളിലും, പാറക്കുന്നിൻ പ്രദേശങ്ങളിലും ഉണ്ടാകാറുള്ള ചുരുക്കം ചില ചെടികളും മരങ്ങളും മാത്രം. ഇതാണ് ആ നന്ദികേടിന് ഈ ലോകത്തുവെച്ചു അല്ലാഹു അവരിൽ എടുത്ത ശിക്ഷാ നടപടി.

അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ആസ്വദിച്ചു സുഖമായി ജീവിച്ചുകൊണ്ടിരിക്കുന്നതോടൊപ്പം അവനെ ധിക്കരിക്കുന്ന എല്ലാ ജനങ്ങളും – ഏതുകാലത്തും പ്രദേശത്തുമുള്ളവരും – ഇത്തരം ശിക്ഷകൾ അല്ലാഹുവിന്റെ ഭാഗത്ത്നിന്നുണ്ടാകുന്നതിനെ ഭയപ്പെടേണ്ടതാണ്. അതിന് വേണ്ടിതന്നെയാണ് അല്ലാഹു ഈ സംഭവം നമ്മെ ഉണർത്തുന്നതും. ഇതുപോലെയുള്ള ശിക്ഷാസംഭവങ്ങൾ പലതും ഇടക്കിടെ ചിലേടത്തു സംഭവിക്കാറുള്ളത് നാം കണ്ടുംകേട്ടും കൊണ്ടിരിക്കുന്നു. പക്ഷേ, സത്യവിശ്വാസവും, ഉറ്റവിചാരമുള്ളവർക്കുമാത്രമെ അതിൽ നിന്നെല്ലാം പാഠം ലഭിക്കുന്നുള്ളൂ. അല്ലാത്തവർ അതെല്ലാം പ്രകൃതികോപമോ, യാദൃച്ഛികസംഭവമോ ആക്കിത്തള്ളുകയും ചെയ്യും. അല്ലാഹു പറഞ്ഞതുപോലെ, മനുഷ്യൻ സ്വഭാവേന അക്രമിയും വിഡ്ഢിയുമാണല്ലോ (إنه كان ظلوما جهولا)

അണക്കെട്ട് പൊട്ടി രാജ്യം തരിശായശേഷം, സബഉകാർക്ക് പിന്നീടുണ്ടായത്തീർന്ന നാമമാത്ര തോട്ടങ്ങളിലെ പ്രധാന ഉൽപന്നങ്ങളെയാണ് അല്ലാഹു ആയത്തിൽ പ്രസ്താവിച്ചിരിക്കുന്നത്. കൈപ്പ്, ചവർപ്പ് മുതലായ ദുസ്വാദുനിമിത്തം തിന്നാൻ കൊള്ളാത്ത ഫലങ്ങൾക്കാണ് اكل خمط എന്നു പറയുന്നത്. اثل (അഥ്ൽ) എന്ന വാക്കിന് ചില നിഘണ്ടുകളിൽ പിച്ചുലം, ഭാനുകം, മന്നച്ചെടി എന്നൊക്കെ അർത്ഥം പറഞ്ഞതുകാണുന്നു. എങ്കിലും ഏതാണ് ഈ വൃക്ഷം – അല്ലെങ്കിൽ ചെടി– എന്ന് മനസ്സിലാകുന്നില്ല. കാറ്റാടിമരം എന്ന്പറയുന്ന ത്വർഫാഉ (طرفاء) ന്റെ ഇനത്തിൽപെട്ടതാണ് ഇതെന്ന് ചിലർ പറയുന്നു. ഈ മരം കായയില്ലാത്തതാണുതാനും, സിദ്ർ എന്ന വാക്കിന് ഇലന്തമരം എന്നു സാധാരണ അർത്ഥം പറയാറുള്ളതാണ്. ഇത് ധാരാളം മുള്ളുകളുള്ള മരമാണെങ്കിലും, ഇതിന്റെ ഫലം ഏറെക്കുറെ ഉപയോഗപ്രദമായതുകൊണ്ടാണ് അല്പം ഇലന്തമരവും (وسدر قليل) എന്ന് അല്ലാഹു പ്രത്യേകം പ്രസ്താവിച്ചതെന്ന് ഇബ്നു കഥീർ (റ) ചൂണ്ടിക്കാട്ടിയിട്ടുണ്ട്. നമ്മുടെ രാജ്യങ്ങളിൽ കാണപ്പെടാത്തതും, അറേബ്യായിലെ ചില പ്രദേശങ്ങളിൽ പ്രത്യേകം കാണപ്പെടുന്നതുമാകകൊണ്ട് ഇവയെപ്പറ്റി നമുക്ക് സൂക്ഷ്മമായി നിർണയിക്കുവാൻ പ്രയാസമാണ്. ആയത്തിന്റെ ആശയവും, അതിൽ നിന്നുള്ള പാഠവും ഗ്രഹിക്കുവാൻ അതാവശ്യമില്ലതാനും.

അണക്കെട്ടിനെപ്പറ്റി കൂടുതൽ വിവരം ഈ സൂറത്തിനുശേഷം നൽകിയിട്ടുള്ള വ്യാഖ്യാനക്കുറിപ്പിൽ നിന്നും പടത്തിൽ നിന്നും അറിയാവുന്നതാണ്. സബഉകാരുടെ നന്ദികേടിന്റെ ചില ഉദാഹരണങ്ങൾ അടുത്ത ആയത്തിൽ അല്ലാഹു വ്യക്തമാക്കുന്നു.

وَجَعَلۡنَا بَيۡنَهُمۡ وَبَيۡنَ ٱلۡقُرَى ٱلَّتِي بَٰرَكۡنَا فِيهَا قُرٗى ظَٰهِرَةٗ وَقَدَّرۡنَا فِيهَا ٱلسَّيۡرَۖ سِيرُواْ فِيهَا لَيَالِيَ وَأَيَّامًا ءَامِنِينَ ﴿١٨﴾

《18》 അവരുടെ [സബഉഗോത്രത്തിന്റെ]യും, നാം അഭിവൃദ്ധി നൽകിയിട്ടുള്ള രാജ്യങ്ങളുടെയും ഇടയിൽ പ്രത്യക്ഷമായ പല രാജ്യങ്ങളെയും നാം ഉണ്ടാക്കി. അവയിലൂടെ സഞ്ചാരത്തിന് നാം തോത് കണക്കാക്കുകയും ചെയ്തു. (നാം പറഞ്ഞു:) അവയിൽകൂടി നിങ്ങൾ രാവും പകലും നിർഭയരായിക്കൊണ്ട് സഞ്ചരിച്ചുകൊള്ളുവിൻ !

فَقَالُواْ رَبَّنَا بَٰعِدۡ بَيۡنَ أَسۡفَارِنَا وَظَلَمُوٓاْ أَنفُسَهُمۡ فَجَعَلۡنَٰهُمۡ أَحَادِيثَ وَمَزَّقۡنَٰهُمۡ كُلَّ مُمَزَّقٍۚ إِنَّ فِي ذَٰلِكَ لَأٓيَٰتٖ لِّكُلِّ صَبَّارٖ شَكُورٖ ﴿١٩﴾

《19》 എന്നാൽ, അവർ പറഞ്ഞു : ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ യാത്രകൾക്കിടയിൽ നീ ദൂരമേർപ്പെടുത്തിത്തരേണമേ ! അവർ തങ്ങളോടു തന്നെ അക്രമം പ്രവർത്തിക്കുകയും ചെയ്തു. അതിനാൽ നാം അവരെ (പഴക്കംചെന്ന) വർത്തമാനങ്ങളാക്കിത്തീർക്കുകയും, എല്ലാ വിധേനയും അവരെ (നശിപ്പിച്ചു) ഛിന്നഭിന്നമാക്കുകയും ചെയ്തു. നിശ്ചയമായും, അതിൽ നന്ദികാണിക്കുന്ന ക്ഷമാശീലരായ എല്ലാവർക്കും പല ദൃഷ്ടാന്തങ്ങളുമുണ്ട്.

《18》 وَجَعَلْنَا നാം ഉണ്ടാക്കുക (ഏർപ്പെടുത്തുക)യും ചെയ്തു بَيْنَهُمْ അവരുടെ ഇടയിൽ وَبَيْنَ الْقُرَى രാജ്യങ്ങളുടെയും ഇടയിൽ الَّتِي بَارَكْنَا നാം ബർക്കത്ത് (അഭിവൃദ്ധി)നൽകിയിട്ടുള്ള فِيهَا അതിൽ قُرًى ظَاهِرَةً പ്രത്യക്ഷമായ രാജ്യങ്ങളെ وَقَدَّرْنَا നാം കണക്കാക്കുക (തോതുനിർണയിക്കുക)യും ചെയ്തു فِيهَا അവയിലൂടെ السَّيْرَ സഞ്ചാരം, നടത്തം سِيرُوا സഞ്ചരിക്കുവിൻ فِيهَا അവയിലൂടെ لَيَالِيَ രാത്രികളിലും وَأَيَّامًا ദിനങ്ങളി(പകലുകളി)ലും آمِنِينَ നിർഭയരായിട്ട് 《19》 فَقَالُوا എന്നാലവർ പറഞ്ഞു رَبَّنَا ഞങ്ങളുടെ റബ്ബേ بَاعِدْ നീ ദൂരമുണ്ടാക്കണേ, അകലപ്പെടുത്തണേ بَيْنَ أَسْفَارِنَا ഞങ്ങളുടെ യാത്രകൾക്കിടയിൽ وَظَلَمُوا അവർ അക്രമവും ചെയ്തു أَنْفُسَهُمْ അവരോട് തന്നെ فَجَعَلْنَاهُمْ അപ്പോൾ നാമവരെ ആക്കി أَحَادِيثَ വർത്തമാനങ്ങൾ (കഥകൾ) وَمَزَّقْنَاهُمْ നാമവരെ ഛിന്നഭിന്നമാക്കുകയും ചെയ്തു كُلَّ مُمَزَّقٍ എല്ലാ (വിധ) ഛിന്നഭിന്നമാക്കലും إِنَّ فِي ذَلِكَ നിശ്ചയമായും, അതിലുണ്ട് لَآيَاتٍ പല ദൃഷ്ടാന്തങ്ങൾ لِكُلِّ صَبَّارٍ എല്ലാ ക്ഷമാശീലൻമാർക്കും شَكُورٍ നന്ദിയുള്ള, കൃതജ്ഞരായ

നാം അഭിവൃദ്ധി നൽകിയ രാജ്യങ്ങൾ (القرى التى باركنا فيها) എന്ന് പറഞ്ഞത് ശാം (സിരിയാ) രാജ്യങ്ങളെക്കുറിച്ചാണെന്നാണ് മിക്ക ഖുർആൻ വ്യാഖ്യാതാക്കളും പറയുന്നത്. സബഉ് ജനതക്ക് അവരുടെ നാട്ടിൽ നിന്നും ശാംവരെയുള്ള യാത്രാമാർഗത്തിൽ, യാതൊരു വിഷമവും കൂടാതെ രാവും പകലും നിർബാധം സഞ്ചരിക്കത്തക്കവിധത്തിൽ അടുത്തടുത്ത് ജനവാസമുള്ള താവളങ്ങളും ഗ്രാമങ്ങളും ഉണ്ടായിരുന്നു. അതുകൊണ്ട് രാവിലെ യാത്ര തുടങ്ങിയാൽ ഉച്ചക്കു ഇറങ്ങി വിശ്രമിക്കുവാനും, ആഹാരവും മറ്റും കഴിക്കുവാനും വേണ്ടുന്ന സൗകര്യങ്ങളും ആവശ്യമനുസരിച്ച് അവർക്കുണ്ടായിരുന്നു. ഇതാണ് 18-ാം വചനത്തിന്റെ സാരം. അഭിവൃദ്ധി നൽകിയ രാജ്യങ്ങൾകൊണ്ടു വിവക്ഷ മസ്കത്ത് മുതലായ (കിഴക്കെ കടൽതീര പ്രദേശങ്ങളായ) രാജ്യങ്ങളായിരിക്കാമെന്നും ചിലർക്കഭിപ്രായമുണ്ട്. യമനിൽ നിന്ന് വടക്കോട്ടു ശാമിലേക്കുള്ള മാർഗത്തിൽ മുമ്പ് ജനവാസം അത്രത്തോളം ഉണ്ടായിരുന്നതിന്റെ ലക്ഷണം കാണുന്നില്ലെന്നാണ് ഇവർ പറയുന്നത്. എങ്കിലും, ആദ്യത്തെ അഭിപ്രായമാണ് ശരിയായിരിക്കുവാൻ കൂടുതൽ ന്യായം കാണുന്നത്. الله أعلم

ശൈത്യകാലത്ത് യമനിലേക്കും, ഉഷ്ണകാലത്ത് ശാമിലേക്കും ഖുറൈശികൾ കച്ചവടയാത്രകൾ നടത്താറുണ്ടായിരുന്നു. യമനിൽ നിന്ന് ശാമിലേക്കുള്ള മാർഗമാകട്ടെ, മക്കാപരിസരത്തുകൂടിയാണുതാനും. അറേബ്യായുടെ ചരിത്രഭൂപടങ്ങളിൽ ഈ മാർഗം അടയാളപ്പെടുത്തിക്കാണാം. അതേസമയത്ത് സബഉ ജനതയുടെ പ്രതാപകാലങ്ങളിൽ, അവർക്ക്ഈജിപ്ത് (മിസ്റ്) സിരിയാ (ശാം) മുതലായ മദ്ധ്യധരണ്യാഴി പ്രദേശങ്ങളുമായും, യൂപ്രട്ടീസ്, ടൈഗ്രീസ് (ഫുറാത്ത്, ദിജ്ലഃ) എന്നീ നദിതീര പ്രദേശങ്ങളുമായും കച്ചവട ബന്ധവും മറ്റും ഉണ്ടായിരുന്നതായി ചരിത്രങ്ങളുമുണ്ട്. ഒന്നാമത്തെ യാത്രമാർഗം ചെങ്കടൽ തീരപ്രദേശങ്ങളും, പേർഷ്യൻ ഉൾക്കടൽ(*) തീരങ്ങളുമാകുന്നു. യമനിൽ നിന്ന് ശാമിലേക്ക് പോകുമ്പോൾ, മക്ക, മദീന, ഹിജ്ർ, തബൂക്ക്, മദ്‌യൻ, പെത്രാ(സേലാ), ലൂത്ത് നബി(അ)യുടെ രാജ്യങ്ങൾ, ബസ്റ എന്നിവിടങ്ങളിൽകൂടി ദിമിശ്ഖ് (ഡമസ്കസ്)ലെത്തുന്നു. ഇറാകിലെ നദീതീരപ്രദേശങ്ങളിലേക്ക് പോകുമ്പോൾ, ഹളറമൂത്ത്, മസ്കത്ത്, ബഹ്റൈൻ എന്നീ പ്രദേശങ്ങൾ കടന്നുപോകുന്നു. ശാമിലേക്കുള്ള അറബികളുടെ യാത്രാമാർഗത്തെക്കുറിച്ച് സൂ: ഹിജ്ർ 76 ഉം, 79 ഉം വചനങ്ങളിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

മേൽ കാണിച്ചതുപോലുള്ള അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുന്നതിന് പകരം അവർ ക്രമേണ നന്ദികേടു കാണിക്കയാണുണ്ടായത്. യാത്ര മദ്ധ്യെ അടുത്തടുത്തു രാജ്യങ്ങളും ജനങ്ങളും ഉള്ളത്കൊണ്ട് യാത്രയുടെ രസംഅനുഭവപ്പെടുന്നില്ല. സാധുക്കൾക്കും പ്രമാണിമാർക്കും യാത്രാ സൗകര്യം ഒരു പോലെയാണ് ; വലിയ യാത്രാസംഘങ്ങളെ സംഘടിപ്പിച്ച് ആഘോഷത്തോടും ആർഭാടങ്ങളോടും കൂടി യാത്ര നടത്തുവാൻ ഇതൊരു തടസ്സമാണ്. എന്നിങ്ങിനെ അവർക്ക് പരാതിയായി. അതിനാൽ, ഇടക്കിടെ മരുഭൂമിയും, വിജനപ്രദേശവുമായിരിക്കണം ; വിശ്രമത്തിന്നുള്ള താവളങ്ങൾ തമ്മിൽ കുറെ അകലമുണ്ടായിരിക്കണം. എന്നായി അവരുടെ ആവശ്യം. ഇതു വാസ്തവത്തിൽ ക്രൂരവും ധിക്കാരവുമാണെന്ന് മാത്രമല്ല, അവരോടു തന്നെ അവർ ചെയ്യുന്ന അനീതിയുമാണല്ലോ. ഇതിന്റെ ഫലമായി നാനാവിധേന അല്ലാഹു അവരെ ഛിന്നഭിന്നമാക്കി. കുറെഭാഗം നശിച്ചുപോയി. കുറെഭാഗം ദൂരപ്രദേശങ്ങളിൽ അലഞ്ഞുതിരിയേണ്ടിവന്നു. പലരും പലേടത്തായി താവളമുറപ്പിച്ചു. സബഇന്റെ ഓരോ ശാഖകളായ ജഫ്നഃ (جفنة) ശാമിലും, ഔസും, ഖസ്റജും (والخسرج الأوس) യഥ്രിബിലും (മദീനയിലും), അസ്ദിന്റെ ഒരു വിഭാഗം (ازدسراة) സറാത്തിലും മറ്റൊരു വിഭാഗം (ازدعمان) ഉമ്മാനിലും വസിച്ചു വന്നു. അങ്ങനെ, വളരെക്കാലം വമ്പിച്ച

(*) ഇപ്പോൾ അറേബ്യൻ ഉൾക്കടൽ എന്നാണ് പറയാറുള്ളത്.

കീർത്തിയും പ്രതാപവുമുണ്ടായിരുന്ന സബഉ് വർഗം പഴങ്കഥകളായി മാത്രം അവശേഷിച്ചു. സബഉ ഗോത്രക്കാരെപ്പോലെ ചിന്നിച്ചിതറി (تفرقوا أيدى سبأ) എന്നൊരു ഉപമാവാക്യം അറബികളിൽ ഇന്നും ഉപയോഗിക്കാറുള്ളത് സ്മരണീയമാകുന്നു.

ആപത്തുകളിലും, വിഷമങ്ങളിലും ക്ഷമയും സഹനവും കൈക്കൊള്ളുകയും, സുഖത്തിലും സന്തോഷത്തിലും നന്ദികാണിക്കുകയും ചെയ്യുന്നവർക്ക് - അവർ വ്യക്തികളാകട്ടെ, സമൂഹമാകട്ടെ-ഇതിലെല്ലാം ധാരാളം ദൃഷ്ടാന്തവും പാഠവും ലഭിക്കുവാനുണ്ട്. (إن فى ذلك لأيات لكل صبار شكور) അതവർ ഉപയോഗപ്പെടുത്തുകയും ചെയ്യും. ആ രണ്ടു സ്വഭാവവുമില്ലാത്തവരുടെ അവസ്ഥ എന്തായിരിക്കുമെന്ന് അടുത്ത വചനത്തിൽ സബഇനെക്കുറിച്ച് അല്ലാഹു തുടർന്നു പ്രസ്താവിച്ചതിൽ നിന്നു മനസ്സിലാക്കാം.

وَلَقَدْ صَدَّقَ عَلَيْهِمْ إِبْلِيسُ ظَنَّهُۥ فَٱتَّبَعُوهُ إِلَّا فَرِيقًا مِّنَ ٱلْمُؤْمِنِينَ ﴿٢٠﴾

﴾20﴿ തീർച്ചയായും, ഇബ്‌ലീസ് തന്റെ ധാരണ അവരിൽ സത്യമാക്കുകയുണ്ടായി, അങ്ങനെ - സത്യവിശ്വാസികളിൽ നിന്ന് ഒരു വിഭാഗം ഒഴിച്ചു - അവർ (മുഴുവനും)അവനെ പിൻപറ്റി.

وَمَا كَانَ لَهُۥ عَلَيْهِم مِّن سُلْطَٰنٍ إِلَّا لِنَعْلَمَ مَن يُؤْمِنُ بِٱلْءَاخِرَةِ مِمَّنْ هُوَ مِنْهَا فِى شَكٍّ ۗ وَرَبُّكَ عَلَىٰ كُلِّ شَىْءٍ حَفِيظٌ ﴿٢١﴾

﴾21﴿ അവന് അവരുടെ മേൽ യാതൊരു അധികാര ശക്തിയും ഉണ്ടായിരുന്നില്ല; പക്ഷേ, പരലോകത്തെക്കുറിച്ച് സംശയത്തിൽ സ്ഥിതിചെയ്യുന്നവരിൽനിന്ന് അതിൽ വിശ്വസിക്കുന്നവരെ നമുക്ക് (വേർതിരിച്ചു)അറിയുവാൻ വേണ്ടിയാകുന്നു (അതുണ്ടായത്). നിന്റെ റബ്ബ് എല്ലാ വസ്തുവിന്റെ മേലും സൂക്ഷ്മ വീക്ഷണം ചെയ്യുന്നവനാണ്.

﴾20﴿ وَلَقَدْصَدَّقَ തീർച്ചയായും സത്യമാക്കിയിട്ടുണ്ട് عَلَيْهِمْ അവരിൽ إِبْلِيسُ ഇബ്‌ലീസ് ظَنَّهُ അവന്റെ ധാരണ, വിചാരം فَاتَّبَعُوهُ അങ്ങനെ അവർ അവനെ പിൻപറ്റി إِلا فَرِيقًا ഒരു വിഭാഗം ഒഴികെ مِنَ الْمُؤْمِنِينَ സത്യവിശ്വാസികളിൽ നിന്ന് ﴾21﴿ وَمَا كَانَ ഇല്ല, ഉണ്ടായിരുന്നില്ല لَهُ അവന് عَلَيْهِمْ അവരുടെമേൽ مِنْ سُلْطَانٍ ഒരധികാരവും, ശക്തിയും إِلا പക്ഷേ, എങ്കിലും لِنَعْلَمَ നാം (നമുക്ക്) അറിയാൻ വേണ്ടി مَنْ يُؤْمِنُ വിശ്വസിക്കുന്നവരെ بِالآخِرَةِ പരലോകത്തിൽ مِمَّنْ യാതൊരാളിൽ നിന്ന് هُوَ അവൻ مِنْهَا അതിനെക്കുറിച്ച് فِي شَكٍّ സംശയത്തിലാണ് وَرَبُّكَ നിന്റെ റബ്ബ് عَلَى كُلِّ شَيْءٍ എല്ലാ വസ്തുവിന്റെമേലും حَفِيظٌ സൂക്ഷിച്ച്(വീക്ഷിച്ചു)വരുന്നവനാണ്.

നിഷ്കളങ്കരല്ലാത്ത ആളുകളെ താൻ വഴിപിഴപ്പിക്കുമെന്ന് ഇബ്ലീസ് ശപഥം ചെയ്തിട്ടുള്ള വിവരം ക്വുർആൻ പലേടത്തും ഉണർത്തിയിട്ടുള്ളതാണ്. അവന്റെ ധാരണയും, ആഗ്രഹവും അവരെ സംബന്ധിച്ചേടത്തോളം നടപ്പാകുന്നതല്ല. അതെ, അവർ അവന്റെ ദുഷ്പ്രേരണകൾക്കും, ദുരുപദേശങ്ങൾക്കും വശംവദരാകുകയില്ല. നിഷ്കളങ്കരല്ലാത്തവരെ നിർബന്ധിച്ചു വഴിപിഴപ്പിക്കുവാനുള്ള അധികാര ശക്തി ഇബ്ലീസിന്നില്ലെങ്കിലും അവർ അവനെ നേതാവാക്കി പിൻപറ്റുകയും, അവന്റെ കെണിയിലകപ്പെടുകയും ചെയ്യും. ഇതാണ് സബഉ ഗോത്രക്കാരിലും സംഭവിച്ചത്. ഇങ്ങിനെ ഇബ്ലീസിന്ന് അഭിമാനിക്കുവാൻ അവസരം ലഭിക്കുന്നതിന്റെ രഹസ്യം, യഥാർത്ഥ സത്യവിശ്വാസികളെയും അല്ലാത്തവരെയും വേർതിരിക്കുക എന്നുള്ളതാകുന്നു.

വിഭാഗം - 3

قُلِ ٱدۡعُواْ ٱلَّذِينَ زَعَمۡتُم مِّن دُونِ ٱللَّهِ ۖ لَا يَمۡلِكُونَ مِثۡقَالَ ذَرَّةٖ فِي ٱلسَّمَٰوَٰتِ وَلَا فِي ٱلۡأَرۡضِ وَمَا لَهُمۡ فِيهِمَا مِن شِرۡكٖ وَمَا لَهُۥ مِنۡهُم مِّن ظَهِيرٖ ﴿٢٢﴾

﴿22﴾ **(നബിയേ) പറയുക : അല്ലാഹുവിന് പുറമെ നിങ്ങൾ (ആരാധ്യരായി) ജൽപിക്കുന്നവരെ നിങ്ങൾ വിളിച്ചു (പ്രാർത്ഥിച്ചു)കൊള്ളുക. ആകാശങ്ങളിലാകട്ടെ, ഭൂമിയിലാകട്ടെ, ഒരു അണുത്തൂക്കവും അവർ അധീനമാക്കുന്നില്ല; അവ രണ്ടിലും അവർക്ക് യാതൊരു പങ്കും ഇല്ല ; അവരിൽ നിന്ന് അവന് [അല്ലാഹുവിന്] യാതൊരു പിൻതുണക്കാരനും ഇല്ല.**

وَلَا تَنفَعُ ٱلشَّفَٰعَةُ عِندَهُۥٓ إِلَّا لِمَنۡ أَذِنَ لَهُۥۚ حَتَّىٰٓ إِذَا فُزِّعَ عَن قُلُوبِهِمۡ قَالُواْ مَاذَا قَالَ رَبُّكُمۡۖ قَالُواْ ٱلۡحَقَّۖ وَهُوَ ٱلۡعَلِيُّ ٱلۡكَبِيرُ ﴿٢٣﴾

﴿23﴾ **അവൻ സമ്മതം നൽകിയവർക്കല്ലാതെ അവന്റെ അടുക്കൽ ശുപാർശ ഫലപ്പെടുന്നതുമല്ല.**

അങ്ങനെ, അവരുടെ ഹൃദയങ്ങളിൽ നിന്ന് പരിഭ്രമം നീങ്ങുമ്പോൾ, അവർ (തമ്മിൽ)പറയും : നിങ്ങളുടെ റബ്ബ് എന്താണ് പറഞ്ഞത്! അവർ (മറുപടി)പറയും : ന്യായമായുള്ളതുതന്നെ. അവൻ വലിയ (മഹാനായ) ഉന്നതനത്രെ !

﴿22﴾ قُلِ നീപറയുക ادْعُوا നിങ്ങൾ വിളിക്കുവിൻ الَّذِينَ زَعَمْتُمْ നിങ്ങൾ ജല്പിക്കുന്നവരെ مِنْ دُونِ اللَّهِ അല്ലാഹുവിന് പുറമെ لَا يَمْلِكُونَ അവർ അധീനമാക്കുന്നില്ല (ശക്തരല്ല) مِثْقَالَ ذَرَّةٍ ഒരു അണുത്തൂക്കം فِي السَّمَاوَاتِ ആകാശങ്ങളിൽ وَلَا فِي الْأَرْضِ ഭൂമിയിലുമില്ല وَمَا لَهُمْ

അവർക്ക് ഇല്ലാതാനും مِنْهُمْ ഇവ രണ്ടിലും فِيهِمَا ഒരു പങ്കും مِن شِرْكٍ അവന്നില്ല وَمَا لَهُ അ
വരിൽനിന്ന് مِن ظَهِيرٍ ഒരു പിൻതുണക്കാരനും ﴿23﴾ وَلَا تَنفَعُ ഫലം ചെയ്യുകയുമില്ല الشَّفَاعَةُ
ശുപാർശ عِندَهُ അവന്റെ അടുക്കൽ إِلَّا لِمَنْ ഒരുവന്നല്ലാതെ أَذِنَ لَهُ അവനു അവൻ സമ്മതം
നൽകി حَتَّىٰ إِذَا فُزِّعَ അങ്ങനെ പരിഭ്രമം നീക്കപ്പെട്ടാൽ (നീങ്ങിയാൽ) عَن قُلُوبِهِمْ അവരുടെ
ഹൃദയങ്ങളിൽ നിന്ന് قَالُوا അവർ പറയും مَاذَا قَالَ എന്തുപറഞ്ഞു رَبُّكُمْ നിങ്ങളുടെ റബ്ബ്
قَالُوا അവർ പറയും الْحَقَّ ന്യായം (വേണ്ടപ്പെട്ടതു)തന്നെ وَهُوَ അവൻ, അവനത്രെ الْعَلِيُّ
ഉന്നതൻ الْكَبِيرُ വലിയവൻ, മഹാൻ

ആകാശഭൂമികളുടെ സ്രഷ്ടാവ് അല്ലാഹുവാണെങ്കിലും അവയിലെ കൈകാര്യങ്ങൾ നടത്തുന്നത് ചില മഹാത്മാക്കളാണെന്ന് ചിലർ ; ഭൂമിയിലെ ചില വസ്തുക്കളെ സൃഷ്ടിച്ചിരിക്കുന്നത് അല്ലാഹു അല്ലാത്ത ഏതോ ചില അദൃശ്യശക്തികളാണെന്ന് ചിലർ ; മരണം, സുഖം, ദുഃഖം ആദിയായവ ഏർപ്പെടുത്തുന്നതിൽ ചില ദേവീദേവൻമാർക്കും മഹാത്മാക്കൾക്കും പങ്കുണ്ടെന്ന് മറ്റു ചിലർ ; എല്ലാം അല്ലാഹുവിന്റെ അധികാരാതിർത്തിയിൽ ഉൾക്കൊണ്ടതാണെങ്കിലും അവന്റെ മുമ്പിൽ ശുപാർശ നടത്തി ഉദ്ദേശ്യം സാധിപ്പിക്കുവാൻ മഹാത്മാക്കൾക്കും, ആരാധ്യവസ്തുക്കൾക്കും കഴിയുമെന്ന് വേറെ ചിലർ ; ഇങ്ങിനെ പലതരത്തിലുള്ള വിശ്വാസവും വാദവും പുലർത്തിക്കൊണ്ടിരിക്കുന്ന ശിർക്കിന്റെ ആൾക്കാരിൽ കാണാം. ഇവർക്കെല്ലാമുള്ള ഖണ്ഡനം ഈ വചനങ്ങളിൽ അടങ്ങിയിരിക്കുന്നു.

വലിയവരുടെ മുമ്പിൽ ശുപാർശയും, സ്വാധീനവും ചെലുത്തി ഐഹിക കാര്യങ്ങൾ സാധിപ്പിക്കുന്നതുപോലെ അല്ലാഹുവിങ്കൽ സാധ്യമല്ല. അവൻ ആർക്കു സമ്മതം നൽകിയോ, അവർക്കു മാത്രമേ ശുപാർശ ചെയ്‌വാനും, ചെയ്യപ്പെടുവാനും സാധ്യമാകൂ. അവിശ്വാസികൾക്ക് അല്ലാഹുവിന്റെ മുമ്പിൽ ഏതെങ്കിലും പ്രകാരത്തിലുള്ള ശുപാർശക്കോ, പ്രതീക്ഷക്കോ, അവകാശമില്ലെന്ന് വ്യക്തമാണ്. എന്നിരിക്കെ, ശുപാർശ ചെയ്യപ്പെടുന്നവർ സത്യവിശ്വാസികളും, ശുപാർശക്കാർ, മലക്കുകൾ, നബിമാർ മുതലായവരുമായിരിക്കുമല്ലോ. ആരായാലും ശരി, പ്രത്യേകം അനുമതി കിട്ടിയല്ലാതെ അല്ലാഹുവിന്റെ മുമ്പിൽ സംസാരിക്കുവാൻ പോലും അവർ ശക്തരല്ലതാനും, അല്ലാഹു പറയുന്നു :

يَوْمَ يَقُومُ الرُّوحُ وَالْمَلَائِكَةُ صَفًّا لَّا يَتَكَلَّمُونَ إِلَّا مَنْ أَذِنَ لَهُ الرَّحْمَٰنُ وَقَالَ صَوَابًا - النبأ

وَكَم مِّن مَّلَكٍ فِي السَّمَاوَاتِ لَا تُغْنِي شَفَاعَتُهُمْ شَيْئًا إِلَّا مِن بَعْدِ أَن يَأْذَنَ اللَّهُ لِمَن يَشَاءُ وَيَرْضَىٰ - النجم

ولا يشفعون إلا لمن ارتضى - الأنبياء

(സാരം : 1. റൂഹും മലക്കുകളും അണിയായി നിൽക്കുന്ന ആ ദിവസം, പരമകാരുണികൻ ആർക്കും സമ്മതം നൽകുകയും, താൻ നേരായത് പറയുകയും ചെയ്തിരിക്കുന്നുവോ അവനല്ലാതെ സംസാരിക്കുകയില്ല. (സൂ: നബഉ്)

2. ആകാശത്തിൽ എത്രയോ മലക്കുകളുണ്ട് - അല്ലാഹു ഉദ്ദേശിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നവർക്കുവേണ്ടി അവൻ സമ്മതം കൊടുക്കുന്നതിനുശേഷമല്ലാതെ-അവരുടെ ശുപാർശ ഒട്ടും ഫലപ്പെടുകയില്ല. (സൂ: അന്നജ്മ്.)

3. അവൻ-അല്ലാഹു-തൃപ്തിപ്പെട്ടവർക്കല്ലാതെ അവർ-മലക്കുകൾ-ശുപാർശ ചെയ്കയില്ല. (സൂ: അൻബിയാഅ്)

ശുപാർശയുടെ ഹദീഥ് (حديث الشفاعة) എന്ന പേരിൽ പ്രസിദ്ധമായതും, ബുഖാരി,

മുസ്‌ലിം(റ) തുടങ്ങിയ മഹാൻമാരെല്ലാം രേഖപ്പെടുത്തിയിട്ടുള്ളതുമായ ഹദീഥിൽ മഹ്ശറിൽ വെച്ച് നടക്കുന്ന ഏറ്റവും വമ്പിച്ച ശുപാർശ ഏതാണെന്ന് വിവരിച്ചിരിക്കുന്നു. അതിന്റെ ചുരുക്കം ഇതാണ് : ജനങ്ങളെല്ലാം താങ്ങാൻ കഴിയാത്ത വ്യസനത്തിലും ഭയത്തിലുമായിരിക്കെ അവർ ആദം നബി(അ)യുടെയും, പിന്നീട് നൂഹ് നബി(അ), ഇബ്റാഹീം നബി(അ) മുതലായ നബിമാരുടെയും അടുക്കൽ ചെന്ന് തങ്ങളുടെ കാര്യത്തിൽ വിചാരണ നടത്തി തീരുമാനമെടുക്കുവാൻ അല്ലാഹുവിങ്കൽ ശുപാർശ ചെയ്യണമെന്നപേക്ഷിക്കും. ഓരോരുത്തരും ഓരോ കാരണം പറഞ്ഞ് താൻ അതിനർഹനല്ലെന്ന് മറുപടി കൊടുക്കും. അവസാനം അവർ മുഹമ്മദ് നബി ﷺ തിരുമേനിയുടെ അടുക്കൽ ചെന്നപേക്ഷിക്കും. തിരുമേനി അല്ലാഹുവിന് സുജൂദായി വീഴുകയും, ചില പ്രത്യേക സ്തോത്രകീർത്തനങ്ങൾ നടത്തുകയും ചെയ്യും. അല്ലാഹുവിൽ നിന്ന് ഇങ്ങിനെ ഉത്തരവു ലഭിക്കും : തല ഉയർത്തുക, മുഹമ്മദേ ! പറയൂ, കേൾക്കാം ! ചോദിക്കൂ, തരാം ! ശുപാർശ ചെയ്തുകൊള്ളുക, സ്വീകരിക്കാം ! (ارفع رأسك يا محمد وقل تسمع وسل تعطه واشفع تشفع – مختصرا من المتفق عليه)

വർണിക്കുവാൻ അസാധ്യമായ ആ ഗൗരവഘട്ടത്തിൽ, അല്ലാഹുവിന്റെ കാരുണ്യം സത്യവിശ്വാസികളിൽ വർഷിക്കുന്നു, ഭയവിഹ്വലതയയും, പരിഭ്രമവും അവരുടെ ഹൃദയങ്ങളിൽനിന്ന് നീങ്ങുകയും ചെയ്യുന്നു. ദീർഘമായ പരിഭ്രമത്തിനുശേഷം ലഭിച്ച ആശ്വാസവാർത്തയെക്കുറിച്ച് അവർ അന്യോന്യം ചോദിക്കുകയാണ് : റബ്ബ് എന്ത് പറഞ്ഞു ? (قال ربكم ماذا) ഇങ്ങിനെ മറുപടി ലഭിക്കും : സത്യമായതുതന്നെ ! അല്ലാഹു അത്യുന്നതനാണ്, അതിമഹാനാണ് (الحق وهو العلي الكبير) എന്ന്.

۞ قُلْ مَن يَرْزُقُكُم مِّنَ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ قُلِ ٱللَّهُ ۖ وَإِنَّآ أَوْ إِيَّاكُمْ لَعَلَىٰ هُدًى أَوْ فِى ضَلَٰلٍ مُّبِينٍ ﴿٢٤﴾

﴿24﴾ (നബിയേ)പറയുക : ആകാശങ്ങളിൽ നിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ഉപജീവനം നൽകുന്നത് ആരാണ് ? പറയുക : അല്ലാഹു (തന്നെ). നിശ്ചയമായും ഞങ്ങൾ, അല്ലെങ്കിൽ നിങ്ങൾ, സൻമാർഗത്തിലാണ് ; അല്ലെങ്കിൽ സ്പഷ്ടമായ ദുർമാർഗത്തിലാണ്.

قُل لَّا تُسْـَٔلُونَ عَمَّآ أَجْرَمْنَا وَلَا نُسْـَٔلُ عَمَّا تَعْمَلُونَ ﴿٢٥﴾

﴿25﴾ പറയുക : ഞങ്ങൾ കുറ്റം ചെയ്തതിനെപ്പറ്റി നിങ്ങളോട് ചോദിക്കപ്പെടുകയില്ല ; നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി ഞങ്ങളോടും ചോദിക്കപ്പെടുന്നതല്ല.

﴾24﴿ قُلْ നീപറയുക مَن يَرْزُقُكُم നിങ്ങൾക്കു ഉപജീവനം (ആഹാരം) തരുന്നതാരാണ് مِنَ السَّمَاوَاتِ ആകാശങ്ങളിൽ നിന്ന് وَالْأَرْضِ ഭൂമിയിൽ നിന്നും قُلِ اللَّهُ പറയുക അല്ലാഹുവാണ് وَإِنَّا നിശ്ചയമായും ഞങ്ങൾ أَوْ إِيَّاكُمْ അല്ലെങ്കിൽ നിങ്ങൾ لَعَلَىٰ هُدًى സൻമാർഗത്തിൽ

قُلْ ﴿25﴾ സ്പഷ്ടമായ مُبِينٍ ദുർമാർഗത്തി(പിഴവി)ലാണ് അല്ലെങ്കിൽ أَوْفِي ضَلَالٍ തന്നെ
ഞങ്ങൾ കുറ്റം ചെയ്ത عَمَّا أَجْرَمْنَا നിങ്ങളോടു ചോദിക്കപ്പെടുകയുമില്ല لَا تُسْأَلُونَ പറയുക
നിങ്ങൾ പ്രവർത്തിക്കുന്ന عَمَّا تَعْمَلُونَ ഞങ്ങളോട് ചോദിക്കപ്പെടുകയില്ല وَلَا نُسْأَلُ തിനെപ്പറ്റി
തിനെപ്പറ്റി.

قُلْ يَجْمَعُ بَيْنَنَا رَبُّنَا ثُمَّ يَفْتَحُ بَيْنَنَا بِالْحَقِّ وَهُوَ الْفَتَّاحُ الْعَلِيمُ ﴿٢٦﴾

﴿26﴾ പറയുക : നമ്മുടെ രക്ഷിതാവ് നമ്മുടെയിടയിൽ ഒരുമിച്ചുകൂട്ടും ; പിന്നീട് നമുക്കിടയിൽ യഥാർത്ഥ(ന്യായ)പ്രകാരം തീർപ്പുണ്ടാക്കുന്നതാണ്. സർവ്വജ്ഞനായ തീർപ്പു കല്പിക്കുന്നവൻ അവനത്രെ.

قُلْ أَرُونِيَ الَّذِينَ أَلْحَقْتُم بِهِ شُرَكَاءَ ۖ كَلَّا ۚ بَلْ هُوَ اللَّهُ الْعَزِيزُ الْحَكِيمُ ﴿٢٧﴾

﴿27﴾ പറയുക : പങ്കുകാരെന്ന നിലയിൽ നിങ്ങൾ അവനോട് കൂട്ടിച്ചേർത്തിട്ടുള്ളവരെ എനിക്കു കാട്ടിത്തരുവിൻ ! (ഞാനൊന്നു കാണട്ടെ) അങ്ങിനെയില്ല ! [അതു സാധ്യമല്ല] എന്നാലവൻ, അല്ലാഹുവാണ് ; അഗാധജ്ഞനായ പ്രതാപശാലിയാണ്.

﴿26﴾ قُلْ നീ പറയുക يَجْمَعُ بَيْنَنَا നമ്മുടെ ഇടയിൽ ഒരുമിച്ചുകൂട്ടും رَبُّنَا നമ്മുടെ റബ്ബ്
ثُمَّ يَفْتَحُ പിന്നെ അവൻ തുറവിയുണ്ടാക്കും(തീർപ്പ് കല്പിക്കും) بَيْنَنَا നമുക്കിടയിൽ بِالْحَقِّ ന്യാ
യപ്രകാരം സത്യമനുസരിച്ച് وَهُوَ അവൻ, അവനത്രെ الْفَتَّاحُ തുറവിയാക്കുന്ന(തീർപ്പ്ക
ല്പിക്കുന്ന)വൻ الْعَلِيمُ സർവ്വജ്ഞനായ ﴿27﴾ قُلْ നീ പറയുക أَرُونِي എനിക്കു കാണിച്ചുതരു
വിൻ الَّذِينَ أَلْحَقْتُمْ നിങ്ങൾ കൂട്ടിച്ചേർത്തവരെ بِهِ അവനോട് شُرَكَاءَ പങ്കുകാരായി كَلَّا
അങ്ങിനെയില്ല بَلْ هُوَ എന്നാൽ(എങ്കിലും)അവൻ اللَّهُ അല്ലാഹുവാണ് الْعَزِيزُ പ്രതാപശാ
ലിയാണ് الْحَكِيمُ അഗാധജ്ഞനായ

ആകാശത്തുനിന്ന് മഴയും മറ്റും ഇറക്കി, ഭൂമിയിൽ ഉല്പാദനമുണ്ടാക്കി, ജനങ്ങൾക്ക് ഉപജീവനമാർഗങ്ങളൊരുക്കുന്നവൻ അല്ലാഹുവാണെന്ന് മുശ്രിക്കുകളും സമ്മതിക്കുന്നു. ആ സ്ഥിതിക്ക് അവൻ മാത്രമേ ആരാധനക്ക് അർഹനാകുകയുള്ളൂവെന്ന് അവർ സമ്മതിക്കേണ്ടിയിരിക്കുന്നു. അപ്പോൾ അല്ലാഹുവിനെമാത്രം ആരാധിക്കുന്ന സത്യവിശ്വാസികളാണോ പിഴച്ചവർ, അതല്ല തങ്ങളോ എന്ന് അവർക്ക് കാണുവാൻ പ്രയാസമില്ല. രണ്ടിലൊരു കൂട്ടർ സൻമാർഗത്തിലും, മറ്റേവർ ദുർമാർഗത്തിലുമെന്നല്ലാതെ-ഇരുകൂട്ടരും ഒരുപോലെയാണെന്ന് വരുവാൻ നിവൃത്തിയില്ലല്ലോ. ഓരോരുത്തരുടെയും തെറ്റുകുറ്റങ്ങൾക്ക് ഉത്തരവാദി അവരവർ തന്നെയാണ് താനും. ആകയാൽ, അല്പം മനസ്സാക്ഷിയോടുകൂടി ഒന്നു ചിന്തിച്ചാൽ തങ്ങളുടെ അബദ്ധം തങ്ങൾക്ക് വ്യക്തമാകുമെന്ന് മുശ്രിക്കുകളെ ഓർമിപ്പിക്കുന്നു. അതിനവർ തയ്യാറില്ലാത്തപക്ഷം എല്ലാവരെയും അല്ലാഹു

അവന്റെ മുമ്പിൽ ഒരുമിച്ചുകൂട്ടി ന്യായമായ തീരുമാനമുണ്ടാക്കിക്കൊള്ളുമെന്ന് താക്കീത് ചെയ്കയും ചെയ്യുന്നു. ഈ വാക്യങ്ങളിലെ ആശയം ഗൗരവതരമാണെങ്കിലും, അവയുടെ ശൈലി എത്ര മിതവും, സൗമ്യവുമാണെന്ന് നോക്കുക.

അല്ലാഹുവിന് സമൻമാരാക്കി സങ്കല്പിച്ചുകൊണ്ട് പലരെയും മുശ്രിക്കുകൾ ദൈവങ്ങളായി സ്വീകരിച്ചിട്ടുണ്ടല്ലോ. അവരിൽ ആരെങ്കിലും, അല്ലാഹുവിന്റെ മഹത്തായ ഗുണഗണങ്ങളോ, ശക്തിമാഹാത്മ്യങ്ങളോ-ഭാഗികമായെങ്കിലും-അവകാശപ്പെടാവുന്നവർ ഇല്ല തന്നെ. ഉണ്ടെങ്കിൽ അതൊന്ന് കാണട്ടെ എന്ന് 27-ാം വചനത്തിൽ അവരെ വെല്ലുവിളിക്കുന്നു. ഇല്ല, അതൊരിക്കലും സാധ്യമല്ല എന്ന് തീർത്തുപറയുകയും, അല്ലാഹു മാത്രമെ ആരാധ്യനുള്ളൂവെന്ന് സ്ഥാപിക്കുകയും ചെയ്യുന്നു.

وَمَآ أَرْسَلْنَـٰكَ إِلَّا كَآفَّةً لِّلنَّاسِ بَشِيرًا وَنَذِيرًا وَلَـٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٢٨﴾

《28》 (നബിയേ) സന്തോഷവാർത്ത അറിയിക്കുന്നവനായും, താക്കീത് നൽകുന്നവനായും കൊണ്ട് മനുഷ്യരിലേക്ക് ആകമാനമായിട്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല. എങ്കിലും, മനുഷ്യരിൽ അധികമാളും അറിയുന്നില്ല

《28》 وَمَآأَرْسَلْنَاكَ നിന്നെ നാം അയച്ചിട്ടില്ല إِلا كَافَّةً ആകമാനമായിട്ടല്ലാതെ لِلنَّاسِ മനുഷ്യർക്ക് بَشِيرًا സന്തോഷവാർത്ത അറിയിക്കുന്നവനായി وَنَذِيرًا താക്കീത് നൽകുന്നവനായും وَلَـٰكِنَّ എങ്കിലും, പക്ഷേ أَكْثَرَ النَّاسِ മനുഷ്യരിലധികവും لَايَعْلَمُونَ അറിയുന്നില്ല.

മുഹമ്മദ് നബി ﷺ തിരുമേനിയുടെ മുമ്പുള്ള പ്രവാചകൻമാരെല്ലാം ഏതെങ്കിലും ഒരു പ്രത്യേക സമുദായത്തിലേക്കും, കാലത്തേക്കും നിയോഗിക്കപ്പെട്ടവരായിരുന്നു. മനുഷ്യ സമൂഹത്തിന്റെ അന്നത്തെ പരിതഃസ്ഥിതിയായിരുന്നു അതിന് കാരണം. ബുദ്ധിപരമായും സാമൂഹ്യമായും, നാഗരീകമായും മനുഷ്യൻ വളർന്നുവരികയായിരുന്നു. ആവശ്യമായ പക്വതയും, പാകതയും അവരിൽ സംജാതമായിത്തുടങ്ങിയ ഘട്ടത്തിലാണ് നബി തിരുമേനി റസൂലായി നിയോഗിക്കപ്പെട്ടത്. ലോകാവസാനം വരെയുള്ള മനുഷ്യന്റെ വളർച്ചക്ക് അനുയോജ്യമായിക്കൊണ്ട് ലോകാവസാനം വരെ അവശേഷിക്കുന്ന ഒരു വേദഗ്രന്ഥവും അദ്ദേഹത്തിന് നൽകപ്പെട്ടു. എനി ഒരു റസൂലോ, പ്രവാചകനോ അയക്കപ്പെടേണ്ടുന്ന ആവശ്യമില്ല. അത്കൊണ്ട് അദ്ദേഹം എല്ലാ മനുഷ്യസമുദായത്തിനും, എല്ലാ കാലത്തേക്കുമായി നിയോഗിക്കപ്പെട്ടിരിക്കുകയാണ്.

സജ്ജനങ്ങൾക്ക് സന്തോഷവാർത്തയും, ദുർജ്ജനങ്ങൾക്ക് താക്കീതും നൽകുകയാണ് ഒരു റസൂലിന് മൊത്തത്തിൽ നിർവ്വഹിക്കേണ്ടതുള്ളത്. അതാണദ്ദേഹം ചെയ്യുന്നതും, അദ്ദേഹത്തിന്റെ പ്രബോധനം ഏതെങ്കിലും ഒരു വിഭാഗത്തിനോ, ജനതക്കോ മാത്രം ഉള്ളതല്ല; അദ്ദേഹത്തിന്റെ ദൗത്യം അറബികൾക്കോ, മുസ്‌ലിംകൾക്കോ മാത്രവുമല്ല, സു: അഅ്റാഫ് 158-ൽ

അല്ലാഹു പറയുന്നു : പറയുക : ഹേ, മനുഷ്യരേ, ആകാശ ഭൂമികളുടെ രാജത്വം ഏതൊരുവനുള്ളതാണോ ആ അല്ലാഹു നിങ്ങളിലേക്ക് മുഴുവനായി അയച്ച ദൂതനാണ് ഞാൻ قُلْ يَا أَيُّهَا النَّاسُ إِنِّي رَسُولُ اللَّهِ إِلَيْكُمْ جَمِيعًا الخ - الأعراف
(സൂ: അഹ്സാബ് 40-ാം വചനത്തിൽ ഈ വിഷയകമായി പ്രസ്താവിച്ചിട്ടുള്ളത് ഓർമിക്കുക)

وَيَقُولُونَ مَتَىٰ هَٰذَا ٱلْوَعْدُ إِن كُنتُمْ صَٰدِقِينَ ﴿٢٩﴾

﴾29﴿ അവർ [അവിശ്വാസികൾ] പറയുന്നു : എപ്പോഴാണ് ഈ വാഗ്ദാനം (ഉണ്ടാവുക)നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ ?

قُل لَّكُم مِّيعَادُ يَوْمٍ لَّا تَسْتَـْٔخِرُونَ عَنْهُ سَاعَةً وَلَا تَسْتَقْدِمُونَ ﴿٣٠﴾

﴾30﴿ (നബിയേ) പറയുക : നിങ്ങൾക്ക് ഒരു നിശ്ചിത ദിവസമുണ്ട് : (അതു വരുമ്പോൾ) നിങ്ങൾ അതുവിട്ട് ഒരു നാഴിക സമയം പിന്നോട്ടു പോകുകയില്ല ; മുന്നോട്ടും പോകുകയില്ല .

﴾29﴿ وَيَقُولُونَ അവർ പറയുന്നു مَتَى എപ്പോഴാണ് هَذَا الْوَعْدُ ഈ വാഗ്ദാനം إِنْ كُنتُمْ നിങ്ങളാണെങ്കിൽ صَادِقِينَ സത്യം പറയുന്നവർ ﴾30﴿ وَقَالَ പറയുകയും ചെയ്യുക بِهَذَا الْقُرْآنِ ... لَن نُّؤْمِنَ الَّذِينَ كَفَرُوا നിങ്ങൾക്കുണ്ട് ഒരു നിശ്ചിതദിവസം, ദിവസത്തിന്റെ നിശ്ചയം നിങ്ങൾ പിന്നോട്ട് പോകയില്ല, പിന്തുകയില്ല وَلَا بِالَّذِي അതിൽ നിന്ന്, അതുവിട്ട് بَيْنَ يَدَيْهِ ഒരു നാഴികയും وَلَوْ تَرَى നിങ്ങൾ മുന്നോട്ട് പോകയുമില്ല, മുന്തുകയുമില്ല.

പുനരുത്ഥാനത്തെക്കുറിച്ച് നിങ്ങൾ പറയാറുണ്ടല്ലോ, അത് വാസ്തവത്തിൽ അതെപ്പോഴാണ് സംഭവിക്കുക ? അതൊന്നു പറഞ്ഞു തരണം എന്നു അവിശ്വാസികൾ പരിഹാസ പൂർവ്വം ചോദിക്കുകയാണ്. അതിനൊരു നിശ്ചിതസമയമുണ്ട്. അതു എപ്പോഴാണെന്ന് പറയാൻ വയ്യ. പക്ഷേ, അത്വന്നു കഴിഞ്ഞാൽ പിന്നെ അതിൽ നിന്ന് യാതൊരു രക്ഷയും, നീക്കുപോക്കും ലഭിക്കുന്നതല്ല. ഇതാണ് നിങ്ങൾ ആലോചിക്കേണ്ടത് എന്നാണതിന് മറുപടി.

വിഭാഗം - 4

وَقَالَ ٱلَّذِينَ كَفَرُوا۟ لَن نُّؤْمِنَ بِهَٰذَا ٱلْقُرْءَانِ وَلَا بِٱلَّذِى بَيْنَ يَدَيْهِ ۗ

﴾31﴿ അവിശ്വസിച്ചവർ പറയുകയാണ് : ഈ ക്വുർആനിലാകട്ടെ, ഇതിന്റെ മുമ്പുള്ളതിലാകട്ടെ, ഞങ്ങൾ വിശ്വസിക്കുകയില്ലതന്നെ.

وَلَوْ تَرَىٰٓ إِذِ ٱلظَّٰلِمُونَ
مَوْقُوفُونَ عِندَ رَبِّهِمْ يَرْجِعُ
بَعْضُهُمْ إِلَىٰ بَعْضٍ ٱلْقَوْلَ يَقُولُ
ٱلَّذِينَ ٱسْتُضْعِفُوا۟ لِلَّذِينَ
ٱسْتَكْبَرُوا۟ لَوْلَآ أَنتُمْ لَكُنَّا
مُؤْمِنِينَ ٣١

ആ (അക്രമികൾ) – അവരിൽ ചിലർ ചിലരുടെ നേരെ വാക്ക് [സംസാരം] ആവർത്തിച്ചു [തർക്കിച്ചു] കൊണ്ട് തങ്ങളുടെ റബ്ബിന്റെ അടുക്കൽ നിറുത്തപ്പെട്ടവരാകുന്ന സന്ദർഭം നീ കണ്ടിരുന്നുവെങ്കിൽ ?! (ഹാ ! അതു വല്ലാത്തൊരു കാഴ്ചയായിരിക്കും) അതായത് : ബലഹീനരായി ഗണിക്കപ്പെട്ടിട്ടുള്ളവർ വലിയവരെന്നു (ഗർവ്വ്)നടിച്ചവരോട് പറയും : നിങ്ങളില്ലായിരുന്നുവെങ്കിൽ ഞങ്ങൾ സത്യവിശ്വാസികളാകുമായിരുന്നു !

قَالَ ٱلَّذِينَ ٱسْتَكْبَرُوا۟ لِلَّذِينَ
ٱسْتُضْعِفُوٓا۟ أَنَحْنُ صَدَدْنَٰكُمْ عَنِ
ٱلْهُدَىٰ بَعْدَ إِذْ جَآءَكُم ۖ بَلْ كُنتُم
مُّجْرِمِينَ ٣٢

﴾32﴿ വലിയവരെന്ന് (ഗർവ്വ്)നടിച്ചവർ ബലഹീനരായി ഗണിക്കപ്പെട്ടവരോട് പറയും : ഞങ്ങളാണോ, നിങ്ങൾക്ക് സൻമാർഗം വന്നെത്തിയ ശേഷം നിങ്ങളെ അതിൽ നിന്ന് തടഞ്ഞത് ? ! പക്ഷേ, നിങ്ങൾ (സ്വയം)കുറ്റവാളികളായിരുന്നു.

وَقَالَ ٱلَّذِينَ ٱسْتُضْعِفُوا۟ لِلَّذِينَ
ٱسْتَكْبَرُوا۟ بَلْ مَكْرُ ٱلَّيْلِ وَٱلنَّهَارِ إِذْ
تَأْمُرُونَنَآ أَن نَّكْفُرَ بِٱللَّهِ وَنَجْعَلَ لَهُۥٓ
أَندَادًا ۚ

﴾33﴿ ബലഹീനരായി ഗണിക്കപ്പെട്ടവർ, വലിയവരെന്ന് (ഗർവ്വ്)നടിച്ചവരോട് വീണ്ടും പറയും : എങ്കിലും, രാവും പകലുമുള്ള (നിങ്ങളുടെ)കുതന്ത്രം ! ഞങ്ങൾ അല്ലാഹുവിൽ അവിശ്വസിക്കുന്നതിനും, അവന് സമൻമാരെ ആക്കുന്നതിനും നിങ്ങൾ ഞങ്ങളോട് ആജ്ഞാപിച്ചുകൊണ്ടിരുന്നപ്പോഴത്തെ (കുതന്ത്രം ! അതാണ് ഞങ്ങളെ തടഞ്ഞത്).

وَأَسَرُّوا۟ ٱلنَّدَامَةَ لَمَّا رَأَوُا۟ ٱلْعَذَابَ وَجَعَلْنَا ٱلْأَغْلَـٰلَ فِىٓ أَعْنَاقِ ٱلَّذِينَ كَفَرُوا۟ ۚ هَلْ يُجْزَوْنَ إِلَّا مَا كَانُوا۟ يَعْمَلُونَ ﴿٣٣﴾

ശിക്ഷ കാണുന്ന അവസരത്തിൽ അവർ (ഇരുകൂട്ടരും) ഖേദം മറച്ചുവെക്കുന്നതാണ്. അവിശ്വസിച്ചവരുടെ കഴുത്തുകളിൽ നാം ആമങ്ങൾ [വിലങ്ങുകൾ] ഏർപ്പെടുത്തുന്നതുമാണ്. അവർ പ്രവർത്തിച്ചുവന്നിരുന്നതിനല്ലാതെ അവർക്ക് പ്രതിഫലം കൊടുക്കപ്പെടുമോ ?!

﴾31﴿ وَقَالَ പറഞ്ഞു (പറയുന്നു) الَّذِينَ كَفَرُوا അവിശ്വസിച്ചവർ لَنْ نُؤْمِنَ ഞങ്ങൾ വിശ്വസിക്കുകയില്ലതന്നെ بِهَٰذَا الْقُرْآنِ ഈ ക്വുർആനിൽ وَلَا بِالَّذِي യാതൊന്നിലുമില്ല بَيْنَ يَدَيْهِ അതിന്റെ മുമ്പിലുള്ള وَلَوْ تَرَىٰ നീ കണ്ടിരുന്നുവെങ്കിൽ, കാണുകയാണെങ്കിൽ إِذِ الظَّالِمُونَ അക്രമികളാകുന്ന സന്ദർഭം مَوْقُوفُونَ നിറുത്തപ്പെട്ടവർ عِنْدَ رَبِّهِمْ തങ്ങളുടെ റബ്ബിന്റെ അടുക്കൽ يَرْجِعُ ആവർത്തിച്ചുകൊണ്ട് بَعْضُهُمْ അവരിൽ ചിലർ إِلَىٰ بَعْضٍ ചിലരുടെ നേരെ, ചിലരോട് الْقَوْلَ വാക്ക് (സംസാരം) يَقُولُ പറയും الَّذِينَ اسْتُضْعِفُوا ബലഹീനരായി ഗണിക്കപ്പെട്ടവർ لِلَّذِينَ اسْتَكْبَرُوا വലിയവരെന്നു(ഗർവ്വ്)നടിച്ചവരോട് لَوْلَا أَنْتُمْ നിങ്ങളില്ലായിരുന്നുവെങ്കിൽ لَكُنَّا ഞങ്ങൾ ആകുമായിരുന്നു مُؤْمِنِينَ സത്യവിശ്വാസികൾ ﴾32﴿ قَالَ പറയും الَّذِينَ اسْتَكْبَرُوا വലുപ്പം (ഗർവ്വ്) നടിച്ചവർ لِلَّذِينَ اسْتُضْعِفُوا ബലഹീനമായി ഗണിക്കപ്പെട്ടവരോട് أَنَحْنُ ഞങ്ങളാണോ صَدَدْنَاكُمْ നിങ്ങളെ തടഞ്ഞു, തട്ടിത്തിരിച്ചത് عَنِ الْهُدَىٰ സൻമാർഗത്തിൽ നിന്ന്, നേർമാർഗം വിട്ട് بَعْدَ إِذْ جَاءَكُمْ അത് നിങ്ങൾക്ക് വന്നതിനുശേഷം بَلْ പക്ഷേ كُنْتُمْ നിങ്ങളായിരുന്നു مُجْرِمِينَ കുറ്റവാളികൾ ﴾33﴿ وَقَالَ പറയും الَّذِينَ اسْتُضْعِفُوا ബലഹീനരായി ഗണിക്കപ്പെട്ടവർ لِلَّذِينَ اسْتَكْبَرُوا വലിയവരായി നടിച്ചവരോട് بَلْ എങ്കിലും, പക്ഷേ مَكْرُ اللَّيْلِ രാത്രിയിലെ കുതന്ത്രം وَالنَّهَارِ പകലിലെയും إِذْ تَأْمُرُونَنَا നിങ്ങൾ ഞങ്ങളോട് ആജ്ഞാപിച്ചുകൊണ്ടിരുന്നപ്പോൾ أَنْ نَكْفُرَ ഞങ്ങൾ അവിശ്വസിക്കുവാൻ بِاللَّهِ അല്ലാഹുവിൽ وَنَجْعَلَ لَهُ ഞങ്ങൾ അവന് ആക്കുവാനും أَنْدَادًا സമൻമാരെ, തുല്യൻമാരെ وَأَسَرُّوا അവർ സ്വകാര്യമാക്കും (മറച്ചുവെക്കും) النَّدَامَةَ ഖേദം لَمَّا رَأَوُا അവർ കാണുമ്പോൾ الْعَذَابَ ശിക്ഷ وَجَعَلْنَا നാം ആക്കുകയും ചെയ്യും الْأَغْلَالَ ആമങ്ങളെ, വിലങ്ങുകളെ فِي أَعْنَاقِ കഴുത്തുകളിൽ الَّذِينَ كَفَرُوا അവിശ്വസിച്ചവരുടെ هَلْ يُجْزَوْنَ അവർക്ക് പ്രതിഫലം കൊടുക്കപ്പെടുമോ إِلَّا مَا യാതൊന്നിനല്ലാതെ....അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന

ക്വുർആനെയും, അതിനുമുമ്പുള്ള വേദഗ്രന്ഥങ്ങളെയും നിഷേധിക്കുകമാത്രമല്ല, ഒരിക്കലും തങ്ങളതിൽ വിശ്വസിക്കുകയില്ലെന്ന് അഹങ്കാരപൂർവ്വം പ്രഖ്യാപിക്കുകയും ചെയ്യുന്ന ആ ധിക്കാരികൾ, അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുമ്പോൾ ഉണ്ടാകുന്ന ചില രംഗങ്ങളാണ് ഈ വചനങ്ങളിൽ കാണുന്നത്. അവരിൽ അവിശ്വാസത്തിനും ദുർമാർഗത്തിനും കൊടി

പിടിച്ചും, അവയുടെ പ്രചരണത്തിന് വേണ്ടി ഭഗീരഥപ്രയത്നങ്ങൾ നടത്തിയും, കുതന്ത്രങ്ങൾ പ്രയോഗിച്ചുകൊണ്ടിരുന്ന വലിയവരും അവരുടെ ഇംഗിതത്തിനും താളത്തിനും വഴങ്ങിക്കൊണ്ടിരുന്ന അനുഗാമികളും പരസ്പരം ആരോപണങ്ങളും, പ്രത്യാരോപണങ്ങളും നടത്തുന്നതാണ്. പക്ഷേ, ഫലമെന്ത് ? ശിക്ഷയിൽ രണ്ടുകൂട്ടരും പങ്കാളികൾതന്നെ.

ഒരു വിഭാഗത്തിന് മറ്റേ വിഭാഗത്തെ പഴിചാരി ഒഴിവാകുവാൻ മാർഗമില്ലെന്ന് കാണുമ്പോൾ-അപമാനവും നിരാശയും നിമിത്തം-അവർ മിണ്ടുവാൻ കഴിയാതെ മൗനമവലംബിക്കുന്നതിനെക്കുറിച്ചാണ് واسروا الندامة(അവർ ഖേദം മറച്ചുവെക്കും) എന്നു പറഞ്ഞത്, ശിക്ഷ അനുഭവിക്കുമ്പോൾ സഹിക്കവയ്യാതെ, അവർ നിലവിളിച്ച് അട്ടഹസിക്കുകയും, രക്ഷക്കപേക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുമെന്ന് മറ്റു വചനങ്ങളിൽ പറഞ്ഞിട്ടുള്ളത് അവരുടെ വേറെ ചില രംഗങ്ങളെ വിവരിച്ചതാകുന്നു.

وَمَآ أَرۡسَلۡنَا فِي قَرۡيَةٖ مِّن نَّذِيرٍ إِلَّا قَالَ مُتۡرَفُوهَآ إِنَّا بِمَآ أُرۡسِلۡتُم بِهِۦ كَٰفِرُونَ ﴿٣٤﴾

﴾34﴿ ഒരു രാജ്യത്തും തന്നെ, വല്ല താക്കീതുകാരനേയും നാം അയച്ചിട്ട് അതിലെ സുഖലോലുപന്മാർ പറയാതിരുന്നിട്ടില്ല ; നിങ്ങൾ ഏതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ നിശ്ചയമായും അതിൽ ഞങ്ങൾ അവിശ്വസിക്കുന്നവരാണ് എന്ന്.

وَقَالُواْ نَحۡنُ أَكۡثَرُ أَمۡوَٰلٗا وَأَوۡلَٰدٗا وَمَا نَحۡنُ بِمُعَذَّبِينَ ﴿٣٥﴾

﴾35﴿ ഞങ്ങൾ, സ്വത്തുക്കളും, മക്കളും അധികമുള്ളവരാകുന്നു ; ഞങ്ങൾ ശിക്ഷിക്കപ്പെടുന്നവരല്ലതാനും എന്നും അവർ പറയും.

﴾34﴿ وَمَاأَرۡسَلۡنَا നാം അയച്ചിട്ടില്ല فِيقَرۡيَةٍ ഒരു രാജ്യത്തിലും مِنۡ نَذِيرٍ ഒരു താക്കീതുകാരനെയും إِلاقَالَ പറയാതെ مُتۡرَفُوهَا അതിലെ സുഖലോലുപൻമാർ إِنَّا നിശ്ചയമായും ഞങ്ങൾ بِمَا യാതൊന്നിൽ أُرۡسِلۡتُمۡبِهِ നിങ്ങൾ അതുമായി അയക്കപ്പെട്ടിരിക്കുന്നു كَافِرُونَ അവിശ്വാസികളാണ്(നിഷേധികളാണ്) ﴾35﴿ وَقَالُوا അവർ പറയുകയും ചെയ്യും نَحۡنُ ഞങ്ങൾ أَكۡثَرُ കൂടുതലുള്ളവരാണ് أَمۡوَالا സ്വത്തുക്കൾ وَأَوۡلادًا മക്കളും وَمَانَحۡنُ ഞങ്ങളല്ലതാനും بِمُعَذَّبِينَ ശിക്ഷിക്കപ്പെടുന്നവർ

നബി ﷺ തിരുമേനിയുടെ പ്രബോധനത്തിൽ വിശ്വസിക്കുന്നവർ താരതമ്യേന സാധുക്കളും, സാധാരണക്കാരുമാണ്. ക്വുറൈശി പ്രമാണികളായ ആളുകളാകട്ടെ, നബിയെ ധിക്കരിക്കുകയും, അവഹേളിക്കുകയുമാണ് ചെയ്യുന്നത്. ഇതിൽ അസ്വാസ്ഥ്യപ്പെടേണ്ടതില്ലെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു. കാരണം, സുഖജീവിതത്തിനാവശ്യമായ ഉപാധികൾ ലഭിക്കുകയും, അങ്ങനെ ഭൗതികമായ ആഡംബര ജീവിതത്തിൽ ലയിക്കുകയും ചെയ്തിട്ടുള്ള ആളുകൾ പ്രവാചകൻമാരെ നിഷേധിക്കലും, ദിവ്യദൗത്യങ്ങളെ അവഹേളിക്കലും പണ്ടുമുതൽക്കേയുള്ള ഒരു പാരമ്പര്യമാണ്. ഓരോ പ്രവാചകന്റെയും കാലത്തുള്ള സുഖലോലുപൻമാരുടെ നില ഇത്തന്നെയായിരുന്നു. ഈ സുമുദായത്തിൽ മാത്രം കാണപ്പെടുന്ന ഒരു പ്രവണത

യല്ല ഇത്.

സത്യപ്രബോധനത്തെ നിരാകരിക്കലോ, പ്രവാചകൻമാരെ നിഷേധിക്കലോ മാത്ര മല്ല ഇവർ ചെയ്യുന്നത്. തങ്ങൾക്ക് ലഭിച്ചിട്ടുള്ള സുഖസൗകര്യങ്ങളിൽ അഹങ്കരിക്കുകയും, അതെല്ലാം തങ്ങളുടെ യോഗ്യതയുടെ അടയാളമായി ഗണിക്കുകയും ചെയ്യും. അല്ലാഹുവി ങ്കൽ തങ്ങൾക്കുള്ള പ്രത്യേക അടുപ്പം മൂലമാണ് അവൻ തങ്ങൾക്ക് ഇതെല്ലാം നൽകിയിരിക്കുന്ന തെന്നും, ആകയാൽ തങ്ങളൊരിക്കലും അല്ലാഹുവിന്റെ ശിക്ഷക്ക് പാത്രമാകുകയില്ലെന്നു മായിരിക്കും അവരുടെ ധാരണ. പ്രവാചകൻമാരുടെ കാലത്തും അവരെ നിഷേധിക്കുന്ന അവിശ്വാസികളിലും മാത്രമല്ല ഇത്തരം സ്വഭാവങ്ങൾ കാണപ്പെടുക. ഭൗതിക സുഖങ്ങൾക്കും, ദേഹേച്ഛകൾക്കും മുൻഗണന നൽകിവരുന്ന ധനികരും പ്രമാണികളുമായ എല്ലാവരിലും – അവർ മുസ്‌ലിംകളോ അമുസ്‌ലിംകളോ ആകട്ടെ–ഏറെക്കുറെ ഈ സ്വഭാവങ്ങൾ കാണാ വുന്നതാണ്. അടുത്ത വചനങ്ങളിൽ ഇത്തരം ധാരണ വെച്ചുപുലർത്തുന്നവർക്കുള്ള മറുപടി കാണുക :

قُلْ إِنَّ رَبِّى يَبْسُطُ ٱلرِّزْقَ لِمَن يَشَآءُ وَيَقْدِرُ وَلَـٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٣٦﴾

﴿36﴾ പറയുക (നബിയേ) : നിശ്ച യമായും എന്റെ റബ്ബ് അവൻ ഉദ്ദേശിക്കു ന്നവർക്ക് ഉപജീവനം വിശാലപ്പെടുത്തി ക്കൊടുക്കുന്നു : (അവൻ ഉദ്ദേശിക്കുന്ന വർക്ക്)കുടുസ്സാക്കുകയും ചെയ്യുന്നു. എങ്കിലും, മനുഷ്യരിൽ അധികമാളു കളും അറിയുന്നില്ല.

വിഭാഗം – 5

وَمَآ أَمْوَٰلُكُمْ وَلَآ أَوْلَـٰدُكُم بِٱلَّتِى تُقَرِّبُكُمْ عِندَنَا زُلْفَىٰٓ إِلَّا مَنْ ءَامَنَ وَعَمِلَ صَـٰلِحًا فَأُو۟لَـٰٓئِكَ لَهُمْ جَزَآءُ ٱلضِّعْفِ بِمَا عَمِلُوا۟ وَهُمْ فِى ٱلْغُرُفَـٰتِ ءَامِنُونَ ﴿٣٧﴾

﴿37﴾ നിങ്ങളുടെ സ്വത്തുകളാ കട്ടെ, നിങ്ങളുടെ മക്കളാകട്ടെ, നമ്മുടെ അടുക്കൽ നിങ്ങൾക്ക് സാമീപ്യസ്ഥാനം നൽകുന്നവയല്ല തന്നെ ; പക്ഷേ, വിശ്വ സിക്കുകയും, സൽക്കർമം പ്രവർത്തിക്കു കയും ചെയ്യുന്നതാരോ അക്കൂട്ടർക്ക് അവർ പ്രവർത്തിച്ചിട്ടുള്ളതിന് ഇരട്ടി പ്രതിഫലമുണ്ടായിരിക്കും. അവരാക ട്ടെ, മണിമന്ദിരങ്ങളിൽ നിർഭയരുമായി രിക്കും.

﴿36﴾ قُلْ നീ പറയുക إِنَّ رَبِّي നിശ്ചയമായും എന്റെ റബ്ബ് يَبْسُطُ വിശാലപ്പെടുത്തുന്നു, നീട്ടിക്കൊടുക്കുന്നു الرِّزْقَ ഉപജീവനം, ആഹാരം لِمَنْ يَشَاءُ അവൻ ഉദ്ദേശിക്കുന്നവർക്ക് وَيَقْدِرُ കുടുസ്സാക്കുക(കണക്കാക്കുക, ഇടുക്കമാക്കുക)യും ചെയ്യുന്നു وَلَـٰكِنَّ എങ്കിലും أَكْثَرَ النَّاسِ മനുഷ്യരിൽ അധികവും لَا يَعْلَمُونَ അറിയുന്നില്ല

﴾37﴿ وَمَآأَمْوَالُكُمْ നിങ്ങളുടെ സ്വത്തുക്കളല്ല وَلَآأَوْلَادُكُم നിങ്ങളുടെ മക്കളുമല്ല بِالَّتِي تُقَرِّبُكُمْ നിങ്ങളെ അടുപ്പിക്കുന്ന (സാമീപ്യം നൽകുന്ന) عِندَنَا നമ്മുടെ അടുക്കൽ زُلْفَىٰ ഒരു സാമീപ്യം (സാമീപ്യസ്ഥാനം) إِلَّامَنْ آمَنَ പക്ഷേ ആരെങ്കിലും വിശ്വസിച്ചാൽ, വിശ്വസിച്ചവർക്കൊഴികെ وَعَمِلَ صَالِحًا സൽക്കർമ്മം പ്രവർത്തിക്കുകയും فَأُولَٰئِكَ എന്നാൽ അക്കൂട്ടർ لَهُمْ അവർക്കുണ്ട് جَزَاءُالضِّعْفِ ഇരട്ട പ്രതിഫലം بِمَاعَمِلُوا അവർ പ്രവർത്തിച്ചതിന് وَهُمْ അവരാകട്ടെ فِي الْغُرُفَاتِ മണിമാളികകളിൽ, കൊട്ടാരങ്ങളിൽ آمِنُونَ നിർഭയരായിരിക്കും, സ്വസ്ഥരായിരിക്കും.

ഉപജീവനമാർഗങ്ങൾ ചിലർക്ക് വിശാലമായും, മറ്റു ചിലർക്ക് കുടുസ്സായും ലഭിക്കുന്നു. കൂടുതൽ ലഭിക്കുന്നവർക്ക് അവരുടെ കുത്തകാവകാശമായതുകൊണ്ടോ, അവരുടെ എതെങ്കിലും അർഹതകൊണ്ടോ ലഭക്കുന്നതല്ല അത്. ലഭിക്കാത്തവർക്ക് അവരുടെ ഏതെങ്കിലും സ്ഥാനക്കുറവുകൊണ്ട് ലഭിക്കാത്തതുമല്ല. എല്ലാം അല്ലാഹു കണക്കാക്കുന്നതാണ്. അവൻ ഉദ്ദേശിക്കുന്നവർക്ക് കൂടുതലായും, അവൻ ഉദ്ദേശിക്കുന്നവർക്ക് കുറവായും അവൻ നൽകുന്നു. അതെല്ലാം ചില യുക്തിരഹസ്യങ്ങളുടെ അടിസ്ഥാനത്തിൽ അവൻ നിശ്ചയിക്കുന്നതാണ്. മനുഷ്യന്റെ യോഗ്യതയോ, നന്മയോ തിൻമയോ കണക്കാക്കുവാനുള്ള അളവുകോലല്ല അത്. ഈ വാസ്തവം അധികമാളുകളും അറിയുന്നില്ല. അതുകൊണ്ടാണ് അത്തരം ധാരണകൾക്ക് അവർ വശംവദരാകുന്നത്.

ധനം, ഐശ്വര്യം, സന്താനം മുതലായവ സിദ്ധിച്ചത് കൊണ്ട് മാത്രം അല്ലാഹുവിങ്കൽ യാതൊരു സ്ഥാന വലിപ്പമോ, സാമീപ്യമോ ആർക്കും ലഭിക്കുന്നില്ല. അവ വിനിയോഗിക്കേണ്ടുന്ന പ്രകാരം വിനിയോഗിക്കുന്നവർക്ക് അതു വമ്പിച്ച നേട്ടമായിരിക്കും. അല്ലാത്തവർക്ക് അത് നഷ്ടത്തിനും നാശത്തിനും മാത്രം ഹേതുവായിത്തീരുകയും ചെയ്യും. ചുരുക്കിപ്പറഞ്ഞാൽ ധനവും മക്കളുമെല്ലാം തന്നെ ഒരു പരീക്ഷണമാകുന്നു أموالكم وأولادكم فتنة - الأنفال ﴿28﴾ അതുകൊണ്ട് സത്യവിശ്വാസത്തോടുകൂടി സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും, തങ്ങൾക്ക് സിദ്ധിച്ച അനുഗ്രഹങ്ങളെ നല്ല മാർഗത്തിൽ വിനിയോഗിക്കുകയും ചെയ്യുന്നവരാരോ അവർക്ക് കൂടുതൽ ഇരട്ടി പുണ്യഫലം ലഭിക്കുന്നു. കാരണം, മറ്റുള്ളവർ ചെയ്യുന്ന സൽക്കർമ്മങ്ങളിൽ ഇവരും പങ്കുകാരാണെന്നതിനു പുറമെ, പ്രസ്തുത അനുഗ്രഹങ്ങളെ നല്ല മാർഗത്തിൽ വിനിയോഗിക്കുവാനുള്ള അവസരംകൂടി ഇവർക്കുണ്ടല്ലോ. അങ്ങനെ, ഇവർക്ക് കൂടുതൽ ഉന്നതമായ സ്വർഗീയപദവികൾ ലഭിക്കുവാൻ അവ കാരണമായിത്തീരുന്നു.

ഇമാം മുസ്‌ലിം ഉദ്ധരിച്ചിട്ടുള്ള ഒരു ഹദീഥ് ഇവിടെ പ്രസ്താവ്യമാണ്. അതിന്റെ ചുരുക്കം ഇപ്രകാരമാകുന്നു : ധനികൻമാരായ ആളുകൾ ഞങ്ങളെപ്പോലെ നമസ്കാരം, നോമ്പ് മുതലായ കർമങ്ങൾ നിർവ്വഹിച്ചു വരുന്നു. അതേസമയത്ത് ഹജ്ജ്, ഉംറഃ, ജിഹാദ് (ധർമസമരം), ദാനധർമങ്ങൾ ആദിയായ സൽക്കർമങ്ങളും അവർ ചെയ്യുന്നു. അങ്ങനെ, സൽക്കർമങ്ങളിൽ ഉന്നതമായ സ്ഥാനം ധനികൻമാർ കൈക്കലാക്കുന്നുവല്ലോ ? എന്നിങ്ങിനെ മുഹാജിറുകളിൽ ദരിദ്രൻമാരായ സ്വഹാബികൾ നബി ﷺ യോടു സങ്കടപ്പെടുകയുണ്ടായി. തിരുമേനി മറുപടി പറഞ്ഞു : നിങ്ങളുടെ മുമ്പിൽ കടന്നിട്ടുള്ളവരുടെ ഒപ്പം എത്തിച്ചേരുവാനും, നിങ്ങളുടെ പിന്നാലെ വരുന്നവരുടെ മുമ്പിൽ കടക്കുവാനും പറ്റുന്ന ഒരു കാര്യം ഞാൻ നിങ്ങൾക്ക് പഠിപ്പിച്ചു തരാം : നിങ്ങൾ ഓരോ നമസ്കാരത്തിനുശേഷവും മുപ്പത്തിമൂന്നു പ്രാവശ്യം വീതം തസ്ബീഹും, ഹംദും, തക്ബീറും (الله أكبر , الحمد لله , سبحان الله എന്ന്)ചൊല്ലുക, പിന്നീട് അവർ വീണ്ടും വന്ന് ഇങ്ങിനെ അറി

യിച്ചു : ധനികൻമാരായ ഞങ്ങളുടെ സഹോദരങ്ങളും അപ്രകാരം ചെയ്തുവരുന്നുവല്ലോ ! അപ്പോൾ തിരുമേനി ഈ ക്വുർആൻ വചനം ഓതുകയാണ് ചെയ്തത് : ذلك فضل الله يؤتيه من يشاء(അത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. അവൻ ഉദ്ദേശിക്കുന്നവർക്ക് അതവൻ കൊടുക്കുന്നു)

മനുഷ്യൻ മരണപ്പെട്ടാലും മുറിഞ്ഞുപോകാതെ അവശേഷിക്കുന്നത് മൂന്നു കാര്യങ്ങളാണെന്ന് നബിﷺ അരുളിച്ചെയ്തിട്ടുള്ളത് പ്രസിദ്ധമാണ്. നിലനിൽക്കുന്ന ദാനധർമങ്ങൾ, ഉപകാരപ്രദമായ അറിവ്, അവനുവേണ്ടി പ്രാർത്ഥിക്കുന്ന സൽക്കർമികളായ മക്കൾ ഇവയാണത്. അപ്പോൾ, സ്വത്തും, മക്കളും-അവയെ ശരിയാം വണ്ണം ഉപയോഗപ്പെടുത്തിയാൽ-മനുഷ്യന് എത്രമാത്രം അവന്റെ ഭാവിനൻമക്ക് ഉപകരിക്കുമെന്ന് ആലോചിച്ചു നോക്കുക ! നേരെമറിച്ച് അവയെ ദുരുപയോഗപ്പെടുത്തുന്നപക്ഷം അത് ഭാവി ജീവിതത്തെ അങ്ങേയറ്റം നഷ്ടപ്പെടുത്തുകയും ചെയ്യും. ഇങ്ങിനെയുള്ളവരോട് പരലോകത്തുവെച്ച് പറയപ്പെടുന്നത് ഇപ്രകാരമായിരിക്കും : أَذْهَبْتُمْ طَيِّبَاتِكُمْ فِي حَيَاتِكُمُ الدُّنْيَا وَاسْتَمْتَعْتُم بِهَا فَالْيَوْمَ تُجْزَوْنَ عَذَابَ الْهُونِ الخ -الاحقاف

സാരം : നിങ്ങൾക്ക് ലഭിച്ച നല്ല വിഭവങ്ങളെ നിങ്ങൾ നിങ്ങളുടെ ഐഹികജീവിതത്തിൽ വെച്ച് നശിപ്പിച്ചുകളയുകയും, അവമൂലം നിങ്ങൾ സുഖമനുഭവിക്കുകയും ചെയ്തു. ആകയാൽ ഇന്ന്-നിങ്ങൾ ഭൂമിയിൽ ന്യായമില്ലാതെ ഗർവ്വ് നടിച്ചുകൊണ്ടിരിക്കുകയും നിങ്ങൾ തോന്നിയവാസം പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്ത കാരണത്താൽ-നിങ്ങൾക്ക് നിന്ദ്യതയുടെ ശിക്ഷ പ്രതിഫലം നൽകപ്പെടുന്നു (സൂ: അഹ്ക്വാഫ് - 20) മേൽ കണ്ട ആശയങ്ങളെ അടുത്ത ആയത്തുകളിൽ വീണ്ടും ആവർത്തിച്ചു കാണാം :

وَٱلَّذِينَ يَسْعَوْنَ فِيٓ ءَايَٰتِنَا مُعَٰجِزِينَ أُوْلَٰٓئِكَ فِي ٱلْعَذَابِ مُحْضَرُونَ ﴿٣٨﴾

﴾38﴿ (നമ്മെ) പരാജയപ്പെടുത്തുവാൻ ശ്രമിച്ചുകൊണ്ട് നമ്മുടെ ആയത്തുകളിൽ (കുഴപ്പത്തിന്)പരിശ്രമിക്കുന്നവരാകട്ടെ, അക്കൂട്ടർ ശിക്ഷയിൽ ഹാജരാക്കപ്പെടുന്നവരാകുന്നു.

قُلْ إِنَّ رَبِّي يَبْسُطُ ٱلرِّزْقَ لِمَن يَشَآءُ مِنْ عِبَادِهِۦ وَيَقْدِرُ لَهُۥ ۚ وَمَآ أَنفَقْتُم مِّن شَيْءٍ فَهُوَ يُخْلِفُهُۥ ۖ وَهُوَ خَيْرُ ٱلرَّٰزِقِينَ ﴿٣٩﴾

﴾39﴿ പറയുക : നിശ്ചയമായും എന്റെ റബ്ബ് തന്റെ അടിയാൻമാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം വിശാലപ്പെടുത്തിക്കൊടുക്കുകയും(താനുദ്ദേശിക്കുന്നവർക്ക്)കുടുസ്സാക്കിക്കൊടുക്കുകയും ചെയ്യുന്നു.

നിങ്ങൾ ഏതൊരു വസ്തു ചിലവഴിക്കുന്നതായാലും അവൻ നിങ്ങൾക്ക് അതിനു പകരം തരുന്നതാണ്, അവൻ ഉപജീവനം നൽകുന്നവരിൽവെച്ച് ഉത്തമനുമത്രെ.

﴾38﴿ وَالَّذِينَ يَسْعَوْنَ (കുഴപ്പത്തിനു)പരിശ്രമിക്കുന്നവർ فِي آيَاتِنَا നമ്മുടെ ആയത്തുക
ളിൽ, ലക്ഷ്യങ്ങളിൽ مُعَاجِزِينَ അസാധ്യരാക്കിക്കൊണ്ട്, പരാജയപ്പെടുത്തുവാൻ ശ്രമിക്കുന്ന
വരായി أُولَٰئِكَ അക്കൂട്ടർ فِي الْعَذَابِ ശിക്ഷയിൽ مُحْضَرُونَ ഹാജരാക്കപ്പെടുന്നവരാണ് ﴾39﴿
قُلْ നീ പറയുക إِنَّ رَبِّي നിശ്ചയമായും എന്റെ റബ്ബ് يَبْسُطُ الرِّزْقَ ഉപജീവനം വിശാലപ്പെടു
ത്തുന്നു لِمَنْ يَشَاءُ അവൻ ഉദ്ദേശിക്കുന്നവർക്ക് مِنْ عِبَادِهِ തന്റെ അടിയാന്മാരിൽനിന്ന് وَيَقْدِرُ
കുടുസ്സാക്കുകയും ചെയ്യുന്നു لَهُ അവന് وَمَا أَنْفَقْتُمْ നിങ്ങൾ ചിലവ് ചെയ്യുന്നത് مِنْ شَيْءٍ ഏ
തൊരു വസ്തുവെയും فَهُوَ എന്നാലവൻ يُخْلِفُهُ അതിന് പകരം നൽകുന്നു وَهُوَ അവൻ
خَيْرُ الرَّازِقِينَ ഉപജീവനം നൽകുന്നവരിൽ ഉത്തമനുമാണ്.

പിഴച്ച ആദർശലക്ഷ്യങ്ങളുള്ളവരും, ഭൗതിക താൽപര്യങ്ങൾക്ക് മുൻഗണന നൽകുന്നവരും അല്ലാഹുവിന്റെ ആയത്തുകളിൽ - ദൃഷ്ടാന്തങ്ങളും, വേദവാക്യങ്ങളുമാകുന്ന ലക്ഷ്യങ്ങളിൽ - കുഴപ്പമുണ്ടാക്കുവാൻ ശ്രമിക്കുക പതിവാണ്. വേറെ ചിലർ അതെല്ലാം ഇക്കാലത്തേക്ക് പറ്റിയതല്ലെന്നു സമർത്ഥിക്കും. ഇങ്ങിനെ പലരും പലതും അല്ലാഹുവിന് മനുഷ്യന്റെ ഗുണദോഷങ്ങളെപ്പറ്റി വേണ്ടത്ര അറിഞ്ഞുകൂടാഎന്നും, അവന്റെ ലക്ഷ്യങ്ങൾ വേണ്ടത്ര പ്രായോഗികമല്ല എന്നുമാണിവരുടെ നാട്യം. ഇങ്ങിനെയുള്ളവർക്ക് ചുരുങ്ങിയ വാക്കിൽ കനത്ത താക്കീതാണ് 38-ാം വചനവും, മുകളിൽ വായിച്ച 5-ാം വചനവും നൽകുന്നത്.

മനുഷ്യരെല്ലാം അല്ലാഹുവിന്റെ അടിയാൻമാരാണ്. എല്ലാവർക്കും അവൻ ഉപജീവനം നൽകുകയും ചെയ്യും. وَمَا مِن دَابَّةٍ فِي الْأَرْضِ إِلَّا عَلَى اللَّهِ رِزْقُهَا (ഭൂമിയിലുള്ള ഏതൊരു ജീവിയാകട്ടെ, അതിന് മേൽ ബാധ്യത ഇല്ലാത്തതില്ല) പക്ഷേ, മുമ്പു പറഞ്ഞതുപോലെ, അവനുമാത്രം വശദമായി അറിയാവുന്ന ചില യുക്തിരഹസ്യങ്ങളനുസരിച്ച് അവൻ ചിലർക്ക് വിശാലമായും ചിലർക്ക് ഇടുക്കമായും അത് വിതരണം ചെയ്യുന്നു. അതിൽ വ്യത്യാസം വരുത്തുവാൻ ആർക്കും സാധ്യമല്ല. ദാവൂദ് (അ),സുലൈമാൻ (അ) മുതലായ നബിമാർക്ക് അവൻ ധാരാളം സമ്പത്ത് നൽകി. ഈസാ നബി(അ), മുഹമ്മദ് നബി ﷺ മുതലായ നബിമാർ നിർദ്ധനൻമാരായിരുന്നു. നേരെമറിച്ച് ദുഷ്ടൻമാരായ ആളുകളിലും ധാരാളം ധനവാൻമാരെയും ദരിദ്രൻമാരെയും കാണാം. അതാണ് ഇതിന് കാരണം. അപ്പോൾ ധനവും, ദാരിദ്ര്യവും - രണ്ടും തന്നെ- ഓരോ പരീക്ഷണങ്ങളാണ്. وَنَبْلُوكُم بِالشَّرِّ وَالْخَيْرِ فِتْنَةً- الأنبياء(തിൻമകൊണ്ടും, നൻമകൊണ്ടും നാം നിങ്ങളെ പരീക്ഷണം നടത്തുന്നതാണ്. ദാരിദ്ര്യത്തിലും, വിഷമത്തിലും ക്ഷമ കൈകൊള്ളണം. ധനത്തിലും സന്തോഷത്തിലും നന്ദി കൈകൊള്ളുകയും അവയെ സൽകാര്യങ്ങളിൽ ഉപയോഗപ്പെടുത്തുകയും വേണം.

നല്ല മാർഗത്തിൽ ചിലവഴിക്കുന്ന ധനം വാസ്തവത്തിൽ നശിക്കുകയില്ല, വളരുകയാണ് ചെയ്യുന്നത്. അല്ലാഹു അതിന് കൂടുതൽ മെച്ചപ്പെട്ട പ്രതിഫലം നൽകുന്നു. പരലോകത്ത്‌വെച്ച് ലഭിക്കുന്ന പ്രതിഫലം ഏതു നിലക്കും മെച്ചപ്പെട്ടതുതന്നെ. ഇഹത്തിൽവെച്ചും അല്ലാഹുവിന്റെ കാരുണ്യവും സഹായവും ലഭിക്കുവാൻ അത് കാരണമാകുന്നു. കൂടാതെ സഹജീവികളിൽനിന്നുള്ള സ്നേഹാദരവുകൾ, സഹായസഹകരണങ്ങൾ, പ്രാർത്ഥന എന്നിവയും മനസ്സന്തോഷവും അത്‌മൂലം സിദ്ധിക്കുവാനുണ്ട്. പക്ഷേ, ചിലവഴിക്കുന്നത് അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചായിരിക്കേണ്ടതാണ്. ചിലവഴിച്ചതിന്റെ ഫലം ഭാവിയിലേക്കും അവശേഷിക്കുന്നു. ചിലവഴിക്കാത്ത ധനം ഉടമസ്ഥനെ

വിട്ടുപിരിയുകയും, ചിലപ്പോൾ അവന് തന്നെ ആപത്തുണ്ടാക്കുകയും ചെയ്യും. ഒരിക്കൽ ഒരു ആട്ടിനെ അറുത്ത അവസരത്തിൽ നബി ചോദിച്ചു : എനി എന്തു ബാക്കിയുണ്ട് ? ആയിശാ (റ) പറഞ്ഞു : അതിന്റെ കുറകല്ലാത്ത ഒന്നും ബാക്കിയില്ല. തിരുമേനി പറഞ്ഞു : എല്ലാം ബാക്കി യുണ്ട് -കുറകൊഴിച്ച് (ബു:മു) കുറകു വീട്ടാവശ്യത്തിലും, ബാക്കി ഭാഗം ധർമത്തിലും വിനിയോഗിച്ചിരുന്നതാണ് നബി ഇങ്ങിനെ പറയുവാൻ കാരണം.

ആഹാര മാർഗം എല്ലാവർക്കും ഒരേ അളവിൽ നൽകാതിരുന്നത് ഈ ലോകവ്യവസ്ഥ യുടെ ഒരാവശ്യമാണെന്ന് സൂറത്തു -സുഖ്റുഫ്: 32-ൽ വെച്ചു നമുക്ക് കാണാം. إِنْ شَاءَ الله

وَيَوْمَ يَحْشُرُهُمْ جَمِيعًا ثُمَّ يَقُولُ لِلْمَلَٰٓئِكَةِ أَهَٰٓؤُلَآءِ إِيَّاكُمْ كَانُوا۟ يَعْبُدُونَ ﴿٤٠﴾

﴿40﴾ അവരെ മുഴുവനും അവൻ [അല്ലാഹു] ഒരുമിച്ചു കൂട്ടുന്ന ദിവസം (ഓർക്കുക) പിന്നീട് അവൻ മലക്കുക ളോട് പറയും : ഇക്കൂട്ടർ നിങ്ങളെയാ യിരുന്നുവോ ആരാധിച്ചിരുന്നത് ?!

قَالُوا۟ سُبْحَٰنَكَ أَنتَ وَلِيُّنَا مِن دُونِهِم ۖ بَلْ كَانُوا۟ يَعْبُدُونَ ٱلْجِنَّ ۖ أَكْثَرُهُم بِهِم مُّؤْمِنُونَ ﴿٤١﴾

﴿41﴾ അവർ പറയും : നീ എത്രയോ പരിശുദ്ധൻ ! നീയത്രെ ഞങ്ങൾക്ക് ബന്ധപ്പെട്ടവൻ-അവരല്ല. പക്ഷേ, അവർ ജിന്നുകളെ ആരാ ധിച്ചു വരികയായിരുന്നു. അവരിൽ അധികമാളുകളും അവരിൽ വിശ്വസി ക്കുന്നവരാകുന്നു.

﴿40﴾ وَيَوْمَ يَحْشُرُهُمْ അവരെ അവൻ ഒരുമിച്ചു കൂട്ടുന്ന ദിവസം جَمِيعًا മുഴുവനും, എല്ലാം ثُمَّ يَقُولُ പിന്നെ അവൻ പറയും لِلْمَلَائِكَةِ മലക്കുകളോട് أَهَٰؤُلَاءِ ഇക്കൂട്ടർ(ആയിരുന്നോ) إِيَّاكُمْ നിങ്ങളെ كَانُوا يَعْبُدُونَ ആരാധിച്ചുവരുക(യായിരുന്നോ) ﴿41﴾ قَالُوا അവർ പറയും سُبْحَانَكَ നീ മഹാപരിശുദ്ധൻ, നിന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു أَنتَ നീ, നീയത്രെ وَلِيُّنَا ഞങ്ങൾക്ക് ബന്ധപ്പെട്ടവൻ, കാര്യകർത്താവ് مِن دُونِهِم അവരെക്കൂടാതെ(അവരല്ല) بَلْ പക്ഷേ(എങ്കിലും) كَانُوا يَعْبُدُونَ അവർ ആരാധിച്ചുവന്നിരുന്നു الْجِنَّ ജിന്നുകളെ أَكْثَرُهُم അവരിലധികവും بِهِم അവരിൽ مُّؤْمِنُونَ വിശ്വസിക്കുന്നവരാണ്.

മലക്കുകളെ അധിക്ഷേപിക്കുകയല്ല-അല്ലാഹു അല്ലാത്തവരെ ആരാധിച്ചുവന്നവരുടെ അപ രാധം സ്ഥാപിക്കുകയും, അവരെ അധിക്ഷേപിക്കുകയുമാണ് - ഈ ചോദ്യത്തിന്റെ താൽപ ര്യം. ഇതുപോലെ ഈസാ നബി(അ)യെയും, മാതാവിനെയും ആരാധിച്ചുവന്നവരെക്കു റിച്ച് ഈസാ നബി(അ)യോടും അല്ലാഹു പരലോകത്തുവെച്ച് ചോദിക്കുമെന്നും, അദ്ദേഹം അവരെ നിഷേധിച്ചുകൊണ്ട് മറുപടി പറയുമെന്നും സൂറത്തുൽ മാഇദഃ 116 ലും പ്രസ്താ

വിച്ചു കാണാം.

അല്ലാഹു അല്ലാത്ത ദൈവങ്ങളെ ആരാധിച്ചു വരുന്നവരിൽ പല തരക്കാരുണ്ട്. ചിലർ മലക്കുകളുടെ പേരിൽ വിഗ്രഹങ്ങൾ സ്ഥാപിക്കുന്നു. ചിലർ ദേവീദേവൻമാരെ ആരാധിക്കുന്നു. ചിലർ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചും പ്രതിഷ്ഠിക്കാതെയും പിശാചുക്കളെ ആരാധിക്കുന്നു. ചിലർ പ്രേതങ്ങളെയും കാരണവൻമാരെയും ആരാധിക്കുന്നു. മുസ്ലിം പാമരൻമാരിൽപോലും പിശാചുക്കളെ ആരാധിക്കുന്ന ചിലരുണ്ടെന്നതു വളരെ ദുഃഖകരമായ ഒരു വാസ്തവമത്രെ. പക്ഷേ, അവരുടെ ആരാധ്യരായ പിശാചുക്കളെ കുറിച്ച് ജിന്നുകളെന്നോ മലക്കുകളെന്നോ അറബിപ്പേർ പറഞ്ഞു അവർ സമാധാനിക്കും, ചിലപ്പോൾ തങ്ങളുടെ പിശാചുക്കൾക്ക് (ചേക്കുട്ടി, കോയസ്സൻ മുതലായ) മുസ്ലിം നാമങ്ങൾ നൽകിയും തൃപ്തി അടയും. അത്രമാത്രം. തങ്ങളുടെ ആരാധ്യൻമാരിൽ തങ്ങൾക്ക് ഗുണവും ദോഷവും ചെയ്വാൻ കഴിവുള്ളവരാണെന്നും, അസാധാരണമായ ചില കഴിവുകൾ അവർക്കുണ്ടെന്നും അവർ അദൃശ്യകാര്യങ്ങൾ അറിയുമെന്നും, അവർക്ക് വേണ്ടി ചില കർമങ്ങളും വഴിപാടുകളും ചെയ്യേണ്ടതുണ്ടെന്നും മറ്റുമുള്ള ധാരണകൾ പലരിലും കാണാം. ഇങ്ങിനെയുള്ളവരെക്കുറിച്ചാണ് മലക്കുകളോട് അല്ലാഹു മേൽകണ്ട ചോദ്യം ചോദിക്കുന്നത്.

മലക്കുകളുടെ മറുപടിയുടെ സാരം ഇതാണ് : അല്ലാഹുവേ, അവർ ഞങ്ങളെ ആരാധിക്കുകയോ, ഞങ്ങൾ അതിന് അനുകൂലിക്കുകയോ ചെയ്യുന്ന പ്രശ്നമേ ഇല്ല. ആരാധനക്കർഹത നിനക്ക് മാത്രമാണല്ലോ. നീ പരമപരിശുദ്ധനും, എല്ലാ മാഹാത്മ്യങ്ങളുടെയും നാഥനുമാണ്. ഞങ്ങളുടെ കൈകാര്യവും , ഞങ്ങളുടെ രക്ഷയും, ഞങ്ങളുടെ സഹായവുമെല്ലാം നിന്റെ പക്കലാണ്. ഞങ്ങളും അവരുമായി യാതൊരു മൈത്രിയോ ബന്ധനമോ ഇല്ല. ഞങ്ങളറിയാതെയും ഞങ്ങളുടെ യാതൊരു പ്രേരണകൂടാതെയും അവർ ഞങ്ങളെ ആരാധിച്ചിട്ടുണ്ടെങ്കിൽ, അതുകൊണ്ട് തന്നെ അവർ ഞങ്ങളുടെ ശത്രുക്കളാണ്. വാസ്തവത്തിൽ അവർ ജിന്നുവർഗമായ പിശാചുക്കളെ ആരാധിക്കുകയും, അവരുടെ പ്രേരണകളിൽ വഞ്ചിതരാവുകയുമാണ് ചെയ്തിരുന്നത്. ചിലർ യാഥാർത്ഥ്യം ഓർക്കാതെ വിഡ്ഢിത്തം പ്രവർത്തിച്ചതായിരിക്കാമെങ്കിലും, മിക്കവരും ജിന്നുകളിൽ തികച്ചും ദിവ്യത്വം കൽപിക്കുന്നവരും വിശ്വാസം അർപ്പിക്കുന്നവരും തന്നെയായിരുന്നു.

ഇബ്ലീസും അവന്റെ വർഗക്കാരുമാണ് ഇവിടെ ജിന്നുകൾ (الجن) കൊണ്ട് ഉദ്ദേശ്യം. ജിന്ന് എന്ന് പറയുന്നതു മനുഷ്യർക്ക് അഗോചരമായ ഒരു വർഗമാണ്. അതുകൊണ്ട് അതിൽ മനുഷ്യൻ ഉൾപ്പെടുന്നില്ല. ജിന്നിലും മനുഷ്യരിലും ഉൾപ്പെട്ട ദുഷിച്ച ആളുകൾക്ക് പിശാചുക്കൾ (الشياطين) എന്നു പറയപ്പെടും. പക്ഷേ, ജിന്നു വർഗത്തിലെ പിശാചുക്കളെ ഉദ്ദേശിച്ചാണ് സാധാരണ പിശാചുക്കൾ (الشياطين) എന്ന് പറയാറുള്ളത്. ചില സന്ദർഭങ്ങളിൽ രണ്ടു വർഗത്തിലുള്ളവരെയും ഉദ്ദേശിച്ചുകൊണ്ട് ആ വാക്ക് ഉപയോഗിച്ചേക്കും. ഖുർആനിൽ രണ്ടിനും ഉദാഹരണം കാണും. (കൂടുതൽ വിവരം സൂ: ഹിജ്റിന്നുശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ കാണാം) إنْ شَاء الله

فَٱلْيَوْمَ لَا يَمْلِكُ بَعْضُكُمْ لِبَعْضٍ نَّفْعًا وَلَا ضَرًّا

﴾42﴿ അന്ന് നിങ്ങളിൽ ചിലർ ചിലർക്ക് (അന്യോന്യം) ഒരു ഉപകാരം ചെയ്വാനാകട്ടെ, ഉപദ്രവം ചെയ്വാനാകട്ടെ കഴിവുണ്ടാകുന്നതല്ല.

وَنَقُولُ لِلَّذِينَ ظَلَمُوا۟ ذُوقُوا۟ عَذَابَ ٱلنَّارِ ٱلَّتِى كُنتُم بِهَا تُكَذِّبُونَ ﴿٤٢﴾

അക്രമം പ്രവര്‍ത്തിച്ചവരോട് നാം പറയുകയും ചെയ്യും ; നിങ്ങള്‍ വ്യാജമാക്കിയിരുന്ന (ആ)നരകത്തിലെ ശിക്ഷ നിങ്ങള്‍ ആസ്വദിച്ചുകൊള്ളുവിന്‍ !

﴾42﴿ فَالْيَوْمَ അന്ന് لَا يَمْلِكُ സ്വാധീനപ്പെടുത്തുകയില്ല(കഴിയുകയില്ല) بَعْضُكُمْ നി ങ്ങളില്‍ ചിലര്‍ لِبَعْضٍ ചിലര്‍ക്ക് نَفْعًا ഉപകാരം ചെയ്‌വാന്‍ وَلَا ضَرًّا ഉപദ്രവം ചെയ്‌വാനും ഇല്ല وَنَقُولُ നാം പറയുകയും ചെയ്യും لِلَّذِينَ ظَلَمُوا അക്രമം ചെയ്തവരോട് ذُوقُوا ആസ്വ ദിക്കുവിന്‍, രുചി നോക്കുവിന്‍ عَذَابَ النَّارِ നരകത്തിലെ ശിക്ഷ الَّتِي كُنْتُمْ നിങ്ങളായിരുന്ന തായ بِهَا അതിനെ تُكَذِّبُونَ വ്യാജമാക്കും.

ഇവര്‍ക്ക് യാതൊരു രക്ഷക്കും മാര്‍ഗമില്ലാതായിത്തീര്‍ന്നതിന്റെ കാരണം അടുത്ത ആയ ത്തില്‍ നിന്നും മനസ്സിലാക്കാം.

وَإِذَا تُتْلَىٰ عَلَيْهِمْ ءَايَٰتُنَا بَيِّنَٰتٍ قَالُوا۟ مَا هَٰذَآ إِلَّا رَجُلٌ يُرِيدُ أَن يَصُدَّكُمْ عَمَّا كَانَ يَعْبُدُ ءَابَآؤُكُمْ وَقَالُوا۟ مَا هَٰذَآ إِلَّآ إِفْكٌ مُّفْتَرًى ۚ وَقَالَ ٱلَّذِينَ كَفَرُوا۟ لِلْحَقِّ لَمَّا جَآءَهُمْ إِنْ هَٰذَآ إِلَّا سِحْرٌ مُّبِينٌ ﴿٤٣﴾

﴾43﴿ നമ്മുടെ ആയത്തുകള്‍ വ്യക്തമായ നിലയില്‍ അവര്‍ക്കു ഓതി ക്കേള്‍പ്പിക്കപ്പെടുന്നതായാല്‍ അവര്‍ പറയും : ഇവന്‍ നിങ്ങളുടെ പിതാക്കള്‍ ആരാധിച്ചുവരുന്നതില്‍ നിന്ന് നിങ്ങളെ തടയുവാന്‍ ഉദ്ദേശിക്കുന്ന ഒരു മനുഷ്യന്‍ എന്നല്ലാതെ (മറ്റൊന്നും) അല്ല. ഇതു കെട്ടിച്ചമക്കപ്പെട്ട ഒരു കള്ളം [നുണ] അല്ലാതെ (മറ്റൊന്നും) അല്ല എന്നും അവര്‍ പറയും. (ആ)വിശ്വസിച്ചവര്‍ യഥാര്‍ത്ഥത്തെക്കുറിച്ച് – അതവര്‍ക്ക് വന്നെത്തിയപ്പോള്‍–പറയുകയാണ് : ഇത് പ്രത്യക്ഷമായ ഒരു ജാലമല്ലാതെ (മറ്റൊന്നും) അല്ല.

وَمَآ ءَاتَيْنَٰهُم مِّن كُتُبٍ يَدْرُسُونَهَا ۖ وَمَآ أَرْسَلْنَآ إِلَيْهِمْ قَبْلَكَ مِن نَّذِيرٍ ﴿٤٤﴾

﴾44﴿ അവര്‍ പഠിച്ചറിയുമാറുള്ള യാതൊരു ഗ്രന്ഥങ്ങളും നാം അവര്‍ക്ക് കൊടുത്തിട്ടില്ല ; നിനക്കു മുമ്പ് അവരിലേക്ക് ഒരു താക്കീതു കാരനെയും നാം അയച്ചിട്ടുമില്ല.

﴾43﴿ وَإِذَا تُتْلَىٰ ഓതിക്കൊടുക്കപ്പെടുന്നതായാല്‍ عَلَيْهِمْ അവര്‍ക്ക് آيَاتُنَا നമ്മുടെ ആയ

ത്തുകൾ بَيِّنَاتٍ വ്യക്തമായ നിലയിൽ قَالُوا അവർ പറയും مَاهَذَا ഇവനല്ല إِلَّا رَجُلٌ ഒരു പുരുഷൻ(മനുഷ്യൻ) അല്ലാതെ يُرِيدُ അവൻ ഉദ്ദേശിക്കുന്നു أَنْ يَصُدَّكُمْ നിങ്ങളെ തടയുവാൻ عَمَّا كَانَ ആയിരുന്നതിൽ നിന്ന് يَعْبُدُ ആരാധിക്കും آبَاؤُكُمْ നിങ്ങളുടെ പിതാക്കൾ وَقَالُوا അവർ പറയുകയും ചെയ്യും مَاهَذَا ഇതല്ല إِلَّا إِفْكٌ കള്ളം (നുണ)അല്ലാതെ مُفْتَرًى കെട്ടിച്ചമക്കപ്പെട്ട وَقَالَ പറയുകയും ചെയ്യും الَّذِينَ كَفَرُوا അവിശ്വസിച്ചവർ لِلْحَقِّ യഥാർത്ഥ(സത്യ)ത്തെക്കുറിച്ച് لَمَّا جَاءَهُمْ അതവർക്ക് വന്നപ്പോൾ إِنْ هَذَا ഇതല്ല إِلَّا سِحْرٌ ഒരു ജാലം (ചെപ്പിടിവിദ്യ) അല്ലാതെ مُبِينٌ പ്രത്യക്ഷമായ ﴾44﴿ وَمَا آتَيْنَاهُمْ നാമവർ ക്ക് നൽകിയിട്ടില്ല مِنْ كُتُبٍ വേദഗ്രന്ഥങ്ങളൊന്നും يَدْرُسُونَهَا അവർ പഠിച്ചറിയുന്ന وَمَا أَرْسَلْنَا നാം അയച്ചിട്ടുമില്ല إِلَيْهِمْ അവരിലേക്ക് قَبْلَكَ നിന്റെ മുമ്പ് مِنْ نَذِيرٍ ഒരു താക്കീതുകാരനെയും.

അവിശ്വാസികളുടെ ഒന്നാമത്തെ ആരോപണം നബിയെപ്പററിയും, ഖുർആനെപ്പറ്റിയും, മൂന്നാമത്തേത് ഖുർആനും നബിയും പ്രബോധനം ചെയ്യുന്ന തത്വങ്ങളും സംബന്ധിച്ചുമാകുന്നു. നിരർത്ഥങ്ങളായ ഈ ആരോപണങ്ങൾ ഉന്നയിക്കുവാൻ ഇവർക്ക് വല്ല അർഹതയും ഉണ്ടോ ? ഇല്ല. വേദഗ്രന്ഥത്തെക്കുറിച്ചുള്ള പരിചയമോ, പ്രവാചകൻമാർ മുഖേന സിദ്ധിച്ച അറിവോ ഇവർക്കുണ്ടായിരുന്നെങ്കിൽ, അതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും വിധി കൽപ്പിക്കുവാൻ ഇവർക്ക് ന്യായമുണ്ടായിരുന്നു. അറബി മുശ്‌രിക്കുകൾക്ക് അതു രണ്ടും ഇല്ലല്ലോ.

وَكَذَّبَ ٱلَّذِينَ مِن قَبْلِهِمْ وَمَا بَلَغُوا۟ مِعْشَارَ مَآ ءَاتَيْنَٰهُمْ فَكَذَّبُوا۟ رُسُلِى ۖ فَكَيْفَ كَانَ نَكِيرِ ﴿٤٥﴾

﴾45﴿ ഇവർക്ക് മുമ്പുള്ളവരും വ്യാജമാക്കിയിരിക്കുന്നു. അവർക്ക് നാം നൽകിയതിന്റെ പത്തിലൊരംശത്തിങ്കൽ ഇവർ എത്തിച്ചേർന്നിട്ടുമില്ല. അങ്ങനെ, അവർ എന്റെ ദൂതൻമാരെ വ്യാജമാക്കി. അപ്പോൾ എന്റെ പ്രതിഷേധം എപ്രകാരമാണുണ്ടായത് ?! (ഇവരൊന്ന് അന്വേഷിക്കട്ടെ)

﴾45﴿ وَكَذَّبَ الَّذِينَ مِنْ قَبْلِهِمْ ഇവരുടെമുമ്പുള്ള യാതൊരുകൂട്ടരും കളവാക്കി وَمَا بَلَغُوا ഇവർ എത്തിയിട്ടുമില്ല مِعْشَارَ യാതൊന്നിന്റെ പത്തിലൊരംശം مَا آتَيْنَاهُمْ നാമവർക്ക് നല്കിയ فَكَذَّبُوا എന്നിട്ടവർ വ്യാജമാക്കി رُسُلِي എന്റെ ദൂതന്മാരെ فَكَيْفَ كَانَ അപ്പോൾ എങ്ങിനെ ആയി, ഉണ്ടായി نَكِيرِ എന്റെ പ്രതിഷേധം, വെറുപ്പ്

സൂ: റൂം 9 ൽ പ്രസ്താവിച്ചതുപോലെ, ഇവരെക്കാൾ ശക്തിയും, പ്രതാപവും, നാഗരികതയും, ആയസ്സുമെല്ലാം ഉണ്ടായിരുന്നിട്ടും അവരുടെ അക്രമത്തിന് നടപടി എടുക്കുന്നതിൽ അല്ലാഹുവിന് യാതൊരു തടസ്സവുമുണ്ടായില്ല. എന്നിരിക്കെ, അവരുടെ ദശമാനക്കണക്കിന് പോലും ശക്തി ലഭിച്ചിട്ടില്ലാത്ത ഇവരിൽ ശിക്ഷാ നടപടി എടുക്കുന്നതിനുണ്ടോ വല്ല മുടക്കവും ?!

വിഭാഗം - 6

۞ قُلْ إِنَّمَآ أَعِظُكُم بِوَٰحِدَةٍ ۖ أَن تَقُومُوا۟ لِلَّهِ مَثْنَىٰ وَفُرَٰدَىٰ ثُمَّ تَتَفَكَّرُوا۟ ۚ مَا بِصَاحِبِكُم مِّن جِنَّةٍ ۚ إِنْ هُوَ إِلَّا نَذِيرٌ لَّكُم بَيْنَ يَدَىْ عَذَابٍ شَدِيدٍ ﴿٤٦﴾

《46》 (നബിയേ) പറയുക : ഒരൊറ്റ കാര്യം മാത്രം ഞാൻ നിങ്ങളെ ഉപദേശിക്കുന്നു : നിങ്ങൾ അല്ലാഹുവിനു വേണ്ടി, ഈരണ്ടാളായും, ഓരോരുത്തരായും എഴുന്നേൽക്കുക [തയ്യാറാവുക] : പിന്നെ നിങ്ങൾ ചിന്തിച്ചു നോക്കുക (ഇത്രമാത്രം).

നിങ്ങളുടെ സുഹൃത്തിന് യാതൊരു ഭ്രാന്തുമില്ല ; കഠിനമായ ഒരു ശിക്ഷയുടെ മുമ്പിൽ അദ്ദേഹം നിങ്ങൾക്കൊരു താക്കീതുകാരനാണെന്നല്ലാതെ (മറ്റൊന്നും)അല്ല.

قُلْ مَا سَأَلْتُكُم مِّنْ أَجْرٍ فَهُوَ لَكُمْ ۖ إِنْ أَجْرِىَ إِلَّا عَلَى ٱللَّهِ ۖ وَهُوَ عَلَىٰ كُلِّ شَىْءٍ شَهِيدٌ ﴿٤٧﴾

《47》 പറയുക : ഞാൻ നിങ്ങളോട് പ്രതിഫലമായി വല്ലതും ചോദിക്കുന്ന പക്ഷം അത് നിങ്ങൾക്കുവേണ്ടിയാകുന്നു. എന്റെ പ്രതിഫലം അല്ലാഹുവിന്റെ മേൽ അല്ലാതെ (ബാധ്യത) ഇല്ല. അവൻ എല്ലാ കാര്യത്തിനും സാക്ഷ്യം വഹിക്കുന്നവനുമാകുന്നു.

《46》 قُلْ നീ പറയുക إِنَّمَآ أَعِظُكُم നിശ്ചയമായും ഞാൻ നിങ്ങളെ ഉപദേശിക്കുന്നു(ള്ളു) بِوَٰحِدَةٍ ഒറ്റകാര്യം(മാത്രം) أَن تَقُومُوا നിങ്ങൾ എഴുന്നേൽക്കണ(തയ്യാറാകണ)മെന്ന് لِلَّهِ അല്ലാഹുവിന് വേണ്ടി مَثْنَىٰ ഈരണ്ടാളായിട്ട് وَفُرَٰدَىٰ ഓരോരുത്തരായിട്ടും ثُمَّ تَتَفَكَّرُوا പിന്നെ നിങ്ങൾ ചിന്തിക്കുക مَا بِصَاحِبِكُم നിങ്ങളുടെ ആളിൽ (സുഹൃത്തിൽ, ചങ്ങാതിയിൽ)ഇല്ല مِّن جِنَّةٍ യാതൊരു ഭ്രാന്തും إِنْ هُوَ അദ്ദേഹമല്ല إِلَّا نَذِيرٌ ഒരു താക്കീതുകാരനല്ലാതെ لَّكُم നിങ്ങൾക്കു بَيْنَ يَدَيْ عَذَابٍ ഒരു ശിക്ഷയുടെ മുമ്പിൽ شَدِيدٍ കഠിനമായ 《47》 قُلْ നീ പറയുക مَا سَأَلْتُكُم ഞാൻ നിങ്ങളോട് എന്തുചോദിച്ചുവോ (വല്ലതും ചോദിച്ചാൽ) مِّنْ أَجْرٍ പ്രതിഫലമായിട്ട് فَهُوَ لَكُمْ എന്നാലതുനിങ്ങൾക്ക്വേണ്ടിയാണ് إِنْ أَجْرِيَ എന്റെ പ്രതിഫലമല്ല إِلَّا عَلَى اللَّهِ അല്ലാഹുവിന്റെ പേരിലല്ലാതെ وَهُوَ അവൻ عَلَىٰ كُلِّ شَيْءٍ എല്ലാ കാര്യത്തിന്റെ മേലും شَهِيدٌ സാക്ഷ്യം വഹിക്കുന്നവനാണ്, സന്നദ്ധനാണ്.

എത്ര മഹത്തായ ഉപദേശം : ബുദ്ധിയും മനസ്സാക്ഷിയുമുള്ള ഏതൊരാൾക്കും നിരസിക്കാനാവാത്ത ഉപദേശം ! മനുഷ്യസ്രഷ്ടാവ്-മനുഷ്യന്റെ മനസ്സാക്ഷിയെയും, മനഃശ്ശാസ്ത്രത്തെയും കുറിച്ച് സസൂക്ഷ്മം അറിയുന്ന അല്ലാഹു-അവതരിപ്പിച്ച ഈ പ്രമേയം അസ്വീ

കാര്യമായിക്കാണുന്നവൻ നിശ്ചയമായും ഭാഗ്യം കെട്ടവൻ തന്നെ. ബുദ്ധിശൂന്യമോ, മനസ്സാക്ഷി പണയപ്പെട്ടവനോ അല്ലാത്ത ആർക്കും ഇതവഗണിക്കുക സാധ്യമല്ല.

ഒരാൾ ഒരു കാര്യത്തെക്കുറിച്ച് തുറന്ന ഹൃദയത്തോടെ സ്വയം ചിന്തിക്കുന്ന പക്ഷം അവന്റെ മനസ്സാക്ഷി അവന് നേർവഴി ചൂണ്ടിക്കാട്ടാതിരിക്കുകയില്ല. പരസ്പരം ഗുണകാംക്ഷികളായ രണ്ടു സ്നേഹിതൻമാർ ചേർന്നു ആത്മാർത്ഥതയോടെ അഭിപ്രായം കൈമാറിക്കൊണ്ട് ചർച്ച നടത്തുമ്പോഴും അവർ തങ്ങളുടെ കാര്യത്തിൽ ഒരു നല്ല തീരുമാനത്തിൽ എത്തിച്ചേരും. പക്ഷേ, കൂടുതൽ ആളുകൾ ചേർന്ന് സത്യാന്വേഷണം നടത്തുമ്പോൾ അത് സ്വസ്ഥതക്കും, കാര്യക്ഷമമായി ചിന്തിക്കുന്നതിനും ഭംഗം വരുത്തിയേക്കും. ചിന്താഗതി ചിതറിപ്പോകുവാനും, പരപ്രേരണകൾ രംഗപ്രവേശം ചെയ്വാനും, പക്ഷപാതപരമായ സമീപനങ്ങൾ ഉടലെടുക്കുവാനും അത് കാരണമാകുകയും ചെയ്യും. ആശയക്കുഴപ്പത്തിനും കക്ഷിവഴക്കുകൾക്കും പാത്രമായിട്ടുള്ള വിഷയങ്ങളെക്കുറിച്ച് സത്യാന്വേഷണം നടത്തുവാനും, തർക്കശാസ്ത്രത്തിന്റെയോ ഏതെങ്കിലും പ്രത്യയശാസ്ത്രത്തിന്റെയോ നിർബ്ബന്ധത്തിന് വിധേയമാകാത്ത തീരുമാനം കണ്ടെത്തുവാനും ഏറ്റവും ഉപയുക്തമായ മാർഗമത്രെ സ്വകാര്യ വിചിന്തനം. ഈ തത്വം അടിസ്ഥാനമാക്കിയാണ് ഇമാം ശാഫീ(റ) പറഞ്ഞത് : ഒരാൾ തന്റെ സഹോദരനെ സ്വകാര്യമായി ഉപദേശിക്കുന്ന പക്ഷം, അവൻ അവനെ അലങ്കരിക്കുകയായിരിക്കും. ഒരാൾ തന്റെ സഹോദരനെ പരസ്യമായി ഉപദേശിക്കുന്ന പക്ഷം, അവൻ അവനെ വികലപ്പെടുത്തുകയായിരിക്കും (من نصح اخاه سرافقدزانه ومن نصح اخاه جهرا فقد شانه)

നബി ﷺ തിരുമേനിയുടെ ഇതപര്യന്തമുള്ള എല്ലാ ചരിത്രവും അവർക്കറിയാം. നാട്ടിലെ ജനങ്ങളുടെ എല്ലാ ശോച്യാവസ്ഥയും അവർ കണ്ടുകൊണ്ടിരിക്കുന്നു. നബി പ്രബോധനം ചെയ്തുവരുന്ന തത്വങ്ങളാകട്ടെ, അങ്ങേയറ്റം പ്രായോഗികവും, സനാതനവും. എന്നിരിക്കെ, ആത്മാർത്ഥതയോടും, നിഷ്കളങ്ക ഹൃദയത്തോടും കൂടി-ഓരോരുത്തൻ സ്വന്തമായോ, മറ്റൊരുവനോട് കൂട്ടുചേർന്നോ-അൽപം ചിന്തിച്ചു നോക്കുകയേ വേണ്ടതുള്ളൂ. എന്നാലവർക്ക് നബിയുടെ സത്യാവസ്ഥ ബോധ്യപ്പെടാതിരിക്കുകയില്ല. അതുകൊണ്ട് അതിന് തയ്യാറാകുവാൻ അവരെ ഉപദേശിക്കണമെന്നും, എന്തെങ്കിലും സ്വാർത്ഥോദ്ദേശ്യത്തോട്കൂടിയല്ല ഈ പ്രബോധന കൃത്യം നിർവ്വഹിക്കുന്നത്-അവരുടെ ഗുണത്തെമാത്രം ഉദ്ദേശിച്ചാണ്-എന്ന വസ്തുത അവരെ ഓർമിപ്പിക്കണമെന്നും നബി ﷺ യോടു കൽപിക്കയാണ്. ആശയക്കുഴപ്പം നേരിടുന്ന വിഷയങ്ങളിൽ മനസ്സമാധാനം കൈവരുന്നതിന് ആത്മാർത്ഥതയോടുകൂടി സ്വതന്ത്രമായും സ്വസ്ഥമായും സ്വയം ചിന്തിക്കേണ്ടതുണ്ടെന്നും, ഉപദേഷ്ടാക്കളായ ആളുകൾ നിസ്വാർത്ഥരായിരിക്കേണ്ടതുണ്ടെന്നും ഇതിൽ നിന്ന് മനസ്സിലാക്കാം. والله الموفق

قُلۡ إِنَّ رَبِّي يَقۡذِفُ بِٱلۡحَقِّ عَلَّٰمُ ٱلۡغُيُوبِ ﴿٤٨﴾

﴿48﴾ **പറയുക : നിശ്ചയമായും എന്റെ റബ്ബ് യഥാർത്ഥത്തെ ഇട്ടുതരുന്നു : (അവൻ) അദൃശ്യങ്ങളെ നന്നായറിയുന്നവനാണ്.**

قُلۡ جَآءَ ٱلۡحَقُّ وَمَا يُبۡدِئُ ٱلۡبَٰطِلُ وَمَا يُعِيدُ ﴿٤٩﴾

﴿49﴾ **പറയുക : യഥാർത്ഥം വന്നു (കഴിഞ്ഞു) നിരർത്ഥമായത് തുടക്കമുണ്ടാക്കുകയുമില്ല. ആവർത്തനം ചെയ്കയുമില്ല.**

﴾48﴿ قُلْ നീ പറയുക إِنَّ رَبِّي നിശ്ചയമായും എന്റെ റബ്ബ് يَقْذِفُ ഇടുന്നു, എറിയുന്നു بِالْحَقِّ യഥാർത്ഥത്തെ, യഥാർത്ഥംകൊണ്ട് عَلَّامُ الْغُيُوبِ അദൃശ്യങ്ങളെ നന്നായറിയുന്നവനാണ് ﴾49﴿ قُلْ നീ പറയുക جَاءَ الْحَقُّ യഥാർത്ഥം(സത്യം)വന്നു وَمَا يُبْدِئُ തുടക്കമുണ്ടാക്കുക(തുടങ്ങിവെക്കുക)യില്ല الْبَاطِلُ നിരർത്ഥം, അയഥാർത്ഥം وَمَا يُعِيدُ അത് ആവർത്തനമുണ്ടാക്കുക(ആവർത്തിക്ക)യുമില്ല.

ഹക്ക് (الحق) എന്ന പദത്തിന് സന്ദർഭമനുസരിച്ച് സത്യം, ന്യായം, പരമാർത്ഥം, യഥാർത്ഥം, മുറ, ശരിയായത്, ധർമം, കടമ, അവകാശം, അധികാരം, കാര്യം, വാസ്തവം, വേണ്ടപ്പെട്ടത് എന്നൊക്കെ അർത്ഥം വരുന്നതാണ്. ഇതിന്റെ വിപരീതാർത്ഥങ്ങളിൽ വരുന്ന പദമത്രെ ബാത്വിൽ (الباطل)

യഥാർത്ഥത്തെ ഇട്ടുതരുന്നു-അഥവാ എറിഞ്ഞുകൊടുക്കുന്നു (يقذف بالحق) എന്ന് പറഞ്ഞതിന്റെ താൽപര്യം, അല്ലാഹു നബിﷺക്കു സത്യയാഥാർത്ഥ്യങ്ങളെ വഹ്‌യ്മൂലം എത്തിച്ചുകൊടുക്കുന്നു എന്നത്രെ. ഈ വാക്യത്തിന് യഥാർത്ഥംകൊണ്ട് എറിയുന്നു എന്നും അർത്ഥം വരാവുന്നതാണ്. അപ്പോൾ-സൂ: അൻബിയാഉ് 18-ൽ കാണുന്നത്പോലെ - സത്യമായുള്ളതുകൊണ്ട് അസത്യമായതിനെ എറിഞ്ഞുതകർക്കുന്നു എന്നായിരിക്കും ഉദ്ദേശ്യം. ആദ്യത്തെ വചനത്തിലെ ആശയം ബലപ്പെടുത്തുകയാണ് രണ്ടാമത്തെ വചനം ചെയ്യുന്നത്. അതായത്, സത്യം-അഥവാ ഇസ്‌ലാമിക വ്യവസ്ഥ-വന്നു കഴിഞ്ഞു. അസത്യത്തിന് എനി തലപൊക്കുവാനും, നിലനിൽക്കുവാനും സാധ്യതയില്ല എന്ന് സാരം. ഈ അർത്ഥത്തിൽ സാധാരണ ഉപയോഗിക്കാറുള്ള ഒരു നീതി വാക്യം കൂടിയാണ് وما يبدئ الباطل وما يعيد എന്ന വാചകം.

قُلْ إِن ضَلَلْتُ فَإِنَّمَآ أَضِلُّ عَلَىٰ نَفْسِى ۖ وَإِنِ ٱهْتَدَيْتُ فَبِمَا يُوحِىٓ إِلَىَّ رَبِّىٓ ۚ إِنَّهُۥ سَمِيعٌ قَرِيبٌ ﴿٥٠﴾

﴾50﴿ പറയുക : ഞാൻ വഴിപിഴച്ചിട്ടുണ്ടെങ്കിൽ, എന്റെ പേരിൽ (ദോഷം വരുത്തി) തന്നെയാണ് ഞാൻ വഴി പിഴക്കുന്നത്. ഞാൻ നേർമാർഗം പ്രാപിച്ചിട്ടുണ്ടെങ്കിൽ (അത്) എന്റെ റബ്ബ് എനിക്ക് വഹ്‌യ് നൽകുന്നത് കൊണ്ടുമാണ്. നിശ്ചയമായും അവൻ കേൾക്കുന്നവനാണ് ; സമീപസ്ഥനാണ്.

﴾50﴿ قُلْ നീ പറയുക إِنْ ضَلَلْتُ ഞാൻ വഴി പിഴച്ചെങ്കിൽ فَإِنَّمَا أَضِلُّ എന്നാൽ നിശ്ചയമായും ഞാൻ വഴിപിഴക്കുന്നു عَلَىٰ نَفْسِي എന്റെ പേരിൽ(മാത്രം) وَإِنِ اهْتَدَيْتُ ഞാൻ നേർമാർഗം പ്രാപിച്ചെങ്കിൽ فَبِمَا يُوحِي എന്നാൽ വഹ്‌യ്(ബോധനം)നൽകുന്നതുകൊണ്ടുമാണ് إِلَيَّ എനിക്ക് رَبِّي എന്റെ റബ്ബ് إِنَّهُ سَمِيعٌ നിശ്ചയമായും അവൻ കേൾക്കുന്നവനാണ് قَرِيبٌ സമീപസ്ഥനാണ്, അടുത്തവനാണ്.

നബി ﷺയുടെ മാർഗം ശരിയാണോ തെറ്റാണോ എന്ന സംശയത്തോടുകൂടിയുള്ള ഒരു പ്രസ്താവനയല്ല-സത്യനിഷേധികളെ ചിന്തിപ്പിക്കുവാനും, ആകർഷിക്കുവാനും വേണ്ടി

യുള്ള ഒരു സമീപന നയമാണ്-ഇത്. നബി ﷺ പാപങ്ങളിൽ നിന്നു സുരക്ഷിതനായിരിക്കെ, എന്റെ തിൻമകൾക്ക് ഞാൻ തന്നെ ഉത്തരവാദിയാണെന്നും, എന്റെ നൻമകൾ അല്ലാഹുവിന്റെ സഹായത്താൽ ലഭിക്കുന്നതാണെന്നും പ്രഖ്യാപിക്കുവാൻ നബിയോട് കൽപിച്ചിരിക്കുന്നത് നാം പ്രത്യേകം മനസ്സിരുത്തേണ്ടുന്ന ഒരു വിഷയമാകുന്നു.

وَلَوْ تَرَىٰٓ إِذْ فَزِعُوا۟ فَلَا فَوْتَ وَأُخِذُوا۟ مِن مَّكَانٍ قَرِيبٍ ﴿٥١﴾

﴾51﴿ അവർ പേടിച്ചു നടുങ്ങുന്ന സന്ദർഭം നീ കാണുകയാണെങ്കിൽ (ഹാ, ഭയങ്കരം തന്നെ)! അപ്പോൾ പിടിയിൽപെടാതെ) ഒഴിവാകലേ ഇല്ല. സമീപസ്ഥലത്തുനിന്നുതന്നെ അവർ പിടിക്കപ്പെടുകയും ചെയ്യും.

﴾51﴿ وَلَوْ تَرَىٰ നീ കാണുകയാണെങ്കിൽ, കണ്ടിരുന്നെങ്കിൽ إِذْفَزِعُوا അവർ പേടിച്ചു നടുങ്ങുമ്പോൾ فَلَافَوْتَ അപ്പോൾ ഒഴിവാകൽ(പാഴാകൽ)ഇല്ല وَأُخِذُوا അവർ പിടിക്കപ്പെടുകയും ചെയ്യും مِنْ مَكَانٍ ഒരു സ്ഥലത്തുനിന്ന് قَرِيبٍ അടുത്ത, സമീപമായ

ഇപ്പോൾ എത്ര കേമൻമാരും, ധീരന്മാരുമാണെങ്കിലും ആ അവിശ്വാസികൾ പരലോകത്തെത്തുമ്പോൾ അങ്ങേയറ്റം ഭയവിഹ്വലരായിരിക്കും. രക്ഷപ്പെടുവാൻ ഒരു മാർഗവും അവർക്കില്ല. ഓടിപ്പോകുവാൻ അവർ ശ്രമിച്ചേക്കും, പക്ഷേ, സ്ഥലംവിടാൻ അനുവദിക്കാതെ നിന്നിടത്തുവെച്ചുതന്നെ അവരെ പിടികൂടും.

وَقَالُوٓا۟ ءَامَنَّا بِهِۦ وَأَنَّىٰ لَهُمُ ٱلتَّنَاوُشُ مِن مَّكَانٍۭ بَعِيدٍ ﴿٥٢﴾

﴾52﴿ അവർ(അപ്പോൾ) പറയുകയും ചെയ്യും: 'ഞങ്ങൾ അതിൽ വിശ്വസിച്ചു' എന്ന് (പ്രാപ്യമല്ലാത്ത) വിദൂര സ്ഥലത്തു നിന്ന് എങ്ങിനെയാണ് അവർക്ക് (വേഗത്തിൽ) കരസ്ഥമാകൽ ?

﴾52﴿ وَقَالُوا അവർ പറയുകയും ചെയ്യും آمَنَّابِهِ ഞങ്ങൾ അതിൽ (അദ്ദേഹത്തിൽ) വിശ്വസിച്ചു وَأَنَّىٰ لَهُمُ എങ്ങിനെയാണ്(എവിടെനിന്നാണ്)അവർക്ക് التَّنَاوُشُ കരസ്ഥമാക്കൽ, കയ്പറ്റൽ, കിട്ടൽ مِنْ مَكَانٍ ഒരു സ്ഥലത്തുനിന്ന് بَعِيدٍ വിദൂരമായ, അകന്ന

وَقَدْ كَفَرُوا۟ بِهِۦ مِن قَبْلُ ۖ وَيَقْذِفُونَ بِٱلْغَيْبِ مِن مَّكَانٍۭ بَعِيدٍ ﴿٥٣﴾

﴾53﴿ അവർ മുമ്പ് അതിൽ അവിശ്വസിച്ചിരിക്കയാണല്ലോ! വിദൂരസ്ഥലത്തു നിന്ന് അവർ കാണാതെ (ഊഹാസ്ത്രം) എറിയുകയും ചെയ്തിരുന്നു

﴾53﴿ وَقَدْ كَفَرُوا അവർ വിശ്വസിച്ചിട്ടുണ്ട്, അവിശ്വസിച്ചിരിക്കെ بِهِۦ അതിൽ, അദ്ദേഹ ത്തിൽ مِن قَبْلُ മുമ്പ് وَيَقْذِفُونَ അവർ എറിയുകയും (ആരോപിക്കയും)ചെയ്തിരുന്നു بِٱلْغَيْبِ അദൃശ്യത്തിൽ(കാണാതെ, ഊഹിച്ചുകൊണ്ട്) مِن مَّكَانٍۭ بَعِيدٍ വിദൂരസ്ഥല ത്തുനിന്ന്.

വിശ്വസിക്കേണ്ടുന്ന സമയമെല്ലാം അവർ പാഴാക്കിക്കളഞ്ഞു. എന്നിട്ട് ഇപ്പോൾ ശിക്ഷ കൺമുമ്പിൽ കണ്ടപ്പോൾ ഞങ്ങൾ വിശ്വസിച്ചുവെന്നു പറയുന്നു. വിശ്വസിക്കുവാനുള്ള സന്ദർഭം എനി പ്രാപിക്കാനാവാത്ത വിധം ദൂരപ്പെട്ടുപോയിരിക്കുന്നു. ഈ അവസരത്തിൽ എങ്ങിനെയാണ് ഇത്രവേഗം അവർക്ക് വിശ്വാസം ഉണ്ടായിത്തീർന്നത് ?! ഇതേവരെ അതിനെക്കുറിച്ച് ചിന്തിക്കുകയോ, അതിനെ സമീപിച്ചുനോക്കുകയോ അവർ ചെയ്തില്ല. അങ്ങകലെ നിന്ന് വെറും ഊഹത്തെ അടിസ്ഥാനമാക്കി ആരോപണങ്ങൾ ഉന്നയിക്കുകയും, ആക്ഷേപത്തിന്റെ ശരവർഷം പൊഴിക്കുകയുമാണവർ ചെയ്തിരുന്നത്. ജാലമാണ്, ഭ്രാന്താണ്, തനി വ്യാജമാണ് എന്നൊക്കെ പറഞ്ഞു കാലം കഴിക്കുകയാണല്ലോ അവർ ചെയ്തത്. എന്നു സാരം.

അതിൽ വിശ്വസിച്ചു(آمنا به) എന്നും അതിൽ അവിശ്വസിച്ചു(كفروا به) എന്നും പറഞ്ഞതിലുള്ള സർവ്വനാമം (ضمير) കൊണ്ടുദ്ദേശ്യം നബി ﷺ പ്രബോധനം ചെയ്ത സത്യയാഥാർത്ഥ്യം (الحق)ആകുന്നു. ഒരു പക്ഷേ, അത് നബി ﷺയെ ഉദ്ദേശിച്ചായിരിക്കുവാനും സാധ്യതയുണ്ട്. അപ്പോൾ به എന്നതിനു രണ്ടിടത്തും അദ്ദേഹത്തിൽ എന്ന് അർത്ഥം കൊടുക്കണം

وَحِيلَ بَيْنَهُمْ وَبَيْنَ مَا يَشْتَهُونَ كَمَا فُعِلَ بِأَشْيَاعِهِم مِّن قَبْلُ ۚ إِنَّهُمْ كَانُوا۟ فِى شَكٍّ مُّرِيبٍۭ ﴿٥٤﴾

﴾54﴿ അവരുടെയും, അവർ ഇച്ഛിക്കുന്നതിന്റെയും ഇടയിൽ മറ ഇടപ്പെടും തടസ്സം നേരിടും ; മുമ്പുണ്ടായിരുന്ന അവരുടെ കക്ഷികളെക്കൊണ്ട് ചെയ്യപ്പെട്ടതുപോലെ (ത്തന്നെ), (കാരണം) നിശ്ചയമായും അവർ ആശയക്കുഴപ്പമുണ്ടാക്കുന്ന സംശയത്തിലായിരുന്നു.

﴾54﴿ وَحِيلَ മറയിടപ്പെടും, (തടയപ്പെടും) بَيْنَهُمْ അവർക്കിടയിൽ وَبَيْنَ مَا يَشْتَهُونَ അവർ ഇച്ഛിക്കുന്നതിനിടയിലും كَمَا فُعِلَ ചെയ്യപ്പെട്ടതുപോലെ بِأَشْيَاعِهِم അവരുടെ കക്ഷികളെക്കൊണ്ട് مِن قَبْلُ മുമ്പ്, മുമ്പുള്ള إِنَّهُمْ كَانُوا നിശ്ചയമായും അവരായിരുന്നു فِى شَكٍّ സംശയത്തിൽ مُرِيبٍ ആശയക്കുഴപ്പമുണ്ടാക്കുന്ന, സന്ദേഹകരമായ

എനി അവർ എന്തുതന്നെ ഇച്ഛിച്ചിട്ടും ഫലമില്ല. മുമ്പ് ഇവരെപ്പോലെ അവിശ്വാസികളായി ജീവിച്ചിരുന്ന എല്ലാ വിഭാഗക്കാരിലും എടുക്കുന്ന അതേ ശിക്ഷാനടപടി ഇവരിലും നടത്തപ്പെടും. കാരണം, സത്യത്തിൽ വിശ്വസിക്കാതെ, ആശയക്കുഴപ്പവും സംശയവുമായി തങ്ങളുടെ ജീവിതകാലം അവർ പാഴാക്കിയതുതന്നെ.

والله الموفق والمعين وله الحمد

[التسويد قبيل ظهر يوم الثلثاء ٢٨ ربيع الأخر ١٣٨١ هـ الموافق ١٠/١٠/٦١ م
والتبييض مساء يوم الإثنين ١١ صفر ١٣٨٩ – الموافق ٢٨/ ٤/ ٦٩ م]

വ്യാഖ്യാനക്കുറിപ്പ്:

സുലൈമാൻ നബി (അ)യുടെ മരണവാർത്തയെപ്പറ്റി ക്വുർആന്റെ പ്രസ്താവനയും തൽപര കക്ഷികളുടെ വ്യാഖ്യാനവും

സ്വന്തം ആശയങ്ങൾക്ക് യോജിച്ചു കാണാത്ത ക്വുർആൻ വാക്യങ്ങൾക്ക് പുത്തൻ വ്യാഖ്യാനങ്ങൾ കണ്ടുപിടിച്ചു പ്രചരിപ്പിക്കുക പതിവാക്കിയവരുടെ പല ദുർവ്യാഖ്യാനങ്ങളെക്കുറിച്ചും നാം ഇതിനുമുമ്പ് നിരൂപണം നടത്തുകയുണ്ടായി. സുലൈമാൻ (അ), അദ്ദേഹത്തിന്റെ പിതാവായ ദാവൂദ് (അ) എന്നീ നബിമാരെ സംബന്ധിച്ചുള്ള ക്വുർആന്റെ പല പ്രസ്താവനകളും ഇവരുടെ പുതിയ വ്യാഖ്യാനങ്ങൾക്ക് പ്രത്യേകം കാരണമായിട്ടുണ്ട്. അതിലൊന്നാണ് സുലൈമാൻ നബി (അ)യുടെ മരണ വൃത്താന്തത്തെക്കുറിച്ച് സൂ:സബഉ് 14-ാം വചനത്തിൽ അല്ലാഹു ചെയ്ത പ്രസ്താവനയും, ഈ വചനത്തിന്റെ അർത്ഥവ്യാഖ്യാനങ്ങളിൽ ഇവർ ചെയ്ത പല ക്രമക്കേടുകളും ചൂണ്ടിക്കാട്ടുകയും, അത്തരം വ്യാഖ്യാനങ്ങൾ വഴി ആശയക്കുഴപ്പത്തിലായവർക്ക് യാഥാർത്ഥ്യം മനസ്സിലാക്കുകയുമാണ് ഈ കുറിപ്പു കൊണ്ടുദ്ദേശ്യം. والله الموفق

സൂ: സബഇലെ പ്രസ്തുത വചനം ഇതാണ് :-

فَلَمَّا قَضَيْنَا عَلَيْهِ الْمَوْتَ مَا دَلَّهُمْ عَلَىٰ مَوْتِهِ إِلَّا دَابَّةُ الْأَرْضِ تَأْكُلُ مِنسَأَتَهُ فَلَمَّا خَرَّ تَبَيَّنَتِ الْجِنُّ أَن لَّوْ كَانُوا يَعْلَمُونَ الْغَيْبَ مَا لَبِثُوا فِي الْعَذَابِ الْمُهِينِ

(അങ്ങനെ, അദ്ദേഹത്തിന്റെ - സുലൈമാന്റെ- മേൽ നാം മരണം വിധിച്ചപ്പോൾ, അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ച് അദ്ദേഹത്തിന്റെ വടിതിന്നു (നശിപ്പിച്ചു)കൊണ്ടിരുന്ന ചിതൽജീവിയല്ലാതെ (മറ്റാരും) അവർക്ക് അറിവു നൽകുകയുണ്ടായില്ല. എന്നിട്ട് അദ്ദേഹം നിലംപതിച്ചപ്പോൾ ജിന്നുകൾക്ക് വ്യക്തമായി ; തങ്ങൾക്ക് അദൃശ്യകാര്യം അറിയുമായിരുന്നുവെങ്കിൽ ഈ നിന്ദ്യമായ ശിക്ഷയിൽ തങ്ങൾ കഴിഞ്ഞുകൂടേണ്ടിവരുമായിരുന്നില്ല എന്ന്)

ഈ ആയത്തിന്റെ നേർക്കുനേരെയുള്ളതും, ക്വുർആൻ വ്യാഖ്യാതാക്കൾ നാളിതുവരെ സ്വീകരിച്ചുവന്നതുമായ വ്യാഖ്യാനം യഥാസ്ഥലത്ത് നാം വിവരിച്ചിട്ടുണ്ട്. ആയത്തിന്റെ ആദ്യഭാഗത്തിന് പുതിയ വ്യാഖ്യാനക്കാർ സ്വീകരിച്ച അർത്ഥം : അങ്ങനെ അദ്ദേഹത്തിന്റെ പേരിൽ നാം മരണം വിധിച്ചപ്പോൾ, ഭൂമിയിലെ ഒരു ജീവിമാത്രമാണ് അദ്ദേഹത്തിന്റെ മരണം അവരെ അറിയിച്ചത്. ആ ജീവി അദ്ദേഹത്തിന്റെ രാജദണ്ഡു തിന്നുകയായിരുന്നു. എന്നാണ് ഇവർ നൽകുന്ന വ്യാഖ്യാനത്തിന്റെ ചുരുക്കം ഇപ്രകാരമാകുന്നു : ബൈബ്ളിൽ (1. രാജാക്കൾ, അ: 112) പറഞ്ഞതുപോലെ സുലൈമാൻ (അ)ന്റെ മകൻ അദ്ദേഹത്തിനുശേഷം രംഗത്തുവരികയും, ജനങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടായിത്തീരുകയും ചെയ്തു. ഇസ്രാഈല്യ, യഹൂദ്യാ എന്നിങ്ങിനെ രാഷ്ട്രം രണ്ടായി പിരിഞ്ഞു. അങ്ങനെ, ആ ക്ഷേമ രാഷ്ട്രം ആ മകൻ താമസംവിനാ അധഃപതിപ്പിച്ചു. അതുവഴി, സുലൈമാൻ നബിയുടെ മരണം ജനങ്ങളെ അറിയിച്ചത് അവനാണ്, ഭൂമിയിലെ ഒരു ജീവി (دابة الأرض) എന്നു പറഞ്ഞത് ആ മകനെപ്പററിയാണ്. അല്ലാഹു വെറുപ്പോടെ പറഞ്ഞതാണ് ആ വാക്ക്. ഒരു തറവാട്ടിലെ അച്ചടക്കത്തെ ലംഘിക്കുന്ന അനന്തരാവകാശിയെക്കുറിച്ച് അതിലെ മുതിർന്ന അംഗങ്ങൾ തങ്ങളുടെ ബാപ്പ മരിച്ചത് അറിയിച്ചത് ഇവനാണ് എന്ന് പറയുംപോലെയുള്ള ഒരു പ്രയോഗമാണി

ത്. മിൻസഅത്ത് (منسأة) എന്നാൽ 'ദണ്ഡ്' അഥവാ 'ചെങ്കോൽ' എന്നാണർത്ഥം ചെങ്കോൽ ധരിക്കുക എന്ന് പറഞ്ഞാൽ രാജത്വം കൊടുക്കുക എന്നാണല്ലോ ഉദ്ദേശ്യം. അതുപോലെ സുലൈമാൻ നബി(അ) മരണപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ രാജദണ്ഡ് അഥവാ രാജത്വം നശിപ്പിച്ചത് ഭൂമിയിലെ ഒരു അധമ ജീവിയാണ്. ആ മകനാണ്) അഥവാ അദ്ദേഹം മരിച്ചത് കൊണ്ടുണ്ടായ മാറ്റം അറിയിച്ചത് അവനാണ്. ഇതാണ്. ഇവരുടെ വ്യാഖ്യാനത്തിന്റെ ചുരുക്കം.

ആയത്തിന്റെ ബാക്കി ഭാഗത്തിന് ഇവരുടെ അർത്ഥം : അങ്ങനെ, അദ്ദേഹം മരണമടഞ്ഞപ്പോൾ തങ്ങൾ അദൃശ്യകാര്യം അറിഞ്ഞിരുന്നെങ്കിൽ അപമാനകരമായ ശിക്ഷയിൽ (ഇത്രയും കാലം) ജീവിക്കേണ്ടിവരികയില്ലായിരുന്നുവെന്ന് ജിന്നുകൾക്ക് വ്യക്തമായി. എന്നാണ് ഇതിന് നൽകുന്ന വിവരണത്തിന്റെ ചുരുക്കം ഇപ്രകാരമാകുന്നു : ഫലസ്തീൻ കടുത്ത പോക്കിരികളുടെയും, ധിക്കാരികളുടെയും നാടാണ്. സുലൈമാൻ നബി(അ) അവരെ കർശനമായി നിയന്ത്രിച്ചു. പാകത വിട്ടവരെ ചങ്ങലയിട്ടും മറ്റും ശിക്ഷിച്ചു. കുറെയൊക്കെ പാകതയുള്ളവരെക്കൊണ്ട് കഠിന ജോലികൾ ചെയ്യിച്ചു. ആ മുരട്ടുജീവികൾക്ക് ചാടിപ്പോകാനും ഭയമായി. അദ്ദേഹം മരിച്ചപ്പോൾ അവർക്കൊരു ഖേദം : ഇദ്ദേഹം ഇന്ന സമയത്ത് മരിക്കുമെന്നറിഞ്ഞെങ്കിൽ അതിന്ന് അൽപം മുമ്പ് നമുക്ക് ചാടിപ്പോകാമായിരുന്നു. എന്നാൽ, നമ്മെ തിരിച്ചുകൊണ്ടുവരാൻ സാധ്യമല്ലല്ലോ. പിന്നീടുള്ളത് മകനാണ്. അവനെപ്പറ്റി നമുക്കറിയാവുന്നതാണ്. (മരണമടഞ്ഞു എന്ന് അർത്ഥംകൊടുത്ത) خر എന്ന പദത്തിന് മരിച്ചു എന്നും വീണു എന്നും അർത്ഥമുണ്ട്. വീണു എന്ന അർത്ഥം കൽപിച്ചതുകൊണ്ടാണ് വടി ചിതൽതിന്നു എന്നും മറ്റും പറയേണ്ടിവന്നതും കഥ കെട്ടിയുണ്ടാക്കേണ്ടി വന്നതും (*) ഇവർ വളരെയേറെ നീട്ടിവലിച്ചു പ്രസ്താവിച്ചിട്ടുള്ളതിന്റെ ചുരുക്കമാണിത്.

തങ്ങളുടെ അഭിപ്രായം ശരിവെച്ച ഒരു പണ്ഡിതന്റെയോ, ഗ്രന്ഥത്തിന്റെയോ പേർ ഇവർ കണ്ടെത്തിയതായി കാണുന്നില്ല. എങ്കിലും-പലപ്പോഴും ഇവർ ചെയ്യാറുള്ളതുപോലെ -ഒരു വ്യഥാ ശ്രമം ഇവിടെയും നടത്തിനോക്കാതിരുന്നിട്ടില്ല. മഹാനായ ഇബ്നു കഥീർ (റ) തങ്ങളുടെ അഭിപ്രായക്കാരനാണെന്ന് വരുത്തുവാൻ ഇവർ ഒരു ചെപ്പിടിവിദ്യ നടത്തിയിരിക്കുന്നു : ഇബ്നു കഥീറിനെക്കൊണ്ട് ചിലപ്പോൾ വളരെ കാര്യമുണ്ട്, അദ്ദേഹം ഒരു ഹദീഥു പണ്ഡിതനും കൂടിയാണ്. സുലൈമാൻ നബിയുടെ മരണം സംബന്ധിച്ച കഥ സ്വീകാര്യമല്ലെന്നു അദ്ദേഹം തന്റെ തഫ്സീറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ കഥ നബി പറഞ്ഞതായിട്ടാണ് ഉദ്ധരിച്ചുകാണുന്നതെന്നും, പക്ഷേ, അത് 'മുൻകറും, ഗരീബു'മാണെന്നും അദ്ദേഹം വ്യക്തമാക്കിയിരിക്കുന്നു. ഇത് വലിയ ആശ്വാസം തന്നെ എന്ന് ഇവർ പ്രസ്താവിക്കുന്നു. ആയത്തിലെ വാക്കുകളുടെ അർത്ഥം പരിശോധിക്കുന്നതിനു മുമ്പായി ആദ്യം ഇബ്നു കഥീർ (റ)നെപ്പറ്റി പറഞ്ഞ ഈ പ്രസ്താവന നമുക്കൊന്ന് പരിശോധിക്കാം :

മേലുദ്ധരിച്ച ക്വുർആൻ വചനത്തെക്കുറിച്ച് തനിക്ക് പറയുവാനുള്ള വ്യാഖ്യാനം ഇബ്നു കഥീർ (റ) തന്റെ തഫ്സീറിൽ ആദ്യമേ വിവരിച്ചിട്ടുണ്ട്. നാലുവരിയോളം വരുന്ന അതിന്റെ സാരം ഇതാണ് : സുലൈമാൻ നബിയുടെ മരണം ഉണ്ടായതെങ്ങിനെയെന്നും, അദ്ദേഹത്തിന് കീഴ്പെടുത്തിക്കൊടുത്ത ജിന്നുകൾക്ക് ആ വാർത്ത എങ്ങിനെയാണ് അല്ലാഹു അറിയാൻ കഴിയാതാക്കിയത് എന്നും ഈ ആയത്തിൽ അല്ലാഹു വിവരിക്കുന്നു. അതായത് : ഇബ്നു അബ്ബാസ്, മുജാഹിദ്, ഹസൻ, ക്വത്താദഃ (റ) എന്നിവരും ഒന്നിലധികം ആളു

(*) സുലൈമാൻ നബി(അ) മരിച്ച വിവരം അറിഞ്ഞത് അദ്ദേഹത്തിന്റെ വടി ചിതൽ തിന്നറുത്തതുകൊണ്ടാണെന്നും മറ്റും പറയുന്നതാണ് കഥ കൊണ്ടുദ്ദേശ്യം.

കളും പറഞ്ഞിട്ടുള്ളതുപോലെ ഒരു കൊല്ലത്തോളം വരുന്ന ഒരു നീണ്ട കാലം അദ്ദേഹത്തിന്റെ വടിയുടെ-അതാണ് അദ്ദേഹത്തിന്റെ മിൻസത്ത് എന്നു പറഞ്ഞത്-മേൽ അദ്ദേഹം ഊന്നിപ്പിടിച്ചുകൊണ്ട് കഴിഞ്ഞുകൂടി. അങ്ങനെ ദാബ്ബത്തുൽഅർള് - അതായത് ചിതൽ - അത് തിന്നപ്പോൾ അത് ദുർബലമാകുകയും, അദ്ദേഹം ഭൂമിയിലേക്ക് വീഴുകയും, അദ്ദേഹം അതിന്റെ ഒരു നീണ്ട കാലം മുമ്പ് മരണപ്പെട്ടിരുന്നുവെന്നു അറിയപ്പെടുകയും ചെയ്തു. ജിന്നുകൾ ധരിച്ചു വശാകുകയും മനുഷ്യരെ അവർ ധരിപ്പിക്കുകയും ചെയ്തിരുന്നതുപോലെ, മറഞ്ഞ കാര്യങ്ങൾ തങ്ങൾക്ക് അറിയുകയില്ലെന്നും ജിന്നുകൾക്ക് -മനുഷ്യർക്കു തന്നെയും- വ്യക്തമാക്കുകയും ചെയ്തു. ഇതാണ് ഇബ്നു കഥീറിന്റെ വ്യാഖ്യാനവും അദ്ദേഹത്തിന്റെ വചനങ്ങളും.

തുടർന്നുകൊണ്ട് ഇബ്നു കഥീർ(റ) - അദ്ദേഹത്തിന്റെ പതിവു പ്രകാരം - ഈ വിഷയകമായി വന്ന ചില പ്രമാണങ്ങൾ ഉദ്ധരിക്കുകയും, അവയുടെ സ്വീകാര്യതയെക്കുറിച്ച് സംസാരിക്കുകയും ചെയ്യുന്നു. ഒന്നാമതായി ഉദ്ധരിക്കുന്നത് ഇവർ ചൂണ്ടിക്കാട്ടിയ ആ ഹദീഥ്-നബി പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ട ഹദീഥു-തന്നെ, കുറെ അതിശയോക്തി കലർന്ന ആ ഹദീഥിന്റെ മുമ്പും പിമ്പും (ഇവർ ചൂണ്ടിക്കാട്ടിയതിനെക്കാൾ ശക്തിയായ ഭാഷയിൽ) അതു സ്വീകരിക്കുവാൻ നിവൃത്തിയില്ലെന്ന് അദ്ദേഹം വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു. ഒരു പക്ഷേ, അത് മൌഖൂഫ് (സ്വഹാബിയുടെ പ്രസ്താവന) ആയിരിക്കാമെന്നു അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്. രണ്ടാമതായി, ചില സ്വഹാബികളിൽ നിന്നു നിവേദനം ചെയ്യപ്പെട്ടതും, കൂടുതൽ അതിശയോക്തി കലർന്നതുമായ ഒരു രിവായത്താണദ്ദേഹം ഉദ്ധരിക്കുന്നത്. തുടർന്നുകൊണ്ട് ആ പ്രസ്താവന വേദക്കാരിൽ നിന്ന് കേട്ടതായിരിക്കുമെന്നും, യഥാർത്ഥത്തോടു യോജിച്ച ഭാഗമല്ലാതെ അതിൽനിന്നൊന്നും സ്വീകരിച്ചുകൂടാത്തതാണെന്നും അദ്ദേഹം വ്യക്തമാക്കുന്നു. അപ്പോൾ ഈ രണ്ട് പ്രമാണങ്ങളും വിശ്വാസയോഗ്യമല്ലെന്ന് അദ്ദേഹം നമുക്കു കാണിച്ചുതന്നു. ഒരു കാര്യം മറന്നുകൂടാ : ഒരു ഹദീഥോ രിവായത്തോ സ്വീകാര്യമല്ലെന്ന് പറയുമ്പോൾ, അതിൽ അതിശയോക്തി കലർന്നതും മറ്റും തെളിവുകളാൽ സ്ഥാപിതമായതുമായ ഭാഗം അവയിലുണ്ടെങ്കിൽ അതും തള്ളപ്പെടണമെന്നു അതിന് അർത്ഥമില്ലാത്തതാണ്.

മൂന്നാമതായി ഇബ്നു കഥീർ (റ) ഉദ്ധരിക്കുന്നത്, അബ്ദുറഹിമാനുബ്നു സൈദുബ്നു അസ്‌ലം(റ) പ്രസ്താവിച്ചതായി ഇബ്നുവഹാബും, അസ്വ്ബഗും (اصبغ) ഉദ്ധരിച്ച രിവായത്താണ്. അതിന്റെ ചുരുക്കം ഇപ്രകാരമാകുന്നു ; സുലൈമാൻ (അ) ഒരു പളുങ്കുകൊട്ടാരമുണ്ടാക്കുവാൻ ജിന്നുകളോട് കൽപിച്ചിരുന്നു. അദ്ദേഹം അതിൽ വടി കുത്തിപ്പിടിച്ചുകൊണ്ട് നമസ്കാരത്തിന് നിന്നു. ആ നിലയിൽ അദ്ദേഹം മരണമടഞ്ഞു. ജിന്നുകൾ പതിവുപോലെ അവരവരുടെ ജോലിചെയ്തുകൊണ്ടിരുന്നു. അവർക്കു അദ്ദേഹത്തെ കാണാമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ വടി തിന്നറുക്കുവാൻ ചിതലിനെ നിയോഗിച്ചു. വടിക്ക് ബലക്ഷയം വന്നപ്പോൾ അദ്ദേഹം നിലംപതിച്ചു. അപ്പോഴാണ് ജിന്നുകൾ വിട്ടുപോയത്. ഇതിന്റെ നിവേദകൻമാരിൽ ഒരാളായ അസ്വ്ബഗു പറയുകയാണ് : നിലംപതിക്കുന്നതിന് മുമ്പ് സുലൈമാൻ നബി (അ) ഒരു കൊല്ലം അങ്ങിനെ നിന്നിട്ടുണ്ടെന്ന് (ഇബ്നു സൈദു അല്ലാത്ത) മറ്റു ചിലരിൽ നിന്ന് എനിക്ക് വിവരം കിട്ടിയിരിക്കുന്നു. ഇതാണ് മൂന്നാമത്തെ ഉദ്ധരണി. ഇതിനെത്തുടർന്ന് ഇബ്നു കഥീർ(റ) ന്റെ വാചകം ഇതാണ് : والله أعلم وذكر غير واحد من السلف نحوامن هذا. (മുൻഗാമികളിൽ ഒന്നിലധികം ആളുകൾ ഏതാണ്ടിപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്. അല്ലാഹുവിനറിയാം)

ചുരുക്കത്തിൽ, ഇബ്നു കഥീർ(റ) തന്റെ തഫ്സീറിൽ ആദ്യം തനിക്കു മേപ്പടി ആയ

ത്തിന്റെ വ്യാഖ്യാനമായി മനസ്സിലായത് ഇന്നതാണെന്ന് രേഖപ്പെടുത്തി. പിന്നീട് വിഷയത്തെ സംബന്ധിച്ച രണ്ടു ഉദ്ധരണികൾ ഉദ്ധരിക്കുകയും അവയെ വിമർശിക്കുകയും, അവ സ്വീകാര്യമല്ലെന്നു ചൂണ്ടിക്കാട്ടുകയും ചെയ്തു. അവസാനം, തന്റെ വ്യാഖ്യാനമായി താൻ ആദ്യം രേഖപ്പെടുത്തിയ അഭിപ്രായത്തോട് യോജിച്ച ഒരു രിവായത്തിനെ ശരിവെക്കുകയും അതുവഴി തന്റെ ആദ്യത്തെ സ്വന്തം പ്രസ്താവനയെ ഒന്നുകൂടി ബലപ്പെടുത്തുകയും ചെയ്തു. ഇതാണ് ഇബ്നു കഥീർ (റ) ചെയ്തത്. അദ്ദേഹം വടിയെ രാജദണ്ഡാക്കുകയും, ചിതലിനെ മനുഷ്യനാക്കുകയും ചെയ്തിട്ടില്ല, ജിന്നുകളെ പോക്കിരികളാക്കുകയും ചെയ്തിട്ടില്ല. മാത്രമല്ല, മിൻസത്തു എന്നാൽ വടിയാണെന്നും ദാബ്ബത്തുൽ അർദ്വ് എന്നാൽ, ചിതലാണെന്നും പ്രത്യേകം എടുത്തുപറയുകയും കൂടി ചെയ്തിരിക്കുകയാണ്. ഇബ്നു കഥീർ(റ) ഒരു പുത്തൻ വ്യാഖ്യാനക്കാരനാണെന്ന് വരുത്തിത്തീർക്കണമെന്ന വാശിയില്ലാത്തവർക്ക് ഇപ്പോൾ ഇവരുടെ കൃത്രിമം മനസ്സിലായിരിക്കുമെന്ന് കരുതുന്നു.

ഇബ്നു കഥീറിനെക്കൊണ്ട് ചിലപ്പോൾ ഉപകാരമുണ്ടെന്നും, അദ്ദേഹം ക്വുർആൻ വ്യാഖ്യാതാവും ഹദീഥ് പണ്ഡിതനും കൂടിയാണെന്നുമുള്ള ഇവരുടെ പ്രശംസ നാം കണ്ടുവല്ലൊ. അതു നാമും ഏറ്റു പറയുന്നു. കൂടാതെ, അദ്ദേഹം ക്വുർആന്റെയും ഹദീഥിന്റെയും ഉദ്ദേശ്യങ്ങളെ അന്യഥാവ്യാഖ്യാനിക്കാത്ത മഹാനും, സലഫുസ്സാലിഹിന്റെ മാർഗം മുറുകെ പിടിക്കുന്ന ആളുംകൂടിയാണെന്നും നമുക്കു പറയാം. ഈ ആയത്തിന്റെ വിവരണത്തിൽ അദ്ദേഹവും, അദ്ദേഹത്തെപ്പോലെയുള്ള പല മഹാൻമാരും സ്വീകരിച്ച അതേനിലതന്നെ നാമും സ്വീകരിക്കുന്നു. അവർ പ്രസ്താവിച്ചുവെന്നുള്ളതല്ല കാരണം. ക്വുർആന്റെ വാക്യങ്ങളോട് അവരുടെ വ്യാഖ്യാനങ്ങൾ വ്യക്തമായി യോജിച്ചുകാണുന്നതും, അവർ സ്വന്തമായൊരഭിപ്രായം ആദ്യം സ്വരൂപിച്ചുവെച്ച ശേഷം ക്വുർആനെ അതിനോട് യോജിപ്പിക്കുവാൻ ശ്രമിക്കാറില്ലത്തതുമാണ് അതിനുകാരണം. എന്നാൽ, സുലൈമാൻ നബി(അ) മരണപ്പെട്ട ശേഷം ഒരു കൊല്ലത്തോളം വടി കുത്തിപ്പിടിച്ച നിലയിൽ നിന്നുവെന്നുള്ള കാല നിർണയത്തെ ശരിവെക്കുവാനോ നിഷേധിക്കുവാനോ മതിയായ തെളിവു നാം കാണുന്നുമില്ല. والله أعلم

എനി ആയത്തിലെ ചില വാക്കുകൾക്ക് ഇവർ കൽപിച്ച അർത്ഥങ്ങളെക്കുറിച്ച് നമുക്ക് പരിശോധിക്കാം. ഇവരുടെ വ്യാഖ്യാനത്തിന്റെ അച്ചുതണ്ട് മിൻസഅത്ത്, ദാബ്ബത്തുൽഅർദ്വ് (منسأة دابة الأرض) മുതലായ വാക്കുകളുടെ അർത്ഥങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. മിൻസഅത്ത് എന്ന പദത്തിന് വടി, ആട്ടിടയന്റെ വടി. ഇടയന്റെ കൈവശമുണ്ടാകുന്ന വലിയ വടി എന്നിങ്ങിനെയുള്ള അർത്ഥങ്ങളാണ് നിഘണ്ടുകളിലും മറ്റും കാണുന്നത് (*) 'രാജദണ്ഡ്' എന്നോ 'ചെങ്കോൽ' എന്നോ അർത്ഥം വരത്തക്ക ഒരു വാക്കും എവിടെയും കാണുന്നില്ല. ഉണ്ടായിരുന്നുവെങ്കിൽ ഇവർ തന്നെ അതു തേടിപ്പിടിക്കുമായിരുന്നുവല്ലോ.

(*) ക്വാമൂസിൽ العصا (വടി)എന്നും മുൻജിദിൽ العصا العظيمة التى تكون مع الراعى എന്നും, മുഫ്റദാത്ത്-റാഗിബിൽ عصا ينسأبه الشيء اى يؤخر എന്നും, ഫറാഇദു-ദ്ദുർരിയ്യഃയിൽ Stick, Shephered's staff എന്നും കാണാം. അറബിഭാഷാനിപുണനായ അബൂഉബൈദഃ المنسأ العصا مفعلة من نسأ اذا زجرت الأبل എന്നു പറഞ്ഞതായി ഫത്ഹുൽബാരിയിലും കാണാം. ഇമാം ബുഖാരി (باب واذكر عبدنا داود ذاالأيد أنه اواب എന്ന അദ്ധ്യായത്തിൽ) ഇബ്നു അബ്ബാസ് (റ)ന്റെ ഒരു പ്രസ്താവന ഉദ്ധരിച്ചതിൽ ഇങ്ങിനെ കാണാം. عصاه دابة الأرض الأرضة تأكل متسامة .... ഇങ്ങിനെ പലതും.

ദാബ്ബത്ത് (دابة) എന്നാൽ ജീവി, ജന്തു, മൃഗം എന്നൊക്കെയാണർത്ഥം അർദ്വു (ارض) ഭൂമിയും അതേ മൂന്ന് അക്ഷരങ്ങൾ മാത്രം ഉൾക്കൊള്ളുന്ന അരിദ്വ എന്നതിന് ചിതൽപിടിച്ചു എന്നും, അർദ്വുൻ എന്നതിന് ചിതൽപിടിക്കുക എന്നുമാണ് അർത്ഥം. ഇതും നിഘണ്ടുക്ക

ളിൽ കാണാം. ഏതായാലും ദാബ്ബത്തുൽ അർദ്വ് എന്ന് പറയുമ്പോൾ ഭൂമിയിലെ ജീവി അല്ലെങ്കിൽ ഭൂമിയിലെ ജന്തു എന്നിങ്ങിനെ മലയാളത്തിൽ ആ വാക്കിന് വിവർത്തനം നൽകാമെങ്കിലും എല്ലാ ക്വുർആൻ വ്യാഖ്യാതാക്കളും ഇവിടെ അതിന് അറബിയിൽ പര്യായപദമായി കൊടുത്തിട്ടുള്ളവാക്ക് (അൽഅറദ്വത്ത്)എന്നത്രെ. ഈ വാക്കിനാകട്ടെ, ചിതൽ എന്നു തന്നെയാണർത്ഥം. ഇവർ പറയുംപോലെ, ഭൂമിയിലെ ഒരു ജീവി എന്ന് دابة الأرض ന് ആരും അർത്ഥം പറഞ്ഞിട്ടില്ല. പറയുവാൻ തരവുമില്ല. അൽ എന്ന അവ്യയം കൂടാതെ (ദാബ്ബത്തുഅർദ്വിൻ) എന്നായിരുന്നു ഉള്ളതെങ്കിൽ ആ അർത്ഥം വരുമായിരുന്നില്ല. മാത്രമല്ല, വടി തിന്നറുക്കുന്ന ജീവിയായതുകൊണ്ട് ആ ജീവി - ഇവർ പറയും പോലെ - മനുഷ്യനാകുവാനും ന്യായമില്ല.

എനി, മിൻസഅത്തിന് ചെങ്കോൽ, അല്ലെങ്കിൽ രാജദണ്ഡ് എന്നും ദാബ്ബത്തുൽ അർദ്വിന്ന് ഭൂമിയിലെ ഒരു ജീവി അല്ലെങ്കിൽ മനുഷ്യജീവി എന്നും അർത്ഥം വരാമെന്ന് സങ്കൽപിക്കുക, എന്നാൽതന്നെയും രാഷ്ട്രത്തെ - അല്ലെങ്കിൽ രാജാധികാരത്തെ-നശിപ്പിക്കുക എന്ന അർത്ഥത്തിൽ دابة الأرض تأكل المنسأة പോലെയുള്ള ഒരു അലങ്കാര പ്രയോഗം നാളിതുവരെ അറബിഭാഷയിലുള്ളതായി അറിയപ്പെടുന്നില്ല. ഇന്ന ആളുടെ മരണം കൊണ്ടുണ്ടായ നഷ്ടം വെളിപ്പെട്ടത് ഇന്ന ആൾ മൂലമാണ് എന്ന ഉദ്ദേശ്യത്തിൽ ما دل على موته الافلان (ഇന്നവനല്ലാതെ അയാളുടെ മരണത്തെപ്പറ്റി അറിയിച്ചില്ല) എന്നതുപോലുള്ള ഒരു പ്രയോഗം അറബികളിൽ പതിവുള്ളതായും കാണുന്നില്ല. എനി, വല്ല ആധുനിക അറബി സാഹിത്യങ്ങളിലും അങ്ങിനെ ഉണ്ടെങ്കിൽതന്നെ, അത് ക്വുർആൻ അവതരിച്ച കാലത്തെ ഭാഷക്കു ബാധകവുമല്ല. ഒരു ഭാഷയിലെ പ്രയോഗവും, ശൈലിയും മറ്റൊരു ഭാഷയിൽ - ആ ഭാഷക്കാർ ഉപയോഗിക്കാറില്ലത്തപക്ഷം-അർത്ഥ വിവരണത്തിന് മാനദണ്ഡമാക്കുവാൻ നിവൃത്തിയില്ല. ഇതെല്ലാം ഉദാഹരണങ്ങൾ ഉദ്ധരിച്ചു വിവരിക്കുന്ന പക്ഷം ഈ കുറിപ്പ് വളരെ ദീർഘിച്ചു പോകുമെന്ന് കരുതി ചുരുക്കുകയാണ്.

മിൻസഅത്തിന്റെയും ദാബ്ബത്തുൽ അർദ്വിന്റെയും അർത്ഥങ്ങൾ ഇവർ കല്പിച്ചതു ശരിയല്ലാത്ത സ്ഥിതിക്ക് ആ തെറ്റായ അർത്ഥത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിപ്പടുത്ത വ്യാഖ്യാനങ്ങൾക്കൊന്നും മറുപടി പറയേണ്ടതായിട്ടില്ല. എങ്കിലും സാധാരണക്കാരെ സംശയിപ്പിക്കുന്ന ഇവരുടെ ചില ചോദ്യങ്ങളെയും, യുക്തിവാദങ്ങളെയും കുറിച്ച് അൽപം ചില സംഗതികൾകൂടി ഇവിടെ ഓർമിപ്പിക്കാം :

വളരെ തന്ത്രപരമായ പ്ളാനുകളോടുകൂടി എല്ലാ കാര്യങ്ങളും നടത്തിവരുന്ന അല്ലാഹുവിന് ഒരു നബിയുടെ മയ്യിത്ത് (മൃതദേഹം) മറവുചെയ്യുവാൻ പ്ലാനുണ്ടാക്കുവാൻ കഴിയുകയില്ലേ ? എന്ന് ഇവർ ചോദിക്കുന്നു. എന്നാൽ, സുലൈമാൻ നബി(അ)യുടെ മരണവർത്തമാനം കുറെ നാളത്തേക്കു ആരും അറിയാതാക്കിയതു കഴിവുകേടായോ പ്ലാനുകളിൽ വന്ന പാകപ്പിഴവായോ - ഇവരല്ലാതെ - ആരും കരുതുകയില്ല. കരുതുന്നുമില്ല. നേരെ മറിച്ച് അവന്റെ അപാരമായ കഴിവിന്റെയും മനുഷ്യർക്ക് കണ്ടുപിടിക്കാൻ കഴിയാത്ത വമ്പിച്ച പ്ലാനുകളുടെയും ഒരു ചെറിയ ഉദാഹരണം മാത്രമായിരുന്നു അത്. ഒരു വടിയുമായി നിൽക്കുന്ന സുലൈമാൻ(അ)-ഒരു പ്രവാചകനും മഹാരാജാവും കൂടിയാണദ്ദേഹം-അതേ നിലയിൽ മരണപ്പെടുകയും, ആ വാർത്ത മനുഷ്യരും ജിന്നുകളും അടങ്ങുന്ന പ്രജകളും, ഉദ്യോഗസ്ഥൻമാരും കുറെ ദിവസം അറിയാതിരിക്കുകയും അതേസമയത്ത് ആ മൃതദേഹത്തിൽ മരണത്തിന്റെ അടയാളങ്ങൾ പ്രത്യക്ഷപ്പെടാതിരിക്കുകയും ചെയ്യുന്നത് ഒരു അസാധാരണസംഭവം തന്നെയാണ്. സുലൈമാൻ നബി(അ)യെപ്പറ്റി മറ്റുപല അസാധാരണ കാര്യങ്ങളും പറയുന്ന കൂട്ടത്തിലൊന്നായിത്തന്നെയാണ് ഈ സംഭവവും അല്ലാഹു പറഞ്ഞിട്ടുള്ളതും. പക്ഷേ, ആ ഓരോ കാര്യവും ദുർവ്യാഖ്യാനം ചെയ്‌വാൻ നേർച്ചനേർന്നി

ട്ടുള്ളവർക്ക് അത് സമ്മതിക്കുവാൻ വിഷമമുണ്ടാകും എന്നേയുള്ളൂ. മരണവാർത്ത അറിയാൻ താമസിച്ചത്നിമിത്തം മൃതദേഹത്തിൽ സ്വാഭാവികമായും ഉണ്ടാകാറുള്ള സാധാരണമായ വല്ല മാറ്റങ്ങളും സംഭവിച്ചിരുന്നുവെങ്കിൽ ഇവരുടെ ചോദ്യത്തിന് സ്ഥാനമുണ്ടായിരുന്നു. അങ്ങിനെ ആരും പറയുകയോ, സംശയിക്കുകയോ ചെയ്തിട്ടുമില്ല – ഈ കൂട്ടർ ഒഴികെ.

മനുഷ്യൻ മരിച്ചാൽ രണ്ടു മൂന്നു ദിവസം കൊണ്ടു മൃതദേഹത്തിൽ മാറ്റം വരും. സുലൈമാൻ നബി(അ)മനുഷ്യനാണല്ലോ. എന്നിരിക്കെ കുറെകാലം കഴിഞ്ഞിട്ടും അദ്ദേഹത്തിന്റെ മൃതദേഹത്തിൽ എന്തുകൊണ്ട് മാറ്റം വന്നില്ല ? ഇതാണൊരു ചോദ്യം. ഈ സംഭവം സാധാരണയിൽ നിന്ന് ഒറ്റപ്പെട്ട ഒരു സംഭവമാണെന്ന വാസ്തവം ഇരിക്കട്ടെ. അല്ലെന്നിരുന്നാൽ തന്നെ ആ മൃതദേഹത്തിൽ മാറ്റം പ്രത്യക്ഷപ്പെടാതിരിക്കുവാൻ പലനിലക്കും സാധ്യതയുണ്ട്. അബ്ദുറഹ്മാനുബ്നു സൈദ്(റ)ൽ നിന്ന് ഇബ്നുകഥീർ(റ) ഉദ്ധരിച്ച പ്രസ്താവനയിൽ, അദ്ദേഹം മരണപ്പെട്ടത് ഒരു പളുങ്കുകൊണ്ടു നിർമിച്ച മുറിയിൽവെച്ചാണെന്നു പറഞ്ഞുവല്ലോ. ഇത് ശരിയോ തെറ്റോ ആവട്ടെ, അദ്ദേഹത്തിന്റെ മരണം ഒരു വായുനിയന്ത്രണം(എയർ കണ്ടീഷൻ)ചെയ്യപ്പെട്ട മുറിയിൽ വെച്ചായിരിക്കുകയും, വസ്തുക്കൾ വേഗം കേടുവരാതിരിക്കത്തക്ക ഏതെങ്കിലും ഏർപ്പാടുകൾ ആ മുറിയിൽ ഉണ്ടായിരിക്കുകയും ചെയ്താൽ അതിൽ അൽഭുതമൊന്നുമില്ലല്ലൊ. ഇവർക്ക്, ചൂടും തണുപ്പും നിയന്ത്രിച്ചും ചില മരുന്നുപയോഗങ്ങൾ നടത്തിയും സാധനങ്ങൾ കേടുവരാതെ സൂക്ഷിക്കുന്ന സമ്പ്രദായം പണ്ടുകാലംമുതൽക്കേ പതിവുള്ളതാണ്. മ്യൂസിയങ്ങളിലും ശവക്കല്ലറകളിലും എത്രയോ മൃതദേഹങ്ങൾ നൂറ്റാണ്ടുകളായി അങ്ങിനെ ഇന്നും സൂക്ഷിക്കപ്പെട്ടുവരുന്നു. അങ്ങിനെ ഏതെങ്കിലും തരത്തിലുള്ള ഒരു സവിശേഷതയുണ്ടായിരുന്ന ഒരു മുറിയിൽവെച്ചാണ് സുലൈമാൻ നബി (അ)യുടെ മരണം സംഭവിച്ചതെങ്കിൽ അതിൽ അസാംഗത്യമായി എന്താണുള്ളത് ? അദ്ദേഹത്തിന്റെ കാലത്തെ സംബന്ധിച്ചിടത്തോളം അതിനു ധാരാളം സാധ്യതയുണ്ട്താനും.

എനി, സൂറത്തുൽ കഹ്ഫിൽ ഗുഹാനിവാസികളെ (اصحاب الكهف) പ്പറ്റി ഇക്കൂട്ടർ തന്നെ പ്രസ്താവിച്ച ചില പ്രസ്താവനകൾവെച്ചു നോക്കിയാൽ, ഈ ചോദ്യം – മൃതദേഹത്തിൽ എന്തുകൊണ്ട് മാറ്റം വന്നില്ല എന്ന ചോദ്യം – ചോദിക്കാൻ ഇവർ മുതിർന്നതിൽ ആശ്ചര്യംതോന്നും. ഗുഹാനിവാസികളെ തപസ്സിരിക്കുന്ന സന്യാസികളുടെ സ്ഥിതിഗതികളോട് ഉപമിച്ചുകൊണ്ട് ഇവർ അവിടെ പറഞ്ഞിട്ടുള്ളതിന്റെ ചുരുക്കം ഇതാണ് : ലോകബന്ധം ഇല്ലാതെ ഏകാന്തമായി ഭജനയിലും ആരാധനയിലും അവർ മുഴുകും. ചില പ്രത്യേകരീതിയിൽ ഇരുന്നോ, നിന്നോ മറ്റുവിധത്തിലോ മരണംവരെ കഴിഞ്ഞുകൂടും അതേ അവസ്ഥയിൽ തന്നെ അവർ മരിക്കും. ഭക്ഷണപാനീയങ്ങളെപറ്റി അവർക്ക് ശ്രദ്ധയില്ല. കിട്ടിയാൽ ഉപയോഗിക്കും അത്രമാത്രം. അവരെ ആരും അലട്ടാറില്ല. അതിനാൽ മരണപ്പെട്ടാലും ആരും അന്വേഷിക്കയോ പരിശോധിക്കയോ ഇല്ല. മരണശേഷവും മുമ്പുണ്ടായിരുന്ന അതേ അവസ്ഥയിൽ – നിന്നോ ഇരുന്നോ മറ്റോ – അവശേഷിക്കും. കാലാവസ്ഥയുടെ അനുകൂലവും, ദുഷ്ടജന്തുക്കളിൽ നിന്നും രക്ഷയും കിട്ടിയാൽ മൃതദേഹങ്ങൾ നൂറ്റാണ്ടുകളോളം അങ്ങിനെത്തന്നെയിരിക്കും, അകലെ നിന്നു നോക്കുന്നവർക്ക് അവർ ജീവിച്ചിരിക്കുകയാണെന്ന് തോന്നും.

സുലൈമാൻ നബി (അ) ഒരു സന്യാസിയായിരുന്നുവെന്നു നാം പറയുന്നില്ല. അദ്ദേഹം രാജാവെന്നപോലെ പ്രവാചകനും, ഭരണകർത്താവെന്ന് പോലെ മഹാഭക്തനും, ആരാധനയിൽ മുഴുകുന്നവനുമാണെന്ന് ക്വുർആൻ കൊണ്ട്തന്നെ മനസ്സിലാക്കാം, അദ്ദേഹം ഒരു സ്ഥലത്ത് സ്വസ്ഥമായി ആരാധനയിലോ, ധ്യാനത്തിലോ, മറ്റേതെങ്കിലും കാര്യത്തിലോ മുഴുകിയിരുന്നാൽ ആരെങ്കിലും അദ്ദേഹത്തെ അലട്ടാനോ പരിശോധിക്കാനോ ധൈര്യപ്പെടുമോ ? ഇങ്ങിനെയുള്ള ഒരവസരത്തിൽ പെട്ടെന്ന് അല്ലാഹു അദ്ദേഹത്തെ മര

ണപ്പെടുത്തുന്നപക്ഷം കുറെ നാളത്തേക്കെങ്കിലും അതുമറ്റാരും അറിയാതെയും, അന്വേഷിക്കാതെയും അജ്ഞാതമായിരിക്കുക സ്വാഭാവികം മാത്രമാണ്. സന്യാസിമാരെക്കുറിച്ചുള്ള ഇവരുടെ പ്രസ്താവനയിൽ സാധാരണ മനുഷ്യപ്രകൃതിക്കെതിരായി ഒന്നുമില്ലെങ്കിൽ അത് സുലൈമാൻ നബി(അ)യിലും അങ്ങിനെത്തന്നെയാണല്ലോ. ഗുഹാനിവാസികളുടെ സംഭവത്തിന്റെ യഥാർത്ഥനില മാറ്റി മറിച്ചു ചിത്രീകരിക്കുവാൻ ഇവർ ഉപയോഗിച്ച അതേ ന്യായങ്ങളെ സുലൈമാൻ നബി(അ)ന്റെ സംഭവത്തിന്റെ യഥാർത്ഥനില സ്ഥാപിക്കുവാൻ മറ്റുള്ളവർക്കും ഉപയോഗപ്പെടുത്താമല്ലോ. പക്ഷേ, സംഭവിച്ചത് അതാണെന്ന് നാം പറയുന്നില്ല.

ഇവരുടെ മറ്റൊരു ചോദ്യത്തിന്റെ ചുരുക്കം ഇപ്രകാരമാകുന്നു : ജിന്നുകൾ അദൃശ്യകാര്യം അറിയുമെന്ന വാദം ശരിയല്ലെന്ന് സമ്മതിപ്പിക്കുവാനാണ് ഇത്രയും കാലം സുലൈമാൻ നബി അങ്ങിനെ നിന്നതെന്ന് പറയുന്നു. ഈ ആവശ്യത്തിന് ഇത്ര പാടുപെടേണ്ടതുണ്ടോ ? നിങ്ങളെപ്പോഴാണ് മരിക്കുക എന്നു അവരോട് ചോദിച്ചാൽ പോരെ? അവർ ഉത്തരം മുട്ടുകയില്ലേ ? തന്റെ മുമ്പിലുള്ള ഒരാൾ മരിച്ചതും മരിക്കാത്തതും അദൃശ്യകാര്യമാണോ ? പഞ്ചേന്ദ്രിയങ്ങൾക്കും, ബുദ്ധിക്കും അതീതമായതല്ലേ അദൃശ്യകാര്യം ? സംഭവത്തെ മാറ്റിമറിക്കുന്ന തിരക്കിൽ ഇവർക്ക് ചില അമളികൾ പിണഞ്ഞിട്ടുണ്ടെന്നും, അതോടുകൂടി പൊതുജനങ്ങളെ കബളിപ്പിക്കാവുന്ന സൂത്രങ്ങൾ മാത്രമാണിതെന്നും പറയാതിരിക്കാൻ വയ്യ, കാരണം :

ജിന്നുകൾ അദൃശ്യകാര്യം (ഗൈബ്)അറിയുകയില്ലെന്ന് അവരെ സമ്മതിപ്പിക്കേണ്ടതിന്മാത്രമാണ് സുലൈമാൻ നബി(അ)ന്റെ മൃതദേഹം കുറെകാലം അങ്ങിനെ അല്ലാഹു താമസിപ്പിച്ചതെന്നു ആരും പറയുന്നില്ല. പറഞ്ഞിട്ടുണ്ടെങ്കിൽ അത് പറഞ്ഞവരുടെ മാത്രം അഭിപ്രായമാണ്. അദ്ദേഹം നിലത്തുവീണപ്പോൾ അക്കാര്യം ജിന്നുകൾക്ക് വ്യക്തമായി (الخ – فلما خر تبينت الجن) എന്നേ ഖുർആൻ പറയുന്നുള്ളൂ. എന്നിരിക്കെ, ഈ ചോദ്യങ്ങൾക്ക് വകയില്ല. ഓരോരുത്തരും എപ്പോഴാണ് മരിക്കുക എന്ന് ചോദിച്ചാലും മതി എന്ന പ്രസ്താവനക്കും പ്രസക്തിയില്ല. കാരണം, മരണസമയം അറിയുന്നത് മാത്രമല്ല അദൃശ്യകാര്യം. ഒരു അദൃശ്യകാര്യം അറിയാത്തത്കൊണ്ടു മറ്റുകാര്യങ്ങൾ അറിയുകയില്ലെന്നു വരികയില്ല ; അതിരിക്കട്ടെ, ഇവിടെ ജിന്നുകൾക്ക് മുൻകൂട്ടി അറിയാൻ കഴിയാതിരുന്ന അദൃശ്യകാര്യം ഏതായിരുന്നുവെന്നാണ് നോക്കേണ്ടത്. സുലൈമാൻ നബി (അ) എപ്പോൾ മരിക്കും എന്നുള്ളതല്ല അത്. അദ്ദേഹം വടിപിടിച്ചു നിൽക്കുന്നു ; അദ്ദേഹത്തെ വേണമെങ്കിൽ നോക്കിക്കാണുകയും ചെയ്യാം ; ജിന്നുകൾ നിർബന്ധിതരായി കഠിന ജോലികളിൽ കഴിയുകയാണ്. ഇതിനിടയിൽ അദ്ദേഹം ആരുമാരും അറിയാതെ മരിച്ചു ; മരണത്തിന്റെ അടയാളമൊന്നും അറിയപ്പെട്ടില്ല. ജീവനോടെയിരിക്കുകയാണെന്ന ധാരണയിൽ സംഗതികളെല്ലാം നടന്നുവരുന്നു ; ഒരു നേരിയ സംശയമെങ്കിലും തങ്ങൾക്ക് ലഭിച്ചിരുന്നെങ്കിൽ–നാളുകളോ, മാസങ്ങളോ–കഴിഞ്ഞപ്പോഴാണ് സംഗതി മനസ്സിലാകുന്നത് ;അതും നിസ്സാര ജീവിയായ ചിതലിന്റെ കാരണത്താൽ; ഇപ്പോഴാണ് ജിന്നുകൾക്ക് വ്യക്തമാകുന്നത് ; തങ്ങൾ അദൃശ്യകാര്യം അറിയുമായിരുന്നെങ്കിൽ ഈ നിന്ദ്യമായ ശിക്ഷയിൽ കഴിഞ്ഞുകൂടേണ്ടിവരികയില്ലായിരുന്നു (ما لبثوا الخ ان لو كانوا يعلمون الغيب) എന്ന് ! അതെ, തങ്ങൾ അദൃശ്യങ്ങളെ അറിയുന്നവരാണെന്ന ജിന്നുകളുടെ വാദവും, അതു ശരിയാണെന്നു കരുതിയിരുന്ന മനുഷ്യരുടെ ധാരണയും തെറ്റാണെന്ന് അനുഭവം വ്യക്തമാക്കി.

സാധാരണ നിലക്ക് ഒരാൾ മരണപ്പെട്ടതറിയുന്നത് അദൃശ്യം അറിയലല്ല. എന്നാൽ, മരണലക്ഷണങ്ങളൊന്നും പ്രത്യക്ഷപ്പെടാതിരിക്കുമ്പോൾ, അത് അദൃശ്യത്തിൽപെട്ടതുതന്നെയാണ്. ഇവർ പറയുന്നതുപോലെ സുലൈമാൻ നബി (അ) എപ്പോൾ മരിക്കുമെന്ന

തല്ല ഇവിടെ അദൃശ്യം കൊണ്ടുദ്ദേശ്യം. സുലൈമാൻ നബി (അ) മരിച്ചപ്പോൾ ജിന്നുകൾക്കൊരു ഖേദം ; ഇന്നപ്പോൾ മരിക്കുമെന്നറിഞ്ഞിരുന്നെങ്കിൽ അതിന് അൽപം മുമ്പ് നമുക്ക് ചാടിപ്പോകാമായിരുന്നു ; എന്നാൽ നമ്മെ ആരും തിരിച്ചുകൊണ്ടുവരികയില്ലായിരുന്നു ; അദ്ദേഹത്തിന്റെ മകനെപ്പറ്റിയാണെങ്കിൽ നമുക്ക് ഭയപ്പെടേണ്ടതൊന്നുമില്ല എന്നൊക്കെയുള്ള ഇവരുടെ വിശദീകരണവും അപ്രസക്തമാണ്. മിൻസഅത്തിന്റെയും ദാബ്ബത്തുൽ അർദ്വിന്റെയും അർത്ഥങ്ങൾ മാറ്റിപ്പറഞ്ഞതിൽ നിന്നുത്ഭവിച്ചതാണല്ലോ ഈ വിശദീകരണം. കൂടാതെ, ഇതിൽ മറ്റൊരു വാക്കിന്റെ അർത്ഥംകൂടി മാറ്റപ്പെട്ടിട്ടുമുണ്ട്. അദ്ദേഹം മരണപ്പെട്ടപ്പോൾ എന്നു പറഞ്ഞത് ആയത്തിലെ فلما خر എന്ന വാക്കിന്റെ അർത്ഥമെന്ന നിലക്കാണ്. അതുകൊണ്ട് خر യുടെ അർത്ഥം എന്താണെന്നുകൂടി നോക്കേണ്ടിയിരിക്കുന്നു :

خر (ഖർറ) എന്ന വാക്കിന് വീണു എന്നും, മരിച്ചു എന്നും അർത്ഥമുണ്ട്. വീണു എന്നർത്ഥം കല്പിച്ചതുകൊണ്ടാണ് നമുക്ക് അബദ്ധം പിണഞ്ഞതും, മരിച്ചു എന്ന അർത്ഥമാണ് ഇവിടെ കല്പിക്കേണ്ടതെന്നും ആണല്ലോ ഇവരുടെ വാദം. രണ്ടർത്ഥവും ആ വാക്കിന് വരാമെന്നുള്ളത് വാസ്തവമത്രെ. പക്ഷേ, ആ പദത്തിന്റെ സാക്ഷാൽ അർത്ഥം വീണു എന്നു തന്നെയാണ്. ക്വുർആനിൽ 12 സ്ഥലങ്ങളിൽ ഈ ക്രിയ ഉപയോഗിച്ചു കാണാം. (19:58; 25:73; 38:24; 7:143 മുതലായവ) ഇവിടെയൊന്നും മരിച്ചു എന്ന അർത്ഥത്തിൽ ഉപയോഗിച്ചിട്ടില്ല. ക്വുർആന്റെ വാക്കർത്ഥങ്ങൾ മാത്രം വിവരിക്കുന്ന ഇമാം റാഗിബിന്റെ നിഘണ്ടുവിലും മറ്റു ചില നിഘണ്ടുവിലും വീണു (سقط) എന്നല്ലാതെ, മരിച്ചു (مات) എന്ന് ഒരു അർത്ഥം തന്നെ അതിനു കൊടുത്തിട്ടില്ല. ചുരുക്കം ചില നിഘണ്ടുകളിൽ മരിച്ചു എന്നും അർത്ഥം പറയാതില്ല. അപ്പോൾ കല്പിച്ചുകൂട്ടി മരിച്ചു എന്ന അർത്ഥംതന്നെ സ്വീകരിക്കുന്നതിൽ ചില താല്പര്യമുണ്ടെന്ന് വ്യക്തമാണ്. എനി, മരിച്ചു എന്ന അർത്ഥം സ്വീകരിച്ചാൽ തന്നെ ഇവരുടെ വിവരണത്തിൽ അൽപം ചില പന്തികേടുണ്ട്താനും.

സുലൈമാൻ (അ) മരിച്ചപ്പോൾ, അദ്ദേഹം മരിക്കുന്ന സമയം മുൻകുട്ടി അറിഞ്ഞിരുന്നെങ്കിൽ അതിന്റെ അല്പം മുമ്പ് ചാടിപ്പോകാമായിരുന്നുവെന്ന് ജിന്നുകൾ ഖേദിച്ചുവെന്നാണല്ലോ ഇവർ പറയുന്നത്. അതേസമയത്ത് ജിന്നുകൾ എന്നു പറയുന്നത് ഇവരുടെ അഭിപ്രായത്തിൽ കടുത്ത പോക്കിരികളായ മനുഷ്യൻമാരാണ്. സുലൈമാൻ (അ)ന്റെ ഭരണകൂടം അദ്ദേഹത്തിന് ശേഷം എന്ത് പരിവർത്തനത്തിന് വിധേയമായാലും ശരി, അദ്ദേഹത്തിന്റെ ജീവിതകാലം കഴിയുന്നതുവരെ, അതിലെ ഉദ്യോഗസ്ഥൻമാരും, ഉത്തരവാദപ്പെട്ടവരും അതിലെ നിയമനിയന്ത്രണങ്ങൾ പാലിച്ചു പോരുമല്ലോ. മരിക്കുന്നതിന്റെ അടുത്തകാലം മുതൽ ആ ഉദ്യോഗസ്ഥൻമാരെയും - സുലൈമാൻ നബിയെത്തന്നെയും - കബളിപ്പിച്ചു ചാടിപ്പോകാമെന്നു ആ പോക്കിരിമനുഷ്യൻമാർ കരുതുമെന്നു വിചാരിക്കാൻ ന്യായം കാണുന്നില്ല. അടുത്തകാലത്ത് എന്നു പറഞ്ഞതിന് ഇവർ നൽകുന്ന വിവക്ഷ നിമിഷങ്ങളും മണിക്കൂറുകളുമാണെങ്കിൽ ആ ചാടിപ്പോക്ക് നാമമാത്രമായിരിക്കും. ദിവസങ്ങളോ മാസങ്ങളോ ആണെങ്കിൽ - സുലൈമാൻ (അ) ബോധാവസ്ഥയിലുണ്ടെങ്കിൽ - അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥവൃന്ദം അതിനനുവദിക്കുമോ ?

യഥാർത്ഥത്തിൽ ഇതൊന്നുമല്ല സംഭവം. ജിന്നുകൾ എന്നു പറയുന്നത് മനുഷ്യരിൽ നിന്നും വ്യത്യസ്തരായ ഒരു വർഗമാണ്. അവരെ സുലൈമാൻ നബിക്കു-പക്ഷികളെയും കാറ്റിനെയും കീഴ്പെടുത്തിയതുപോലെ - അല്ലാഹു ഒരു പ്രത്യേകാനുഗ്രഹമെന്ന നിലക്ക് കീഴ്പെടുത്തിക്കൊടുത്തതാണ്. ഭൗതികവും, സാധാരണ രാജകീയവുമായ ഏതെങ്കിലും കഴിവല്ലായിരുന്നു അതിന്കാരണം. അദ്ദേഹം ജീവിച്ചിരിക്കുന്ന കാലത്തോളം ആ ദിവ്യാനുഗ്രഹം നിലനിൽക്കുകയും ചെയ്യും. മരിക്കുന്നതിന് കുറച്ചു ദിവസം മുമ്പെ അതു

നഷ്ടപ്പെടുമെന്ന് പറയുവാൻ ആർക്കും അധികാരമില്ല. അദ്ദേഹം മരിച്ചിട്ടു പിന്നെയും അതറിയാതെ തങ്ങൾ കഷ്ടപ്പെടേണ്ടിവന്നല്ലോ എന്ന ഖേദത്തിനല്ലാതെ, മരിക്കുന്നതിന്റെ അടുത്തു ചാടിപ്പോകാമായിരുന്നുവെന്ന് ഖേദിക്കുവാൻ ഇവിടെ ന്യായമില്ല.

സുലൈമാൻ(അ) ഒരു നബിയും രാജാവും കൂടിയാണ്. രണ്ടു നിലക്കും പല കാര്യങ്ങളും അദ്ദേഹം നിർവ്വഹിക്കേണ്ടതുണ്ടാകും. എന്നിരിക്കെ അതിലൊന്നും ഇടപെടാതെ ഇത്ര അധികകാലം അദ്ദേഹം ഒഴിഞ്ഞുനിൽക്കുക സാധ്യമാണോ ? ആരെങ്കിലും ചെന്ന് അന്വേഷിക്കാതിരിക്കുമോ ? എന്ന് ഇവർ പറയുന്നു. അദ്ദേഹം അങ്ങിനെ ഒഴിഞ്ഞുനിന്ന കാലം-അഥവാ മരണത്തിനും, മരണവാർത്ത പുറത്തായതിനും ഇടയ്ക്കുള്ള കാലം-എത്രയാണെന്ന് നമുക്കറിഞ്ഞുകൂടാ എന്ന് നാം മുമ്പേ പറഞ്ഞു. എങ്കിലും കുറച്ചധികം നാളുകൾ അങ്ങിനെ കഴിഞ്ഞിട്ടുണ്ടെന്നു ക്വുർആന്റെ വചനങ്ങളിൽ അൽപം ചിന്തിക്കുന്നവർക്ക് മനസ്സിലാക്കാവുന്നതാണ്. ഏതായാലും, ഒരു ഭരണാധിപനോ, പ്രവാചകനോ, തന്റെ തലസ്ഥാന കേന്ദ്രവും, ഭരണാതിർത്തിയും വിട്ടു കുറച്ചുകാലത്തേക്ക് യാത്രപോകുകയോ അദ്ദേഹം കുറെ കാലം രോഗത്തിലോ മറ്റോ ആവുകയോ ചെയ്യുന്നത് നിമിത്തം അദ്ദേഹത്തിന്റെ ആൾക്കാർ മൂലം അവ നടന്നുകൊണ്ടിരിക്കുകതന്നെ ചെയ്യും. എല്ലാ കാലത്തും ഇതിന് ഉദാഹരണങ്ങൾ ഉണ്ടാകാറുമുണ്ട്. സുലൈമാൻ (അ) കുറെ നാളുകളോളം ജനസമ്പർക്കം കൂടാതെ ഒഴിഞ്ഞുനിന്നുവെങ്കിൽ-ആ കാലത്ത് യഥാർത്ഥത്തിൽ അദ്ദേഹം മരിച്ചിരുന്നുവെങ്കിലും അതാരും അറിഞ്ഞിട്ടില്ലല്ലോ-ആ നാളുകളത്രയും അദ്ദേഹത്തിന്റെ ജനമദ്ധ്യെ നടത്തുവാനുണ്ടായിരുന്ന കാര്യങ്ങൾ മുടങ്ങിപ്പോയിരിക്കുമെന്നു ഊഹിക്കുവാൻ നിവൃത്തിയില്ല. പിന്നീട്, അദ്ദേഹത്തിന് സ്വന്തം നിലക്കുള്ള ദിനചര്യകളുടെ കാര്യമാണ് ആലോചിക്കുവാനുള്ളത്.

അദ്ദേഹത്തിന്റെ കാലത്തുള്ള ആരാധനാകർമങ്ങൾ എങ്ങിനെയെല്ലാമായിരുന്നുവെന്നു നമുക്കറിവില്ല. മിക്കവാറും നമ്മുടെ ഇന്നത്തെപ്പോലെയുള്ള രൂപത്തിൽ ആയിക്കൊള്ളണമെന്നില്ല. സകരിയ്യാ നബി(അ)ക്ക് ഒരു ദൃഷ്ടാന്തമെന്ന നിലക്ക് മൂന്നു ദിവസം സംസാരിക്കാൻ കഴിയാതെ വന്നപ്പോൾ അദ്ദേഹം ജനങ്ങളോട് രാവിലെയും വൈകുന്നേരവും തസ്ബീഹ് നടത്തുവാൻ ആംഗ്യംമൂലം ഉപദേശിച്ചതും, പ്രാർത്ഥനാമണ്ഡപത്തിൽ ജനസമ്പർക്കമില്ലാതിരുന്നിട്ടും സൂ: മർയമിൽ നാം കണ്ടു. ഇതുപോലെ ഏതെങ്കിലും വിധത്തിലുള്ള ഒരു നിലപാടു സ്വീകരിച്ചുകൊണ്ട് സുലൈമാൻ നബി (അ)യും സ്വസ്ഥമായിരിക്കും, അതിൽ മരിച്ചുപോകയും ചെയ്തിരിക്കാം. അല്ലാഹുവിനറിയാം. ഭക്ഷണത്തിന്റെയും മറ്റും കാര്യങ്ങൾ തന്നെ ഇത്തരം അവസ്ഥയിൽ വലിയൊരു പ്രശ്നമാകുന്നില്ല. കുറെ ദിവസങ്ങളോളം ഭക്ഷണപാനീയങ്ങളില്ലാതെ സാധാരണക്കാരായ ചില ആളുകൾ പോലും-ധ്യാനത്തിലായും അല്ലാതെയും - കഴിഞ്ഞുകൂടിയ സംഭവങ്ങൾ പത്രങ്ങളിലും മറ്റും കാണാറുള്ളതാണല്ലോ. സുലൈമാൻ നബി(അ)യെ സംബന്ധിച്ചിടത്തോളം ഇതിനെല്ലാം കൂടുതൽ സാധ്യതയാണുള്ളത്. ആരെങ്കിലും അദ്ദേഹത്തെ എത്തിയും പാളിയും നോക്കുകയില്ലേ, പരിശോധിക്കുകയില്ലേ എന്നീ സംശയവും ഇതുപോലെത്തന്നെ. മേൽപറഞ്ഞതുപോലെയുള്ള ഒരു ഏകാന്തതയിൽ അദ്ദേഹം കഴിയുവാൻ തീർച്ചയാക്കിയാൽ ആരെങ്കിലും അതിനു ധൈര്യപ്പെടുമോ ? വേണമെങ്കിൽ, അദ്ദേഹത്തിന്റെ ജീവിതാവസാനകാലത്തു അദ്ദേഹം അങ്ങിനെ ഒരു ഏകാന്തതയിലിരിക്കണമെന്നു അല്ലാഹുവിന്റെ കല്പന ഉണ്ടായിക്കൂടെന്നുമില്ല. ഇങ്ങിനെ പലനിലക്കും ആയിരിക്കുവാൻ സാധ്യതയുണ്ടെന്നേ നാം പറയുന്നുള്ളൂ. യഥാർത്ഥത്തിൽ സംഭവിച്ചതെന്തൊക്കെയാണെന്ന് ക്വുർആനിൽ നിന്നോ മറ്റോ നമുക്കുതിട്ടപ്പെടുത്തിപ്പറയുക സാധ്യമല്ല. ഇക്കാരണത്താൽ ക്വുർആന്റെ വ്യക്തമായ പ്രസ്താവനകളെ വളച്ചുതിരിച്ചു അർത്ഥവ്യാഖ്യാനങ്ങൾ നൽകി തൃപ്തി അടയുവാനും നമുക്ക് സാധ്യമല്ല.

ഒരു ചിതൽ ഒരു ദിവസം വടിയിൽ നിന്നു തിന്നറുക്കുന്നത് എത്രയെന്ന് കണക്കുകൂട്ടി

യിട്ടാണ് ഒരു കൊല്ലം അദ്ദേഹം താമസിച്ചുവെന്നു കണക്കാക്കിയത് എന്നാണ് ചില കഥാകാരൻമാർ പറയുന്നത്. ഈ കണക്കുകൂട്ടലിനെയും, ഒരു കൊല്ലക്കാലാവധിയെയും കുറിച്ച് നമുക്കൊന്നും പറയുവാനില്ല. അതുകൊണ്ട് അതുസംബന്ധിച്ച് ഇവരുടെ വിമർശനങ്ങൾക്ക് നാം മറുപടി പറയേണ്ടതുമില്ല. അവസാനമായി നമുക്കിവരോട് പറയുവാനുള്ളത് അവർ തന്നെ പറഞ്ഞിട്ടുള്ള ചില വാക്കുകളാണ് : ഇങ്ങിനെ (പുതിയ) കഥ കെട്ടിയുണ്ടാക്കുന്നതിനെപ്പറ്റി നമുക്കൊന്നും പറയുവാനില്ല. കഥയിൽ ആർക്കും ചോദ്യവുമില്ല. പക്ഷേ, അത് ക്വുർആന്റെ പേരിലും, അതിന്റെ വ്യാഖ്യാനമെന്ന നിലക്കുമാകരുത്. ഇതാണ് നമുക്ക് സഹിക്കാൻ കഴിയാത്തത്.

അല്ലാഹുവേ, ഞങ്ങൾക്കെല്ലാവർക്കും ഹിദായത്തും തൗഫീക്വും, സൽബുദ്ധിയും നൽകുകയും ഞങ്ങളുടെ പാപങ്ങൾ പൊറുത്തുതരുകയും ചെയ്യേണമേ ! ആമീൻ

മആരിബിലെ അണക്കെട്ട് (سد مأرب)

അറേബ്യാ ഉപദ്വീപിന്റെ പടിഞ്ഞാറെ കടൽതീര പ്രദേശങ്ങളിൽകൂടി, തെക്കുഭാഗത്ത് യമൻമുതൽ, വടക്കു ഭാഗത്ത് ഫലസ്തീൻ വരെ നീണ്ടുകിടക്കുന്ന ഒരു പർവ്വതനിരയാണ് ശ്രുതിപ്പെട്ട സറാത്തു മലനില (جبال سراة) യമനിലെ മആരിബി (مأرب)ന്റെ തെക്കുപടിഞ്ഞാറുഭാഗത്തുകൂടി ഇതിന്റെ ഒരു ശാഖ നീണ്ടുപോകുന്നു. ഈ ശാഖയുടെ പല ഭാഗത്തു നിന്നായി ഉത്ഭവിക്കുന്ന താഴ്‌വരകൾ കിഴക്കെ ഓവുചാൽ (الميراب الشرقي) എന്ന പേരിലറിയപ്പെടുന്ന ഒരു വലിയ താഴ്‌വരയിൽ അവസാനിക്കുന്നു. മഴ പെയ്യുമ്പോൾ മലകളിൽ നിന്ന് ഈ താഴ്‌വരകൾ വഴിയായി ഒഴുകിയൊലിച്ചുവരുന്ന വെള്ളമെല്ലാംകൂടി ഉദുനാഃ താഴ്‌വര (اذنة وأدى)യിൽകൂടി ഗമിക്കുന്നു. ഈ താഴ്‌വര സമുദ്രവിതാനത്തിൽ നിന്ന് 1100 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്നു. ഇവിടെനിന്ന് ആ വെള്ളം വടക്കുകിഴക്കോട്ടായി ഒഴുകിയ ശേഷം, മആരിബിൽ എത്തുംമുമ്പ് ഒരു മലയിടുക്കിൽ കൂടി വളരെ ഊക്കിൽ കടന്നുപോകണം. ഇരുവശത്തുമുള്ള മലകളിൽ ഒന്നിന് വലത്തെ ബലക് (البلق الأيمن) എന്നും മറ്റേതിന് ഇടത്തെ ബലക് (البلق الأيسر) എന്നു പേർ. രണ്ടിനുമിടയിലുള്ള അകലം ഏറെക്കുറെ 600 മുഴമാകുന്നു.

ആ പ്രദേശത്ത് മഴവെള്ളം ഭൂമിയിൽ അധികം തങ്ങിനിൽക്കാറില്ല. മണലിൽ ആണ്ടുപോകുന്ന പ്രകൃതിയാണുള്ളത്. തന്നിമിത്തം, പുഴകളോ, കിണർ, കുളം മുതലായവ ഉണ്ടായിരുന്നില്ല. താഴ്‌വരകളിൽ കൂടി ഒഴുകി വരുന്ന വെള്ളം അവിടെവിടെ തടഞ്ഞു കെട്ടിനിറുത്തിയാണ് അവിടുത്തുകാർ ഉപയോഗിച്ചിരുന്നത്. അധികം താമസിയാതെ അവ വറ്റിപ്പോകുന്നതുകൊണ്ട് ജലക്ഷാമവും വിളനാശവും അവർക്ക് സാധാരണമാണ്. ചിലപ്പോൾ, അതിവർഷം നിമിത്തം കൂടുതൽ ആപത്തുകളും സംഭവിക്കും. ഇതിനു നിവാരണമായി ഏതോ ഒരു ഭരണകർത്താവിന്റെ കാലത്ത് ഏറെക്കുറെ 150 അടി ഉയരവും, 800 അടിയോളം നീളവും വരുന്ന ഒരു അണക്കെട്ട് നിർമിക്കപ്പെട്ടു.

പ്രസ്തുത മലയിടുക്കിനും, മആരിബിനുമിടയിൽ ഏകദേശം 3000 ചതുരശ്രനാഴികയോളം വരുന്ന ഒരു വിശാലമായ ഭൂമി സ്ഥിതി ചെയ്യുന്നു. ഇടക്കിടെ കുന്നുകളും, ചരിവുകളും ഉൾക്കൊള്ളുന്ന ആ പ്രദേശം മരുഭൂമിയായി വരണ്ടുകിടക്കുകയായിരുന്നു. അതെല്ലാം ക്രമേണ ഫലഭൂയിഷ്ടമായിത്തീർന്നു. അതൊരു സമ്പൽസമൃദ്ധമായ സുഖവാസസ്ഥലമായി മാറുകയും ചെയ്തു. താഴ്‌വരയുടെ ഇരുപുറത്തുമായി സ്ഥിതിചെയ്യുന്ന ബലക്വു മലകൾക്കിടയിൽ, യന്ത്രങ്ങളുടെ സഹായമൊന്നും ഇല്ലാതിരുന്ന അക്കാലത്തു നിർമിക്കപ്പെട്ട ആ കൂറ്റൻ അണക്കെട്ട് ഈ പരിഷ്കരിച്ച യന്ത്രയുഗത്തിലെ വമ്പിച്ച പദ്ധതി കളെപ്പോലും അതിശയിപ്പിക്കുന്നതായിരുന്നു. അണക്കെട്ടിലെ വെള്ളം തോടുകൾ വഴിയായും മറ്റും ഉപയോഗപ്പെ

ടുത്തിക്കൊണ്ട് ആ വിശാല പ്രദേശങ്ങളത്രയും അവർ കൃഷിനിലങ്ങളും, കായ്കനിത്തോട്ടങ്ങളുമാക്കി മാറ്റി. കുന്നുകളുടെ ഓരങ്ങളിൽ, താഴ്‌വരയുടെ ഇരുവശത്തുമായി സ്ഥിതി ചെയ്യുന്ന അതി സമൃദ്ധവും, വിശാലവുമായ-വിവിധ ഉൽപന്നങ്ങളടങ്ങുന്ന -തോട്ടങ്ങളുടെ സമൂഹത്തെക്കുറിച്ചാണ് വലഭാഗത്തും ഇടഭാഗത്തുമുള്ള രണ്ടു തോട്ടങ്ങൾ (جنتان عن يمين وشمال) എന്ന് സൂ: സബഇൽ അല്ലാഹു പറഞ്ഞിരിക്കുന്നത്. അഥവാ ആ തോട്ടങ്ങൾ രണ്ടും കേവലം സാധാരണപോലെയുള്ള രണ്ടു തോട്ടങ്ങൾ മാത്രമായിരുന്നില്ല. ആ രാജ്യക്കാരുടെ ഏക ജീവിതാലംബമായിരുന്നു അത്.

ഈ അണക്കെട്ടിനെയും, അതിന്റെ ആൾക്കാരായ സബഉ് ഗോത്രക്കാരെയും സംബന്ധിച്ചു അറബി ചരിത്രകാരൻമാർ ചെയ്തിരുന്ന പ്രസ്താവനകളെയെല്ലാം സംശയഗതിയോടെ മാത്രം വീക്ഷിച്ചുകൊണ്ടിരുന്ന യൂറോപ്യന്മാർ ക്രി:1843-ൽ ഫ്രാൻസുകാരനായ ആർനൂഡ് (A.J. Arnaud) എന്ന സഞ്ചാരി ആ പ്രദേശങ്ങൾ സഞ്ചരിച്ചു നിരീക്ഷണം നടത്തിയ ശേഷം – ഇപ്പോൾ അതു വിശ്വസിക്കുവാൻ നിർബ്ബന്ധിതരായിരിക്കയാണ്. 1874-ൽ അദ്ദേഹം അതിന്റെ പഴയകാലത്തെ വരച്ചുകാട്ടുന്ന ഭൂപടവും പ്രസിദ്ധീകരിച്ചു. പിന്നീട് വേറെ ചിലരും ആ പ്രദേശം സന്ദർശിക്കുകയും, കൂടുതൽ തെളിവുകളും, അവശിഷ്ടങ്ങളും കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇസ്‌ലാമിന്റെ ആവിർഭാവത്തിനു 400 കൊല്ലം മുമ്പാണ് ആ അണപൊട്ടി രാജ്യം നശിച്ചതെന്നും, അതല്ല, ക്രിസ്ത്വബ്ദം ആറാം നൂറ്റാണ്ടിൽ (542-നും 570-നും ഇടയിൽ) ആണെന്നും അഭിപ്രായങ്ങളുണ്ട്. മഹാനായ ഇബ്നുഖൽദൂൻ ابن خلدون പറയുന്നത് ക്രിസ്ത്വബ്ദം അഞ്ചാം നൂറ്റാണ്ടിലായിരിക്കണമെന്നാകുന്നു. ഏതായാലും നബി ﷺ തിരുമേനിക്കും ഈസാ നബി (അ)ക്കും ഇടയിലായിരുന്നു ആ സംഭവം الله أعلم

അണക്കെട്ടിന്റെ സ്വഭാവവും കിടപ്പും അടുത്ത 13-ാം പടത്തിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

[المراجع: تفسير الجواهر للشيخ الطنطاوى, وتفسير المراغى, وترجمان القرأن بالإنجليزية للعلامة يوسف على]